www.malankaralibrary.com

# സന്ന്യാസ ജീവിത സഹായി



മാർ ഈവാനിയോസ് മെത്രാപ്പോലീത്ത

2015

www.malankaralibrary.com

www.malankaralibrary.com

# സന്ന്യാസ ജീവിത സഹായി

www.malankaralibrary.com

www.malankaralibrary.com

# സന്ന്യാസ ജീവിത സഹായി

മാർ ഈവാനിയോസ് മെത്രാപ്പോലീത്ത

BP. No. 165

ബഥനി പബ്ലിക്കേഷൻസ്
കോട്ടയം
2015

www.malankaralibrary.com

(Malayalam)

**Sanyasa Jeevitha Sahayi**

| | | |
|---|---|---|
| Author | : | Mar Ivanios Metropolitan |
| First Published | : | 1926 |
| Second Published | : | 1980 |
| Third Published | : | 2003 |
| Fourth Published | : | 2015 |
| Rights Reserved | : | Bethany Publications |
| Published by | : | Fr. Varghese Thykoottathil OIC<br>Bethany Publications, Kottayam-686 010<br>Ph: 0481 - 2578494<br>e-mail: bethanyktm@gmail.com |
| Printed at | : | Bethany Offset Printers, Kottayam-686 010<br>Ph: 0481 - 2571355<br>e-mail: bethanyktm@gmail.com |
| Cover | : | Fr.Geevarghese Panicker OIC |
| Price | : | ₹130/- |

www.malankaralibrary.com

# ആമുഖം

ക്രിസ്തീയസന്ന്യാസത്തിന്റെ ആദർശവും പൂർണ്ണതയും നസറായനായ യേശുവാണല്ലോ. യേശുവിൽ തന്നെയാണ് നാം എന്നും ക്രിസ്തീയ സന്ന്യാസത്തിന്റെ പരമാർത്ഥസ്വരൂപം ദർശിക്കുക. അതുകൊണ്ടുതന്നെയാണ് ദൈവദാസൻ മാർ ഈവാനിയോസ് യേശുവിനെ *പരിപൂർണ്ണസന്ന്യാസി* എന്ന് വിളിക്കുന്നത്. *ലോകത്ത് കാണപ്പെട്ടിട്ടുള്ള ആദ്യത്തെ സന്ന്യാസി യേശുമിശിഹാ ആകുന്നു. മനുഷ്യകുലത്തിൽ ദൈവത്തിനു ഇദംപ്രഥമമായി പരിപൂർണ്ണപ്രതിഷ്ഠയിൽ സ്വയംത്യാഗം ചെയ്തിട്ടുള്ള മനുഷ്യൻ യേശുവാകുന്നു. സന്ന്യാസജീവിതത്തിന്റെ ഉത്ഭവസ്ഥാനവും, സ്ഥാപകനും, ആദർശപുരുഷനും യേശുവാകുന്നു (സന്ന്യാസജീവിതസഹായി, പേജ്. 15)* മാർ ഈവാനിയോസ് പിതാവിന്റെ സന്ന്യാസദർശനത്തിന്റെയും, മനസ്സിലാക്കലിന്റെയും, പഠിപ്പിക്കലിന്റെയും പൂർണ്ണരൂപം ആണ് *സന്ന്യാസജീവിതസഹായി.* ആദർശപരമായും, ആശയപരമായും, താത്വികമായും, പ്രായോഗികമായും ഉള്ള സന്ന്യാസദർശനങ്ങൾ യേശുവിൽ തുടങ്ങി, സഭയുടെ പാരമ്പര്യത്തിലൂടെ, പിതാക്കന്മാരുടെ സാക്ഷ്യത്തിലൂടെ, ഭാരതസംസ്കാരത്തിന്റെ പശ്ചാത്തലത്തിൽ ആധികാരികമായും, തനിമയാർന്ന രീതിയിലും, പ്രാർത്ഥനയിലും, കർമ്മത്തിലും ഊന്നികൊണ്ടുള്ള ഒരു പഠനത്തിന്റെ സംക്ഷിപ്ത അവതരണമാണ് *സന്ന്യാസജീവിതസഹായി*യുടെ പ്രമേയം.

ആഗോള കത്തോലിക്കാസഭ സന്ന്യാസവർഷം ആഘോഷിക്കുന്ന 2015-ൽ വീണ്ടും ഇതിന്റെ പുതിയ പതിപ്പ് പ്രകാശനം ചെയ്യുന്നതിന് ബഥനിക്ക് അതിയായ സന്തോഷമുണ്ട്. സന്ന്യസ്തരോട് പരി. ഫ്രാൻസിസ് മാർപ്പാപ്പ ആഹ്വാനം ചെയ്യുന്ന മൂന്നു കാര്യങ്ങൾ *Gratefully remembering the past! Living the present with Passion! Embracing the future with the Hope -* അതിന്റെ പൂർണ്ണതയിൽ യാതൊരു മായവും കലർത്താതെ 1926-ൽ തന്നെ സന്ന്യാസജീവിതസഹായിയിൽ മാർ ഈവാനിയോസ് പിതാവ് കുറിച്ചിട്ടു. സന്ന്യാസത്തിന്റെ കലാതീതമായ മൂല്യങ്ങളെ പരിപോഷിപ്പിച്ച് പോകേണ്ടതിന്റെ പ്രാധാന്യത്തെപ്പറ്റി ഫ്രാൻസിസ് മാർപ്പാപ്പ ഓർമ്മിപ്പിക്കുന്നു. *ദൈവസമ്പാദനം പരമാനന്ദം* എന്നു രണ്ടാം വത്തിക്കാൻ സുന്നഹദോസിന് 50 വർഷങ്ങൾക്കുശേഷം ഫ്രാൻസിസ് മാർപ്പാപ്പായുടെ *സന്തോഷിക്കുവിൻ* എന്ന ആഹ്വാനത്തിലൂടെ പഠിപ്പിക്കുമ്പോൾ, മാർ ഈവാനി

www.malankaralibrary.com

യോസ് പിതാവിന്റെ ദൂരവീക്ഷണത്തിന്റെയും, ദീർഘവീക്ഷണത്തിന്റെയും, ആത്മീയ ദർശനങ്ങളുടെ സാംശീകരണത്തിന്റെയും മുന്നിൽ നമുക്ക് അഭിമാനം കൊള്ളാം.

സന്ന്യാസത്തെപ്പറ്റിയുള്ള മാർ ഈവാനിയോസ് പിതാവിന്റെ ദർശനം എന്തെന്ന് അറിയുവാനും, പഠിക്കുവാനും ആഗ്രഹിക്കുന്നവർക്ക് ഈ പുസ്തകം ഒരു വലിയ നിധി തന്നെയാണ്. മലങ്കരയിലെ സന്ന്യാസികളെ മുന്നിൽ കണ്ടുകൊണ്ട് രചിക്കപ്പെട്ട ഈ പുസ്തകം മറ്റ് ആരെയുംകാൾ ഉപരിയായി മലങ്കരയിലെ സന്ന്യാസി സന്ന്യാസിനികൾ പഠിക്കുകയും മനനം ചെയ്യുകയും ചെയ്യുന്നതിലൂടെ മാർ ഈവാനിയോസ് പിതാവിന്റെ സന്ന്യാസദർശനത്തെപ്പറ്റിയുള്ള ഉൾക്കാഴ്ചയിലേക്ക് ബഥനി സന്ന്യാസി സന്ന്യാസിനികൾ ഉൾചേരുന്നു. മാർ ഈവാനിയോസ് പിതാവിനെ കണ്ടിട്ടില്ലാത്ത ആധുനിക സമൂഹാംഗങ്ങൾക്ക്, അദ്ദേഹത്തിന്റെ സന്ന്യാസദർശനം ഉൾകൊള്ളുവാനും പ്രാവർത്തികമാക്കാനും ഈ കൃതിയുടെ പരായണത്തിലൂടെയും ദർശന സാംശീകരണത്തിലൂടെ സാധിക്കും. സാധിക്കണം.

നാം ജീവിക്കുന്ന കാലഘട്ടം വെല്ലുവിളികൾ നിറഞ്ഞതാണെന്ന് പറഞ്ഞ് ആയുസ്സ് കളയുന്ന സന്ന്യാസി സന്ന്യാസിനികൾക്ക് *സന്ന്യാസജീവിതസഹായി* ഒരു വലിയ ദിശാബോധം നൽകുന്നു. സന്ന്യാസം Profession (ജീവസന്ധാരണമാർഗം) ആയി മാറ്റിയിരിക്കുന്നു സമർപ്പിതരുടെ എണ്ണം കൂടി വരുന്ന ഈ കാലത്ത് സകലവും ത്യജിച്ച് ദൈവസമ്പാദനം പരമാനന്ദമായി കണ്ട് ജീവിക്കമെന്ന് സന്ന്യാസജീവിത സഹായി പഠിപ്പിക്കുന്നു. വെല്ലുവിളികളെ അതിജീവിക്കാനുള്ള ആത്മീയ കരുത്താണ് സന്ന്യാസജീവിതസഹായിയുടെ ആത്മാവ്. അതുകൊണ്ട് തന്നെയാണ് വീണ്ടും ബഥനി പബ്ലിക്കേഷൻസ് ഇത് പ്രസിദ്ധീകരിക്കുന്നതും. ഈ ഗ്രന്ഥം പുനഃപ്രസിദ്ധീകരിക്കാൻ സഹായിച്ച ബ്രദർ ഗ്രേഷ്യസിനും പുറംചട്ട രൂപപ്പെടുത്തിയ പ്രിയപ്പെട്ട പണിക്കരച്ചനും ബഥനി പ്രസ്സിലെ സഹോദര സഹോദരികൾക്ക് നന്ദി. മലങ്കരയിലെ സന്ന്യാസത്തിന്റെ *മാർഗ്ഗരേഖ*യാണ് സന്ന്യാസജീവിതസഹായി. *ഉത്തമം ദൈവസേവനം, അത്യുത്തമം ദൈവസമ്പാദനം* അതിന്റെ പൂർണ്ണതയാണ്. *ദൈവസമ്പാദനം പരമാനന്ദം* ആണ് അതിലെ വെളിപാട്. സന്ന്യാസത്തിന്റെ മർമ്മം അറിയുന്നതിനും അനുഭവിക്കുന്നതിനും സന്ന്യാസജീവിതസഹായി സഹായകമാകട്ടെ എന്ന് ആഗ്രഹിക്കുന്നു. പ്രാർത്ഥിക്കുന്നു.

**ഫാ. വർഗ്ഗീസ് തൈക്കൂട്ടത്തിൽ**
ഡയറക്ടർ, ബഥനി പബ്ലിക്കേഷൻസ്

www.malankaralibrary.com

# ഉള്ളടക്കം


| | | |
|---|---|---|
| | ആമുഖം | 05 |
| **ഒന്നാം ഭാഗം** | | |
| അദ്ധ്യായം 1 | ക്രിസ്തീയ സന്ന്യാസം | 09 |
| അദ്ധ്യായം 2 | ബഥനി ആശ്രമം | 11 |
| അദ്ധ്യായം 3 | ആശ്രമനാമവും ആദർശവും | 12 |
| അദ്ധ്യായം 4 | ആശ്രമാദ്ധ്യക്ഷൻ | 19 |
| അദ്ധ്യായം 5 | പ്രതീക്ഷകനും ആയാതനും | 21 |
| അദ്ധ്യായം 6 | അർത്ഥി | 24 |
| അദ്ധ്യായം 7 | ധർമ്മശിഷ്യൻ | 27 |
| അദ്ധ്യായം 8 | തൽക്കാല വ്രതസ്ഥൻ | 32 |
| അദ്ധ്യായം 9 | സാമാന്യ നിത്യവ്രതസ്ഥൻ | 34 |
| അദ്ധ്യായം 10 | മഹദ് വ്രതസ്ഥൻ | 36 |
| **രണ്ടാം ഭാഗം** | | |
| അദ്ധ്യായം 1 | ദൈവത്തോടുള്ള ചുമതല | 37 |
| അദ്ധ്യായം 2 | അദ്ധ്യക്ഷന്മാരോടുള്ള ചുമതല | 39 |
| അദ്ധ്യായം 3 | സന്ന്യാസ സഭയോടുള്ള ചുമതല | 40 |
| അദ്ധ്യായം 4 | അയൽക്കാരനോടും സഹോദര...... | 42 |
| അദ്ധ്യായം 5 | അവനവനോടുള്ള ചുമതല | 44 |
| **മൂന്നാം ഭാഗം** | | |
| അദ്ധ്യായം 1 | തൗന | 45 |
| അദ്ധ്യായം 2 | പ്രാർത്ഥനകൾ | 52 |
| അദ്ധ്യായം 3 | വസ്ത്രം മാറുമ്പോഴുള്ള പ്രാർത്ഥന | 57 |
| അദ്ധ്യായം 4 | ധ്യാനവിഷയങ്ങൾ | 59 |
| അനുബന്ധം | സംഘടനയും ജീവിതവും | 60 |

www.malankaralibrary.com


നാലാം ഭാഗം

| | | |
|---|---|---|
| അദ്ധ്യായം 1 | ദാരിദ്ര്യവ്രതം | 69 |
| അദ്ധ്യായം 2 | ബ്രഹ്മചര്യവ്രതം | 78 |
| അദ്ധ്യായം 3 | വിശുദ്ധ അനുസരണം | 84 |
| അദ്ധ്യായം 4 | വിശുദ്ധ അനുസരണ സുകൃത പരിശീലനം | 90 |
| അദ്ധ്യായം 5 | വിശുദ്ധ നിയമം | 93 |
| അദ്ധ്യായം 6 | വിളിയും പ്രതിഷ്ഠയും | 97 |
| അദ്ധ്യായം 7 | പ്രതിജ്ഞകൾ | 108 |

## രണ്ടാം പുസ്തകം

| | | |
|---|---|---|
| അദ്ധ്യായം 1 | ഭജനവും ശാന്തി ദിനവും | 130 |
| അദ്ധ്യായം 2 | വേറൊരു പ്രാരംഭ ധ്യാനം | 134 |
| അദ്ധ്യായം 3 | ഒരു പര്യവസാന ധ്യാനം | 136 |
| അദ്ധ്യായം 4 | ഭജനവും ശാന്തിദിനവും | 139 |
| അദ്ധ്യായം 5 | ധ്യാനപരമായ ശാന്തിദിനം | 142 |
| അദ്ധ്യായം 6 | ശോധനപരമായ പ്രതിമാസ ഭജനം | 146 |
| അദ്ധ്യായം 7 | ഒരാഴ്ചത്തെ ഭജനം | 157 |
| അദ്ധ്യായം 8 | സാധാരണ ഭജനം | 165 |
| അദ്ധ്യായം 9 | ഭജനം or ശാന്തിദിനം | 168 |
| അദ്ധ്യായം 10 | ഭജനം അവസാനിപ്പിക്കാൻ......... | 170 |
| അദ്ധ്യായം 11 | പ്രതിഷ്ഠ പുതുക്കുന്നതിനുള്ള........... | 176 |
| അദ്ധ്യായം 12 | വാർഷിക ഭജനം | 177 |
| അദ്ധ്യായം 13 | പലരൊരുമിച്ച് ഭജനമനുഷ്ഠിക്കുമ്പോൾ............ | 185 |
| അദ്ധ്യായം 14 | ഭജനം അവസാനിപ്പിക്കുന്നതെങ്ങിനെ? | 187 |
| അദ്ധ്യായം 15 | പ്രൈവറ്റു കോൺഫറൻസ് | 193 |
| അനുബന്ധം | കൽപ്പന പ്രഥമാശ്രമം | 201 |
| | സംക്ഷിപ്ത വി. നിയമം | 202 |
| | കൽപ്പന ദ്വിതീയാശ്രമം | 208 |
| | സംക്ഷിപ്ത വി. നിയമം | 209 |
| | തൃതീയാശ്രമം | 216 |

www.malankaralibrary.com

# സന്ന്യാസ ജീവിത സഹായി

## ഒന്നാം ഭാഗം

### അദ്ധ്യായം 1

## ക്രിസ്തീയ സന്ന്യാസം

1. "ദൈവം സ്നേഹമാകുന്നു". ദൈവം മനുഷ്യനെ സ്നേഹം മൂലം സൃഷ്ടിച്ചിരിക്കുന്നു. മനുഷ്യജീവിതത്തിന്റെ പരമാന്ത്യം സ്നേഹ സ്വരൂപിയായ ദൈവം തന്നെയാകുന്നു. മനുഷ്യൻ ദൈവത്തോടും ദൈവത്തെപ്രതി മനുഷ്യരോടുമുള്ള സ്നേഹത്തിൽ പൂർണ്ണനാകുമ്പോൾ ഈ പരമാന്ത്യത്തെ പ്രാപിക്കുന്നു. അത് പ്രാപിപ്പാനായി മനുഷ്യനെ ദൈവം വിളിക്കുന്നു. ഈ വിളികേട്ടു പൂർണ്ണ പ്രതിഷ്ഠക്കായി ഒരുങ്ങി ച്ചെല്ലുന്നവർക്ക് പരിശുദ്ധമായ ഈ പരമാന്ത്യം പ്രാപിപ്പാൻ വേണ്ട കൃപ ദൈവം നല്കുന്നു. മനുഷ്യൻ ഈ പരമാന്ത്യം പ്രാപിക്കുന്നത് സ്നേഹ മാർഗ്ഗത്തിൽ കൂടിയാണ്.

2. ഇതേപ്പറ്റി ദൈവം ഇപ്രകാരം കല്പിച്ചിരിക്കുന്നു: "ജീവനിൽ കടപ്പാൻ നീ ഇച്ഛിക്കുന്നുയെങ്കിൽ കല്പനകളെ പ്രമാണിക്ക" (വി. മത്താ. 19:17).

സൽഗുണപൂർണ്ണനാകുവാൻ നീ ഇച്ഛിക്കുന്നുയെങ്കിൽ നീ ചെന്നു നിനക്കുള്ളത് വിറ്റ് ദരിദ്രർക്ക് കൊടുക്ക. എന്നാൽ സ്വർഗ്ഗത്തിൽ നിനക്ക് നിക്ഷേപം ഉണ്ടാകും. പിന്നെ വന്ന് എന്നെ അനുഗമിക്ക" (വി. മത്താ. 19:21).

"എന്റെ നാമം നിമിത്തം വീടുകളേയോ, സഹോദരന്മാരേയോ, സഹോദരികളേയോ, അപ്പനേയോ അമ്മയേയോ മക്കളേയോ നിലങ്ങ ളേയോ വിട്ടുകളഞ്ഞവന്ന് എല്ലാം നൂറുമടങ്ങ് ലഭിക്കും. അവൻ നിത്യ ജീവനേയും, അവകാശമാക്കും" (വി. മത്താ. 19:29).

www.malankaralibrary.com

മേല്പറഞ്ഞവ ഉപേക്ഷിക്കുന്നതു കൂടാതെ അവയുണ്ടായിരിപ്പാനുള്ള അവകാശം പോലും ത്യജിക്കയും ആ ത്യാഗം നിത്യാനുഭവമാക്കാൻ തക്കവണ്ണം പ്രതിജ്ഞ ചെയ്യുകയും ചെയ്തുകൊണ്ട് ആ വിധം ജീവിക്കത്തക്ക നിയമത്തിനധീനപ്പെടുമ്പോൾ സന്ന്യാസ്യപദം പ്രാപിക്കുന്നു. സന്ന്യാസ്യപദത്തിൽ ദൈവസ്നേഹം മാത്രമെ ജീവിതോദ്ദേശ്യമായിട്ടുള്ളൂ.

“നിന്റെ പൂർണ്ണഹൃദയത്തോടും പൂർണ്ണ ആത്മാവോടും പൂർണ്ണ മനസ്സോടും കൂടെ നിന്റെ ദൈവമായ കർത്താവിനെ സ്നേഹിക്കണം ഇതാകുന്നു വലിയതും ഒന്നാമത്തേതുമായ കല്പന. രണ്ടാമത്തേത് അതിനോടു സമം. നിന്റെ കൂട്ടുകാരനെ നിന്നെപ്പോലെ സ്നേഹിക്കണം. (വി. മത്താ. 22:37) രണ്ടാമത്തെ കല്പന ഒന്നാമത്തേതിനെ പ്രായോഗികമാക്കാനുള്ള മാർഗ്ഗമാകുന്നു.

3. മനുഷ്യൻ, പൂർണ്ണ ദൈവസ്നേഹവും പുണ്യപൂർണ്ണതയും സമ്പാദിച്ച് ഭാഗ്യമേറിയ പരമാന്ത്യം പ്രാപിക്കുന്നതിന് സന്ന്യാസ്യാശ്രമപദത്തെ കർത്താവേശുമിശിഹാ തന്നിരിക്കുന്നു. ദൃഷ്ടാന്തത്താലും ഉപദേശത്താലും യേശു പഠിപ്പിച്ചതുപോലെ അങ്ങേ അനുഗമിപ്പാൻ വേണ്ട കൃപയും ശക്തിയും സൗജന്യദാനം ചെയ്യുന്നു. കർത്താവേശുമിശിഹായിൽ കാണുന്ന സന്ന്യാസ്യാദർശങ്ങൾ താഴെ ചേർക്കുന്നു.

(എ) **അനുസരണം**. ദൈവഹിതം - ദൈവകല്പനകളും, ദൈവേച്ഛകളും പൂർണ്ണമായി അനുസരിച്ചുകൊണ്ട് യേശു ജീവിച്ചു (വി. യോഹ. 4:34) സന്ന്യാസിക്കു യേശു മാത്രം ജീവിതനിയമവും നിയമപാലനശക്തിയും ആയിരിക്കണം. (ബി) **ബ്രഹ്മചര്യാവ്രതം**. (കന്യാവ്രതം) യേശു പൂർണ്ണമായി ഇന്ദ്രിയജയം പാലിച്ചു തന്നെത്തന്നെ വിശുദ്ധിയിൽ അർപ്പിച്ചു. സന്ന്യാസിയും പൂർണ്ണ ബ്രഹ്മചര്യ പാലിക്കണം. സന്ന്യാസിക്കു ദൈവം മാത്രം സ്നേഹഭാജനവും പരമാനന്ദവുമായിരിക്കണം. (സി) **ദാരിദ്ര്യവ്രതം**. യേശു പൂർണ്ണ ദാരിദ്ര്യവ്രതം അനുഷ്ഠിച്ചു. സന്ന്യാസിക്ക് ദൈവം മാത്രം നിക്ഷേപവും സമ്പാദ്യവുമായിരിക്കണം.

4. യേശുമിശിഹായെ അനുകരിച്ചുകൊണ്ടും, മേല്പറഞ്ഞ മൂന്നു വ്രതങ്ങളും അനുഷ്ഠിച്ചുകൊണ്ടും, ദൈവസ്നേഹത്തിൽ പുണ്യ പൂർണ്ണത സമ്പാദിച്ച് ദൈവത്തെ മഹത്വപ്പെടുത്തുന്നത് ക്രിസ്തീയ സന്ന്യാസ്യമാകുന്നു. ഈ ജീവിതം പുണ്യപൂർണ്ണതയിൽ നയിക്കുന്നതിന് സന്ന്യാസ്യസമൂഹം ആവശ്യമാകുന്നു. ഏകാന്തപരമായ സന്ന്യാസ്യത്തെക്കാൾ പുണ്യപൂർണ്ണതയ്ക്കും സനേഹപൂർണ്ണതയ്ക്കും പര്യാപ്തമായ സന്ന്യാസ്യപദ്ധതി സമൂഹവാസമാണെന്ന് നമ്മുടെ കർത്താവിന്റെ ദൃഷ്ടാന്തം പഠിപ്പിക്കുന്നു. ആത്മനിറവുള്ള ഒരു സന്ന്യാസസമൂഹത്തിൽ മേല്പറഞ്ഞ നിഷ്ഠകൾ ശരിയായി പാലിക്കപ്പെടുകയും തൻമൂലം ദൈവതിരുനാമം അളവില്ലാതെ മഹത്വപ്പെടുകയും ചെയ്യുന്നതാകുന്നു.

www.malankaralibrary.com

അദ്ധ്യായം 2

# ബഥനി ആശ്രമം

1. ബഥന്യാശ്രമം ഒന്നാമദ്ധ്യായത്തിൽ വിവരിച്ചപ്രകാരമുള്ള ഒരു സമൂഹമാകുന്നു. ബഥന്യാശ്രമാംഗങ്ങൾ ഓരോരുത്തരും നമ്മുടെ കർത്താവിന്റെ കല്പനകൾ പൂർണ്ണമായും സന്ന്യാസപരമായും അനുഷ്ഠിച്ചു ദൈവത്തെ മഹത്വപ്പെടുത്തുകയും താന്താങ്ങൾക്കും സന്ന്യാസ്യസമൂഹത്തിനും പുണ്യപൂർണ്ണത വരുത്തുകയും ചെയ്യേണ്ടതാണ്. ഇതു നിമിത്തം തങ്ങളുടെ പ്രാർത്ഥനകളാലും വിശുദ്ധ ദൃഷ്ടാന്തത്താലും, നിർമ്മലോപദേശത്താലും, സൽക്കർമ്മങ്ങളാലും അനേകരെ ദൈവത്തിങ്കലേക്ക് ആകർഷിപ്പാൻ സംഗതിയാകുകയും ചെയ്യും. ഇങ്ങനെ ഇഹത്തിലും പരത്തിലും ദൈവത്തിന്റെ തിരുനാമം മഹത്വപ്പെടും. ഇതു സാധിപ്പാൻ സഹായിക്കുന്ന നിയമങ്ങളും ആചാരങ്ങളും ബഥന്യാശ്രമത്തിൽ സ്വീകരിച്ചിരിക്കുന്നു. ഈ പുസ്തകത്തിലും ബഥനിക്കാനോനിലും ചിട്ടപ്പെടുത്തിയിട്ടുള്ള ആചാരങ്ങളും നിയമങ്ങളും ദൈവത്തിന്റെ നേരെ നിഷ്ക്കളങ്കമായ സ്നേഹം നിമിത്തം ആചരിക്കപ്പെടേണ്ടവയാണ്.

2. (എ) ബഥനി ആശ്രമസ്ഥൻ ദൈവത്തെ സ്നേഹപൂർവ്വം ആരാധിച്ചു സേവിക്കണം. അതായത് പ്രാർത്ഥന, ധ്യാനം, വേദവായന, വി. കുർബാന മുതലായതിൽ ദൈവസ്നേഹം വളർത്തണം. (ബി) ബഥന്യാശ്രമസ്ഥൻ ദൈവത്തിന്റെ ജനങ്ങളായ മനുഷ്യരെ സ്നേഹപൂർവ്വം ശുശ്രൂഷിക്കണം. പരോപകാരാർത്ഥങ്ങളായ കരുണ പ്രവൃത്തികൾ ചെയ്യുകയും അയൽക്കാരുടെ ആത്മശരീരങ്ങൾക്ക് ശുശ്രൂഷിക്കയും ചെയ്തു സഹോദരസ്നേഹം വളർത്തണം.

3. ഇവ രണ്ടും-ദൈവസ്നേഹവും മനുഷ്യസേവനവും-പൂർണ്ണമായി സാധിക്കുന്നതിനു മേൽ ഒന്നാം അദ്ധ്യായത്തിൽ വിവരിച്ച മൂന്നു വ്രതങ്ങൾ അനുഷ്ഠിച്ചുകൊണ്ടു ബഥനി സന്ന്യാസ്യസമൂഹത്തിൽ നയിക്കുന്ന ജീവിതം എത്രയും സഹായിക്കുന്നു. നമ്മെ പൂർണ്ണമായി ദൈവത്തിനു കൊടുക്കുന്നതിനും, നമ്മുടെ സഹോദരങ്ങൾക്കുവേണ്ടി നമ്മുടെ ജീവനെ വച്ചുകൊടുക്കുന്നതിനും മിശിഹാ നമ്മെ സ്നേഹിച്ച ആ സ്നേഹം കൊണ്ടു നിറഞ്ഞ യേശുമിശിഹായെപ്പോലെ പൂർണ്ണ സ്നേഹജീവിതം നയിക്കുന്നതിനും, മനഃപൂർവ്വമായി ദൈവത്തെ സ്നേഹിച്ചുകൊണ്ടു വിശ്വസ്തതയോടെ വി. നിയമവും വിശുദ്ധാചാരങ്ങളും അനുഷ്ഠിക്കുന്ന സന്ന്യാസിക്കു സാധിക്കുന്നു. ഇപ്രകാരം ജീവിക്കുന്ന സന്ന്യാസി ഈ ലോകത്തിൽ വച്ചു തന്നെ സ്വർഗ്ഗീയ സൗഭാഗ്യം അനുഭവിക്കുന്നു.

www.malankaralibrary.com

### അദ്ധ്യായം 3

# ആശ്രമനാമവും ആദർശവും

ക്രിസ്തീയ സന്ന്യാസ്യത്തിന്റെ അടിസ്ഥാനം ദൈവപുത്രനായ യേശുമിശിഹായുടെ മനുഷ്യാവതാരവും കുരിശിന്മേൽ നിർവ്വഹിച്ച യാഗവും ആകുന്നു. യേശുമിശിഹായെ അനുകരിച്ചും അനുസരിച്ചും സന്ന്യാസി ജീവിക്കുന്നു. സന്ന്യാസപ്രതിജ്ഞകളും തദനുസരണമായ പ്രതിഷ്ഠയും ഈ വിധമുള്ള യാഗപരമായ അനുസരണത്തിന്റെ സാരാംശമാകുന്നു. വി. കാതോലിക്കാസഭയിലും, സന്ന്യാസാശ്രമത്തിലും, സന്ന്യാസിയുടെ ആത്മാവിലും അധിവസിക്കുന്ന പരിശുദ്ധാത്മാവിന്റെ ശക്തിയേയും വ്യാപാരത്തേയും ആസ്പദമാക്കിക്കൊണ്ടും അനുസരിച്ചു കൊണ്ടും സന്ന്യാസി ജീവിക്കുന്നു. ഈ ജീവിതത്തിൽ ത്യാഗം ന്യൂനപക്ഷമാകുന്നു. യേശുമിശിഹാ സന്ന്യാസിയുടെ സർവവുമാണെന്നുള്ളത് അതായത് സന്ന്യാസി പരിപൂർണ്ണമായി യേശു മിശിഹായ്ക്ക് അധീനപ്പെട്ടും കരസ്തമായും ഇരിക്കുന്നത് സന്ന്യാസ്യത്തിന്റെ അധികപക്ഷമായ ഭാഗമാകുന്നു. ക്രിസ്തീയസന്ന്യാസ്യം കേവലം ത്യാഗമല്ല. അതു ദൈവസമ്പാദ്യമാകുന്നു (വി. യോഹ. 17:10). നമ്മുടെ കർത്താവിനെ അനുഗമിക്കുന്നവർ അങ്ങേ അടുക്കൽ ആഴമായ ഭക്തിയോടും തുടർച്ചയായ യോജിപ്പിലും ജീവിക്കുമ്പോൾ അങ്ങേ ആത്മാവു അവനിൽ വ്യാപിക്കയും അങ്ങേ നേരെ കേവലം നന്ദിയും സ്നേഹവും വർദ്ധിച്ചിട്ട് അവർ അവിടുന്നു ജീവിച്ചതുപോലെ ജീവിപ്പാൻ പ്രേരിതരായിത്തീരുകയും ചെയ്യുന്നു.

അവിടുത്തെ ആത്മാവ് ഏതു സ്വഭാവമുള്ളതായിരുന്നു? അവിടുത്തെ ജീവിതം എങ്ങിനെ ഭൂമിയിൽ നയിച്ചു? അവിടുന്ന് ഉപദേശിച്ചതെന്ത്? നിർവ്വഹിച്ചതെന്ത്? ഈ ചോദ്യങ്ങളുടെ ഉത്തരം കൊണ്ടു ക്രിസ്തീയ സന്ന്യാസ്യം എന്തെന്നും സന്ന്യാസിയുടെ ആദർശമെന്തായിരിക്കണമെന്നും നമുക്കു ഗ്രഹിക്കാം. യേശുമിശിഹായുടെ ആത്മാവ് ഹൃദയപൂർവ്വമായ അനുസരണത്തിൻ ആത്മാവായിരുന്നു. സ്വർഗ്ഗസ്ഥ പിതാവിന്റെ തിരുവിഷ്ടം എവിടെയ്ക്കെല്ലാം എങ്ങനെയെല്ലാം ചലി

www.malankaralibrary.com

ച്ചുവോ അതിനെല്ലാം യേശുവിന്റെ മനസ്സ് അധീനപ്പെട്ടു ചലിച്ചു. പിതാവിന്റെ തിരുവിഷ്ടം പ്രവർത്തിപ്പാനായി യേശു ഓരോ നിമിഷവും ജീവിച്ചു. യേശു പിതാവിനെക്കുറിച്ചും തിരുവിഷ്ടം നിർവഹിക്കുന്നതിനെക്കുറിച്ചും മാത്രമെ ചിന്തിച്ചുള്ളൂ. പിതാവു ലോകത്തിലുള്ള മനുഷ്യരുടെ രക്ഷയെപ്പറ്റി ചിന്തിക്കുന്നു എന്നു യേശുവിന്നറിയമായിരുന്നു. അതുകൊണ്ട് യേശു മറ്റുള്ളവരുടെ നന്മയെപ്പറ്റി ചിന്തിച്ചു. പിതാവിനെക്കുറിച്ചും മറ്റുള്ളവരെക്കുറിച്ചും മാത്രമെ യേശു ചിന്തിച്ചുള്ളൂ. തന്നേക്കുറിച്ചും യേശു ചിന്തിച്ചില്ല. തനിക്കുവേണ്ടി യാതൊന്നും പ്രവർത്തിച്ചില്ല. സ്വന്തകാര്യം എന്നൊന്നു യേശുവിനുണ്ടായിരുന്നില്ല. ഏറ്റവും പരിപൂർണ്ണമായ സ്വയത്യാഗം യേശുവിനുണ്ടായിരുന്നു. ദൈവത്തിനു പൂർണ്ണമായി അധീനപ്പെട്ടും ദൈവത്തെ പരിപൂർണ്ണമായി അനുകരിച്ചും യേശു ജീവിച്ചു. ഈ ജീവിതം യേശുവിന്റെ ആത്മാവിനെ പ്രത്യക്ഷപ്പെടുത്തിയ മാർഗ്ഗവും ആ ആത്മാവിന്റെ പ്രവർത്തിയും ആയിരുന്നു. ആ ആത്മാവു യേശു മിശിഹായുടെ ശരീരമാകുന്ന വി. സഭയിലും അവയവങ്ങളാകുന്ന നമ്മിലും പാർക്കുന്നു. (വി. യോഹ. 15:1-15) ആത്മാവിന്റെ വ്യാപാരവും പ്രവർത്തിയും തുടരെതുടരെ വി. സഭയിൽ വെളിപ്പെടുത്തുവാൻ ശ്രമിക്കുന്നു. ഓരോരുത്തരേയും ആത്മാവു വിളിക്കുന്നു. ആത്മീയജീവനും ശക്തിയും എവിടെ പ്രബലപ്പെടുന്നുവോ, യേശുമിശിഹായെ ഉള്ളവണ്ണം പ്രത്യക്ഷപ്പെടുത്തുവാൻ വി.സഭയിൽ എവിടെ ആത്മീയ സൗകര്യം ഉണ്ടാകുന്നുവോ അവിടെ അനേകം സ്ത്രീ പുരുഷന്മാർ "ദൈവവിളി" കേൾക്കുന്നു. "തന്നെത്താൻ ത്യജിച്ചു കുരിശു എടുത്തുകൊണ്ടു യേശുമിശിഹായെ അനുഗമിക്കുന്നതിന് "ദൈവം വിളിക്കുന്നവർ വിളി കേൾക്കുമ്പോൾ മിശിഹായുടെ ആത്മാവു പൂർണ്ണമായി തങ്ങളെ ഭരിച്ചുകൊള്ളുവാൻ തക്കവണ്ണം സ്വയത്തേയും സകലത്തേയും ത്യജിച്ചു പൂർണ്ണത്യാഗികളായി കർത്താവിനെ അനുഗമിക്കുന്നു.

യേശുമിശിഹായുടെ ആത്മാവു നിസ്സീമമായ സ്നേഹത്തിൻ ആത്മാവാകുന്നു (1 യോഹ. 4:1-8; വി. യോഹ. 15:13). ദൈവത്തോടും ദൈവത്തിന്റെ സ്നേഹഭാജനങ്ങളായ മനുഷ്യരോടും അളവില്ലാത്ത സ്നേഹം ഈ ആത്മാവിന്റെ വ്യാപാരമാകുന്നു. ഈ ആത്മാവിന് ഒരു ആഗ്രഹമേയുള്ളൂ. ദൈവഹിതം ചെയ്യണമെന്നുള്ളതു തന്നെ (വി. യോഹ. 14:23-24). പൂർണ്ണമായി നടത്താൻ ത്യജിച്ചുകൊണ്ട് ദൈവമഹത്വത്തിനും മറ്റുള്ളവരുടെ രക്ഷയ്ക്കും വേണ്ടി ദൈവം ഇഷ്ടപ്പെടുന്ന സകലവും നിർവ്വഹിപ്പാനായി ദൈവമുമ്പാകെ പൂർണ്ണമായ അനുസരണത്തിൽ ദൈവവിളി കേൾക്കുന്ന മനുഷ്യൻ തന്നത്താൻ അധീനപ്പെടുത്തി കൊടുക്കുന്നു. ദൈവവിളിയുള്ള സന്ന്യാസിമാരായ നാം ഒന്നാമതായി ആഗ്രഹിക്കേണ്ടതും പ്രാർത്ഥിക്കേണ്ടതും ഇതിനുള്ള കൃപയാകുന്നു. എല്ലാ ദിവസവും നാം വി. കുർബാനയിൽ ദൈവത്തോടു ചോദിക്കേ

www.malankaralibrary.com

ണ്ടതും ദൈവത്തിൽ നിന്നു പ്രാപിക്കേണ്ടതും ഈ കൃപയാകുന്നു. ദൈവത്തിന്റെ ആത്മാവ് പൂർണ്ണതയോടുകൂടി നമ്മിൽ അധിവസിക്കുന്നതാകുന്നു. നമ്മുടെ പിതാവായ ദൈവത്തിന്റെ തിരുവിഷ്ടം അനുസരിച്ചുകൊണ്ട് ദൈവസേവനം ചെയ്യുന്നതിനും സഹോദരങ്ങളായ മനുഷ്യരെ ശുശ്രൂഷിച്ച് പിതാവിനെ മഹത്വപ്പെടുത്തുന്നതിനും നമ്മുടെ കർത്താവേശുമിശിഹാ സ്നേഹപൂർണ്ണതയിൽ തന്നത്താൻ പ്രതിഷ്ഠിച്ചിരുന്നു. അപ്രകാരം നമ്മെയും ആക്കിത്തീർക്കണമെന്ന് ദിനംപ്രതി പ്രാർത്ഥിക്കേണ്ടതാകുന്നു. പ്രാർത്ഥിച്ചാൽ ആ പ്രാർത്ഥന സാധിച്ചുതരാമെന്ന് അങ്ങ് വാഗ്ദാനം ചെയ്തിട്ടുണ്ട്. നിങ്ങൾ എന്റെ നാമത്തിൽ എന്നോടു അപേക്ഷിക്കുന്നതൊക്കെയും ഞാൻ ചെയ്തുതരും (വി. യോഹ. 14:13) നമുക്കു അവകാശം ചോദിച്ചു വാങ്ങാവുന്നതാകുന്നു. അതു നമുക്കു എത്രകണ്ടു ലഭിക്കുന്നുവോ, അത്രയും നാം സ്നേഹപൂർണ്ണന്മാരും ദൈവത്തിനു പ്രതിഷ്ഠിക്കപ്പെട്ടവരുമാകുന്നു. സ്നേഹപൂർണ്ണതയുടെയും പ്രതിഷ്ഠിക്കപ്പെട്ടവരുമാകുന്നു. സ്നേഹപൂർണ്ണതയുടെയും പ്രതിഷ്ഠയുടെയും ഈ ആത്മാവിനെ ലഭിക്കാതെ നാം ഒരിക്കലും തൃപ്തിപ്പെട്ടുകൂടാ. ഈ ആത്മാവുകൊണ്ടു നിറഞ്ഞ മനുഷ്യൻ യേശുമിശിഹാ ഭൂമിയിൽ ജീവിച്ചതുപോലെ കഴിയുന്നത്ര ജീവിപ്പാൻ ആഗ്രഹിക്കുന്നതാണ്. അവന്റെ യജമാനനായ യേശു മിശിഹായിൽ നിന്ന് വ്യത്യസ്ഥമായ ഒരു ജീവിതം അവൻ ആഗ്രഹിക്കയില്ല. കഴിവുള്ളിടത്തോളം എല്ലാറ്റിലും അങ്ങേ, അനുകരിക്കുന്നതിന് അവൻ ആഗ്രഹിക്കും. ഈ ഭൂമിയിൽ തന്നത്താൻ സന്തോഷിച്ചുകൊണ്ട് ആശ്വാസത്തിലും സുഖത്തിലും ജീവിപ്പാൻ അവൻ ഇച്ഛിക്കയില്ല. എന്തുകൊണ്ടെന്നാൽ അവന്റെ സ്വാമിയായ യേശു ജീവിച്ചത് അങ്ങനെയല്ല. യേശു ദാരിദ്ര്യത്തിലും നിരന്തരമായ പ്രയത്നത്തിലും ജീവിച്ചു. യേശു നിർമ്മലമായ വിശുദ്ധിയിലും ദൈവമുമ്പാകെ പരിപൂർണ്ണ അനുസരണത്തിലും ജീവിച്ചു. യേശുവിന്റെ ചിന്തകൾ തന്നെ ചിന്തിക്കുന്നതിനും, അങ്ങെ പ്രതിഷ്ഠാ ജീവിതം തന്നെ നയിക്കുന്നതിനും അങ്ങേ വേലയെ സഹായിക്കുന്നതിനും തീർച്ചയായും അവൻ ആഗ്രഹിക്കും. യേശു അവനുവേണ്ടി സ്വയം ത്യാഗം ചെയ്തു. ആ ത്യാഗത്തിന് അനുയോജമായ വിധത്തിൽ അവനും ത്യാഗം ചെയ്തത് തന്നത്താൻ യേശുവിനു കൊടുപ്പാൻ ആഗ്രഹിക്കും (1 യോഹ. 4:19). യേശുവിന്റെ ആത്മാവ് അങ്ങേ ശരീരമാകുന്ന തിരുസഭയിൽ പ്രത്യക്ഷപ്പെടുന്നത് ഈ വിധം ജീവിക്കുന്ന ആളുകൾ വഴിയാകുന്നു.

ത്യാഗം തിരുസഭയുടെ വിശേഷവിധിയായ ലക്ഷണമാകുന്നു. “നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ” (റോമ. 12:1). യേശുവിന്റെ തിരുശരീരമാകുന്ന തിരുസഭയിൽ അങ്ങേ ആത്മാവ് അധിവസിക്കയും വ്യാപരിക്കയും ചെയ്യുന്നു. ആ ആവാസം വ്യാപാരങ്ങളിൽ നിന്നും അവശ്യം

www.malankaralibrary.com

ഉണ്ടാകുന്ന ഫലമായി യേശുമിശിഹായെ അനുകരിച്ചു ത്യാഗമനുഷ്ഠിക്കുന്ന സന്ന്യാസിമാർ വി. സഭയിൽ ഉണ്ടാകുന്നു. ഈ സന്ന്യാസിമാർ തിരുസഭയുടെ യഥാർത്ഥ മക്കളാകുന്നു - പ്രതിനിധികളാകുന്നു.

ക്രിസ്തുമതത്തിന്റെ സ്വീകാര്യലക്ഷ്യം കുരിശാണല്ലോ. കേവലം സ്നേഹം കൊണ്ടു മാത്രം ദിനംപ്രതി കുരിശെടുത്തുകൊണ്ട് സ്വമനസ്സാ യേശുവിനെ അനുഗമിക്കുന്ന സഭ - വി. സഭയ്ക്കുള്ളിലുള്ള വി. സഭ - തിരുസഭയുടെ ചങ്കാകുന്ന ചെറിയ "സഭ" സന്ന്യാസ്യസമൂഹമാകുന്നു.

സാക്ഷാൽ ക്രിസ്ത്യാനിത്വത്തിൽ ആത്മാവിനെ ഓരോ തലമുറയിലും കണ്ടുകൊണ്ടിരിക്കേണ്ട ആവശ്യം ലോകത്തിനുണ്ട്. യേശു മിശിഹായിലുള്ള യഥാർത്ഥ സ്നേഹം മനുഷ്യർക്കു ഓരോ തലമുറയിലും നൂതനമായി വെളിപ്പെടുത്തിക്കൊണ്ട് - ലോകത്തെ ദൈവത്തിങ്കലേക്ക് അടുപ്പിക്കേണ്ട ആവശ്യമുണ്ട്. യേശുവിന്റെ സ്വയത്യാഗം അതായതു സ്നേഹത്തിൻ പരിപൂർണ്ണത പ്രത്യക്ഷപ്പെടുത്തുവാൻ യേശു സന്ന്യാസിമാരിലും സന്ന്യാസിനിമാരിലും അല്ലാതെ ആരിലാണ് ആശ്രയിക്കേണ്ടത്? ഇവരെയല്ലാതെ ആരെയാണ് തിരഞ്ഞെടുക്കേണ്ടത്? യേശുവിൻ ആത്മശക്തിയാൽ മുഴുവനായി ജീവിക്കുന്ന ജീവിതം ഇവരിൽ അല്ലാതെ എവിടെയാണ് യേശു പ്രത്യക്ഷപ്പെടുത്തേണ്ടത്? യേശുവിന്റെ സ്വന്തസ്നേഹം. യേശുവിന് സ്വതവെ പിതാവിനോടും സകല മനുഷ്യരോടുമുള്ള സ്നേഹം പ്രത്യക്ഷപ്പെടുത്തുവാൻ യേശു ആരെയാണ് കരുതിയിരിക്കുന്നത്? ഓരോ തലമുറയിലും യേശുവിന്റെ സ്നേഹം മൂർത്തീകരിക്കുന്നവരായി ആരെയാണ് യേശു കാണേണ്ടത്. യേശുവിന്റെ ആത്മാവ് കൃപയും ശക്തിയും കൊണ്ടു നിറഞ്ഞവരും യേശു അല്ലാതെ യാതൊരു ആശ്രയവുമില്ലാത്തവരുമായ അങ്ങേ സ്വന്ത സന്ന്യാസിമാരെല്ലേയോ?

ലോകരംഗത്ത് കാണപ്പെട്ടിട്ടുള്ള ആദ്യത്തെ സന്ന്യാസി യേശുമിശിഹായാകുന്നു. മനുഷ്യകുലത്തിൽ ദൈവത്തിനു ഇദംപ്രഥമമായി പരിപൂർണ്ണപ്രതിഷ്ഠയിൽ സ്വയം ത്യാഗം ചെയ്തിട്ടുള്ള മനുഷ്യൻ യേശുവാകുന്നു. സന്ന്യാസ്യജീവിതത്തിന്റെ ഉത്ഭവസ്ഥാനവും സ്ഥാപകനും ആദർശപുരുഷനും യേശുവാകുന്നു. യേശുവിന്റെ മനുഷ്യത്വത്തിൽ മാനുഷികമായ ആത്മാവും ശരീരവും ദൈവത്തിന് പ്രതിഷ്ഠിച്ച് പ്രദാനം ചെയ്തിരിക്കുന്നു. യേശുവിന്റെ ദൈവവിളിയും ആ വിളി യേശു സ്വീകരിച്ചതും അനുകരിച്ചതും യഥാർത്ഥ സന്ന്യാസ്യപരമായ വിളിയും സ്വീകരണവും അനുകരണവുമാകുന്നു. നമ്മുടെ ദൈവവിളിയും സ്വീകരണവും യേശുവിന്റേത് നമ്മിൽ-അങ്ങെ അവയവങ്ങളായ നമ്മിൽ-ഇന്ന് നടക്കുകയും തുടരുകയും ചെയ്യുന്നു. ലോകത്തിൽ ഇദംപ്രഥമമായി വന്ന യഥാർത്ഥ സന്ന്യാസി-പരിപൂർണ്ണ സന്ന്യാസി-ചെയ്ത സന്ന്യാസ്യ പ്രതിജ്ഞയെ താഴെ കാണുന്ന പ്രകാരം വി. വേദത്തിൽ പ്രസ്താവിച്ചിരിക്കുന്നു.

www.malankaralibrary.com

ഇത് യേശുവിന്റെ ജീവിതനിയമം തന്നെ, പിതാവെ! "അപ്പോൾ ഞാൻ പറഞ്ഞു ഇതാ ഞാൻ വരുന്നു. പുസ്തകത്തിൽ എന്നെക്കുറിച്ച് എഴുതിയിരിക്കുന്നു. ദൈവമെ നിന്റെ ഇഷ്ടം ചെയ്വാൻ ഞാൻ വരുന്നു എന്ന് അവൻ പറയുന്നു. ന്യായപ്രമാണപ്രകാരം കഴിച്ചുവരുന്ന യാഗങ്ങളും വഴിപാടും സർവ്വാംഗഹോമങ്ങളും യാഗങ്ങളും നീ ഇഛിച്ചില്ല. അവയിൽ പ്രസാദിച്ചതുമില്ല എന്നിങ്ങനെ പറഞ്ഞതിന്റെ ശേഷം ഇതാ ഞാൻ നിന്റെ ഇഷ്ടം ചെയ്വാൻ വരുന്നു എന്നു പറഞ്ഞുകൊണ്ട് അവൻ രണ്ടാമത്തേതിനെ സ്ഥാപിപ്പാൻ ഒന്നാമത്തേതിനെ നീക്കിക്കളയുന്നു" (എബ്രായ. 10:7-9). "ഹനനയാഗങ്ങളും ഭോജനയാഗവും നീ ഇഛിച്ചില്ല. നീ ചെവികളെ എനിക്ക് തുളച്ചിരിക്കുന്നു. ഹോമയാഗവും പാപയാഗവും നീ ചോദിച്ചില്ല. അപ്പോൾ ഞാൻ പറഞ്ഞു. ഇതാ ഞാൻ വരുന്നു. പുസ്തകച്ചുരുളിൽ എന്നെക്കുറിച്ചു എഴുതിയിരിക്കുന്നു. ദൈവമെ! നിന്റെ ഇഷ്ടം ചെയ്വാൻ ഞാൻ പ്രിയപ്പെടുന്നു നിന്റെ ന്യായപ്രമാണം എന്റെ ഉള്ളിൽ ഇരിക്കുന്നു (സങ്കീ. 40:6-8).

യേശുമിശിഹാ സന്ന്യാസപരമായ പൂർണ്ണ ജീവിതം നയിച്ചിട്ടു മരണമടുത്തപ്പോൾ ദൈവത്തോടിപ്രകാരം പറഞ്ഞു: "ഞാൻ ഭൂമിയിൽ നിന്നെ മഹത്വപ്പെടുത്തി. നീ എനിക്കു ചെയ്വാൻ തന്ന പ്രവൃത്തി തികച്ചിരിക്കുന്നു (വി. യോഹ. 17:4) നാമും യേശുവിന്റെ സത്യത്താൽ ശുദ്ധീകരിക്കപ്പെടേണ്ടതിന് (വി. യോഹ. 17:17) യേശു തന്നത്താൽ പിതാവിന്ന് പ്രതിഷ്ഠിച്ചു. യേശുതമ്പുരാൻ യഥാർത്ഥത്തിൽ സന്ന്യാസിയുടെ പ്രതിജ്ഞയും ജീവിതനിയമവും ആകുന്നു എന്ന് മേൽ പറഞ്ഞിട്ടുണ്ടല്ലോ. യേശുമിശിഹായെ ഭക്തിപൂർവ്വം സ്നേഹിക്കയും ആരാധിക്കയും അനുഗമിക്കയും ചെയ്യുന്ന നമ്മുടെ പ്രതിജ്ഞയും വി. നിയമവും ഇതു തന്നെയാകുന്നു. യേശുതമ്പുരാൻ പ്രതിജ്ഞ ചെയ്തു. നാമും പ്രതിജ്ഞ ചെയ്തിരിക്കുന്നു. നമ്മുടെ പ്രതിജ്ഞയെ ത്യാഗാത്മാവിൽകൂടെ യേശുമിശിഹായുടെ പ്രതിജ്ഞയായി പിതാവായ ദൈവത്തിനർപ്പിച്ചിരിക്കുന്നു. നമ്മുടെ പ്രതിജ്ഞ യേശുതമ്പുരാൻ തൃക്കയ്യിൽ സ്വീകരിച്ച് തന്റെ സ്വന്ത പ്രതിജ്ഞയോട് സംഘടിപ്പിച്ചു പിതാവിന് അർപ്പിക്കുന്നു". യേശു തമ്പുരാൻ തന്നത്താൻ ദഹനയാഗമായി ബലി കഴിച്ചു. ആ പൂർണ്ണ ബലിയിൽ പുണ്യങ്ങൾ എല്ലാം നമ്മുടെ പ്രതിജ്ഞയെ ശക്തിപ്പെടുത്തിയിരിക്കുന്നു. *നാം പ്രതിജ്ഞ ചെയ്തത് ഇങ്ങനെ യേശു തമ്പുരാൻ നമ്മെ ശക്തിപ്പെടുത്തിയതിനാലാകുന്നു.

മേലെഴുതിയ വാക്യങ്ങളിൽ കാണുന്നതായ യേശുവിൻ സന്ന്യാസപ്രതിജ്ഞയിൽ അടങ്ങിയിരിക്കുന്ന സംഗതികൾ സവിസ്തരം താഴെ ചേർക്കുന്നു.

---

* "നാം പ്രതിജ്ഞ ചെയ്യുന്നതു യേശു നമ്മെ ശക്തിപ്പെടുത്തുന്നതിനാലാകുന്നു" എന്നു നവ ശിഷ്യന്മാർ വായിക്കണം.

www.malankaralibrary.com

1. **ആരാധന**. നിസ്സീമനായ ദൈവത്തിന് ഉചിതമായ പൂജയുടെ ആഴം എത്രത്തോളമെന്ന് പിതാവിന്റെ മാർവിടത്തിൽ ഇരിക്കുന്ന പുത്രനു മാത്രമെ അറിയാവൂ. ഇതു മനുഷ്യരെ അഭ്യസിപ്പിക്കുന്നതിനും പുത്രനെ കൊണ്ടു മാത്രമെ സാധിക്കുകയുള്ളു. സന്ന്യാസം തന്നെ ദൈവാരാധന യാകുന്നു. സന്ന്യാസജീവിതം തുടർച്ചയായ ഒരു പൂജാകർമ്മം ആകുന്നു. യഥാർത്ഥ സന്ന്യാസ പ്രതിജ്ഞയുടെ ഉദ്ദേശം ഇതു തന്നെയാകുന്നു.

2. **അനുസരണം.** ഹൃദയത്തിന്റെ ആഴത്തിൽ നിന്നുള്ള അനുസ രണം യേശുമിശിഹായുടെ പ്രതിജ്ഞയുടെയും സന്ന്യാസ്യജീവിതത്തി ന്റെയും സാരാംശമാകുന്നു. പിതാവു ഇച്ഛിക്കുന്നതെന്തും പ്രവർത്തി ക്കുന്നതിനു എന്തു ത്യാഗം വേണ്ടിവന്നാലും അതൊട്ടും ഗൗനിക്കാതെ സന്നദ്ധനായിരുന്നു. ഇപ്രകാരം യേശുതമ്പുരാനെ അനുഗമിക്കുന്നതു യഥാർത്ഥ സന്ന്യാസമാകുന്നു.

3. **നിസ്സീമമായ സ്നേഹം.** ഒട്ടും ബാക്കി വെച്ചേക്കാതെ തന്നെ ത്തന്നെ ഏറ്റവും പൂർണ്ണമായി അവസാനം വരയും പ്രദാനം ചെയ്യുക യും അങ്ങനെ പ്രദാനം ചെയ്യുന്നതിൽ സന്തോഷിക്കയും ചെയ്യുന്നതായ സ്നേഹമായിരുന്നു യേശു തമ്പുരാന്റെ സ്നേഹം. യഥാർത്ഥ സന്ന്യാസ പ്രതിജ്ഞയിലും ഈ വിധമുള്ള സ്നേഹമുണ്ടായിരിക്കണം.

4. **ആഴമായ താഴ്മ.** ദൈവത്തിന്റെ പുത്രൻ മനുഷ്യന്റെ പുത്രനാ യിത്തീർന്നിട്ടു തന്നെത്താൻ താണവനായി പിതാവിനു കൊടുക്കേണ്ട ബഹുമാനം കൊടുക്കാതെ അപഹരിച്ചു കളഞ്ഞതിനെ മുഴുവനായും പിതാവിനു കൊടുത്ത് ദൈവത്തിനു വിരോധമായി മനുഷ്യൻ അഹങ്കരി ച്ചിരുന്നു. അതിനെല്ലാം വേണ്ടി നിസ്സീമമായ താഴ്മ കാണിച്ചു. യേശു തമ്പുരാന്റെ ജീവിതം ഈ വിധത്തിലുള്ള താഴ്മയുടെ പ്രകടനമായിരുന്നു. യഥാർത്ഥ സന്ന്യാസപ്രതിജ്ഞയിലും ഈ വിധമുള്ള താഴ്മയുണ്ടായി രിക്കണം.

5. **കവിഞ്ഞൊഴുകുന്ന സ്നേഹം.** യേശുമിശിഹാ തന്നത്താൻ മറന്നു സ്വർഗ്ഗസ്ഥ പിതാവിനെ പൂർണ്ണമായി സ്നേഹിച്ചു. മനുഷ്യവർഗ്ഗ ത്തെ രക്ഷിപ്പാനായി നമ്മുടെ കർത്താവു സ്വമനസ്സാ സ്വയത്യാഗം ചെയ്തു. മനുഷ്യന്റെ സ്ഥാനത്തു പ്രവേശിക്കയും മനുഷ്യന്റെ അധർമ്മം പോക്കുകയും അവൻ കൊടുക്കേണ്ട കടം വീട്ടുകയും അവന്റെ ധർമ്മം നിറവേറ്റുകയും ചെയ്തു. മനുഷ്യന്റെ അവകാശം അവനു വീണ്ടും കരസ്ഥമാക്കിക്കൊടുക്കാനായിട്ടു യേശുമിശിഹാ കവിഞ്ഞൊഴുകുന്ന സ്നേഹംമൂലം പ്രവർത്തിച്ചു. പിതാവിനോടും സഹോദരങ്ങളായ മനു ഷ്യരോടും കവിഞ്ഞൊഴുകുന്ന സ്നേഹം സന്ന്യാസപ്രതിജ്ഞയിൽ അന്തർഭവിച്ചിരിക്കുന്നു.

www.malankaralibrary.com

6. **പൂർണ്ണവും രക്ഷാകരവുമായ ഏക ആത്മദണ്ഡനം.** മഹാ പരിശുദ്ധനായ ദൈവത്തിനു മാത്രമെ പാപത്തിന്റെ ഭയങ്കരത ഗ്രഹിപ്പാൻ കഴിയൂ. പാപം നിമിത്തമുണ്ടായിട്ടുള്ള ആപത്തിനെപ്പറ്റി വേണ്ടപോലെ ദുഃഖിക്കാനും അതിനു നിവാരണമുണ്ടാക്കുവാനും ദൈവത്തിനു മാത്രമെ കഴിയൂ. പാപിയെ സ്നേഹിച്ചു അവനുമായി യോജിപ്പാനും ദൈവത്തിനു മാത്രമെ കഴിയൂ. യേശുമിശിഹാ പൂർണ്ണ ദൈവവും പൂർണ്ണ മനുഷ്യനും ആകുന്നു. യേശുമിശിഹായുടെ ജീവിതം പാപിയുടെ പാപത്തിനു വേണ്ടി ദൈവം മനുഷ്യനായി നിറവേറ്റിയിട്ടുള്ള ആത്മദണ്ഡനമാകുന്നു. ഈ ആത്മദണ്ഡം കർമ്മത്തിൽ സന്ന്യാസി യേശുമിശിഹായെ അനുകരിക്കയും, യേശുതമ്പുരാൻ ആത്മദണ്ഡനം ഭൂമിയിൽ തുടരുകയും ചെയ്യുന്നു.

7. **സന്തോഷവും സമാധാനവും.** ദൈവം എനിക്കുള്ളപ്പോൾ സകലവും എനിക്കുണ്ട് എന്നുള്ള ബോദ്ധ്യമുള്ളതിനാൽ ലഭിക്കുന്ന പൂർണ്ണ സന്തോഷവും സമാധാനവും പരിപൂർണ്ണ സംതൃപ്തിയും യേശുതമ്പുരാനിൽ ഉണ്ട്. സന്ന്യാസിയും ഈ അവസ്ഥ പ്രതിജ്ഞയാലും, തദനുസരണമായ ജീവിതത്താലും ഈ ഭാഗ്യം പ്രാപിക്കുന്നു.

മേൽപറഞ്ഞ ഓരോ സംഗതിയും യഥാർത്ഥ സന്ന്യാസിയുടെ അന്തരംഗവും ആത്മാവും പ്രത്യക്ഷപ്പെടുത്തുന്നു. സന്ന്യാസി യഥാർത്ഥത്തിൽ മിശിഹായിൽ ജീവിക്കുന്നു. യേശു തമ്പുരാന്റെ പ്രതിഷ്ഠാ ജീവിതം ഭൂമിയിൽ പിന്തുടരുന്നു. മറ്റുള്ളവർക്ക് അതു കാണിച്ചുകൊടുക്കയും ചെയ്യുന്നു. അതിന്റെ ലക്ഷണങ്ങൾ ഇവയാകുന്നു. യേശുവിനോടുള്ള ഭക്തിയും സ്നേഹപരവും പുത്രനിർവ്വീശേഷവുമായ ആശ്രയത്യാഗവും യഥാർത്ഥ സന്ന്യാസ്യത്തിന്റെ ലക്ഷണമാകുന്നു. സന്ന്യാസ പ്രതിജ്ഞയും ഇപ്രകാരമുള്ളതാകുന്നു.

ക്രിസ്തീയ സന്ന്യാസിമാരായ നമ്മുടെ ഉൾകൃഷ്ടമായ വിളിയെ സംബന്ധിച്ചുള്ള ശ്രേഷ്ഠ സത്യങ്ങൾ ഇവയാകുന്നു. ഇവയെ നാം പ്രഥമ സ്ഥാനത്തു തന്നെ വെക്കണം. ഇവയെ ചിന്തിക്കയും ധ്യാനിക്കയും വേണം. അങ്ങനെ ചെയ്യുമ്പോൾ ആത്മാവിലും സത്യത്തിലും നമ്മുടെ സ്നേഹമേറിയ പിതാവിനെ സ്നേഹിപ്പാൻ നമുക്കു സാധിക്കുന്നതാകുന്നു.

മേലെഴുതിയ ഏഴു വിഷയങ്ങളിൽ ഓരോന്ന് ആഴ്ചയിൽ ഓരോ ദിവസം ധ്യാനിക്കുന്നതു കൊള്ളാം. ഇതിലേക്കു സഹായകമായ വേദവാക്യങ്ങൾ ധ്യാനവിഷയമാക്കുന്നത് നന്ന്.

✝

www.malankaralibrary.com

അദ്ധ്യായം 4

# ആശ്രമാദ്ധ്യക്ഷൻ

## മാതൃമന്ദിരവും ശാഖാമന്ദിരങ്ങളും

1. "എന്റെ പ്രിയ മക്കളോടെന്നപോലെ ബുദ്ധി പറഞ്ഞുകൊണ്ട് ഇതെഴുതുന്നു. നിങ്ങൾക്ക് ക്രിസ്തുവിൽ പതിനായിരം ഗുരുക്കന്മാരുണ്ടെങ്കിലും പിതാക്കന്മാർ ഏറെയില്ല. ക്രിസ്തുവേശുവിൽ ഞാനല്ലോ നിങ്ങളെ സുവിശേഷത്താൽ ജനിപ്പിച്ചത്" (1 കോരി. 4:14-15). "നിങ്ങളോടു ദൈവവചനം പ്രസംഗിച്ച് നിങ്ങളെ നടത്തുന്നവരെ ഓർത്തുകൊൾവീൻ; അവരുടെ ജീവാവസാനം ഓർത്തു അവരുടെ വിശ്വാസം അനുകരിപ്പീൻ. യേശുക്രിസ്തു ഇന്നലെയും ഇന്നും എന്ന ന്നേക്കും അനന്യൻ തന്നെ" (എബ്രാ. 13:7-8).

2. 'ബഥന്യാശ്രമം' എന്ന പദം ബഥനിക്കാനോൻ ആചരിക്കുന്ന സന്ന്യാസിമാരുടെ സഭയെ സൂചിപ്പിക്കുന്നു. ഇവർ ആവശ്യം നിമിത്തം പല സ്ഥലങ്ങളിൽ പാർക്കുന്നതായാൽ പോലും, ഒരു സഭയായി ഒരു അദ്ധ്യക്ഷന്റെ ആജ്ഞക്കീഴിൽ നടക്കുന്നതും നടക്കേണ്ടതുമാകുന്നു. ഈ പൊതു അദ്ധ്യക്ഷൻ ആശ്രമാംഗങ്ങൾ എല്ലാവരുടെയും ആത്മീയ പിതാവാകുന്നു. ഇദ്ദേഹത്തിന്റെ കീഴിൽ പല ഉപാദ്ധ്യക്ഷന്മാരുണ്ടായിരിക്കാം. ഓരോ ശാഖാമന്ദിരത്തിലും താമസിച്ച് ആശ്രമസ്ഥന്മാരെ ഭരിക്കയും നടത്തുകയും ചെയ്യുന്ന അദ്ധ്യക്ഷന്മാർ ഏവരും എല്ലാ ശാഖാമന്ദിരങ്ങളും പൊതുവായ അദ്ധ്യക്ഷന്റെ കീഴിലാകുന്നു. പൊതുവായ അദ്ധ്യക്ഷനെ 'ആശ്രമാദ്ധ്യക്ഷൻ' എന്നും ശാഖാമന്ദിരത്തിലെ അദ്ധ്യക്ഷനെ 'മന്ദിരാദ്ധ്യക്ഷൻ' എന്നും വിളിക്കുന്നു. ആബോ (ആശ്രമപിതാവു) എന്നത് ആശ്രമാദ്ധ്യക്ഷന്റെ പ്രതിഷ്ഠാപരമായ ദിവ്യനാമമാകുന്നു.

3. ബഥന്യാശ്രമാംഗങ്ങളുടെ ആത്മീയപിതാവായിരിക്കുന്ന ആശ്രമാദ്ധ്യക്ഷൻ (ആബോ) ആശ്രമത്തിൽ കർത്താവേശുമിശിഹായുടെ പ്രതിപുരുഷനും ആശ്രമത്തേയും വി. നിയമത്തേയും സംരക്ഷിക്കുന്ന

www.malankaralibrary.com

വനും ആകുന്നു. ആബോയിക്ക് ആശ്രമത്തെ ഭരിക്കാനും, ആശ്രമാംഗ ങ്ങളെ നടത്തുവാനും വളർത്തുവാനും ചുമതലയും അധികാരവുമുണ്ട്.

4. ബഥന്യാശ്രമത്തിൽ അംഗങ്ങളായി ചേരുന്നവരെ സ്വീകരിച്ച് സന്ന്യാസ്യപരമായ പരിശീലനം കൊടുക്കയും അഭ്യസിപ്പിക്കയും ചെയ്യുന്നതിനുള്ള മന്ദിരത്തിനു മാതൃമന്ദിരമെന്നു പേരു പറയുന്നു. ആയാതന്മാർ, അർത്ഥികൾ, ശിഷ്യന്മാർ, വ്രതസ്ഥന്മാർ ആദിയായി മാതൃമന്ദിരത്തിൽ താമസിക്കുന്ന എല്ലാവർക്കും പ്രത്യേകം പ്രത്യേകം ചുമതലക്കാർ ഉണ്ടായിരിക്കുന്നതാണ്. ഇവർക്കു അവരവരുടെ വകുപ്പിൽ ഉൾപ്പെട്ടവരുടെമേൽ കർത്തവ്യവും അവരെ പരിശീലിപ്പിപ്പാൻ ചുമതലയുമുണ്ട്. ആയാതന്മാരുടേയും തലവനെ 'ഗുരു' എന്നും മന്ദിരാദ്ധ്യക്ഷനെ റീശ് (അദ്ധ്യക്ഷൻ) എന്നും വിളിക്കുന്നു. ഓരോരുത്തരും അവരവരുടെമേൽ നേരിട്ടു ചുമതലയുള്ള അദ്ധ്യക്ഷനേയും, മന്ദിരാദ്ധ്യക്ഷനേയും അനുസരിക്കേണ്ടതാണ്. എല്ലാവരും ആശ്രമാദ്ധ്യക്ഷനെ അനുസരിക്കണം.

5. സന്ന്യാസിപരിശീലനം കഴിഞ്ഞ ആശ്രമസ്ഥന്മാരെ ദൈവവേലകൾക്കായി ഓരോ സ്ഥലങ്ങളിൽ ആശ്രമാദ്ധ്യക്ഷൻ നിയമിക്കുന്നതും, അങ്ങനെ നിയമിക്കപ്പെടുന്നവർ അതതു സ്ഥലങ്ങളിൽ സമൂഹമായി താമസിച്ചു സന്ന്യാസമനുഷ്ഠിക്കയും, ബഥനിക്കാനോനാചരിക്കയും ചെയ്തു ദൈവത്തെ മഹത്വപ്പെടുത്തേണ്ടതാകുന്നു. ഇങ്ങനെയുള്ള സമൂഹങ്ങൾക്കു 'ശാഖാസമൂഹം' എന്നും അവരുടെ വാസസ്ഥലത്തിനു 'ശാഖാമന്ദിര'മെന്നും പേരുപറയുന്നതാകുന്നു. ശാഖാമന്ദിരത്തിലും അദ്ധ്യക്ഷൻ ഉണ്ടായിരിക്കുന്നതും അദ്ധ്യക്ഷനെ ആ മന്ദിരത്തിലെ അംഗങ്ങളെല്ലാം കർത്താവേശുമിശിഹായുടെ പ്രതിപുരുഷനായി ബഹുമാനിക്കയും അനുസരിക്കയും ചെയ്യേണ്ടതുമാകുന്നു. കുറഞ്ഞ പക്ഷം രണ്ടു പേരെങ്കിലും ഒരു ശാഖാമന്ദിരത്തിൽ ഉണ്ടായിരിക്കേണ്ടതാണ്.

6. മാതൃമന്ദിരത്തിലും ശാഖാമന്ദിരത്തിലും അധികാരികളേയും ചുമതലക്കാരേയും നിയമിക്കുന്നതിനും നിയന്ത്രിക്കുന്നതിനും നീക്കുന്നതിനും സ്ഥലം മാറുന്നതിനും ആശ്രമാദ്ധ്യക്ഷന് അധികാരമുണ്ട്. കർത്താവേശുമിശിഹായുടെ പ്രതിനിധിയും സന്ന്യാസസഭയുടെ പൊതുവായ അദ്ധ്യക്ഷനുമാകയാൽ അദ്ദേഹത്തെ സന്ന്യാസസഭാംഗങ്ങൾ എല്ലാവരും ബഹുമാനിക്കേണ്ടതും സന്ന്യാസപരമായി അനുസരിക്കേണ്ടതുമാകുന്നു.

7. ആശ്രമാദ്ധ്യക്ഷന്റെ നിയമനം, ആശ്രമത്തിന്റെ ഭരണവ്യവസ്ഥ, സ്വത്തുക്കളുടെ വിനിയോഗം മുതലായവ ബഥനിക്കാനോനിൽ വിവരിച്ചിട്ടുണ്ട്.

www.malankaralibrary.com

അദ്ധ്യായം 5

# പ്രതീക്ഷകനും ആയാതനും

1. "ഞങ്ങളുടെ കണ്ണു ഞങ്ങളുടെ ദൈവമായ യഹോവയിങ്കലേക്ക്, അവൻ ഞങ്ങളോടു കൃപ ചെയ്യുവോളം നോക്കിക്കൊണ്ടിരിക്കുന്നു" (സങ്കീ. 23:2). "തന്നെ കാത്തിരിക്കുന്നവർക്കും തന്നെ അന്വേഷിക്കുന്ന വർക്കും യഹോവാ നല്ലവനാകുന്നു" (വിലാ. 3:25).

2. **പ്രതീക്ഷകൻ**. ബഥന്യാശ്രമത്തിൽ ചേരുന്നതിനു ആഗ്രഹിക്കു ന്നവൻ മന്ദിരാദ്ധ്യക്ഷനോടു രേഖാമൂലം അപേക്ഷിക്കേണ്ടതാണ്. മാമോ ദീസായും ആരോഗ്യവും സംബന്ധിച്ചുള്ള സർട്ടിഫിക്കേറ്റുകൾ ഹാജരാ ക്കണം. ആയാതനായി സ്വീകരിക്കപ്പെടുന്നതിനു മുമ്പ് ആറുമാസക്കാലം പ്രതീക്ഷയിൽ പാർക്കേണ്ടതാകുന്നു. പ്രതീക്ഷാകാലം ഭക്തി വർദ്ധന വിനായി ഉദ്യമിച്ചുകൊണ്ടു അവനവന്റെ വീട്ടിലോ വേലയിലോ കഴിക്കേ ണ്ടതാകുന്നു. ആത്മീയാഭിവൃദ്ധിക്ക് അതു പര്യാപ്തമല്ലെന്നു തോന്നുന്ന വർ വിവരം ആശ്രമാദ്ധ്യക്ഷനെ അറിയിക്കേണ്ടതും അവരുടെ പ്രതീ ക്ഷാകാലം ഏതെങ്കിലും മന്ദിരത്തിൽ കഴിക്കുന്നതിനു പ്രത്യേകാനുമതി ലഭിക്കുന്നതുമാകുന്നു. തക്കകാരണം ഉണ്ടെങ്കിൽ മാത്രമെ ഈ വിധം അനുമതി ലഭിക്കയുള്ളൂ.

3. ആയതനായി ഒരു അപേക്ഷകനെ സ്വീകരിക്കുന്നതിന് ആശ്രമ ത്തിൽ സൗകര്യമില്ലാത്തപക്ഷം ആറുമാസം കഴിഞ്ഞു വീണ്ടും അപേ ക്ഷിക്കാവുന്നതാണ്. അപ്പോഴും സൗകര്യമില്ലെങ്കിൽ വീണ്ടും ആറു മാസം കഴിയുമ്പോൾ അപേക്ഷിക്കാവുന്നതാണ്. അങ്ങനെയുള്ളവർ പുറത്തു താമസിക്കുന്ന കാലത്തു ഭക്തിമാർഗ്ഗത്തിൽ അഭിവൃദ്ധി പ്രാപി പ്പാൻ ശ്രമിക്കേണ്ടതും അതിനു പര്യാപ്തമായ ഉപദേശങ്ങൾ, മന്ദിരാദ്ധ്യ ക്ഷനോ ആയാതന്മാരുടെ നാഥനോ കൊടുക്കുന്നതുമാണ്.

4. **ആയാതൻ (Aspirant)**. പ്രതീക്ഷാകാലം കഴിഞ്ഞു പരീക്ഷാർ ത്ഥം ആശ്രമത്തിൽ സ്വീകരിച്ചയാളിനെ ആയാതൻ എന്നു പറയുന്നു.

www.malankaralibrary.com

ആയാതൻ മാതൃമന്ദിരത്തിൽ താമസിക്കേണ്ടതാണ്. ആയാതന്റെ പരീക്ഷക്കാലം (Probation) ഒരു മാസം മുതൽ ആറു മാസം വരെയാണ്. ഇതിനകം അർത്ഥിപദത്തിൽ സ്വീകരിപ്പാൻ യോഗ്യനല്ലാത്ത ആളിനെ പിരിച്ചു വിടുന്നതാണ്. ആയാതകാലം നീട്ടിക്കൊടുക്കുന്നതിനു ആശ്രമാദ്ധ്യക്ഷനു അധികാരമുള്ളതും ദീർഘകാലത്തേക്കു ആയാതനായിരുന്നു എന്നുള്ള കാരണത്തിന്മേൽ അർത്ഥിയാക്കണമെന്നാവശ്യപ്പെടാൻ ഒരുത്തർക്കും അവകാശമില്ലാത്തതുമാകുന്നു. അർത്ഥിപദത്തിൽ സ്വീകരിക്കാൻ യോഗ്യനല്ലാത്തയാളിനെ ആശ്രമത്തിൽ പുറമെയുള്ള വേലകളിൽ സഹായിപ്പാൻ നിയമിക്കുന്നതിനു വിരോധമില്ലാത്തതാണ്. അങ്ങനെ താമസിക്കുന്നവരെ സഹായികളുടെ (Associates) കൂട്ടത്തിൽ ഗണിക്കുന്നതും അവർ അർത്ഥിപദം ആഗ്രഹിച്ചു കൂടാത്തതുമാകുന്നു. സഹായികൾക്കുള്ള സകല നിയമങ്ങളും അവർ അനുഷ്ഠിക്കേണ്ടതാണ്.

5. പതിനാറു വയസ്സു തികയാത്ത ആളിനെ ആയാതനായി സ്വീകരിക്കുന്നതല്ല. (ആയാതന്റെ കാനോനികമായ ലക്ഷണങ്ങൾ സംബന്ധിച്ചു ബഥനിക്കാനോൻ നോക്കുക)

6. ആയാതനു ഉണ്ടായിരിക്കേണ്ട പ്രത്യേക ലക്ഷണങ്ങൾ താഴെ ചേർക്കുന്നു. (എ) സത്യമായി ദൈവത്തെ അന്വേഷിക്കണമെന്നുള്ള ഉദ്ദേശമു ണ്ടായിരിക്കണം. ഏതെങ്കിലും വിധത്തിൽ സ്വാർത്ഥപരമായ ഉയർച്ചയൊ അഭിവൃദ്ധിയൊ ആഗ്രഹിച്ച് സന്ന്യാസ്യജീവിതത്തിന് പുറപ്പെടരുത്. യഥാർത്ഥമായി ദൈവത്തെ അന്വേഷിക്കുന്നവരായിരിക്കണം. (ബി) ദൈവസേവനവും അതു സംബന്ധിച്ചുള്ള എന്തു ശുശ്രൂഷയും ചെയ്യുവാൻ അഭിവാഞ്ഛയുള്ളവനായിരിക്കണം. (സി) ആയാതൻ ക്ഷമാശീലം, സഹനശക്തി, ഉത്സാഹശീലം, ബുദ്ധിമുട്ടാനും കഷ്ടപ്പെടാനും മടിയില്ലാത്ത സ്വഭാവം, നിഷ്ഠകൾ പാലിക്കാനുള്ള ആഗ്രഹം, ആത്മീയാഭിവൃദ്ധിക്കുള്ള ദാഹം എന്നിവയുള്ളവനും, ആരോഗ്യ ശാലിയുമായിരിക്കണം. (ഡി) എന്തെങ്കിലും രോഗമുള്ള പക്ഷം മാതൃമന്ദിരത്തിലെ റീശിനെ അറിയിക്കേണ്ടതാണ്. (ഈ) അനുസരിപ്പാൻ നല്ല ഒരുക്കമുള്ളവനായിരിക്കണം. എളിമയും വിനയവും പരിശീലിപ്പാൻ സന്നദ്ധനായിരിക്കണം. ദൈവസ്നേഹം നിമിത്തം അദ്ധ്യക്ഷനെ അനുസരിക്കുന്നതിനും, ദൈവമഹത്വത്തിനായി അദ്ധ്യക്ഷന്റെ ആജ്ഞ പ്രകാരം വിനിയോഗിക്കപ്പെടുന്നതിനും ആഗ്രഹമുള്ളവനായിരിക്കണം.

7. ആയാതനു സ്വന്തമായി സ്വത്തുക്കൾ ഉണ്ടായിരിക്കാവുന്നതാകുന്നു. എന്നാൽ അവയുടെ ഭരണം ചുമതലപ്പെടുവാൻ പാടില്ലാത്തതും,

www.malankaralibrary.com

അതിലേക്ക് ആശ്രമാദ്ധ്യക്ഷനു തൃപ്തികരമായ ഏർപ്പാടുകൾ ചെയ്തിരിക്കേണ്ടതുമാകുന്നു.

8. ആശ്രമത്തിനൊ ആശ്രമത്തിൽ നിന്നു ചുമതലപ്പെട്ടു നടത്തുന്ന ഏതെങ്കിലും ദൈവവേലകൾക്കൊ ദ്രവ്യസഹായം ചെയ്‌വാൻ സൗകര്യമുള്ള ആയാതന്മാർ അങ്ങനെ ചെയ്യാവുന്നതാണ്. ഒരു പ്രത്യേക കാര്യത്തിനു നല്കപ്പെട്ട സംഭാവന അതിനായിത്തന്നെ ഉപയോഗിക്കുന്നതുമായിരിക്കും. എന്നാൽ അവർ എത്ര ധനമുള്ളവരായിരുന്നാലും സഹായിക്കണമെന്നു യാതൊരു നിർബ്ബന്ധവുമില്ലാത്തതാകുന്നു. സംഭാവന ചെയ്തവരും ചെയ്യാത്തവരും തമ്മിൽ സമൂഹത്തിൽ യാതൊരു വ്യത്യാസവുമുണ്ടായിരിക്കുന്നതല്ല. യഥാർത്ഥമായി ആന്തരശുദ്ധിയോടും ദാരിദ്ര്യത്തിൻ ആത്മാവോടും കൂടി നല്കപ്പെടാനാവാത്ത സംഭവങ്ങൾ ദൈവമഹത്വത്തിന് ഉതകുകയില്ല.

9. ആയാതനായി സ്വീകരിക്കപ്പെടുമ്പോൾ ഒരു ദിവസത്തെ ഭജനം അനുഷ്ഠിക്കേണ്ടതാകുന്നു.

10. ആശ്രമത്തിൽ ചേരുന്നവരുടെ പ്രഥമ പരിശീലനക്കാലത്ത് ഉപയോഗിപ്പാൻ ആവശ്യപ്പെട്ട സാമാനങ്ങൾ നിവൃത്തിയുള്ളവർ കൊണ്ടുവരേണ്ടതാണ് (വിളക്ക്, കിടക്ക, പുതപ്പ്, പെട്ടി, കുട, എണ്ണ, വസ്ത്രങ്ങൾ, പുസ്തകങ്ങൾ മുതലായവ) സൗകര്യമുള്ള പക്ഷം ആയാതകാലത്തെ ചെലവിനുള്ള പണവും അദ്ധ്യക്ഷനെ ഏല്പിക്കണം.

11. സ്വഭാവസംസ്ക്കരണത്തിനും ദൈവവിളി പ്രത്യക്ഷപ്പെടുവാനും സഹായമായ പരിശ്രമങ്ങളും പരിശീലനങ്ങളും ലഭിക്കാനുള്ള കാലം ആയാതകാലമാകുന്നു. അതിലേക്കു സഹായിക്കത്തക്കവിധം ഉപദേശങ്ങളും പ്രവൃത്തികളും മാതൃമന്ദിരത്തിലെ റീശ് നല്കുന്നതായിരിക്കും. അവയെ അനുസരണ ബുദ്ധ്യാ സ്വീകരിച്ചു സ്വഭാവ സംസ്ക്കരണവും ഭക്തിവർദ്ധനവും നേടുവാൻ ആയാതൻ കടപ്പെട്ടിരിക്കുന്നു.

12. യാതൊരു കാരണവും പറയാതെ ആയാതൻ ആശ്രമം വിട്ടു പോകുന്നതിന് സ്വാതന്ത്ര്യമുണ്ട്. യാതൊരു കാരണവും പറയാതെ ആയാതനെ പിരിച്ചുവിടുന്നതിന് ആശ്രമാദ്ധ്യക്ഷന് അധികാരമുണ്ട്. ആശ്രമാദ്ധ്യക്ഷൻ സ്ഥലത്തില്ലാത്തപക്ഷം പിരിച്ചു വിടുന്നതിന് മാതൃമന്ദിരത്തിലെ റീശിന് അധികാരമുണ്ട്. പള്ളിക്കുറ്റം, കടം മുതലായവ ഒളിച്ചു വച്ചിട്ടു പ്രവേശനം ലഭിക്കുന്നവരുടെ പ്രവേശനം അസാധുവായി ഗണിക്കുന്നതാണ്.

www.malankaralibrary.com

അദ്ധ്യായം 6

# അർത്ഥി (Postulant)

1. "ഒന്നാമത് ദൈവത്തിന്റെ രാജ്യത്തേയും അവന്റെ നീതിയേയും അന്വേഷിപ്പീൻ!" (വി. മത്താ. 6:23). "എന്നെ അനുഗമിപ്പാൻ ഒരുത്തൻ ഇച്ഛിച്ചാൽ അവൻ തന്നത്താൻ വെറുത്ത് ദിനംപ്രതി തന്റെ കുരിശ് എടുത്തും കൊണ്ട് എന്നെ അനുഗമിക്കട്ടെ" (വി. ലൂക്കോ. 9:23).

2. തൃപ്തികരമായി ആയാതകാലം കഴിച്ചുകൂട്ടിയ ആളിനെ അർത്ഥിയായി സ്വീകരിക്കുന്നതാണ്. അർത്ഥിയാകാൻ ആഗ്രഹിക്കുന്നവൻ ക്രിസ്തീയമായ സന്ന്യാസജീവിതത്തിന് മനഃപൂർവ്വമായി ആഗ്രഹിക്കുന്നവനായിരിക്കണം.

3. ധനമൊ, വിദ്യയൊ, കുടുംബശ്രേഷ്ഠതയൊ, മറ്റൊ ഉണ്ടെന്നുള്ള കാരണത്താൽ ഒരുത്തനും ആശ്രമത്തിൽ സ്വീകരിക്കപ്പെടുവാൻ യോഗ്യനാകയില്ല. ദൈവസ്നേഹം മൂലം ആത്മപരിത്യാഗത്തോടുകൂടി ക്രിസ്തീയ സന്ന്യാസജീവിതം നയിച്ച് ദൈവത്തെ മഹത്വപ്പെടുത്തുവാൻ സത്യമായി ആഗ്രഹിക്കുന്നതിന് യഥാർത്ഥമായ യോഗ്യത.

4. പതിനെട്ടു വയസ്സ് തികയാത്ത ഒരുത്തനെയും അർത്ഥിയായി സ്വീകരിക്കുന്നതല്ല. (അർത്ഥിയുടെ കാനോനിക യോഗ്യതകൾ സംബന്ധിച്ച് ബഥനിക്കാനോൻ നോക്കുക).

5. അർത്ഥിപദത്തിൽ പ്രവേശിക്കുമ്പോൾ മാതൃമന്ദിരത്തിലെ റീശിന്റെ ആജ്ഞയനുസരിച്ച് ഒന്നു മുതൽ മൂന്നുവരെ ദിവസത്തെ ഭജനവും, പ്രവേശനാനന്തരം ഒന്നുമുതൽ മൂന്നുവരെ ദിവസത്തെ ഭജനവും എടുക്കണം.

6. ആശ്രമത്തിൽ നടപ്പിലിരിക്കുന്ന ശുശ്രൂഷാക്രമം ഉപയോഗിച്ച് ആയാതനെ അർത്ഥിപദത്തിൽ പ്രവേശിപ്പിക്കുന്നതാണ്. ഈ ശുശ്രൂഷ ഏതെങ്കിലും യാമപ്രാർത്ഥനയോടുകൂടെയോ, വി. കുർബാനയ്ക്ക് മുമ്പോ വി. കുർബാനമദ്ധ്യേ വിശ്വാസപ്രമാണം കഴിയുന്ന സന്ദർഭത്തിലൊ, ആബോയുടെ അനുമതിയോടുകൂടെ മാതൃമന്ദിരാദ്ധ്യക്ഷന് നടത്താവുന്നതാണ്. കുർബാനമദ്ധ്യേ ബസ്മൽക്കോ സമയത്ത് ഇത് നടത്തുവാൻ പാടില്ല.

www.malankaralibrary.com

7. അർത്ഥിയായി സ്വീകരിക്കപ്പെടുന്നയാൾ വിവേക ബുദ്ധിയും സാമാന്യജ്ഞാനവും (Common Sense) ഉള്ള ആളായിരുന്നേ മതിയാവൂ. അല്ലാത്തവരെ അർത്ഥിപദത്തിൽ സ്വീകരിക്കുന്നതല്ല.

8. അർത്ഥി എല്ലായ്പ്പോഴും അർത്ഥിപദത്തിനു അനുയോജ്യമായി നല്കപ്പെട്ടിട്ടുള്ള സന്ന്യാസ്യവസ്ത്രങ്ങൾ ധരിക്കേണ്ടതാണ്. വ്യായാമം ചെയ്യുമ്പോൾ ആ സമയത്തേക്കു നല്കപ്പെട്ട വസ്ത്രം ധരിക്കേണ്ട താണ്. ഓരോ വസ്ത്രവും ധരിക്കുന്ന സമയത്തേക്കുള്ള പ്രാർത്ഥന മനഃപാഠം പഠിച്ച് ഉപയോഗിക്കണം.

9. ദൈവവിളി തെളിവാകാനും സന്ന്യാസ്യാദർശവും അനുയോജ്യ മായ പ്രകൃതിയും സമ്പാദിപ്പാനും ആയാതകാലത്ത് ലഭിച്ച ഉപദേശ ങ്ങളും സഹായങ്ങളും പൂർത്തിയാക്കുവാനും അർത്ഥികാലം വിനി യോഗിക്കണം. താഴെക്കാണുന്നത് പ്രധാനമായി കരുതിക്കൊള്ളണം. (എ) ദൈവസേവനം പ്രധാനോദ്ദേശ്യമാക്കുകയും ലോകബന്ധന ങ്ങളിൽ നിന്ന് വേർപെടുകയും ചെയ്ക. (ബി) സ്വേച്ഛയെ നിഗ്രഹിക്കുക, എളിമ ശീലിക്കുക, ദേഹാദ്ധ്വാനം ചെയ്ക, വേലകൾ പരിശുദ്ധമാക്കി ച്ചെയ്വാൻ (Sanctify) അഭ്യസിക്കുക, മനപ്രാർത്ഥന, ധ്യാനം, ജീവിത ശോധന, മദ്ധ്യസ്ഥപ്രാർത്ഥന, കുമ്പസാരം, വി. കുർബാനാനുഭവം മുത ലായവ ശരിയായും പ്രയോജനകരമായും നടത്തുവാൻ അഭ്യസിക്കുക, ദേഹസുഖം വെടിഞ്ഞു ജീവിപ്പാൻ ശീലിക്കുക, പുണ്യങ്ങൾ അഭ്യസി ക്കുക, മറ്റുള്ളവരെ ശുശ്രൂഷിപ്പാൻ ശീലിക്കുക മുതലായതു അർത്ഥി കാലത്തെ പ്രത്യേക പരിശീലനമാകുന്നു. (സി) കാതോലിക വിശ്വാസോ പദേശങ്ങൾ, കർത്താവിന്റെ ജീവ ചരിത്രം, വി. ഏവൻഗേലി മുതലായവ പഠിക്കുക. (ഡി) ആവശ്യമുള്ള പ്രാർത്ഥനകൾ, മസുമൂറ, വി. വേദാംശ ങ്ങൾ മുതലായവ മനഃപാഠമാക്കുക. (ഈ) സമയവിവരപ്പട്ടിക അനുസ രിച്ചു ദിനം നയിക്കുകയും ജീവിതം ക്രമപ്പെടുത്തുകയും ചെയ്തു ശീലി ക്കുക, കൃത്യനിഷ്ഠയും സമയ നിഷ്ഠയും നിഷ്ക്കർഷയായി പാലിപ്പാൻ ശീലിക്കുക. (എഫ്) അനുസരണവിഷയത്തിൽ നന്നായി ചുമതല ബോധം വരുത്തുക.

10. (എ) ആശ്രമത്തിൽ ചേരുന്ന ഏവരും തങ്ങളുടെ സകല ശക്തി കളും വിനിയോഗിച്ച് ദൈവത്തെ മഹത്വപ്പെടുത്തുവാനും ആശ്രമത്തെ ദൈവമഹത്വത്തിനായി ഐശ്വര്യപ്പെടുത്തുവാനും ചുമതലപ്പെട്ടിരിക്കുന്നു. (ബി) സ്വന്ത ആവശ്യങ്ങൾ സാധിപ്പാൻ ലോകത്തിൽ ജീവിക്കുന്ന ഒരാൾ എത്രത്തോളം ശുഷ്ക്കാന്തിയോടുകൂടി പ്രയത്നിപ്പാൻ വേണ്ടി വരുന്നുണ്ടോ അത്രത്തോളവും അതിലധികവും ഉള്ള ശുഷ്ക്കാന്തി യോടുകൂടി ബഥന്യാശ്രമാംഗങ്ങൾ ദൈവമഹത്വത്തിനായി ശ്രമിക്കേണ്ട താകുന്നു. ഇതിലേക്ക് വേണ്ട പരിശീലനം അർത്ഥികാലത്ത് ലഭിക്കുന്ന താണ്. അർത്ഥികാലം മുതൽതന്നെ സോത്സാഹം ശ്രമിക്കേണ്ടതാകുന്നു. ശ്രമിക്കാതിരുന്നാൽ ദാരിദ്ര്യവ്രത പരിശീലനത്തിന് ലംഘനമാകുന്ന താണ്. അത് കുറ്റകരമാണ്. മടി വലുതായ പാപമാകുന്നു.

www.malankaralibrary.com

11. അർത്ഥിക്ക് സന്ന്യാസ ജീവിതത്തിന് വിളിയുണ്ടോ എന്നും ഉള്ളപക്ഷം കർത്താവിനെപ്രതി സ്വയംവെടിഞ്ഞ് വിളിയെ പിന്തുടരുന്നതിന് നല്ല മനസ്സും പ്രാപ്തിയുമുണ്ടോ എന്നും പരിശോധിച്ചിട്ട് യോഗ്യന്മാരെ ധർമ്മശിഷ്യന്മാരാക്കുന്നതും അല്ലാത്തവരെ പിരിച്ചു വിടുന്നതുമാകുന്നു.

12. സാധാരണയായി അർത്ഥിയുടെ പരിശീലനക്കാലം ആറുമാസമായിരിക്കുന്നതും നീട്ടിക്കൊടുക്കുന്നതിനു ആശ്രമാദ്ധ്യക്ഷനു അധികാരമുള്ളതുമാകുന്നു. സാധാരണയായി നീട്ടിക്കൊടുക്കുന്നതല്ലാത്തതും, അങ്ങനെ നീട്ടിക്കൊടുത്ത ശേഷവും അയോഗ്യനെന്നു കാണുന്ന പക്ഷം പിരിച്ചു വിടുന്നതുമാകുന്നു. പ്രത്യേക കാരണത്തിന്മേൽ രണ്ടു വർഷം വരെയും നീട്ടിക്കൊടുക്കാവുന്നതാണ്. എന്നാൽ നീട്ടിക്കിട്ടണമെന്ന് അപേക്ഷിപ്പാൻ അർത്ഥിക്ക് അവകാശമില്ലാത്തതാകുന്നു.

13. (എ) അർത്ഥികൾ തങ്ങളുടെ നാഥനോടും, അർത്ഥിഗൃഹത്തിൽ വരുവാൻ അനുവാദമുള്ള വ്രതസ്ഥന്മാരോടും മാത്രമെ സംസാരിക്കയും ഇടപെടുകയും ചെയ്യാവൂ. (ബി) അർത്ഥിയെ ഏൽപ്പിച്ചിട്ടുള്ള വേല സംബന്ധിച്ചു വേണ്ടപ്പെട്ടവരോട് ആവശ്യത്തിന് മാത്രം ഇടപെടാവുന്നതാണ്.

14. അർത്ഥി ആഴ്ചയിൽ അരദിവസം വീതമൊ, മാസത്തിൽ ഒരു ദിവസമൊ റീശിന്റെ അനുമതിയോടുകൂടി ശാന്തി ദിനം അനുഷ്ഠിക്കണം. ആത്മീയജീവിതം സംബന്ധിച്ച് വല്ല പ്രയാസമൊ പീഡയൊ നേരിടുമ്പോൾ അദ്ധ്യക്ഷന്റെ അനുമതി വാങ്ങിക്കൊണ്ട് ശാന്തിദിനം അനുഷ്ഠിക്കേണ്ടതാണ്. ശാന്തി ദിനത്തിന്റെ കാരണമെന്തെന്ന് അദ്ധ്യക്ഷനെ അറിയിപ്പാൻ നിർബന്ധമില്ലാത്തതാകുന്നു. അത്യാവശ്യമെന്ന് തോന്നുന്ന പക്ഷം ഒന്നിലധികം ദിവസം ശാന്തിദിനം അനുഷ്ഠിക്കാവുന്നതാണ്. ശാന്തിദിനത്തിന്റെ തലേദിവസമൊ പിറ്റെ ദിവസമൊ രഹസ്യത്തിൽ ആത്മീയനിയന്താവിന്റെ അടുക്കൽ ആത്മീയ കോൺഫറൻസ് നടത്താവുന്നതാണ്.

15. അർത്ഥിയായി സ്വീകരിക്കപ്പെടുന്നവരോട് ആശ്രമാംഗങ്ങൾ ഏറ്റം സദാചാരത്തോടും സ്നേഹത്തോടും വർത്തിക്കേണ്ടതാണ്. അർത്ഥിയുടെ സ്വഭാവം, പ്രാപ്തിഗുണം, ദോഷം ഇവയൊന്നും ആശ്രമാംഗങ്ങൾ കൃത്തിക്കയോ പരസ്പരം സംഭാഷണവിഷയം ആക്കയൊ അരുത്. എന്നാൽ ഏതെങ്കിലും ആളിനെ അർത്ഥിയായി സ്വീകരിക്കുന്നതുകൊണ്ട് പുണ്യപൂർണ്ണതയിൽ ശേഷമുള്ള ആശ്രമാംഗങ്ങൾ നിലനില്ക്കുന്നതിന് തടസ്സമായിരിക്കുമെന്നും, മറ്റുള്ളവരോടു സ്നേഹത്തിലും ഐക്യത്തിലും ജീവിപ്പാൻ അയാൾക്ക് പ്രാപ്തിയില്ലെന്നും ആരെക്കുറിച്ചു തോന്നുന്നുവോ ആ അർത്ഥിയുടെ സംഗതികൾ അറിവിൽപ്പെട്ടതു അദ്ധ്യക്ഷനോടു രഹസ്യമായി റിപ്പോർട്ടു ചെയ്‌വാൻ ആശ്രമാംഗങ്ങൾക്കു ഏവർക്കും ചുമതലയുണ്ട്.

www.malankaralibrary.com

അദ്ധ്യായം 7

# ധർമ്മശിഷ്യൻ (Novice) - (തൽമീദോ)

1. "ശിഷ്യൻ ഗുരുവിൻമീതെയല്ല; ദാസൻ യജമാനനു മീതെയുമല്ല; ഗുരുവിനെപ്പോലെയാകുന്നതു ശിഷ്യനു മതി, യജമാനനെപ്പോലെയാകുന്നതു ദാസനും മതി" (വി. മത്താ. 10:24-25). "നിങ്ങൾ എന്നെ ഗുരുവെന്നും കർത്താവെന്നും വിളിക്കുന്നു; ഞാൻ അങ്ങനെ ആകകൊണ്ടു നിങ്ങൾ പറയുന്നതു ശരി. കർത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ കാൽ കഴുകി എങ്കിൽ നിങ്ങളും തമ്മിൽ തമ്മിൽ കാൽ കഴുകേണ്ടതാകുന്നു. ഞാൻ നിങ്ങൾക്കു ചെയ്തതു പോലെ നിങ്ങളും ചെയ്യേണ്ടതിനു ഞാൻ നിങ്ങൾക്കു ദൃഷ്ടാന്തം തന്നിരിക്കുന്നു. ആമേൻ, ആമേൻ ഞാൻ നിങ്ങളോടു പറയുന്നു; ദാസൻ യജമാനനേക്കാൾ വലിയവൻ അല്ല; ദൂതൻ തന്നെ അയച്ചവനേക്കാൾ വലിയവനുമല്ല. ഇതു നിങ്ങൾ അറിയുന്നു എങ്കിൽ ചെയ്താൽ ഭാഗ്യവാന്മാർ" (വി. യോഹ. 13:13-17). "അവർ മുമ്പേ തങ്ങളെത്തന്നെ കർത്താവിനും പിന്നെ ദൈവേഷ്ടത്തിനൊത്തവണ്ണം ഞങ്ങൾക്കും ഏല്പിച്ചു" (2 കോരി. 8:5). "യേശു അവനോടു നീ എന്റെ പിന്നാലെ വരിക; മരിച്ചവർ തങ്ങളുടെ മരിച്ചവരെ അടക്കം ചെയ്യട്ടെ എന്നു പറഞ്ഞു" (വി. മത്താ. 8:22). "പിന്നെ അവൻ കടന്നു പോകുമ്പോൾ അൽഫായിയുടെ മകനായ ലേവി ചുങ്കസ്ഥലത്തു ഇരിക്കുന്നതു കണ്ടു. എന്നെ അനുഗമിക്ക എന്നു പറഞ്ഞു; അവൻ എഴുന്നേറ്റ് അവനെ അനുഗമിച്ചു" (വി. മർക്കോ. 2:14).

2. ഒരു സംവത്സരക്കാലം തൃപ്തികരമായി അർത്ഥിപദത്തിൽ ജീവിച്ച ഒരാളെ ധർമ്മശിഷ്യനായി സ്വീകരിക്കാവുന്നതാകുന്നു. നന്നായി ചുമതലബോധം വരാത്ത ഒരാളെ ധർമ്മശിഷ്യസ്ഥാനത്തേക്കു പ്രവേശിപ്പിക്കുന്നതല്ല.

3. അർത്ഥിയെ ശിഷ്യനായി സ്വീകരിക്കുമ്പോൾ മൂന്നു ദിവസത്തിൽ കുറയാതെയും എട്ടുദിവസത്തിൽ കൂടാതെയും ഭജനമെടുക്കേണ്ടതാണ്. ശിഷ്യപദം സ്വീകരിച്ച ശേഷം രണ്ടു ദിവസത്തിൽ കുറയാതെയും ഏഴുദിവസത്തിൽ കൂടാതെയും ഭജനം നടത്തേണ്ടതാകുന്നു.

www.malankaralibrary.com

4. ശിഷ്യനു നല്കപ്പെടുന്ന ആശ്രമവസ്ത്രം എപ്പോഴും ധരിക്കേണ്ട താണ്. സന്ന്യാസ വസ്ത്രത്തിൽ ഉൾപ്പെട്ട ഓരോ സാധനങ്ങളും ധരിക്കു മ്പോൾ ചൊല്ലുവാനുള്ള നിശ്ചിത പ്രാർത്ഥനകൾ ചൊല്ലേണ്ടതാണ്. (പതിനൊന്നാം ഭാഗം നോക്കുക) ശിഷ്യപദം പ്രാപിച്ചവരും വ്രതസ്ഥ ന്മാരും താടിമീശ നീട്ടേണ്ടതാണ്.

5. ധർമ്മശിഷ്യസ്ഥാനത്തിൽ പ്രവേശിക്കുന്നതു മുതൽ താഴെ ക്കാണുന്നതു പ്രധാന പ്രവൃത്തിയായിരിക്കണം. (എ) സന്ന്യാസജീവിത ത്തിന്റെ സ്ഥായിയായ അടിസ്ഥാനം ദൈവസ്നേഹവും പ്രാർത്ഥനാ ജീവിതവുമാകയാൽ ശിഷ്യൻ ഇതു നന്നായി സമ്പാദിച്ചുകൊള്ളേണ്ട താണ്. അവനവന്റെ ജീവിതോദ്ദേശ്യം, നമ്മുടെ കർത്താവിന്റെ മുപ്പതു സംവത്സരക്കാലത്തെ ജീവിതമായ രഹസ്യ ശുശ്രൂഷ, തദനന്തരമുള്ള പരസ്യശുശ്രൂഷ, കഷ്ടാനുഭവം, പുനരുത്ഥാനം, സ്വർഗ്ഗാരോഹണം, പെന്തിക്കോസ്തി, വിശുദ്ധസഭയുടെ വളർച്ച മുതലായവ പ്രധാനമായ ധ്യാനവിഷയമായിരിക്കണം. ധ്യാനശ്രേണിക ഇതിലേക്കു പര്യാപ്തമാണ്. (ബി) സ്വേച്ഛയെ (Self-will) നശിപ്പിക്കയും ദൈവഹിതം പൂർണ്ണമായി അവലംബിക്കയും ചെയ്‌വാൻ സഹായിക്കുന്ന പരിശീലനങ്ങളും അഭ്യ സനങ്ങളും ലഭിക്കണം. (സി) കർത്താവിന്റെ ജീവചരിത്രവും ഉപദേശ ങ്ങളും നന്നായി പഠിക്കണം. (ഡി) സന്ന്യാസ്യജീവിതത്തെ സംബന്ധി ച്ചുള്ള (of Religious Life) ഉപദേശവും നന്നായി പഠിക്കണം. ഇതിലേക്കു പര്യാപ്തങ്ങളായ പുസ്തകങ്ങൾ ഗുരു തരുന്നതായിരിക്കും. ശിഷ്യ ജീവിതത്തിന് അനുയോജ്യമായ മറ്റു പുസ്തകങ്ങളും ഗുരുവിന്റെ അനു വാദത്തോടുകൂടെ വായിക്കാവുന്നതാണ്. (ഈ) സന്ന്യാസ്യാദർശത്തി നനുസരണമായി ജീവിതം ശരിപ്പെടുത്തി ശീലിക്കണം. ദൈവവിശ്വാസം, ദൈവശരണം, ദൈവസ്നേഹം, താഴ്മ, സ്വയത്യാഗം, നിർമ്മലത, വി. അനുസരണം, വി. കന്യാവ്രതം, വി. ദാരിദ്ര്യവ്രതം എന്നിവയും മറ്റു ക്രിസ്തീയ പുണ്യങ്ങളും നന്നായി ശീലിക്കണം. (എഫ്) വ്രതസ്ഥന്റെ ആശ്രമാചാരങ്ങളും നിഷ്ഠകളും നന്നായി അഭ്യസിക്കണം.

6. ദൈവത്തിനു പ്രതിഷ്ഠിക്കപ്പെട്ട സന്ന്യാസ്യ ജീവിതം അഭ്യ സിക്കുന്നതിനുള്ള കാലം ധർമ്മ്യശിഷ്യകാലമാകുന്നു. സന്ന്യാസ്യാദർ ശം ശരിയായി ഗ്രഹിക്കുന്നതിനു വേണ്ട പഠനവും അതിന്നനുസരണ മായി ജീവിതം ക്രമപ്പെടുത്തുന്നതിനു വേണ്ട പരിശീലനവും ഈ കാല ത്തു സമ്പാദിക്കേണ്ടതാണ്. അതുകൊണ്ടു മറ്റു വിഷയങ്ങൾ പഠിക്കു ന്നതിനോ മറ്റു കാര്യങ്ങളിൽ ശ്രദ്ധ പതിക്കുന്നതിനോ ശിഷ്യകാലത്തു ആഗ്രഹിക്കരുത്. പരിശീലനാർത്ഥം നിയമിക്കപ്പെടുന്ന എല്ലാ ശിക്ഷാക്രമ ങ്ങളേയും (Discipline) ശിഷ്യൻ ഭക്തിപുരസ്സരം ആചരിക്കേണ്ടതാകുന്നു.

www.malankaralibrary.com

ശിഷ്യകാലത്തെ നിയമങ്ങൾ എങ്ങനെ ആചരിക്കുന്നുവോ അതിനു തക്ക വണ്ണം ആയുസ്സുപര്യന്തമുള്ള സന്ന്യാസ്യജീവിതം ഇരിക്കുന്നതാകുന്നു. നിഷ്ക്കർഷയായ സ്വയപരിശീലനം (Self-discipline) കൊണ്ടും യഥാർത്ഥ പ്രാർത്ഥനാജീവിതം കൊണ്ടും ശിഷ്യകാലത്തെ ശുദ്ധീകരിക്കേണ്ടതും പരിശുദ്ധമായ സന്ന്യാസ്യനിഷ്ഠകൾ കരസ്ഥമാക്കിക്കൊള്ളേണ്ടതുമാകുന്നു.

7. ദിനംപ്രതിയുള്ള ധ്യാനങ്ങൾ ആത്മീയവ്യവസായങ്ങൾ കായികാദ്ധ്വാനങ്ങൾ, അനുസരണാഭ്യസനങ്ങൾ, കുർബാനാനുഭവം, വേദപഠനങ്ങൾ മുതലായവയെല്ലാം ഗുരുവിന്റെ (Novice-master) ആജ്ഞയനുസരിച്ചു ശിഷ്യൻ അനുഷ്ഠിക്കേണ്ടതാകുന്നു.

8. ആത്മാവിൽ വിനയശീലം ഉണ്ടാകത്തക്ക താഴ്ത്തലുകൾ (Humiliations) ശിഷ്യനു ലഭിക്കേണ്ടതും, അതിലേക്കു ശിഷ്യൻ ഒരുങ്ങിയിരിക്കേണ്ടതും ദൈവത്തെ മഹത്വപ്പെടുത്തണമെന്നുള്ള ഏകോദ്ദേശത്തോടുകൂടി ജീവിപ്പാൻ സർവ്വഥാ ശ്രമിക്കേണ്ടതുമാകുന്നു. സകല പരിശീലനങ്ങളേടും. ശിക്ഷാക്രമങ്ങളേയും ഈ ഉദ്ദേശത്തോടുകൂടി അത്രെ സ്വീകരിക്കേണ്ടത്. ഈ വിഷയത്തിൽ അദ്ധ്യക്ഷൻ ശ്രദ്ധ വയ്ക്കുന്നതാണ്. താഴ്മക്കായുള്ള പരിശീലനങ്ങൾ നിശ്ചയിക്കുന്നതിനു ഗുരുവിനോടു ആവശ്യപ്പെടുന്നതിനും വിരോധമില്ല. എന്നാൽ ഗുരുവിന്റെ കല്പന പൂർണ്ണമായി അനുസരിക്കണം.

9. ആശ്രമത്തിലോ പറമ്പിലോ എവിടെയും എത്ര താണവേലയും സന്തോഷപൂർവ്വം ചെയ്യുന്നതിനു ധർമ്മശിഷ്യൻ സന്നദ്ധനായിരിക്കണം.

10. ദൈവത്തോടും അദ്ധ്യക്ഷനോടും, ബഥന്യാശ്രമമാകുന്ന സന്ന്യാസസമൂഹത്തോടും, അയൽക്കാരനോടും, അവനവനോടും ഉള്ള ചുമതലകൾ സന്ന്യാസ്യപരമായി നിർവഹിപ്പാൻ അഭ്യസിക്കണം. (രണ്ടാംഭാഗം നോക്കുക) പ്രത്യേകിച്ചു അദ്ധ്യക്ഷന്മാരിൽ കർത്താവേശുമിശിഹായെ കാണുന്നതിനും സ്നേഹിക്കുന്നതിനും അനുസരിക്കുന്നതിനും ശീലിക്കണം. സഹോദരങ്ങളിൽ കർത്താവേശുമിശിഹായെ കാണുന്നതിനും സ്നേഹിക്കുന്നതിനും ശുശ്രൂഷിക്കുന്നതിനും ശീലിക്കണം. ആന്തരത്തിലും അക്ഷരത്തിലും അനുസരണം പാലിക്കണം.

11. വ്രതമെടുത്ത ശേഷം ജീവിതം പുണ്യപൂർണ്ണമായി നയിക്കുന്നതിനു അഭ്യസിച്ചുകൊള്ളേണ്ടതു ശിഷ്യകാലത്താണ്. അതുകൊണ്ട് വ്രതമനുസരിച്ച ആശ്രമസ്ഥരെപ്പോലെ ധർമ്മശിഷ്യനും എല്ലാ സന്ന്യാസ്യവ്രതങ്ങളും ഭക്തിപൂർവ്വം അനുഷ്ഠിച്ചു ജീവിച്ചു കൊള്ളേണ്ടതാകുന്നു.

12. ശിഷ്യന്മാർ ആഴ്ചയിൽ ഒരു ദിവസം അനുശാസനസംഘ (Chapter of Fault) ത്തിൽ ഉൾപ്പെടേണ്ടതാണ്. പ്രത്യേകമായ വല്ല തെറ്റി

www.malankaralibrary.com

നേപ്പറ്റിയും ഗുരുവിന്റെ അടുക്കൽ ഏറ്റുപറയണമെന്നു ആഗ്രഹം തോന്നുന്ന പക്ഷം ദിവസംതോറും അങ്ങനെ ചെയ്യാവുന്നതാണ്. ആത്മീയനിയന്താവിന്റെ (Direction) ഉപദേശമനുസരിച്ചു (എ) ആഴ്ചയിൽ ഒന്നോ രണ്ടോ പ്രാവശ്യം ആത്മീയ കുമ്പസാരം നടത്താവുന്നതും, (ബി) ആഴ്ചതോറുമോ രണ്ടാഴ്ചയിൽ ഒരിക്കൽ വീതമോ കുമ്പസാരിക്കേണ്ടതുമാകുന്നു.

13. ആത്മീയജീവിതം സംബന്ധിച്ചു വല്ല പ്രയാസമോ, പീഡയോ നേരിടുമ്പോൾ അദ്ധ്യക്ഷന്റെ അനുമതി വാങ്ങി ശാന്തി ദിനം അനുഷ്ഠിക്കേണ്ടതാണ്. ശാന്തി ദിനത്തിന്റെ കാരണമെന്തെന്നു അദ്ധ്യക്ഷനെ അറിയിപ്പാൻ നിർബന്ധമില്ലാത്തതാകുന്നു. അത്യാവശ്യമെന്നു തോന്നുന്ന പക്ഷം ഒന്നിലധികം ദിവസം ശാന്തി അനുഷ്ഠിക്കാവുന്നതാകുന്നു.

14. കുറഞ്ഞ പക്ഷം മാസത്തിലൊരിക്കൽ സാധാരണമായ ആത്മീയ കോൺഫറൻസും, മൂന്നു മാസത്തിലൊരിക്കൽ അസാധാരണമായ ആത്മീയ കോൺഫറൻസും ആത്മീയ നിയന്താവിന്റെ അടുക്കൽ നടത്തണം. അദ്ധ്യക്ഷന്റെയോ ഗുരുവിന്റെയോ അടുക്കൽ ആത്മപ്രദർശനം നടത്തുന്നത് നന്ന്. എങ്കിലും ഇതിലേക്കു നിർബന്ധിക്കുന്നതല്ല. നല്ല മനസ്സൊരുക്കമില്ലാത്തപക്ഷം നടത്തണ്ടാ.

15. ശിഷ്യൻ ആദ്യകാലം ആഴ്ചയിൽ ഒന്നും, പിന്നീടു രണ്ടും, പിന്നീടു മൂന്നും, ഇങ്ങനെ ക്രമവർദ്ധമായി വി. കുർബ്ബാന അനുഭവിക്കണം. ഒരുക്കം, അനുഭവിക്കുന്ന ദിവസങ്ങളിലെ ജീവിതശുദ്ധി, സന്നിധിബോധം, കൃത്യശുദ്ധി എന്നിങ്ങനെ ഓരോന്നും യഥാക്രമം സന്ന്യാസപരമായി ശരിപ്പെട്ടുവരുന്നതിനു സഹായമായിട്ടാണ് ഇങ്ങനെ നിശ്ചയിച്ചിരിക്കുന്നത്. ആത്മീയ നിയന്താവിന്റെ ഉപദേശം പോലെ ചെയ്യണം. ദിനംപ്രതി വി. കുർബ്ബാന അനുഭവിക്കുന്ന സ്ഥിതി വരുത്താൻ ഇതു പരിശീലനമാകുന്നു.

16. നിത്യവ്രതസ്ഥന്മാർക്കു നിശ്ചയിച്ചിട്ടുള്ള മൗനത്തിന് പുറമെ ധർമ്മശിഷ്യന്മാർ ആഴ്ചയിൽ ഒരു ദിവസം പൂർണ്ണ മൗനമനുഷ്ഠിക്കണം. ഏതു ദിവസമെന്നു ഗുരു നിശ്ചയിക്കുന്നതാണ്. വെള്ളിയാഴ്ചയൊ ബുധനാഴ്ചയൊ നന്ന്.

17. ആഴ്ചയിൽ ഒരു ദിവസം വീതം ശിഷ്യനു വിശ്രമം കൊടുക്കുന്നതാണ്. അരദിവസം വീതമുള്ള രണ്ടു പ്രാവശ്യത്തെ വിശ്രമം ആയിരിക്കാനും മതി. ഞായറാഴ്ചത്തെ വിശ്രമവും ഇതിൽ ഉൾപ്പെടുന്നതാണ്.

www.malankaralibrary.com

18. ശിഷ്യന്മാർ കത്തുകൾ അയയ്ക്കുന്നതും വരുന്ന കത്തുകൾ വാങ്ങുന്നതും ഗുരു മുഖാന്തിരം ആയിരിക്കണം. ഈ കത്തുകൾ വായിക്കയോ, വായിക്കാതിരിക്കയോ ചെയ്യുന്നതിനു ഗുരുവിനു സ്വാതന്ത്ര്യമുണ്ട്. ശിഷ്യൻ എഴുതുന്ന കത്ത് അയയ്ക്കാതിരിക്കുന്നതിനും ഗുരുവിനു അധികാരമുണ്ട്.

19. ഗുരുവിന്റെ അനുമതിയോടുകൂടി ധർമ്മ്യശിഷ്യൻ ചാർച്ചക്കാരായ പുറത്തുള്ളവരെ കാണുന്ന സന്ദർഭങ്ങളിൽ അര മണിക്കൂറിലധികം സംഭാഷണം നടത്തിക്കൂടാ. അല്ലാത്തവരെ കാണുന്നതിനു അഞ്ചു മിനിട്ടുമതിയാകും. കൂടുതൽ സമയം സംഭാഷിക്കണമെങ്കിൽ അതിലേക്കു പ്രത്യേകാനുമതി വേണ്ടിയിരിക്കുന്നു. നിവൃത്തിയുണ്ടെങ്കിൽ ധർമ്മശിഷ്യൻ പുറത്തുള്ളവരെ കാണാതിരിക്കയാണ് വേണ്ടത്. പുറത്തുള്ളവരെ കാണുമ്പോൾ ആശ്രമസ്ഥനായ മറ്റൊരാൾ കൂടെ ഉണ്ടായിരിക്കുന്നതാണ്.

20. ശിഷ്യൻ അർത്ഥികളോടും ശിഷ്യാലയത്തിൽ വരാൻ അനുവാദമില്ലാത്ത വ്രതസ്ഥന്മാരോടും സംസാരിക്കയോ ഇടപെടുകയോ ചെയ്യരുത്.

21. പ്രത്യേക അനുവാദം കൂടാതെ ശിഷ്യൻ മന്ദിരത്തിന്റെ അകത്തെ വളപ്പിനു പുറത്തു പോകാൻ പാടില്ല.

22. ശിഷ്യൻ നടക്കാനായി പോകുമ്പോൾ ഗുരു നിശ്ചയിക്കുന്ന കൂട്ടുകാരനോടൊരുമിച്ചു പോകേണ്ടതാകുന്നു. സംഭാഷണവിഷയങ്ങൾ പരസ്പരം സഹായിക്കുന്നതായിരിക്കണം. അതേപ്പറ്റിയും ഗുരുവിന്റെ അടുക്കൽ റിപ്പോർട്ടു ചെയ്യാവുന്നതാണ്.

23. ധർമ്മശിഷ്യന്റെ കാനോനിക ലക്ഷണങ്ങൾ സംബന്ധിച്ചു ബഥനിക്കാനോൻ നോക്കുക.

24. എ. ശിഷ്യപരിശീലനത്തിനായി സ്വീകരിക്കപ്പെടുന്ന ആൾ മുതൽ ഭരണം സംബന്ധിച്ചുള്ള സകല ചുമതലകളിൽ നിന്നും ഒഴിയാൻ തക്ക വ്യവസ്ഥകൾ ചെയ്തുകൊള്ളേണ്ടതും, വിൽപത്രം എഴുതിയിരിക്കേണ്ടതുമാകുന്നു.

25. ശിഷ്യപരിശീലനം ഒരു സംവത്സരം (365 ദിവസം) ആകുന്നു. ആവശ്യമെന്നു അദ്ധ്യക്ഷനു തോന്നുന്നപക്ഷം ശിഷ്യപരിശീലനം ആറുമാസത്തേക്കു കൂടെ നീട്ടിക്കൊടുക്കുന്നതും, അതു കഴിഞ്ഞിട്ടും വിളയില്ലെന്നു ബോധ്യപ്പെടുന്ന പക്ഷം പിരിച്ചയയ്ക്കുന്നതുമായിരിക്കും. ശിഷ്യനു പിരിഞ്ഞു പോകാനും സ്വാതന്ത്ര്യമുണ്ട്.

www.malankaralibrary.com

**അദ്ധ്യായം 8**

# തൽക്കാല വ്രതസ്ഥൻ

1. "കുരികിൽ ഒരു വീടും മീവൽപക്ഷി കുഞ്ഞുങ്ങൾക്ക് ഒരു കൂടും കണ്ടെത്തിയിരിക്കുന്നു. എന്റെ രാജാവും എന്റെ ദൈവവുമായ സൈന്യങ്ങളുടെ യഹോവ നിന്റെ യാഗപീഠങ്ങളെത്തന്നെ" (സങ്കീ. 84:3).

2. തൃപ്തികരമായ ശിഷ്യപരിശീലനം കഴിഞ്ഞയാളെ തൽക്കാല വ്രതസ്ഥനായി അഭിഷേകം ചെയ്യുന്നതാണ്. തൽക്കാലവ്രതസ്ഥൻ മൂന്നുസംവത്സരക്കാലത്തേക്ക് സന്ന്യാസപരമായ വ്രതത്രയങ്ങൾ വി. അനുസരണവ്രതം, വി. ബ്രഹ്മചര്യവ്രതം, വി. ദാരിദ്ര്യവ്രതം അനുഷ്ഠിച്ചു കൊണ്ട് ബഥന്യാശ്രമത്തിൽ ആശ്രമാദ്ധ്യക്ഷന്റെ കീഴിൽ ബഥനി ക്കാനോനും (ബഥനിക്കാനോനിൽ ആശ്രമ നിയമവും (The Rule) ഭരണ ച്ചട്ടവും (Constitution) ഉൾപ്പെടുന്നു) നിശ്ചയിക്കപ്പെടുന്ന ആശ്രമാചാര ങ്ങളും (The Rule and the Prescribed Customs) അനുസരിച്ചു ജീവിക്കേണ്ട താണ്.

3. ശിഷ്യപരിശീലനം പൂർത്തിയാക്കുന്നതിന് ഈ കാലം വിനി യോഗിക്കപ്പെടുന്നു. ശിഷ്യപരിശീലനം കൂടാതെ വേദാഭ്യാസത്തിനും ഏതെങ്കിലും തൊഴിൽ പരിശീലിക്കുന്നതിനും ഈ കാലം ആശ്രമാദ്ധ്യ ക്ഷന്റെ ഹിതം പോലെ ഉപയോഗിക്കാവുന്നതാണ്.

4. തൽക്കാലവ്രതം ചെയ്യുന്നതിനു മുമ്പു മൂന്നു ദിവസത്തിൽ കുറെ യാതെയും എട്ടു ദിവസത്തിൽ കൂടാതെയും ഭജനം നടത്തേണ്ടതാണ്. തദനന്തരം മൂന്നു ദിവസത്തിൽ കുറെയാതെയും എട്ടു ദിവസത്തിൽ കൂടാതെയും ഭജനം നടത്തണം. വ്രതാനുഷ്ഠാനശേഷം ആദ്യത്തെ മൂന്നു ദിവസം കഴിഞ്ഞുള്ള ഭജനത്തിന്റെ നിഷ്ഠകൾ ലഘുപ്പെടുത്തികൊടു ക്കുന്നതിനു റീശിനു അധികാരമുണ്ട്.

5. (സാമാന്യനിത്യവ്രതസ്ഥന്റെ കുബഊനാ ഒഴിച്ചുള്ള എല്ലാ വസ്ത്രങ്ങളും തൽക്കാലവ്രതസ്ഥന് നിശ്ചയിച്ചിരിക്കുന്നു.)

www.malankaralibrary.com

6. നിത്യവ്രതസ്ഥന്മാരെപ്പോലെ എല്ലാ സന്ന്യാസനിഷ്ഠകളും തല്ക്കാലവ്രതസ്ഥൻ അനുഷ്ഠിച്ച്, ദൈവസ്നേഹത്തിലും കൃപയിലും വളരുന്നതിനും സന്ന്യാസപരമായ പുണ്യങ്ങളും ജീവിതസംസ്ക്കരണവും സമ്പാദിക്കുന്നതിനും കടപ്പെട്ടിരിക്കുന്നു.

7. വി. കുർബാനയിൽ അന്നാഫുറ ആരംഭിക്കുന്നതിനു മുമ്പ് (വിശ്വാസപ്രമാണം കഴിഞ്ഞശേഷം) തല്ക്കാല വ്രതസ്ഥന്റെ പ്രതിഷ്ഠാ ശുശ്രൂഷ നടത്തുന്നതാണ്.

8. അനുസരണവ്രതം, കന്യാവ്രതം, ദാരിദ്ര്യവ്രതം എന്നീ വ്രതങ്ങളും മൗനം മുതലായ നിഷ്ഠകളും പൂർണ്ണസന്ന്യാസപരമായിത്തന്നെ തല്ക്കാലവ്രതസ്ഥൻ അകമേയും പുറമേയും അനുഷ്ഠിക്കേണ്ടതാണ്. ഈ വിധം അനുഷ്ഠിച്ചു ദൈവികമായ തഴക്കം വരുത്തിയെങ്കിൽ മാത്രമേ നിത്യവ്രതം ചെയ്‌വാൻ യോഗ്യനായിത്തീരുകയുള്ളൂ.

9. വാർഷികഭജനം, മാസംതോറമുള്ള ശാന്തിദിനം, ആഴ്ചതോറുമുള്ളവയും ദിനംതോറുമുള്ളവയുമായ അനുഷഠാനങ്ങൾ ആദിയായ എല്ലാ കാര്യങ്ങളും നിത്യവ്രതസ്ഥന്മാരെപ്പോലെ തല്ക്കാലവ്രതസ്ഥന്മാരും അനുഷ്ഠിക്കേണ്ടതാണ്.

10. അനുശാസനസംഘം സമ്മേളനം, ഭക്ഷണം മുതലായ കാര്യങ്ങൾ തല്ക്കാലവ്രതസ്ഥന്മാരും നിത്യവ്രതസ്ഥന്മാരും ഒരുമിച്ചു നടത്തേണ്ടതാകുന്നു.

11. ശിഷ്യപരിശീലനം കഴിഞ്ഞു തല്ക്കാലവ്രതം ചെയ്യുമ്പോൾ സ്വത്തുക്കൾ തനതു പേരിൽ ഉണ്ടായിരിക്കാം എങ്കിലും, അവ സംബന്ധിച്ചു യാതൊരു ചുമതലയും ഭരണവും ഉണ്ടായിരുന്നു കൂടാ. താല്ക്കാലികവ്രതം എടുക്കുന്ന സമയം ആത്മീയപിതാവിനോടുകൂടെ ആലോചിച്ചിട്ടു ശിഷ്യൻ സകല സ്വത്തുടമസ്തതയും ഉപേക്ഷിക്കയോ വിൽപത്രം എഴുതുകയൊ ചെയ്യാവുന്നതാണ്. നിത്യവ്രതം ചെയ്യുന്നതിനു മുൻപ് സകല സ്വത്തുടമസ്തതയും ഉടമസ്ഥതയ്ക്കുള്ള അവകാശവും പരിത്യജിക്കേണ്ടതാകുന്നു.

12. തൃപ്തികരമായ നിലവിൽ തല്ക്കാലവ്രതകാലം നയിച്ചിട്ടുള്ളവരെ ആശ്രമ സുന്നഹദോസിന്റെ (സാമാന്യമായ നിത്യവ്രതവും മഹദ്വ്രതവും ചെയ്തവരെല്ലാം സൂന്നഹദോസിലെ അംഗങ്ങളാകുന്നു) ഭൂരിപക്ഷ വോട്ടനുസരിച്ച് നിത്യവ്രതത്തിന് (Perpetual Simple Vow) സ്വീകരിക്കുന്നതാണ്. അല്ലാത്ത വരെ പിരിച്ചയയ്ക്കുന്നതാണ്. തല്ക്കാലവ്രതകാലം അവസാനിക്കുമ്പോൾ നിത്യവ്രതം ചെയ്യുന്നതിന് ഒരുക്കമില്ലാത്തവർ ആശ്രമം വിട്ടുപോകുന്നതിനു ആശ്രമാദ്ധ്യക്ഷൻ അനുവദിക്കുന്നതാകുന്നു.

www.malankaralibrary.com

അദ്ധ്യായം 9

# സാമാന്യ നിത്യവ്രതസ്ഥൻ

1. യാഗം കഴിച്ച് എന്നോടു നിയമം ചെയ്തവരായ എന്റെ വിശുദ്ധന്മാരെ എന്റെ അടുക്കൽ കൂട്ടുവിൻ (സങ്കീ. 50:5). നിന്റെ വസ്ത്രമെല്ലാം മൂറും ചന്ദനവും ലവംഗവും കൊണ്ടു സുഗന്ധമായിരിക്കുന്നു (സങ്കീ. 45:8). അല്ലയൊ, കുമാരി, കേൾക്ക, നോക്കുക, ചെവി ചായിക്കുക, സ്വജനത്തെയും നിന്റെ പിതൃഭവനത്തെയും മറക്കുക. അപ്പോൾ രാജാവു നിന്റെ സൗന്ദര്യത്തെ ആഗ്രഹിക്കും. അവൻ നിന്റെ നാഥനല്ലൊ. നീ അവനെ നമസ്ക്കരിച്ചുകൊൾ (സങ്കീ. 45:10-11).

2. തല്ക്കാലവ്രതകാലം തൃപ്തികരമായി നയിച്ച ആളിനെ നിത്യവ്രതം ചെയ്വാൻ അനുവദിക്കുന്നതാണ്. ഈ കാര്യം നിർണ്ണയിക്കുന്നത് ആശ്രമസൂന്നഹദോസിന്റെ ഭൂരിപക്ഷാഭിപ്രായമനുസരിച്ചായിരിക്കും. (എട്ടാം അദ്ധ്യായം 12-ാം വകുപ്പ് കാണുക).

3. സന്ന്യാസപരമായ വി. അനുസരണവ്രതം, വി. കന്യാവ്രതം, വി. ദാരിദ്ര്യവ്രതം എന്നിവയും ബഥനിക്കാനോനും അനുസരിച്ച് ആയുസ്സു പര്യന്തം ബഥന്യാശ്രമസ്ഥനായി സന്ന്യാസം അനുഷ്ഠിച്ചുകൊള്ളാമെന്നു പ്രതിഷ്ഠാസമയത്തു വ്രതസ്ഥൻ പ്രതിജ്ഞ ചെയ്യണം.

4. നിത്യവ്രതസ്ഥൻ മറ്റു വ്രതസ്ഥന്മാരെപ്പോലെ ദൈവമഹത്വത്തെ ഉദ്ദേശിച്ചു അദ്ധ്യക്ഷൻ കല്പിക്കുന്നതായ ഏതു വേലയും ചെയ്യേണ്ടതാകുന്നു.

5. വ്രതം എടുക്കുന്നതിനു മുമ്പു എട്ടുദിവസത്തിൽ കുറയാതെയും വ്രതമെടുത്തശേഷം മൂന്നു ദിവസത്തിൽ കുറയാതെയും ദൃഢമായ ഭജനമെടുക്കേണ്ടതാകുന്നു. ഇവ രണ്ടിനും പുറമെ കുറെ ദിവസത്തേക്കു ലഘുഭജനം അനുഷ്ഠിക്കേണ്ടതാണ്. ആകപ്പാടെ നാല്പതു ദിവസത്തിൽ അധികപ്പെടരുത്. ലഘുഭജനകാലത്തു നാലുമണിവരെ ദൃഢമൗനവും

www.malankaralibrary.com

അത്താഴെ കഴിയുന്നതുവരെ ലഘുമൗനവും വീണ്ടും ദൃഢമൗനവും ആചരിക്കുന്നതു നന്ന്. രണ്ടു ധ്യാനം നടത്തിയാൽ മതിയാകും ഉപവസിക്കണമെന്നില്ല. ദൃഢഭജനം പൂർണ്ണഭജനമാകുന്നു. ഈ കാലം മുഴുവൻ എല്ലാ സമയവും ദൃഢമൗനം അനുഷ്ഠിക്കേണ്ടതാണ്. ദിനംപ്രതി മൂന്നു ധ്യാന മെങ്കിലും നടത്തുകയും ഉച്ചവരെയെങ്കിലും ഉപവസിക്കുകയും ചെയ്യു ന്നത് നന്ന്.

6. നിത്യവ്രതസ്ഥൻ ക്ലേറിക്ക് വർഗ്ഗത്തിൽ ഉൾപ്പെട്ടയാളാണെങ്കിൽ പ്രത്യേക സന്ന്യാസവസ്ത്രങ്ങളും അല്ലെങ്കിൽ വേറെ സന്ന്യാസവസ്ത്രങ്ങളും കൊടുക്കപ്പെടുന്നതായിരിക്കും. വി. കുർബാന ആദിയായ പള്ളി ശുശ്രൂഷകളിൽ സംബന്ധിക്കുമ്പോൾ അവരവരുടെ സ്ഥാനത്തിനുചിതമായ അംശവസ്ത്രങ്ങൾ ധരിക്കണം.

7. മഹദ്വ്രതസ്ഥന്മാരെപ്പോലെ എല്ലാ സന്ന്യാസപ്രതിഷ്ഠകളും അനുഷ്ഠിച്ച് സന്ന്യാസപരമായ പുണ്യങ്ങളും ജീവിത സംസ്ക്കരണവും സമ്പാദിപ്പാൻ നിത്യവ്രതസ്ഥന്മാർ കടപ്പെട്ടിരിക്കുന്നു.

8. വാർഷികഭജനം, മാസംതോറുമുള്ള ശാന്തിദിനം ആഴ്ചതോറുമുള്ള അനുഷ്ഠാനങ്ങൾ ആദിയായ എല്ലാ കാര്യങ്ങളും മഹദ്വ്രതസ്ഥന്മാരെപ്പോലെ നിത്യവ്രതസ്ഥന്മാരും അനുഷ്ഠിക്കേണ്ടതാകുന്നു.

9. അനുശാസനസംഘം, സമ്മേളനം, മുതലായവ എല്ലാം തല്ക്കാല വ്രതസ്ഥന്മാരും നിത്യവ്രതസ്ഥന്മാരും ഒരുമിച്ച് നടത്തേണ്ടതാണ്.

10. സാമാന്യനിത്യവ്രതസ്ഥനു ആണ്ടിൽ ഒരാഴ്ച വീട്ടിൽ താമസിക്കുവാൻ അനുവാദം ലഭിക്കുന്നതാണ്. അങ്ങനെയുള്ള സമയങ്ങളിൽ ഏറ്റം അടുത്ത ചാർച്ചക്കാരുടെ വീടുകൾ സന്ദർശിക്കാവുന്നതാകുന്നു. നിവർത്തിയുള്ളപക്ഷം പള്ളിമുറിയിലോ ആൾപാർപ്പില്ലാത്ത സ്ഥലത്തോ ഉറങ്ങണം. അന്യവീടുകൾ സന്ദർശിക്കുന്നതിന് അദ്ധ്യക്ഷന്റെ അനുമതി മുൻകൂട്ടി വാങ്ങിയിരിക്കണം.

✝

www.malankaralibrary.com

### അദ്ധ്യായം 10

# മഹദ് വ്രതസ്ഥൻ

1. വിശ്വാസത്തിന്റെ നായകനും പൂർത്തിവരുന്നവനുമായ യേശുവിനെ നോക്കുക (എബ്രാ. 12:2). ഏകയാഗത്തിൽ അവൻ വിശുദ്ധീകരിക്കപ്പെടുന്നവർക്കു സദാ കാലത്തേക്കും സൽഗുണപൂർത്തി വരുത്തിയിരിക്കുന്നു (എബ്രാ. 10:14).

2. തൽക്കാലവ്രതകാലമോ, നിത്യവ്രതകാലമോ, തൃപ്തികരമായി നയിക്കയും മഹദ്വ്രതം, എടുപ്പാൻവേണ്ട യോഗ്യത ഉണ്ടെന്ന് ബഥനി സൂന്നഹദോസു സാക്ഷിക്കുകയും ചെയ്യുന്ന ആളിന് മഹദ്വ്രതം ചെയ്‌വാൻ അനുവദിക്കുന്നതാണ്.

3. മഹാവ്രതാനുഷ്ഠാനത്തിനൊരുങ്ങുന്നവർ മഹദ്വ്രതത്തിന്റെ അതിശ്രേഷ്ഠമായ മാഹാത്മ്യവും ചുമതലയും മനസ്സിലാക്കേണ്ടതാണ്.

4. സന്ന്യാസപരമായ വി. അനുസരണവ്രതം വി. കന്യാവ്രതം വി. ദാരിദ്ര്യവ്രതം എന്നിവയും ബഥനിക്കാനോനും അനുസരിച്ച് ബഥന്യാശ്രമസ്ഥനായി ആയുസ്സുപര്യന്തം സന്ന്യാസമനുഷ്ഠിച്ചുകൊള്ളാമെന്ന് മഹൽപ്രതിജ്ഞ ചെയ്യുന്നു. ഈ വ്രതങ്ങൾ ഉറപ്പായി പാലിച്ചുകൊള്ളുമെന്നുള്ളതിന് സ്ഥൈര്യവ്രതവും ചെയ്യണം.

5. മുപ്പത് വയസ്സു തികയാത്ത ഒരാളെ സാധാരണയായി മഹദ് വ്രതം ചെയ്‌വാൻ അനുവദിക്കുന്നതല്ല.

6. മഹദ്വ്രതസ്ഥൻ ദൈവമഹത്വത്തെ ഉദ്ദേശിച്ച് അദ്ധ്യക്ഷൻ കല്പിക്കുന്നതായ ഏതു വേലയും ചെയ്യേണ്ടതാണ്.

7. വ്രതമെടുക്കുന്നതിനു മുമ്പ് എട്ടു ദിവസത്തിൽ കുറയാതെയും വ്രതമെടുത്തശേഷം മൂന്നു ദിവസത്തിൽ കുറയാതെയും ദൃഢമായ ഭജനമെടുക്കേണ്ടതാകുന്നു. ഇവ രണ്ടിനും പുറമെ കുറെ ദിവസത്തേക്കു ലഘുഭജനം അനുഷ്ഠിക്കേണ്ടതാണ്. ആകപ്പാടെ നാല്പതു ദിവസത്തിൽ അധികപ്പെടരുത്. (ദൃഢഭജനം, ലഘുഭജനം 9-ാം അദ്ധ്യായം 5-ാം വകുപ്പു കാണുക).

8. മഹദ്വ്രതസ്ഥൻ ക്ലേറിക്ക് വർഗ്ഗത്തിൽ പെട്ടയാളാണെങ്കിൽ പ്രത്യേക സന്ന്യാസവസ്ത്രങ്ങളും അല്ലെങ്കിൽ വേറെ സന്ന്യാസവസ്ത്രങ്ങളും കൊടുക്കപ്പെടന്നതായിരിക്കും. ഈ അംശവസ്ത്രങ്ങൾ ബഥന്യാശ്രമാചാരപ്രകാരം ധരിക്കേണ്ടതാകുന്നു.

9. മഹദ്വ്രതസ്ഥന്മാർക്കു വീടുകളിൽപോയി താമസിപ്പാൻ അനുവാദമില്ല. അത്യാവശ്യം പ്രമാണിച്ചു പോകേണ്ടിവന്നാൽ പള്ളിമുറിയിലൊ ആൾ പാർപ്പില്ലാത്ത വീടുകളിലോ താമസിക്കണം.

www.malankaralibrary.com

# രണ്ടാം ഭാഗം

## അദ്ധ്യായം 1

# ദൈവത്തോടുള്ള ചുമതല

1. ശക്തിയേറിയ വിശ്വാസത്തോടുകൂടെ ദിവസത്തിൽ പല പ്രാവശ്യം ദൈവസന്നിധിയെപ്പറ്റി വിചാരിക്കണം. സന്ദർഭോചിതമായ വിധത്തിൽ താഴ്മയോടെ അവിടുത്തെ വന്ദിക്കണം. വിശുദ്ധ വാഞ്ഛകൾ, നിമിഷപ്രാർത്ഥനകൾ, ആത്മാവിന്റെ ഉയർത്തലുകൾ മുതലായവ ഇതിനു സഹായിക്കുന്നു.

2. നീ വാസ്തവത്തിൽ അരിഷ്ടനും, അഗതിയും, ആണല്ലോ. ഈ സംഗതി ശക്തിയായും പരമാർത്ഥമായും കൂടെക്കൂടെ ഏറ്റുപറഞ്ഞു ദൈവകൃപയ്ക്കായി യാചിക്കുക. “ദൈവമേ! എന്റെ സഹായത്തിനായി ഇറങ്ങിവരണമെ എന്നുള്ള വാക്യം ഇതിനെ ഉദ്ദേശിച്ച് പ്രാർത്ഥനയായി ഉപയോഗിക്കാം.

3. യാതൊരു സംശയവും കൂടാതെ മകനേപോലെ ധാരാളം വിശ്വാസത്തോടും സ്വാതന്ത്ര്യത്തോടും കൂടെ ദൈവമുമ്പാകെ പെരുമാറണം. എന്തു സംഭവിച്ചാലും അതിലെല്ലാം അവിടുത്തെ സർവ്വശക്തിത്വം, പരിപാലനം, നീതി, പുണ്യം എന്നിവ ഹൃദയം കൊണ്ടും നാവുകൊണ്ടും ഏറ്റുപറഞ്ഞു സ്തുതിക്കണം.

www.malankaralibrary.com

4. സകലത്തിലും സകലത്തിനുവേണ്ടിയും അവിടുത്തെ സ്തോത്രം ചെയ്യണം.

5. ലോകത്തിലുള്ള സകലത്തിലും വലുതായി ദൈവത്തെ സ്നേഹിക്കുക. സകല കാര്യത്തിലും അവിടുത്തെ പ്രീതിപ്പെടുത്തണമെന്നും, അവിടുത്തെ പരിശുദ്ധഹിതം നിറവേറ്റണമെന്നും ഉദ്ദേശിച്ചു പരിശ്രമിക്കുക.

6. ദൈവമഹത്വത്തെ പ്രചരിപ്പിക്കുകയും, വർദ്ധിപ്പിക്കുകയും ചെയ്വാൻ കൂടെക്കൂടെ നിന്റെ വാഞ്ഛയെ ജ്വലിപ്പിക്കണം. സകല സൃഷ്ടികളും അവിടുത്തെ അറിയുകയും സ്നേഹിക്കുകയും ചെയ്യത്തക്കവണ്ണം പരിശ്രമിക്കുന്നതിന് കൂടെക്കൂടെ ആഗ്രഹിക്കുക. വല്ല അവസരവും കിട്ടിയാൽ അതിനെ നഷ്ടപ്പെടുത്താതെ ഉപയോഗിപ്പാൻ കരുതിക്കൊണ്ടിരിക്കണം.

7. പൂർണ്ണമായ ദൈവസ്നേഹത്താലും, സ്വർഗ്ഗത്തിൽവച്ചു ദൈവത്തെ തെളിവായി കാണുന്നതിനാലും അനുഭവമാകുന്ന ദൈവ സംയോജ്യതയ്ക്കു വാഞ്ഛിച്ചുകൊണ്ട് ശക്തിയായി നെടുവീർപ്പിടണം.

8. നിനക്കു സംഭവിക്കുന്ന സകലവും ദൈവസന്നിധിയിൽ നിന്നു വരുന്നതാകുന്നു. അതുകൊണ്ട് നന്ദിയോടെ സ്വീകരിക്കുക. അവിടുന്ന് നിന്നെ ഇപ്പോഴും എന്നേക്കും പരിപാലിക്കുന്നു. അതുകൊണ്ട് നീ യാതൊന്നിനെക്കുറിച്ചും മനോഭാരപ്പെടണ്ടാ. അവിടുത്തെ സൂക്ഷിപ്പിലേക്കു നിന്നെ പരിപൂർണ്ണമായി കൈയൊഴിഞ്ഞു കൊടുക്കണം.

9. ദൈവത്തെ അല്പംപോലും ദ്രോഹിക്കരുത്. ക്രൂരവും നികൃഷ്ടവുമായ വിധത്തിൽ മരിക്കേണ്ടിവന്നാലും ദൈവത്തെ കരുതിക്കൂട്ടികൊണ്ട് ദ്രോഹിക്കുകയില്ലെന്നു ശപഥം ചെയ്തവനായി എപ്പോഴും വർത്തിക്കണം.

10. ദൈവനിശ്വാസങ്ങളെ താല്പര്യമായി അനുസരിക്കണം. അസാധാരണമായ വല്ലതും നിശ്വാസമായി തോന്നിയാൽ അതനുസരിച്ചു പ്രവൃത്തിക്കുന്നതിനു മുമ്പേ ആത്മീയ പിതാവിനോടോ, അദ്ധ്യക്ഷനോടോ ബുദ്ധ്യുപദേശം ചോദിക്കണം.

www.malankaralibrary.com

അദ്ധ്യായം 2

# അദ്ധ്യക്ഷന്മാരോടുള്ള ചുമതല

1. അദ്ധ്യക്ഷൻ നിന്നെ ശാസിക്കുകയും ഇച്ഛാഭംഗപ്പെടുത്തുകയും പ്രതികൂലിക്കുകയും ചെയ്താലും അദ്ദേഹത്തെ നിന്റെ പിതാവായിട്ടു വിചാരിച്ച് സത്യമായി സ്നേഹിക്കണം.

2. നമ്മുടെ കർത്താവിനെ എന്നവണ്ണം അദ്ദേഹത്തെ ബഹുമാനിക്കണം.

3. സ്വർഗ്ഗത്തിൽ നിന്നു ദൈവം അയച്ചുതന്ന ഉപദേഷ്ടാവും, വഴികാട്ടിയുമായി അദ്ദേഹത്തെ കൈക്കൊണ്ട് അദ്ദേഹം പറയുന്ന കാര്യങ്ങൾ അനുസരിക്കണം.

4. നമ്മുടെ കർത്താവിനെ എന്നവണ്ണം തർക്കിക്കാതെ ക്ഷണത്തിൽ അദ്ദേഹത്തെ അനുസരിക്കണം. സ്പഷ്ടമായ കല്പനയ്ക്കായി നോക്കിപാർക്കേണ്ടയാവശ്യമില്ലാ. ഏറ്റം ലഘുവായ അടയാളം കിട്ടിയാലുടൻ അനുസരിക്കണം. കല്പിച്ചത് എന്തുകൊണ്ടെന്നു അറിയാനൊ, കൃത്തിപ്പാനോ ശ്രമിക്കരുത്. ന്യായത്തെക്കുറിച്ചു വാദപ്രതിവാദമോ അശേഷം പാടില്ല.

അദ്ദേഹത്തിന്റെ പ്രവൃത്തികളോ, ആന്തരങ്ങളോ, പരിശോധിക്കുകയും കുറ്റം വിധിക്കുകയും അരുത്. അങ്ങനെ വല്ലവരും ചെയ്യുന്നതായാൽ അവരെ ശ്രദ്ധിക്കുകയോ അനുകൂലിക്കുകയോ അരുത്.

ഒറ്റ നോക്കിന് കുറ്റമായി തോന്നിയേക്കാവുന്ന പ്രവൃത്തികളും വാസതവത്തിൽ നല്ല പ്രവൃത്തികൾ തന്നേ ആണെന്നു വകവച്ചു കൊടുക്കണം. നീ കാണാത്ത വശങ്ങൾ ഉണ്ടായിരിക്കാമല്ലോ.

7. ഹൃദയത്തിന്റെ അടിഭാഗങ്ങൾ കൂടെക്കൂടെ അദ്ദേഹത്തിനു വെളിപ്പെടുത്തി കൊടുക്കുന്നതു നന്ന്. അദ്ദേഹത്തിന്റെ ഉപദേശത്തിനു പൂർണ്ണമായി കീഴ്പെട്ടു കൊടുക്കുക. അദ്ദേഹത്തിൽ നിന്നും യാതൊന്നും ഒളിക്കരുത്.

8. അദ്ദേഹത്തിനുവേണ്ടി കൂടെക്കൂടെ പ്രാർത്ഥിക്കണം.

9. പിശാചിനെ നേരിട്ടു കണ്ടാൽ എങ്ങിനെ തോന്നുമോ അതുപോലെ അദ്ധ്യക്ഷനെ കുറിച്ചുള്ള അവിശ്വാസവും, വെറുപ്പും ഭയങ്കരമായി തോന്നണം.

www.malankaralibrary.com

### അദ്ധ്യായം 3

# സന്ന്യാസ സഭയോടുള്ള ചുമതല

1. മിശിഹാനുകരണ സഭയാകുന്ന ബഥനി സന്ന്യാസസഭ നിന്റെ ആത്മീയ മാതാവും വി. സഭയുടെ ചങ്കുമാകുന്നു. അവൾ എത്രയും വിശുദ്ധയും, സ്നേഹം നിറഞ്ഞവളുമാകുന്നു. അവൾ യേശു തമ്പുരാനിൽ നിന്നെ ഉദരത്തിൽ കൈക്കൊണ്ടിരിക്കുന്നു. സ്വർഗ്ഗത്തിൽ നിന്നെ അവൾ പ്രസവിപ്പാനിരിക്കുന്നു. അതുകൊണ്ട് ബഥനി സന്ന്യാസസമൂഹത്തെ എത്രയും ഗാഢമായി സ്നേഹിക്കുക.

2. സന്ന്യാസസഭയുടെ വി. കാനോനകൾ, വി. ജീവിതനിയമം, ഭരണഘട്ടം, സാധാരണനിയമങ്ങൾ, ലഘുവായ ആചാരങ്ങൾ എന്നിവയും എത്രയും ചെറുതായ അനുഷ്ഠാനങ്ങൾ പോലും വിശുദ്ധാത്മാവിന്റെ സത്യമായ ഉപദേശമായി ഗണിച്ചു ഭക്തിയോടെ ആദരിക്കണം. ഇവ വി. കാതോലിക്കാ സഭയുടെ ആന്തരത്തിനും ആത്മാവിനും അനുയോജ്യമാകുന്നു.

3. ഈ സന്ന്യാസസഭയുടെ പ്രമാണങ്ങളും നടപടികളും ഭേദം കൂടാതെ കാക്കുന്നതിന് വേണ്ടിവന്നാൽ മരിക്കുന്നതിനുപോലും തയ്യാറായിരിക്കുക. എത്രയും തീക്ഷ്ണത അതു സംബന്ധിച്ചു നിനക്കുണ്ടായിരിക്കണം. ലഘുവായ ആചാരങ്ങൾ പോലും അഭേദമായി അനുഷ്ഠിക്കണം.

4. നിന്റെ സന്ന്യാസവൃത്തിക്കു ചേരാത്തതായ സകല കാര്യങ്ങളും പ്രവൃത്തികളും ഏർപ്പാടുകളും പൂർണ്ണമായി വർജ്ജിക്കുക. അങ്ങിനെയുള്ളവയിൽ നീ ഉൾപ്പെടുന്നത് ഭയങ്കരമായി കരുതിക്കൊള്ളണം. അവ മറ്റുള്ളവർക്കു നല്ലതായിരിക്കാം. എങ്കിലും നിന്നോടു ദൈവം അവ ആവശ്യപ്പെടുന്നില്ല. നീ ദൈവത്താൽ വേർതിരിക്കപ്പെട്ടവനാകുന്നു.

www.malankaralibrary.com

5. പൊതുവിൽ എല്ലാവരും അനുഷ്ഠിപ്പാനുള്ള കാര്യങ്ങളിൽ നിന്നു ഒഴിച്ചുവിടുവാൻ യാതൊരു കാരണത്താലും ആവശ്യപ്പെടരുത്. അതുകൊണ്ട് വലിയ നന്മയുണ്ടാകുമെങ്കിലും അങ്ങനെ ചെയ്യരുത്.

6. ആശ്രമത്തിലുള്ള ദേവാലയത്തിന്റെ മഹിമ നന്നായി കരുതണം. അതിലെ പെരുമാറ്റം, നടപടികൾ, സാധനങ്ങൾ, ക്രമീകരണങ്ങൾ, ഇവയൊന്നും അലങ്കോലപ്പെടുത്തുവാൻ ഒട്ടും കാരണമാക്കരുത്.

7. ഏതൊരു വേഷത്തിൽ വന്നാലും പുതുമകളെ ഒക്കെയും സംശയിക്കണം. അദ്ധ്യക്ഷാനുമതി കൂടാതെ യാതൊരു പുതിയ നടപടിയും ഏർപ്പാടും സ്വീകരിക്കരുത്.

8. ആദരവോടും താഴ്മയോടും കരുതലോടും കൂടെ വിശുദ്ധ ദാരിദ്ര്യവ്രതവും, ശുചിത്വവും പാലിക്കണം. ആശ്രമം വക വസ്തുക്കൾ കർത്താവിൽ നിർദ്ധനന്മാരുടെ വകയാണെന്നു കരുതി സൂക്ഷ്മതയോടും, താഴ്മയോടും ഭക്തിയോടും കൂടെ ഉപയോഗിക്കണം.

9. എവിടെയും ആശ്രമത്തിന്റെ സൽകീർത്തിയെ ശക്തിയായി സംരക്ഷിക്കണം. ഇതു സാധിക്കുന്നതു വ്യർത്ഥമായ വമ്പു പറഞ്ഞിട്ടല്ലാ, പിന്നെയോ സുകൃതങ്ങൾക്കു പൂർണ്ണമാതൃകയായി ജീവിക്കുന്നതുകൊണ്ടായിരിക്കണം.

10. സമൂഹത്തിന്റെ നിരന്തരമായ ആത്മീയാഭിവൃദ്ധിക്കുവേണ്ടിയും, അതിന്റെ ആവശ്യങ്ങൾ സാധിച്ചു തരുന്നതിനുവേണ്ടിയും, ജീവനോടുകൂടിയിരിക്കുന്നവരും മരിച്ചുപോയവരുമായ ഗുണകാംക്ഷികൾക്കുവേണ്ടി ദിവസംതോറും താല്പര്യമായി പ്രാർത്ഥിക്കണം.

✝

www.malankaralibrary.com

അദ്ധ്യായം 4

# അയൽക്കാരനോടും സഹോദരങ്ങളോടുമുള്ള ചുമതല

1. നീ കാണുന്ന ഓരോരുത്തനിലും നമ്മുടെ കർത്താവേശുമിശിഹായെ കാണുക. അവരിൽകൂടി കർത്താവിനെ സ്നേഹിക്കുകയും ബഹുമാനിക്കുകയും വേണം.

2. സമൂഹത്തിലുള്ള സഹോദരങ്ങളെല്ലാവരേയും പക്ഷഭേദം കൂടാതെ സ്നേഹിക്കുക.

3. അവർ ഓരോരുത്തരും നിന്നെക്കാൾ നല്ലവരെന്നും, ദൈവ മുമ്പാകെ നിന്നെക്കാൾ സത്യമായി വിശുദ്ധിയുള്ളവരെന്നും ഗണിക്കുകയും തന്നിമിത്തം കൂടുതൽ ബഹുമാനാർഹരെന്ന് അറിഞ്ഞു അവരെ ഹൃദയംകൊണ്ട് ആദരിക്കുകയും ചെയ്യണം.

4. അവർ ഓരോരുത്തരുടേയും രക്ഷയ്ക്കും ശുദ്ധീകരണത്തിനും വേണ്ടി നിന്റെ ജീവനെപ്പോലും വെടിയുവാൻ എപ്പോഴും തയ്യാറായിരിക്കണം.

5. എല്ലാവരുടെയും നേരെ സദാചാരത്തോടും ആദരവോടും കൂടെ പെരുമാറണം. ഓരോരുത്തനും സ്നേഹപൂർവ്വം ഉപകാരം ചെയ്യണം. നിന്റെ സൗകര്യംപോലും നോക്കാതെ എങ്കിലും അനുസരണ പ്രതിജ്ഞ (ജീവിതം) അനുവദിക്കുന്നിടത്തോളം മാത്രം - ഇപ്രകാരം ചെയ്യണം.

6. പ്രത്യേക ഒരുത്തരോടും സ്നേഹം നന്നല്ലാ. സഹോദരങ്ങളോടുപോലും അധികമായ സംഭാഷണം നന്നല്ലാ.

www.malankaralibrary.com

7. നല്ല ദൃഷ്ടാന്തം കാണിച്ചുകൊടുത്തു സഹോദരങ്ങൾ ഏവരേയും പുണ്യനടപടിക്കായി പ്രോത്സാഹിപ്പിക്കണം. ആരെയെങ്കിലും പ്രീതിപ്പെടുത്തുവാനോ, ഭയന്നോ നിസ്സാരമായ തെറ്റുപോലും ചെയ്യരുത്.

8. പ്രഥമ ദൃഷ്ട്യാ അവരിൽ കണ്ടുപോയേക്കാവുന്ന തെറ്റുകളെ അത്ര ഗൗരവമായി വിചാരിക്കരുത്. അവയെ മറ്റുള്ളവരുടെ മുമ്പിൽ നിന്നു ഒളിക്കുകയും, അവയെപ്പറ്റി ഒഴിവുകഴിവുകൾ വിചാരിക്കുകയും ചെയ്യണം. ഹാജരില്ലാത്തവരുടെ സൽകീർത്തിയെ ധൈര്യസമേതം സ്ഥാപിച്ചു സംസാരിക്കുക, മന്ദിരാദ്ധ്യക്ഷന്റെ അടുക്കൽ പോലും ഇങ്ങനെ ചെയ്യാം.

9. കുറ്റം ചെയ്തവരെ സ്നേഹത്തോടും താഴ്മയോടും കൂടെ രഹസ്യമായി ശാസിക്കണം.

10. (എ) ഒരുത്തരേയും കുറ്റം വിധിക്കരുത്. (ബി) ഒരുത്തരുടേയും മനസ്സിനെ മുറിപ്പെടുത്തരുത്. (സി) ഒരുത്തരേക്കുറിച്ചും ദൂഷ്യം പറയരുത്. നിസ്സാര കാര്യ ത്തിൽ പോലും അരുത്. (ഡി) അത്യാവശ്യം മൂലമോ, വലിയ സംഗതിയിലൊ, അല്ലാതെ ഒരുത്തരോടും മറുത്തു പറയരുത്. അതുതന്നെയും വിവേക പൂർവ്വമാ യിരിക്കണം.

11. നിന്നോടു കുറ്റം ചെയ്തവരോടു നല്ല മനസ്സോടെ ക്ഷമിക്കുക. നിന്നോടു ചെയ്ത ദ്രോഹത്തെ മറക്കുക. അവർ കുറ്റം ചെയ്താൽ ഉടൻ തന്നെ പ്രത്യേകമായ സൗമ്യതയോടും ദയയോടും കൂടെ അവരെ ചെന്നു കാണുന്നത് നന്ന്. നീ വല്ല കുറ്റവും ചെയ്തുവെന്ന് ആ ആൾ വിചാരിക്കുന്നതായി തോന്നുന്നുണ്ടെങ്കിൽ താമസമെന്യേ ക്ഷമ ചോദിക്കണം.

12. ഓരോരുത്തർക്കും വേണ്ടി പ്രത്യേകിച്ചും, എല്ലാവർക്കും വേണ്ടി പൊതുവെയും പല പ്രാവശ്യം പ്രാർത്ഥിക്കുക.

✝

www.malankaralibrary.com

## അദ്ധ്യായം 5

# അവനവനോടുള്ള ചുമതല

1. നിന്നെക്കുറിച്ചു എളിമയായി വിചാരിക്കണം. തന്നിമിത്തം നിന്റെ വേലകളേയും അപ്രകാരം വിചാരിക്കുക. നിന്റെ വേലകളിൽ ആശ്രയിക്കരുത്.

2. എല്ലാ സമയത്തും എല്ലാ കാര്യത്തിലും മറ്റുള്ളവർ പറയുന്ന പ്രകാരം പ്രവൃത്തിപ്പാൻ തക്കവണ്ണം സ്വന്ത ഇഛയും അഭിപ്രായവും മുഴുവനായി ഉപേക്ഷിപ്പാൻ തയ്യാറായിരിക്കുക. മറ്റുള്ളവരാൽ നടത്തപ്പെടത്തക്ക ആത്മാവുള്ളവനായിരിക്കുക.

3. ഹൃദയവികാരങ്ങളെ താല്പര്യമായി ഭരിക്കണം. ദൈവത്തിൽ നിന്നു അന്യമായ വല്ലതിനോടു പ്രത്യേക പ്രതിപത്തിയുണ്ടാകാതെ സൂക്ഷിക്കണം. പാപമൊഴിച്ചു വല്ലതിനേയും പ്രത്യേക വിരസതയോടെ ദ്വേഷിച്ചു പോകാതിരിപ്പാൻ കരുതണം. സകല വികാരങ്ങളേയും അടക്കണം. ഭക്തി സംബന്ധമായ വിശുദ്ധാഗ്രഹങ്ങളെ ശക്തിപ്പെടുത്തണം.

4. ഹൃദയസമാധാനം ഒരിക്കലും നഷ്ടപ്പെടാതെ സൂക്ഷിക്കണം. എന്ത് അവസ്ഥാന്തരത്തിലും പ്രസന്നത പാലിപ്പാൻ ശ്രമിക്കണം. ഹൃദയം കുലുങ്ങാതിരിക്കുന്നതാണ് ഇതിനുള്ള മാർഗ്ഗം.

5. പഞ്ചേന്ദ്രിയങ്ങളെ നിരന്തരമായി അടക്കി ഭരിക്കണം. മനഃപൂർവ്വമായ ആത്മദണ്ഡനങ്ങൾ ചെയ്തു ശരീരത്തെ ആത്മാവിന് കീഴ്പ്പെടുത്തണം.

6. എന്നേയ്ക്കും പൂർണ്ണമായി ദൈവതൃക്കൈയിൽ നിന്നെ ഒഴിഞ്ഞുകൊടുക്കുക. വി. സ്ലീബായുടെ ചിറകിൻ കീഴിൽ കിടക്കുകയും ഇരിക്കുകയും ചെയ്യുക.

7. നീ കാണുന്നതും, കേൾക്കുന്നതും, സംഭവിക്കുന്നതുമായ സകലത്തിൽ നിന്നും ആത്മീയ നന്മയും അറിവും സമ്പാദിക്കുക.

8. മേലാവിൽ നിന്നും നിന്നെ ഏല്പിച്ചിട്ടില്ലാത്ത യാതൊരു കാര്യത്തിലും, വിചാരത്താലോ, വചനത്താലോ പോലും ഇടപെടരുത്. അതിനു നിനക്കു ചുമതലയുണ്ടെന്നു വിചാരിക്കരുത്.

www.malankaralibrary.com

# മൂന്നാം ഭാഗം

## അദ്ധ്യായം 1

# തൗന

1. "നീയോ പ്രാർത്ഥിക്കുമ്പോൾ നിന്റെ അറയിൽ കടന്ന് വാതിൽ അടച്ച് രഹസ്യത്തിലുള്ള നിന്റെ പിതാവിനോട് പ്രാർത്ഥിക്കു" (വി. മത്തായി 6:6).

2. സന്ന്യാസിമാർക്ക് ഓരോരുത്തർക്കും പ്രത്യേക 'തൗനാ' (മുറി-ഉള്ളറ) ഉണ്ടായിരിക്കുന്നതാകുന്നു. തൗനായിൽ യേശു മിശിഹായുടെ നിരന്തര സാന്നിദ്ധ്യം കാണിപ്പാൻ ഒരു കുരിശു എപ്പോഴും ഉണ്ടായിരിക്കേണ്ടതാണ്. യേശുമിശിഹായോടു കൂടി സന്ന്യാസി നിരന്തരമായി പാർക്കുന്നു. പ്രാർത്ഥന, വേല, വിശ്രമം, മൗനാനുഷ്ഠാനം ആദിയായി സന്ന്യാസി ചെയ്യുന്ന സകലവും ദൈവസംസർഗ്ഗമാകുന്നു. പുറത്തുള്ള ലോകത്തിൽ നിന്ന് വേർപെട്ട് യേശുവിനോടൊരുമിച്ച് ഏകാന്തവാസം ചെയ്യുന്നതിന് സന്ന്യാസിക്കുള്ള സ്ഥലം 'തൗനാ'യാകുന്നു. തൗനാ ശുദ്ധ സ്ഥലമാകുന്നു.

3. തൗനായിൽ സന്ന്യാസിക്ക് കൂട്ടായി യേശുമിശിഹാ സദാ പാർക്കുന്നുണ്ടെന്നുള്ള ബോദ്ധ്യം സന്ന്യാസിക്കുണ്ടായിരിക്കണം. സന്ന്യാസി ഒരിക്കലും ഏകാകിയല്ല.

4. തൗനായിൽ വച്ചിരിക്കുന്ന കുരിശിന്റെ സംരക്ഷണയിൽ കീഴിൽ സന്ന്യാസി ഉറങ്ങുകയും എഴുന്നേല്ക്കയും ചെയ്യണം. ഈ കുരിശിന്റെ മുമ്പിൽ ദിനംപ്രതിയുള്ള പ്രത്യേക പ്രാർത്ഥനകൾ, പ്രതിഷ്ഠകൾ, ആത്മദണ്ഡനങ്ങൾ മുതലായവ നടത്താവുന്നതും ദിവസംതോറും പ്രതിഷ്ഠ പുതുക്കാവുന്നതുമാകുന്നു. കുരിശിന്റെ ചുവട്ടിൽ വന്ദിക്കയും

www.malankaralibrary.com

യേശുമിശിഹായെ സേവിക്കുകയും ആരാധിക്കുകയും ചെയ്യാം. കുരിശിനെ സ്നേഹിക്കണം, ബഹുമാനിക്കണം, അതു ദൈവസന്നിധിയുടെ ലക്ഷ്യവും ജയത്തിന്റെ ആയുധവും അടയാളവുമാകുന്നു.

5. തൗനായെ സ്നേഹിക്കണം, ദേവാലയം പോലെ അതിനെ കരുതണം; തൗനായെ പരിശുദ്ധമായും ശുചിയായും സൂക്ഷിക്കണം. എന്തുകൊണ്ടെന്നാൽ യേശുതമ്പുരാൻ അവിടെ പാർക്കുന്നു.

6. വി. നിയമം അഭേദമായി പാലിക്കുന്നതിന് സന്ന്യാസി സദാ ജാഗരൂകനായിരിക്കണം. വി. നിയമം നിഷ്ക്കർഷയായി തൗനായിൽഡ അനുഷ്ഠിക്കണം. തൗനായെ എത്രത്തോളം ആന്തരശുദ്ധിയോടും നിഷ്ഠാബലത്തോടും കൂടി ഉപയോഗിക്കുന്നുവോ അത്രയ്ക്കു അതിലെ ജീവിതം സന്ന്യാസിക്ക് സന്തോഷകരവും സുകൃതാഭിവൃദ്ധി മാർഗ്ഗവുമായിരിക്കും.

7. പട്ടക്കാരായ സന്ന്യാസിമാർ തൗനായിൽ സ്ലീബായുടെ മുമ്പിൽ ആഴ്ചയിലൊരിക്കൽ "ബോക്ക്ന്ദാക്കാർ ലാബ് എൽദ്ബോബൈൽ" ("നിന്നാൽ വൈരിയെ വീഴ്ത്തീടും ഞങ്ങൾ") ഇത്യാദി കുക്കിലിയോൻ ചൊല്ലി പ്രാർത്ഥിക്കണം. പട്ടക്കാരനല്ലാത്തവർ രണ്ടാം അദ്ധ്യായം അഞ്ചാം വകുപ്പിൽ ചേർത്തിട്ടുള്ള ഏതെങ്കിലും ഒരു പ്രാർത്ഥന ആഴ്ചയിലൊരിക്കൽ കുരിശിന്റെ മുമ്പിൽ നടത്തണം. സൗകര്യമുള്ള പക്ഷം വെള്ളിയാഴ്ച ഒൻപതാംമണി നമസ്ക്കാര സമയത്തു ചെയ്യുന്നതു നന്ന്.

8. ശരീരം കൊണ്ടു തൗനായിൽ പാർക്കയാണെങ്കിലും മനസ്സു കൊണ്ടു പുറത്തുള്ള കാര്യങ്ങളിൽ ശ്രദ്ധവെക്കയും തൻ നിമിത്തം ലോകത്തിൽ നിമഗ്നനായി ജീവിക്കുകയും ചെയ്യുന്ന സന്ന്യാസി ആത്മീയകാര്യങ്ങളേയും യേശു മിശിഹായുടെ മഹത്വജീവനേയും സ്പർശിക്കാൻ അപ്രാപ്തനായി തീരും. തനിച്ചും മറ്റുള്ളവരോടുകൂടെയും ചെയ്യേണ്ട ആത്മീയ വ്യായാമങ്ങൾ ആ സന്ന്യാസിക്കു അസുഖകരമായിരിക്കും. "തൗനാ" ശരിയായി ഉപയോഗിക്കുന്ന സന്ന്യാസിക്കു ഈ ആപത്തുണ്ടാകയില്ല.

9. തൗനായിൽ യേശുവിനോടൊരുമിച്ചു ഏകാന്തവാസം ചെയ്യുന്നതു ലോകത്തിലെ പ്രഭുക്കന്മാരോടു സംസർഗ്ഗം ചെയ്യുന്നതിനെക്കാളും, ലോകത്തിലെ സർവ്വസുഖങ്ങളും അനുഭവിക്കുന്നതിനെക്കാളും, വലിയ കാര്യങ്ങൾ പ്രവർത്തിച്ചു ലോകരംഗത്തു യശസ്സും കീർത്തിയും നേടുന്നതിനേക്കാളും വലിയതാകുന്നു എന്ന് സന്ന്യാസി തിരിച്ചറിയണം.

www.malankaralibrary.com

ഇവയെല്ലാം സന്ന്യാസിക്ക് കൈപ്പും, യേശുമിശിഹായോടുകൂടെയുള്ള ഏകാന്തവാസം മധുരവും ആയിരിക്കണം. യഥാർത്ഥമായ ദൈവസംസർഗ്ഗം കൊണ്ട് ഇത് സാധിക്കുന്നു.

10. തൗനായിൽ ഇരുന്നുകൊണ്ട് പുറത്തേക്ക് നോക്കിയിരുന്ന് അന്യകാര്യങ്ങളിൽ വിചാരപ്പതർച്ചകൊണ്ട് സന്ന്യാസപരമായ ഏകാഗ്രത നഷ്ടപ്പെടുത്തരുത്.

11. സന്ന്യാസിയെ അനുഗ്രഹിപ്പാനും ദൈവസ്നേഹം അഭ്യസിപ്പിപ്പാനും വി. നിഷ്ഠകൾ പരിശീലിപ്പാൻ സഹായിപ്പാനും ആയി യേശുമിശിഹാ തൗനായിൽ പാർക്കുന്നു.

12. സന്ന്യാസിയുടെ മനോഭാരങ്ങളും വിഷമങ്ങളും വഹിച്ചുകൊള്ളുന്നതിനും, പരീക്ഷകളും (Trials) യുദ്ധങ്ങളും (Struggles) വിട്ടൊഴിവാനും ജയിപ്പാനും സന്ന്യാസിയെ അഭ്യസിപ്പിക്കുന്നതിനും ഇവയിലെല്ലാം സന്ന്യാസിയോടു കൂടെ ഇരുന്നു പ്രവർത്തിപ്പാനും സന്ന്യാസിയെ ശുദ്ധീകരിപ്പാനും ശക്തിപ്പെടുത്താനും ആയി യേശുമിശിഹാ തൗനായിൽ പാർക്കുന്നു.

13. അകമെയും പുറമെയും വ്രതത്രയങ്ങളും മറ്റെല്ലാ സുകൃതങ്ങളും ശരിയായി പാലിപ്പാൻ സന്ന്യാസിയെ അഭ്യസിപ്പിക്കയും ശക്തിപ്പെടുത്തുകയും സന്ന്യാസിക്കുവേണ്ടിയും സന്യാസിയോടുകൂടെയും ഇവയെല്ലാം നിവർത്തിക്കയും ചെയ്‌വാൻ യേശുമിശിഹാ സദാ "തൗനാ"യിൽ പാർക്കുന്നു. സന്ന്യാസി സവിനയം യേശു തമ്പുരാനോടു കൂടെ സഹകരിക്കണം.

14. ക്രിസ്തീയവും സന്ന്യാസപരവുമായ സകല നിഷ്ഠകളും അനുഷ്ഠിക്കുന്നതിനും ഇടവിടാതെ ദൈവത്തെ മഹത്വപ്പെടുത്തുന്നതിനും ദൈവത്തിന്റെ ശുദ്ധിമാന്മാരെ പ്രീതിപ്പെടുത്തുന്നതിനും സന്ന്യാസിയെ പ്രാപ്തനാക്കിത്തീർക്കുവാൻ യേശുമിശിഹാ സദാ "തൗനാ"യിൽ പാർക്കുന്നു.

15. സ്വർഗ്ഗരാജ്യത്തിലെ ഒരു പ്രത്യേകഭാഗം ഭൂമിയിൽ ഇറക്കിക്കൊണ്ടു വന്ന് സന്ന്യാസിക്കു പാർപ്പാൻ തക്കവണ്ണം ദൈവം സൗകര്യപ്പെടുത്തിയിരിക്കുന്നു. അത് "തൗനാ"യാകുന്നു. തൗനായിൽ വി. ത്രിത്വത്തോടും ദൈവമാതാവിനോടും ശുദ്ധിമാന്മാരോടും വിശുദ്ധ മാലാഖമാരോടും കൂടെ സന്ന്യാസി സംസർഗ്ഗം ചെയ്യണം. തൗനായിൽ ശരിയാ

www.malankaralibrary.com

വണ്ണം പാർക്കുന്ന സന്ന്യാസി യഥാർത്ഥത്തിൽ സ്വർഗ്ഗത്തിൽ പാർക്കുന്നു. അവൻ സ്വർഗ്ഗത്തിലെ പൗരൻ ആകുന്നു (എഫെസി. 2:19-22; ഫിലിപ്പി. 3:20).

16. സന്ന്യാസി യേശുവിനോടു കൂടെ പാർക്കുന്നത് "തൗനാ"യിൽ വച്ചാകുന്നു. "വിശ്വാസത്തിന്റെ വേലയും സ്നേഹപ്രയത്നവും പ്രത്യാശയുടെ സ്ഥിരതയും" സന്ന്യാസി പ്രായോഗികമാക്കുന്നത് "തൗന"യിൽ വച്ചാകുന്നു (1 തെസലോ. 1:3).

17. നല്ല അടക്കമൊതുക്കവും ദൈവീകമായ പെരുമാറ്റവും നിഷ്ക്കർഷയായ കന്യാവ്രതനിഷ്ഠകളും തൗനായിൽ പാലിക്കണം. എന്തുകൊണ്ടെന്നാൽ കർത്താവും വി. മാതാവും ശുദ്ധിമാന്മാരും സന്ന്യാസിയോടുകൂടെ തൗനായിൽ പാർക്കുന്നു. വസ്ത്രധാരണം, ഇരിപ്പ്, കിടപ്പ്, മുതലായതെല്ലാം സന്ന്യാസപരമായ വിശുദ്ധിക്ക് ചേർന്നതായിരിക്കണം.

18. തൗനായുടെ പ്രധാന അലങ്കാരം അതിൽ വസിക്കുന്ന സന്ന്യാസിക്ക് യേശുതമ്പുരാനുമായുള്ള ഭക്തിയും സന്ന്യാസപരമായ ശുചിത്വവും വി. ദാരിദ്ര്യവും ആകുന്നു.

19. വി. ദാരിദ്ര്യത്തിനു അനുയോജ്യമായ സാധനങ്ങൾ മാത്രമെ തൗനായിൽ ഉണ്ടായിരിക്കാവൂ. ലൗകീകനേപ്പോലെ തൗനാ അലങ്കരിക്കരുത്. അവനവന്റെ ഹിതത്തിനും സൗകര്യത്തിനും തക്കവണ്ണം സകലവും തൗനായിൽ ക്രമപ്പെടുത്താനുത്സാഹിക്കരുത്. ശുചിത്വത്തിനും ആരോഗ്യത്തിനും നിഷ്ഠാപാലനത്തിനും തക്കവണ്ണം "തൗനാ" ക്രമപ്പെടുത്തണം. മറ്റൊരു തൗനായിൽ മാറി താമസിപ്പാൻ മടി തോന്നത്തക്കവണ്ണം ഒരു "തൗനാ"യോടും മനോബന്ധമുണ്ടായിരിക്കരുത്.

20. സാധാരണ ആവശ്യമില്ലാത്ത പുസ്തകങ്ങൾ തൗനായിൽ ശേഖരിച്ചു വച്ചു അത് ഒരു പുസ്തകശാലയാക്കിത്തീർക്കരുത്. കലാവിദ്യ സംബന്ധിച്ചുള്ള സാധനങ്ങൾ മുതലായി വിശുദ്ധനിയമം അനുവദിക്കാത്ത സാധനങ്ങളും വി. ദാരിദ്ര്യവ്രതാനുഷ്ഠാനത്തിനു അനുയോജ്യമല്ലാത്തതൊന്നും "തൗനാ"യിൽ ശേഖരിച്ചു വെക്കരുത്.

21. മറ്റുള്ളവർക്കുകൂടി ഉപയോഗിക്കേണ്ടിവരുന്ന സാധനങ്ങൾ പൊതുസ്ഥലത്തുവച്ചു ഉപയോഗിക്കണം. "തൗനാ"യിൽ കൊണ്ടുപോകരുത്.

www.malankaralibrary.com

22. “തൗനാ”യിൽ ഒരു മിനിട്ടുപോലും മടിയായിരിക്കരുത്. മടി തോന്നുമ്പോൾ അതിനെ ജയിക്കാൻ ശ്രമിക്കണം. അതിലേക്കായി എഴുന്നേറ്റു നില്ക്കയോ, മുട്ടിന്മേൽ നില്ക്കയോ, മറ്റെന്തെങ്കിലും ആത്മ ദണ്ഡം ചെയ്യുകയോ ആവാം. ഓരോതരം പാപങ്ങളെ ജയിക്കുന്നതിനും ആത്മീയ ജീവിതത്തിൽ അഭിവൃദ്ധി നേടുന്നതിനും വേണ്ടി ഇപ്രകാരമുള്ള ആത്മദണ്ഡനങ്ങൾ ചെയ്യാം.

23. ബഥനിയിലെ ലാസറിനേപ്പോലെ കർത്താവിനെ ബഹുമാനിക്കയും മറിയയേപ്പോലെ സ്നേഹിക്കയും മാർത്തായേപ്പോലെ ശുശ്രൂഷിക്കയും ചെയ്യണം.

24. കിടന്നു വിശ്രമിപ്പാനൊ ഉറങ്ങാനൊ അനുവാദമുള്ള സമയങ്ങളിൽ മാത്രമെ അങ്ങിനെ ചെയ്യാവൂ.

25. അതിരാവിലെ മണി അടിക്കുന്ന സമയത്തുതന്നെ സന്ന്യാസി എഴുന്നേല്ക്കണം. പിന്നൊരു നിമിഷംപോലും കിടക്കരുത്. പ്രതിഷ്ഠിക്കപ്പെട്ടവനായ യേശുമിശിഹായുടെ സ്നേഹസംസർഗ്ഗമാകുന്ന വി. മൗനത്തിനും സ്തോത്രത്തിനും തയ്യാറായി എഴുന്നേൽക്കണം.

26. “തൗനാ”യിൽ ആത്മാവിലും ശരീരത്തിലും മനസ്സിലും വി. മൗനം പാലിച്ചു കൊണ്ടു ജീവിപ്പാൻ സന്ന്യാസി ശ്രമിക്കണം. ആത്മാവിന്റെ മൗനം സന്ന്യാസി ദൈവസ്നേഹത്തിൽ ലയിച്ചിരിക്കുന്ന സ്ഥിതിയാകുന്നു. മനസ്സിന്റെ മൗനം അന്യകാര്യങ്ങളിൽ നിന്നു വേർപെട്ട മനഃസ്ഥിതിയാകുന്നു. ശരീരത്തിന്റെ മൗനം നാവുകൊണ്ടു സംസാരിക്കയോ മറ്റുവിധത്തിൽ ശബ്ദമുണ്ടാക്കുകയോ ചെയ്യാതെയും അടുത്ത തൗനായിൽ പാർക്കുന്നവരോടു ആംഗ്യം കൊണ്ടുപോലും സംസർഗ്ഗം ചെയ്യാതെയും ജീവിക്കുന്ന ഏകാന്തതയാകുന്നു.

27. തൗനായുടെ വാതുക്കൽ കൊട്ടിവിളിക്കയല്ലാതെ തൗനായിലേക്ക് എത്തിനോക്കുവാൻ പാടില്ല. അദ്ധ്യക്ഷൻ അയയ്ക്കുമ്പോളല്ലാതെ ഒരു സന്യാസി വേറൊരു സന്യാസിയുടെ തൗനായിൽ പ്രവേശിച്ചു കൂടാ.

28. ഒരു തൗനായിൽ നിന്നു മറ്റൊന്നിലേക്കു യാതൊന്നും അനുമതി കൂടാതെ കൊണ്ടുപോകരുത്.

www.malankaralibrary.com

29. 'എന്റേത്' എന്നുള്ള ബോധം യാതൊന്നിനോടും സന്യാസിക്കുണ്ടായിരിക്കരുത്. ഈ ബോധം നശിപ്പിച്ചു നിർമ്മലത പുലർത്താൻ സഹായിപ്പാനായി അദ്ധ്യക്ഷനപ്പോഴപ്പോൾ ഒരു തൗനായിൽ നിന്നു മറ്റൊരു തൗനായിലേക്ക് ആളിനെയോ സാമാനങ്ങളെയോ മാറ്റുന്നതായിരിക്കും. ഇങ്ങനെ മാറ്റുന്നതു കൊണ്ടു ഏതെങ്കിലും കാര്യത്തിൽ നിർമ്മലത സമ്പാദിക്കാമെന്നു തോന്നുമ്പോൾ വിവരം അദ്ധ്യക്ഷനെ അറിയിക്കാവുന്നതാണ്.

30. പ്രത്യേക തൗനയില്ലാതെ, പലരോടുകൂടെ ഒരു വലിയ മുറിയിൽ പാർക്കേണ്ടതായി വന്നാൽ ആ മുറി: (എ) നസ്രേത്തിലെ വീടാണെന്ന് ചിന്തിക്കാം. (ബി) ബഥനിയിലെ വീടാണെന്നു ചിന്തിക്കാം. (സി) സെഹിയോൻ മാളികയാണെന്നു ചിന്തിക്കാം. (ഡി) പറുദീസായാണെന്നു ചിന്തിക്കാം. (ഇ) സ്വർഗ്ഗത്തിന്റെ ഒരു ഭാഗം ഭൂമിയിൽ ദൈവം കൊണ്ടുവന്നി രിക്കുന്നതാണെന്നു ചിന്തിക്കാം. ഇതുപോലെ എന്തെങ്കിലും ചിന്തിച്ചു കൊണ്ടു ആഴ്ചയിലൊരിക്കൽ ആ മുറിയെ കർത്താവിനു പ്രതിഷ്ഠി ക്കണം. സൗകര്യമുള്ളപക്ഷം ഇതു വ്യാഴാഴ്ച ചെയ്യുന്നതു നന്ന്. അതിൽ കൂട്ടുകാരായി പാർക്കുന്നവരെ കർത്താവിനു പ്രാർത്ഥനയിൽ സമർ പ്പിക്കണം. കർത്താവിനെ അവരിലെല്ലാം കാണുകയും സ്നേഹിക്കയും ബഹുമാനിക്കയും വേണം. ''നീയും ദൈവത്തിന്റെ വിശുദ്ധന്മാരോടു കൂടെ ദൈവരാജ്യത്തിൽ പാർക്കുന്നു'' എന്നോർക്കണം. സ്വർഗ്ഗത്തിൽ മാലാഖമാരോടും വിശുദ്ധന്മാരോടുംകൂടെ വി. ത്രിത്വത്തെ സ്നേഹിക്കയും ശുശ്രൂഷിക്കയും മഹത്വപ്പെടുത്തുകയും ചെയ്യുന്ന ജീവിതം ആരംഭിക്കുന്നതു ഇവിടെ വച്ചാകുന്നു. ആ സ്നേഹപൂർണ്ണതയും വിശുദ്ധിയും മഹിമയുമുള്ള ജീവിതം ഇവിടെവച്ചു ഈ തൗനായിൽ സാധിച്ചുകൊള്ളുവാൻ ശ്രമിക്കണം. ഈ തൗനായിക്കകത്തു വരുമ്പോഴും പുറത്തു പോകുമ്പോഴും ഉപയോഗിപ്പാനുള്ള പ്രാർത്ഥനകൾ രണ്ടാം അദ്ധ്യായത്തിൽ ചേർത്തിരിക്കുന്നത് ഉപയോഗിക്കാം. വിശുദ്ധമായ സഹോദരസ്നേഹം പാലിക്കയോ സാമൂഹ്യമായ സുകൃതങ്ങൾ അഭ്യസിക്കയോ ചെയ്യുന്നതിനു പലരോടും കൂടെ താമസിക്കുന്ന അവസരം നന്നായി ഉപയോഗിച്ചുകൊള്ളണം. ഏതുവിധം ഉപയോഗിക്കുന്നു എന്ന് ആത്മീയ പിതാവിനെ അറിയിക്കുന്നതു നന്ന്. സമൂഹവാസത്തിനു നിനക്കു അകമെയും പുറമെയുമുള്ള ബലഹീനതകൾ കണ്ടുപിടിക്കയും പരിഹരിക്കാൻ ശ്രമിക്കയും വേണം.

www.malankaralibrary.com

31. നസ്രേത്തിലെ പണിപ്പുരയിൽ സന്യാസിയും യേശുമിശിഹാ യോടുകൂടെ പാർത്തു വേല ചെയ്യുകയാണെന്നോർത്തു വേല ശുദ്ധീകരിക്കാവുന്നതാണ്. യേശുമിശിഹായുടെ ദൈവസ്നേഹം ദൈവസന്നിധിബോധം, സമയനിഷ്ഠ, കൃത്യനിഷ്ഠ, സത്യസന്ധത, വിനയം, സഹോദരസ്നേഹം, ക്ഷമ, അടക്കമൊതുക്കം ആദിയായ സുകൃതങ്ങൾ ഓരോ ഓരോ സമയം മാതൃകയാക്കി വെക്കുന്നത് നന്ന്.

32. സന്ന്യാസി കുഞ്ഞുങ്ങളെ പഠിപ്പിക്കയാണെങ്കിൽ ക്ലാസ്സു തൗനാ ആഴ്ചയിലൊരിക്കൽ ശുദ്ധീകരിക്കണം. (33-ാം വകുപ്പിലെ പോലെ ചെയ്യണം.) യേശുതമ്പുരാനും ശിഷ്യന്മാരും എന്നപോലെയും അവിടുന്നും കുഞ്ഞുങ്ങളും എന്നപോലെയും എപ്പോഴും സന്ന്യാസി യുടെ ക്ലാസ്സ് അനുഗ്രഹീതമായ ഒരു ക്ലാസ്സാകുന്നു. അവിടുത്തെയ്ക്കു കുഞ്ഞുങ്ങ ളോടുള്ള സ്നേഹം, അവിടുന്ന് അവരോടു അടുത്തു പെരു മാറിയ വിധം, ഉദ്ദേശം, അവർക്കുവേണ്ടിയുള്ള പ്രാർത്ഥന, ഉപദേശ ത്തേക്കാൾ വലിയ പരിശുദ്ധ ദൃഷ്ടാന്തം ഇവയെല്ലാം സന്ന്യാസി സൗകര്യം പോലെ ചിന്തിക്കണം. ഇതിലോരോന്നും മാതൃകയാക്കിക്കൊള്ളണം.

33. ആശ്രമത്തിനു പുറത്തു പന്ത്രണ്ടു മണിക്കൂറിലധികം താമസി ക്കേണ്ടി വരുന്ന പക്ഷം ആശ്രമത്തിലെ പോലെ തൗനാ രൂപീകരിച്ചു മാത്രമെ താമസിക്കാവൂ. പുറത്തു എവിടെയായിരുന്നാലും തൗനാ രൂപീകരിച്ച ശേഷം മാത്രമേ ഉറങ്ങാൻ കിടക്കാവൂ. താഴെക്കാണുന്ന വിധത്തിൽ തൗനാ രൂപീകരിക്കാവുന്നതാണ്. താമസിക്കയോ ഉറങ്ങു കയോ ചെയ്യേണ്ടി വരുന്ന സ്ഥലത്തു സന്ന്യാസി നിന്നുകൊണ്ടോ മുട്ടിൻ മേൽ നിന്നുകൊണ്ടോ 84-ാം സങ്കീർത്തനമോ 63-ാം സങ്കീർത്തനമോ ചൊല്ലുകയും അല്ലാത്തപക്ഷം "പറുദൈസാതന്നെ" എന്നുള്ള ഗാനം ചൊല്ലുകയും ചെയ്തിട്ടു ഇരിക്കുന്നതിനോ കിടക്കുന്നതിനോ ഉള്ള സ്ഥലത്തു നിലത്തു മൂന്നുപ്രാവശ്യം കുരിശു വരയ്ക്കേണ്ടതാകുന്നു. അങ്ങനെ ശുദ്ധീകരിച്ച സ്ഥലം "തൗനാ"യാണ് അവിടെ വിശ്രമിക്കയോ ഉറങ്ങുകയോ ചെയ്യാം. നിവർത്തിയുള്ള പക്ഷം ഒരു കുരിശോ കുരിശിന്റെ രൂപമോ കൂടെ ആ സ്ഥലത്തു വെക്കണം.

✠

www.malankaralibrary.com

### അദ്ധ്യായം 2

# പ്രാർത്ഥനകൾ

താഴെക്കാണുന്ന പ്രാർത്ഥനകൾക്കു പകരം സങ്കീർത്തനത്തിലെ വാക്യങ്ങളോ സ്വന്ത പ്രാർത്ഥനകളോ ഉപയോഗിക്കാവുന്നതാണ്.

## 1. തൗനായിൽ പ്രവേശിക്കുമ്പോൾ ഉപയോഗിക്കേണ്ട പ്രാർത്ഥനകൾ

1. ദൈവമേ യഥാർത്ഥ ജീവൻ നീയാകുന്നു. നിന്റെ അടുക്കൽ പാർക്കാനായി ഈ തൗനായിൽ ഞാൻ പ്രവേശിക്കുന്നു.

2. ദൈവമേ, നിന്റെ നന്മയെ ഏറ്റുപറവാൻ ഞാൻ ഇതാ ഈ തൗനായിൽ പ്രവേശിക്കുന്നു.

3. കർത്താവേ, ഈ തൗനായിൽ കബറടക്കപ്പെട്ടവനായി നിന്നോടു ചേർന്നിരിപ്പാൻ എന്നെ യോഗ്യനാക്കണമെ.

4. കർത്താവേ, ഞാൻ വേറിട്ടു നിന്നോടുകൂടെ ഈ തൗനായിൽ പാർക്കുന്നത് എനിക്കു സന്തോഷമാകുന്നു.

5. ഈ തൗനാ എന്റെ അക്ഷയമായ മണവറയാകുന്നു. ഇത് എന്റെ പറുദീസായാകുന്നു.

6. എന്റെ ഏക സന്തോഷം എന്റെ ഏക ധർമ്മം നിന്നോടു കൂടെ ഈ തൗനായിൽ പാർക്കുന്നതാകുന്നു. ഞാൻ നിന്നോടു കൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു. ജീവിക്കുന്നു.

7. കർത്താവേ അങ്ങു പാർക്കുന്ന സ്ഥലം സ്വർഗ്ഗരാജ്യമാകുന്നു. ഈ "തൗനാ"യെ അങ്ങേ വിശുദ്ധികൊണ്ടും പ്രകാശം കൊണ്ടും നിറയ്ക്കണമെ.

8. കർത്താവേ, ഈ "തൗനാ"യിൽ വച്ച് എന്നോട് സംസാരിക്കണമെ. അങ്ങേ രഹസ്യങ്ങൾ എന്നോട് പറയണമെ. ഞാൻ അങ്ങേക്കായി കാത്തിരിക്കും.

www.malankaralibrary.com

9. കർത്താവേ അങ്ങേ സ്നേഹിപ്പാൻ എന്നെ ശക്തിപ്പെടുത്തണമെ. താഴ്മ, സ്നേഹം, വി. മൗനം, വി. കന്യാവ്രതം, വി. ദാരിദ്ര്യവ്രതം, അനുസരണവ്രതം (ഏതെങ്കിലും ഒരു സുകൃതത്തിന്റെ പേരു പറഞ്ഞാൽ മതി) ഇവിടെ പാലിച്ച് അങ്ങേ ബഹുമാനിപ്പാൻ എന്നെ ബലപ്പെടുത്തേണമെ.

10. കർത്താവേ ഈ തൗനായെ പരിശുദ്ധമായി ഉപയോഗിച്ച് അങ്ങേ അധികം സ്നേഹിപ്പാൻ എന്നെ അഭ്യസിപ്പിക്കേണമെ.

11. അങ്ങേ വിശ്വസിപ്പാൻ, ആശ്രയിപ്പാൻ, സ്നേഹിപ്പാൻ, സ്തുതിപ്പാൻ (ഏതെങ്കിലും ഒരു സുകൃതത്തിന്റെ പേര് പറഞ്ഞാൽ മതി) ഇവിടെ വച്ച് എന്റെ ഹൃദയത്തെ ജ്വലിപ്പിക്കേണമെ.

12. നീ പ്രാർത്ഥിക്കുമ്പോൾ നിന്റെ ഉള്ളറയിൽ കടന്ന് കതകടച്ച് രഹസ്യത്തിലുള്ള നിന്റെ പിതാവിനോടു പ്രാർത്ഥിക്കുക എന്നു പഠിപ്പിച്ച കർത്താവേ, ഈ “തൗനാ”യിൽ അങ്ങയോടു ഒരുമിച്ചു രഹസ്യവാസം ചെയ്യാൻ എന്നെ സഹായിക്കണമെ.

13. വി. മാതാവെ, എന്നെ വിശുദ്ധിയിൽ കാത്തുകൊള്ളണമെ. എന്നെ അനുഗ്രഹിക്കണമെ. അങ്ങേ പുത്രന്റെ അടുക്കൽ എന്നെ സൂക്ഷിച്ചുകൊള്ളണമെ.

## 2. തൗനായിൽ നിന്നു പുറത്തുപോകുമ്പോൾ ഉപയോഗിക്കാവുന്ന പ്രാർത്ഥന

തൗനായിൽ നിന്ന് പുറത്തുപോകുമ്പോൾ (1) പ്രാപിക്കേണ്ട പുണ്യം എന്തെന്ന് ചിന്തിച്ച് അതു പാലിപ്പാൻ നിശ്ചയിച്ചിട്ട് പുറത്തിറങ്ങണം. (2) ഉണ്ടായേക്കാവുന്ന ബലഹീനത എന്തെന്നു ചിന്തിച്ച് അതു വരാതിരിപ്പാൻ കരുതണം. പരീക്ഷ വന്നാൽ ജയിക്കണമെന്ന് നിശ്ചയിച്ചിട്ട് തൗനായിൽ നിന്നു പുറത്തിറങ്ങണം. ഇതിലേക്കു അല്പസമയം എടുക്കാം. ഇതിനു അനുയോജ്യമായ നിമിഷപ്രാർത്ഥനയോ ലഘുപ്രാർത്ഥനയോ നടത്താം. അന്നത്തെ ധ്യാനനിശ്ചയം പ്രാർത്ഥനാരൂപമാക്കി ഉപയോഗിക്കാവുന്നതാണ്. താഴെക്കാണുന്നവയിൽ ഒന്നു ഉപയോഗിച്ചാലും മതി.

1. കർത്താവേ ഞാൻ മലിനപ്പെടാതെ തിരികെ തൗനായിലേക്കു വരുവാൻ എന്നെ കാത്തുകൊള്ളണമെ.

www.malankaralibrary.com

2. കർത്താവേ തൗനായിൽ നിന്നു ഞാൻ പുറത്തുപോകുന്നു അങ്ങു എന്നിൽ നിന്നകന്നു പോകരുതേ.

3. എന്റെ ഇന്ദ്രിയങ്ങളെ അങ്ങേയ്ക്കായി സൂക്ഷിപ്പാൻ എന്നെ ശക്തിപ്പെടുത്തണമെ.

4. എന്റെ നാവു, കണ്ണു, മനസ്സുകൊണ്ടു പാപം ചെയ്യാതിരിപ്പാൻ ഞാൻ ഉറച്ചിരിക്കുന്നു. കർത്താവേ, സഹായിക്കണമെ.

5. കർത്താവെ അങ്ങേ കാവലിന്റെയും സമാധാനത്തിന്റെയും മാലാഖാ എന്നോടുകൂടെയിരുന്നു എന്നെ കാത്തുകൊള്ളണമെ.

6. കർത്താവെ, എന്നെ കാത്തുകൊള്ളണമെ. എന്റെ പോക്കിനെയും വരവിനെയും കാത്തുകൊള്ളണമെ. അങ്ങേയ്ക്ക് വിരോധമായി പാപം ചെയ്യാതിരിപ്പാൻ എന്നെ കാത്തുകൊള്ളണമെ.

7. വി. മാതാവേ, എന്നോടുകൂടെയിരിക്കണമെ. കർത്താവെ, വി. മാതാവിന്റെ സംരക്ഷണയിൽ എന്നെ വളർത്തണമെ.

## 3. തൗനായിക്കകത്തു പ്രവേശിക്കുമ്പോഴും പുറത്തു പോകുമ്പോഴും ഏതു സമയത്തും സന്ന്യാസിക്കു ഉപയോഗിക്കാവുന്ന ചില പ്രാർത്ഥനകൾ

1. കരുണയുള്ള കർത്താവെ, എന്റെ ശരീരത്തെ അങ്ങേ ആലയമായും എന്റെ ഹൃദയത്തെ അങ്ങേ സിംഹാസനമായും എന്റെ മനസ്സിനെ (Will) അങ്ങേ വിനയമുള്ള ദാസനായും എന്റെ സ്നേഹത്തെ അങ്ങേ വിജയപ്രാപ്തിയായും ആക്കിതീർക്കണമെ.

2. സ്നേഹമുള്ള കർത്താവെ, എന്റെ വേലയും വിശ്രമവും, വി. നിയമം ആചരിച്ച് അങ്ങേ സ്നേഹിക്കുന്നതായിരിക്കണമെ.

3. കർത്താവേ അങ്ങേ ക്രൂശാരോഹരണത്തെയോർത്ത് ഞാൻ സ്വേഛയെ നിഗ്രഹിപ്പാനും അങ്ങേ തിരുവിഷ്ടത്തെ സ്നേഹിപ്പാനും എന്നെ സഹായിക്കണമെ.

4. കർത്താവേ, എന്റെ ഗമനവും ആഗമനവും നീ അനുഗ്രഹിച്ചു കാത്തുകൊള്ളണമെ.

5. കർത്താവേ, നിന്നോടുള്ള സംസർഗ്ഗത്തിൽ നിന്നു ഞാൻ ഇതരനായി ഭവിക്കരുതേ.

www.malankaralibrary.com

## 4. പ്രതിഷ്ഠ പുതുക്കാനുള്ള പ്രാർത്ഥനകൾ

കർത്താവെ തിരുമുമ്പാകെ ഞാൻ ചെയ്തിട്ടുള്ള* (ഇന്ന പ്രതിഷ്ഠ ഇന്ന നിശ്ചയം),.... സ്നേഹപൂർവ്വം പാലിപ്പാൻ എന്നെ ശക്തിപ്പെടുത്തണമെ.

## 5. തൗനായിൽ വച്ചു സ്ലീബായുടെ മുമ്പിൽ പ്രാർത്ഥിക്കുമ്പോൾ ഉപയോഗിക്കാവുന്ന പ്രാർത്ഥനകൾ താഴെ ചേർക്കുന്നു.

1 മോറാനീശോ കുരിശും നിൻ
മാതൃജനത്തിൻ പ്രാർത്ഥനയും
അടികളെയും തൻ കോപത്തിൻ
വടികളെയും മായിക്കേണം
സ്വർഗ്ഗം പ്രാപിപ്പതിനായി-
ട്ടാദാമ്യർക്കൊരു പാലമതായ്
സ്ലീബായെ തന്നവനാകും
യേശു നിത്യം സ്തുത്യൻ താൻ
സ്ലീബാപ്പാലം വഴിയായി
പൂർവ്വന്മാർ സ്വർഗ്ഗേയെത്തി
ന്‌ബിയർ ശ്ലീഹർ സഹദേന്മാർ
വിശുദ്ധർ ദയറാവാസികളും
സ്വർഗ്ഗേ സ്ലീബാ ഭരിക്കുന്നു
പള്ളികൾ ദയറാകൾക്കെന്നും
സ്ലീബാ മതിലും കോട്ടയുമാം.
മോറാനേശു നിൻ കുരിശിൽ
അഭയം പ്രാപിക്കുന്നവരാം
ഞങ്ങളെ സാത്താനിൽ നിന്ന്
രക്ഷിക്കണമേ കൃപയാലോ!

---

*പ്രതിഷ്ഠയുടെയോ നിശ്ചയത്തിന്റെയോ പേരു ഇവിടെ പറയണം.

.....താഴെക്കാണുന്നവയിൽ ഏതെങ്കിലും ആവശ്യം പോലെ ഇവിടെ ചേർക്കാം. (1) സന്തോഷപൂർവ്വം (2) താഴ്മയോടുകൂടെ (3) മടികൂടാതെ (4) അനുസരണത്തോടുകൂടെ (5) കൃത്യനിഷ്ഠയോടുകൂടെ (6) അങ്ങേ മഹത്വത്തിനായി (7) എന്റെ ശുദ്ധിക്കും പൂർണ്ണതയ്ക്കുമായി.

www.malankaralibrary.com

2. എ. സ്ലീബാ, ഞങ്ങളുടെ ആത്മാക്കളെ ശുദ്ധീകരിക്കണമേ. പുണ്യപ്പെടുത്തുന്ന സ്ലീബാ ഞങ്ങളുടെ കടങ്ങൾ പരിഹരിച്ചു ഞങ്ങളെ പുണ്യപ്പെടുത്തണമേ. ദുഷ്ടനേയും അവന്റെ ശക്തികളെയും മറിച്ചിട്ടുള്ള സ്ലീബാ, അങ്ങേ വന്ദനവുകാർ ജയം പ്രാപിച്ചിരിക്കുന്നു. അങ്ങേയ്ക്കു ഉത്സവമായിരിക്കയും ചെയ്യുന്നു. കർത്താവേ, അങ്ങേ സ്ലീബായുടെ ചിറകിൻ കീഴിൽ ഞങ്ങളെ കാത്തുകൊള്ളണമെ.

ബി. കർത്താവേ, നിന്റെ സ്ലീബായാൽ തിരുസഭ രക്ഷ പ്രാപിച്ചിരിക്കുന്നു. അതിൽ തിരുസഭ പ്രശംസിക്കുന്നു. സ്ലീബാമേൽ നീ അനുഭവിച്ച കഷ്ടപ്പാടുകളിൽ തിരുസഭ ആശ്രയിച്ചു തൂങ്ങിക്കിടക്കുന്നു. ഞങ്ങളിതാ നിന്റെ സ്ലീബായെ അഭയം പ്രാപിച്ചിരിക്കുന്നു. ദുഷ്ടനിൽ നിന്നും അവന്റെ ശക്തികളിൽ നിന്നും നിന്റെ സ്ലീബായാൽ ഞങ്ങളെ രക്ഷിക്കണമെ. കർത്താവേ, നിന്റെ സ്ലീബായുടെ ചിറകുകളിൻ കീഴിൽ ഞങ്ങളെ മറച്ചു കൊള്ളണമേ.

3. എ. കർത്താവേ, ഞങ്ങൾ എല്ലാ സമയവും ഞങ്ങളുടെ മുഖത്തു നിന്റെ കുരിശടയാളം വരയ്ക്കുന്നു. സാത്താന്റെ വഞ്ചനയിൽ നിന്നും ആപത്തിൽ നിന്നും സ്ലീബായുടെ ശക്തിയാൽ ഞങ്ങളെ സംരക്ഷിച്ചു കൊള്ളണമെ. ഏതുപ്രകാരം കാറ്റത്തു പതിർ പറന്നുപോകുമോ അപ്രകാരം തന്നെ ഞങ്ങൾ കുരിശു വരയ്ക്കുമ്പോൾ പിശാചു ഓടിപ്പോകുന്നു. ആകൽക്കറുസായുടെ അടിമയിൽ നിന്നു ഭൂതലത്തെ രക്ഷിച്ചെടുത്തതു സ്ലീബായാകുന്നു.

ബി. അറിവിന്റെ വൃക്ഷം നിമിത്തം പറുദീസായിൽ നിന്നു ഞങ്ങൾ ബഹിഷ്ക്കരിക്കപ്പെട്ടു. സ്ലീബായാകുന്ന മരത്താൽ ഞങ്ങളുടെ പൂർവ്വ സ്ഥലത്തേക്കു ഞങ്ങൾ വീണ്ടും പ്രവേശിക്കയും ചെയ്തു. ഒന്നാമത്തെ ആദാം മുഖാന്തിരം ഞങ്ങൾ കുറ്റക്കാരായിത്തീർന്നു. മിശിഹായിൽ ഞങ്ങൾ നീതീകരിക്കപ്പെട്ടു. മറിയാം നിമിത്തം ഞങ്ങൾ ശുദ്ധീകരിക്കപ്പെട്ടു. ജീവനുള്ള സ്ഥലത്തു ഞങ്ങൾ മടങ്ങിയെത്തി. നഷ്ടപ്പെട്ടുപോയ ഞങ്ങളുടെ വർഗ്ഗത്തെ പുതുക്കിയ ദൈവത്തിന്റെ കൃപയ്ക്കായി അങ്ങേ ഞങ്ങൾ സ്തുതിക്കുന്നു.

www.malankaralibrary.com

**അദ്ധ്യായം 3**

# സന്ന്യാസി വസ്ത്രം മാറുമ്പോഴുള്ള പ്രാർത്ഥന

## മുഷിഞ്ഞ വസ്ത്രം മാറുമ്പോൾ

കർത്താവേ, എന്റെ നടപടികളിൽ വന്നുപോയിട്ടുള്ള മലിനതകളെല്ലാം നീക്കിക്കളയണമേ. നീ ഇഷ്ടപ്പെടുന്ന വി. നടപടി എനിക്കു തരണമേ.

## കൂസീസാ ധരിക്കുമ്പോൾ

1. കർത്താവേ, അങ്ങെ പിന്നാലെ വരുവാൻ എന്നെ യോഗ്യനാക്കണമേ.

2. കർത്താവേ, താഴ്മയുടെ അടയാളമായി അങ്ങേ മുൾക്കിരീടം വഹിപ്പാൻ എനിക്കു സംഗതിയാക്കണമേ.

3. കർത്താവേ, എന്റെ ബുദ്ധിക്കു താഴ്മ തരണമേ.

4. കർത്താവേ, ഞാൻ മുഴുവനായി അങ്ങേയ്ക്കുള്ളവനും അങ്ങോടു ചേർന്നവനുമായിരിപ്പാൻ തക്കവണ്ണം എന്റെ ഹൃദയത്തിനും ബുദ്ധിക്കും മനസ്സിനും വിവേകശക്തിക്കും താഴ്മ തരണമേ. അതിന്റെ അടയാളമായി എന്റെ ശിരസ്സിൽ ഞാൻ മുൾക്കിരീടം ധരിക്കുമാറാകണമെ.

5. സകല ശത്രുക്കളെയും ലജ്ജിപ്പിക്കുന്ന രക്ഷാകരമായ ശിരസ്ത്രവും ജയത്തിന്റെ പരിചയും എന്റെ ശിരസ്സിൽ അങ്ങ് വച്ചിരിക്കുന്നുവല്ലോ.

www.malankaralibrary.com

6. കർത്താവേ, അങ്ങേ സ്നേഹം എന്നിൽ നിന്നും ഒരിക്കലും വിട്ടുമാറരുതേ.

## ളോഹ ധരിക്കുമ്പോൾ

1. കർത്താവേ, ഞാൻ ഇല്ലാതായിത്തീർന്നിട്ടു അങ്ങ് എന്നിൽ പാർക്കുന്നുയെന്നു ഈ ളോഹയാൽ എന്നെ പഠിപ്പിക്കണമേ.

2. കർത്താവേ, പുറത്തുള്ള എല്ലാ കാര്യങ്ങളിൽ നിന്നും ഞാൻ വേർപെട്ടവനാണെന്നു എനിക്കു ബോദ്ധ്യം തരണമേ.

3. കർത്താവേ, ദാരിദ്ര്യവ്രതത്തിന്റെ അടയാളമായി ഈ ളോഹ എനിക്കിരിക്കണമേ. നീ എന്റെ സമ്പൽ സമൃദ്ധിയാകുന്നു.

## ഏസാറാ കെട്ടുമ്പോൾ

1. കർത്താവേ, അങ്ങേ സകല കല്പനകളും ആകുന്ന വഴി എന്നെ പഠിപ്പിക്കണമെ. ഞാൻ അവയെ ആചരിക്കാം.

2. കർത്താവേ, അങ്ങു എന്തു കല്പിച്ചാലും അനുസരിപ്പാൻ ഞാന് സന്നദ്ധൻ. അങ്ങേ കൃപയാൽ ഞാൻ ജീവിക്കണമേ.

3. പൂർണ്ണവിശ്വാസവും പുണ്യപ്രവൃത്തിക്കുള്ള സന്നദ്ധതയും കൊണ്ടു എന്നെ അരകെട്ടണമേ.

4. യുദ്ധത്തിനായി എന്നെ ശക്തികൊണ്ട് അര കെട്ടണമേ. എന്റെ ശത്രുക്കളെ എന്റെ കീഴിൽ മുട്ടുമടക്കിക്കണമേ.

## കഴുത്തിൽ കുരിശു ധരിക്കുമ്പോൾ

1. കർത്താവേ, അങ്ങേ നിന്റെ ശിഷ്യനാകുന്നു. അങ്ങേ നുകം എന്നെ ധരിപ്പിക്ക.

2. കർത്താവേ, നിന്റെ സ്വർഗ്ഗീയ നുകം എന്റെ ഹൃദയത്തിനു മധുരവും ആശ്വാസവുമായിരിക്കണമേ.

3. കർത്താവേ, എന്റെ ജീവിതത്തെ ഭരിക്കുന്ന ചട്ടം നീ തന്നെയാകുന്നു.

4. വി. സ്ലീബാ ജയത്തിന്റെ അടയാളമാകുന്നു.

www.malankaralibrary.com

**അദ്ധ്യായം 4**

# ധ്യാനവിഷയങ്ങൾ

തൗനായിൽ സ്വസ്ഥമായിരിപ്പാൻ ലഭിക്കുന്ന അവസരങ്ങളിൽ താഴെ പറയുന്ന വാക്യങ്ങൾ വായിക്കയും ചിന്തിക്കയും ചെയ്യുന്നതു കൊള്ളാം.

**ദൈവസ്നേഹം**. വി. മത്തായി 22:37-40.

**അനുസരണം**. വി മത്തായി 19:27; എപ്പേസി. 5:21:2, കോരി. 8:5; ഫിലിപ്പി. 2:10-13; കോലസ്യ. 4:12; 1 തെസ. 1:6; 1 തെസ. 5:12; 2 തെസ. 2:15; 3, 6, 7, 14, 15; റോമ. 2:6-11.

**കന്യവ്രതം**. 2 കൊറി. 6/16; 7:1; ഗലാത്തി 5/24; 1 തെസ. 4/3-4.

**വി. ദാരിദ്ര്യം**. ഫിലി. 3:7.

**വിശ്വാസം**. ഫിലി. 4:13; 1 തെസ്സ. 5:19, 24.

**പ്രാർത്ഥന**. 1 തെസലോനി. 5:17.

**സന്തോഷം**. 2 കോറി. 9:7; ഗലാത്തി 5:22-23; 1 തെസ. 5:16.

**പീഡകൾ**. (പരീക്ഷകൾ) 2 കൊറി. 10:4-5.

**മനോരാജ്യം**. 2 കോറി. 10:5; 13:11; ഫിലി. 2:5.

**സന്ന്യാസസമൂഹം**. 2 കോറി. 12:20; ഗലാത്തി. 2:28; എപ്പോ. 25; കോല. 1:28; 4:6; 1 തെസ. 2:20; 5:11.

**"തൗനാ"**. ഗലാ. 2:20-21; എപ്പേസി. 6:10; 13:17; ഫിലി. 2:5.

**പരസ്പര ശുശ്രൂഷ**. ഗലാത്തി 6:2; 9:10; കോലസ്യ. 3:23-24.

**ശരീരം**. ഫിലിപ്പി. 2:20

**പുറത്തുള്ളവർ**. കോലസ്യ. 2:8.

**ഇന്ദ്രിയനിഗ്രഹവും ആത്മദണ്ഡനവും**. കോലസ്യ. 3:5.

**വേല**. 1 തെസ. 1:3; 4:11; 2 തെസ. 3:13.

**ദൃഷ്ടാന്തം**. 1 തെസ. 2:10-12; 1 തെസ. 5:22; റോമ. 2:21

**ദൈവവിളി**. 2 തെസ. 1:12-12; 2:13-14; 3:5.

www.malankaralibrary.com

### അനുബന്ധം

# സംഘടനയും ജീവിതവും

നമ്മുടെ സന്ന്യാസസഭയുടെ പേര് "മിശിഹാനുകരണാശ്രമം" എന്നാകുന്നു. മാതൃമന്ദിരങ്ങൾ സ്ഥാപിച്ചിരിക്കുന്ന സ്ഥലങ്ങൾക്ക് കൊടുത്തിട്ടുള്ള പേരും ആശ്രമസ്ഥാപകനായ എപ്പിസ്ക്കോപ്പായുടെ ഇടവക നാമവും ബഥനി എന്നാകയാൽ നമ്മുടെ ആശ്രമത്തിനു "ബഥന്യാശ്രമം" എന്നും പേരു പറയുന്നു. ഇതു മഹൽ പ്രതിജ്ഞയോടുകൂടിയ സന്ന്യാസസഭയാകുന്നു. മഹൽപ്രതിജ്ഞ ചെയ്തിട്ടില്ലാത്ത സഭാംഗങ്ങൾ അതിലേക്ക് ഒരുങ്ങുന്നവരും വളർത്തപ്പെടുന്നവരുമാകുന്നു.

മിശിഹാനുകരണസഭയുടെ ഉദ്ദേശ്യം, സംക്ഷേപമായി താഴെ ചേർക്കുന്നു. സന്ന്യാസി മഹൽ പ്രതിജ്ഞയിൻകീഴിൽ ജീവിച്ചുകൊണ്ടു ആഴമായും വർദ്ധമാനമായും വരുന്ന വിധത്തിൽ യേശുമിശിഹായെ അനുകരിക്കണം. യേശുവിനോടു അകമെയുള്ള സാമ്യം സദാ വർദ്ധിച്ചു വരണം. പൂർണ്ണമായ ആരാധനയും സ്നേഹവും അങ്ങേയ്ക്കു അർപ്പിക്കണം. അങ്ങയോടു യോജിച്ചു ജീവിക്കണം. അങ്ങേ കൃപയും ശക്തിയും പ്രാപിക്കണം. ഉത്തരോത്തരം അങ്ങേപ്പോലെയായിത്തീരണം. അങ്ങേ ബാഹ്യമായ ജീവിതരീതി അനുഗമിക്കുക മാത്രമല്ല, അങ്ങേ വിചാരങ്ങൾക്കും മനസ്സിനും പങ്കുള്ളവനായിത്തീരണം. പിതാവിന്റെ തിരുവിഷ്ടത്തോടു അങ്ങേയ്ക്കുള്ള സ്നേഹാനുസരണജീവിതവും, സർവ്വമനുഷ്യരോടും സ്നേഹജീവിതവും തുടർന്നു നയിക്കയും ചെയ്യണം.

യേശുമിശിഹായെ എല്ലാ മനുഷ്യരും അനുഗമിക്കയും, ആരാധിക്കുകയും, സ്നേഹിക്കയും, സേവിക്കയും ചെയ്യാൻ സംഗതിയാക്കണം.

നമ്മുടെ ആശ്രമത്തിന്റെ പരമോദ്ദേശ്യം ഇതാകുന്നു. ഇത് സർവ്വോപരി ശ്രേഷ്ഠമായ ഉദ്ദേശമാകുന്നു.

www.malankaralibrary.com

ഈ സന്ന്യാസ സമൂഹത്തിൽ ഉൾപ്പെട്ട സന്ന്യാസിയുടെ ദൃഷ്ടിക്കു മുമ്പിൽ എപ്പോഴും ഈ ഉദ്ദേശം ഇരിക്കുന്നു. ഈ ഉദ്ദേശം എല്ലാ സമ യത്തും യഥാർത്ഥമായതും സജീവവുമാകുന്നു. നമ്മുടെ സന്ന്യാസ സഭയുടെ സ്വാമിയും മാതൃകാപുരുഷനും യേശു മിശിഹായാകുന്നു. സന്ന്യാസസഭാംഗങ്ങൾ ഓരോരുത്തരുടെയും പൂർണ്ണതയുടെ അന്ത്യ വും മാർഗ്ഗവും യേശുതമ്പുരാൻ തന്നെ. അങ്ങേ സ്നേഹിക്കുന്നതും, അനുകരിക്കുന്നതും, അനുരൂപിക്കുന്നതും, അങ്ങിൽ അധിവസിക്കുന്ന തും സന്ന്യാസിയുടെ തികച്ചുള്ള പൂർണ്ണതയാകുന്നു. അവന്റെ ഓരോ വിചാരത്തിനും, വചനത്തിനും, പ്രവർത്തിക്കും യേശുമിശിഹായുടെ മുദ്രയും സ്വഭാവവും ഉണ്ട് – അങ്ങിനെ ഉണ്ടായിരുന്നേ മതിയാവൂ. യേശു തമ്പുരാനിൽ നിന്നു അവൻ പഠിക്കുന്ന സ്നേഹം തന്നത്താൻ ദഹിപ്പി ക്കുന്ന സ്നേഹമാകുന്നു. ആ സ്നേഹം യേശുവിന്റെ തിരുഹൃദയത്തിൽ നിന്നു അവനിൽ വ്യാപിക്കുന്നു. ആ സ്നേഹത്തോടുകൂടിത്തന്നെ യേശു വിനെ സ്നേഹിപ്പാൻ അവൻ ഉദ്യമിക്കുന്നു. അവന്റെ ഉള്ളം സ്നേഹം കൊണ്ടു ജ്വലിക്കുന്നു. മഹാപരിശുദ്ധനായ ദൈവത്തിന്റെ അതിശ്രേഷ്ഠ സൗഭാഗ്യാവസ്ഥയെ ശ്വാസം പോലെ അവൻ ഉള്ളിലേക്കു ശ്വസിക്കുന്നു. അവന്റെ പുറമെയുള്ള ഭാവം സാമാന്യവും സാധാരണവും ആണ്. അവന്റെ അകമെയുള്ള സുകൃതങ്ങൾ അതിശ്രേഷ്ഠവും പൂർണ്ണവും ആകുന്നു. എന്നാൽ പുറമെയുള്ള ഭാവം അടക്കമൊതുക്കമുള്ളതും ലളിതവും സാധാരണവും ആകുന്നു. അവന്റെ പുണ്യയാത്രക്കാലം മുഴു വനും അവന്റെ പ്രകാശവും, ശക്തിയും ജീവനും യേശുമിശിഹാ തന്നെ യാകുന്നു.

അവൻ സന്ന്യാസം സ്വീകരിച്ചത് – ഈ ആദർശം അനുഭവ ബോധ്യ മാക്കാനായിട്ടാണ്. ദൈവകല്പനകളെ തന്നെയല്ല, ദൈവഹിതംപോലും അനുഷ്ഠിക്കുന്ന സന്ന്യാസം അവന്റെ ആദർശമാകുന്നു. അവന്റെ ശരീരം അതിപരിശുദ്ധനായ ദൈവത്തിന്റെ ആലയമാകുന്നു. അവന്റെ ഹൃദയം അങ്ങേ സിംഹാസനമാകുന്നു. അവന്റെ മനസ്സ് അങ്ങേ വിനയ മുള്ള ദാസൻ ആകുന്നു. അവന്റെ സ്നേഹം അങ്ങേ വിജയമാകുന്നു. അവൻ സ്നേഹംമൂലം അങ്ങേയ്ക്കായി അവന്റെ സ്വാതന്ത്ര്യവും, മനസ്സും, രാഗങ്ങളും, മഹിമയും, ആരോഗ്യവും, ജീവിതം മുഴുവനും ബലി കഴിക്കുന്നു. അവൻ ഇതു ചെയ്യുന്നതു പ്രശാന്തമായ സമാധാനത്തോ ടും, ഹൃദയപൂർവ്വമായ സന്തോഷത്തോടും, മരണത്തെ ജയിക്കത്തക്ക ശക്തിയുള്ള സ്നേഹത്തോടും കൂടെയാകുന്നു അവന്റെ ജീവിതാദർശം ഇതാകുന്നു. ഈ ആദർശം സാധിക്കുന്നതിനായി അവൻ ഇടവിടാതെ പ്രയത്നിക്കുകയും ചെയ്യുന്നു.

www.malankaralibrary.com

യേശുവിനെ അനുകരിക്കയും ആരാധിക്കയും സ്നേഹിക്കയും ശുശ്രൂഷിക്കയും യേശുവിനോടുകൂടെ പങ്കുകൊള്ളുകയും യേശുവിന്റെ സുകൃതങ്ങളെ അനുരൂപിക്കയും ചെയ്യുന്നതുകൊണ്ട് സന്ന്യാസി തൃപ്തിപ്പെടുന്നില്ല. യേശുവിന്റെ മഹത്വത്തിനായി സന്ന്യാസിക്ക് അതിയായ തീക്ഷ്ണത ഉള്ളതുകൊണ്ട് മറ്റുള്ള എല്ലാവരും യേശുവിനെ അനുകരിക്കണമെന്നും അനുഗമിക്കണമെന്നും, ആരാധിക്കണമെന്നും, സ്നേഹിക്കണമെന്നും, സേവിക്കണമെന്നും, സന്ന്യാസി ആഗ്രഹിക്കുന്നു. യേശുവിന്റെ സ്വർഗ്ഗീയ സിംഹാസനത്തിങ്കലേക്കു സന്ന്യാസി അവരെ ഉയർത്തുന്നു. സ്വർഗ്ഗസ്ഥനും മഹത്വീകരിക്കപ്പെട്ടവനുമായ യേശുവിനെ അവരുടെ അടുക്കലേക്ക് സന്ന്യാസി ഇറക്കിക്കൊണ്ടു വരുന്നു. അസംഖ്യം അദൃശമാർഗ്ഗങ്ങളിൽകൂടി സന്ന്യാസി യേശുവിനു മറ്റുള്ളവരോടുള്ള സ്നേഹവും കരുതലും പ്രതിബിംബിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നു. മറ്റുള്ളവരെപ്പറ്റി സന്ന്യാസിക്കു ഒരാഗ്രഹം മാത്രമെയുള്ളൂ. മനുഷ്യകുലം മുഴുവനും യേശുവിനെ അറിയുകയും അനുഗമിക്കുകയും ആരാധിക്കുകയും സ്നേഹിക്കുകയും സേവിക്കുകയും ചെയ്യണമെന്നുള്ളതുതന്നെ. മറ്റുള്ളവരെ സംബന്ധിച്ചിടത്തോളം ഈ ലോകത്തിൽ സന്ന്യാസി സാധിപ്പാനുള്ളതു ഈ കാര്യമാകുന്നു.

വാത്സല്യ സഹോദരങ്ങളെ നമ്മുടെ സന്ന്യാസ സമൂഹത്തിന്റെ പേര് "മിശിഹാനുകരണസഭ" എന്നാണല്ലോ. ഇതിനെക്കാൾ അനുയോജ്യമായ ഒരു പേര് എന്ത്? നിങ്ങളുടെ സന്ന്യാസപ്രതിജ്ഞയുടെ സാരാംശതത്വത്തെ ഈ പേരു പ്രസ്താവിക്കുന്നു. നിങ്ങളുടെ സന്ന്യാസജീവിതത്തിന്റെ പരമോദ്ദേശ്യമെന്തെന്നു ഈ പേരു കാണിക്കുന്നു. നിങ്ങളുടെ ജീവിതാദർശവും പരമസാദ്ധ്യവും എന്തെന്നു ഈ പേരു ഇടവിടാതെ നിങ്ങളെ അറിയിക്കുന്നു.

നമ്മുടെ സന്ന്യാസസഭയുടെ സർവ്വപ്രധാനമായ ഉദ്ദേശം യേശുമിശിഹായാകുന്നു. അവിടുന്നു ആഗ്രഹിക്കുന്നത് നിങ്ങളും ആഗ്രഹിക്കണം. അവിടുന്നു പ്രയത്നിക്കുന്നതിനു നിങ്ങളും പ്രയത്നിക്കണം. മിശിഹായും അവിടുത്തെ തിരുശരീരമാകുന്ന തിരുസഭയും നിങ്ങളുടെ സന്ന്യാസ ജീവിതത്തിന്റെ പരമസാദ്ധ്യമാകുന്നു. ഒന്നാമതായി ദൈവത്തെ സ്നേഹിക്കയും ദൈവത്തിന് നിങ്ങളെ പൂർണ്ണമായി കൊടുക്കയും ചെയ്യണം. രണ്ടാമതായി നിങ്ങളുടെ സമസൃഷ്ടങ്ങളായ മനുഷ്യരെ സ്നേഹിക്കയും അവർക്കുവേണ്ടി നിങ്ങളെ കൊടുക്കയും ചെയ്യണം. "ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിപ്പിന്നായി എഴുന്നെള്ളി" വന്നവനും "അനേകർക്കുവേണ്ടി വീണ്ടെടുപ്പർത്ഥമായി സ്വന്ത ജീവനെ കൊടുത്ത"

www.malankaralibrary.com

വനുമായ യേശു തമ്പുരാന്റെ ആത്മാവ് നിങ്ങളിൽ നിറഞ്ഞിരിക്കുന്നു. നിങ്ങൾ മുഴുവനായി മിശിഹായുടെ വകയാകുന്നു.

അങ്ങേ കരുണയുടെയും സ്നേഹത്തിന്റെയും ശുശ്രൂഷകന്മാരായി ഏതെല്ലാം വിധത്തിൽ നിങ്ങളെ ഉപയോഗിപ്പാൻ അവിടുത്തേക്ക് തിരുവിഷ്ടമുണ്ടോ അപ്രകാരമെല്ലാം ഉപയോഗിക്കപ്പെടുന്നതിന് എല്ലായ്പ്പോഴും നിങ്ങൾ സന്നദ്ധന്മാരായിരിക്കണം.

നിങ്ങൾ ഓരോരുത്തരേയും ദൈവം ഭാവിയിൽ ഏതു വിധം ഉപയോഗിക്കുമെന്നു നിങ്ങൾ അറിയുന്നില്ല. അത് ഇപ്പോൾ നിങ്ങൾ അറിയേണ്ട ആവശ്യവുമില്ല. ദൈവമഹത്വത്തിനായി നിങ്ങൾ ചെയ്യേണ്ട ഒന്നാമത്തെ സംഗതി എന്തെന്ന് നിങ്ങൾക്ക് നന്നായി വെളിപ്പെട്ടിട്ടുണ്ട്. അതു നമ്മുടെ കർത്താവിന്റെ ഒരു കല്പനയാകുന്നു. ശിഷ്യന്മാർക്ക് പുതിയ ആത്മീയ ജീവന്റെ ഉറവയായിരിപ്പാൻ തക്കവണ്ണം നമ്മുടെ കർത്താവ് തിരുശരീരവും തിരുരക്തവും കൊടുത്തതിന്റെ ശേഷം ഒന്നാമതായി അവർക്കു കൊടുത്ത കല്പന അവർ തമ്മിൽ തമ്മിൽ സ്നേഹിക്കണമെന്നുള്ളതായിരുന്നു. ഈ കല്പന നിങ്ങൾക്കു ഏറ്റം പറ്റിയതാണ്. വി. ശിഷ്യന്മാർ നമ്മുടെ കർത്താവിന്റെ ഒരു പ്രത്യേക കുടുംബമായിരിപ്പാൻ വിളിക്കപ്പെട്ടു. നിങ്ങളെയും അപ്രകാരം ഒരു പ്രത്യേക കുടുംബമായിരിപ്പാൻ വിളിച്ചിരിക്കുന്നു. സന്ന്യാസപരമായ ഈ കുടുംബത്തെ രൂപീകരിച്ചിരിക്കുന്നത് കർത്താവു തന്നെയാകുന്നു. കർത്താവു നിങ്ങളോടും ഇപ്രകാരം കല്പിക്കുന്നു.

“ഞാൻ എന്റെ പിതാവിന്റെ കല്പന പ്രമാണിച്ച് അവന്റെ സ്നേഹത്തിൽ വസിക്കുന്നതുപോലെ നിങ്ങൾ എന്റെ കല്പനകൾ പ്രമാണിച്ചാൽ എന്റെ സ്നേഹത്തിൽ വസിക്കും. എന്റെ സന്തോഷം നിങ്ങളിൽ ഇരിപ്പാനും നിങ്ങളുടെ സന്തോഷം പൂർണ്ണമാകുവാനും ഞാൻ ഇതു നിങ്ങളോടു സംസാരിക്കുന്നു. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കണം എന്നാകുന്നു എന്റെ കല്പന. സ്നേഹിതന്മാർക്കായി ജീവനെ കൊടുക്കുന്നതിലും അധികമായ സ്നേഹം ആർക്കുമില്ല. ഞാൻ നിങ്ങളോടു കല്പിക്കുന്നതു ചെയ്താൽ നിങ്ങൾ എന്റെ സ്നേഹിതന്മാർ തന്നെ. യജമാനൻ ചെയ്യുന്നതു ദാസൻ അറിയായ്കകൊണ്ടു ഞാൻ നിങ്ങളെ ദാസന്മാർ എന്നു പറയുന്നില്ല. ഞാൻ എന്റെ പിതാവിൽ നിന്നു കേട്ടതെല്ലാം നിങ്ങളോടു അറിയിച്ചതുകൊണ്ട് നിങ്ങളെ സ്നേഹിതന്മാർ എന്നു” പറഞ്ഞിരിക്കുന്നു. നിങ്ങൾ എന്നെ തിരഞ്ഞെടുത്തു എന്നല്ല ഞാൻ നിങ്ങളെ തിരഞ്ഞെടുത്തു. നിങ്ങൾ പോയി ഫലം കായ്ക്കേണ്ടതിനും നിങ്ങളുടെ ഫലം നിലനില്ക്കേണ്ട

www.malankaralibrary.com

തിനും നിങ്ങളെ ആക്കി വച്ചുമിരിക്കുന്നു. നിങ്ങൾ എന്റെ നാമത്തിൽ പിതാവിനോടു അപേക്ഷിക്കുന്നതൊക്കെയും അവൻ നിങ്ങൾക്കു തരുവാനായിതന്നെ. നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കേണ്ടതിന് ഞാൻ ഇതു നിങ്ങളോടു കല്പിക്കുന്നു."

ആത്മീയ കുടുംബമാകുന്ന സന്ന്യാസസഭയിലുള്ള അംഗങ്ങൾ തമ്മിൽ തമ്മിൽ സ്വഭാവാതീതമായി സ്നേഹിക്കണമെന്നുള്ളതു സന്ന്യാസിയുടെ ഒന്നാമത്തെ ചുമതലയാണെന്നു കർത്താവ് തെളിവായി കല്പിച്ചിരിക്കുന്നു എന്നു മേലെഴുതിയ വാക്യങ്ങളിൽ നിന്നു അറിഞ്ഞുകൊള്ളുക. "ദൈവം സ്നേഹമാകുന്നു. (1 യോഹ. 4:8, 16) സ്നേഹ സ്വരൂപിയായ ദൈവത്തിന്റെ സ്വഭാവത്തെ നിങ്ങളുടെ ജീവിതത്തിൽ പ്രത്യക്ഷപ്പെടുത്തിക്കൊണ്ടു ജീവിക്കുന്നതിനു മിശിഹാനുകരണ സഭാംഗങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നു. ഇതിലപ്പുറമായി ദൈവത്തെ മഹത്വപ്പെടുത്താവുന്ന മാർഗ്ഗം വേറെയില്ല. ആദ്യക്രിസ്തീയ സഭയിലുണ്ടായിരുന്ന ശിഷ്യന്മാരെ കണ്ടിട്ടു ജാതികൾ പറഞ്ഞത് ഈ ക്രിസ്ത്യാനികൾ തമ്മിൽ തമ്മിൽ സ്നേഹിക്കുന്നു എന്നു കാണുക എന്നായിരുന്നു. അത്ഭുതകരമായ അവരുടെ സ്നേഹജീവിതം അനേകായിരങ്ങളെ തിരുസഭയിലേക്കാകർഷിച്ചു. ഇന്നത്തെ സ്ഥിതി ഏതുപ്രകാരമുള്ളതെന്നു ചിന്തിക്കുക. ഇന്നു ലോകം എങ്ങനെയിരിക്കുന്നു; 'ഈ ക്രിസ്ത്യാനികൾ എങ്ങനെ പരസ്പരം സ്നേഹിക്കുന്നു എന്നു കാണുക?' എന്നു ഇക്കാലത്തു ജാതികൾ പറയുന്നുണ്ടോ? നമ്മുടെ കർത്താവിന്റെ വലിയ കല്പന (സ്നേഹകല്പന) ആചരിപ്പാനായി അതായതു - അതെ - സന്ന്യാസ സഭയ്ക്കുള്ളിൽ പൂർണ്ണമായ പരസ്പരസ്നേഹം പാലിപ്പാനായി - ദൈവം നിങ്ങളെ വിളിച്ചിരിക്കുകയാണെന്നും, നിങ്ങളെക്കൊണ്ടു ചെയ്യിക്കുവാൻ ദൈവം ആഗ്രഹിക്കുന്ന ഒന്നാമത്തെ പ്രത്യേകവേല ഇതാണെന്നും, വരരുതോ? ഇക്കാര്യത്തിൽ പൂർണ്ണ വിശ്വസ്തന്മാരായിരിക്കുന്നതു നിങ്ങൾക്കു ദൈവത്തിനു ചെയ്യാവുന്ന സകല ശുശ്രൂഷകളിലും വച്ച് അതിമഹത്തായതായിരിക്കാം. എന്തുകൊണ്ടെന്നാൽ ദൈവം തിരുസഭയെ പുനഃസ്ഥാപിക്കുന്നതു നിങ്ങളിൽകൂടെയാകുന്നു. ഇവിടെ ദൈവത്തിനു ഒരു സാക്ഷിയെ ദൈവം എഴുന്നേല്പിക്കുകയായിരുന്നു. ആ സാക്ഷി സമൂഹമായി ജീവിക്കുന്ന പൂർണ്ണ സന്ന്യാസിമാരാകുന്നു. വി. ത്രിത്വത്തിന്റെ സ്നേഹജീവിതം ബഥനി സന്ന്യാസ സഭയിൽ പ്രതിബിംബിക്കണം.

നിങ്ങളുടെ മുമ്പാകെ വെച്ചിട്ടുള്ള ആദർശം യേശുമിശിഹാ ആദ്യശിഷ്യന്മാരുടെ മുമ്പിൽ വെച്ചു കൊടുത്ത ആദർശം തന്നെയാകുന്നു.

www.malankaralibrary.com

അവർ ഒരു കുടുംബമായിരുന്നു യേശുമിശിഹായുടെ തിരുശരീരമായിരിപ്പാൻ–തിരുസഭയായിരിപ്പാൻ–അവരെ കർത്താവു തന്നത്താൻ അഭ്യസിപ്പിച്ചു കൊണ്ടുവന്നു. അവരെക്കുറിച്ച് ഇപ്രകാരം എഴുതിയിരിക്കുന്നു. 'വിശ്വസിച്ചവരുടെ കൂട്ടം ഏകഹൃദയവും ഏകമനസ്സും ഉള്ളവരായിരുന്നു; തനിക്കുള്ളതു ഒന്നും സ്വന്തം എന്ന് ആരും പറഞ്ഞില്ല. സകലവും അവർക്കു പൊതുവായിരുന്നു" (അപ്പോ.പ്രവ. 4:32) അംഗങ്ങളെല്ലാവരും ഏകഹൃദയവും ഏക ആത്മാവും ഉള്ളവരായി ജീവിക്കയും, സകലവും എല്ലാവരും ഒരുമിച്ചു അനുഭവിക്കയും ചെയ്യുന്നതു തിരുസഭയ്ക്കുള്ളിലുള്ള തിരുസഭയുടെ ആദർശമാകുന്നു.

അവർ അപ്പസ്തോലന്മാരുടെ ഉപദേശം കേട്ടും കൂട്ടായ്മ ആചരിച്ചും അപ്പം നുറുക്കിയും പ്രാർത്ഥന കഴിച്ചുപോന്നു വിശ്വസിച്ചവർ എല്ലാവരും ഒരുമിച്ചിരുന്ന് ഒരുമപ്പെട്ടു ദിനംപ്രതി ദൈവാലയത്തിൽ കൂടിവരികയും വീട്ടിൽ അപ്പം നുറുക്കി കൊണ്ടു ഉല്ലാസവും ഹൃദയപരമാർത്ഥതയും പൂണ്ട് ഭക്ഷണം കഴിക്കയും ദൈവത്തെ സ്തുതിക്കയും സകലജനത്തിന്റെയും കൃപ അനുഭവിക്കയും ചെയ്തു. കർത്താവു രക്ഷിക്കപ്പെടുന്നവരെ ദിനംപ്രതി സഭയോടു ചേർത്തുകൊണ്ടിരുന്നു (അപ്പ.പ്രവ. 2:42; 44, 46, 47) ദൈവത്തിനായി മുഴുവനായി ജീവിക്കുന്ന ഒരു ക്രിസ്തീയ കുടുംബത്തിന്റെ സൗഭാഗ്യപൂർണ്ണമായ അവസ്ഥ ഈ വാക്യങ്ങളാൽ വിവരിച്ചിരിക്കുന്നു. ഈ സൗഭാഗ്യാവസ്ഥ യേശുവിന്റെ കുരിശിൻമേൽ സ്ഥാപിച്ചിട്ടുള്ളതാണ്. ദൈവികമായ താഴ്മയും സ്നേഹവും കൊണ്ടല്ലാതെ മറ്റൊന്നുകൊണ്ടും, ഇപ്രകാരമുള്ള സാമൂഹ്യജീവിതത്തിനു നിലനില്ക്കുന്ന അടിസ്ഥാനമിടുവാൻ സാധിക്കുകയില്ല. മിശിഹായുടെ യാഗം ക്രിസ്ത്യാനികൾക്കു ഭക്ഷണമായി വി. കുർബാനയിൽ നല്കപ്പെട്ടിരിക്കുന്നു. അവരുടെ ജീവിതം മുഴുവൻ യാഗമായിരിപ്പാൻ – അതെ, അവരുടെ സ്വാമിയായ യേശുമിശിഹായുടേതുപോലെ – താഴ്മയുടെയും സ്നേഹത്തിന്റെയും യാഗമായിരിപ്പാൻ യേശുവിന്റെ യാഗത്തോടുള്ള സംബന്ധം അവരെ പ്രേരിപ്പിക്കുന്നു. നമ്മുടെ ഉള്ളിൽ കർത്താവിന്റെ ജീവൻ വ്യാപിക്കുന്നതിന്റെ ശക്തികൊണ്ടുമാത്രമെ നമുക്ക് – 'പരസ്പരം സ്നേഹിക്കണമെന്നുള്ള കല്പന' – കർത്താവിനെപ്പോലെ നിർവഹിക്കാൻ സാധിക്കയുള്ളൂ.

ബഥന്യാശ്രമം വക ഓരോ മന്ദിരങ്ങളും യേശുമിശിഹായുടെ സ്നേഹപൂർണ്ണമായ സ്വഭാവാതീതകുടുംബങ്ങൾ ആയിരിക്കണം. അവ യഥാർത്ഥ ബഥനികൾ ആയിരിക്കണം. അവ യേശുവിനും സ്നേഹിതന്മാർക്കും ആത്മാവിൽ വന്നു പാർക്കുകയും സ്വസ്തതയും സന്തോ

www.malankaralibrary.com

ഷവും ലഭിക്കുകയും ചെയ്യുന്നതിനുള്ള ഭവനങ്ങൾ ആയിരിക്കണം. അവർ അവിടെ കാണുന്നത് വിശുദ്ധാത്മാവിന്റെ ഫലങ്ങൾ അവിടെ ഭരിക്കുന്നതായിരിക്കണം.

"ആത്മാവിന്റെ ഫലമോ സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വാസ്തത, സൗമ്യത, ഇന്ദ്രിയജയം; ഈ വകയ്ക്കു വിരോധമായി ഒരു ന്യായപ്രമാണവുമില്ലല്ലോ' (ഗലാ. 5:22-23) ഓരോ മന്ദിരത്തിലും അദൃശ്യനെങ്കിലും യഥാർത്ഥ യജമാനൻ നമ്മുടെ കർത്താവുതന്നെയാകുന്നു. അവിടെ താമസിക്കുന്ന ഓരോരുത്തരുടെയും ഹൃദയത്തിൽ നമ്മുടെ കർത്താവു അധിവസിക്കുകയും ഭരിക്കയും മഹത്വപ്പെടുകയും ചെയ്യുന്നു.

ആശ്രമസ്ഥാപകനായ എപ്പിസ്കോപ്പായുടെയും അനന്തരഗാമികളുടെയും അധികാരം ദൈവത്തിൽനിന്നുള്ള ആത്മീയാധികാരമാകുന്നു. അദ്ദേഹം സന്ന്യാസസഭയുടെ പിതാവാകുന്നു. അദ്ദേഹത്തിനു സഭയെ ഭരിക്കാൻ ദൈവദത്തമായ അധികാരമുണ്ട്. അദ്ദേഹം ആശ്രമത്തേയും സകല മന്ദിരങ്ങളേയും സംരക്ഷിക്കയും പുലർത്തുകയും ഐശ്വര്യപ്പെടുത്തുകയും ചെയ്‌വാൻ ദൈവമുമ്പാകെ ചുമതലപ്പെട്ടിരിക്കുന്നു. പിതാവിനു മക്കളേക്കുറിച്ചുള്ള സ്നേഹപരമായ കരുതൽ ഏതുവിധമോ, ആ വിധമുള്ള സ്വഭാവാതീതമായ സ്നേഹക്കരുതൽ ബഥനി എപ്പിസ്ക്കോപ്പായ്ക്ക് ആത്മീയ മക്കളായ സന്ന്യാസിമാരോടും മന്ദിരങ്ങളോടും ഉണ്ടായിരിക്കുന്നതാകുന്നു. അവരുടെ ജീവിതവും വേലയും നിയന്ത്രിക്കുന്നതിനും നടത്തുന്നതിനും അനുഗ്രഹിക്കുന്നതിനും പരിരക്ഷിക്കുന്നതിനും അദ്ദേഹത്തിനു ചുമതലയുണ്ട്.

റീശ് മന്ദിരത്തിൽ അദ്ധ്യക്ഷസ്ഥാനം വഹിക്കുന്നു. മാതാപിതാക്കന്മാർ ഒരു കുടുംബത്തിൽ ഏതുപ്രകാരം സ്വാർത്ഥരഹിതമായ സ്നേഹത്തോടും കരൾക്കനിവോടും കൂടെ മക്കളോരോരുത്തരോടും വർത്തിക്കുന്നുവോ അപ്രകാരം വർത്തിപ്പാൻ റീശ് കടപ്പെട്ടിരിക്കുന്നതും അങ്ങനെ വർത്തിക്കുന്നതുമാകുന്നു. മന്ദിരത്തിൽ താമസിക്കുന്ന ദൈവമക്കളുടെ നന്മയെ റീശ് ആഗ്രഹിക്കുന്നു. അവരിൽ ഓരോരുത്തരോടും റീശ് കാണിക്കുന്ന സ്നേഹം കേവലം മാനുഷികമായ സ്നേഹമല്ല, സ്വർഗ്ഗീയവും പ്രകൃത്യാതീതവും ആയ സ്നേഹമാകുന്നു. അതു സമൂഹാംഗങ്ങളെ ഓരോരുത്തരേയും സ്വർഗ്ഗത്തിലേക്കു ഉയർത്തുന്ന പ്രാർത്ഥനയോടുകൂടിയ സ്നേഹമാകുന്നു. ഈ അത്യുൽകൃഷ്ടമായ സ്ഥാനത്തേക്കും ചുമതലയിലേക്കും ദൈവം റീശിനെ നിയമിച്ചിരിക്കുന്നു. സഭാംഗങ്ങൾ എല്ലാവരും ഇതു തിരിച്ചറിയുകയും റീശിനെ മനഃപൂർവ്വമായി സഹായിക്കയും ഈ ഭാരമേറിയ ചുമതല നിർവ്വഹിക്കുന്ന വിഷയത്തിൽ സഹകരിച്ചു റീശിന്റെ ഭാരം ലഘൂപ്പെടുത്തുകയും വേണം.

www.malankaralibrary.com

ഏതു പ്രയാസവും ബുദ്ധിമുട്ടും ഉണ്ടായാലും, അപ്പോൾ സഭാംഗങ്ങൾ ദൈവത്തിന്റെ അടുക്കലും ദൈവനാമത്തിൽ റീശിന്റെ അടുക്കലും ഓടിചെല്ലുന്നു. അവരുടെ ദിനംപ്രതിയുള്ള ജീവിതവും വേലയും സംബന്ധിച്ചു അവരെ ഉപദേശിക്കയും നടത്തിക്കയും ചെയ്യുന്നതും ഉപദേശത്തേക്കാൾ അധികം സ്വന്തദൃഷ്ടാന്തം കൊണ്ടു നന്മയും വിശുദ്ധതയും അവരെ അഭ്യസിപ്പിക്കുന്നതും മന്ദിരാദ്ധ്യക്ഷനാകുന്നു. വിശുദ്ധ നിയമം ആചരിക്കുന്ന വിഷയത്തിൽ അവർക്കു ഉത്തമദൃഷ്ടാന്തം മന്ദിരാദ്ധ്യക്ഷൻ കാണിച്ചുകൊടുക്കുന്നു. വിശുദ്ധ നിയമം അനുസരിക്കേണ്ടത് എങ്ങനെ എന്നു അദ്ദേഹത്തിന്റെ ജീവിതവും ഉപദേശവും കൊണ്ട് ആശ്രമാംഗങ്ങൾ സാധാരണമായി ഗ്രഹിക്കുന്നു. എങ്കിലും വല്ല കാര്യത്തിലും അദ്ദേഹത്തിന്റെ ദൃഷ്ടാന്തം വി. നിയമത്തിനു ലംഘനമാണെന്നോ അനുകരണയോഗ്യമല്ലെന്നോ തോന്നിയാൽ അതു കണ്ടു പഠിക്കേണ്ട ആവശ്യമില്ലാ. അങ്ങനെയുള്ള സംഗതികളെപ്പററി താഴ്മയോടു കൂടി പ്രാർത്ഥിക്കയും സവിനയം അദ്ധ്യക്ഷനെ അറിയിക്കയും ചെയ്യാവുന്നതാണ്.

ഓരോ അദ്ധ്യക്ഷന്മാർക്കും അവരവരുടെ സ്ഥാനത്തിനും പദവിക്കും അനുയോജ്യമായ വിധം ആദരവും ബഹുമാനവും കൊടുക്കുന്നതിനു ആശ്രമാംഗങ്ങൾ കടപ്പെട്ടിരിക്കുന്നു. അദ്ധ്യക്ഷന്മാരേവരും ഏറെക്കുറെ കർത്താവേശുമിശിഹായുടെ പ്രതിനിധികളാകുന്നു. ഉയർന്ന അദ്ധ്യക്ഷൻ കൂടുതലായി കർത്താവിനെ പ്രതിനിധീകരിക്കുന്നു. അതുകൊണ്ട് ഉയർന്ന അദ്ധ്യക്ഷന്മാരുടെ അടുക്കൽ കൂടുതലായ ആദരവും അനുസരണവും കാണിപ്പാൻ ആശ്രമാംഗങ്ങൾക്കു ചുമതലയുണ്ട്.

പ്രായം കൂടിയ സന്ന്യാസിമാർ അദ്ധ്യക്ഷന്റെ ഭാരമേറിയ ചുമതലകളെ ലഘൂകരിക്കുന്നതിനു അവരാൽ കഴിവുള്ളതെല്ലാം ചെയ്യുന്നു. നിവൃത്തിയുള്ള എല്ലാ സഹായങ്ങളും അവർ ചെയ്യുകയും അവരുടെ സ്നേഹപൂർവ്വമായ അനുകമ്പ കൊണ്ടും നിരന്തരമായ പ്രാർത്ഥനകൾ കൊണ്ടും, അദ്ദേഹത്തെ സഹായിക്കയും ചെയ്യുന്നു. അവരുടെ സ്നേഹപൂർവ്വമായ സഹകരണം അദ്ദേഹത്തിനു വളരെ വിലയേറിയതാകുന്നു. ക്രമപ്രവൃദ്ധമായ (Ever deepening) വിശ്വസ്ഥതയോടുകൂടി ആശ്രമാംഗങ്ങൾ തങ്ങളുടെ "വിളി"യെ നിവർത്തിക്കുന്നതു കാണുന്നതിനേക്കാൾ വലുതായ സന്തോഷം അദ്ദേഹത്തിനു വേറെയില്ല. അവർ ഇങ്ങനെ ചെയ്യുമ്പോൾ, അദ്ധ്യക്ഷനെ ഭരമേല്പിച്ചിരിക്കുന്ന ചുമതലയേകുറിച്ചു വ്യസനം കൂടാതെ സന്തോഷസമേതം ദൈവമുൻപാകെ കണക്കു കേൾപ്പിപ്പാൻ അദ്ദേഹത്തിനു കഴിയും (എബ്രാ. 13:17).

ഞാൻ നിങ്ങളെ സ്നേഹിച്ചപ്രകാരം നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിപ്പിൻ. ഇതെന്റെ കല്പനയാകുന്നു. (വി. യോഹ. 15:12) അവന്റെ

www.malankaralibrary.com

സ്നേഹിതന്മാർക്കു വേണ്ടി അവന്റെ ജീവനെ ബലികഴിക്കുന്നതിനേക്കാൾ വലുതായ സ്നേഹം ഒരു മനുഷ്യനും ഇല്ലാ (വി. യോഹ. 3:16). തമ്മിലുള്ള ഇടപാടുകളിൽ സന്ന്യാസിമാർക്കു കർത്താവിന്റെ ഈ കല്പനയെ എത്രയും പൂർണ്ണമായി നിറവേറ്റണമെന്നുള്ള ആദർശമുണ്ടായിരിക്കണം.

ഒരു നല്ല (യഥാർത്ഥ) സന്ന്യാസി കർത്താവിനെ പ്രീതിപ്പെടുത്താനുള്ള അത്യുല്ക്കണ്ഠയാൽ സ്നേഹപൂർവ്വം തന്നെ മുഴുവനായി സഹോദരന്മാർക്കു നല്കുകയും, സ്വയത്തിനു യഥാർത്ഥത്തിൽ മരിക്കയും ചെയ്വാൻ ശ്രമിക്കുന്നു. ആർക്കു സഹായം ആവശ്യമായിരിക്കുന്നു എന്നും അതു നല്കേണ്ടതെങ്ങനെ എന്നും സ്നേഹം മൂലം അവനു മനസ്സിലാക്കാൻ സാധിക്കുന്നു. ഈ സഹായം നല്കുന്നതു പ്രവൃത്തി മൂലം മാത്രമല്ലാ ദയാപരമായ വാക്കുകളും സ്നേഹപൂർവ്വമായ നോട്ടവും മുഖഭാവവും വഴിയായിട്ടാകുന്നു. സ്നേഹപൂർവ്വം മറ്റുള്ളവരെ മനസ്സിലാക്കുകയും സഹതപിക്കയും ചെയ്യുന്നുണ്ടെന്നു കാണിക്കുന്ന പുഞ്ചിരി തൂകുവാനുള്ള ശക്തി സന്ന്യാസിക്കു വിലയേറിയ ഒരു ദാനമാകുന്നു. ഇതിനു കഴിവുള്ള സന്ന്യാസി ഒരിക്കലും കോപിക്കുന്നില്ല, വിരുദ്ധപ്പെടുന്നില്ല. മറ്റുള്ളവരുടെ തെറ്റുകൾക്കും കുറ്റങ്ങൾക്കും മതിയായ കാരണങ്ങൾ ഉണ്ടായിരിക്കുമെന്നു വിചാരിക്കയും അവരുടെ നടപടികൾക്കു എത്രയും ഉത്തമമായ അർത്ഥം കല്പിക്കയും ചെയ്യുന്നു. അങ്ങിനെയുള്ള സന്ന്യാസി എപ്പോഴും ക്ഷമിപ്പാൻ ഒരുക്കമുള്ളവനും എല്ലാ നല്ല ശ്രമങ്ങളേയും മനസ്സിലാക്കി ധൈര്യപ്പെടുത്തുവാൻ ഒരുക്കമുള്ളവനുമാകുന്നു. അദ്ധ്യക്ഷനോടു പറയണമെന്നു ചുമതലുള്ളതല്ലാതെ ആ സന്ന്യാസി മറ്റു ധർമ്മ്യ സഹോദരന്മാരുടെ കുറ്റങ്ങളും കുറവുകളും പറയുന്നില്ല. തെറ്റു പ്രവർത്തിക്കുന്നവർ നന്നാകുന്നതിനും അവർക്കു കൃപ ലഭിക്കുന്നതിനും ആ സന്ന്യാസി പ്രാർത്ഥിക്കുന്നു.

സന്ന്യാസികളോ സന്ന്യാസാർത്ഥികളോ മറ്റു സന്ന്യാസിമാരുടെ കുറ്റങ്ങളെപ്പറ്റി മേലധികാരികളോടല്ലാതെ ആരോടും പറയരുതാത്തതാകുന്നു. എന്തെന്നാൽ ദോഷവശങ്ങളായ നിരുപണങ്ങളും കുറ്റാരോപണ ചിന്തകളും നിർത്തുവാൻ ഈ നിയമം സഹായിക്കുന്നു. ഇപ്രകാരം കർത്താവിന്റെ കല്പനയെ ആചരിക്കുന്ന സന്ന്യാസിമാർ ആശ്രമത്തിലെ ആത്മീയ മണ്ഡലം ക്രിസ്തീയമാക്കിത്തീർക്കുന്നു. ആശ്രമം നമ്മുടെ കർത്താവിന്റെ ഒരു യഥാർത്ഥ കുടുംബമായി തീരുന്നു. ക്രിസ്തീയമായ യോജിപ്പും സമാധാനവും സ്നേഹപൂർവ്വമായ വിശ്വാസവും അവിടെ വിലസുന്നു. “ഐകമത്യത്തിൽ ഒന്നിച്ചു പാർക്കുന്നത് എത്ര നന്മയും എത്ര സന്തോഷവുമാകുന്നു” എന്നുള്ള വാക്യം ഓരോ സന്ന്യാസിയുടെയും അനുഭവമായിത്തീരുന്നു.

www.malankaralibrary.com

# നാലാം ഭാഗം

## അദ്ധ്യായം 1

# ദാരിദ്ര്യവ്രതം

1. ബഥന്യാശ്രമസ്ഥൻ കർത്താവേശുമിശിഹാമൂലം ദൈവത്തിനു തന്നത്താൻ ഹോമയാഗമർപ്പിച്ചുകൊണ്ടു വിശുദ്ധ ദാരിദ്ര്യമനുഷ്ഠിക്കണം. “യേശു അവനെ (യുവാവിനെ) നോക്കി അവനെ സ്നേഹിച്ചു” (മർക്കോ. 10:21).

സൽഗുണപൂർണ്ണനാകുവാൻ നീ ഇഛിക്കുന്നു എങ്കിൽ നീ ചെന്നു നിനക്കുള്ളതു വിറ്റു ദരിദ്രർക്കു കൊടുക്ക. എന്നാൽ നിനക്ക് സ്വർഗ്ഗത്തിൽ നിക്ഷേപമുണ്ടാകും. പിന്നെ വന്നു എന്നെ അനുഗമിക്ക” (വി. മത്തായി 19:20).

“ചെറിയ ആട്ടിൻ കൂട്ടമെ ഭയപ്പെടരുത്. നിങ്ങളുടെ പിതാവ് രാജ്യം നിങ്ങൾക്കു തരുവാൻ പ്രസാദിച്ചിരിക്കുന്നു. നിങ്ങൾക്കുള്ളതു വിറ്റു ഭിക്ഷ കൊടുപ്പിൻ. കള്ളൻ അടുക്കയോ പുഴു കെടുക്കയോ ചെയ്യാത്ത സ്വർഗ്ഗത്തിൽ പഴകിപ്പോകാത്ത മടിശ്ശീലകളും തീർന്നുപോകാത്ത നിക്ഷേപവും നിങ്ങൾക്കു ഉണ്ടാക്കിക്കൊൾവിൻ. നിങ്ങളുടെ നിക്ഷേപമുള്ളിടത്തു നിങ്ങളുടെ ഹൃദയവും ഇരിക്കും” (വിശുദ്ധ ലൂക്കോസ് 12:32-34).

“മക്കളേ സമ്പത്തിൽ ആശ്രയിക്കുന്നവർ ദൈവരാജ്യത്തിൽ കടക്കുന്നത് എത്ര പ്രയാസം” (വി. മർക്കോ. 10:24). “സമ്പത്തുള്ളവർ ദൈവരാജ്യത്തിൽ കടക്കുന്നത് എത്ര പ്രയാസം” (വി. ലൂക്കോസ് 18:24).

“ധനവാൻ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നതു പ്രയാസം തന്നെ എന്ന് ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു” (വി. മത്താ. 19:23).

www.malankaralibrary.com

“എന്റെ നിമിത്തം വീടുകളെയോ, നിലങ്ങളെയോ വിട്ടുകളഞ്ഞവന് എല്ലാം നൂറു മടങ്ങു ലഭിക്കും. അവൻ നിത്യജീവനേയും അവകാശമാക്കും” (വി. മത്താ. 19:29). “ഒരു കാശ് ധനമുള്ള സന്ന്യാസി ഒരു കാശു വിലയുള്ളവനല്ല.”

2. ഈ ലോകത്തിന്റെ ധനം ഭാരമാകുന്നു. അത് സമ്പാദിക്കുന്നതും കൈവശം വെച്ചുകൊണ്ടിരിക്കുന്നതും ചെലവാക്കുന്നതും ഭാരമാകുന്നു. ഈ ലോകത്തിന്റെ ധനം നിമിത്തമുണ്ടാകുന്ന ബന്ധനങ്ങളിൽ നിന്നു (Embarrssments) സ്വാതന്ത്ര്യം ലഭിച്ച ആത്മാവിനു ആനന്ദമുണ്ടാകുന്നു. അതുകൊണ്ട് സന്ന്യാസിക്ക് സ്വന്തമായി യാതൊരു ധനവും ഉണ്ടായിരിക്കരുത്.

3. നിത്യവ്രതം ചെയ്യുന്നതിനു മുമ്പു സ്വത്തുക്കളെല്ലാം അധീനത്തിൽ നിന്നൊഴിക്കേണ്ടതാകുന്നു. ബഥന്യാശ്രമത്തിൽ നിന്നും നടത്തുന്ന ദൈവവേലകൾക്കായി യാതൊരു വ്യവസ്ഥയും കൂടാതെ സമൂഹാദ്ധ്യക്ഷനെ ധനം ഏല്പിക്കാവുന്നതാണ്. എന്നാൽ അങ്ങനെ ഏല്പിക്കപ്പെടുന്ന ധനം എങ്ങനെ വിനിയോഗിച്ചുവെന്നോ, അതുകൊണ്ടു സാധിച്ചതോ, സാധിക്കാവുന്നതോ ആയ കാര്യങ്ങൾ ഏവയെന്നോ അന്വേഷിപ്പാൻ സന്ന്യാസിക്ക് ന്യായമില്ല. യേശുമിശിഹായെപ്രതി ലൗകിക ധനത്തിൽ നിന്നു വേർപെടുന്ന ആൾ അതിനേക്കാൾ വിലയേറിയ ഒരു ധനം നേടുന്നു - ദൈവകൃപ തന്നെ - ലൗകികന്മാരുടെ ഇടയിൽ നാം ബലഹീനരും നിർദ്ധനരും ആയിരിക്കുന്നതു കൊണ്ടു ദൈവമുമ്പാകെ നമുക്കു ബലവും ധനവും ഉണ്ടാകുന്നു. എന്നു തന്നെയല്ല, മനുഷ്യരുടെ ഇടയിൽ നമ്മുടെ ദൈവവേല ശക്തിയുള്ളതാവാൻ തക്ക ദൈവ കൃപ കൂടി നമുക്കു ലഭിക്കുന്നു.

സാധാരണ കൃത്യങ്ങൾ ചെയ്തുകൊണ്ട് ലോകത്തിൽ ജീവിക്കുന്ന അനേകമാളുകൾ കഷ്ടതരമായ ഞെരുക്കങ്ങൾ അനുഭവിക്കുന്നു. എന്നാൽ ദാരിദ്ര്യവ്രതമനുഷ്ഠിച്ചു ജീവിക്കുന്ന നമുക്കോ മുടങ്ങാതെ വേണ്ടതെല്ലാം ദൈവത്തിന്റെ അളവറ്റ കൃപയാൽ ലഭിച്ചുകൊണ്ടിരിക്കുന്നു എന്നുള്ള സംഗതി ഏറ്റം നന്ദിയോടുകൂടി നാം ചിന്തിക്കണം. ദാരിദ്ര്യത്തിൽ പാർക്കാൻ പ്രതിജ്ഞ ചെയ്തിട്ടുള്ള നാം ദരിദ്രന്മാരേക്കാൾ സുഭിക്ഷമായി കഴിപ്പാൻ ഇച്ഛിക്കരുത്. സന്ന്യാസിയുടെ ധനം ദാരിദ്ര്യം - വിശുദ്ധ ദാരിദ്ര്യം - ആയിരിക്കണം.

www.malankaralibrary.com

4. (എ) നമ്മുടെ സ്വന്തയാവശ്യത്തിനോ നാം ചുമതലപ്പെട്ടിരിക്കുന്ന വേലയുടെ വിജയത്തിനോ വേണ്ട ധനമില്ലാതെ നാം ബുദ്ധിമുട്ടുന്ന അവസരങ്ങൾ ഉണ്ടാകുമ്പോൾ "ദാരിദ്ര്യവ്രത"ത്തിന്റെ അനുഗ്രഹത്തെ സ്മരിച്ചുകൊണ്ട് വിശുദ്ധ ദാരിദ്ര്യത്തിൽ ജീവിച്ച യേശുമിശിഹായെ സ്തോത്രം ചെയ്യണം. (ബി) ഏതെങ്കിലും കാര്യം നാം ആഗ്രഹിക്കുന്നിടത്തോളം നന്നായി ചെയ്യുന്നതിന് വേണ്ട ധനം - സാമഗ്രികൾ - ഇല്ലാത്തതുകൊണ്ട് ദൈവമഹത്വം കുറഞ്ഞുപോകുമെന്നു ഭയപ്പെടേണ്ട. പ്രത്യുത നാം സന്തോഷ പൂർവ്വം അനുഭവിക്കുന്ന ദാരിദ്ര്യാവസ്ഥ മുഖാന്തിരം ദൈവം ഉപരിയായി മഹത്വപ്പെടുകയാണ് ചെയ്യുന്നത്. ദൈവത്തിന് ഇഷ്ടമുള്ളപ്പോൾ ഈ കുറവിനെ പരിഹരിക്കട്ടെ എന്നു നാം കരുതണം. ധനസമൃദ്ധി നിമിത്തം ആശ്രമസ്ഥനുണ്ടാകുന്ന സംതൃപ്തി ദൈവത്തിനു അപമാനത്തെ വരുത്തുന്നതാണ്. ആശ്രമത്തിനു ദാരിദ്ര്യം ഉണ്ടായിരിക്കുകയാണ് നല്ലത്.

5. (എ) നമുക്കു ആവശ്യത്തിനു വേണ്ട ധനമില്ലെന്നുള്ളതു തന്നെയല്ല ദാരിദ്ര്യവ്രതത്തിന്റെ സാരം. ധനം ഉണ്ടായിരിപ്പാനുള്ള അവകാശം പോലും വ്രതമെടുത്ത സമയത്തെ പ്രതിജ്ഞാവഴിയായി നാം ഉപേക്ഷിച്ചിരിക്കയാണ്. ഈ ത്യാഗമാണ് വി. ദാരിദ്ര്യവ്രതത്തിന്റെ ഭാഗ്യം. (ബി) ഏതു സാധനം തന്നുകൂടാ എന്നു അദ്ധ്യക്ഷൻ നിശ്ചയിക്കുന്നുവോ ആ സാധനം ഇല്ലാത്തതിനാൽ നാം എത്ര കഷ്ടപ്പെടേണ്ടിവന്നാലും ആ കഷ്ടപ്പാടിനെ സന്തോഷപൂർവ്വം സഹിക്കയും ആ സാധനത്തെ സധൈര്യം ഉപേക്ഷിക്കയും വേണം.

6. സന്ന്യാസി തനിക്കായി ധനം ആഗ്രഹിക്കരുത്, കരസ്ഥമാക്കരുത്. ദൈവവേലകൾക്കായി പോലും അത്യാവശ്യത്തിലധികം ആഗ്രഹിക്കരുത്.

7. (എ) അദ്ധ്യക്ഷാനുമതി കൂടാതെ സന്ന്യാസി കടം വാങ്ങുകോ, കൊടുക്കയോ, വെച്ചുമാറുകയൊ, വിലയ്ക്കു വിൽക്കുകയോ വാങ്ങുകയോ പാടില്ല, ജാമ്യം നില്ക്കയോ, ലൗകികകാര്യത്തിൽ മാദ്ധ്യസ്ഥ്യം വഹിക്കയോ പാടില്ല. (ബി) ഒരാളെ ഏല്പിച്ച സാമാനങ്ങൾ മറ്റൊരാൾക്കു കൊടുക്കയോ മറ്റൊരാളോട് വാങ്ങുകയോ ചെയ്യാൻ പാടില്ല. എന്നാൽ ആശ്രമസ്ഥന്മാർ തമ്മിൽ തമ്മിൽ ചില്ലറ സമാനങ്ങൾ തല്ക്കാല ആവശ്യത്തിലേക്ക് കൊടുക്കുകയും വാങ്ങുകയും ചെയ്യാം.

www.malankaralibrary.com

(സി) ഏതെങ്കിലും സാമാനം നഷ്ടപ്പെടുത്തുകയോ വല്ലതിനും കേടു വരുത്തുകയോ ചെയ്താൽ അദ്ധ്യക്ഷനെ അറിയിക്കണം. (ഡി) ഭക്ഷണ കാര്യത്തിൽ മിതവ്യയം പാലിക്കണം. സാധാരണ ദിവസങ്ങളിൽ മോരോ കറിയോ കൂടാതെ രണ്ടുകൂട്ടം കൂട്ടാൻ മാത്രമെ ഉപയോഗിക്കാവൂ. എന്നാൽ പെരുന്നാൾ മുതലായ വിശേഷ ദിവസങ്ങളിൽ കൂടുതൽ വിഭവങ്ങൾ അദ്ധ്യക്ഷാനുമതിയോടുകൂടി ഭക്ഷിക്കാം. (ഇ) ആശ്രമം വകയും ദേവാലയം വകയുമായ സകല സമാനങ്ങളും ദൈവത്തിനു പ്രതിഷ്ഠിക്കപ്പെട്ടവയാകയാൽ ദേവാലയത്തിൽ ഉപയോഗിക്കുന്ന വിശുദ്ധ വസ്തുക്കളേപ്പോലെ സന്ന്യാസി അവയെ സൂക്ഷിക്കയും ആദരപൂർവ്വം കൈകാര്യം ചെയ്യുകയും വേണം. യാതൊന്നും നഷ്ടപ്പെടുവാൻ ഇടയാക്കരുത്. എന്തെങ്കിലും നഷ്ടപ്പെട്ടാൽ അതെത്ര നിസ്സാരസാധനമായിരുന്നാലും അദ്ധ്യക്ഷന്റെ അടുക്കൽ റിപ്പോർട്ട് ചെയ്യണം.

8. സന്ന്യാസി ചെയ്തിട്ടുള്ള ഏതെങ്കിലും വേലയ്ക്ക് പാരിതോഷികമായി എന്തെങ്കിലും കൊടുക്കപ്പെടുമ്പോൾ, ആശ്രമത്തിന്റെ വകയ്ക്കായി മാത്രം അതിനെ സ്വീകരിക്കാവുന്നതും കഴിയുന്നത്ര എളുപ്പത്തിൽ അദ്ധ്യക്ഷനെ ഏൽപ്പിക്കേണ്ടതുമാകുന്നു.

9. അദ്ധ്യക്ഷന്റെ അനുമതിയോടുകൂടി ആശ്രമം വകയ്ക്കായി സംഭാവനകൾ പുറത്തുള്ളവരിൽ നിന്നു വാങ്ങാവുന്നതാണ്. മറ്റു വിധത്തിൽ യാതൊരു സംഭാവനയും വാങ്ങിക്കൂടാ. അദ്ധ്യക്ഷാനുമതി മുമ്പുകൂട്ടി വാങ്ങാൻ സൗകര്യപ്പെടാത്തപ്പോൾ, അനുമതി ലഭിക്കുമെന്നു നല്ല ധൈര്യമുള്ളതു വാങ്ങാം.

10. ഒരു സന്ന്യാസി ആശ്രമത്തിലേക്ക് ധനം കൊടുത്തു എന്ന കാരണത്താൽ ആശ്രമത്തിൽ യാതൊരു ബഹുമതിക്കും വിശേഷ വിധിയായ സുഖത്തിനും, സൗകര്യദാനങ്ങൾക്കും അശേഷം അർഹനായി ഗണിക്കപ്പെടുന്നതല്ല. അങ്ങനെ വിശേഷാൽ സുഖം ആഗ്രഹിക്കയോ അനുഭവിക്കയോ ചെയ്യുന്ന സന്ന്യാസി സ്വന്തം ധനസംഭാവനകൊണ്ട് ആശ്രമത്തെ സഹായിക്കുന്നില്ല, നശിപ്പിക്കുന്നു. വിശേഷാൽ സുഖം അനുവദിച്ച് കൊടുക്കുന്ന അദ്ധ്യക്ഷനും അനുഭവിക്കുന്ന സന്ന്യാസിയും ആശ്രമത്തെ ദ്രോഹിക്കുന്നു. ഇങ്ങനെ വരാതിരിപ്പാൻ സന്ന്യാസി കരുതിക്കൊള്ളണം.

11. ബഥന്യാശ്രമത്തിന്റെ മാതൃഗൃഹത്തിനൊ ശാഖാമന്ദിരങ്ങൾക്കൊ ധനമുള്ള പക്ഷം ആ ധനം ഒരു വലിയ ചുമടാണ്. ധനത്തെ കൂട്ടി

www.malankaralibrary.com

വയ്ക്കയോ വർദ്ധിപ്പിക്കയോ അരുത്. അനേകം പ്രാർത്ഥനകളുടെ ശക്തിയാലും ദൈവമഹത്വത്തിനായുമുള്ള ഉദ്യമങ്ങളാലും ഈ ധനച്ചുമടിനെ ദൈവത്തിങ്കലേക്ക് ആശ്രമാംഗങ്ങൾ ഉയർത്തണം. ധനം കൈകാര്യം ചെയ്യുന്ന അദ്ധ്യക്ഷന്മാർ സകലവും ദൈവമഹത്വത്തിനായി മാത്രം വിനിയോഗിപ്പാൻ കടപ്പെട്ടിരിക്കുന്നു. ദാരിദ്ര്യവ്രതം ആന്തരത്തിലും ആത്മാവിലും അക്ഷരത്തിലും-അകമെയും പുറമെയും അനുഷ്ഠിക്കുന്നതിന് പ്രത്യേകം ദൈവസഹായം അവർക്കുണ്ടായിരിപ്പാൻ ആശ്രമാംഗങ്ങൾ പ്രാർത്ഥിക്കണം.

12. താഴെക്കാണുന്നത് ലംഘിക്കുന്നതായാൽ അത് വി. ദാരിദ്ര്യ പ്രതിജ്ഞയ്ക്ക് ലംഘനമാകുന്നു. (എ) അനുവാദം കൂടാതെ ആശ്രമം വകയോ, പുറത്തുള്ളവരുടെ വകയോ ആയ വല്ല സാധനവും തനിക്കായിട്ടോ, മറ്റുള്ളവരുടെ ആവശ്യത്തിനായിട്ടോ കരസ്ഥമാക്കരുത്. (ബി) ഏല്പിച്ചിരിക്കുന്ന സാമാനം അനുവദിച്ചിട്ടുള്ളതിൽ കൂടുതൽ സമയം കൈവശം വച്ചുകൊണ്ടിരിക്കരുത്. (സി) ചാർച്ചക്കാർ കൂട്ടുകാർ മുതലായവരിൽ നിന്നു വല്ല സാമാന വും സ്വീകരിച്ച് സ്വന്ത വകയായി സൂക്ഷിക്കരുത്. (ഡി) തനിക്കുവേണ്ടിയോ സമൂഹത്തിലേക്കു വേണ്ടിയോ അനു വാദം കൂടാതെ വല്ലതും വിലക്കു വാങ്ങുകയോ വല്ല സാമാനവും വില്ക്കുകയോ, വച്ചുമാറുകയോ, കടംകൊടുക്കയോ അരുത്. (ഇ) അനുവദിക്കപ്പെട്ടതുപോലും ആവശ്യത്തിലധികം ചെലവിടരുത്. (എഫ്) ബഥന്യാശ്രമത്തിനോ, ദൈവവേലകൾക്കോ ആയിട്ടല്ലാതെ ഒരാൾ വല്ല സാധനവും ഏല്പിക്കുന്നപക്ഷം അത് സ്വീകരിക്കരുത്. (ജി) ദരിദ്രന്മാരെ സംരക്ഷിക്കുക മുതലായ പരോപകാരാർത്ഥങ്ങളായ വേലകൾക്ക് വല്ലവരും സന്ന്യാസിയെ എന്തെങ്കിലും ഏല്പിക്കുന്ന പക്ഷം അതു വാങ്ങി അദ്ധ്യക്ഷനെ ഏല്പിക്കണം. (എച്ച്) ഒരു മന്ദിരത്തിൽ നിന്നു മറ്റൊരു മന്ദിരത്തിലേക്കു പോകു മ്പോൾ തന്റെ നിത്യോപയോഗത്തിനു ഏല്പിച്ചിട്ടുള്ള സാമാനങ്ങൾ അല്ലാതെ വേറൊന്നും കൊണ്ടുപോകരുത്. (ഐ) സമൂഹത്തിലുള്ളവർക്കോ, പുറത്തുള്ളവർക്കോ യാതൊന്നും കൊടുത്തുകൂടാ. എന്തുകൊണ്ടെന്നാൽ സന്ന്യാസി നിർദ്ധനാകുന്നു. വഴിയാത്രയിൽ തുലോം ചെറിയ സംഖ്യകൾ ധർമ്മം ചെയ്വാൻ അനുവദിച്ചിരിക്കുന്നു. (ജെ) സന്ന്യാസിക്ക് ന്യായമായി കിട്ടേണ്ടതായ ഏതെങ്കിലും ധനമൊ, വരുമാനമൊ, അവകാശമൊ ഉപേക്ഷിപ്പാൻ അനുവാദമില്ല. (കെ) സ്വന്ത ഉപയോഗത്തിനായി കൊടുത്ത സാധനം നഷ്ടപ്പെടുത്തു

www.malankaralibrary.com

കയോ നശിപ്പിക്കയോ ചെയ്യരുത്. (എൽ) ആശ്രമം വക യാതൊരു സാധനവും നഷ്ടപ്പെടുത്തുകയൊ നശിപ്പിക്കുകയോ ചെയ്യരുത്. (എം) അദ്ധ്യക്ഷൻ അനുവദിക്കാത്ത ഒരു കാര്യത്തിന് യാതൊരു സാധനവും വിനിയോഗി ക്കരുത്.

**ദാരിദ്ര്യസുകൃതം.** 1. "ആത്മാവിൽ ദാരിദ്ര്യമുള്ളവർ ഭാഗ്യവാന്മാർ എന്തുകൊണ്ടെന്നാൽ സ്വർഗ്ഗരാജ്യം അവരുടെയാകുന്നു." (വി. മത്തായി 5:3) സന്ന്യാസപരമായ ദാരിദ്ര്യ സുകൃതം കൊണ്ട് ആത്മാവിനെ നിറച്ചിരിക്കുന്നവൻ ഭാഗ്യവാന്മാർ.

2. ദൈവം സമ്പാദ്യമായി ഉള്ളപ്പോൾ മറ്റൊരു സമ്പാദ്യം കൂടെ വേണമെന്ന് ഇഛിക്കുന്നവൻ അത്യാഗ്രഹിയാകുന്നു. (വി. ആഗസ്തീനോസ്)

3. നമ്മുടെ കർത്താവേശുമിശിഹാ സർവലോകത്തിന്റെയും ദൈവവും രാജാവുമായിരുന്നിട്ടും ദരിദ്രാവസ്ഥയുടെ തുലോം താണപടിയിൽ പ്രവേശിക്കുന്നതിനും ആയുഷ്ക്കാലം മുഴുവനും സുഖസന്തോഷങ്ങളെ വെടിഞ്ഞ് കഷ്ടപ്പെടുന്നതിനും മനസ്സുവെച്ച് ദരിദ്രനായി ജനിച്ചു; ദരിദ്രനായി വളർന്നു; ദരിദ്രനായി ആയുസ്സ് നയിച്ചു; ദരിദ്രനായി മരിച്ചു (വി. മത്തായി 8:20). മരണത്തിങ്കൽ ധരിച്ചിരുന്ന വസ്ത്രങ്ങൾ പോലും ശത്രുക്കൾ ഉരിഞ്ഞു കളഞ്ഞു. യാതൊരു സമ്പത്തുമില്ലാത്തവനായി അന്യന്റെ കല്ലറയിൽ അടക്കപ്പെട്ടു. യേശുമിശി ഹായെ പറ്റി പൂർണ്ണമായി അനുകരിക്കുന്ന സന്ന്യാസിയുടെ സർവ്വ സമ്പാദ്യവും വി. ദാരിദ്ര്യം ആയിരിക്കണം. കർത്താവിന്റെ ദൃഷ്ടാന്തവും കൃപയും ഇതിലേക്ക് സന്ന്യാസിയെ ആകർഷിക്കയും ശക്തിപ്പെടുത്തു കയും ചെയ്യുന്നു.

4. ദൈവമാതാവായ വി. കന്യകമർത്തമറിയാമ്മിന്റെയും വി. ശ്ലീഹാന്മാരുടെയും പ്രശോഭിതന്മാരായ അനേകം പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും ദൃഷ്ടാന്തം അനുകരിക്കണം.

5. ആവശ്യത്തിൽ കൂടുതലായി എന്തെങ്കിലും സാധനമൊ, വില പിടിച്ചതോ, ഭംഗിയേറിയതോ, വിശേഷമാതിരിയിൽ പണിയപ്പെട്ടതോ, ഏതെങ്കിലും വസ്തുവോ, അസാധാരണമായ വല്ല സാമാനമോ, കിട്ടുന്നതിനു സന്ന്യാസി ആഗ്രഹിക്കയോ അന്വേഷിക്കയോ അരുത്. ഇങ്ങനെ

www.malankaralibrary.com

യുള്ള വല്ല സാധനവും ആരെങ്കിലും സന്ന്യാസിക്കു കൊടുക്കുന്ന പക്ഷം, അതിനെ ഉറപ്പായി നിഷേധിക്കണം. എന്നു തന്നെയല്ല, ചില്ലറ സമ്മാനങ്ങൾ ഒട്ടുംതന്നെ സന്ന്യാസി സ്വീകരിക്കരുത്. പുറത്തു ലോകത്തിൽ താമസിക്കുന്ന ആളുകൾക്ക് വിലപിടിച്ച നിധികൾ ലഭിക്കുന്നതിനാൽ വന്നു കൂടുന്ന ആപത്തിനേക്കാൾ ഭയങ്കരമായ ആപത്തു ചില്ലറ സമ്മാനങ്ങൾ സ്വീകരിക്കുന്ന സന്ന്യാസിക്കുണ്ടാകുന്നു.

6. ആവശ്യത്തിനു വേണ്ടതുള്ളപ്പോൾ പൂർണ്ണമായി തൃപ്തിപ്പെട്ടു കൊള്ളുക. അതുപോലും ലഭിപ്പാൻ നീ അർഹനല്ലെന്ന് കരുതിക്കൊള്ളണം. അത്യാവശ്യമുള്ള വല്ല സാധനവും ഇല്ലാതെയിരുന്നാൽ ആ കുറവിനെ ക്ഷമയോടുകൂടെ സഹിക്കുകയും അതു വെളിപ്പെടുത്താതിരിക്കയും ചെയ്യണം. യേശുമിശിഹായോടുള്ള സ്നേഹത്തെപ്രതി ഈ വിധം സുകൃതം അഭ്യസിക്കണം.

7. സമൃദ്ധിയായി എന്തെങ്കിലും ഉണ്ടെങ്കിൽ ആ സമൃദ്ധിയെപ്പറ്റി ഭയപ്പെടണം. ദൈവത്തിന്റെ സ്നേഹവും സ്വർഗ്ഗീയമായ അനുഗ്രഹങ്ങളും സന്ന്യാസപരമായ സുകൃതങ്ങളും മാത്രമേ സമൃദ്ധിയായി സന്ന്യാസിക്കുണ്ടായിരിക്കാവൂ. മറ്റെന്തെങ്കിലും സമൃദ്ധിയായി ഉള്ള പക്ഷം ലൗകികന്മാർ ദാരിദ്ര്യത്തെ ഭയപ്പെടുന്ന പ്രകാരം സന്ന്യാസി ആ സമൃദ്ധിയെ ഭയപ്പെടണം. ആത്മാവിൽ ദാരിദ്യസുകൃതം പാലിക്കുന്നതിന് ഇതാവശ്യമാകുന്നു. നിനക്കു യാതൊന്നുമില്ലാത്തപ്പോൾ, നീ കേവലം ദരിദ്രനാണെന്നു കാണുമ്പോൾ, സന്തോഷിച്ചു കൊള്ളുക. ലോകത്തിലുള്ള മഹാപ്രഭുക്കന്മാരുടെ സ്ഥാനം ലഭിക്കുമ്പോൾ ലൗകികന്മാർ സന്തോഷിക്കുന്നതിനു അപ്പുറമായി ഈ ദാരിദ്ര്യത്തിൽ സന്തോഷിച്ചു കൊള്ളുക.

8. ആവശ്യപ്പെട്ട സാധനങ്ങൾ ലോഭമായി ഉപയോഗിക്കണം അവ നിന്റെ സ്വന്തമാണെന്നുള്ള വിധം ഉപയോഗിക്കരുത്. യേശുമിശിഹായുടെ പത്രമേനി (Patrimony) യിൽ നിന്ന് നിനക്ക് ഉപയോഗത്തിനായി ദയാപൂർവ്വം തന്നിട്ടുള്ള സാധനമാണെന്നു കരുതി ഉപയോഗിച്ചു കൊള്ളുക. നിനക്കു ലഭിക്കുന്ന സാധനങ്ങളോട് നിന്റെ മനസ്സിന് വിശേഷാൽ അടുപ്പമുണ്ടാകരുത്. നിനക്ക് ഇഷ്ടമില്ലാത്തതും അസൗകര്യപ്രദവുമായ സാധനങ്ങൾ കിട്ടുവാൻ ആഗ്രഹിച്ചുകൊള്ളുക. യേശുമിശിഹായോടുള്ള സ്നേഹത്തെപ്രതി അവയെ അധികം നന്നായി

www.malankaralibrary.com

ഉപയോഗിക്കണം.

9. വഴിയാത്ര ചെയ്യുമ്പോഴും, രോഗത്തിൽ കിടക്കുമ്പോഴും മനുഷ്യർ അധികമായി നിന്നെ അന്വേഷിക്കണമെന്നോ, നിന്റെ കാര്യത്തിൽ ശ്രദ്ധവെക്കണമെന്നോ, ആഗ്രഹിക്കരുത്. അങ്ങനെ ശ്രദ്ധിക്കുന്ന പക്ഷം അതിനേക്കുറിച്ച് നിനക്ക് ഭയം ഉണ്ടായിരിക്കണം. പൂർണ്ണമായ ആത്മസമാധാനത്തോടും ഉത്തമവിശ്വാസത്തോടുംകൂടി ദരിദ്രന്മാരുടെ പിതാവായ നമ്മുടെ കർത്താവിന്മേൽ നിന്റെ സകല വിചാരവും മനോഭാരവും വെച്ചുകൊള്ളുക.

10. ആശ്രമത്തിലെ ലൗകികമായ ആവശ്യങ്ങൾ നടത്തുന്നതിനു നിന്നെ ചുമതലപ്പെടുത്തിയിരിക്കയാണെങ്കിൽ പോലും അവയെപ്പറ്റി മനോഭാരപ്പെടരുത്. ദൈവത്തിൽ ശരണപ്പെടുകയും ദൈവികമായി മാത്രം ശ്രമിക്കയും ചെയ്യുക. ആവശ്യത്തിലധികം ഉണ്ടാകണമെന്നാഗ്രഹിക്കയോ ഉദ്യമിക്കയോ അരുത്. സമൃദ്ധിയെ ഭയപ്പെട്ടുകൊൾക.

11. നിനക്കു ലഭിക്കുന്ന ഏതു സംഭാവനയും ആശ്രമാംഗങ്ങൾ, നിസ്സഹായന്മാർ മുതലായ ദൈവത്തിന്റെ ദരിദ്രന്മാർക്കായി നല്കപ്പെടുന്നതാകുന്നു. അതുകൊണ്ട് വലുതും ചെറുതുമായ ഏതു സംഭാവനയും നീ വലുതായി ഗണിക്കയും നന്ദിയോടുകൂടെ സ്വീകരിക്കയും സംഭാവന തരുന്നവർക്കായി പ്രാർത്ഥിക്കയും ചെയ്യണം.

12. ലോകത്തിൽ ദരിദ്രന്മാർ ധനവാന്മാരേക്കാൾ അധികം യേശുമിശിഹായ്ക്ക് അനുരൂപന്മാരാകുന്നു. അതുകൊണ്ട് ദരിദ്രന്മാരും അറിവില്ലാത്തവരും നിന്ദ്യന്മാരുമായ ആളുകളോടു കൂടെ സഹവാസം ചെയ്യുന്നതിനു അധികമായി ഇഷ്ടപ്പെട്ടുകൊൾക. യേശുമിശിഹായുടെ ദാരിദ്ര്യാവസ്ഥയെ സ്നേഹിക്കുന്നതിനു ഇതു നല്ല മാർഗ്ഗമാകുന്നു.

13. ഭക്ഷണം, വസ്ത്രം മറ്റു ആവശ്യങ്ങൾ മുതലായ ഓരോന്നിലും തിരഞ്ഞെടുക്കുന്നതു തുലോം താണതായിരിക്കണം. വി. ദാരിദ്ര്യത്തോടുള്ള സ്നേഹവും സ്വയത്തോടുള്ള വെറുപ്പും നിമിത്തം ഇങ്ങനെ ചെയ്യണം.

14. കുറഞ്ഞപക്ഷം മാസത്തിൽ ഒരിക്കൽ നിന്റെ “തൗനാ” നന്നായി പരിശോധിക്കണം. അതിൽ സൂക്ഷിപ്പാൻ അനുവാദമില്ലാത്തതായ വല്ല സാധനവും അതിലുണ്ടോ? നിനക്കാവശ്യമില്ലാത്തതു എന്തെങ്കിലുമു

www.malankaralibrary.com

ണ്ടോ? അതിലുള്ള എന്തെങ്കിലും സാധനം അദ്ധ്യക്ഷൻ എടുത്തു കള യുന്ന പക്ഷം വിഷമം തോന്നുന്ന വല്ലതുമുണ്ടോ? ഇങ്ങനെയുള്ള സാധന ങ്ങൾ എത്ര വിശുദ്ധമായിരുന്നാലും ഉടനെ തന്നെ നീക്കിക്കളയണം. നിന്റെ മനസ്സിന് അതിനോടുള്ള പ്രത്യേക സ്നേഹം പിശാചിന്റെ കെണി യാകുന്നു.

15. താഴെ കാണുന്ന ഉപദേശങ്ങൾ ലംഘിക്കുന്നതായാൽ അത് പ്രതിജ്ഞയ്ക്കു ലംഘനമല്ലെങ്കിലും വി. ദാരിദ്ര്യമാകുന്ന സുകൃതത്തിന് ലംഘനമാകുന്നു. ഇവയൊന്നും നിസ്സാരമാണെന്നു വിചാരിക്കരുത്. യഥാർത്ഥ സന്ന്യാസജീവിതത്തിനു ഈ വീഴ്ചകൾ ഭയങ്കരമായ ആപത്തു വരുത്തും. (എ) പ്രതിജ്ഞ ചെയ്ത സമയത്ത് ദൈവത്തിനു ബലി കഴിച്ച ഏതെങ്കിലും വസ്തുക്കളെക്കുറിച്ച് ദുഃഖിക്കരുത്. (ബി) അനുവദിച്ചിട്ടി ല്ലാത്ത ഏതെങ്കിലും സാധനം ഉപയോഗിക്കണമെന്നോ, കൊടുക്കൽ വാങ്ങൽ ചെയ്യണമെന്നോ, ആഗ്രഹിക്കരുത്. (സി) അനുവാദമുണ്ടെ ന്നിരുന്നാലും ആവശ്യമില്ലാത്ത വല്ലതും കൈവശം വച്ച് കൊണ്ടിരി ക്കയോ ഉപയോഗിക്കയോ ചെയ്യരുത്. (ഡി) ഏതെങ്കിലും വസ്തുക്ക ളോടു പ്രത്യേകം പ്രതിപത്തിയുണ്ടായിരിക്കരുത്. (അത് ഉപയോഗി ക്കുന്നതിൽ സന്തോഷവും എടുത്തു കളഞ്ഞേക്കുമോ എന്നോർത്തു ഭയവും ഉണ്ടാകുന്നു എങ്കിൽ അത് പ്രതിപത്തിയാകുന്നു). (ഇ) ചുമത ലയിൽ പെടാത്ത വസ്തുക്കൾ തന്നെയായാലും നഷ്ടപ്പെടുത്തുകയോ ചീത്തയാക്കുകയോ ചെയ്യുന്നതിനനുവദിക്കരുത്. (എഫ്) സമയം വൃഥാ നഷ്ടപ്പെടുത്തരുത്. (ജി) അദ്ധ്യക്ഷൻ ഏല്പിച്ചതായ വല്ല സാധനവും സ്വന്തമെന്നുള്ള മനഃസ്ഥിതിയോടുകൂടി കൈവശം വെച്ചുകൊണ്ടിരി ക്കരുത്. (എച്ച്) അദ്ധ്യക്ഷൻ തിരികെ വാങ്ങിക്കളയും എന്ന് ഏത് സാധന ത്തെപ്പറ്റി ഭയം തോന്നുന്നുവോ ആ സാധനം ഉപയോഗിക്കുന്ന വിഷയ ത്തിൽ ദാരിദ്ര്യവ്രതത്തിന് ഭംഗം വരാം. (ഐ) ഏതെങ്കിലും സാധനം അദ്ധ്യക്ഷനെ കാണിക്കാതെ ഒളിച്ചു വയ്ക്കണമെന്ന് തോന്നിയാൽ ആ തെറ്റിനെ ജയിക്കാതിരിക്കുന്നത് ദാരിദ്ര്യസുകൃതത്തിന് ഭംഗമാണ്.

✞

www.malankaralibrary.com

അദ്ധ്യായം 2

# ബ്രഹ്മചര്യവ്രതം (കന്യാവ്രതം)

1. ബഥന്യാശ്രമസ്ഥൻ നമ്മുടെ കർത്താവേശുമിശിഹാ മുഖാന്തരം ദൈവത്തിനു തന്നത്താൻ ഹോമയാഗമർപ്പിച്ചുകൊണ്ട് വി. ബ്രഹ്മചര്യാവ്രതം അനുഷ്ഠിക്കണം. "സകല മനുഷ്യരും എന്നെപ്പോലെ ആയിരിക്കണമെന്ന് ഞാൻ ഇച്ഛിക്കുന്നു" (1 കോരി. 7:7). "വിവാഹം കഴിയാത്തവരോടും വിധവമാരോടും അവർ എന്നെ പ്പോലെ പാർത്തുകൊണ്ടാൽ അവർക്കു കൊള്ളാം എന്ന് ഞാൻ പറയുന്നു" (1 കോരി. 7:8).

'ഓരോരുത്തർക്ക് കർത്താവ് വിഭാഗിച്ച് കൊടുത്തതുപോലെയും ഓരോരുത്തനെ ദൈവം വിളിച്ചതുപോലെയും അവനവൻ നടക്കട്ടെ" (1 കോരി. 7:17). "ഓരോരുത്തൻ വിളിക്കപ്പെട്ട സ്ഥിതിയിൽ തന്നെ വസിച്ചുകൊള്ളട്ടെ" (1 കോരി. 7:20; 33-35). "വരം ലഭിച്ചവർ അല്ലാതെ എല്ലാവരും ഈ വചനം ഗ്രഹിക്കുന്നില്ല. മാതാവിന്റെ ഗർഭത്തിൽനിന്നു ഷണ്ഡന്മാരായി ജനിച്ചവരുണ്ട്. മനുഷ്യർ ഷണ്ഡന്മാരാക്കിയ ഷണ്ഡന്മാരും ഉണ്ട്". *സ്വർഗ്ഗരാജ്യം നിമിത്തം തങ്ങളെത്തന്നെ ഷണ്ഡന്മാരാക്കിയ ഷണ്ഡന്മാരും ഉണ്ട്. ഗ്രഹിപ്പാൻ കഴിയുന്നവൻ ഗ്രഹിക്കട്ടെ (വി. മത്താ. 19:11-12).

"എന്റെ നാമം നിമിത്തം വീടുകളെയോ സഹോദരന്മാരേയോ സഹോദരികളെയോ അപ്പനേയോ അമ്മയേയോ മക്കളേയോ, നിലങ്ങളെയോ വിട്ടുകളഞ്ഞവന് എല്ലാം നൂറ് മടങ്ങു ലഭിക്കും. അവൻ നിത്യജീവനേയും അവകാശമാക്കും" (വി. മത്താ. 19:29; ലൂക്കോ. 18:29-30).

"യേശുവിനെ സ്നേഹിച്ച (ബ്രഹ്മചാരിയായ) ശിഷ്യൻ അത്താഴത്തുങ്കൽ അവന്റെ നെഞ്ചിൽ ചാരിക്കിടന്നു" (വി. യോഹ. 21:20). യേശു മരണസമയത്തു കന്യകയായ മാതാവിനെ ഈ ശിഷ്യന്റെ കയ്യിൽ ഭരമേല്പിച്ചു. "യേശു തന്റെ അമ്മയും താൻ സ്നേഹിച്ച ശിഷ്യനും നില്ക്കു

* കർത്താവേശുമിശിഹായോടുള്ള സ്നേഹനിമിത്തം സ്വമനസ്സാ സ്വീകരിച്ച ബ്രഹ്മചര്യപ്രതിഷ്ഠയുള്ള ജീവിതം.

www.malankaralibrary.com

ന്നതു കണ്ടിട്ട് "സ്ത്രീയേ ഇതാ നിന്റെ മകൻ" എന്ന് അമ്മയോടു പറഞ്ഞു. പിന്നെ ശിഷ്യനോട് "ഇതാ നിന്റെ അമ്മ" എന്നും പറഞ്ഞു. ആ നാഴിക മുതൽ ആ ശിഷ്യൻ അവളെ തന്റെ വീട്ടിൽ കൈക്കൊണ്ടു (വി. യോഹ. 19:5-27).

യോഹന്നാൻ യേശുവിന്റെ മാർവ്വിടത്തിൽ ചാരിക്കിടന്നതു പോലെ സന്ന്യാസി വി. സമാധിയിൽ (By holy contemplation) യേശുവിൽ വിശ്രമിക്കുന്നു. മാതാവിനെ സംരക്ഷിച്ചതുപോലെ സന്ന്യാസി വി. കാതോലിക്കാ സഭയെ സംരക്ഷിക്കയും ചെയ്യുന്നു.

2. ഭൗമിക മോഹങ്ങളെ ചവിട്ടി താഴ്ത്തിക്കൊണ്ടും, സ്വർഗ്ഗീയ സമാധാനം യേശുവിൽ കണ്ടുകൊണ്ടും, സന്ന്യാസി ജഡത്തെ ശുദ്ധീ കരിക്കണം. രാഗങ്ങളെ (Affections) ശുദ്ധീകരിക്കണം. മനസ്സിന്റെയും ദേഹത്തിന്റെയും ശക്തികളെ രൂപാന്തരപ്പെടുത്തി പ്രതിഷ്ഠിക്കുകയും ദൈവമഹത്വത്തിനായി ചെലവാക്കുകയും വേണം.

3. (എ) യേശുവിനോടുള്ള രഹസ്യസംഭാഷണം സന്ന്യാസി നിത്യതഴക്കമാക്കിത്തീർക്കണം. രാവിലെ ധ്യാനത്തിൽ ചെയ്ത നിശ്ചയം, വി. കുർബ്ബാന അനുഭവിച്ചതിന്റെ ഉദ്ദേശം, നിമിഷപ്രാർത്ഥന ഇവയിൽ ഏതെങ്കിലും ഒന്നിനെപ്പറ്റി പകൽ സമയം പല പ്രാവശ്യം ഓർക്കുന്നത് യേശുവിനോടുകൂടി പാർത്ത് ഹൃദയശുദ്ധി പാലിപ്പാൻ സഹായിക്കും. (ബി) യേശുവിന്റെ ഭക്ഷണമേശയിൽ സന്ന്യാസി യേശുവിനോടൊത്ത് ഇരിക്കണം. യേശു ചെവി ചായിച്ച് കേൾപ്പാൻ ഒരുങ്ങിയിരിക്കുന്നു. സന്ന്യാസി യേശുവിന്റെ ചെവിയിൽ സ്വന്ത ദുഃഖത്തേയും, സംശയ ങ്ങളേയും, പാപങ്ങളേയും, പരീക്ഷകളേയും, പ്രയാസങ്ങളേയും, ഭയ ത്തേയും കുറിച്ച് പറയട്ടെ. യേശുവിന്റെ ശബ്ദത്തെ അവൻ കേൾക്കണം.

4. സകല കാര്യങ്ങളേയും യേശു ഭരിക്കുകയും നടത്തിക്കുകയും ചെയ്യുന്നു. സന്ന്യാസിയുടെ ജീവിതത്തെ യേശു ഓരോ വഴികളിൽക്കൂടി നടത്തുകയും ഭരിക്കുകയും ചെയ്യും.

5. (എ) നോട്ടം, കേൾവി, സ്പർശനം, വായന, സംഭാഷണം മുത ലായതെല്ലാം വിശുദ്ധിക്ക് (കന്യത്വത്തിന്) ഏറ്റവും സഹായമായിരിക്കു ന്നവ ആയിരിക്കണമെന്നും, അങ്ങനെ അല്ലാത്തവയെ വർജ്ജിക്കണ മെന്നും സന്ന്യാസിക്ക് നിർബ്ബന്ധം ഉണ്ടായിരിക്കണം. (ബി) സന്ന്യാസി അശുദ്ധ മായ യാതൊന്നിനേയും, ജീവനുള്ളതോ അല്ലാത്തതോ ആയ യാതൊര ശുദ്ധിയേയും ഹൃദയം കൊണ്ട് സ്പർശിക്കാതിരിക്കത്തക്കവണ്ണം മനോ വ്യാപാരങ്ങളെ സൂക്ഷിക്കണം. വിശുദ്ധിക്ക് ഭംഗം വരത്തക്ക യാതൊന്നി നേയും നോക്കാതിരിക്കത്തക്കവണ്ണം സന്ന്യാസി സൂക്ഷ്മത്തോടുകൂടി കണ്ണുകളെ അടക്കി ഭരിക്കണം. അശുദ്ധ കാഴ്ചകളുടെ മുന്നിൽ നിന്ന് പൊടുന്നനവേ മുഖം തിരിച്ചുകളയണം. യേശു വി. കുർബ്ബാന സ്ഥാപി

www.malankaralibrary.com

ക്കുന്നതോ, ക്രൂശിന്മേൽ കഷ്ടപ്പെടുന്നതോ, സ്വർഗ്ഗത്തിൽ മഹിമപ്പെടുന്നതോ, കാണാൻ തക്കവണ്ണം സന്ന്യാസി അയാളുടെ മനോനയനങ്ങളെ യേശുവിങ്കലേക്ക് തിരിക്കണം. ഇങ്ങനെ ചെയ്യുമ്പോൾ സ്നേഹപ്രകരണം നടത്തുന്നത് നല്ലതാകുന്നു. (സി) വിഷയമോഹം സംബന്ധിച്ചുള്ള വസ്തുക്കളേയും പ്രവർത്തികളേയും വർജ്ജിക്കുന്നതുകൊണ്ടുമാത്രം മതിയായില്ല. അശുദ്ധവും അയോഗ്യവുമായ എല്ലാ വിചാരത്തേയും വർജ്ജിക്കേണ്ടതുണ്ട്. സന്ന്യാസിയുടെ മനസ്സ് പരിശുദ്ധാത്മാവിന്റെ ആലയം അത്രേ. പരിശുദ്ധാത്മാ വിന്റെ സാന്നിദ്ധ്യത്തിനും ദൃഷ്ടിക്കും (Presence and Cognisance of the Holy Spirit) ചേരാത്ത യാതൊരു വിചാരവും സന്ന്യാസിയുടെ മനസ്സിൽ ഉണ്ടാകുമാറാകരുത്. (ഡി) മനസ്സിനേയും ശരീരത്തേയും എല്ലാ അശുദ്ധിയിൽ നിന്നും വേർപെടുത്തി നിർത്തണം. മനുഷ്യൻ ജഡത്തിൽ പാർക്കുന്ന കാലത്ത് ബലഹീനത (Infirmity) ധരിച്ചിരിക്കുന്നു. എന്നാൽ ഈ ശരീരം ഉയിർത്തെഴുന്നേറ്റ് മഹത്വീകരിക്കപ്പെടേണ്ടതാകയാൽ ശരീരത്തിൽ അശുദ്ധരാഗങ്ങളെ അനുവദിക്കുന്ന (Tolerate) മനുഷ്യൻ ഉയിർപ്പിങ്കൽ മഹത്വത്തെ നഷ്ടപ്പെടുത്തുന്നു.

6. സ്വയംഭോഗം (Self Indulgence) ഭീരുത്വമാകുന്നു. സന്ന്യാസി സദാ ധൈര്യശാലി ആയിരിക്കണം. എത്രകായക്ലേശം (bodily pain) സഹിക്കേണ്ടി വന്നാലും അവൻ അശുദ്ധിയോടു സധൈര്യം എതിർക്കുക തന്നെ വേണം.

7. (എ) സന്ന്യാസി തനിച്ചിരിക്കുമ്പോൾ അയാൾ യാതൊരു സ്ത്രീയോടും സംസാരിച്ചുകൂടാ. സന്ന്യാസി പട്ടക്കാരൻ സ്ത്രീയെ കുമ്പസാരിപ്പിക്കുമ്പോൾ ദേവാലയത്തിൽ കുറഞ്ഞ പക്ഷം വേറെ ഒരാൾ കൂടി ഉണ്ടായിരിക്കേണ്ടതാണ്. സന്ധ്യ കഴിഞ്ഞു സ്ത്രീകളെ കുമ്പസാരിപ്പിക്കാനും പാടുള്ളതല്ല. (ബി) കുമ്പസാരം വി. കുർബാനാനുഭവം രോഗിക്കുവേണ്ടിയുള്ള പ്രാർത്ഥന ഇങ്ങനെയുള്ളവ ഒഴിച്ചുള്ള അവസരങ്ങളിൽ സന്ന്യാസി പട്ടക്കാരനും മറ്റു സന്ന്യാസിമാർ എല്ലാ സമയങ്ങളിലും സ്ത്രീകളിൽ നിന്നും മൂന്നടി ദൂരത്തു നിന്നു മാത്രമെ സംസാരിക്കാവൂ. (സി) വഴിക്കു വെച്ച് സന്ന്യാസിക്കു സ്ത്രീകളോടു സംസാരിച്ചു കൂടാ. സ്ത്രീകളൊടൊരുമിച്ച് തീവണ്ടി മുതലായ പബ്ലിക്ക് വാഹനങ്ങ ളിൽ പോലും നിവൃത്തിയുള്ള പക്ഷം സഞ്ചരിച്ചുകൂടാ.

8. സന്ന്യാസി മടിയനായിരിക്കരുത്. സകല പാപങ്ങളുടേയും മാതാവ് മടിയാകുന്നു. മടി സാത്താന്റെ തലയിണയത്രേ. സമയം വിലയേറിയതാണെന്നും ഓരോ നിമിഷവും ഉപയോഗിക്കുന്നതിൽ ദൈവത്തിന് കണക്കു കൊടുക്കേണ്ടതാണെന്നും അറിഞ്ഞുകൊള്ളട്ടെ.

9. മരണകരമല്ലാത്ത പാപങ്ങളെപ്പോലും (venial sins) നിഷ്കർഷയായി വർജ്ജിക്കണം. അവ തുടരെ ചെയ്യുന്നതായാൽ തൻ നിമിത്തം

www.malankaralibrary.com

ഭയങ്കരമായ വലിയ പാപങ്ങളിൽ വീണുപോകും. ലഘുവായ പാപങ്ങൾ ഒരിക്കൽ പോലും ചെയ്യാതിരിപ്പാൻ നന്നായി ശ്രമിക്കുക.

10. ശരീരസുഖത്തെ പറ്റി അമിത വാഞ്ഛയുള്ളവനായിരിക്കരുത്. സന്ന്യാസി മെത്തയിൽ കിടക്കയോ, അനുവാദമില്ലാത്ത സമയങ്ങളിൽ കിടന്ന് വിശ്രമിക്കയോ, ചെയ്തുകൂടാ. രോഗമുള്ളപ്പോൾ ഈ നിയമത്തിൽ നിന്നും അദ്ധ്യക്ഷൻ ഒഴിവാക്കുന്നതാണ്.

11. സന്ന്യാസി തനിച്ചിരിക്കുമ്പോഴും കൂട്ടത്തിൽ ഇരിക്കുമ്പോഴും നിവർന്നിരിക്കണം. നടക്കുമ്പോൾ നിവർന്നു നടക്കണം. കസേരമേലും മേശമേലും കവിണുകിടക്കുകയും ചാരികിടക്കുകയും ചെയ്യരുത്. കാലിന്മേൽ കാൽ വെച്ചിരിക്കരുത്. കാൽ വിറപ്പിക്കരുത്.

12. ഒരു ഇരിപ്പിടത്തിൽ രണ്ടാളുകൾ ഒരുമിച്ചിരിക്കുകയോ ഒരു കിടക്കമേൽ രണ്ടാളുകൾ ഒരുമിച്ചു കിടക്കുകയോ അരുത്. ചെറിയ കുഞ്ഞുങ്ങളെപ്പോലും കൂടെ കിടത്തരുത്.

13. മരണകരമായ പാപങ്ങളിൽ നിന്ന് ഒഴിയുന്നതിന് ശ്രമിച്ചാൽ മാത്രം പോരാ, ലഘുവായ പാപങ്ങളിൽ നിന്നും ഒഴിയുന്നതിന് നന്നായി ശ്രമിക്കണം. എന്നു തന്നെയുമല്ല പാപം വരുത്തുന്നതിന് ഇടയാക്കുന്ന പരിസരങ്ങളും വർജ്ജിക്കണം.

**താഴെ ചേർക്കുന്ന കാര്യങ്ങൾ പ്രത്യേകം ശ്രദ്ധേയമാണ്.**

(എ) നിഗളം, അനുസരണക്കേട്, കോപം, താന്തോന്നിത്വം ആദിയായ പാപങ്ങൾ ചെയ്യുന്നവരെ അനുകൂലിക്കത്തക്കവിധത്തിൽ സംഭാഷിക്കുകയോ അവരുടെ കൂട്ടുകെട്ടിൽ ഉൾപ്പെടുകയോ അരുത്. അവർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും അവർ നന്നാവാൻ ആഗ്രഹിക്കുകയും വേണം. (ബി) നല്ലവരുടെ അടുക്കലായാലും പാപം വരുത്താൻ എളുപ്പമുള്ള വിധത്തിൽ അടുത്തു പെരുമാറുകയോ വഷളായ സംഗതികളേപ്പറ്റി സംസാരിയ്ക്കുകയോ ചെയ്യരുത്. തന്നത്താൻ അടക്കാത്ത സംഭാഷണം (Loose conversation) എപ്പോഴും വർജ്ജിക്കണം. (സി) സ്ത്രീകളുടെയോ പുരുഷന്മാരുടെയോ, കുഞ്ഞുങ്ങളുടെയോ ശരീരത്തെ സൂക്ഷിച്ചു നോക്കരുത്. വഷളായ ഛായാപടവും മറ്റും കാണരുത്. (ഡി) പാപവികാരം മനസ്സിൽ ജ്വലിപ്പിക്കുന്നതിനു സൗകര്യമുണ്ടാക്കുന്നതായ പുസ്തകങ്ങൾ വായിക്കരുത്. (ചീത്ത നോവൽ, വൈദ്യ ശാസ്ത്രസംബന്ധമായ പുസ്തകങ്ങൾ, വർത്തമാനപത്രങ്ങളിലെ ഏതദ്വിഷയമായ ഉപന്യാസങ്ങൾ മുതലായവ.)

14. താഴെ പറയുന്ന കാര്യങ്ങൾ കന്യത്വവ്രതം പാലിപ്പാൻ സഹായിക്കുന്നു. (എ) കഴിഞ്ഞ ജീവിതത്തിലെ സ്മരണകളിൽ രസിക്കരുത്. (ബി) മനോരാജ്യത്തെ അടക്കി ഭരിക്കണം. (സി) ഒരു പ്രത്യേക ആളിനേ അധികമായി സ്നേഹിക്കരുത്. ആ ആളിനോട് വിശേഷാൽ

www.malankaralibrary.com

പറ്റുമാനം ഉണ്ടായിരിക്കരുത്. (ഡി) വ്യർത്ഥസ്തുതിക്ക് ചെവികൊടുക്കയും അതിൽ സംതൃപ്തി അടയുകയും ചെയ്യരുത്. (ഇ) വാത്സല്യസൂചകമായ സംബോധനകൾ ഉപയോഗിക്കുകയോ അവയ്ക്ക് ചെവികൊടുക്കുകയോ അരുത്. (എഫ്) വിരുന്നുകൾ, ഉത്സവങ്ങൾ, മുതലായവയെക്കുറിച്ച് കേൾ ക്കാൻ ഉൽക്കണ്ഠയുള്ളവനായിരിക്കരുത്. (ജി) സുഗന്ധദ്രവ്യങ്ങൾ ഉപയോഗിക്കരുത്. (എച്ച്. അധികസംസാരത്തിൽ പ്രിയപ്പെടരുത്. സംസാരം മിതവും മൗനവ്രതത്തിന്റെ ആത്മാവിന് ചേർന്നതുമായിരിക്കണം. (ഐ) സ്വന്ത ഇഷ്ടം എങ്ങനെ എങ്കിലും സാധിപ്പാൻ ഉത്സുകനായിരിക്കരുത്. പ്രയാസങ്ങളും ബുദ്ധിമുട്ടുകളും അനുഭവിക്കുന്നതിൽ വിമുഖത കാണിക്കരുത്. (ജെ) പെരുമാറ്റം, വസ്ത്രധാരണം, മുതലായതിൽ പരിപാകതയും അടക്കമൊതുക്കവും പാലിപ്പാൻ ശ്രദ്ധിക്കണം.

## കന്യത്വസുകൃത പരിശീലനം

1. കന്യത്വം മനുഷ്യനെ മാലാഖായിക്കു സദൃശ്യനാക്കുന്നു. സന്ന്യാസി അധികമായ സ്നേഹത്തോടും, അതി തീക്ഷ്ണമായ എരിവോടും കൂടി മലാഖായിക്ക് അനുയോജ്യമായ ഈ സുകൃതത്തെ സംരക്ഷിക്കട്ടെ.

2. കന്യത്വം ദൈവത്തിന്റെ വിലയേറിയ ദാനമാകുന്നു. ഇതു സംരക്ഷിപ്പാൻ തീക്ഷ്ണതയോടുകൂടി സന്ന്യാസി പ്രാർത്ഥിക്കയും പരിശ്രമിക്കയും ചെയ്യണം. ഇതിലേക്കായി വി. മാതാവായ ദൈവജനനിയുടെ സഹായങ്ങളെ അർത്ഥിക്കുന്നത് നന്ന്.

3. കന്യത്വമാകുന്ന സുകൃതത്തിന്റെ പൂർണ്ണതയ്ക്കായി ഭക്തിയോടുകൂടി വി. കുർബാന കൈക്കൊള്ളുകയും കുർബാനയാകുന്ന വി. ബലിയിൽ ഈ ഉദ്ദേശത്തോടുകൂടി സംബന്ധിക്കയും ചെയ്യണം.

സന്ന്യാസിയുടെ ആത്മശരീരങ്ങളിൽ അതി വിശുദ്ധനായ ദൈവം പാർക്കുന്നുണ്ടെന്നുള്ള സത്യം പലപ്പോഴും ചിന്തിക്കണം. ദൈവസന്നിധിബോധം പാലിക്കണം. ദൈവഭയം ഹൃദയത്തിൽ വരുത്തണം.

5. നിഗ്രഹങ്ങൾകൊണ്ടും (Mortifications) പ്രത്യേകിച്ച് ഉപവാസം, ആത്മദണ്ഡനം (Penance) എന്നിവകൊണ്ടും ജഡത്തെ ആത്മാവിനു കീഴ്പ്പെടുത്തുകയും മനസ്സിനെ ദൈവഹിതത്തിന് കീഴ്പ്പെടുത്തുകയും ചെയ്യണം. ഭക്ഷണപാനീയങ്ങളും, ശരീരത്തെ നിഗ്രഹിക്കുന്നതുമൂലം ദുർമ്മോഹങ്ങളുടെ ശക്തി കുറയുന്നു, ജയം നേടുവാൻ തക്ക നിഷ്ഠാബലം ഉണ്ടാകയും ചെയ്യുന്നു. പ്രത്യേകകാലം ഇതിലേക്കായി തിരഞ്ഞെടുക്കാവുന്നതാണ്. പരീക്ഷ കാലങ്ങളിൽ ആത്മദണ്ഡനം അത്യുത്തമമാകുന്നു.

www.malankaralibrary.com

6. പരീക്ഷയ്ക്ക് ഇടവരുത്തുന്നു ആളിനെയോ, വസ്തുവിനേയോ, നോക്കാതെ നിന്റെ കണ്ണുകളെ വളരെ കരുതലോടുകൂടി നിയമിച്ചു കൊള്ളുക.

7. വി. കന്യത്വത്തിന് ചേർച്ചയല്ലാത്ത ആഗ്രഹങ്ങളോ, നിരൂപണങ്ങളോ, വിചാരങ്ങളോ, നിന്നിൽ ദ്യോതിപ്പിക്കുന്ന കാര്യങ്ങൾ വായിക്കുകയും, പറയുകയും, കേൾക്കുകയും അരുത്.

8. കന്യത്വത്തിന് ചേർച്ചയല്ലാത്ത വിചാരങ്ങളോ, ചിത്രങ്ങളോ, പ്രവർത്തികളോ ഒരു വിനാഴിക നേരത്തേക്കു പോലും നിന്റെ മനസ്സിൽ സ്ഥലം പിടിക്കുവാൻ അനുവദിക്കരുത്. അങ്ങനെയുള്ള മനോരാജ്യങ്ങൾ ഉണ്ടാകുമ്പോൾ യേശുമിശിഹായുടെ അടുക്കൽ പറന്നെത്തി കൊള്ളുക.

9. സ്നേഹപ്രകരണം ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ വളരെ പ്രയോജനകരമാകുന്നു.

10. തക്ക കാരണവും, ആവശ്യവും കൂടാതെ നീ ദോഷമായ വിധത്തിൽ പോലും നീ യാതൊരുത്തരേയും തൊടുകയോ ആരെങ്കിലും നിന്നെ തൊടുവാൻ അനുവദിക്കയോ അരുത്. സ്വന്തശരീരത്തിൽ പോലും സ്പർശിക്കുന്നത് സൂക്ഷിക്കണം.

11. മറ്റൊരാളിന്റെ ആകർഷണീയമായ സൗന്ദര്യം, ആനന്ദകരമായ പ്രകൃതം, ആ ആളിൽ നിനക്ക് ജഡസംബന്ധമായ സന്തോഷവും തൃപ്തിയും തോന്നിക്കുന്ന പെരുമാറ്റങ്ങൾ എന്നിവയിൽനിന്ന് ആ ആളിന്റെ നേരേ നിന്നിലുളവാകുന്ന സ്നേഹബന്ധവും രസകരമായ സംഭാഷണവും മടികൂടാതെ ത്യജിക്കണം. ഇവ ആരംഭത്തിൽ ആത്മീയം മാത്രമാണെന്നു തോന്നിയേക്കാം. എങ്കിലും മരണകരമായ മഹാമാരി എന്ന വണ്ണം ഈ തരം സ്നേഹത്തെ വിട്ടോടുകയും അതിന്റെ വളർച്ചയെ തടുക്കുകയും, അടക്കുകയും ചെയ്യണം. അങ്ങനെ ഉള്ള സ്നേഹബന്ധത്തിന് വിഷയമാകുന്ന ആളുകളുടെ സംസർഗ്ഗത്തിൽനിന്നു എത്രയും ശ്രദ്ധാപൂർവ്വം മാറിക്കളയണം.

12. കഴിഞ്ഞ കാലങ്ങളിൽ വലിയ ആപത്തുകളുടെ മദ്ധ്യേ കൂടെ കടന്നിട്ടുള്ളപ്പോൾ പോലും നീ ഈ സുകൃതത്തെ മാലിന്യം കൂടാതെ അനേക നാളത്തേക്ക് പാലിച്ചിട്ടുണ്ടെന്നിരുന്നാലും, ഈ സുകൃതത്തിന് ഹാനി വരുത്താവുന്ന ഏറ്റവും നിസ്സാരമായ സംഗതികളേയും, പരീക്ഷകളേയും, ഭയപ്പെടണം. അവ കേവലം നിസ്സാരമായ സംഗതികളാണെന്ന് വിചാരിക്കരുത്. വളരെ പ്രാധാന്യമുള്ളവയെന്നു തിരിച്ചറിയണം. എപ്പോഴും നീ നിന്നെത്തന്നെ അവിശ്വസിക്കണം. "അശുദ്ധിക്കിടയാകയില്ല. വീഴ്ചവന്നു കൂടുകയില്ല" എന്നിങ്ങനെ വിചാരിച്ചിട്ട് കേവലം ലഘുവായ പാപത്തോടു പോലും കളിക്കരുത്.

www.malankaralibrary.com

### അദ്ധ്യായം 3

# വിശുദ്ധ അനുസരണം

1. ബഥനി ആശ്രമസ്ഥന്‍ നമ്മുടെ കര്‍ത്താവേശുമിശിഹാ മുഖാന്തരം ദൈവത്തിനു തന്നത്താന്‍ ഹോമയാഗം അര്‍പ്പിച്ചുകൊണ്ട് വി. അനുസരണം പാലിക്കണം. "ആകയാല്‍ എന്റെ ഈ വചനങ്ങളെ കേട്ട് ചെയ്യുന്നവന്‍ ഒക്കെയും പാറമേല്‍ വീടുപണിത ബുദ്ധിയുള്ള മനുഷ്യനോടു സദൃശ്യനാകുന്നു" (വി. മത്തായി 7:24). "ഇതാ അനുസരിക്കുന്നത് യാഗത്തേക്കാളും ശ്രദ്ധിക്കുന്നത് മുട്ടാടുകളുടെ മേദസ്സിനേക്കാളും നല്ലത്" (1 ശമു. 15:22). "ദൈവമായ യഹോവയുടെ വാക്ക് ഗുണമായാലും ദോഷമായാലും ഞങ്ങള്‍ കേട്ടനുസരിക്കും" (യാ. 42:6). "മനുഷ്യരേക്കാള്‍ ദൈവത്തെ അനുസരിക്കേണ്ടതാകുന്നു" (പ്രക്സി. 5:29). "മക്കളേ നിങ്ങളുടെ അമ്മയപ്പന്മാരെ *കര്‍ത്താവില്‍ **അനുസരിപ്പിന്‍" (എഫേ. 6:1).

നിങ്ങളെ നടത്തുന്നവരെ അനുസരിച്ച് കീഴടങ്ങിയിരിപ്പിന്‍. അവര്‍ കണക്ക് ബോധിപ്പിക്കേണ്ടവരാകയാല്‍ നിങ്ങളുടെ ആത്മാക്കള്‍ക്കു വേണ്ടി ജാഗരിച്ചിരിക്കുന്നു. ഇത് അവര്‍ ഞരങ്ങിക്കൊണ്ടല്ല. സന്തോഷത്തോടെ ചെയ്‌വാന്‍ ഇടവരുത്തുവിന്‍. അല്ലാഞ്ഞാല്‍ നിങ്ങള്‍ക്ക് നന്നല്ല (എബ്രാ. 13:17).

2. സകല പാപത്തിന്റേയും വേര് (Root) നിഗളമാകുന്നു. സകല പുണ്യങ്ങളുടേയും അടിസ്ഥാനം (Foundation) താഴ്മയാകുന്നു. ക്രിസ്തീയസ്വഭാവം (Christian Character) ആകുന്ന കെട്ടിടത്തിന്റെ അടിസ്ഥാനം

:— സന്ന്യാസപരമായ അര്‍ത്ഥപ്രകാരം:—

* സന്ന്യാസാശ്രമത്തിലെ

** പാപമൊഴിച്ചുള്ള എല്ലാ കാര്യത്തിലും

www.malankaralibrary.com

താഴ്മ ആകുന്നു. അത് വി. അനുസരണമാകുന്ന ബലമുള്ള പാറമേൽ (Root Concrete) (വി. മത്തായി 1:24) സ്ഥാപിച്ചിരിക്കുന്നു. സന്ന്യാസി സ്വന്ത ജീവനെ ദൈവത്തിന് യാഗമർപ്പിക്കുന്നു. യാഗപശു കൊല്ലപ്പെടണം. വ്രതത്രയങ്ങളിൽ അത് കൊല്ലപ്പെടണം. അനുസരണപരിശീലനമാകുന്ന (Practice of obedience) അഗ്നിയിൽ അത് ദഹിപ്പിക്കപ്പെടണം (Consumed). സകല സുകൃതങ്ങളേയും തന്നിഷ്ടം നശിപ്പിക്കുന്നു. പിശാച് പിശാചായി തീർന്നിരിക്കുന്നത് അവന്റെ തന്നിഷ്ട സ്വഭാവം കൊണ്ടു മാത്രമാകുന്നു (വി. ആഗസ്തീനോസ്സ്). യജമാനന്റെ കല്പനയെ ദാസൻ അനുസരിക്കുന്ന സ്ഥിതിയിൽ (Servile obedience) ദാസ്യപരമായിട്ടല്ല, സന്ന്യാസി അനുസരിക്കുന്നത്. വിശ്വാസസമ്പൂർണ്ണമായ സ്നേഹം നിമിത്തം (Trustful love)) ഹൃദയപൂർവ്വമായി സ്വയത്തെ കീഴ്പെടുത്തുന്ന(Hearty Self-surrender)തിനാൽ ആകുന്നു സന്ന്യാസി അനുസരിക്കുന്നത്. ദൈവത്തിന്റെ പരിശുദ്ധമായ തിരുവിഷ്ടത്തോടു സന്ന്യാസിയുടെ മനസ്സിനെ (Will) ബന്ധിച്ചു നിർത്തുന്നതിന് അനുസരണ പ്രതിജ്ഞ സഹായിക്കുന്നു. അദ്ധ്യക്ഷൻ ദൈവത്തിന്റെ പ്രാതിനിധ്യം വഹിക്കുന്നതുകൊണ്ട് അദ്ധ്യക്ഷനെ അനുസരിക്കുന്നത് ദൈവത്തെ അനുസരിക്കുകയാകുന്നു. "നിങ്ങളെ കൈക്കൊള്ളുന്നവൻ എന്നെ കൈക്കൊള്ളുന്നു". അദ്ധ്യക്ഷനിൽ നിന്നു ദൈവത്തിന്റെ തിരുവിഷ്ടം കേൾക്കുന്നതിനാൽ അനുസരണം സുസാദ്ധ്യമാകുന്നു.

സന്ന്യാസി സ്വേച്ഛയ്ക്ക് മരിച്ചവനാകുന്നു. മരണശേഷം കബറടക്കം നടക്കുന്നു. അനുസരണജീവിതം സന്ന്യാസിയുടെ കബറടക്കമാകുന്നു. സന്ന്യാസി സംസ്ക്കരിക്കപ്പെട്ടിരിക്കുന്ന കബറ് ആശ്രമമാകുന്നു. ആശ്രമം യേശുവിന്റെ മഹത്വം വിലസുന്ന ദൈവാലയമാകുന്നു. അനുസരണജീവിതമാകുന്ന കബറിൽ സന്ന്യാസി സംസ്ക്കരിക്കപ്പെട്ടവനായി ജീവിക്കുന്നു. അനുസരണത്തിന്റെ ആത്മാവ് (അനുസരണമുള്ള മന: സ്ഥിതി) ഒരു അഭിഷേക തൈലമാകുന്നു. അനുസരണശീലമാകുന്ന തൈലാഭിഷേകത്താൽ ശോഭിക്കുകയും ആശ്രമാദ്ധ്യക്ഷനോടും ധർമ്മ സഹോദരന്മാരോടും യോജിച്ചുകൊണ്ട് സന്ന്യാസി ദൈവരാജ്യമാകുന്ന കൊട്ടാരം പണിയുകയും ചെയ്യണം. അനുസരണമില്ലാത്ത സന്ന്യാസിയിലും സന്ന്യാസിയാലും ദൈവരാജ്യം പണിയപ്പെടുകയില്ല. ആ ആശ്രമത്തിലാകട്ടെ, ലോകത്തിലാകട്ടെ ദൈവരാജ്യം അയാൾ മൂലം പണിയപ്പെടുകയുമില്ല.

3. സന്ന്യാസപരമായ അനുസരണ (Religious obedience) ത്തിന്റെ ലക്ഷണങ്ങൾ താഴെ ചേർക്കുന്നു. (എ) താമസം കൂടാത്തത് (Prompt)

www.malankaralibrary.com

(ബി) മനഃപൂർവ്വമായത് (Hearty) (സി) പരിപൂർണ്ണമായത് (Complete) (ഡി) ഏകോദ്ദേശ്യത്തോടുകൂടിയത് (Simple) (ഇ) താഴ്മയോടുകൂടിയത് (Humble) (എഫ്) യാതൊന്നിനോടും പ്രത്യേകം പ്രതിപത്തി കൂടാതെയുള്ളത് (Indifferent) (ജി) സകലകാര്യങ്ങളിലുമുള്ളത് (All-embracing) (എച്ച്) ശ്രദ്ധാപൂർവ്വമുള്ളത് (Attentive) (ഐ) സന്തോഷകരമായുള്ളത് (Cheerful) (ജെ) ക്ഷമയോടു കൂടിയത് (Patient) (കെ) പുത്രനിർവ്വിശേഷമായത് (Filial) നിന്റെ അനുസരണത്തിന് മേൽ എഴുതിയ എല്ലാ ലക്ഷണങ്ങളും ഉണ്ടാ യിരിക്കാൻ ശ്രമിക്കണം. ഒരിക്കൽ ഒന്നുവീതം ശ്രദ്ധിച്ചുകൊണ്ടാൽ മതി. അത് അനുസരണ പരിശീലനത്തിന് സഹായമാകുന്നു.

4. യേശുവിന്റെ സ്നേഹത്തിൽ പാർക്കാൻ ഇഷ്ടപ്പെടുന്ന ശിഷ്യൻ സ്വന്ത ഇഷ്ടം ചെയ്യുന്നില്ല. ദൈവത്തിന്റെയും ദൈവനാമത്തിൽ അദ്ധ്യക്ഷന്റെയും ഇഷ്ടം ചെയ്യുന്നതിലത്രേ അവൻ സന്തോഷിക്കുന്നത്. "പിതാവേ! നിന്റെ ഇഷ്ടം ചെയ്‌വാൻ ഞാൻ വന്നിരിക്കുന്നു" (എബ്രാ. 10–5–17). നേരേമറിച്ച് ലൗകികന്റെ ഹൃദയം സന്തോഷിക്കുന്നത് (Delights) ഓരോന്നും തന്നത്താൻ തിരഞ്ഞെടുത്തു ചെയ്യുന്നതിലാകുന്നു.

5. സന്ന്യാസി ദൈവഹിതം അറിയുന്നത് അദ്ധ്യക്ഷൻ വഴിയായിട്ടാകുന്നു. അദ്ധ്യക്ഷന്റെ ആജ്ഞ അനുസരിച്ച് വേല ചെയ്യുകയോ ചെയ്യാതിരിക്കുകയോ പാർക്കുകയോ പോകയോ ചെയ്യുന്നതിന് സന്ന്യാസി എല്ലായ്പോഴും തയ്യാറായിരിക്കണം.

6. സ്വന്തഇഷ്ടം നടക്കാതിരിക്കുന്നതിനാലോ പരസ്യമായി അപമാനം സഹിക്കേണ്ടി വരുന്നതിനാലോ ശാസനയോ ശിക്ഷയോ ഏൽക്കേണ്ടി വരുന്നതിനാലോ മറ്റു വിധത്തിലോ താഴ്ത്തലുകൾ അനുഭവിക്കുന്ന അവസരങ്ങൾ സന്ന്യാസിയുടെ അനുസരണശീലത്തെ പരീക്ഷിക്കുന്നു. ഏതൊരു താഴ്ത്തലിനും (Humiliation) സന്ന്യാസിയുടെ താഴ്മയുള്ള അനുസരണശീലത്തെ നഷ്ടപ്പെടുത്താൻ കഴിയാതിരിക്കണം. സന്ന്യാസിയുടെ ജീവിതോദ്ദേശ്യം സ്വേച്ഛയിൽ നിന്ന് നിർവൃതനാകണമെന്നും പൂർണ്ണമായി ദൈവത്തിന് അധീനനാകണമെന്നും ആകുന്നു. സുകൃതപൂർണ്ണതയ്ക്ക് വലിയ പ്രതിബന്ധം സ്വേച്ഛയാകുന്നു. സ്വേച്ഛയെ നശിപ്പിക്കുന്നതിനുള്ള ആയുധം (Weapon, means) സന്തോഷപൂർവ്വം താഴ്ത്തലിനെ (Humiliation) സ്വീകരിക്കുന്നതായ അനുസരണമാകുന്നു. ലോകമനുഷ്യന് താഴ്ത്തൽ പീഡയാകുന്നു. യഥാർത്ഥ സന്ന്യാസിക്കോ അത് പരമാനന്ദമത്രെ.

7. അദ്ധ്യക്ഷന്റെ ഇഷ്ടം എന്തായിരുന്നാലും അതിനെ സന്തോഷപൂർവ്വം സ്വന്ത ഇഷ്ടമാക്കിത്തീർക്കുന്ന സ്നേഹം ഏതു സന്ന്യാസിയിൽ ഉണ്ടോ ആ സന്ന്യാസി ഹൃദയപൂർവ്വമായ അനുസരണം പാലിക്കുന്നു.

www.malankaralibrary.com

ഈ വിധമുള്ള സ്നേഹം സ്വതവേ, പ്രകൃത്യാ തന്നെ (Instinctively) സന്ന്യാസിയിൽ ഉണ്ടാകണം. കൃപാസമൃദ്ധിയിൽ അത് സാധിക്കും. അദ്ധ്യക്ഷന്റെ ഹിതത്തോട് സന്ന്യാസി സദാ സ്നേഹംമൂലം സഹകരിക്കണം.

8. സന്ന്യാസിയുടെ ഇച്ഛയെ അദ്ധ്യക്ഷന്റെ മേൽ ചുമത്തുകയും അദ്ധ്യക്ഷനെ ഏതു വിധത്തിലും സമ്മതിപ്പിച്ച് സ്വേച്ഛ നടത്താൻ ആഗ്രഹിക്കുകയും ചെയ്യുന്നത് അനുസരണത്തിന്റെ ആത്മാവല്ല, സ്വേച്ഛ നടത്തണമെന്ന് അന്തരംഗത്തിൽ നിർബന്ധമുണ്ടായിരുന്നാൽ-പുറമേ വേഷത്തിൽ എത്രതന്നെ അദ്ധ്യക്ഷന്റെ അനുമതി ചോദിച്ചിരുന്നാലും ആ കാര്യത്തിൽ ഹൃദയത്തിന്റെ അന്തർഭാഗത്തേ പരിശോധിക്കുന്ന ദൈവം അനുസരണശീലത്തെ കാണുന്നില്ല.

9. ഏതെങ്കിലും കാര്യം അദ്ധ്യക്ഷനോട് അപേക്ഷിക്കുമ്പോൾ അനുമതി കിട്ടാതിരിക്കുന്നപക്ഷം ആ അനുമതിരാഹിത്യത്തെ തൃപ്തിയോടെ സ്വീകരിച്ചു അനുസരിക്കുന്നതിൽ യഥാർത്ഥമായ അനുസരണബുദ്ധിയും വിശുദ്ധാത്മാഭിഷേകവും വേണ്ടിയിരിക്കുന്നു.

10. സമൂഹാദ്ധ്യക്ഷന്റെ ഉദ്ദേശ്യം എന്തോ അതുതന്നെ സന്ന്യാസിയുടെ ഉദ്ദേശ്യവുമായിരിക്കണം. സന്ന്യാസിയുടെ ഹൃദയത്തെ അദ്ധ്യക്ഷന്റെ അടുക്കൽ തുറന്നുകൊടുക്കുന്നത് നന്ന്. യാതൊന്നും സന്ന്യാസി അദ്ധ്യക്ഷന്റെ ഉദ്ദേശ്യത്തോടുയോജിച്ച് രണ്ടാൾക്കും ഒരുദ്ദേശ്യം മാത്രമെ ഉള്ളൂ എന്ന നിലയിൽ ജീവിക്കത്തക്കവണ്ണം (To live in unity of purpose with the superior) അനുസണബുദ്ധ്യാ അദ്ധ്യക്ഷന്റെ അടുക്കൽ സന്ന്യാസി ഹൃദയത്തെ തുറന്നുകൊണ്ട് ജീവിക്കണം.

11. ആശ്രമപിതാവിന്റെ പ്രത്യേക കല്പനകളെ സന്ന്യാസി അനുസരിക്കുന്നതിനും പുറമേ അദ്ധ്യക്ഷന്റെ അറിയപ്പെട്ട ആഗ്രഹങ്ങളേയും മനസ്സാക്ഷിക്ക് വിഘ്നമല്ലാത്ത എല്ലാ സംഗതികളിലും അവധാനപൂർവ്വം അനുസരിക്കണം.

12. ഒരു സന്ന്യാസി ആശ്രമത്തിൽ എത്ര താണനിലയിൽ ഇരിക്കുന്നവനായാലും ഏതെങ്കിലും വകുപ്പിൽ അദ്ദേഹത്തെ അദ്ധ്യക്ഷനായി നിയമിച്ചിട്ടുണ്ടെങ്കിൽ ആ വകുപ്പിനെ സംബന്ധിക്കുന്ന എല്ലാ കാര്യങ്ങളിലും ആ സന്ന്യാസിയെ അദ്ധ്യക്ഷൻ ഒഴിച്ച് ശേഷമുള്ളവർ അനുസരിക്കണം. മറ്റു കാരണവശാൽ ഉയർന്ന പദത്തിൽ ഇരിക്കുന്നവർ പോലും അനുസരിക്കണം.

13. ദൈവത്തിന്റെ കല്പനയ്ക്ക് വിപരീതമായോ അപ്പോസ്തോലികമായ വി. കാതോലിക്കാസഭയുടെ ആജ്ഞകൾക്ക് വിപരീതമായോ

www.malankaralibrary.com

ബഥനി ആശ്രമത്തിലെ വി. നിയമത്തിനും കാനോനായ്ക്കും വിപരീതമായോ, അദ്ധ്യക്ഷൻ കല്പിക്കുന്നതല്ല. അല്ലാതെ കല്പിച്ചാൽ അനുസരിക്കുന്നതിനു സന്ന്യാസിക്കു ചുമതലയില്ല. എന്നാൽ കല്പനകൾ മേല്പറഞ്ഞ വിധമാണെന്നുള്ള വിവരം താഴ്മയോടുകൂടി അദ്ധ്യക്ഷനെ അറിയിക്കണം. ഈ വിവരം ഉയർന്ന അദ്ധ്യക്ഷനെയും അറിയിക്കുന്നത് നന്ന്. വി. നിയമത്തിനും കാനോനാകൾക്കും അനുസരണമായും ആചാരങ്ങൾക്കെതിരായും എന്തെങ്കിലും അദ്ധ്യക്ഷൻ കല്പിച്ചാൽ സന്ന്യാസി അനുസരിക്കേണ്ടതാകുന്നു. സന്ന്യാസ പ്രതിജ്ഞകൾ പാലിക്കണമെന്നും വി. നിയമവും ആശ്രമ കാനോനും അനുസരിക്കണമെന്നും ആചാരങ്ങൾ അനുഷ്ഠിക്കണമെന്നും കല്പിപ്പാൻ അദ്ധ്യക്ഷന് അധികാരം ഉണ്ട്.

14. അനുസരണപ്രതിജ്ഞയെ ആസ്പദമാക്കി വ്രതസ്ഥന്മാരായ സന്ന്യാസിമാരോട് കല്പിക്കുന്നതിന് ഉയർന്ന സമൂഹാദ്ധ്യക്ഷന് മാത്രമെ അധികാരമുള്ളൂ. ഈ അധികാരം തുലോം ചുരുക്കമായിട്ടേ പ്രയോഗിക്കയുള്ളൂ. 'നിന്റെ പരിശുദ്ധമായ അനുസരണപ്രതിജ്ഞയെ ആസ്പദമാക്കി ഞാൻ കല്പിക്കുന്നു' (I command under the holy obedience) എന്നുള്ള മുഖവുരയോടുകൂടി കൊടുക്കുന്ന കല്പനയെ മാത്രമെ ആ വിധമുള്ള കല്പനയായി സന്ന്യാസി ഗണിക്കേണ്ടതുള്ളൂ. മേൽപ്പറഞ്ഞ മുഖവുര കൂടാതെ സമൂഹാദ്ധ്യക്ഷൻ കൊടുക്കുന്നതും മറ്റദ്ധ്യക്ഷന്മാർ കൊടുക്കുന്നതുമായ കല്പനകൾ പുണ്യപരമായി അനുസരണ ധർമ്മത്തെ ആസ്പദമാക്കി (The virtue of obedience) കൊടുക്കുന്നവയാണ്. അവയെ അനുസരിപ്പാൻ സന്ന്യാസി കടപ്പെട്ടിരിക്കുന്നു. എന്നാൽ അവർക്കു ലംഘനം ചെയ്താൽ പ്രതിജ്ഞയ്ക്ക് ലംഘനം ചെയ്തു എന്ന് വരികയില്ല. ഇങ്ങനെ വ്യവസ്ഥ ചെയ്തിരിക്കുന്നത് പ്രതിജ്ഞ പാലിപ്പാൻ സന്ന്യാസിയെ നന്നായി സഹായിക്കുന്നതിനും അനുസരണ സുകൃതം നന്നായി അഭ്യസിപ്പാനും അവസരം ലഭിയ്ക്കുന്നതിനും വേണ്ടിയാകുന്നു.

15. ഉയർന്ന അദ്ധ്യക്ഷന്റെ പ്രസ്താപിതമായ ഇച്ഛയും (Expresse wishes) താണഅദ്ധ്യക്ഷന്റെ ഇച്ഛയും തമ്മിൽ ഭദേപ്പെട്ടു കാണുന്ന വിഷയത്തിൽ ഉയർന്ന അദ്ധ്യക്ഷന്റെ ഇച്ഛയെ അനുസരിപ്പാൻ സന്ന്യാസി കടപ്പെട്ടിരിക്കുന്നു.

16. അദ്ധ്യക്ഷന്റെ അനുമതി കൂടാതെ യാതൊരു സന്ന്യാസിയും യാതൊരു വേലയും ചുമതലപ്പെടുകയോ, ആരംഭിക്കുകയോ, ചെയ്വാൻ പാടില്ല. എല്ലാ വേലകളും ക്രമീകരിക്കപ്പെടുന്നതിനും അനുസരണത്തിൻ കീഴിൽ നടത്തപ്പെടുന്നതിനും ഇത് ആവശ്യമാകുന്നു. സർവ്വപ്രധാനമായി സന്ന്യാസിയുടെ സുകൃതപൂർണ്ണതയ്ക്കും ഇത് ആവശ്യമാകുന്നു.

www.malankaralibrary.com

17. അസാധാരണമായ എന്തെങ്കിലും കൃത്യം ചെയ്യേണ്ടി വന്നാൽ അദ്ധ്യക്ഷനോട് അനുമതി ചോദിച്ചേ ചെയ്യാവൂ, ചോദിക്കാൻ നിവൃത്തിയില്ലാതെ വന്നാൽ അനുവാദം ലഭിക്കുമെന്ന് വിശ്വാസമുള്ളപക്ഷം അതു ചെയ്യാം. എന്നാൽ അടുത്ത അവസരത്തിൽ റിപ്പോർട്ടു ചെയ്തുകൊള്ളണം.

18. സാധാരണ കൃത്യങ്ങൾ കൃത്യസമയത്തു ചെയ്യാൻ നിവൃത്തി ഇല്ലാതെ വരുമ്പോഴും വിവരം അദ്ധ്യക്ഷന്റെ അടുക്കൽ റിപ്പോർട്ടു ചെയ്യേണ്ടതാകുന്നു. കൃത്യനിഷ്ഠയും സമയക്ലിപ്തവും പാലിക്കണം.

19. അദ്ധ്യക്ഷൻ ആവശ്യപ്പെടുന്ന ഏതുവേലയും തുലോം താണത് (Menial) പോലും ചെയ്യുന്നതിന് സന്ന്യാസി ഒരിക്കലും മടിച്ചുകൂടാത്തതാകുന്നു. പ്രഥമദൃഷ്ടിയിൽ നിരുപയോഗമായ ഏതു വേലയെങ്കിലും ചെയ്‌വാൻ കല്പിച്ചാൽ ഒട്ടും മടിച്ചുകൂടാത്തതാകുന്നു. അനുസരിപ്പാൻ ആജ്ഞയുണ്ടാകുമ്പോൾ ആ ആജ്ഞയെ ഹൃദയപൂർവ്വമായും ശുഷ്ക്കാന്തിയോടും കൂടി അനുസരിച്ച് പ്രവർത്തിക്കുന്നതിനാൽ സന്ന്യാസി അനുസരണവ്രതത്തെ ബഹുമാനിക്കുകയും കൃപയെ സമ്പാദിക്കുകയും ചെയ്യുന്നു. നിസ്സാരകാര്യങ്ങളിലും അല്ലറ ചില്ലറകളിലും (Even in details) കാണിക്കുന്ന മനഃപൂർവ്വമായ അനുസരണം ബഹുമാനിക്കത്തക്കതും പ്രയോജനകരവും ആകുന്നു.

20. സന്ന്യാസജീവിതം കൊണ്ട് സമ്പാദിക്കുന്ന പുണ്യപൂർണ്ണത ഒരു വൃക്ഷമാണെങ്കിൽ അതിന്റെ വേര് വിശുദ്ധ അനുസരണമാകുന്ന താഴ്ചയുള്ള മണ്ണിൽ (In the deep soil of the holy obedience) സ്ഥാപിക്കപ്പെട്ടിരിക്കണം. ആഴമേറിയ കുഴിയിൽ - താഴ്ചയുള്ള മണ്ണിൽ വേരിറങ്ങി വളരുന്ന വൃക്ഷം ഇളകി വീണു പോകയില്ല. സ്വന്ത അഭിപ്രായമാകുന്ന ആഴം കുറഞ്ഞ ഭൂമിയിൽ നിന്നു ജീവിതത്തിലെ പ്രവൃത്തികൾ ഉത്ഭവിക്കരുത്.

21. അധികമുള്ളവർ കേവലം മറവികൊണ്ടെങ്കിലും നമുക്കാവശ്യമുള്ള വല്ലതും തരാതെയിരുന്നാൽ അത് അനുസരണം ശീലിക്കുന്നതിനവസരമാകയാൽ ആ മറവി നമുക്കു ലാഭമായി പുണ്യവർദ്ധനവിന് അവസരമായി കരുതിക്കൊള്ളണം.

22. രണ്ടോ അധികമോ ആശ്രമസ്ഥന്മാർ ഏതെങ്കിലും സ്ഥലത്ത് ഒരുമിച്ച് താമസിക്കുമ്പോൾ അവരിൽ ഒരാളെ അദ്ധ്യക്ഷനായി ആശ്രമപിതാവ് നിയമിച്ചിട്ടില്ലാത്ത പക്ഷം അവരിൽ സന്ന്യാസിപ്രതിഷ്ഠ അനുസരിച്ച് മൂപ്പനായ പട്ടക്കാരൻ അദ്ധ്യക്ഷന്റെ ചുമതലയും സ്ഥാനവും വഹിക്കേണ്ടതും ശേഷമുള്ളവർ അദ്ദേഹത്തെ യോഗ്യമാംവണ്ണം അനുസരിക്കേണ്ടതുമാകുന്നു. കൂട്ടത്തിൽ പട്ടക്കാർ ഇല്ലാത്തപക്ഷം സന്ന്യാസത്തിൽ മൂപ്പൻ അദ്ധ്യക്ഷനായിരിക്കുന്നതാകുന്നു.

www.malankaralibrary.com

### അദ്ധ്യായം 4

# വിശുദ്ധ അനുസരണ സുകൃത പരിശീലനം

1. ദൃശ്യമായ വിധത്തിൽ നിന്നെ സഹായിക്കുവാൻ തിരുമനസ്സാകുന്ന നമ്മുടെ കർത്താവേശുമിശിഹായേപ്പോലെ തന്നെ സന്ന്യാസ സഭയിലെ അദ്ധ്യക്ഷന്മാരെയും കരുതണം. ഉയർന്ന അദ്ധ്യക്ഷനിൽ കൂടുതലായും, താണ അദ്ധ്യക്ഷനിൽ കുറവായും അധികാരങ്ങൾ സ്ഥിതി ചെയ്യുന്നു എങ്കിലും അവരെല്ലാവരും യേശുമിശിഹായുടെ പ്രതിനിധികളാകുന്നു.

2. അദ്ധ്യക്ഷന്റെ കല്പനകളേയും, ചട്ടങ്ങളേയും, നിയോഗങ്ങളേയും നമ്മുടെ ദിവ്യരക്ഷകന്റെ വായിൽ നിന്നെന്നപ്രകാരം ഭക്തിയോടുകൂടി സ്വീകരിക്കുക. താഴ്മയുള്ള ഹൃദയത്തോടുകൂടി അവയെ ബഹുമാനിക്കുക.

3. നിന്റെ ഹിതത്തിനോടൊത്ത അനുവാദങ്ങൾ കൗശലം കൊണ്ടോ അപേക്ഷകൊണ്ടോ നീ സമ്പാദിക്കരുത്.

4. അദ്ധ്യക്ഷൻ കല്പിച്ചിട്ടുള്ളതിനെ സന്ന്യാസപരമായ അനുസരണസുകൃതത്തിനായി നിവൃത്തിക്കുക.

5. ഒരു കാര്യം അദ്ധ്യക്ഷന്റെ ഇഷ്ടമാണെന്നറിഞ്ഞ ശേഷം "എന്നോട് നേരിട്ട് കല്പിക്കട്ടേ" എന്ന് കരുതി താമസിക്കരുത്. അദ്ധ്യക്ഷന്റെ ആന്തരം അറിഞ്ഞ്, ആഗ്രഹം മനസ്സിലാക്കികൊണ്ട്, പ്രത്യക്ഷമായി അദ്ധ്യക്ഷൻ കല്പിച്ചിട്ടില്ലാത്ത കാര്യങ്ങളും അനുസരിപ്പാൻ സന്ന്യാസി സന്നദ്ധനായിരിക്കണം. ചിലപ്പോൾ യാതൊരാളേയും സൂചിപ്പിക്കാതെ ആരെങ്കിലും ചെയ്യണമെന്ന് കല്പിക്കുമ്പോൾ അത് നിറവേറ്റുന്നതിന് സന്നദ്ധ

www.malankaralibrary.com

നായിക്കൊണ്ട്, യെശയ്യാപ്രവാചകനോടൊപ്പം "ഇതാ ഞാൻ എന്നെ അയക്കേണമേ" എന്നു പറയണം (യെശയ്യാ 6:8).

6. അദ്ധ്യക്ഷന്റെ കല്പനകളുടെ കാരണങ്ങൾ കണ്ടുപിടിപ്പാൻ ശ്രമിക്കുകയോ അവയുടെ ന്യായാന്യായങ്ങൾ കൃത്തിക്കുകയോ, അവയെ വിധിക്കുകയോ, യാതൊരു പരാതിയും പറയുകയോ, ഉള്ളിൽ പിറുപിറുക്കുകയോ, ആന്തരീയമായി പോലും അനുസരിക്കുന്ന കാര്യത്തിൽ ചഞ്ചലമുണ്ടാകയോ ചെയ്യാതിരിക്കുന്നതിന് ശ്രമിക്കണം.

7. നിന്റെ സ്വന്ത നിശ്ചയങ്ങളേയും തീരുമാനങ്ങളേയും തിരസ്കരിക്കണം. വി. അനുസരണം അനുഷ്ഠിപ്പാൻ നിനക്കുള്ള ചുമതലയേ സംബന്ധിക്കുന്ന എല്ലാ കാര്യങ്ങളിലും നിന്റെ അദ്ധ്യക്ഷന്റെ നിയമങ്ങളല്ലാതെ വേറൊരു നിശ്ചയവും നിനക്കില്ലാതിരിക്കണം. വി. അനുസരണത്തിനെതിരായോ, വിപരീതമായോ, അദ്ദേഹത്തിന്റെ പ്രവൃത്തിമാർഗ്ഗത്തിന് വിപരീതമായോ ഉണ്ടാകുന്ന സകല ആലോചനകളും സത്യവിശ്വാസത്തിനെതിരായുള്ള ആലോചനകളേയും പരീക്ഷകളേയും പോലെ വേഗത്തിലും ശക്തിയായും ഉപേക്ഷിച്ചു കൊള്ളണം.

8. നിന്റെ അദ്ധ്യക്ഷന്റെ ജീവിതത്തിലും അദ്ദേഹത്തിന്റെ വിശിഷ്ടഗുണങ്ങളിൽ പോലും നിന്റെ മനസ്സ് വ്യാപരിക്കുവാൻ സമ്മതിക്കരുത്. അദ്ധ്യക്ഷനിൽ കൂടെ യേശു മിശിഹായേ ആണ് അനുസരിക്കുന്നത്. അദ്ധ്യക്ഷന്റെ യോഗ്യതയേയോ പഠിപ്പിനേയോ സാമർത്ഥ്യത്തേയോ, സ്വഭാവവിശേഷത്തേയോ ആസ്പദമാക്കിയല്ലാ നീ അനുസരിക്കേണ്ടത്. ഈ കാരണങ്ങളെ ആസ്പദമാക്കിയുള്ള അനുസരണം കേവലം സ്വാഭാവികമാകുന്നു. സ്വഭാവതീതമല്ല. അനുസരണം കേവലം സ്വാഭാവികമാകുന്നു. സ്വഭാവാതീതമല്ല. അനുസരണം സുകൃതവും കൃപയും ആസ്പദമാക്കിയുള്ള അനുസരണം, സന്ന്യാസിക്ക് ആവശ്യമാകുന്നു. അതു പാലിച്ചുകൊള്ളണം.

9. വി. അനുസരണത്തിനും ആശ്രമത്തിൽ ദൈവത്തിന്റെ പ്രതിനിധിയായ അദ്ധ്യക്ഷനും എതിരായി പറയപ്പെടുന്നതോ ചെയ്യപ്പെടുന്നതോ ആയ സകലവും ദൈവദൂഷണമായി കരുതിക്കൊള്ളണം.

10. പുറമേയുള്ള കാര്യങ്ങളിൽ മാത്രമല്ലാ പ്രത്യേകിച്ച് നിന്റെ ആത്മാവിനെ സംബന്ധിക്കുന്ന ആത്മീയകാര്യങ്ങളിലും നിന്റെ അദ്ധ്യ

www.malankaralibrary.com

ക്ഷന്റെ ആലോചനയും അനുഗ്രഹവും കൂടാതെ യാതൊന്നും ചെയ്യരുത്. വി. അനുസരണപ്രമാണത്തിന് അനുയോജ്യമായ അനുമതി കൂടാതെ നീ ചെയ്യുന്ന സകലകാര്യങ്ങളിലും തോൽവി ഉണ്ടാകുമെന്ന് വിചാരിച്ചുകൊള്ളുക.

11. ഏറ്റവും നിസ്സാരമായ കാര്യങ്ങളിൽ പോലും അദ്ധ്യക്ഷന്റെ അനുവാദത്തെ താഴ്മയോടുകൂടി ചോദിക്കുന്നതിനു ലജ്ജിക്കരുത്. ഇതിനു ലജ്ജിക്കുന്ന മനസ്സിൽ നിഗളം പാർക്കുന്നു. യഥാർത്ഥമായ ആവശ്യം കൂടാതെ അനുവാദം ഉണ്ടെന്ന് സങ്കല്പിച്ചും ഒഴിവുണ്ടെന്നു വിചാരിച്ചും യാതൊന്നും ചെയ്യരുത്.

12. മണിയുടെ ശബ്ദമോ വേറെ ഏതെങ്കിലും പ്രകാരത്തിലുള്ള വിളിയോ ദൈവത്തിന്റെ ശബ്ദംപോലെ കരുതുകയും മറ്റുള്ളതെല്ലാം വിട്ട് ശമുവേലിനേപ്പോലെ, "ഇതാ ഞാൻ എന്നെ വിളിച്ചുവല്ലോ" എന്നു പറഞ്ഞുകൊണ്ട് അദ്ധ്യക്ഷന്റെ വിളിയേ അനുസരിക്കുകയും ചെയ്യണം.

13. അദ്ധ്യക്ഷന്റെ ഇഷ്ടത്തിനും പ്രമാണത്തിനും വിപരീതമല്ലാത്തപ്പോൾ ദൈവത്തിനുവേണ്ടി നിന്റെ സമന്മാരേയും താഴെയുള്ളവരേയും സന്നദ്ധതയോടും സന്തോഷത്തോടും കൂടി അനുസരിക്കുക.

14. നിന്നെ സംബന്ധിച്ചിടത്തോളം നിന്റെ അദ്ധ്യക്ഷൻ ആരായിരുന്നാലും ഏതുവിധമുള്ള ആളായിരുന്നാലും നിനക്കൊരുപോലെയാകുന്നു. എന്ന് നിന്റെ ജീവിതത്തിൽ തെളിയിക്കുകയും നിന്റെ സ്വന്ത ഇഷ്ടത്തേയും നിശ്ചയങ്ങളേയും ദൈവത്തിനുവേണ്ടി അദ്ധ്യക്ഷന് കീഴ്പ്പെടുത്തുകയും ചെയ്യുന്നതുവരെ അനുസരണത്തിന്റെ പൂർണ്ണത നീ പ്രാപിച്ചു എന്നു വിചാരിക്കരുത്.

✝

www.malankaralibrary.com

### അദ്ധ്യായം 5

# വിശുദ്ധ നിയമം

"ഞാൻ നടക്കേണ്ടുന്ന വഴി എന്നെ കാണിക്കേണമെ; എന്തെന്നാൽ ഞാൻ എന്റെ ഹൃദയത്തെ നിങ്കലേക്കു ഉയർത്തുന്നു" (സങ്കീർത്തനം 143:8).

ദൈവത്തിന്റെ മക്കൾക്കുള്ള എല്ലാ നിയമത്തിന്റെയും, വിശിഷ്യാ സന്ന്യാസപ്രമാണങ്ങളുടേയും അടിസ്ഥാനം ദൈവം നേരിട്ട് മനുഷ്യർക്ക് നല്കിയിരിക്കുന്ന രണ്ടു കല്പനകളാകുന്നു. "നിന്റെ ദൈവമായ കർത്താവിനെ നിന്റെ പൂർണ്ണ ഹൃദയത്തോടും, പൂർണ്ണആത്മാവോടും, പൂർണ്ണമനസ്സോടും, പൂർണ്ണശക്തിയോടും സ്നേഹിക്കണം'' (വി. മത്തായി 22:37-39). ദൈവത്തെ കാണുകയും അവിടുത്തെ അടുക്കൽ ചെല്ലുകയും ചെയ്യുന്നത് ദൈവസന്നിധിയെ ആളാംപ്രതി ആസ്വദിച്ച് സന്തോഷിക്കുന്നതിന് മാത്രമായിരിക്കരുത്. അങ്ങനെ ആയിപ്പോയാൽ നമ്മുടെ ഉദ്ദേശ്യം ദൈവമല്ലാ സ്വയമായിരിക്കും. എന്നാൽ സ്നേഹം നിറഞ്ഞ ഹൃദയം ദൈവത്തെ സേവിക്കുന്നതിനും, മഹത്വപ്പെടുത്തുന്നതിനും ആഗ്രഹിക്കും. തന്നെയുമല്ലാ, എല്ലാ മനുഷ്യരും ദൈവത്ത സേവിക്കുന്നതിനും മഹത്വപ്പെടുത്തുന്നതിനും കഴിവുള്ളവരായി തീരണമെന്നും ആഗ്രഹിക്കും. ഈ ശുശ്രൂഷ നമ്മുടെ കർത്താവിന്റെ സ്വന്തവേല ആകുന്നു. ഇതിൽ പങ്കുകാരനായിരിപ്പാൻ അനുവദിക്കപ്പെടുന്നതു തന്നെ മനുഷ്യന് ലഭിക്കാവുന്നതിലേക്കും വലിയ സന്തോഷമാകുന്നു. സന്ന്യാസിമാർക്കുണ്ടാവുന്ന പരീക്ഷകളിൽ പ്രധാനമായത് ഈ രണ്ടു കല്പനകളേയും സംബന്ധിക്കുന്നവയാകുന്നു. ഒന്നാമത്തെ പരീക്ഷ സന്ന്യാസജീവിതത്തിൽ ദൈവത്തിനുപകരം സ്വയത്തേ അന്വേഷിക്കുന്നതാകുന്നു. രണ്ടാമത്തേത് അയൽക്കാരനു വേണ്ടി കൂടിയല്ലാതെ സ്വന്ത നന്മയ്ക്കായി മാത്രം ദൈവത്തെ അന്വേഷിക്കുന്നതാകുന്നു. നാം ശാന്തതയിലും പ്രാർത്ഥനയിലും സന്തോഷം അനുഭവിക്കുന്നതുകൊണ്ട് നാം ദൈവത്തെ സ്നേഹിക്കുന്നുണ്ടെന്ന് എളുപ്പത്തിൽ വിചാരിച്ചേക്കാം. എന്നാൽ "ദൈവത്തെ സ്നേഹിക്കുന്നവൻ അവന്റെ അയൽക്കാരനേയും സ്നേഹിക്കണം" എന്നുള്ള ഈ കല്പന നമുക്ക് ദൈവത്തിൽ

www.malankaralibrary.com

നിന്ന് ലഭിച്ചിരിക്കുന്നു. ലോകത്തിന്റെ രക്ഷയ്ക്കുവേണ്ടിയുള്ള കർത്താവിന്റെ വേലയിൽ സന്ന്യാസി യഥാർത്ഥമായി പങ്കുകാരനായിരിക്കണം. നമ്മുടെ അയൽക്കാരന്റെ നന്മയ്ക്കുവേണ്ടി പ്രാർത്ഥിപ്പാനും അവനെ ശുശ്രൂഷിപ്പാനും ദൈവം നമുക്കു തരുന്ന സമയത്തിൽ എത്രമാത്രം നാം വിനിയോഗിക്കുന്നു എന്ന് വളരെ സൂക്ഷ്മതയോട് നാം ആലോചിക്കണം. നമ്മുടെ അയൽക്കാരെ സത്യമായി സ്നേഹിക്കുന്നതിനും കർത്താവ് അവരെ ശുശ്രൂഷിച്ചതുപോലെ ശുശ്രൂഷിക്കുന്നതിനും അവരിൽ മിശിഹായെ കാണുന്നതിനും നമുക്കു ലഭിക്കുന്ന ഓരോ അവസരങ്ങളേയും എത്ര വിശ്വസ്തതയോടുകൂടി നാം വിനിയോഗിക്കുന്നു എന്നു ചിന്തിക്കണം. ഇതിൽ നാം വീഴ്ചക്കാരായി തീരുന്നു എങ്കിൽ "സത്യമായിട്ട് ഞാൻ നിങ്ങളോടു പറയുന്നു: ഈ ചെറിയവരിൽ ഒരുത്തന് നിങ്ങൾ ചെയ്യാതിരുന്നടത്തോളം എനിക്കും ചെയ്തില്ലാ" എന്നുള്ള നമ്മുടെ കർത്താവിന്റെ ദുഃഖകരമായ വാക്കുകൾ അവസാനനാളിൽ നമുക്ക് കേൾക്കേണ്ടതായി വരും. നാമോ പ്രത്യേകവിധത്തിൽ അവന്റെ ജീവനിൽ പങ്കുകാരായി ക്ഷണിക്കപ്പെട്ടവരാകുന്നു. "കർത്താവേ, ഞാൻ എന്തു ചെയ്യേണമെന്ന് നിനക്ക് തിരുമനസ്സാകുന്നു. ഞാൻ എന്റെ ആത്മാവിനെ നിങ്കലേക്ക് ഉയർത്തുന്നു. എന്റെ ജീവിതം നിന്റെ സ്വന്തമായിരിപ്പാൻ ദഹനബലിയായി ഞാൻ അതിനെ അർപ്പിക്കുന്നു" എന്നു നാം പ്രാർത്ഥിക്കുന്നുണ്ടല്ലോ. ഇതിനുത്തരമായി കർത്താവ് അരുളിച്ചെയ്യുന്നത്: "എന്നെ സേവിക്കുന്നതിന് നിന്റെ ജീവിതത്തിന്റെ ഓരോ ഭാഗവും വിനിയോഗിക്കുന്നത് എങ്ങനെ എന്നു തുടരെ നിന്നെ കാണിപ്പാൻ നിനക്കു സന്ന്യാസസഭയിലെ വി. നിയമത്തെ ഞാൻ തന്നിരിക്കുന്നു" എന്നാകുന്നു. നമ്മുടെ ജീവിതത്തെ ക്രമീകരിക്കുകയും ഭരിക്കുകയും ചെയ്വാൻ നമുക്ക് വി. നിയമം നല്കപ്പെട്ടിരിക്കുന്നു. കർത്താവിന്റെ തിരുവിഷ്ടത്തിന് അനുയോജ്യമായ ജീവിതപ്രമാണം വി. നിയമം വഴിയായി നമുക്ക് നല്കിയിരിക്കുന്നു. നമ്മുടെ കർത്താവ് തന്നെ ആകുന്നു ഇത് നമുക്ക് തന്നിരിക്കുന്നത്. ഇത് അങ്ങേ വിശുദ്ധ ദൂതാകുന്നു. വി. നിയമം അനുഷ്ഠിക്കുന്നതിനാൽ നാം എത്രയും ലഘുവായ കാര്യങ്ങളിൽപോലും അവിടുത്തെ ഇഷ്ടം ചെയ്യുകയാകുന്നു എന്ന് ധൈര്യപ്പെടുവാനും, സന്തോഷിപ്പാനും നമുക്ക് കഴിയുന്നു. അവന്റെ തിരുവിഷ്ടം വ്യവസ്ഥപ്പെടുത്താത്തതായി യാതൊന്നുമില്ല. നമ്മുടെ പ്രവൃത്തിയേയും വിചാരത്തേയും നിയന്ത്രിക്കേണ്ട ശരിയായ പ്രമാണങ്ങൾ വി. നിയമം മൂലം കർത്താവു നമ്മെ പഠിപ്പിക്കുകയും ചെയ്യുന്നു. നമ്മുടെ കർത്താവായ യേശുമിശിഹായ്ക്കുണ്ടായിരുന്ന ആ മനഃസ്ഥിതി നമുക്കുണ്ടാകുവാൻ വി. നിയമം നമ്മെ സഹായിക്കുകയും ചെയ്യുന്നു (ഫിലിപ്പി. 2:5).

www.malankaralibrary.com

അതിനാൽ സന്ന്യാസസഭയിലെ വി.നിയമം നമ്മുടെ സ്വാതന്ത്ര്യ ത്തെ തടയുന്ന ഒന്നാണെന്ന് വിചാരിക്കരുത്. ഉദ്ദിഷ്ട പന്ഥാവിൽകൂടി വേഗത്തിലും വിഘ്നംകൂടാതെയും അപകടം കൂടാതെയും സുരക്ഷിത മാംവണ്ണം തീവണ്ടിയെ പായിക്കുന്ന പാളങ്ങൾപോലെ വി. നിയമം സന്ന്യാസജീവിതത്തെ സംരക്ഷിക്കുന്നു. ശരിയായ പാതയിൽ നിന്നു വ്യതിചലിക്കാതെയിരിക്കണമെന്നു നമ്മുടെ ജീവിതാദർശവും ആത്മ ശരീരങ്ങളുടെ വ്യാപാരങ്ങളും മുഴുവനായി ദൈവത്തിന്റേതായിരിക്കണ മെന്നുമുള്ള നമ്മുടെ വലിയ ആഗ്രഹത്തെ എത്രയും വേഗത്തിലും പൂർണ്ണമായും നിവർത്തിക്കേണ്ടത് എങ്ങിനെയെന്ന് വി. നിയമം നമ്മെ കാണിക്കുന്നു. വി. നിയമം എന്നത് നമ്മുടെ വിളിയേ പ്രവൃത്തിയിൽ വരുത്തുന്നതിനുള്ള മാർഗ്ഗമാകുന്നു. ദൈനംദിനം നമ്മുടെ ജീവിതത്തി ലെ എല്ലാ കാര്യങ്ങളിലും ഓരോ വിനാഴികയിലും നമ്മുടെ വിളിയേ എങ്ങനെ നിവൃത്തിക്കണമെന്ന് വി. നിയമം തെളിയിച്ചു തരുന്നു. സന്ന്യാസിമാരായ നമുക്ക് നമ്മുടെ കർത്താവിന്റെ കല്പനകളുടെ വ്യാഖ്യാനം വി. നിയമം ആകുന്നു. നാം ഇനിയും കർത്താവിനുവേണ്ടി ചെയ്യേണ്ടത് എന്താകുന്നു എന്ന് നമ്മോടു പറയുന്ന കർത്തൃശബ്ദം വി. നിയമം ആകുന്നു.

“നീ പോയി അത് എനിക്കുവേണ്ടി ചെയ്ക” എന്ന് സർവ്വനേരവും നമ്മുടെ കർത്താവ് നമ്മോടു പറയുന്നില്ല. “എന്നാൽ നീ എന്റെ അടുക്ക ലേക്ക് വരിക. എന്റെ ഇഷ്ടം നിന്നിലും നിന്റെ ജീവൻ മുഴുവനായി എന്നിലും ആക്കിവെക്കുക. നമ്മുടെ ഒന്നിച്ചുള്ള ദഹനബലിയായി ഇതി നേ പിതാവായ ദൈവത്തിന് അർപ്പിക്കാം” എന്നത്രേ നമ്മുടെ കർത്താവ് അരുളിച്ചെയ്യുന്നത്. കർത്താവിനോടുകൂടെ പൂർണ്ണ ഹോമയാഗമായി സർവ്വത്തേയും അർപ്പിക്കുന്നതിന് വി. നിയമം നമ്മെ അഭ്യസിപ്പിക്കയും സഹായിക്കുകയും ചെയ്യുന്നു. സന്ന്യാസപരമായ ഓരോ കർമ്മങ്ങളി ലും നാമും കർത്താവും കൂടി ഒരുമിച്ച് പ്രവർത്തിക്കുന്നു.

**ദൃഷ്ടാന്തം : 1. നമസ്ക്കാരങ്ങൾ:–** “ഇതാ ഞാൻ ഇവിടെയുണ്ട്; നീ എന്റെ അടുക്കലേക്ക് വരിക” “എന്റെ നാമത്തിൽ ഒന്നോ, രണ്ടോ പേർ എവിടെ കൂടിയാലും ഞാൻ അവരുടെ മദ്ധ്യേ ഉണ്ട്.” യാമനമ സ്ക്കാരങ്ങൾ ഈ വചനത്തിൽ നിവൃത്തിയാകുന്നു.

**2. വി. കുർബ്ബാന.** “എങ്കലേക്കു വരിക; വാങ്ങി ഭക്ഷിക്ക; ഇതെന്റെ ശരീരമാകുന്നു. ഇതെന്റെ രക്തമാകുന്നു, എന്നോടൊന്നായി തീരുക. അതിന്റെ ശേഷം ലോകത്തിനു വേണ്ടി ഞാൻ അർപ്പിക്കുന്ന ബലിയിൽ യോജിക്കുക” ഈ വചനം നിറവേറ്റുവാനുള്ള മാർഗ്ഗം വി. കുർബ്ബാന യാകുന്നു.

**3. മദ്ധ്യസ്ഥപ്രാർത്ഥന.** “എങ്കലേക്ക് വരിക; എന്റെ മക്കൾ എല്ലാ വർക്കും വേണ്ടി മദ്ധ്യസ്ഥപ്രാർത്ഥന അണപ്പാൻ എന്റെ നിത്യവാസ

www.malankaralibrary.com

സ്ഥലമായ സ്വർഗ്ഗത്തിൽ എന്റെ അടുക്കലേക്ക് നിന്റെ ഹൃദയത്തെ ഉയർത്തുക; അവർക്കുവേണ്ടിയുള്ള എന്റെ പ്രാർത്ഥനയിൽ എന്നോടു കൂടി യോജിക്കുക." ഈ വചനം നിറവേറ്റുന്നത് മദ്ധ്യസ്ഥപ്രാർത്ഥന യാലും മദ്ധ്യസ്ഥ കുർബ്ബാനയാലും ആകുന്നു.

**4. വേല.** "എന്റെ അടുക്കലേക്ക് വരിക; എനിക്ക് ചെയ്‌വാൻ ആവശ്യമായ വേല ഇതാ. എന്നോടുകൂടെയും എന്നിലും അതു ചെയ്ക." സന്ന്യാസിയുടെ സകല വേലകളും ഈ വചനം നിവർത്തിക്കുന്നതി നുള്ള മാർഗ്ഗമാകുന്നു.

**5. മറ്റുള്ളവരെ സഹായിക്കുക.** "എന്റെ അടുക്കലേക്ക് വരിക ഞാൻ ഈ എന്റെ ശിശുവിൽ ആകുന്നു. അറിവില്ലാത്ത ഇവനിൽ ഞാൻ പാർക്കുന്നു. പാപിയായ ഇവനിൽ ഞാൻ പാർക്കുന്നു". ഈ ചെറിയ വരിൽ ഒരുത്തന് നിങ്ങൾ ചെയ്യുന്നതെല്ലാം എനിക്ക് നിങ്ങൾ ചെയ്യുന്നു. മറ്റുള്ളവരെ സഹായിപ്പാനായി സന്ന്യാസി ചെയ്യുന്ന സകലവും ഈ വചനത്തിന്റെ നിവൃത്തിയാകുന്നു.

**6. സന്ന്യാസസഭ.** "ഞാൻ ഈ സന്ന്യാസസമൂഹത്തെ രൂപീകരി ക്കുകയും സന്ന്യാസ സഭാംഗങ്ങളായ എല്ലാവരും എന്നിൽ ഒന്നായി രിക്കേണ്ടതിന് നിന്റെ സഹോദരങ്ങളായ സന്ന്യാസിമാരേ എല്ലാവരെ യും നിന്നേയും അതിലേക്ക് കൊണ്ടു വരികയും ചെയ്തിരിക്കുന്നു. ഈ സന്ന്യാസസഭ നിന്റെ ആത്മീയ കുടുംബമാകുന്നു. ശരീരത്തിന്റെ ഓരോ ആവശ്യവും നിറവേറ്റുവാൻ ഓരോ അവയവങ്ങളേയും മനു ഷ്യന് നല്കപ്പെട്ടിരിക്കുന്നു. ഒരവയവം മറ്റുള്ള അവയവങ്ങൾക്ക് ഏറ്റ വും ആവശ്യമായിരിക്കുന്നു. എല്ലാ അവയവങ്ങളും ഒരു ശരീരത്തിന്റെ ഭാഗങ്ങളാകുന്നു. അവ എല്ലാറ്റിലും കൂടെ ഒരേ ജീവൻ വ്യാപിക്കുന്നു. ശരീരവും ഓരോ അവയവങ്ങളും ഏകജീവനാൽ ജീവിക്കുകയും ചെയ്യുന്നു. (വി. യോഹ. 15:1) ഇപ്രകാരം തന്നെ ഞാൻ നിർമ്മിച്ചിട്ടുള്ള ഈ സന്ന്യാസസഭ, പല അവയവങ്ങൾ കൂട്ടി ഇണക്കപ്പെട്ടിട്ടുള്ള ഒരു ആത്മീയ ശരീരമാകുന്നു. ഞാൻ ഇവരെ ഓരോരുത്തരേയും തിരഞ്ഞെ ടുക്കയും ഒരുമിച്ച് ചേർക്കയും ചെയ്തിരിക്കുന്നു. ധർമ്മസഹോദരന്മാ രുമായുള്ള ഓരോ ഇടപാടിലും യഥാർത്ഥത്തിൽ ഞാനുമായി സന്ന്യാസി ഇടപെടുന്ന സ്നേഹിതന്മാർക്കുവേണ്ടി ജീവനെ ബലി കഴിപ്പാൻ ഒരുക്ക മുള്ള സ്നേഹത്തോടുകൂടി ഓരോ ധർമ്മസഹോദരൻ മുഖേന എന്റെ അടുക്കലേക്കു വരുവാൻ സന്ന്യാസിയെ ഞാൻ സഹായിക്കും. സമൂഹ ജീവിതവും സന്ന്യാസി പാലിക്കേണ്ട എല്ലാ നിഷ്ഠകളും പ്രതിജ്ഞകളും ഇതിലേക്കു സഹായകമാകുന്നു." "കർത്താവിന്റെ ഈ ഉപദേശത്തെ നിറവേറ്റുവാൻ വി. നിയമം സഹായിക്കുന്നു."

www.malankaralibrary.com

അദ്ധ്യായം 6

# വിളിയും പ്രതിഷ്ഠയും

**ദൈവവിളിയും ഒരുക്കകാലവും.** ഒരർത്ഥത്തിൽ സന്ന്യാസ ജീവിതം നയിക്കുന്നതിനുള്ള വിളി എല്ലാവർക്കുമുണ്ട്. പിതാവായ ദൈവത്തിന് യാഗവും വഴിപാടുമായി നമ്മുടെ കർത്താവ് നയിച്ചിട്ടുള്ളതും ഇപ്പോൾ നയിക്കുന്നതുമായ ജീവിതത്തിൽ പങ്കുകൊള്ളുന്നതിനും ആവിധം ജീവിക്കുന്നതിനുമുള്ള വിളിയും അവസരവും ഏവർക്കും നൽകപ്പെടുന്നു. എന്നാൽ ഈ വിളി കേൾക്കുന്നതിനും സ്വീകരിക്കുന്നതിനും പ്രത്യേക കൃപാവരം ആവശ്യമാകുന്നു. എന്തുകൊണ്ടെന്നാൽ "അതിനെ സ്വീകരിപ്പാൻ കഴിവുള്ളവർ സ്വീകരിക്കട്ടെ". നീ പൂർണ്ണനാകുവാൻ ഇച്ഛിക്കുന്നു എങ്കിൽ നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്കു കൊടുക്കുക. തദനന്തരം വന്ന് എന്നെ അനുഗമിക്കുക. എന്നാൽ ഇത് ആർക്കു നൽകപ്പെടുന്നുവോ അവനല്ലാതെ ഈ വചനം എല്ലാവർക്കും സ്വീകരിപ്പാൻ കഴിവില്ല" എന്നിങ്ങനെ നമ്മുടെ കർത്താവ് അരുളിച്ചെയ്തിരിക്കുന്നു.

യുദ്ധകാലങ്ങളിൽ ഏറ്റം വിഷമമുള്ളതും അപകടസമ്പൂർണ്ണവുമായ ഏതെങ്കിലും പ്രത്യേക കാര്യം നിവൃത്തിപ്പാനുള്ളപ്പോൾ സൈന്യാധിപൻ പൊതുവെ എല്ലാവരോടും അതുചെയ്യുവാൻ കല്പിക്കുന്നില്ല. ആ കാര്യത്തിന് ഒരുമ്പെടുവാൻ സ്വമനസ്സാ ഒരുക്കമുള്ളവരെ ക്ഷണിക്കുന്നു. എന്തുകൊണ്ടെന്നാൽ ഒരുമ്പെടുന്നവർ തീക്ഷ്ണതയും സന്നദ്ധതയും വിജയം കരസ്ഥമാക്കത്തക്കവണ്ണം ധൈര്യവുമുള്ളവരായിരിക്കണം. അങ്ങനെയുള്ള അവസരങ്ങളിൽ ഭീരുക്കളും സംശയമാനസന്മാരും തോറ്റുപോകും. കാര്യം സാധിക്കാതെ വരും. നമ്മുടെ രക്ഷയുടെ വലിയ സൈന്യാധിപതിയായ ദൈവത്തിന്റെ മഹത്വത്തിനായി വീരപ്രവൃത്തികൾ ചെയ്വാനായി സ്വമനസ്സാ ഒരുങ്ങുന്നവരെ സന്ന്യാസത്തിലേക്ക് ദൈവം ക്ഷണിക്കുന്നു. ഈ വിളി ഒരു കല്പനയല്ലെന്നും ഒരു ക്ഷണം മാത്രമാണെന്നുമുള്ള തത്വം ക്രിസ്തീയ സഭയിൽ എല്ലാ കാലത്തും

www.malankaralibrary.com

അംഗീകരിക്കപ്പെട്ടതാകുന്നു. വിളികേട്ടുവരുന്ന ഈ മക്കളെ പിതാവായ ദൈവത്തിന് കാഴ്ചയണയ്ക്കുമ്പോൾ ഇവർ "പരിശുദ്ധമായ സ്നേഹത്തിൽനിന്ന് ഇതുചെയ്തു" എന്നു പറയുവാൻ നമ്മളുടെ കർത്താവ് ആഗ്രഹിക്കുന്നു.

സന്ന്യാസജീവിതത്തിന് ആരെയും നിർബന്ധിച്ചുകൂടാ. അർത്ഥി സ്വമനസ്സാലെ വരണം. സന്ന്യാസപരമായ സാമൂഹ്യജീവിതത്തിനുള്ള ഒരുക്കം പല പടികളിലായി ദീർഘനാളത്തേക്കുണ്ട്. അങ്ങനെയുള്ള ഒരുക്കത്തിന്റെയും അതിസൂക്ഷ്മമായ ശോധനയുടെയും ഫലമായിട്ടല്ലാതെ ഒരാൾ സന്ന്യാസ പ്രതിഷ്ഠ ആകുന്ന വലിയ ബഹുമതി പ്രാപിപ്പാൻ യോഗ്യനാകുന്നില്ല.

**ആയാതൻ (Aspirant).** കർത്താവിന്റെ വിളിക്കായി പ്രതീക്ഷിക്കയും വിളികേൾക്കയും ചെയ്തശേഷം വിശ്വാസം, പ്രത്യാശ, സ്നേഹം എന്നിങ്ങനെയുള്ള ദൈവോദ്ദേശ്യകമായ ത്രിസുകൃതങ്ങളിൽ (The three Theological virtues) സ്ഥാപിതമായ ഉദ്ദേശത്തോടുകൂടി ഒരാൾ സന്ന്യാസ സമൂഹത്തിൽ വന്നു ചേരുന്നു. തങ്ങളുടെ ഇടയിൽ താമസിക്കുന്നതിനും സന്ന്യാസ ജീവിതത്തിന്റെ സ്വഭാവവും വ്യവസ്ഥകളും പഠിക്കുവാനുമായി കർത്താവിന്റെ കുടുംബമാകുന്ന സന്ന്യാസ സമൂഹം അയാളെ ആയാതൻ എന്ന പടിയിൽ ദൈവനാമത്തിൽ സ്വീകരിക്കുന്നു. "വി. നിയമം ഇതാ; നിനക്ക് അതിനെ ആചരിപ്പാൻ കഴിയുമെങ്കിൽ ഈ സന്ന്യാസസഭയിൽ പ്രവേശിക്കുക. ഇല്ലെങ്കിൽ സമാധാനത്താലെ പോവുക" എന്ന് ഈ കർതൃകുടുംബം അയാളോടു പറയുന്നു.

**അർത്ഥി (Postulant).** സന്ന്യാസജീവിതം നയിക്കുന്നതിന് യഥാർത്ഥമായി ആഗ്രഹിക്കുന്നയാളെ ശോധനയ്ക്കും ഒരുക്കത്തിനുമായി സന്ന്യാസസഭ സ്വീകരിക്കുമ്പോൾ അയാളെ അർത്ഥിയെന്നു പറയുന്നു. മിശിഹാനുകരണ സമൂഹത്തിൽ പ്രവേശിപ്പാൻ യഥാർത്ഥത്തിൽ അന്വേഷിക്കുന്നവൻ എന്ന നിലയിൽ അയാളെ സമൂഹം അംഗീകരിക്കുന്നു. മിശിഹായ്ക്ക് പൂർണ്ണമായി കീഴടങ്ങുന്നതിന്റെ അർത്ഥം ഓരോ ദിവസവും അയാൾ പൂർവ്വാധികം ഗ്രഹിച്ചുകൊള്ളണം. അർത്ഥിക്ക് ആവശ്യമുണ്ടായിരിക്കേണ്ട വലിയ ഗുണങ്ങൾ സൗമ്യതയും ഔദാര്യബുദ്ധിയും, പഠിക്കുവാനും കീഴ്വഴങ്ങാനും ഒരുക്കമുള്ള മനസ്സും ആകുന്നു. പുതിയ ജീവിതത്തിന്റെ വ്യവസ്ഥകൾ അഭ്യസിക്കുന്നതിനുള്ള സന്നദ്ധത സൗമ്യതമൂലമുണ്ടാകുന്നു. അവയെ നിർവ്വഹിക്കുന്നതിന് പൂർണ്ണഹൃദയത്തോടെ തന്നെത്തന്നെ നൽകുന്നത് ഔദാര്യബുദ്ധിയാകുന്നു.

www.malankaralibrary.com

**ധർമ്മശിഷ്യൻ (Novice).** അർത്ഥിപദം കഴിഞ്ഞാലുള്ളത് ശിഷ്യപദമാകുന്നു. ശിഷ്യപദത്തിൽ പ്രവേശിക്കുന്ന അർത്ഥി വാസ്തവത്തിൽ സന്യാസ കുടുംബത്തിൽ പ്രവേശിക്കുകയും അതിന്റെ ജീവിതത്തിൽ പങ്കുകൊള്ളുകയും ചെയ്യുന്നു. ശിഷ്യകാലം ഒരു സന്യാസിയുടെ പാഠശാലാ ജീവിതകാലമാകുന്നു. പൂർണ്ണവളർച്ച സിദ്ധിച്ചില്ലെങ്കിലും ധർമ്മശിഷ്യൻ സന്യാസപരമായ ആത്മീയ കുടുംബത്തിലെ യഥാർത്ഥ പൈതലാകുന്നു. ശിഷ്യൻ നിശ്ചിതകാലം മുഴുവൻ ശിഷ്യാഭ്യസനം നടത്തുന്ന ഭരണകർത്താക്കളുടേയും ഗുരുക്കന്മാരുടേയും കീഴിൽ ശ്രദ്ധാപൂർവ്വം അഭ്യസിക്കുകയും പരിശീലിക്കുകയും ചെയ്യണം. നമ്മുടെ വാഴ്ത്തപ്പെട്ട കർത്താവിന്റെ നസ്രേത്തിലെ രഹസ്യജീവിതം ശിഷ്യന് കണ്ടുപഠിപ്പാനുള്ളതാകുന്നു. കർത്താവിനേപ്പോലെ ആയിത്തീരുന്നതിനു പ്രാർത്ഥിക്കയും കർത്താവ് മേലുള്ളവരെ ഹൃദയപൂർവ്വമായി അനുസരിച്ചപ്രകാരം ശിഷ്യനും സർവ്വോപരി ആനുസരസരണ ജീവിതം ലഭിപ്പാൻ ശ്രമിക്കയും അവനേപ്പോലെ ജ്ഞാനത്തിലും, ദൈവത്തോടും മനുഷ്യരോടും ഉള്ള കൃപയിലും വളർന്നുവരുവാൻ പ്രാർത്ഥിക്കുകയും ശ്രമിക്കുകയും ചെയ്യുന്നു. ഒരു സന്യാസിയുടെ ഭാവിജീവിതം മുഴുവനും അദ്ദേഹം ശിഷ്യകാലത്ത് പാലിക്കുന്ന വിശ്വസ്ഥതയേയും പ്രാർത്ഥനാജീവിതത്തേയും യഥാർത്ഥമായും തീക്ഷ്ണതയോട് കൂടിയും ശിഷ്യകാലം മുഴുവൻ ദൈവത്തെ അന്വേഷിക്കുന്നതിനേയും ആശ്രയിച്ചിരിക്കുന്നു. ഒരു ബാലന്റെ തോന്നലുകൾ വളർന്ന് പ്രായമുള്ള ആളിന്റെ ആലോചനാപൂർവ്വമായ നിശ്ചയങ്ങളായി ഭേദപ്പെടുന്നപ്രകാരമുള്ള ഒരു ഭേദം ശിഷ്യനിലും ഉണ്ടാകേണ്ടതാണ്. ശിഷ്യന്റെ ആദ്യത്തെ ബോധപരമായ വികാരങ്ങളുടെ തീക്ഷ്ണതയും കുറഞ്ഞുപോയേക്കാം. ആ സ്ഥാനത്ത് ആലോചനാപൂർവ്വവും അഭേദ്യവുമായ മനോനിശ്ചയം സ്ഥാപിക്കപ്പെടണം. നമ്മുടെ കർത്താവിന്റെ യാഗപരമായ ജീവിതത്തോട് നിരന്തരമായി യോജിക്കുന്നതിന് ശിഷ്യൻ പരിശ്രമിക്കുന്ന പക്ഷം എല്ലാ പ്രയാസങ്ങളും, വിഷമങ്ങളും ചുമതലകളും പൂർവ്വാധികം ആഴമേറിയതും യഥാർത്ഥവുമായ സ്വയത്യാഗജീവിതത്തിന് തക്ക അവസരങ്ങളായി തീരുന്നു. ഇവ അവരെ മിശിഹായോടുള്ള സ്നേഹത്തിൽ കൂടുതലായി ബന്ധിക്കുന്നു. ശിഷ്യന്റെ ജീവിതം നിരന്തരമായി അഭിവൃദ്ധിയുള്ളതായി തീരുന്നു. തീക്ഷ്ണത മന്ദീഭവിക്കുന്ന ശിഷ്യനുമാത്രമേ ജീവിതം സന്തോഷരഹിതവും ഉന്മേഷരഹിതവും നിരാശാപരവുമായി തോന്നുകയുള്ളൂ. എന്തുകൊണ്ടെന്നാൽ നിരന്തരമായി ദൈനംദിനമുള്ള സ്നേഹപരമായ സ്വയത്യാഗത്തിന് അതിൽ അവസരമുണ്ടാകുന്നില്ല. ആന്തരീയമായ

www.malankaralibrary.com

യാഥാർത്ഥ്യം മാറിപ്പോകയും ചെയ്യും. ശിഷ്യകാലം ഇപ്രകാരം ഒരുക്കത്തിന്റേയും കാത്തിരിപ്പിന്റേയും പരിശീലനത്തിന്റേയും കാലമാകുന്നു. കർത്താവിന്റെ യാഗജീവിതത്തിൽ സർവ്വാത്മനാ പങ്കുകാരനായി തീരുന്നതിന് ശിഷ്യനെ കർത്താവ് ക്ഷണിക്കുന്നു. ആ ക്ഷണം പരിപൂർണ്ണമായി അനുസരിക്കുന്നതിന് ശിഷ്യൻ ആഗ്രഹിക്കുകയും നിശ്ചയിക്കുകയും ചെയ്യുന്നു. കർത്താവിന്റെ ക്ഷണത്തേയും ശിഷ്യന്റെ നിശ്ചയത്തേയുംപറ്റി ദൃഢബോധവും ഉറപ്പും വരുത്തുന്നതിന് ശിഷ്യകാലം നിശ്ചയിക്കപ്പെട്ടിരിക്കുന്നു. അതുപോലെതന്നെ അധികാരികൾക്ക് അയാളുടെ സദുദ്ദേശങ്ങളെയും മനഃസ്ഥിതിയേയും പ്രാർത്ഥനാജീവിതത്തേയും, അനുസരണ ജീവിതത്തേയും, ദൈവത്തിൽ നിന്നുള്ള സ്നേഹദാനത്തേയും പറ്റി നിശ്ചയം വരുത്തുവാൻ ആവശ്യമുണ്ട്. അതിലേക്കു നിശ്ചയിക്കപ്പെട്ട അവസരം അവന്റെ ശിഷ്യകാലമാകുന്നു. എന്തെന്നാൽ സഭയ്ക്കുള്ളിലുള്ള ഈ "സഭ"യിലേക്ക് - അതായത് ക്രിസ്തുവിന്റെ ഈ വിധം നല്ല ബോധ്യം ഉണ്ടായശേഷം മാത്രമേ ആകാവൂ. അതിനു ചുമതലപ്പെട്ടവർ ദൈവമുമ്പാകെ കണക്കുകൊടുക്കേണ്ടവരാകുന്നു. അയാളുടെ സ്വീകരണം ദൈവമുമ്പാകെ നീതീകരിക്കത്തക്കതാണെന്ന് അവർക്ക് ദൃഢബോധ്യം ഉണ്ടായശേഷം മാത്രമേ അയാളെ സന്യാസ പ്രതിഷ്ഠയ്ക്ക് സ്വീകരിപ്പാൻ പാടുള്ളൂ.

**പ്രതിഷ്ഠയ്ക്കുള്ള തെരഞ്ഞെടുപ്പ്**. ഒരു സന്യാസ സഭയിൽ സന്യാസ പ്രതിഷ്ഠയ്ക്ക് സ്ഥാനാർത്ഥികളെ തെരഞ്ഞെടുക്കുന്നത് വലിയ ചുമതലയാകുന്നു. ബഥനി ആശ്രമമാകുന്ന മിശിഹാനുകരണ സഭയിൽ സന്യാസജീവിതത്തിന് വിളിക്കപ്പെട്ടിരിക്കുന്നു എന്നും അതിനു യോഗ്യനാകുന്നു എന്നും എത്രയും നന്നായി ആരേക്കുറിച്ച് ആശ്രമാദ്ധ്യക്ഷനും ധർമ്മസഹോദരങ്ങൾക്കും ബോധ്യം ഉണ്ടായിട്ടുണ്ടോ ആ ആളിനെ മാത്രമേ സന്യാസം പ്രതിഷ്ഠയ്ക്കായി സ്വീകരിക്കാവൂ. ആളാം പ്രതിയുള്ള സ്നേഹബന്ധം കൊണ്ടോ വേറെ ഏതെങ്കിലും കാരണങ്ങളെക്കൊണ്ടോ ആരെയും സന്യാസസഭയിൽ പ്രവേശിപ്പിച്ചുകൂടാ. സ്വീകരിക്കപ്പെടുന്ന ആൾ ഭക്തിയുടെ ആത്മാവു നൽകപ്പെട്ടിട്ടുള്ള ഒരു ഉത്തമ (നല്ല) മനുഷ്യൻ മാത്രമായിരുന്നാൽ പോരാ. അവന് സന്യാസപരമായ സാമൂഹ്യജീവിതത്തിന് അനുയോജ്യമായ മനഃസ്ഥിതിയും സ്വഭാവവിശേഷവും കൂടി ഉണ്ടായിരിക്കണം. ദൈവത്തിന്റെ മക്കൾ ഓരോരുത്തരേയും ദൈവം പ്രത്യേകമായ ഓരോവിധത്തിൽ വിളിച്ചിരിക്കുന്നു. ഒരാൾ ശിഷ്യപരിശീലനകാലം കഴിക്കുന്നതിനു മാതൃമന്ദിരത്തിൽ അയക്കപ്പെടുന്നത് പരിപൂർണ്ണ ദൈവസ്നേഹത്തിൽ വളർത്തപ്പെടുന്നതിനാകുന്നു. ഭാവിയിൽ വേറെ ഏതെങ്കിലും വിളിക്ക് ദൈവം

www.malankaralibrary.com

ഒരുക്കുന്നുണ്ടെങ്കിൽപോലും ആശ്രമത്തിലെ പരിശീലനവും അവന്റെ പ്രാർത്ഥനാജീവിതവുംകൊണ്ട് ദൈവത്തോടുള്ള യോജിപ്പ് അവനിൽ വർദ്ധിപ്പിക്കുന്നതിന് ദൈവം ഉദ്ദേശിച്ചിട്ടുണ്ടായിരിക്കാം. ഭാവിയിൽ ഒരു പട്ടക്കാരനോ മറ്റോ ആയിത്തീരുന്നതിനുള്ള പ്രാരംഭപരിശീലനത്തിൽ കൂടി കടക്കുന്നതിന് ഈ ശിഷ്യകാലം ഒരുക്കമായി ദൈവം ഉദ്ദേശിച്ചിരിക്കാം. സന്യാസജീവിതത്തിനുള്ള വിളിയോ, ദൈവത്തിനുവേണ്ടിയുള്ള വേറെ ഏതെങ്കിലും വേലയോ, ആയിരിക്കാം അവനെപ്പറ്റിയുള്ള ദൈവഹിതം. ഒരാളെപ്പറ്റി ദൈവഹിതം എങ്ങനെയെന്നു അയാൾക്കും വ്രതസ്ഥരായ ആശ്രമാംഗങ്ങൾക്കും ബോധ്യപ്പെടുന്നതനുസരിച്ച് ആ ആളെ സന്യാസപ്രതിഷ്ഠയ്ക്ക് സ്വീകരിക്കയോ നിഷേധിക്കയോ ചെയ്യാം.

**സാമാന്യവ്രതാനുഷ്ഠാനം**. യാതൊരു ധർമ്മശിഷ്യൻ ശിഷ്യപരിശീലനം പ്രാപിക്കയും ശോധന ചെയ്യപ്പെട്ട് വിശ്വസ്തനെന്ന് സന്യാസസഭ തീരുമാനിക്കയും ചെയ്യുന്നുവോ അയാൾക്ക് ആദ്യപ്രതിഷ്ഠയ്ക്കുള്ള വലിയ ദിവസം വരുന്നു. ഈ സന്യാസജീവിതത്തിൽ മിശിഹായ്ക്കായി അവൻ പ്രതിഷ്ഠിക്കപ്പെടുന്ന മഹൽദിനമാകുന്നു. തൽക്കാലവ്രതം ചെയ്വാൻ മാത്രമേ സഭ അനുവദിക്കുന്നുള്ളൂ എങ്കിലും ശിഷ്യന്റെ ആഗ്രഹവും ഉദ്ദേശവും നിത്യവ്രതം ചെയ്യണമെന്നാകുന്നു. തല്ക്കാലവ്രതകാലം കഴിഞ്ഞ് നിത്യവ്രതമെടുക്കുന്നതിനുള്ള ഒരുക്കകാലം യഥാർത്ഥത്തിൽ ശിഷ്യകാലം തന്നെയാകുന്നു. ആ പരിശീലനവും തൃപ്തികരമായി കഴിയുമ്പോൾ നിത്യവ്രതമെടുക്കുന്നു. ഇതുമൂലം നിത്യനായ പിതാവിന്റെ മുമ്പിൽ പുത്രൻതമ്പുരാൻ സ്വയമേവ ചെയ്യുന്ന നിത്യപ്രതിഷ്ഠയിൽ ശിഷ്യൻ പങ്കുകാരനായി തീരുന്നു. ഇങ്ങനെ മിശിഹായിൽ നിന്ന് ഇതരമായി യാതൊന്നും അവൻ ചെയ്യുകയില്ലെന്നും പ്രതിജ്ഞ ചെയ്തിരിക്കുന്നു. അവന്റെ ജീവിതം മുഴുവനും, അവന്റെ വിചാരവും വാക്കുകളും പ്രവൃത്തിയുമെല്ലാം മിശിഹായിൽ ചെയ്യപ്പെടണം. സന്യാസപ്രതിഷ്ഠ മുതൽ അവൻ മിശിഹായുടെ വി. ദാരിദ്ര്യത്തിലും, വി. കന്യത്വത്തിലും, വി. അനുസരണത്തിലും പങ്കുകാരനായിത്തീരുന്നു. ഈ ദാരിദ്ര്യജീവിതം, ദൈവം അല്ലാതെ മറ്റു യാതൊന്നും സ്വന്തമായി ഇല്ലാത്തതിൽ സന്തോഷിക്കുന്ന വി. ദാരിദ്ര്യജീവിതമാകുന്നു. ഈ കന്യത്വജീവിതം അവന് സ്നേഹിക്കുന്നതിനുള്ള സർവ്വശക്തികളും ദൈവത്തിങ്കലേക്കുയർത്തുകയും (പ്രതിഷ്ഠിക്കയും) ചെയ്യുന്ന വി. കന്യത്വജീവിതമാകുന്നു. ഈ വിധത്തിൽ അന്നുമുതൽ ദൈവത്തിന്റെ പൂർണ്ണസ്നേഹം അവനിലേക്കും അവനിലുള്ള സ്നേഹം മറ്റുള്ളവരി

www.malankaralibrary.com

ലേക്കും ഒഴുകുന്ന മാർഗ്ഗം (കുഴൽ കൈത്തോട്) ആയി അവൻ ഭവിക്കുന്നു. ഈ അനുസരണജീവിതം ആയുസ്സിലെ ഓരോ പ്രവൃത്തിയിലും സ്വർഗ്ഗസ്ഥപിതാവിന്റെ ഇഷ്ടം ചെയ്യുന്നതിൽ ആനന്ദിക്കുന്ന വി. അനുസരണജീവിതമാകുന്നു. അതു സ്വതന്ത്രമായതും ബുദ്ധിപൂർവ്വമായതും സന്തോഷപരമായതും ആയ അനുസരണജീവിതമാകുന്നു. പ്രതിഷ്ഠിതമായ സന്യാസം ഇപ്രകാരമുള്ളതത്രേ.

ക്രിസ്തീയ സന്യാസം യേശുമിശിഹായിൽ ദൈവത്തോടു മനുഷ്യനെ ബന്ധിക്കുന്നതാകുന്നു. സന്യാസപ്രതിഷ്ഠ നമ്മുടെ കർത്താവേശുമിശിഹായോട് നമ്മെ വ്യക്തിപരമായി ബന്ധിക്കുന്നു. യേശുമിശിഹാ മണവാളനും വി. കാതോലിക്കാസഭ മണവാട്ടിയും ആകുന്നു. വി. കാതോലിക്കാസഭയുടെ പൂർണ്ണ പ്രാതിനിധ്യം പ്രതിഷ്ഠാവിഷയത്തിൽ സന്യാസിക്ക് ലഭിക്കുന്നതിനാൽ സന്യാസി യേശുമിശിഹായുടെ മണവാട്ടിയുടെ മഹിമയും ചുമതലയും വിശേഷവിധിയായി പ്രാപിക്കുന്നു. സ്ത്രീയും പുരുഷനും വിവാഹം മൂലം ഒരു ജഡമായി തീരുന്നു എന്ന് നമ്മുടെ കർത്താവും വി. പൗലോസും പഠിപ്പിക്കുന്ന പ്രകാരം സന്യാസിയുടെ ആത്മാവും ശരീരവും മുഴുവനായി യേശുമിശിഹായുടെ വകയാകുന്നു. വ്രതത്രയങ്ങൾ വിശ്വസ്തതയോടുകൂടി പാലിച്ചു കർത്താവിനെ ആരാധിക്കയും ശുശ്രൂഷിക്കയും ചെയ്യുന്നതിനാൽ ഈ മഹിമാവസ്ഥ ശക്തിമത്തായി നിലനിൽക്കുന്നു. പ്രതിഷ്ഠക്കുശേഷം സന്യാസി ദൈവത്തിനായി വേർതിരിക്കപ്പെട്ടും- പ്രതിഷ്ഠിക്കപ്പെട്ടും-മുഴുവനായി പ്രതിഷ്ഠിക്കപ്പെട്ടും-ശപഥാർപ്പിതമാക്കപ്പെട്ടും-ഇരിക്കുന്നു. അവൻ ജീവിക്കുന്നത് മിശിഹായുടെ മഹത്വവർദ്ധനവിനായി സ്വർഗ്ഗസ്ഥപിതാവിന്റെ ഇഷ്ടം ചെയ്തുകൊണ്ട് അവന്റെ കർത്താവോടൊന്നായിരിക്കുന്നതിനു മാത്രമാകുന്നു.

പ്രായപൂർത്തി വന്ന ഒരു ബാലൻ കുടുംബത്തിന്റെ ചുമതലയുള്ള അംഗമായി തീരുന്നതുപോലെ പ്രതിഷ്ഠമൂലം സന്യാസിയും സന്യാസസഭയിൽ പ്രായപൂർത്തി വന്നതും ചുമതലയുള്ളതുമായ അംഗമായിത്തീരുന്നു. ഇതുമൂലം സന്യാസ സഭയുടെ പരിശുദ്ധമായ ഉദ്ദേശങ്ങളും ആന്തരവും, നിയമങ്ങളും, ആചാരങ്ങളും, അനുഷ്ഠാനങ്ങളും ദൈവീകമായി പാലിപ്പാനും, പുലർത്തുവാനും നിലനിർത്തുവാനും ഉള്ള ചുമതലയും ഭാഗ്യവും അവനു സിദ്ധിക്കുന്നു. ഇതുമൂലം സമൂഹത്തെ മിശിഹായുടെ യഥാർത്ഥ മണവാട്ടിയും ദൈവപുത്രന്റെ അതി പരിശുദ്ധ ഭവനവും ആയി നിലനിർത്തുന്നു. മിശിഹാ ശിരസ്സും വി. കാതോലിക്കസഭ ഉടലും ആകുന്നു. ഒരർത്ഥത്തിൽ മിശിഹാ ശിരസ്സും സന്യാസസഭ

www.malankaralibrary.com

ഉടലുമാകുന്നു. വേറൊരർത്ഥത്തിൽ മിശിഹാ ശിരസ്സും യഥാർത്ഥ സന്ന്യാസി ഉടലുമാകുന്നു. ഇങ്ങനെ ഓരോന്നിനും അനുയോജ്യമായ അർത്ഥത്തിൽ സന്ന്യാസസഭയും സന്ന്യാസിയും, മിശിഹായുടെ മണവാട്ടിയും ആലയവും ആകുന്നു. വ്രതത്രയം ശരിയായി ദൈവ സ്നേഹത്തിൽ നിവർത്തിച്ചുകൊണ്ട് ഈ പദവികളെല്ലാം പാലിപ്പാനും തജ്ജന്യമായ ചുമതലകൾ നിറവേറ്റുവാനും സന്യാസി കടപ്പെട്ടിരിക്കുന്നു.

## പ്രതിഷ്ഠ

ജീവിതത്തിലെ അവസാനത്തെപ്പടി നിത്യപ്രതിജ്ഞയാകുന്നു. അതു സന്യാസി ചെയ്തിട്ടുള്ള തൽക്കാല പ്രതിജ്ഞയെയോ സന്യാസ വിളിയേയോ പറ്റി പുനരാലോചന ചെയ്യുകയല്ല, അവയുടെ പൂർണ്ണത യേയും ശാന്തിയേയും ഭഞ്ജീകരിക്കുകയുമല്ലാ; എന്നാലോ പ്രഥമപ്രതി ഷ്ഠയിൽ ചെയ്ത യാഗാർപ്പണത്തെ ശക്തിപ്പെടുത്തുകയും യാഗത്തെ പൂർണ്ണ ദഹനയാഗമാക്കി തീർക്കുകയും കരപൂരണത്തെ ആഴയമായ സ്നേഹത്തോടുകൂടി വീണ്ടും കരപൂരണം ചെയ്യുകയുമാകുന്നു.

സന്യാസപ്രതിഷ്ഠയ്ക്കു വരുന്ന ആൾ പുറകോട്ടു നോക്കുന്നു. മാമോദീസാമൂലം ലഭിച്ച പ്രകൃത്യാതീത ജീവനേയും വി. മൂറോനഭി ഷേകംമൂലം പ്രാപിച്ച പരിശുദ്ധാത്മാവിന്റെ അഭിഷേകത്തേയും തുടരെയുള്ള കുമ്പസാരത്താലും വി. കുർബാനാനുഭവത്താലും തുടരെ പ്രാപിച്ചുകൊണ്ടിരിക്കുന്ന ജീവനേയും പ്രതിഷ്ഠയാൽ ശക്തിപ്പെടുത്തു കയും അഭിവൃദ്ധിപ്പെടുത്തുകയും ചെയ്യുന്നു. കഴിഞ്ഞ ജീവിതം ആക മാനം സൂക്ഷ്മാവലോകനം ചെയ്തുകൊണ്ട് സന്യാസ പ്രതിഷ്ഠയ്ക്ക് ഒരുങ്ങുന്നു. കഴിഞ്ഞ കാലത്ത് സന്യാസി അനുഭവിച്ച ആത്മീയ വ്യായാമ ങ്ങളിൽ സ്വീകരിച്ച സകല കൃപകളേയും ഒന്നായികൂട്ടി ആത്മാവിൽ പ്രയോഗിക്കുന്നു. വിശ്വാസത്തിലും ആത്മദണ്ഡനപരമായും കഴിഞ്ഞ കാലത്ത് അയാൾ ചെയ്തിട്ടുള്ള എല്ലാ പ്രവൃത്തികളും ദൈവത്തെ പൂർവ്വാധികം ഉത്തമമായി സേവിക്കുന്നതിനെ സംബന്ധിച്ചുണ്ടായിട്ടുള്ള ആഗ്രഹങ്ങളും നിശ്ചയങ്ങളും ആദ്യപ്രതിഷ്ഠയ്ക്കുണ്ടായിരുന്ന സർവ്വ ഭക്തിയും ഒന്നായി നിത്യപ്രതിഷ്ഠാസമയത്ത് ശേഖരിക്കുകയും സ്വരൂപി ക്കുകയും ചെയ്യുന്നു. അവയെ പുതുക്കുന്നതിനായി ദൈവ മുമ്പാകെ കൊണ്ടുവരുന്നു. ഇതുമൂലം ദൈവത്തിന്റെ കൈകളിൽ അയാളുടെ ജീവനെ മുഴുവനായി ഭരമേല്പിക്കുന്നതിനും പൂർവ്വാധികം പൂർണ്ണമായി ദൈവത്തിന്റെ വകയായി തീരുന്നതിനും പ്രാർത്ഥിച്ചു കൊണ്ട് അയാൾ പ്രതിഷ്ഠയ്ക്കടുത്തു വരുന്നു. സന്യാസ പ്രതിഷ്ഠ മുഖാന്തിരം മിശിഹായ്ക്ക് വഴിപാടായി അർപ്പിച്ചതിനുശേഷമുള്ള വർഷങ്ങളിൽ (ആയുസ്സിൽ) സന്യാസി മുമ്പൊരിക്കലും കാണുകയും

www.malankaralibrary.com

മനസ്സിലാക്കുകയും ചെയ്തിട്ടില്ലാത്തവിധം ദൈവത്തിന്റെ വിശുദ്ധിയേയും, സ്വന്ത പാപാവസ്ഥയേയും ദൈവത്തിലുള്ള ഉന്നതമായ സന്യാസപരമവിളിയുടെ അതിശയനീയാവസ്ഥയേയും കാണുകയും മനസ്സിലാക്കുകയും ചെയ്യുന്നതിന് അയാൾക്ക് സാധിക്കുന്നു. അനുതാപി സ്വപിതാവിന്റെ ഭവനത്തിലേക്ക് തിരിച്ചുചെല്ലുന്ന പ്രകാരം സന്യാസി പൂർണ്ണപ്രതിഷ്ഠയ്ക്ക് അടുത്തുവരുന്നു. അതിന് ദൈവം തന്റെ കരുണയാൽ അയാളെ അനുവദിക്കുന്നു. അവൻ ഇങ്ങനെ അനുവദിക്കുന്നത് അയാളുടെ പൂർവ്വപാപങ്ങളേയും വീഴ്ചകളേയും ഏറ്റുപറയുന്നതിനും അവയ്ക്ക് പൂർണ്ണമോചനം പ്രാപിക്കുന്നതിനേപ്പറ്റി ഉറപ്പുകൊടുക്കുന്നതിനും ആകുന്നു. തന്റെ പ്രതിഷ്ഠ പുതുക്കുന്നു എന്നും ഇതേവരെ ഉണ്ടായിരുന്നതിൽ ഉയർന്നതായ ശ്രമം ചെയ്യുന്നു എന്നും കാണിക്കുന്ന പടിയിൽ പ്രവേശിച്ച് പുതിയ ഒരു ജീവിതം ആരംഭിക്കുന്നതിന് അവർ അയാളെ അനുവദിക്കുന്നു. ഭൂമിയിൽ സന്യാസജീവിതം സ്വർഗ്ഗാരോഹണം ചെയ്ത മിശിഹായുടെ ജീവിതമാകുന്നു. അതു തന്റെ മഹത്വീകരിക്കപ്പെട്ട മനുഷ്യത്വത്തിലുള്ള ജീവിതമാകുന്നു. ദൈവത്തിന് പൂർണ്ണമായ വഴിപാടായി കൊടുക്കയും മനുഷ്യർക്കു തന്നത്താൻ പൂർണ്ണമായ വഴിപാടായി നൽകുകയും ചെയ്ത മിശിഹായിൽ കാണുന്ന ജയ ജീവിതം, നിർമ്മലത, പരലോകജീവിതത്തിന് അനുയോജ്യമായ ബുദ്ധി മുതലായവ സന്യാസിക്കുണ്ടായിരിക്കണം. ഇത് ദൈവവിളിക്ക് നാം കൊടുക്കുന്ന പ്രത്യുത്തരമാകുന്നു. സന്യാസപരമായ കൃപ പ്രാപിക്കുന്നതിന് സന്യാസി അർഹമായിത്തീരുന്നത് സന്യാസപ്രതിഷ്ഠാസമയത്ത് ചെയ്യുന്ന പ്രതിജ്ഞകൾ മുഖാന്തിരമാകുന്നു. ഇവ അവന് ഉറപ്പിനേയും പുതിയ ജീവന്റെ ശക്തിയേയും നൽകുന്നു. സ്വർഗ്ഗാരോഹണംചെയ്ത മിശിഹായോടൊന്നിച്ച് ദൈവത്തിന്റെ പുതുക്കപ്പെട്ട കുഞ്ഞാടായി അവൻ തീരുന്നു.

(അവന്റെ പിതാവ് അവനായി ഒരുക്കിയിരിക്കുന്ന ലോകത്തിലേക്ക്) നമ്മുടെ വാഴ്ത്തപ്പെട്ട കർത്താവ് ജഡത്തിൽവന്ന് പിതാവിന്റെ ഇഷ്ടം ചെയ്യുന്നതിനു തന്നെത്തന്നെ മുഴുവനായി അർപ്പിച്ചു. മുപ്പതു വയസ്സ് പ്രായമായപ്പോൾ അതായത് തന്റെ ഭൗമികമനുഷ്യത്വം പൂർണ്ണമായപ്പോൾ മാമോദീസായിൽ അവനെത്തന്നെ ഒരു പുതിയ വഴിപാടായിട്ടല്ല, എന്നാൽ പുതുക്കപ്പെട്ട വഴിപാടായി സ്വപിതാവിനർപ്പിച്ചു. “നീ എന്റെ പ്രിയപുത്രനാകുന്നു. നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു” എന്നു സ്വർഗ്ഗത്തിൽനിന്നുണ്ടായ ശബ്ദംമൂലം അവന്റെ വഴിപാട് (യാഗം) സ്വീകരിക്കപ്പെട്ടതായി നാം ധരിക്കുന്നു. മാമോദീസാ സമയത്ത് നമ്മുടെ

www.malankaralibrary.com

കർത്താവ് പിതാവിന് തന്നെത്തന്നെ അർപ്പിച്ചു. ഈ അർപ്പണത്തിൽ നമ്മുടെ കർത്താവിനോട് സന്യാസി പ്രത്യേകമായി യോജിക്കുന്നത് പ്രതിഷ്ഠാ സമയത്ത് ആകുന്നു. മാമോദീസാ സമയത്ത് കർത്താവ് കല്പിച്ചത് താൻ വന്നത് സർവ്വനീതിയും നിവർത്തിപ്പാനായിട്ടാകുന്നു എന്നാണ്. സന്യാസിമാരും അവരുടെ സർവ്വശക്തികളോടുംകൂടി ദൈവത്തിന് അവരെത്തന്നെ അർപ്പിക്കുന്നു. അവരെ ഇപ്രകാരം മുഴുവനായും പൂർണ്ണമായും ദൈവത്തിന് പ്രതിഷ്ഠിക്കുമ്പോൾ അവർ യഥാർത്ഥത്തിൽ അവന്റെ പ്രിയ മക്കളാകുന്നു എന്നും അവരിൽ അവൻ പ്രസാദിക്കുന്നു എന്നും സഭ വഴിയായി പരസ്യമായി പ്രസ്താവിക്കയും ഉറപ്പുനൽകുകയും ചെയ്യുന്നു.

ഭജനസമയങ്ങളിൽ നമ്മുടെ കർത്താവിന്റെ മഹത്വീകരിക്കപ്പെട്ട മനുഷ്യത്വത്തിൽകൂടെ വാഴ്ത്തപ്പെട്ട ത്രിത്വവുമായി സന്യാസി വളരെ അടുത്ത് കൂട്ടായ്മയിൽ ജീവിക്കയും നവജീവന്റെ അവകാശത്തിലേക്ക് അവൻ പ്രവേശിക്കയും സന്യാസപരമായ നവബോധനത്തെ പുഷ്ടിപ്പെടുത്തുകയും ചെയ്യുന്നു. ദൈവത്തോടും, മനുഷ്യരോടും, ലോകത്തോടും ഉള്ള ശരിയായ ബന്ധത്തെ വിവരിക്കുകയും സ്ഥാപിക്കയും ചെയ്യുന്നത് ഈ ബോധംകൊണ്ടാകുന്നു. സ്വമനസ്സാലെ അർപ്പിക്കുന്ന ദൈവസ്നേഹജന്യമായ യാഗപശുവിനെപ്പോലെ വാഴ്ത്തപ്പെട്ട ത്രിത്വത്തിൽ പിതാവും പുത്രനും വിശുദ്ധാത്മാവും തമ്മിലുള്ള സ്നേഹജീവിതത്തിൽ ഓഹരിക്കാരനായി തീരുന്നതിന് അവൻ വന്നിരിക്കുന്നു. ഇത്രത്തോളം അവനെ നടത്തിക്കയും ഇനിയും അവനെ വിശുദ്ധിയുടേയും ദൈവത്തോടുള്ള കൂട്ടായ്മയുടേയും ശ്രേണിയുടെ മുകളിലത്തെപ്പടിയിൽ എത്തിക്കയും ചെയ്യുന്ന സ്നേഹസ്വരൂപിയായ ദൈവത്തിന് അവൻ കൊടുക്കുന്ന താഴ്മയുള്ള പ്രത്യുത്തരം അവന്റെ പ്രതിജ്ഞയാകുന്നു. അവന്റെ നിത്യപ്രതിഷ്ഠ നമ്മുടെ കർത്താവിന്റെ മഹത്വീകരിക്കപ്പെട്ട മനുഷ്യത്വത്തിൽ കുറെക്കൂടെ അഗാധമായ അർത്ഥത്തിൽ അവൻ ഒട്ടിച്ചേരുന്നു. സ്വമനസ്സാലെ അർപ്പിക്കുന്ന ദൈവസ്നേഹപരമായ യാഗപശുവിനേപ്പോലെ അവൻ ആയിരിക്കുന്നതും ആകുവാൻ കഴിയുന്നതുമായ സകലത്തേയും മുഴുവനായി നേർച്ച കൊടുക്കുന്നത് ഈ നിത്യപ്രതിഷ്ഠയിങ്കൽ ആകുന്നു. ദൈവസ്നേഹപരമായി അർപ്പിക്കുന്ന മനഃപൂർവ്വമായ യാഗപശുവിനേപ്പോലെ അവനുവേണ്ടി മിശിഹാചെയ്യുന്ന മുഴുവനായ സ്വയാർപ്പണത്തിന്റെ പ്രത്യുത്തരം അവന്റെ പ്രതിജ്ഞയാകുന്നു. സന്യാസി സമൂഹത്തിലും സമൂഹം വഴിയായിട്ടും ദൈവത്തെ പൂർണ്ണമായി അനുസരിക്കുന്നു. അതു പാപപരിഹാരമായ കർത്താവി

www.malankaralibrary.com

ന്റെ മനുഷ്യത്വത്തിന്റെ പൂർണ്ണമായ അനുസരണവും കൊണ്ടുണ്ടായിട്ടുള്ള ബഹുമതിയിൽ സന്യാസി നിരന്തരമായും നിത്യമായും പങ്കുകാരനായിരിക്കുന്നതിന് കർത്താവ് ഈ നിത്യപ്രതിഷ്ഠയാൽ അയാളെ ക്ഷണിക്കുകയും ആ സൗഭാഗ്യത്തിൽ പ്രവേശിക്കുകയും ചെയ്യുന്ന നിത്യവ്രതസ്ഥന്റെ ഓരോ ദിവസവും ഓരോ വിനാഴികയും ഈ ബഹുമതിയിൽ ഓഹരിക്കാരനായിരിക്കുന്നതിനുള്ള അവസരമാകുന്നു. അവന്റെ മഹത്വീകരിക്കപ്പെട്ട മനുഷ്യത്വത്തിന്റെ മൂന്നു ശ്രേഷ്ഠജോലികൾ മനുഷ്യജാതിക്കും സർവ്വ സൃഷ്ടിക്കുംവേണ്ടി പ്രധാനാചാര്യനും രാജാവും പ്രവാചകനും എന്ന നിലയിൽ വേണ്ടതെല്ലാം പ്രവൃത്തിക്കുകയാകുന്നു. ഈ മൂന്നു കൃത്യങ്ങളുടേയും നിവൃത്തിക്കായി സ്വർഗ്ഗാരോഹണം ചെയ്ത നമ്മുടെ കർത്താവിനോടുകൂടി സഹകരിക്കുകയും പങ്കുകൊള്ളുകയും ചെയ്യുന്നതിന് സന്യാസിയുടെ നിത്യപ്രതിഷ്ഠ അവനെ കൃപകൊണ്ടും ശക്തികൊണ്ടും അനുഗ്രഹിക്കയും പോഷിപ്പിക്കയും ചെയ്യുന്നു. ധ്യാനജീവിതത്തിനോ ശുശ്രുഷാജീവിതത്തിനോ ഏതിനു വ്രതസ്ഥൻ വിളിക്കപ്പെട്ടിരുന്നാലും കർത്താവിന്റെ എല്ലാ സന്തോഷങ്ങളിലും ദുഃഖങ്ങളിലും പോരാട്ടങ്ങളിലും വിജയങ്ങളിലും തന്നോടുകൂടെ ഒന്നായിരിക്കുക എന്നുള്ള ഉന്നതമായ ബഹുമതി വ്രതസ്ഥന് നൽകപ്പെട്ടിരിക്കുന്നു. നമ്മുടെ കർത്താവിനോടുകൂടെ ഒന്നായിരിക്കുന്നതുമൂലം അവൻ കർത്താവിന്റെ രഹസ്യത്തിനടുത്ത ശരീരമാകുന്ന തിരുസഭയോടും അതിന്റെ അംഗങ്ങളായി വിളിക്കപ്പെട്ടിരിക്കുന്ന സന്യാസസഭയോടും ഒന്നായിത്തീരുന്നു. ഈ നവവിളിയിലേക്ക് അവനെ കൊണ്ടുവരുന്നത് (നടത്തിക്കുന്നത്) ഒരു പ്രത്യേക അർത്ഥത്തിൽ സന്യാസപ്രതിഷ്ഠയാകുന്നു. ഈ നവവിളിയുടെ ബഹുമതികളിൽ വർദ്ധമാനമായ വിധത്തിൽ പങ്കുകൊള്ളുന്നതിന് അവന് ആശ്രമാദ്ധ്യക്ഷൻ അവസരം കൊടുക്കുന്നു. ഈ വിളിയുടെ മാഹാത്മ്യം എല്ലാ അവസരങ്ങളിലും വർദ്ധമാനമായ വിധത്തിൽ വ്രതസ്ഥൻ മനസ്സിലാക്കുന്നു. നിയമത്തിൻകീഴെ പാർക്കുന്നത് ബുദ്ധിമുട്ടാണെന്നും ഒരേ അദ്ധ്യക്ഷന്റെയും ഒരേ സന്യാസസഭയിലെ ധർമ്മസഹോദരന്മാരുടേയും കൂടെയുള്ള സാമൂഹജീവിതം പ്രയാസമാണെന്നും അവനു തോന്നുന്നില്ല. അങ്ങനെയുള്ള സകല പരീക്ഷകളേയും ജയിച്ച് അവയ്ക്കുമേലായി സ്വഭാവാതീതമായ സ്വർഗ്ഗീയ ദാരിദ്ര്യത്തിലും സ്ഥിരചിത്തത്തോടുകൂടെ ജീവിച്ച് കർത്താവിനെ മഹത്വപ്പെടുത്തുന്നത് അവന്റെ മഹിമയാകുന്നു.

ലോകത്തിന്റെ പാപത്തെ നീക്കിക്കളയുന്ന ദൈവത്തിന്റെ കുഞ്ഞാടായ നമ്മുടെ കർത്താവിന്റെ യാഗജീവിതത്തെ അനുഗമിക്കുന്നതിന് സന്യാസപ്രതിഷ്ഠമൂലം നാം നിർബന്ധിതരാകുന്നു. അവന്റെ

www.malankaralibrary.com

യാഗത്തോട് അധികമായും ആഴമായും യോജിപ്പാൻ നാം പഠിക്കുന്നതിന് നോക്കിപ്പാർക്കുകയും ഉത്തരോത്തരം യോജിക്കയും ചെയ്യുന്നു. താഴെ പറയുന്ന കാര്യങ്ങൾ സന്യാസിമാരായ നമ്മുടെ ജീവിതം ക്രമീകരിക്കുന്നതിന് സഹായിക്കുന്നു.

1. പാപത്തെക്കുറിച്ച് നമ്മുടെ കർത്താവിനുള്ള ദുഃഖം സന്യാസിയിൽ ഉണ്ടായിരിക്കണം. പാപത്തോടു വെറുപ്പും ദൈവത്തോടു സ്നേഹവും നിറഞ്ഞ ഹൃദയം സന്യാസിക്കുണ്ടായിരിക്കണം. ലോകത്തിലേക്ക് തന്നെ ഇറക്കി കൊണ്ടുവന്ന പിതാവിന്റെ ഹൃദയത്തെ പാപം തുടരെ ദുഃഖിപ്പിക്കുന്നു.

2. സ്വയത്യാഗവും നിത്യം കുരിശും വഹിക്കുന്നതും സന്യാസത്തിന്റെ മഹിമയാകുന്നു എന്നു നമ്മുടെ കർത്താവ് തന്നെ അനുഗമിക്കുന്ന എല്ലാവരോടും കല്പിക്കുന്നു. സ്വയത്തെ ത്യജിക്കുകയും മിശിഹായെ സമ്പാദിക്കുകയും കുരിശുവഹിക്കുകയും സ്വർഗ്ഗീയ മഹത്വകിരീടം പ്രാപിക്കുകയും ചെയ്യുന്നത് സന്യാസിയുടെ നിരന്തര തഴക്കമായിരിക്കണം.

3. താൻ ലോകത്തിലായിരുന്നപ്പോൾ പിതാവിന്റെ മടിയിൽ പാർത്തത് ദൈവത്തോടുള്ള ഐക്യജീവിതം മൂലം ആയിരുന്നു. സന്യാസിയും ലോകത്തിൽ പാർക്കുന്നു എങ്കിലും മിശിഹായോടുകൂടി സ്വർഗ്ഗസ്ഥപിതാവിന്റെ മടിയിൽ സ്നേഹത്തിൽ പാർക്കണം. ചതുർവ്രതങ്ങൾ ഇതിനു സഹായിക്കുന്നു.

4. ദൈവ ശുശ്രൂഷയ്ക്ക് മുഴുവനായി പുത്രനായ ദൈവം തന്നെത്തന്നെ നൽകി. ഇതിൽ ദൈവത്തിനുവേണ്ടി മനുഷ്യരെ ശുശ്രൂഷിക്കുന്നതു കൂടി ഉൾപ്പെടുന്നു. അതുപോലെ സന്യാസിയുടെ ദൈവസേവനത്തിൽ മനുഷ്യസേവനം ഉൾപ്പെട്ടിരിക്കുന്നു. മനുഷ്യസേവനത്തിൽ മദ്ധ്യസ്ഥകുർബ്ബാനയോ, മദ്ധ്യസ്ഥപ്രാർത്ഥനയോ, ആത്മീയ ശുശ്രൂഷകളോ, ശാരീരിക ശുശ്രൂഷകളോ, യഥാനുസരണം ചെയ്യേണ്ടതാണ്.

സന്യാസിയുടെ അനുഭവത്തിലും ജീവിതത്തിലും മേൽപറഞ്ഞ നാലു സംഗതികളും സംഘടിച്ചിരിക്കുന്നു. അതുകൊണ്ട് കർത്താവിന്റെ സന്യാസാദർശത്തിലടങ്ങിയിരിക്കുന്ന മൂന്നുവലിയ പ്രമാണങ്ങളെപ്പറ്റി സന്യാസി നന്നായി വിചിന്തനം ചെയ്യണം. ത്യാജ്യങ്ങളായ വിഷയങ്ങൾ ഏവയെന്നും സമ്പാദ്യവിഷയങ്ങൾ ഏവയെന്നും ഈ ആദർശത്തിൽ നിന്നും പഠിക്കണം. അപ്പോൾ ബഥന്യാശ്രമമാകുന്ന മിശിഹാനുകരണ സഭയുടെ നിയമം സന്യാസിക്കു മധുരമുള്ളതായിത്തീരും.

www.malankaralibrary.com

അദ്ധ്യായം 7

# പ്രതിജ്ഞകൾ

പൊതുവായി പറയുന്നപക്ഷം നമ്മുടെ ഹിതപ്രകാരം തെരഞ്ഞെടുക്കാൻ ദൈവം നമുക്ക് സ്വാതന്ത്ര്യം തന്നിട്ടുള്ള ഏതെങ്കിലും ഒരു പ്രവൃത്തിയെ ദൈവപ്രീതിക്കും മഹത്വത്തിനുമായി ചെയ്യണമെന്ന് നാം വാഗ്ദാനം ചെയ്യുന്നപക്ഷം അത് ഒരു പ്രതിജ്ഞയാകുന്നു. സന്യാസ പ്രതിജ്ഞ മറ്റു പ്രതിജ്ഞകളേക്കാൾ അതിശ്രേഷ്ഠമാകുന്നു.

അതിന്റെ ഉദ്ദേശം സർവ്വോപരി ദൈവത്തെ പ്രീതിപ്പെടുത്തുകയും മഹത്വപ്പെടുത്തുകയും ചെയ്യണമെന്നുള്ളതാകകൊണ്ട് ആ പ്രതിജ്ഞ ചെയ്യുന്നതും നിറവേറ്റുന്നതും എത്രയും ഉത്തമമായിട്ടുള്ളതാകുന്നു. ഈ പ്രതിജ്ഞ ചെയ്യുന്നത് അതിശ്രേഷ്ഠമായ ഒരു മഹൽകൃത്യമാകകൊണ്ട് ഗൗരവതരമായ ആലോചന കൂടാതെയും ബുദ്ധികേടായിട്ടും (Rashly) "ഏതെങ്കിലും ദുരുദ്ദേശത്താലോ പ്രേരണയാലോ നിർബ്bന്ധത്താലോ ചെയ്തുകൂടാത്തതുമാകുന്നു. പ്രത്യുത ഈ പ്രതിജ്ഞ ചെയ്യുന്നത് പൂർണ്ണ അറിവോടും ദൃഢനിശ്ചയത്തോടും പരിപൂർണ്ണമായ സ്വാതന്ത്ര്യത്തോടും കൂടി ആയിരിക്കണം.

സന്യാസ സമൂഹങ്ങളിൽ പ്രതിജ്ഞ ചെയ്യുവാൻ അനുവദിക്കുന്നത് ഈ കാര്യങ്ങളെ വളരെ കരുതിക്കൊണ്ടാകുന്നു. ദീർഘകാലത്തേ പരിശോധനയുടേയും അഭ്യസനത്തിന്റേയും പരിശീലനത്തിന്റേയും ശേഷമല്ലാതെ ആരേയും സന്യാസപ്രതിജ്ഞ ചെയ്യുന്നതിന് അനുവദിക്കുന്നില്ല. സന്യാസപ്രതിജ്ഞ ചെയ്യുന്നതിന് മുമ്പ് പ്രതിജ്ഞയ്ക്ക് ഒരുങ്ങുന്ന ആളിനെക്കുറിച്ച് ദൈവേഷ്ടം അതാണെന്ന് അവനുമാത്രം ബോധം വന്നാൽ മതിയാകയില്ല. അവനെ ശോധനചെയ്ത സമൂഹത്തേയും അവനെ സ്വീകരിക്കുന്ന അദ്ധ്യക്ഷനേയും ഈ വിഷയത്തിൽ തൃപ്തിപ്പെടുത്തേണ്ടിയിരിക്കുന്നു.

www.malankaralibrary.com

വി. ദാരിദ്ര്യം, വി. കന്യത്വം, വി. അനുസരണം എന്നീ മൂന്നു വ്രതങ്ങൾ വഴിയായി ജീവിതത്തെ ക്രമീകരിക്കണമെന്നു സന്യാസപ്രതിജ്ഞകൾ ഉറപ്പു വരുത്തുന്നു. ജീവിതകാലം മുഴുവൻ ഈ പ്രതിജ്ഞകളെ അനുഷ്ഠിപ്പാൻ സന്യാസി നിത്യപ്രതിജ്ഞയാൽ തന്നത്താൻ കടപ്പെടുത്തുന്നു. സാമാന്യമായ നിത്യവ്രതമായാലും മഹദ്വ്രതമായാലും ഫലം ഒന്നു തന്നെ. മനുഷ്യപ്രകൃതത്തിന്റെ അസ്ഥിരതയ്ക്കെതിരായി മരണപര്യന്തം വേണ്ട കരുതലുകൾ ചെയ്യാമെന്ന് സാമാന്യ നിത്യപ്രതിജ്ഞകൊണ്ടും മഹൽപ്രതിജ്ഞകൊണ്ടും സന്യാസി ഒരുപോലെ ഉറപ്പു വരുത്തുന്നു.

സന്യാസി തന്നെത്താൻ ദൈവത്തിന് പൂർണ്ണ ദഹനയാഗമായി അർപ്പിക്കപ്പെടണമെന്നുള്ളത് സന്യാസത്തിന്റെ സാരാംശ ഭാഗമാകുന്നു. സന്യാസയാഗം എന്തെന്നും അത് പാലിക്കേണ്ടതെങ്ങിനെ എന്നും സന്യാസപ്രതിജ്ഞകൾ വ്യവസ്ഥപ്പെടുത്തുന്നു. സന്യാസസഭയുടെ ആദർശങ്ങൾ അനുവർത്തിക്കുന്നതിന് പ്രതിജ്ഞകൾ സഹായിക്കുന്നു. ഒരു സന്യാസസഭയുടെ പരമോദ്ദേശ്യവും ആദർശവും ആ സഭയിലെ അംഗങ്ങളെല്ലാവരും അംഗീകരിക്കയും അനുവർത്തിക്കയും ചെയ്യുന്നതിന് ക്ലിപ്തമായ പ്രതിജ്ഞകളും വി.നിയമവും സഹായിക്കുന്നു.

സമൂഹത്തിൽ പാർക്കുന്ന സന്യാസിമാർക്കെല്ലാം ഒരു ഹൃദയവും ഒരു മനസ്സും ഉണ്ടായിരിക്കേണ്ടതിന് എല്ലാവരും ശ്രമിക്കേണ്ടതും അതിലേക്ക് ക്ലിപ്തമായ നിബന്ധനകളും സുവ്യക്തമായ വ്യവസ്ഥകളും ഉണ്ടായിരിക്കേണ്ടതും ആവശ്യമാകുന്നു. സന്യാസസഭയിൽ പ്രവേശിക്കുന്നവർക്ക് യഥാർത്ഥമായ ഒരു പൊതു സാമൂഹ്യജീവിതം ഉണ്ടായിരിക്കുന്നതിനുവേണ്ടി നിയമങ്ങൾ സ്വീകരിക്കുകയും വ്യവസ്ഥാപിതമായ ചുമതലകൾ ഭരമേൽക്കുകയും ചെയ്യുന്നതും ആവശ്യമാകുന്നു. ക്ലിപ്തമായ പ്രതിജ്ഞകൾ ഇവയ്ക്കെല്ലാം സഹായകമാകുന്നു.

സകല കാര്യങ്ങളിലും സന്യാസി ഈ പ്രതിജ്ഞകളുടെ ഉദ്ദേശമനുസരിച്ച് ജീവിക്കുന്നതുകൊണ്ട് അദ്ദേഹത്തിന്റെ വിളിയുടെ ലാക്കിങ്കലേക്ക് എത്തിച്ചേരുന്നതിന് സന്യാസപ്രതിജ്ഞ അദ്ദേഹത്തെ വളരെ അധികം സഹായിക്കുന്നു. നമ്മുടെ കർത്താവ് നമ്മെ ഓർമ്മപ്പെടുത്തുന്ന പ്രകാരം പലപ്പോഴും മനുഷ്യർ ലോകത്തിന്റെ പ്രാരബ്ധങ്ങൾ, ഭാരങ്ങൾ, ധനകാര്യങ്ങൾ, ലൗകീകസന്തോഷസന്താപങ്ങൾ എന്നിവ മൂലം

www.malankaralibrary.com

ഞെരുങ്ങുന്നു. (വി. മത്തായി 13:7) യാതൊരു ഫലവും പൂർണ്ണമാകാൻ അവ സമ്മതിക്കുന്നില്ല. സന്യാസസഭയുടെ മൂന്നു പ്രതിജ്ഞകൾ മനുഷ്യ ജീവിതത്തിലുള്ള മൂന്നു വലിയ ബുദ്ധിമുട്ടുകളിൽ നിന്നും (cares) ആത്മാവിനേ സ്വതന്ത്രമാക്കുന്നു. (എ) ദാരിദ്ര്യവ്രതം മൂലം ഭൗമിക സ്വത്തുക്കളെ, അതേ ധനം ആദിയായ സകലത്തേയും സമ്പാദിക്കുകയും സൂക്ഷിക്കയും ചെയ്യുന്നതിനുള്ള ആകാംക്ഷ ഇല്ലാതാകുന്നു. സന്യാസിക്ക് ദൈവം മാത്രം സർവ്വസമ്പാദ്യമായിത്തീരണമെന്നുള്ള സ്ഥിതി ലഭിക്കുന്നു. (ബി) സ്വഭാര്യയെ പ്രീതിപ്പെടുത്തുന്നതിന് ശ്രമിക്കുമ്പോൾ ഉണ്ടാകുന്ന വിഷമങ്ങളും മനോഭാരങ്ങളും കന്യാവ്രതം മൂലം നീക്കപ്പെടുന്നു. സന്യാസിക്ക് ദൈവത്തേ മാത്രം പ്രീതിപ്പെടുത്തണമെ ന്നും, ദൈവം മാത്രം സന്തോഷഭാജനമായിരിക്കണമെന്നുമുള്ള സ്ഥിതി ലഭിക്കുന്നു. (സി) നാം ചെയ്യേണ്ടതെന്താകുന്നു എന്നറിയാതെ കുഴങ്ങുകയോ ഏതെങ്കിലും കൃത്യത്തെപ്പറ്റി നിശ്ചയം ചെയ്യുന്നതിനു ധൈര്യവും ഉറപ്പും ഇല്ലാതെ വിഷമിക്കയോ, ചെയ്വാൻ ആവശ്യമില്ലാത്ത അവസ്ഥ അനുസരണ വ്രതം മൂലം ലഭിക്കുന്നു. സന്യാസിക്ക് ദൈവഹിതം മാത്രം ജീവിതപ്രമാണമാകുന്നു. (ഡി) അസ്ഥിരനും ചഞ്ചല ഹൃദയനുമായ മനുഷ്യനെ സന്യാസസഭയിൽ മേല്പറഞ്ഞ മൂന്നു വ്രതങ്ങളിലും പ്രതിജ്ഞകളിലും വിശ്വസ്ഥനായിരിപ്പാൻ ആയുഷ്പര്യന്തമുള്ള നിത്യപ്രതിജ്ഞ സഹായിക്കുന്നു. ദൈവം തന്നെ സന്യാസിയുടെ നിത്യാവകാശവും പരമഭാഗ്യമായി ത്തീരുന്നു.

1. ലോകത്തിലെ നല്ല സാധനങ്ങളേയും

2. സന്യാസവിളിയില്ലാത്ത ദൈവമക്കൾക്ക് അനുവദിക്കപ്പെട്ടിട്ടുള്ള ഇന്ദ്രിയ സുഖങ്ങളേയും

3. ന്യായമായ കാര്യങ്ങളിൽ പോലും നമ്മുടെ സ്വന്ത ഇഷ്ടം നിവൃത്തിക്കുന്നതിനേയും പറ്റിയുള്ള ആഗ്രഹങ്ങളും ചിന്തകളും മനോരാജ്യങ്ങളും ഉണ്ടാകാനുള്ള ആവശ്യങ്ങളേയും അവസരങ്ങളേയും സന്യാസപ്രതിജ്ഞകൾ മിക്കവാറും ഇല്ലാതാക്കുന്നതുമൂലം ധനങ്ങളിൽ നിന്നും സന്തോഷങ്ങളിൽ നിന്നും, സ്വേച്ഛയിൽ നിന്നും ഉളവാകുന്ന വിപത്തുക്കളെ ഈ പ്രതിജ്ഞകൾ പാടെ വിപാടനം ചെയ്യുന്നു. ഇതു മൂലം സന്യാസി ആത്മാവിൽ ദൈവീകജീവന്റെ വളർച്ചക്കുള്ള വലിയ തടസ്സങ്ങളിൽ പലതും നീക്കുകയും ദിവ്യജീവനെ കൈവളർത്തുകയും

www.malankaralibrary.com

ചെയ്യുന്നു. അതുകൊണ്ട് ഒരർത്ഥത്തിൽ, അതായത് ന്യൂനപക്ഷമായും നിഷേധാർത്ഥത്തിലും പറയുന്ന പക്ഷം നല്ല വിത്തു സ്വതന്ത്രമായി വളർത്തക്കവണ്ണം നിലം ശരിപ്പെടുത്തുന്നത് സന്യാസ പ്രതിജ്ഞകളാകുന്നു. വിപരീതാർത്ഥത്തിൽ അതായത് അധികപക്ഷമായി പറയുന്നപക്ഷം സന്യാസി പ്രതിജ്ഞമൂലം സുകൃതപൂർണ്ണത പ്രാപിക്കയും പുതിയ ജീവൻ സമ്പാദിക്കയും ചെയ്യുന്നു. അതായത് ബാഹ്യമായും യഥാർത്ഥമായും ആന്തരീയമായും അഥവാ നിയമാനുസരണവും വാസ്തവവും ശക്തിപൂർവ്വവും ആയി (Formally, really, actively) സന്യാസി കഴിക്കുന്ന വഴിപാടു മൂലം.

1. വി. ത്രിത്വത്തിൽ സ്ഥിതിചെയ്യുന്ന നശിച്ചുപോകാത്ത ധനങ്ങളെ സന്യാസി പ്രാപിക്കുന്നു. ഇത് ദാരിദ്ര്യപ്രതിജ്ഞയുടെ ഫലമാകുന്നു: "അവനിൽ നമുക്ക് സർവവും ഉണ്ട്."

2. വാഴ്ത്തപ്പെട്ട ത്രിത്വത്തിന്റെ സമൂഹജീവിതസന്തോഷത്തിനു സന്യാസി അവകാശി ആയിതീരുന്നു. ഇത് കന്യത്വപ്രതിജ്ഞയുടെ ഫലമാകുന്നു:- "കർത്താവിന്റെ സന്തോഷത്തിലേക്ക് നിങ്ങൾ പ്രവേശിപ്പിൻ."

3. വാഴ്ത്തപ്പെട്ട ത്രിത്വത്തിൽ സ്ഥിതിചെയ്യുന്ന ഉദ്ദേശത്തിന്റെയും ശ്രമത്തിന്റേയും ഐക്യതയുടെ മഹത്വത്തെ സന്യാസി കരസ്ഥമാക്കുന്നു. ഇത് അനുസരണപ്രതിജ്ഞയുടെ ഫലമാകുന്നു:- "കർത്താവേ ഞാൻ അങ്ങേ ഇഷ്ടം ചെയ്‌വാൻ വരുന്നു."

സന്യാസപ്രതിജ്ഞ ആയുഷ്പര്യന്തം പാലിക്കത്തക്കതായാൽ ഇവയെ എല്ലാം നിരന്തരവും നിത്യവുമായി അവകാശമായി സന്യാസി കരസ്ഥമാക്കുകയും അനുഭവമാക്കുകയും ചെയ്യുന്നു:- "അങ്ങ് മാത്രം ഞങ്ങളുടെ നിത്യാവകാശമാകുന്നു."

ഈ പ്രതിജ്ഞകൾ മൂലം നാം ഈ ലോകകാര്യങ്ങളിലുള്ള നമ്മുടെ ബന്ധനത്തേയും ബന്ധത്തേയും അഴിക്കുന്നു. എന്നാൽ നാം ഇങ്ങനെ ചെയ്യുന്നത് നിത്യമായ അദൃശ്യകാര്യങ്ങളെ പൂർവ്വാധികം ദൃഢമായി പിടിക്കുന്നതിനും കരസ്ഥമാക്കുന്നതിനും വേണ്ടിയാകുന്നു. ഈ പ്രതിജ്ഞകൾക്ക് ആധാരമായിരിക്കുന്ന നമ്മുടെ കർത്താവിന്റെ പ്രമാണങ്ങളെ നാം വിചിന്തനം ചെയ്യുമ്പോൾ ഇതു നമുക്കു ഗ്രഹിക്കാം. സന്യാസ പ്രതിജ്ഞ ചെയ്യുന്നത് യഥാർത്ഥത്തിൽ ഒരു മരണം അനുഭവിക്കയാകുന്നു. എന്നാൽ അത് ജീവിക്കുന്നതിനുള്ള മരണവും ഒരു കീഴടക്കവുമാകുന്നു. സന്യാസി സകലവും ഏല്പിച്ചു കൊടുക്കുകയാകുന്നു. എങ്കിലും എന്തിനേ ഉപേക്ഷിക്കുന്നുവോ അതിനേക്കാൾ ശ്രേഷ്ഠമായത് ഈ

www.malankaralibrary.com

കാലത്തു തന്നെ നൂറിരട്ടിയായി ലഭിക്കുന്നതിനുവേണ്ടിയുള്ള ത്യാഗമാകുന്നു. എന്തുകൊണ്ടെന്നാൽ നമ്മുടെ കർത്താവിന്റെ സകല വ്യാപാരങ്ങളിലും കർത്താവു നമ്മുടെ അടുക്കൽ വരുന്നത് നമ്മുടെ ആത്മശരീരങ്ങൾക്കു ജീവൻ ഉണ്ടാകേണ്ടതിനും അത് സമൃദ്ധിയായി ഉണ്ടാകേണ്ടതിനും വേണ്ടിയാകുന്നു. സന്യാസപ്രതിജ്ഞയിങ്കൽ കർത്താവ് സന്യാസിക്ക് സ്വർഗ്ഗീയ ജീവൻ ദാനം ചെയ്യുന്നു. അതിസമൃദ്ധിയായ ജീവൻ വാഗ്ദാനം ചെയ്യുന്നു.

അതുകൊണ്ട് നമ്മുടെ പ്രതിജ്ഞകൾ ബാഹ്യമായ നമ്മുടെ പെരുമാറ്റത്തെ മാത്രം ബാധിക്കുന്നതല്ല. സന്യാസ പ്രതിജ്ഞയിൽ അടങ്ങിയിരിക്കുന്ന തത്വം എന്തെന്ന് നാം ഗ്രഹിക്കണം. അത് ചില സാധനങ്ങൾ ഉണ്ടായിരിക്കരുതെന്നും, ചില സന്തോഷങ്ങൾ അനുഭവിക്കരുതെന്നും, ചില കാര്യങ്ങൾ ചെയ്യരുതെന്നും മാത്രം ഉള്ള ഒരു നിഷേധപ്രമാണമല്ല. എന്നാൽ അവയ്ക്ക് അധികംപക്ഷമായ ഒരു ഭാഗമുണ്ട്. നമ്മുടെ കർത്താവിൽ നിന്ന് ആണ് വി. ദാരിദ്ര്യത്തിന്റെയും, വിശുദ്ധ കന്യത്വത്തിന്റെയും, വിശുദ്ധ അനുസരണത്തിന്റെയും, ആത്മാവും മനസ്ഥിതിയും ജീവിതവും സമ്പാദിപ്പാനായി പ്രാർത്ഥിപ്പാനും പരിശ്രമിപ്പാനും പ്രതിജ്ഞകളാൽ നമ്മെത്തന്നെ നാം ആയുഷ്പര്യന്തം ബന്ധിക്കുന്നു. ഇങ്ങനെ നാം പ്രാർത്ഥിക്കുകയും പരിശ്രമിക്കുകയും ചെയ്യുന്നത് നിത്യമായും എന്നേക്കും യേശുമിശിഹാ നമ്മുടെ ജീവന്റെ ആധാരവും ജീവിതത്തിന്റെ പ്രമാണവും ആയിതീരുന്നതിനും സന്യാസ സുകൃതങ്ങൾ നമ്മുടെ സർവ്വ സമ്പാദ്യം ആയിതീരുന്നതിനും ആകുന്നു. സന്യാസപ്രതിഷ്ഠ നടക്കുന്ന സമയത്തു നാം പ്രതിജ്ഞകൾ ചെയ്യുന്നത് മിശിഹായെ ധരിക്കുന്നതിനും അപ്പോൾ മുതൽ എന്നേക്കും അങ്ങിൽ പാർക്കുന്നതിനും ആകുന്നു. നാം മിശിഹായെ ധരിക്കുന്നതും അങ്ങിൽ പാർക്കുന്നതും അങ്ങ് നമ്മേ മുഴുവനായി ആവൃതം ചെയ്യുന്നതിനും ആലിംഗനം ചെയ്യുന്ന തിനും നമ്മുടെ പ്രകൃതത്തിന്റെ ഓരോ ഭാഗങ്ങളേയും എടുത്ത് അതിനേ മുഴുവനായി അങ്ങയോട് അനുരൂപപ്പെടുത്തുന്നതിനും സംയോജിപ്പിക്കുന്നതിനും അങ്ങേ ക്നൂമ്മ നമ്മിൽ പൂർവ്വാധികം ശക്തിയായി പാർക്കുന്നതിനും അങ്ങേ ശക്തിയും അധികാരവും നമ്മിൽ പൂർണ്ണമായി നടക്കുന്നതിനും അങ്ങേ സ്വഭാവം നമ്മിൽ നിറയുന്നതിനും വേണ്ടിയാകുന്നു.

ഒരു സൃഷ്ടിക്ക് ദൈവത്തിന് അർപ്പിക്കുവാൻ കഴിയുന്നതിലേക്കും പൂർണ്ണമായ യാഗം സന്യാസപ്രതിജ്ഞയോടുകൂടിയ പ്രതിഷ്ഠ

www.malankaralibrary.com

ആകുന്നു. എന്തുകൊണ്ടെന്നാൽ നാം ആയിരുന്നതും നമുക്കുള്ളതും നമുക്കുണ്ടാകാവുന്നതുമായ സകലവും ദൈവത്തിന് വഴിപാടു കൊടുക്കുന്നു. സന്യാസസഭയുടെ വി. നിയമം സ്വീകരിക്കുന്നതും സന്യാസ പ്രതിജ്ഞ ചെയ്യുന്നതും ദൈവമഹത്വത്തിനായി നമുക്ക് അർപ്പിക്കാൻ കഴിയുന്നതിലേക്കും വലിയ അർപ്പണം അതേ ഭക്ത്യാദരപൂർവ്വമായ പൂജ (Homage) ആകുന്നു. കർത്താവിന്റെ ഏതുദ്ദേശ്യങ്ങളും നിറവേറ്റുന്നതിന് അങ്ങേയ്ക്ക് ആവശ്യമുള്ളപ്പോൾ യഥേഷ്ടം നമ്മെ ഉപയോഗിക്കാവുന്നതാകുന്നു.

അതിനാൽ അധികമായ സ്നേഹവും വീരപരാക്രമങ്ങളും ആവശ്യമുള്ള മഹൽകൃത്യങ്ങളിൽ അങ്ങയോട് എന്നേക്കും ഭക്തിയുള്ള കൂട്ടുവേലക്കാരായി നമ്മെ അവിടുന്ന് ആക്കിതീർക്കുന്നു. ഒരു സന്യാസി സമൂഹത്തിൽ താമസിച്ചുകൊണ്ട് സമയം പ്രാർത്ഥനയ്ക്കായി വിനിയോഗിക്കുന്നതിനോ കർത്താവിന്റെ രോഗികളുടെ അടുക്കൽ സവിനയം പാർത്തു അവരെ ശുശ്രൂഷിക്കുന്നതിനോ അവിടുത്തെ എളിയവരും ചെറിയവരുമായവരുടെ അടുക്കൽ പാർത്ത് അവരെ അഭ്യസിപ്പിക്കുന്നതിനോ അസാമാന്യം ഭക്തിയും ധൈര്യവും പ്രയോഗിക്കേണ്ട ഏതെങ്കിലും ശുശ്രൂഷ ചെയ്യുന്നതിനോ, സന്യാസിയെ ഉപയോഗിപ്പാൻ കർത്താവിന് കഴിയുമെന്നുള്ളത് സന്യാസി ചിന്തിക്കണം. അതിലേക്കോ കർത്താവിന്റെ ഹിതപ്രകാരമുള്ള ഏതെങ്കിലും കാര്യത്തിനോ സന്യാസിയെ ഏതു സമയത്ത് വിനിയോഗിപ്പാൻ കർത്താവിന് പൂർണ്ണ സ്വാതന്ത്ര്യം ഉണ്ട്. സന്യാസി ജീവിക്കുന്നത് കർത്താവിന്റെ ഇഷ്ടം ചെയ്യുവാൻ മാത്രമാകുന്നു. സന്യാസത്തിന്റെ വലിയ പദവി ഇതത്രേ.

വി. സഭയാൽ അംഗീകൃതമായ ഒരു സന്യാസി സഭയിൽ ചേർന്ന് നിത്യപ്രതിജ്ഞകൾ ചെയ്ത് പൂർണ്ണമായ സ്വയ ത്യാഗം അനുഷ്ഠിക്കുന്നത് യഥാർത്ഥ സന്യാസമാകുന്നു. ഈ പ്രതിഷ്ഠ ചെയ്വാൻ ദൈവത്തിന്റെ അനുമതി ഉണ്ടെന്നും, ദൈവം അവന്റെ വഴിപാടിനെ സ്വീകരിച്ചു എന്നും ഒരു സ്ഥിരമായ ബോധം പ്രതിഷ്ഠാകർമ്മം മൂലം അവനിൽ ഉളവാകുന്നു. ഈ പ്രതിഷ്ഠാശുശ്രൂഷ വി. കൂദാശയ്ക്ക് അനുരൂപമായ ഒരു പരിശുദ്ധ കർമ്മമാകുന്നു. തിരുസഭയുടേയും സന്യാസസഭയുടേയും മേലധികാരികൾ അവന്റെ പ്രതിഷ്ഠക്ക് മഹത്തായവിധം സ്വീകരണം നല്കുകയും അവനെ അനുഗ്രഹിക്കുകയും ചെയ്യുന്നതിനാൽ ഈ ബോധം അവന് കൂടുതലായി ഉണ്ടാകുന്നു. അതുനിമിത്തം അന്നുമുതൽ എപ്പോഴെങ്കിലും അവന്റെ മനസ്സ് ബലഹീനമായിരിക്കുമ്പോൾ ഈ പ്രതിജ്ഞകൾ അവന് ബലം നൽകുന്നു. അവന്റെ ബുദ്ധി വ്യതിചലി

www.malankaralibrary.com

ക്കാൻ ഇടയുള്ളപ്പോൾ ഈ പ്രതിജ്ഞകൾ ബലമായ ഒരു പിടിയും ഉറപ്പും നങ്കൂരവുമായി തീരുന്നു. അവന് പരീക്ഷയും അന്ധകാരവും ഉണ്ടാകുന്ന നാളുകളിൽ ഈ പ്രതിജ്ഞകൾ അവന് സ്വീകാര്യമായ സഹായമാകുന്നു. അവൻ ദീർഘമായ ആലോചനയുടെ ശേഷവും പരസ്യമായും എന്നേക്കുമായും അവസാനമായും നിരന്തരമായും നിത്യമായും ദൈവത്തിന്, അതേ, ദൈവത്തിനുമാത്രം അർപ്പിക്കപ്പെട്ടിരിക്കുന്നു. ഈ കാര്യത്തെപ്പറ്റി ഇനിയും എന്തെങ്കിലും സംശയമോ, തർക്കമോ, ഇളക്കമോ പുനരാലോചനയോ, ഉണ്ടാകുവാൻ കഴിവില്ല. നിത്യമായ സമാന്യ പ്രതിജ്ഞയും, മഹൽപ്രതിജ്ഞയും ആജീവനാന്തം സന്യാസ നിഷ്ഠയിൽ ജീവിച്ചുകൊള്ളുന്നതിന് സന്യാസിയെ ബന്ധിക്കുന്നു. ഏത് സന്യാസ സമൂഹത്തിൽവച്ച് പ്രതിജ്ഞ ചെയ്തുവോ ആ സന്യാസ കുടുംബത്തിൽ സ്ഥിരമായി പാർക്കാൻ സന്യാസി കടപ്പെട്ടിരിക്കുന്നു. ഇതുനിമിത്തം വേറെ ഏതെങ്കിലും രീതിയിലുള്ള സന്യാസജീവിതത്തിൽ പ്രവേശിപ്പാനോ പ്രവേശിക്കുന്ന കാര്യം ചിന്തിപ്പാനോ പാടില്ല. പ്രതിജ്ഞയുടെ ഫലമായ സന്യാസപ്രതിഷ്ഠയുടെ ശേഷം വിളിയേപ്പറ്റിയുള്ള പുനരാലോചനയ്ക്ക് യാതൊരാവശ്യവും ഇല്ലാ. അത് എന്നേക്കും തീർച്ചയായി കഴിഞ്ഞിരിക്കുന്നു. അവൻ എന്നേക്കുമായി തിരഞ്ഞെടുത്തതായ കുടുംബത്തിൽ ദൈവം അവനെ സ്ഥിരാംഗമായി ചേർത്തിരിക്കുന്നു. അതിനാൽ സന്യാസപ്രതിഷ്ഠമൂലം ഒരു വാതിലിൽകൂടെ എന്നവണ്ണം നാം സ്വർഗ്ഗജീവിതത്തിലേക്കും അതുമൂലം കുഞ്ഞാടിനെ നിത്യവും അനുഗമിക്കുന്ന കന്യാവ്രതമുള്ള ആത്മാക്കളുടെ ശോഭയുള്ള കൂട്ടത്തിലേക്കും പ്രവേശിക്കപ്പെടുന്നു.

ഇനിയും നമുക്ക് പ്രതിജ്ഞകൾക്കു ധാരാളമായിരിക്കുന്ന നമ്മുടെ കർത്താവിന്റെ ഉപദേശങ്ങളെ വിചിന്തനം ചെയ്യാം.

## വ്രതത്രയം

## I

## ദാരിദ്ര്യം

നമ്മുടെ കർത്താവ് പറയുന്നതാണിത്:- "നീ പൂർണ്ണനാകുവാൻ ഇച്ഛിക്കുന്നെങ്കിൽ നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്ക് കൊടുക്കുക. അതിന്റെ ശേഷം വന്ന് എന്നെ അനുഗമിക്കുക" (വി. മത്താ. 19:21) "ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ എന്തെന്നാൽ സ്വർഗ്ഗരാജ്യം അവരുടേത്

www.malankaralibrary.com

ആകുന്നു" (വി. മത്താ. 5:3) "പൈതങ്ങളെ ധനത്തിൽ ആശ്രയിക്കുന്ന വർക്കു ദൈവരാജ്യത്തിൽ പ്രവേശിപ്പാൻ എത്ര പ്രയാസമാകുന്നു (വി. മർക്കോ. 10:24). "നിങ്ങൾക്ക് ദൈവത്തെയും മാമോനെയും സേവിപ്പാൻ കഴിക യില്ല" (വി. മത്താ. 6:24).

നാം അങ്ങേ നന്നായി അനുഗമിക്കുന്നതിനും അങ്ങയോടു ചേർന്ന് തന്റെ പിന്നടികളിൽ നടക്കുന്നതിനും, ദൈവരാജ്യത്തെ അവകാശമാക്കു ന്നതിനും നമ്മുടെ കർത്താവ് ആഗ്രഹിക്കുന്നു. ഇതിനാകുന്നു അങ്ങേ വിശുദ്ധ ദാരിദ്ര്യവ്രതമാകുന്ന സ്വഭാവാതീതമാർഗ്ഗത്തിലൂടെ അങ്ങു നമ്മെ ക്ഷണിക്കുന്നത്. സന്യാസപരമായ ദാരിദ്ര്യമെന്നതോ നമ്മുടെ കർത്താവിനുണ്ടായിരുന്ന ദാരിദ്ര്യത്തിൽ നാം ആത്മാവിലും മനസ്ഥിതി യിലും ജീവിതത്തിലും ഹൃദയപൂർവ്വം പങ്കുകൊള്ളുന്നതാകുന്നു. അങ്ങ് സ്വന്തം വകയ്ക്കായി ഒന്നും കൈവശം വെച്ചിരുന്നില്ല. പിതാവിനോടുള്ള സമത്വം പോലും താൻ സ്വമനസ്സാ ഉപേക്ഷിച്ചു (ഫിലി. 2:6). അങ്ങേ ദാരിദ്ര്യം മൂലം അനേകരെ സമ്പന്നന്മാരാക്കുന്നതിനുവേണ്ടി തന്നെ ത്തന്നെ വെറുമയാക്കിതീർത്തു (2 കോറി. 8:9). ലോകസുഖങ്ങളും, ധനവും, സന്തോഷങ്ങളും, ബഹുമതികളും അവയ്ക്കു ലോകത്തിലുള്ള ശക്തികളും, അവ മൂലമുള്ള മഹിമയും, സ്വാധീനവും, തെല്ലും ആഗ്രഹി ക്കാതെ കർത്താവ് ലോകത്തിൽ പാർത്തു. പിതാവ് തനിക്കായി തിരുമനസ്സായി നൽകിയ കല്ലടാവ്, പുൽകൂട്, ആശാരിയുടെ പണിപ്പര എന്നിവയുടെ ആഡംബരരാഹിത്യത്തിലും നിർദ്ധനത്വത്തിലും അവി ടുന്ന് സംതൃപ്തനായിരുന്നു. നിർദ്ധനന്മാരായ ശിഷ്യന്മാരുടെ സഹ വാസവും കുരിശിന്മേലുള്ള നിസ്സഹായാവസ്ഥയും, അന്യന്റെ വകയായ കബറിടവും അവിടുന്നു സസന്തോഷം സ്വീകരിച്ചു.

അപ്രകാരം തന്ന സന്യാസിമാർ ദാരിദ്ര്യ പ്രതിജ്ഞമൂലം യാതൊ ന്നും സ്വന്തമായി ഇല്ലാത്തവരും, സ്വന്തമായി യാതൊന്നും ഉണ്ടായിരി പ്പാൻ ഇടയില്ലാത്തവരുമായി തീരുന്നു. ദൈവകുടുംബത്തിലെ പൈത ങ്ങളെന്നവണ്ണം അവർ അവരുടെ പിതൃഭവനത്തിൽ പാർക്കുന്നു. അവിടെ സകലവും ദൈവത്തിന്റേതാകുന്നു. യാതൊന്നും ആർക്കും തന്നെ സ്വന്തമായി ഇല്ല. ഓരോ സന്യാസിക്കും ഉണ്ടായിരിക്കണമെന്നു ദൈവം തിരുമനസ്സാകുന്ന സാമാനങ്ങൾ അദ്ധ്യക്ഷൻ വഴിയായി അവർ ക്കും നൽകുന്നു. നസറേത്തിലെ ആശാരിപ്പുരയിൽ കർത്താവിനുണ്ടാ യിരുന്നതുപോലെ ആഡംബരരഹിതവും സാധാരണവുമായ രീതിയിൽ കാലയാപനം ചെയ്യുന്നതിന് വേണ്ട ഏർപ്പാടുകളെല്ലാം അദ്ധ്യക്ഷൻ ചെയ്തിട്ടുണ്ട്. സന്യാസിമാർ നിവൃത്തിയുള്ളടത്തോളം വിശേഷ

www.malankaralibrary.com

സാമാനങ്ങൾ ആവശ്യപ്പെടാതെയും അവർക്കു നൽകപ്പെടുന്നവയിൽ സന്തോഷവും തൃപ്തിയുമുള്ളവരായി വിശുദ്ധ നിയമങ്ങളുടേയും സന്യാസപരമായ ആശ്രമാചാരങ്ങളുടെയും രക്ഷാധികാരിയായ (Guardian) അദ്ധ്യക്ഷനെ എല്ലാവിധത്തിലും സഹായിക്കുന്നു. പരസ്യ ശുശ്രൂഷകാലത്ത് തലചായിപ്പാൻ പോലും ഇടം ലഭിക്കാതിരുന്ന മിശിഹാതമ്പുരാനെ ഓർത്തും അനുകരിച്ചും കൊണ്ട് അവർ സ്വന്ത ആഗ്രഹങ്ങളെയും, ഇഷ്ടങ്ങളെയും അനിഷ്ടങ്ങളെയും എല്ലാം ക്രമീകരിക്കുന്നു.

ദാരിദ്ര്യപ്രതിജ്ഞ ബാഹ്യമായി ആചരിക്കുന്നതെങ്ങിനെ?

1. സ്വന്തമായി എന്തെങ്കിലും സാധനം ഉണ്ടായിരിക്കരുതെന്നും, സ്വന്തമെന്നപോലെ യാതൊരു സാധനവും ഉപയോഗിക്കരുതെന്നും, ദാരിദ്ര്യപ്രതിജ്ഞ കല്പിക്കുന്നു. എന്റെ സ്വന്തപുസ്തകമെന്നോ എന്റെ തനതുവക സ്ഥലമെന്നോ, സ്ഥാപനമെന്നോ, എന്റെ വേലയെന്നോ സന്യാസി ഒരിക്കലും കരുതുകയും സംസാരിക്കുകയും അരുത്.

2. അനുവാദം കൂടാതെ എന്തെങ്കിലും സ്വീകരിക്കുകയോ, സൂക്ഷിക്കുകയോ, കടംകൊടുക്കുകയോ, ദാനം ചെയ്യുകയോ, നശിപ്പിക്കുകയോ ചെയ്യരുതെന്നു ദാരിദ്ര്യപ്രതിജ്ഞ ആജ്ഞാപിക്കുന്നു.

3. നാം ഉപയോഗിക്കുന്ന എല്ലാ പദാർത്ഥങ്ങളെ സംബന്ധിച്ച് സൂക്ഷ്മതയും, മിതവ്യയവും ഉണ്ടായിരിക്കണമെന്ന് ഈ പ്രതിജ്ഞ നമ്മെ ഉൽബോധിപ്പിക്കുന്നു. നാം ഉപയോഗിക്കുന്ന സാധനങ്ങൾ കഴിവുള്ളടത്തോളം ദീർഘകാലം നിലനിൽക്കണമെന്നും കരുതി പ്രവർത്തിപ്പാൻ നാം അഭ്യസിക്കണം.

4. ദൈവഹിതം അനുസരിച്ച് ആവശ്യമുള്ള സാധനങ്ങൾ ഇന്നതെന്നു നിശ്ചയിച്ചു ശേഖരിക്കുന്നതിൽ സൂക്ഷ്മതയും ജ്ഞാനവുമുള്ളവരായിരിപ്പാൻ അദ്ധ്യക്ഷന്മാരും മറ്റു ചുമതലക്കാരും ഇതുമൂലം ബാദ്ധ്യസ്ഥരായിത്തീരുന്നു. ഈ വിഷയത്തിൽ അവരെ സഹായിപ്പാൻ സന്യാസി കടപ്പെട്ടവനത്രേ.

ദാരിദ്ര്യവ്രതം ആന്തരീയമായി ആചരിക്കുന്നതെങ്ങിനെ?

ഈ ലോകത്തിലെ സാധനങ്ങളോടും, കാര്യങ്ങളോടും നമ്മുടെ കർത്താവിനുണ്ടായിരുന്ന ബന്ധത്തിൽ ഹൃദയപൂർവ്വം പങ്കുകൊള്ളുവാൻ ശ്രമിക്കുന്നതിന് ഈ പ്രതിജ്ഞ നമ്മെ പ്രേരിപ്പിക്കുന്നു. അങ്ങെ

www.malankaralibrary.com

പിതാവിന്റെ സൃഷ്ടിയുടെ മനോഹാരിതയിൽ കർത്താവിനെപ്പോലെയും കർത്താവിനോടു കൂടെയും സന്തോഷിക്കാം. പ്രകൃതിയുടെ അതിശയകരവും രസകരവുമായ രമണീയകത്വത്തിൽ സ്നേഹപൂർവ്വം കർത്താവിനുള്ള സന്തോഷത്തിൽ നമുക്കം ഓഹരിക്കാരായിരിക്കാം. ഇവയ്ക്കു വേണ്ടിയും നമ്മുടെ ആഹാരത്തിനും വസ്ത്രത്തിനും വേണ്ടിയും നമുക്ക് അങ്ങെ സ്തുതിക്കാം. എന്നാൽ ജീവിതത്തിന് അത്യാവശ്യമായിരിക്കുന്നവ മാത്രമെ നമുക്കു ഉണ്ടായിരിക്കാവൂ. അവകൊണ്ടു നാം നന്നായി തൃപ്തരാകണം. നമ്മുടെ കർത്താവ് ഇങ്ങനെ ജീവിച്ചു. ആ ജീവിതത്തെ അനുകരിപ്പാൻ നമ്മുടെ ദാരിദ്ര്യ പ്രതിജ്ഞമൂലം നാം ബാദ്ധ്യസ്ഥരാകുന്നു. ഉപയോഗം മൂലം നശിച്ചുപോകുന്ന ഈ അധോലോകത്തിൽ നല്ല സംഗതികളെന്നും, നല്ല സാധനങ്ങളെന്നും വിളിക്കപ്പെടുന്നവയെക്കുറിച്ചുള്ള ആഗ്രഹം (desire) ആശങ്ക (anxiety) എന്നിവയിൽ നിന്നും വിമുക്തരായി നാം ജീവിക്കണം. ആഗ്രഹിക്കുന്നതിനുള്ള സർവ്വശക്തിയും, കരസ്ഥമാക്കുന്നതിനുള്ള സകല ആശയും, സമ്പാദിക്കുന്നതിനുള്ള സകല പ്രയത്നവും അതിന്റെ പ്രധാന ഉദ്ദേശത്തിനും ലാക്കിനും ആയി സ്വതന്ത്രമായി നാം അഴിച്ചു വിടുന്നു. ഈ ഉദ്ദേശവും ലാക്കും ദൈവം തന്നെയാകുന്നു. സമൃദ്ധിയായ പ്രതിഫലമായി തന്നെത്തന്നെ തരാമെന്ന് ദൈവം വാഗ്ദത്തം ചെയ്തിരിക്കുന്നു. വി. ദാരിദ്ര്യവ്രതത്തിനനുയോജ്യമായ യഥാർത്ഥ ആത്മാവിലും മനഃസ്ഥിതിയിലും ജീവിക്കുന്നതുമൂലം നാം നമ്മുടെ ഹൃദയത്തെ വെയ്ക്കുന്നത് ഈ ലോകത്തിന്റെ കാര്യങ്ങളിലല്ല. എന്നാലോ ദൈവത്തിന്റെ വലത്തുഭാഗത്തു മിശിഹാ ഇരിക്കുന്ന ഇടമായ മേലായ ഉന്നതങ്ങളിലുള്ള കാര്യങ്ങളിൽ ആകുന്നു. നാം ഇപ്പോൾ തന്നെ നമ്മുടെ സ്വർഗ്ഗീയ അവകാശത്തിലേക്കു പ്രവേശിപ്പാൻ ആരംഭിക്കുന്നു. നാം ആ അവകാശത്തിൽ പ്രവേശിച്ചിരിക്കുന്നു.

## II

## വി: കന്യത്വം

മഹാപരിശുദ്ധനായ നമ്മുടെ കർത്താവിനുവേണ്ടിയും, അങ്ങേ കുടുംബമായ ദൈവരാജ്യത്തിനുവേണ്ടിയും അവിവാഹിതരായിരിക്കുന്നതിനു ദൈവം വിളിക്കയും ആ വിളി അനുസരിപ്പാൻ നിശ്ചയിക്കയും ചെയ്യുന്നവരോടു കർത്താവ് സല്ലാപം ചെയ്യുന്നു. മിശിഹായോടുകൂടി വിശുദ്ധ സന്യാസജീവിതത്തിൽ (Religion) തങ്ങളെ തന്നെ മുഴുവനായി

www.malankaralibrary.com

അങ്ങേക്കുവേണ്ടി വിനിയോഗിക്കുന്നതിനും സന്യാസപരമായ കന്യത്വ ത്തിൽ ദൈവത്തിന്റെ മിശിഹായുടെ വലിയ ചുമതലകളിലും വേലക ളിലും (functions) പങ്കുകൊള്ളുന്നതിനും ആയി കർത്താവ് അവരെ ക്ഷണിക്കുന്നു. ഈ ക്ഷണം "സ്വീകരിപ്പാൻ കഴിവുള്ളവൻ അതിനെ സ്വീകരിക്കട്ടെ" എന്നും "ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ എന്തെ ന്നാൽ അവർ ദൈവത്തെ കാണും" എന്നും കർത്താവ് കല്പിക്കുന്നു.

നമുക്കു തരുന്നതിനു ദൈവം ആഗ്രഹിക്കുന്ന വലിയ ദാനം അവി ടുന്നു തന്നെയാകുന്നു. ഈ ദാനം സ്വീകരിക്കുന്നത് നമ്മിൽ സ്ഥലമു ണ്ടാകണമെങ്കിൽ മറ്റു വസ്തുക്കളെക്കൊണ്ടു നാം നിറഞ്ഞിരുന്നുകൂടാ. ഏതുപ്രകാരം ഈ ലോകത്തിലെ നികൃഷ്ടവും താണതുമായ സാധന ങ്ങളെ പറ്റിയുള്ള ചിന്തകളും ആഗ്രഹങ്ങളും കഴിച്ചുകളയുകയും ഇല്ലാ താക്കുകയും ചെയ്‌വാൻ ദാരിദ്ര്യവ്രതം സംബന്ധിച്ചുള്ള ദിവ്യോപദേ ശം മൂലം കർത്താവ് നമ്മോടു കല്പിക്കുന്നുവോ അപ്രകാരം തന്നെ, സ്നേഹസ്വരൂപിയായ ദൈവത്തിങ്കലേക്ക് അടുത്തുവരുന്നതിനും, ദൈവത്തോട് എത്രയും രഞ്ജിപ്പിലും ഐക്യത്തിലും നമ്മെ സ്വീകരി ക്കുന്നതിനും ആയി ദൈവം നമ്മുടെ ഹൃദയത്തേയും ശരീരത്തേയും സകല അശുദ്ധികളിൽനിന്നും ശുദ്ധീകരിക്കുകയും നമ്മുടെ ബോധ ത്തിന്റെ എല്ലാ വശങ്ങളേയും വ്യാപാരമാർഗ്ഗങ്ങളേയും ക്രമീകരിക്കു കയും ചെയ്‌വാനായി അങ്ങെ കന്യത്വവ്രതം സംബന്ധിച്ചുള്ള ദിവ്യാ പദേശംമൂലം കർത്താവ് നമ്മോടു ആജ്ഞാപിക്കുന്നു. എന്തുകൊണ്ടെ ന്നാൽ ദൈവസ്നേഹം സകല ചവറിനെയും നിന്ദ്യങ്ങളായ സർവ്വശക്തി കളേയും ദഹിപ്പിക്കുന്ന അഗ്നി ആകുന്നു. പാപകരമായി വിനിയോഗി ക്കപ്പെട്ടിട്ടുള്ളതൊ, അങ്ങനെ വിനിയോഗിപ്പാൻ ഇടയുള്ളതോ ആയ സകല അവയവങ്ങളെയും, ശക്തികളെയും മനുഷ്യന്റെ ആത്മശരീര ങ്ങളെ മുഴുവനെയും ദൈവം ശുദ്ധീകരിക്കുന്നു. അശുദ്ധമായ യാതൊ ന്നിനും, സ്വാർത്ഥപരമായ യാതൊന്നിനും ദഹിച്ചുപോകാതെ അങ്ങെ അടുക്കൽ എത്തുവാൻ സാധിക്കയില്ല. വെള്ളിയെ ശുദ്ധീകരിക്കുന്ന വനെപ്പോലെയും സ്വർണ്ണം സ്പുടം ചെയ്യുന്നവനെപോലെയും കർത്താവു സന്യാസിയിൽ പ്രവർത്തിക്കും. കർത്താവിന്റെ മഹത്തായ സ്വന്തപ്രതിമ തന്നെ സന്യാസിയിൽ പൂർണ്ണമായി പ്രതിഫലിക്കുന്നതു വരെ ശുദ്ധി (സ്പുടം) ചെയ്യുന്ന കർത്താവ് സ്വർണ്ണപണിക്കാരൻ ഉരു ക്കിയ ലോഹത്തെ പിന്നെയും ചൂളയിൽ വെയ്ക്കുന്നതുപോലെ, സന്യാ

www.malankaralibrary.com

സിയെ കന്യാവ്രത പരിശീലനമാകുന്ന മൂശയിൽ ശുദ്ധീകരിക്കുന്നു. സ്പുടം ചെയ്യുന്നവന്റെ പ്രതിമ ഉരുകിയ ലോഹത്തിന്റെ പരപ്പിൽ വ്യക്തമായി കാണുമ്പോൾ-അതായത്, പൂർണ്ണത പ്രാപിക്കുമ്പോൾ ദൈവം സന്തോഷിക്കുന്നു. നമ്മുടെ വാഴ്ത്തപ്പെട്ട കർത്താവ് തന്റെ സ്നേഹാഗ്നികൊണ്ട് തന്റെ സ്വന്തമായവരെ ശുദ്ധീകരിച്ചു പൂർണ്ണന്മാരാക്കുന്നത് ഈ വിധമാകുന്നു. സന്യാസപ്രതിജ്ഞമൂലം മനുഷ്യർ കർത്താവിന് ഏറ്റവും അടുത്തവരും സ്വന്തക്കാരുമായി തീരുന്നു. നീതിയാൽ അവരുടെ വഴിപാടുകളെ (യാഗങ്ങളെ) അർപ്പിപ്പാൻ അവർക്കു കഴിയേണ്ടതിനു കർത്താവ് അവരെ അഗ്നിയിൽ ശോധന ചെയ്തു ശുദ്ധീകരിക്കുന്നു. ഈ ശുദ്ധീകരണത്തിൽ നമ്മുടെ വാഴ്ത്തപ്പെട്ട കർത്താവിനോടു നാം സഹകരിക്കണം. ദൈവത്തെ കാണണമെന്നുള്ള ആശ ആഴയമായി ഉള്ള ഓരോരുത്തരും ദൈവം പരിശുദ്ധനാകുന്നപ്രകാരം തന്നെത്തന്നെ ശുദ്ധീകരിക്കപ്പെടണം (വി. മത്താ. 5:8). സന്യാസിയുടെ ശുദ്ധീകരണം പരിപൂർണ്ണമായും അധികപക്ഷമായും (positive) ഉള്ള കന്യത്വനിഷ്ഠ പാലിക്കുകയും, ദൈവസ്നേഹത്തിൽ ദഹിക്കുകയും ചെയ്യുന്നതിനാലുണ്ടാകുന്നു.

സന്യാസപരമായ കന്യത്വപ്രതിജ്ഞമൂലം നാം മുഴുവനായി അതായത്, നമ്മുടെ ഹൃദയത്തെ അതിന്റെ രാഗങ്ങളോടും, നമ്മുടെ ശരീരത്തെ അതിന്റെ സർവ്വശക്തികളോടും കൂടി ദൈവത്തിനു പ്രതിഷ്ഠിക്കപ്പെടുന്നു. നമ്മുടെ സ്നേഹവഴിപാട് (Oblation) പൂർണ്ണമാക്കപ്പെടുന്നത് പ്രതിഷ്ഠിതവും സന്യാസപരവുമായ കന്യത്വം (ബ്രഹ്മചര്യത്വം) മൂലമാകുന്നു. ദൈവാരാധനയിൽ (adoration) നമ്മുടെ ആത്മാവും ശരീരവും സഹകരിക്കയും നാം വിശുദ്ധിയുള്ളതും അങ്ങേക്കു സ്വീകാര്യവുമായ ജീവനുള്ള ബലിയായി തീരുകയും ചെയ്യുന്നു.

സർവ്വോപരി, പരിശുദ്ധനായ ദൈവത്തോട് ഏറ്റവും അടുത്ത യോജിപ്പിനുവേണ്ടി സന്യാസപരമായ ഈ ഐക്യതയിൽ കൂടി നമ്മുടെ പ്രകൃതസംബന്ധമായ സകലവും ശുദ്ധീകരിക്കപ്പെടുകയും രൂപാന്തരപ്പെടുകയും ചെയ്യണം. ഓരോ ഇന്ദ്രിയവും ക്രമീകരിക്കപ്പെടുകയും ഭരിക്കപ്പെടുകയും ചെയ്യണം. എന്തുകൊണ്ടെന്നാൽ നമ്മിലുള്ള ഓരോ വിചാരവും വ്യാപാരവും കർത്താവിന്റേതായിരിക്കണം. ഇതാകുന്നു കന്യത്വപ്രതിജ്ഞയുടെ സംക്ഷേപം (Summing up). അതിനാൽ നോട്ടം, കേൾവി, സംസാരം, ചിന്ത, സഹിഷ്ണത, വിനയം, സഹോദരസ്നേഹം, സാഹോദര്യസമ്പർക്കം മുതലായ സകലവും സന്യാസിപരമായി നട

www.malankaralibrary.com

ത്തുവാൻ സന്യാസി സൂക്ഷ്മതയോടെ പഠിച്ചിരിക്കണം. ദൈവത്തി ന്റേയും സന്യാസിയുടെയും ഹൃദയങ്ങൾ തമ്മിലുള്ള ഈ സംയോജ്യത യിൽ സന്യാസപരമായ കന്യത്വം പരിശുദ്ധമായി നിലനില്ക്കും. നമ്മുടെ കർത്താവിനോട് ബന്ധപ്പെട്ടവരായ സകല സന്യാസിമാരും കർത്താ വിന്റെ സ്വർഗ്ഗീയസ്നേഹത്താൽ അന്യോന്യം സ്നേഹിക്കപ്പെടുന്നതിന് അവിടുന്ന് സന്യാസസഭാംഗങ്ങളായ നമ്മെ ഏവരേയും അഭ്യസിപ്പിക്കും. സ്വാർത്ഥത്തെ ത്യജിച്ച് തന്നെതന്നെ ദൈവത്തിനും മറ്റുള്ളവർക്കും വേണ്ടി ബലിയായി പ്രതിഷ്ഠിപ്പിക്കുന്ന ദൈവീകസ്നേഹം കൊണ്ട് നിറ യുവാൻ നമ്മുടെ സർവ്വശക്തികളും നാം കർത്താവിങ്കലേക്ക് ഉയർ ത്തുക മാത്രം ചെയ്താൽ മതി.

അധികപക്ഷവും വിസ്തൃതവുമായി വിചാരിക്കുന്ന പക്ഷം സന്യാ സകന്യത്വം ശരീരത്തെ മാത്രമല്ല ബാധിക്കുന്നതെന്നും കാണാം. അതു മനുഷ്യനെ മുഴുവനായി ശരീരത്തെയും ആത്മാവിനെയും ബാധിക്കു ന്നുണ്ട്. വിശുദ്ധ സന്യാസം അടങ്ങിയിരിക്കുന്നത് അനുസരണ സുകൃത ത്തിലാണെന്നു പാശ്ചാത്യ സന്യാസവര്യനായ വിശുദ്ധ ബെനഡിക്ട് പ്രസ്താവിക്കുന്നു. സന്യാസസുകൃതങ്ങൾ എല്ലാ വി. ദാരിദ്ര്യത്തിലട ങ്ങിയിരിക്കുന്നു എന്നു വി. ഫ്രാൻസീസ് പ്രസ്താവിക്കുന്നു. എന്നാൽ സന്യാസസുകൃതങ്ങൾ സകലവും ഉൾപ്പെടുന്നതു സന്യാസപരമായ കന്യത്വത്തിലാണെന്നു പൗരസ്ത്യ സന്യാസശ്രേഷ്ഠനായ മാർ ബസേലി യോസ് വിചാരിക്കുന്നു. ദാരിദ്ര്യവും അനുസരണവും മറ്റുള്ള എല്ലാ സുകൃതങ്ങളും അടങ്ങിയിരിക്കുന്ന നടുത്തൂണായ സുകൃതം വി. കന്യ ത്വമാകുന്നു. എന്തുകൊണ്ടെന്നാൽ സന്യാസപരമായ കന്യത്വം മനു

---

കഷ്ടാനുഭവ ആഴ്ചയിലെ ശുശ്രൂഷകളിൽ വിശുദ്ധ കന്യത്വം സന്യാസത്തിന്റെയും യഥാർത്ഥ ക്രിസ്ത്യാനിത്വത്തിന്റെയും കേന്ദ്രമാണെന്നുള്ള ആശയം അന്തർലീനമാ യിട്ടുണ്ടെന്നു കാണാം. പീഡാനുഭവംകൊണ്ടു സിദ്ധിച്ച വിജയം മറ്റുള്ള സുകൃതങ്ങളെ എല്ലാം ഉൾപ്പെടുത്തുന്നതും വിശുദ്ധ കന്യത്വംമൂലം സർവ്വ മനുഷ്യർക്കും പ്രാപ്തമാകു ന്നതുമായ വിജയം ആകുന്നു. സന്യാസിമാർക്കുള്ള വിശുദ്ധ കന്യാത്വവും, കുടുംബ ജീവിതക്കാർക്കുള്ള നിഷ്ഠാവ്രതങ്ങളും മനുഷ്യനെ ഉയിർപ്പിൻ മഹിമയിലേക്കു പ്രവേശി പ്പിക്കുന്നു. കർത്താവിന്റെ കഷ്ടാനുഭവത്തിൽ പങ്കുകൊള്ളുന്നതിനാൽ സന്യാസിക്കു സർവ്വോപരിയായും, ക്രിസ്ത്യാനിക്കു സാമാന്യേനയും ജഡമോഹങ്ങളെ ജയിക്കുന്ന തിനും ആത്മശരീരങ്ങളെയും ആയുസ്സിനെയും കർത്താവിനു വിശുദ്ധിയിൽ പ്രതിഷ്ഠി ക്കുകയും സ്വർഗ്ഗീയ ഉദ്ദേശംകൊണ്ടും സ്വഭാവാതീതതേജസ്സുകൊണ്ടും രൂപാന്തരപ്പെടു ന്നതിനും കൃപ പ്രാപിക്കുകയും ചെയ്യുന്നു. കഷ്ടാനുഭവം ഉയിർപ്പിൻ ജീവനും മഹിമ യും പ്രാപിക്കാനുള്ള ഒരുക്കമാകുന്നു.

www.malankaralibrary.com

ഷ്യനെ മുഴുവനായി ദൈവത്തിനു വഴിപാടായി (Oblation) പ്രതിഷ്ഠിപ്പിക്കുന്നു. വിശുദ്ധ കന്യത്വം പാലിക്കുന്നതിന് ആത്മസംയമനവും സ്വഭാവസംസ്കാരവും ആവശ്യമാണെന്നു വി. ബസേലിയോസ് അഭിപ്രായപ്പെടുന്നുണ്ട്. വി. കന്യത്വത്തിന്റെ അനുഗ്രഹങ്ങളും ഫലങ്ങളും നമ്മുടെ കർത്താവ് രൂപാന്തരപ്പെട്ടപ്പോൾ അല്പനേരത്തേക്കു മാത്രമായിട്ടെങ്കിലും വെളിപ്പെടുകയുണ്ടായി. കുരിശിന്മേലുള്ള അനുഭവവും ഉയിർത്തെഴുന്നേൽപ്പും മൂലം സിദ്ധിച്ച മഹിമയിൽ സന്യാസ്യ കന്യത്വവ്രതമാകുന്ന നിത്യവഴിപാടു മുഖാന്തിരം സന്യാസി യോജിക്കുന്നു. വീണു പോയ നമ്മുടെ മനുഷ്യപ്രകൃതത്തിനു മഹത്തരമായ രൂപാന്തരം വിശുദ്ധവും സന്യാസരവുമായ കന്യത്വവ്രതത്തിൽ നിന്നും സംജാതമാകുന്നു. കർത്താവിന്റെ തേജോപൂർണ്ണമായ രൂപാന്തരത്തിൽ സന്യാസി വിശുദ്ധ കന്യത്വം മൂലം പങ്കുകൊള്ളുന്നു. കർത്താവു മറുരൂപപ്പെട്ടത് സ്വപിതാവിനു തന്നെത്തന്നെ ശരീരവും ആത്മാവും ജീവനും ആയുസ്സും മുഴുവനായി അർപ്പിച്ച മഹനീയമായ വഴിപാടിന്റെ ഫലമായിട്ടായിരുന്നു. നിത്യപ്രതിഷ്ഠ കഴിഞ്ഞ സന്യാസി രൂപാന്തരപ്പെട്ട ജീവിതത്തെ നയിക്കുന്നു. അതിന്റെ മാഹാത്മ്യം ബാഹ്യലോകത്തിൽ നിന്ന് മറയപ്പെട്ടിരിക്കയത്രേ. തൽക്കാലവ്രതമാകുന്ന ആദ്യപ്രതിഷ്ഠ അതിലേക്കായുള്ള പ്രഥമാർപ്പണം (പ്രതിഷ്ഠ, dedication) ആകുന്നു. കാഴ്ച അണയ്ക്കപ്പെട്ട വസ്തു എന്നപോലെ സന്യാസി വേർതിരിക്കപ്പെടുകയും പുതിയ പേരു പ്രാപിക്കുകയും ചെയ്യുന്നു (വെളി. 3:5). സന്യാസ ജീവിതത്തിന്റെ സ്നാനാർത്ഥിത്വത്തിലേക്കു (catechumentate) പ്രഥമപ്രതിഷ്ഠ മുഖാന്തിരം സന്യാസി പ്രവേശിക്കുന്നു. ഈ പ്രഥമ പ്രതിഷ്ഠ നിത്യവ്രതത്തെ ആഗ്രഹിച്ചുകൊണ്ടും, അതിനായി ഒരുങ്ങിക്കൊണ്ടും ചെയ്യുന്ന തല്ക്കാലവ്രതമാകുന്നു.

## III

## അനുസരണം

"എന്റെ നുകത്തെ നിങ്ങളുടെമേൽ വഹിച്ച് എങ്കൽ നിന്ന് പഠിപ്പിൻ. എന്തുകൊണ്ടെന്നാൽ, ഞാൻ സൗമ്യതയും താഴ്മയുമുള്ള ഹൃദയവും ഉള്ളവനാകുന്നു. നിങ്ങളുടെ ആത്മാക്കൾക്ക് നിങ്ങൾ ആശ്വാസം കണ്ടെത്തും" (വി. മത്താ. 11:29). 'സത്യമായിട്ട് ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങൾ തിരിഞ്ഞ് ചെറിയ കുട്ടികളെപ്പോലെ ആയി തീരുന്നില്ലെങ്കിൽ നിങ്ങൾ ഒരു പ്രകാര ത്തിലും ദൈവരാജ്യത്തിൽ പ്രവേശിക്ക

www.malankaralibrary.com

യില്ല' (വി. മത്താ. 18:3). 'സൗമ്യതയുള്ളവർ ഭാഗ്യവാന്മാർ, എന്തെന്നാൽ അവർ ഭൂമിയെ അവകാശമായി അനുഭവിക്കും' (വി. മത്താ. 5:6).

സന്യാസാവസ്ഥ നമ്മുടെ സ്വാഭീഷ്ടത്തെ മുഴുവനായി ദൈവത്തിന് കീഴടക്കുന്നതിനും ദൈവേഷ്ടം ഏതുവിധമെങ്കിലും നാം അറിഞ്ഞാൽ അതിനെ പൂർണ്ണമായി സ്വീകരിക്കുന്നതിനും നമ്മെ ദിവസം തോറും അഭ്യസിപ്പിക്കുന്ന ഒരു പാഠശാലയാകുന്നു. അനുസരണമുള്ള മനഃസ്ഥിതി, യാഥാർത്ഥമായ അനുസരണ പ്രവൃത്തിയെക്കാൾ കാര്യമായിട്ടുള്ളതാകുന്നു. എന്തുകൊണ്ടെന്നാൽ സ്വമനസ്സാലെ സന്യാസപരമായ നിലയിൽ മറ്റുള്ളവരുടെ കീഴിൽ നമ്മെ നാം ആക്കുന്നതുകൊണ്ട് മിശിഹായുടെ നുകത്തിൻ കീഴിൽ നാം അഭ്യസിപ്പിക്കപ്പെടുന്നു. അതിനാൽ നമുക്കു വിനയബുദ്ധിയും ഹൃദയതാഴ്മയും സ്വാഭിപ്രായങ്ങളെ പരിത്യജിപ്പാനുള്ള സന്നദ്ധതയും തഴക്കവും സ്വേച്ഛാ പരിത്യാഗവും ഉണ്ടാകുന്നു. ദൈവസ്നേഹം വളർത്തുവാൻ നമ്മുടെ ജീവിതമാകുന്ന നിലം അനുസരണ വ്രതത്താൽ ഒഴുക്കപ്പെടുന്നു. വി. ഏവൻഗേലി പുസ്തകത്തിൽ നസറേത്തിലെ നമ്മുടെ കർത്താവിന്റെ അനുസരണത്തെപ്പറ്റി വിവരിക്കുന്ന പദങ്ങളുടെ അർത്ഥം (സുറിയാനിയിലും ഗ്രീക്കിലും) 'തുടർച്ചയായി കീഴ്വഴക്കം പാലിച്ചുവന്ന സ്ഥിതിയിൽ' കർത്താവ് ജീവിച്ചു എന്നാകുന്നു. ദൃഷ്ടാന്തമായി പറയുന്നപക്ഷം, കല്പിക്കപ്പെട്ടിരിക്കുന്നവയെ നാം ദിവസംതോറും മുഴുവനും ചെയ്തുവെന്നു വിചാരിക്കുക. എന്നാൽ നമ്മുടെ ഹൃദയം സ്വതവേ തീരെ അനുസരണമില്ലാത്തതും, കോപം കൊണ്ടും, അതൃപ്തികൊണ്ടും, എതിർപ്പുകൊണ്ടും നിറഞ്ഞതുമായിരിക്കാം. ഇത് നമ്മുടെ കർത്താവിന്റെ പ്രകൃതത്തിൽ നിന്ന് വളരെ വ്യത്യസ്ഥമായ അവസ്ഥയാകുന്നു. മിശിഹായുടെ യഥാർത്ഥ ദാസന്മാർ ദൈവേഷ്ടത്തെ ഹൃദയപൂർവ്വമായി അനുകരിക്കുന്നു. അനുസരണത്തെ സ്നേഹിക്കുന്നു. മനുഷ്യർക്കല്ലാ കർത്താവിനായിട്ടെന്നപോലെ നല്ല മനസ്സോടുകൂടി അനുസരിക്കുകയും, ശുശ്രൂഷിക്കുകയും ചെയ്യുന്നു. കർത്താവ് അവർക്കായി നിയമിച്ചിട്ടുള്ള അദ്ധ്യക്ഷന്മാരിൽ അവർ വാസ്തവമായും, കർത്താവിനെ കാണുന്നു. അതിനാൽ അവർ നല്ല മനസ്സോടും സന്തോഷത്തോടും താമസമൊ, തർക്കമൊ, സംശയമോ, പിറുപിറുപ്പോ, കൂടാതെയും അനുസരിക്കുന്നു. സ്നേഹം അനുസരണത്തെ സുഗമമാക്കിതീർക്കുന്നു (അദ്ധ്യക്ഷൻ ദൈവഹിതത്തെ തുടരെ അന്വേഷിക്കയും അനുഗമിക്കയും ചെയ്യണം) ദൈവേഷ്ടമെന്ന് അദ്ധ്യക്ഷൻ വിശ്വസിക്കുന്ന ഏതു കാര്യവും നിറവേറ്റുന്നതിന് സന്യാസി സ്നേഹത്തോടും സന്തോഷത്തോടും കൂടി മുൻപോട്ടു പോകുന്നു.

www.malankaralibrary.com

അദ്ധ്യക്ഷന്റെ മനസ്സിനോട് സന്യാസിയുടെ മനസ്സിനെ കർത്താവിൽ യോജിപ്പിച്ചുകൊണ്ട് ഹൃദയപൂർവ്വമായി പാലിക്കപ്പെടുന്ന അനുസരണം വഴിയായി സന്യാസസഭയിൽ ദൈവഹിതം നടക്കുന്നു. സമൂഹത്തിലെ ഓരോ അംഗത്തിനും പ്രത്യേകം പ്രത്യേകമായുള്ള നൽവരങ്ങളെല്ലാം ഒന്നായി യോജിച്ച് ദൈവത്തിന്റെ ഉദ്ദേശ്യങ്ങൾ (plans) നിറവേറ്റുന്നതിനായി ഏകകേന്ദ്രസ്ഥാനത്തു പ്രയോഗിക്കപ്പെടുന്നതും ഫലിക്കുന്നതും അനുസരണം വഴിയായിട്ടാകുന്നു.

സന്യാസസമൂഹത്തിൽ യോജിപ്പും ഐകമത്യവും പ്രയോഗിക്കപ്പെടുന്നതും ഫലിക്കുന്നതും അനുസരണം വഴിയായിട്ടാകുന്നു. കർത്താവിനോടുള്ള സ്നേഹാനുസരണങ്ങൾ അദ്ധ്യക്ഷന്റെ നേരെ വെളിപ്പെടുന്നതിനാൽ സ്നേഹസമൃദ്ധിയുണ്ടാകുന്നു.

നമ്മുടെ കർത്താവുതന്നെയും അനുസരണം അഭ്യസിച്ചത് അവിടുന്നു സഹിച്ച ക്ലേശങ്ങളും അനുഭവിച്ച കഷ്ടതകളും വഴിയായിട്ടാകുന്നു എന്ന് നാം ഓർക്കണം. ജീവിതത്തിലെ നിസ്സാരകാര്യങ്ങളിൽ പോലും ഈ അനുസരണം പാലിക്കേണ്ടതാകുന്നു. സന്യാസപരമായ അനുസരണം ഈവിധമുള്ള അനുസരണമത്രേ. ഇത് കേവലം ലഘുവായ ഒരു കാര്യമല്ല, നിഷ്പ്രയാസമായ ഒരു മാർഗ്ഗവുമല്ല. നമ്മുടെ കർത്താവിനു തന്നെയും അത് ഗത്സമേനിൽവച്ചു മനഃപീഡയെ ഉണ്ടാക്കിതീർത്തു. എന്നാൽ അത് എത്രയും അനുഗ്രഹിക്കപ്പെട്ട വഴിയാകുന്നു. നമ്മുടെ കർത്താവിന്റെ ഇഷ്ടം അനുസരണവ്രതത്താൽ പിതാവിന്റെ ഇഷ്ടത്തോടു യോജിപ്പിച്ചിട്ട് രണ്ടും ഒന്നായിതീർന്നപ്രകാരം നമ്മുടെ ഇഷ്ടത്തെ നാം അനുസരണവ്രതം മുഖേന കർത്താവിന്റെ ഇഷ്ടത്തോടു സംഘടിപ്പിക്കുന്നു. കർത്താവിന്റെയും പിതാവിന്റെയും ഇഷ്ടം ഒന്നായിതീർന്നതിനാൽ "കണ്ടാലും എന്റെ ദൈവമേ ഞാൻ അങ്ങേ ഇഷ്ടം ചെയ്‌വാൻ വരുന്നു. ഞാൻ അതു ചെയ്യുന്നതിനു സന്തോഷിക്കുന്നു. അതെ നിന്റെ കല്പനകൾ (നിയമം) എന്റെ ഹൃദയത്തിൽ എഴുതപ്പെട്ടിരിക്കുന്നു" എന്നിപ്രകാരം കർത്താവു പ്രസ്താവിച്ചു (സങ്കീ. 40:7-8). സന്യാസിയും ഈ വിധം തന്നെ ജീവിക്കണം. സന്യാസിയുടെ അനുസരണജീവിതം ഈ വാക്യങ്ങളുടെ പുനർനിവൃത്തിയായിരിക്കണം.

സന്യാസിയുടെ സ്വാഭീഷ്ടത്തിന് വിപരീതമായി അവന്റെ ആശകളെ നിരാശപ്പെടുത്തുന്നതായ സന്ദർഭങ്ങളിൽ ഏതൊരു സന്യാസിക്ക് മിശിഹായെ അദ്ധ്യക്ഷനിൽ കാണുവാനും സന്തോഷപുരസ്സരം അനുസരിക്കുവാനും ഇടയാകുന്നുവോ ആ സന്യാസി സ്വാഭീഷ്ടത്തിന് മരിക്കു

www.malankaralibrary.com

കയും, സ്വനാഥന്റെ യഥാർത്ഥ കൂട്ടായ്മയാകുന്ന ഉന്നതജീവിതത്തിലേക്ക് ഉയർത്തപ്പെടുകയും ചെയ്യുന്നു. കർത്താവിനാൽ വാഗ്ദാനം ചെയ്യപ്പെട്ടതായ ആശ്വാസത്തെ അവന്റെ ആത്മാവ് പ്രാപിക്കുന്നു. സ്വാഭീഷ്ടം ചെയ്യാതിരിക്കുന്നതിൽ ആ സന്യാസി കർത്താവിനോടുകൂടെയും, കർത്താവിലും സന്തോഷിക്കുന്നതിന് അഭ്യസിക്കപ്പെടുന്നു. സന്യാസിക്ക് അദ്ധ്യക്ഷൻ കൊടുക്കുന്ന കല്പനകളെ കർത്താവിനായികൊണ്ട് അയാൾ അനുസരിക്കുകയും ആ അനുസരണം തഴക്കമാവുകയും ചെയ്യുന്നതായാൽ സന്യാസി ഒടുവിൽ അദ്ധ്യക്ഷന്മാരുടെ നേരിട്ടുള്ള കല്പന മാത്രമല്ലാ അനുസരിക്കുന്നത്. അവരുടെ ആഗ്രഹങ്ങളെപ്പോലും നിവൃത്തിക്കുന്നതിനു ശ്രമിക്കുന്നു. അവന്റെ ധർമ്മ സഹോദരന്മാരുടെയും സമൂഹത്തിലെ ഏറ്റം ചെറിയവരുടെ പോലും അപേക്ഷകൾക്കും ആഗ്രഹങ്ങൾക്കും അവൻ വഴിപ്പെടുന്നു. എന്തെന്നാൽ അവന്റെ കർത്താവായ മിശിഹാ തന്നെത്തന്നെ പ്രീതിപ്പെടുത്തിയില്ല. “എന്നാൽ ഞാൻ നിങ്ങളുടെ ഇടയിൽ ശുശ്രൂഷക്കാരനെപ്പോലെ ആകുന്നു” എന്ന് അരുളിച്ചെയ്യുകയും അങ്ങനെ വർത്തിക്കുകയുമാണല്ലോ ഉണ്ടായത്. അതിനാൽ അങ്ങേപ്പോലെ സന്യാസിയും എത്രയും താണസ്ഥാനങ്ങൾ വഹിപ്പാൻ ആഗ്രഹിക്കുകയും അതിൽ സന്തോഷിക്കയും ചെയ്യുന്നു. യഥാർത്ഥമായ അനുസരണ പരിശീലനം മൂലം അവന്റെ താഴ്മയും സ്നേഹവും ഒന്നിച്ചുവളർന്നു പൂർണ്ണമാക്കപ്പെടുന്നു.

നമ്മുടെ അനുസരണസംബന്ധമായ ചുമതല ആദ്യമായി ദൈവത്തിന്റെ കല്പനകളെ അനുസരിക്കുന്നതിലും, രണ്ടാമതായി മിശിഹാനുകരണസഭയാകുന്ന നമ്മുടെ സന്യാസസമൂഹത്തിന്റെ നിയമങ്ങളെ അനുസരിക്കുന്നതിലും, മൂന്നാമതായി ന്യായമായ എല്ലാ കാര്യങ്ങളിലും നാം പൂർണ്ണമായും മനഃപൂർവ്വമായും ദൈവം നമ്മുടെമേൽ നിയമാനുസരണം ഏർപ്പെടുത്തിയിട്ടുള്ള അദ്ധ്യക്ഷന്മാരെ അനുസരിക്കുന്നതിലും സ്ഥിതിചെയ്യുന്നു. ദൈവത്തോടും വി. നിയമത്തോടും നമുക്കുള്ള ചുമതലക്കു വിപരീതമെന്നു ഉറപ്പായി തോന്നുന്ന കാര്യങ്ങൾ ഒഴിച്ച് മറ്റെല്ലാ കാര്യങ്ങളിലും അദ്ധ്യക്ഷന്മാരെ നാം അനുസരിക്കണം. ഒരു കല്പനയെ അനുസരിക്കുന്നതിൽ മനഃസാക്ഷിക്ക് എന്തെങ്കിലും വാസ്തവമായ പ്രയാസം നേരിടുന്നപക്ഷം ആ വിവരം ആദരപൂർവ്വം അദ്ധ്യക്ഷനെ അറിയിക്കാവുന്നതാണ്. ഇങ്ങനെ ഉണ്ടാകുന്ന പ്രയാസം സാധാരണയായി നമ്മുടെ അറിവില്ലായ്മയിൽ നിന്നുത്ഭവിക്കുന്നതാകകൊണ്ട് അതിനെ ശരിപ്പെടുത്തുന്നതിന് ഇത് ഒരവസരമായിരിക്കും. എന്നാൽ എല്ലാ സംഗതികളും മനഃസാക്ഷിക്കു പ്രയാസം വരുത്തുന്ന

www.malankaralibrary.com

വയായിരിക്കയില്ല. ചിലത് സ്വേച്ഛയേയും സ്വന്തമനോനിശ്ചയത്തേയും സംബന്ധിക്കുന്ന കാര്യങ്ങളായിരിക്കും. അവ നമ്മുടെ അഭിപ്രായത്തിന് അനുയോജ്യമല്ലെങ്കിലും നമുക്ക് അനുസരണം അഭ്യസിപ്പിക്കുവാൻ അവ സഹായിക്കുന്നു. ധാരാളം സന്ന്യാസപരിചയവും അനുഭവവും ഉള്ള ഒരു വൃദ്ധസന്ന്യാസി ഏതാനും കൊല്ലങ്ങൾക്കുമുമ്പ് എഴുതിയ ഒരു പുസ്തകത്തിൽ താഴെ കാണുന്നപ്രകാരം പറഞ്ഞിരിക്കുന്നു.

"എന്റെ കഴിഞ്ഞ വർഷങ്ങളിലെ കാര്യങ്ങൾ ഓർത്തുനോക്കുമ്പോൾ അന്ന് എന്റെ ബുദ്ധിയിൽ ഉത്തമമെന്നു തോന്നിയ കാര്യങ്ങൾക്കെതിരായി അനുസരണം മൂലം പലതും ചെയ്യുവാൻ ഞാൻ നിർബ്ബന്ധിതനായി തീർന്നിട്ടുണ്ട്. അന്ന് അപ്രകാരംചെയ്ത സംഗതികൾ ശരിയായിട്ടുള്ളതെന്ന് അവസാനം എനിക്കു ബോധ്യപ്പെട്ടിട്ടുണ്ട്. അപജയങ്ങൾ എന്ന് ഞാൻ വിചാരിച്ചവപ്പോലും ദൈവനിശ്ചയപ്രകാരമുള്ളവയെന്ന് പില്ക്കാലം സമ്മതിക്കുന്നതിന് എനിക്ക് ഇടവന്നിട്ടുണ്ട്." നാമും ആശിക്കേണ്ടതും ഇതുതന്നെയാകുന്നു. എന്തുകൊണ്ടെന്നാൽ നമ്മുടെ അദ്ധ്യക്ഷന്മാരെ അനുസരിക്കുന്നതിൽ നാം ദൈവേഷ്ടം തന്നെയാകുന്നു നിവർത്തിക്കുന്നത്. അടുത്ത വിനാഴികയിൽ സംഭവിക്കുന്ന കാര്യങ്ങൾ മാത്രമല്ല ഭാവിയെ മുഴുവനായി കാണുന്ന കർത്താവ് തന്നെ സ്നേഹിക്കുന്നവർക്ക് സർവ്വകാര്യങ്ങളും നന്മയ്ക്കായി പരിണമിക്കത്തക്കവണ്ണം ആക്കിതീർക്കാൻ കഴിവുള്ളവനാകുന്നു.

## അദ്ധ്യക്ഷന്മാർ

മറ്റുള്ള എല്ലാവരേയുംകാൾ അനുസരണപൂർണ്ണമായ ആത്മാവിലും മനഃസ്ഥിതിയിലും പാർക്കുവാനും ഹൃദയപൂർവ്വമായ അനുസരണത്തിന്റെ ദൃഷ്ടാന്തങ്ങളായി തങ്ങളെതന്നെ കാണിപ്പാനും സന്ന്യാസസഭയിലെ അദ്ധ്യക്ഷന്മാർ ദൈവമുമ്പാകെ നിർബന്ധിതരാകുന്നു. അതിനാൽ സ്വന്തം ഇഷ്ടമല്ല ദൈവേഷ്ടം ചെയ്വാൻ എല്ലായ്പോഴും അന്വേഷിക്കുന്നതിന് അവർ വളരെ കരുതലുള്ളവരായിരിക്കണം. അവരുടെ സ്വന്ത ഇഷ്ടപ്രകാരം കാര്യങ്ങൾ ചെയ്യുന്നതിനോ, എന്തെങ്കിലും പക്ഷംപിടിച്ച് കാര്യങ്ങൾ ചെയ്യുന്നതിനോ ആയി അവർക്ക് ദൈവത്താൽ ഭരമേല്പിക്കപ്പെട്ടിട്ടുള്ള അധികാരത്തെ അവർ വിനിയോഗിക്കരുത്. ഏതുഭാഗത്തുനിന്ന് വരുന്ന ഗുണദോഷങ്ങളെയും അവർ മുൻവിധികൂടാതെയും തുറന്ന മനസ്സോടും, ശ്രദ്ധിക്കണം. ഏതഭിപ്രായത്തേയും- സമൂഹത്തിലെ ഏറ്റം പ്രായംകുറഞ്ഞ അംഗത്തിന്റെ അഭിപ്രായമായാൽ പോലും അതിനെ പൂർണ്ണമായി വേണ്ടപോലെ പരിഗണനം ചെയ്യണം.

www.malankaralibrary.com

പ്രതീക്ഷിക്കാത്ത സ്ഥാനത്തുനിന്നു അതു വരുന്നതുകൊണ്ട് അതിനെ തിരസ്ക്കരിക്കരുത്. സമൂഹത്തിന്റെ സർവ്വശക്തികളും നൽവരങ്ങളും യോജിപ്പിച്ച് ദൈവേഷ്ടം നിവൃത്തിക്കുന്നതിന് നയിക്കപ്പെടുന്നത് ഈ വിധമാകുന്നു.

## IV

## നിത്യപ്രതിജ്ഞ

ഏതെങ്കിലും പ്രധാനമായ ഒരു പ്രവർത്തനപദ്ധതി ആരംഭിക്കുന്നതിനു മുൻപായി തൽസംബന്ധമായ എല്ലാ സംഗതികളും വളരെ സൂക്ഷ്മമായി ചിന്തിക്കണമെന്ന് നമ്മുടെ കർത്താവ് ശിഷ്യന്മാരോട് ഗുണദോഷിക്കുന്നു. (വി. ലൂക്കോ. 14:28-33) അവർ ചെയ്യുന്ന സകലവും നിലനില്ക്കുന്നതിനും ശരിയായ അടിസ്ഥാനത്തിന്മേൽ പ്രതിഷ്ഠിക്കപ്പെടുന്നതിനും അവിടുന്ന് അവരെ പ്രബോധിപ്പിക്കുന്നു. (വി. മത്താ. 7:24-25) കലപ്പയ്ക്കു കൈവെച്ചതിന്റേശേഷം പുറകോട്ടു നോക്കുന്നവൻ ആരോ അവൻ ദൈവരാജ്യത്തിന് യോഗ്യനല്ലെന്ന് അങ്ങ് അവരെ ഓർമ്മപ്പെടുത്തുന്നു (വി. ലൂക്കോ. 9:62).

നമ്മുടെ കർത്താവിന്റെ സ്ഥിരപ്രതിജ്ഞ നമുക്കു ദൃഷ്ടാന്തമാകുന്നു. എന്തുകൊണ്ടെന്നാൽ അങ്ങേയ്ക്കു അനുഭവിപ്പാനിരുന്ന സകല കാര്യങ്ങളും മുൻകൂട്ടി അറിഞ്ഞിരുന്നിട്ടും യറുശലേമിലേക്കു പോകുന്നതിന് സ്ഥിരനിശ്ചയം ചെയ്യുകയും അതിന്നായി ഒരുങ്ങുകയും ചെയ്തു. അങ്ങ് അവരെ അവസാനത്തോളം സ്നേഹിച്ചു. അതായത് ഇത്രത്തോളമെ സ്നേഹിച്ചുള്ളു എന്ന് അറുതികുറിപ്പാൻ പാടില്ലാത്തപ്രകാരം സ്നേഹിച്ചു (വി. യോഹ. 13:1) അതിനാൽ അവസാനം കുരിശിന്മേൽവെച്ച് (സകലവും) നിവൃത്തിയായി എന്നു പറയുവാൻ തനിക്കുകഴിഞ്ഞു. എന്തുകൊണ്ടെന്നാൽ പിതാവ് ചെയ്യുന്നതിനായി അങ്ങേ ഭരമേല്പിച്ചിരുന്ന വേല, അതെ, അറുതിയില്ലാത്ത സ്നേഹവേല താൻ നിറവേറ്റി.

നമ്മുടെ പ്രിയപ്പെട്ട കർത്താവിനോടൊരുമിച്ചു സകല കഷ്ടതകൾക്കും ആയി ഒരുങ്ങിക്കൊണ്ട് യറുശലേമിലേക്കു പോകുന്നതിനും അവസാനത്തോളം സ്നേഹിക്കുന്നതിനും ദൈവത്തിന്റെ വേലയെ നിവൃത്തി ഉള്ളിടത്തോളം നിറവേറ്റുന്നതിനും ആയി നാം നിത്യവ്രതം (life vow) ചെയ്യുന്നു. നിത്യപ്രതിജ്ഞ ചെയ്യുമ്പോഴും അതിനനുസരണമായി ജീവിതം നയിക്കുമ്പോഴും നമുക്കും, “ഇപ്പോൾ നിവൃത്തിയായി” എന്ന്-അതെ നമ്മുടെ ജീവിതത്തിന്റെ പരമോദ്ദേശം നിവൃത്തിയായി എന്നു പറയാവുന്നതാകുന്നു. അതിനാൽ നിത്യപ്രതിഷ്ഠയ്ക്കായുള്ള ഒരുക്കം

www.malankaralibrary.com

എത്രയും സൂക്ഷ്മയോടും കരുതലോടും കൂടി ചെയ്യേണ്ടതാകുന്നു. അങ്ങ് നമ്മെ ഗുണദോഷിക്കുന്നപ്രകാരം നാം അഗാധത്തിൽ കുഴി കുഴിച്ചിരിക്കുന്നു. ആത്മീയജീവിതമാകുന്ന നമ്മുടെ കെട്ടിടത്തിന്റെ അടിസ്ഥാനം വളരെ ആഴത്തിൽ സ്ഥാപിക്കപ്പെടണം. മഹൽപ്രതിജ്ഞയുടെ യഥാർത്ഥമായ അടിസ്ഥാനം വിശ്വാസത്തിന്റെ പൂർണ്ണമായ ഉറപ്പാകുന്നു. പിതാവിനെ മുഴുവനായി വിശ്വസിച്ചുകൊണ്ട് നമ്മുടെ കർത്താവ് നിത്യവ്രതം അനുഷ്ഠിച്ചു. വാഗ്ദാനം ചെയ്തതിനെ നിവർത്തിപ്പാൻ കഴിവുള്ളവനും, നല്ല മനസ്സും, സ്നേഹവും ഉള്ളവനാകുന്നു ദൈവം എന്ന് നാമും പൂർണ്ണമായി ഉറയ്ക്കുന്നു. അങ്ങു തന്നെ നമ്മിൽ ആരംഭിച്ചതായ നല്ല വേലയെ തീർച്ചയായും അവസാനം വരെ അങ്ങു നടത്തുമെന്ന് നമുക്കു പൂർണ്ണമായ ധൈര്യമുണ്ട്. വിശ്വാസത്തിന്റെ ഈ ഉറപ്പ് ആശകൊണ്ട് നമ്മെ നിറയ്ക്കുകയും, പ്രതിജ്ഞ ചെയ്തു സന്ന്യാസസഭയിൽ പ്രവേശിക്കുന്നതിന് നമുക്കു പൂർണ്ണമായ വിശ്വാസവും ധൈര്യവും നൽകുകയും ചെയ്യുന്നു. ദൈവം തന്റെ ഉദ്ദേശങ്ങളെ ഏതൊരുത്തൻ മുഖാന്തിരം നിറവേറ്റാൻ തിരുമനസ്സാകുന്നുവോ ആ മനുഷ്യന്റെ പ്രത്യക്ഷമായ അപൂർണ്ണതകളും കുറവുകളും വിസ്മരിക്കാതെ തന്നെ അവനെ ദൈവഹിതാനുവർത്തനത്തിനായി വിനിയോഗിക്കുന്നു. നമ്മിൽ കുറവുകൾ ഉണ്ടായിരുന്നിട്ടും നാം വിശ്വാസത്താൽ ആശയുള്ളവരായിതീർന്നു. നമ്മുടെ കുറവുകളെയും ബലഹീനതകളെയും അവിടുന്നു പരിഹരിക്കുന്നു. കാര്യങ്ങളെ പറ്റി ചിന്തിച്ചും അതിന്റെ ഭവിഷ്യത്തുക്കളെ ആലോചിച്ചും നാം മുഴുവനായി ദൈവത്തെ വിശ്വസിച്ചുംകൊണ്ടത്രെ പ്രതിജ്ഞ ചെയ്യുന്നത്. ദൈവത്തിനു സ്വർഗ്ഗീയമായ കെട്ടിടം പണിയുവാനുള്ള പാറയായി നാം തീരുന്നത് മഹൽപ്രതിജ്ഞയാലാകുന്നു.

നാം സമൂഹത്തിൽ പ്രവേശിക്കുന്നതിന് നമ്മുടെ ധർമ്മ സഹോദരന്മാരെ ആരെയും പൂർണ്ണന്മാരായി കാണാൻ ഉടനെ സാധിക്കുമെന്നു വിചാരിച്ചുകൊണ്ടല്ല, അവരെല്ലാം സുകൃതപൂർണ്ണതയിലെത്തിയിട്ടില്ലെന്നു നേരത്തെ അറിഞ്ഞുകൊണ്ടു തന്നെയാണ് സന്ന്യാസസഭയിൽ നാം വ്രതം ചെയ്യുന്നത്. നാം നമ്മുടെ ഹൃദയങ്ങളെ ദൈവത്തിനു കൊടുത്തിരിക്കുന്നപ്രകാരം അവരും അവരുടെ ഹൃദയങ്ങളെ യഥാർത്ഥമായി ദൈവത്തിനു കൊടുത്തിരിക്കുന്നു. ദൈവം അവരെ പരിശീലിപ്പിക്കുകയും നടത്തുകയും ചെയ്യുന്നു. എന്നാൽ നീതിമാന്മാർ പോലും ദിവസത്തിൽ ഏഴുപ്രാവശ്യമോ അതോ പല തവണയോ തെറ്റിപ്പോകാം. അതിനാൽ പല സംഗതികളിലും അവരുടെ ബലഹീനതകളെ നാം വഹിക്കേണ്ടതായിട്ടും, നമ്മുടെ ബലഹീനതകളെ നാം വഹിക്കേണ്ടതായിട്ടും,

www.malankaralibrary.com

നമ്മുടെ ബലഹീനതകളെ അവർ വഹിക്കേണ്ടതായിട്ടും ഉണ്ടാകും. ആശ്രമാദ്ധ്യക്ഷൻ തന്നെയും നമ്മുടെ പിതാവും നായകനുമായിരിക്കത്തക്കവണ്ണം പൂർണ്ണ പരിശുദ്ധനല്ലായിരിക്കാം. അതതുകാലത്തു ലഭിക്കാൻ സാദ്ധ്യമായ ചുരുക്കം ആളുകളിൽ നിന്നു ദൈവനടത്തിപ്പിനായി വളരെ പ്രാർത്ഥനകൾക്കു ശേഷം തിരഞ്ഞെടുക്കപ്പെട്ട ആളായിരിക്കും അദ്ദേഹം. മറ്റുള്ള അധികാരികളും പൂർണ്ണന്മാരല്ല. ആ കാലത്തു തെരഞ്ഞെടുക്കപ്പെടാവുന്ന ആളുകളിൽ നിന്നു ഏറ്റം യോഗ്യന്മാരായ ആളുകളെ ആശ്രമാദ്ധ്യക്ഷൻ തെരഞ്ഞെടുത്ത് ഓരോ സ്ഥാനങ്ങളിൽ നിയമിച്ചിരിക്കുന്നു എന്നേയുള്ളൂ. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ ആദർശപ്രകാരം യോഗ്യനായ ഒരാളിനെ അല്ലാ തെരഞ്ഞെടുക്കുന്നത്. അപ്പോഴപ്പോൾ സമൂഹത്തിലുള്ളവരിൽ ഉത്തമനായ ആളിനെ അത്രെ ബലഹീനരും നിന്ദിതരും എന്നാൽ താഴ്മയുള്ളവരുമായ പാത്രങ്ങളിൽകൂടെ അതെ, ആളുകൾ വഴിയായി, പ്രവർത്തിക്കുന്നതിൽ ദൈവം സന്തുഷ്ടനാകുന്നു. ഈ തിരഞ്ഞെടുപ്പും നിയമങ്ങളുമെല്ലാം പ്രാർത്ഥനാപൂർവ്വമത്രേ. ഓരോ പ്രത്യേക വേലക്കായി ദൈവം വിളിക്കുന്നവർക്കു ആവശ്യമുള്ള പ്രത്യേക കൃപയെ നൽകുവാൻ അങ്ങേയ്ക്കു കഴിവുണ്ടെന്നും, അങ്ങനെ താൻ നൽകുമെന്നും ഉള്ള വിശ്വാസത്തോടുകൂടി നിയമിക്കപ്പെടുന്നതും നിയമനം സ്വീകരിക്കപ്പെടുന്നതുമാകുന്നു. നമ്മുടെ ആളാംപ്രതിയുള്ള ജീവിതത്തെ സംബന്ധിച്ച് നമ്മുടെ കർത്താവിനെ നമുക്കു വിശ്വസിപ്പാൻ കഴിയുന്നപ്രകാരം സന്ന്യാസസമൂഹത്തെ സംബന്ധിച്ചും അങ്ങെ പൂർണ്ണമായി നമുക്കു വിശ്വസിക്കാം. അവിടുന്നു വിളിക്കുന്നവർ വിശ്വാസത്തോടും മുഴുവനായും തങ്ങളെത്തന്നെ അങ്ങേയ്ക്കു കൊടുക്കുന്നെങ്കിൽ വി. കത്തോലിക്കാസഭയെ പാവപ്പെട്ട വി. പത്രോസിന്മേലും ശേഷമുള്ള അപ്പോസ്തോലന്മാരുടെമേലും പണിതവൻ, ഭൗമീക കണ്ണുകൾക്കു തുലോം നിസ്സാരമെന്നു തോന്നുന്ന ആളുകളെകൊണ്ട് അങ്ങേ മഹത്വത്തിനായി ഒരു സുകൃതപരിപൂർണ്ണമായ സന്ന്യാസസഭയെ നിർമ്മിക്കുവാൻ കഴിവുള്ളവനാകുന്നു. അങ്ങേ കൃപയുടെ വിജയം പ്രത്യക്ഷമാകുന്നത് സാധാരണ ആളുകൾ വിജയലബ്ധിക്കായി ആശ്രയിക്കുന്ന സാധനങ്ങളും ആളുകളും ഇല്ലാതിരിക്കുമ്പോഴാകുന്നു. നമ്മുടെ വിശ്വാസത്തിന്റെ ദൃഢമായ അടിസ്ഥാനം ആശ്രയിക്കുന്നവരെ ഒരുനാളും നിരാശപ്പെടുത്താത്തവനായ ദൈവം തന്നെയാകുന്നു-സമൂഹത്തിന്റെ നിർമ്മിതാവും പണിക്കാരനും ദൈവം തന്നെയാണെന്നും ആരെക്കൊണ്ട് തന്റെ ഉദ്ദേശങ്ങളെ നിറവേറ്റുവാൻ തനിക്കു തിരുമനസ്സായോ, അവരെ സന്ന്യാസജീവിതത്തിലേക്കു താൻതന്നെ വിളിക്കുന്നുയെന്നും നാം

www.malankaralibrary.com

അറിയുന്നു. അതുകൊണ്ട് നമ്മുടെ ജീവിതകാലം മുഴുവനും ബഥന്യാ ശ്രമമാകുന്ന ഈ പ്രത്യേക സമൂഹത്തോട് നമ്മെ ബന്ധിക്കുന്നതായ നിത്യപ്രതിജ്ഞ വിശ്വാസത്തോടുകൂടി നാം ചെയ്യുന്നു. അതിനനുസരണ മായി ആയുഷ്പര്യന്തം നാം ജീവിക്കുകയും ചെയ്യുന്നു.

സർവ്വപ്രധാനമായ കാര്യം, നാം വിശ്വസ്തരായി കാണപ്പെടണം എന്നുള്ളതാകുന്നു. ദൈവം ഒരിക്കലും നമ്മെ തള്ളുകയോ സഹായി ക്കാതിരിക്കുകയോ നിരാശപ്പെടുത്തുകയോ ചെയ്കയില്ല. എന്നാൽ അങ്ങേ ഇഷ്ടം പരിപൂർണ്ണമായി നിവർത്തിക്കുന്നതുകൊണ്ട് മനുഷ്യ കണ്ണുകൾക്ക് ദൃശ്യമായ വിജയത്തിൽ നമ്മുടെ ഉദ്യമങ്ങളെ കലാശി പ്പിക്കുമെന്ന് കർത്താവ് വാഗ്ദാനം ചെയ്യുന്നില്ല. നമ്മുടെ കർത്താവിന്റെ കുരിശിന്മേലുള്ള മരണം മനുഷ്യദൃഷ്ട്യാ വിജയത്തിൽനിന്ന് എത്ര വിദൂരമായിരുന്നു; എങ്കിലും അത് യഥാർത്ഥത്തിൽ വിജയം തന്നെയാ യിരുന്നു എന്നുള്ള സത്യം നാം സ്മരിക്കണം. ആ പരിപൂർണ്ണമായ വിജയം മനുഷ്യകണ്ണുകൾക്ക് വലിയ തോൽവി ആയിരുന്നു. നമ്മുടെ കർത്താവിനെ പോലെ നാമും നമുക്കു വെളിപ്പെടുത്തിത്തരുന്നപ്രകാരം നമ്മുടെ ശക്തിയുടെ പരമാവധിയോളം അങ്ങേ ഇഷ്ടം ചെയ്യണം. അതു ചെയ്തിട്ടും അതിന്റെ ഫലങ്ങളെല്ലാം അങ്ങേ കൈകളിൽ വിട്ടേക്കു ന്നതിന് നാം ഒരുക്കമുള്ളവരായിരിക്കണം.

“എന്റെ ദൈവമേ! എന്റെ ദൈവമേ! എന്നെ കൈവിട്ടുകളഞ്ഞത് എന്ത്” എന്ന് കുരിശിന്മേൽ വെച്ച് നിലവിളിപ്പാൻ ഇടയാക്കിയ ആ അനുഭവത്തിൽ പങ്കുകൊള്ളുവാൻ, സകലത്തിലും മിശിഹായെ അനു കരിപ്പാൻ പുറപ്പെട്ടിട്ടുള്ള നാം തയ്യാറായിരിക്കണം. “അവസാനത്തോളം സഹിക്കുന്നവൻ രക്ഷപെടും”, എന്ന് നമ്മുടെ കർത്താവ് അരുളിചെ യ്യുന്നു. ഒരു പ്രത്യേക സമയത്തും സ്ഥലത്തും വെളിപ്പെടുത്തേണ്ടതെ ന്താകുന്നു എന്ന് യഥാർത്ഥമായി അറിയുന്നത് നാം അല്ലാ, ദൈവമാ കുന്നു. അതിലേക്കായി സഹോദരങ്ങളെ ദൈവം വിളിച്ച് സന്ന്യാസസഭ യിൽ തിരഞ്ഞെടുത്ത് ചേർത്തിരിക്കുന്നു. നമ്മുടെ ആശ്രയം മുഴുവൻ നാം അങ്ങിൽ വെയ്ക്കുന്നു. ദൈവം ഇഷ്ടപ്പെടുന്നവിധം നമ്മെ ഉപയോഗിക്കുന്നതിന് നാം തയ്യാറായിരിക്കുന്നു.

ഈ കാര്യത്തിനായി നമ്മെ നിർമ്മിച്ച് ആകൃതിപ്പെടുത്തി അനുഗ്രഹിച്ചവൻ ദൈവമാകുന്നു. എന്നാൽ ഭൗമീകപാത്രങ്ങളിൽ നമുക്ക് ഈ നിധി നല്കപ്പെട്ടിരിക്കുന്നു. ശക്തിയുടെ ആധിക്യം നമ്മിൽ നിന്നല്ല ദൈവത്തിൽ നിന്നാകുന്നു (2 കോറി. 4:7).

www.malankaralibrary.com

# സന്ന്യാസ ജീവിത സഹായി

## രണ്ടാം പുസ്തകം

### അദ്ധ്യായം 1

## ഭജനവും ശാന്തി ദിനവും

സാധാരണജീവിതം വിട്ട് ദൈവത്തോടടുത്തു ജീവിക്കുന്നതിനായി വേർതിരിയുന്നതിനു ഭജനമെന്നു പേർ പറയുന്നു. നമ്മുടെ കർത്താവു പല പ്രാവശ്യം വിജനസ്ഥലത്ത് പ്രാർത്ഥിപ്പാൻ പോയി. ജനക്കൂട്ടത്തെ വിട്ടു പ്രാർത്ഥിപ്പാനായി മലയിലേക്കു കയറിപ്പോയി. ജനങ്ങളോടൊരുമിച്ച് വസിക്കുമ്പോൾതന്നെയും മറ്റെല്ലാവരുമുറങ്ങുമ്പോൾ അവിടുന്നു രാത്രി മുഴുവനും ദൈവത്തോടുള്ള പ്രാർത്ഥനയിൽ ചിലവിട്ട തന്റെ ശിഷ്യന്മാരെ ഇപ്രകാരം പ്രാർത്ഥനയ്ക്കും മൗനനിഷ്ഠയ്ക്കുമായി വേർതിരിച്ചു കൊണ്ടുപോയി.

സാഹചര്യങ്ങളും പരിസരങ്ങളും നമ്മെ ചങ്ങലപോലെ ബന്ധിക്കയും നാം അവയ്ക്ക് അധീനപ്പെട്ടു പോകയും ചെയ്യുന്നു. ഐഹികങ്ങളായ സകലവും വിട്ടു നിത്യലോകത്തിന് അനുയോജ്യമായവ എന്തെന്നു കാണുന്നതിനും അവയെ എത്തിപ്പിടിക്കുന്നതിനും നമ്മുടെ ഐഹീക ബന്ധനങ്ങളെ വേണ്ടവിധം സൂക്ഷ്മാവലോകനം ചെയ്യുന്നതിനും നമുക്കാവശ്യമുണ്ട്. ഭജനവും ശാന്തിദിനവും ഇവയ്ക്കുപയുക്തങ്ങളായ അവസരങ്ങളാകുന്നു.

സകലത്തിന്റെയും നിത്യമായ അടിസ്ഥാനം ദൈവമാകുന്നു. ദൈവം സ്നേഹമാകുന്നു. നിത്യലോകത്തിലെ സൂര്യപ്രകാശത്തിന്റെ സഹായത്താൽ നമ്മുടെ ജീവിതത്തെ നാം കാണേണ്ടിയിരിക്കുന്നു.

www.malankaralibrary.com

ഭജനത്തുങ്കൽ നാം മൗനനിഷ്ഠയിൽ നിത്യലോകത്തിന്റെ വാതുക്കൽ നിന്നുകൊണ്ട് നിത്യകാര്യങ്ങൾ വീക്ഷിക്കണം. "ഞാൻ താല്ക്കാലിക മായ ഈ ആയുസ്സുവിട്ടു നിത്യലോകത്തിലെത്തുമ്പോൾ അവിടെവച്ച് ഈ ആയുസ്സിലെ കാര്യങ്ങളെപ്പറ്റി ആഗ്രഹിക്കാവുന്നതെന്തെല്ലാമാണ്? ഞാൻ ഭൂമിയിൽ പാർത്തിരുന്നപ്പോൾ ഈ സത്യം ഗ്രഹിച്ചില്ലല്ലോ, ഇന്ന സുകൃതം സമ്പാദിച്ചില്ലല്ലോ" എന്നിങ്ങനെ എന്തിനെപ്പറ്റി ഞാൻ ആഗ്രഹിക്കും? ഈ കാര്യം ചിന്തിക്കണം. നമ്മുടെ ഹൃദയത്തെ ദൈവത്തിനു തുറന്നുകൊടുക്കണം. അതിലുള്ള സകല വിചാരങ്ങളും ഉദ്ദേശങ്ങളും ദൈവമറിയുന്നു. ഭജനത്തിൽ നാം ദൈവമുമ്പാകെ മൗനനിഷ്ഠയിലിരിക്കുമ്പോൾ ദൈവാത്മാവ് നമ്മെ പ്രേരിപ്പിക്കയും നമുക്കു സ്വർഗ്ഗീയമായ ഉപദേശങ്ങൾ തരികയും ചെയ്യും. ഭജനത്തിങ്കൽവച്ചു നാം നമ്മുടെ ജീവനെ ദൈവത്തിനുയാഗമർപ്പിക്കണം. നമ്മുടെ പ്രതിജ്ഞകളെ ദൈവമുമ്പാകെ പുതുക്കണം. ജീവിതം സുകൃതപൂർണ്ണമാകുവാൻ വേണ്ട നിശ്ചയങ്ങൾ ചെയ്യണം. നമ്മുടെ ഇപ്പോഴത്തെ സ്ഥിതിയിൽ ദൈവത്തിന്റെ തിരുവിഷ്ടം പൂർണ്ണമായി നിറവേറ്റുന്നതിന് എന്തുചെയ്യണമെന്നു ദൈവത്തിൽ നിന്ന് പഠിക്കയും ചെയ്യണം.

## ധ്യാന നോട്ടുകൾ

(ഒരു പ്രാരംഭ ധ്യാനം)

ദൈവവിളി സംബന്ധിച്ച് ഭജനം നടത്തുന്നതിന്റെ തലേദിവസം ധ്യാനിപ്പാനുള്ളത്.

### ഭജനോദ്ദേശ്യം

വിശുദ്ധ റൂഹാ പറയുന്നതാവിത്:- "ഞാൻ സ്നേഹിക്കുന്ന ആത്മാവിനെ ഏകാന്തതയിലേക്കു ഞാൻ നടത്തും. അവിടെ വച്ച് അവന്റെ ഹൃദയത്തോടു ഞാൻ സംസാരിക്കും."

യേശു എന്നോടു സംസാരിക്കുന്നതെന്തായിരിക്കും?:-

രണ്ടുകാര്യങ്ങൾ തന്നെ. ഒന്നാമത്: എന്നെപ്പറ്റി യേശുവിന്റെ തിരുവിഷ്ടം എന്തെന്ന് എന്നെ അറിയിക്കും. രണ്ടാമത്:- യേശുവിന്റെ ശുശ്രൂഷയ്ക്കായി എന്നെ ആകർഷിക്കും. ഒരാത്മാവിനോട് യേശുവിനുള്ള സ്നേഹത്തെ പ്രത്യുക്ഷപ്പെടു ത്തുന്ന അതിമഹത്തായ അടയാളങ്ങൾ ഇവയാകുന്നു.

www.malankaralibrary.com

1. എന്റെ രക്ഷയും, സുകൃത പൂർണ്ണതയും, അവസാനംവരെയുള്ള സ്ഥിരതയും-അതായത് എന്റെ നിത്യഭാഗ്യം മുഴുവനും-ഞാൻ ദൈവേഷ്ടം നിറവേറ്റുന്നതിനെ ആശ്രയിച്ചിരിക്കുന്നു. എന്നെപ്പറ്റി ദൈവേഷ്ടം എന്തെന്നും, ഏതു കൃപ എനിക്കു തരുവാൻ യേശു ഇഷ്ടപ്പെടുന്നുവെന്നും യേശു എന്നെ അറിയിക്കും.

ദൈവത്തിന്റെ അനുഗ്രഹപൂർണ്ണമായ തിരുവിഷ്ടം തെളിവായും മധുരതരമായും, ശക്തിയായും എന്നെ അറിയിക്കുന്നത് ഭജനത്തിൽ വെച്ചാകുന്നു.

ഈ ഭജനത്തിനായി യേശു എന്നെ ക്ഷണിക്കുന്നു. യേശു എന്നോടു സംസാരിക്കുമെന്നു എന്റെ മനസ്സാക്ഷി പറയുന്നു. ഞാൻ ഏകാന്തതയിൽ ദൈവത്തിന്റെ അടുക്കൽ പാർക്കണമെന്നു യേശു ആഗ്രഹിക്കുന്നു. അപ്പോൾ അവൻ എന്നോടും സംസാരിക്കും.

എന്റെ ദൈവമേ, ഞാൻ സകലവുംവിട്ട് ഏകാന്തതയിൽ നിന്റെ അടുക്കൽ വരുന്നു. വേല, പഠിത്തം, സ്നേഹിതന്മാർ, അന്യകാര്യങ്ങൾ-ഇവയെല്ലാം ഞാൻ വിടുന്നു. തിരുവചനം കേൾപ്പാനും ധ്യാനിപ്പാനും, ഇതാ തൃപ്പാദത്തിങ്കൽ ഞാൻ വരുന്നു.

നിന്റെ തിരുവിഷ്ടത്തിന് എന്നെ കീഴ്പ്പെടുത്തിത്തരുവാൻ ഞാൻ വരുന്നു. വി. പൗലോസിനെപ്പോലെ ഞാനും പറയുന്നു "കർത്താവേ, ഞാൻ എന്തുചെയ്യണമെന്ന് നീ ഇഷ്ടപ്പെടുന്നു?" കർത്താവേ, തിരു വിഷ്ടം ചെയ്‌വാൻ എന്റെ മനസ്സ് ഒരുങ്ങിയിരിക്കുന്നു.

പൂർണ്ണമായ ഏകാന്തത, പൂർണ്ണമായ മൗനം, പൂർണ്ണമായ ദൈവബോധം (Recollection), ഇവ പാലിക്കാൻ ഞാൻ ഒരുങ്ങുന്നു. എന്റെ മനസ്സിൽനിന്ന് അന്യചിന്തകളും അന്യകാര്യങ്ങളും മുഴുവനായി ഞാൻ പുറത്തിറക്കുന്നു. ഈ ഭജനമല്ലാതെ യാതൊന്നും എനിക്കു ശ്രദ്ധാവി ഷയമാകയില്ല. എന്റെ പരമാധികാരിയായ മഹാരാജാവിന്റെ കൂടിക്കാ ഴ്ചയ്ക്കുവേണ്ടി ഞാൻ ഇതാ ഒരുങ്ങുന്നു.

2. ഭജനത്തിൽവച്ചു യേശു എന്നെ ആകർഷിക്കും. അവന്റെ മധുര തരവും ശക്തിയേറിയതുമായ സ്നേഹത്താൽ എന്നെ ആകർഷിക്കും. അവന്റെ തിരുവിഷ്ടം നിറവേറ്റുവാൻ ശക്തിയും കൃപയും എനിക്കു തരും. (എ) സന്ന്യാസ ജീവിതത്തിൽ വിശുദ്ധിയിൽ അവനെ സ്നേഹി പ്പാൻ എന്നെ വിളിക്കുന്നുവെങ്കിൽ, എനിക്കു ലഭിക്കാവുന്നതിലേക്കും വലിയ ഭാഗ്യമായി ഞാൻ അതിനെ കരുതും. വാഗ്ദത്തനാട്ടിൽ എത്തണ

www.malankaralibrary.com

മെങ്കിൽ ഈജിപ്തിനെ വിട്ടു പോകേണ്ടിയിരിക്കുന്നു. ഈജിപ്തിനേയും അതിലെ സകല സമ്പാദ്യങ്ങളെയും ത്യജിക്കേണ്ടിയിരിക്കുന്നു. മരുഭൂമിയിൽകൂടി യാത്രചെയ്യുകയും അനുഗ്രഹിക്കപ്പെട്ട ആ ദേശത്തെ യുദ്ധം ചെയ്തു കരസ്ഥമാക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. എന്നെ വശീകരിപ്പാൻ ലോകം ശ്രമിക്കും. എന്നെ ഭയപ്പെടുത്തുവാൻ ലോകം ശ്രമിക്കും. കഷ്ടത സഹിപ്പാനും, ത്യാഗം ചെയ്യുവാനും പ്രകൃതി സമ്മതിക്കയില്ല. "കുറേ കഴിയട്ടെ, ധൃതിവെക്കണ്ടാ, പിന്നാലെ സകലവും സാധിക്കാം" എന്നു പ്രകൃതി പറയും. "എത്ര ചങ്ങലകൾ പൊട്ടിക്കാനുണ്ട്? എത്ര കൊടുങ്കാറ്റുകൾ കടന്നുപോകാനുണ്ട്"? എന്നോർത്തു ഭയപ്പെടുവാൻ എന്റെ ഹൃദയം ഒരുങ്ങിപ്പോകും. എനിക്കുതന്നെ ജയിപ്പാൻ സാധിക്കയില്ല എന്റെ ഭജനത്തിൽ യേശു എന്റെ അടുക്കൽ വന്നു പറയും:- "എന്റെ അടുക്കൽ വരിക. എന്നെ അനുഗമിക്കുക, ഈ ആയുസ്സിലും വരുവാനിരിക്കുന്ന ആയുസ്സിലും നിനക്കു ഞാൻ സമാധാനം തരാം." അവൻ എന്നെ കൈയ്ക്കുപിടിച്ച് അവന്റെ തൗനായിലേക്ക് ആശ്ര മത്തിലേക്ക്-എന്നെ കൊണ്ടുപോകും. അവൻ അവിടെ മുഴുവനായി എന്റെ സ്വന്തമായിരിക്കും. ഞാൻ മുഴുവനും അവന്റെ സ്വന്തമായിരിക്കും. ഇതു സാധിച്ചാൽ ശേഷമെല്ലാം സ്നേഹം പ്രവൃത്തിച്ചുകൊള്ളും. (ബി) സന്ന്യാസജീവിതത്തിലേക്കു ദൈവം എന്നെ വിളിക്കുന്നില്ലെങ്കിൽ ആ വിവരം ദൈവം എന്നോടു പറയും. എന്റെ ആത്മാവ് സമാധാനപ്പെടും. ഞാൻ ലോകത്തിൽ പാർത്ത് എന്നാൽ കഴിയുന്നത്ര അവനെ സ്നേഹിക്കും. ലോകത്തിൽ അനേകം ശത്രുക്കളുണ്ട്. അവയുടെ എല്ലാം ഇടയിൽ വിശ്വസ്തനായി ജീവിക്കുന്നതിന് എനിക്കു സമൃദ്ധിയായ സുകൃതവും, ശക്തിയും വേണ്ടിയിരിക്കുന്നു. ഞാൻ ലോകത്തിൽ പാർത്ത് ദൈവത്തെ സേവിക്കണമെന്ന് ദൈവം ഇഷ്ടപ്പെടുന്നുവെങ്കിൽ അതിനു വേണ്ട ശക്തിയും ധൈര്യവും ദൈവം എനിക്കു തരും. (സി) എന്റെ ദൈവവിളി എന്താണെന്നു തീർച്ചയാക്കുന്നതു ജഡമോ (പാപവികാരങ്ങളോ) രക്തമോ (ചാർച്ചക്കാരെപ്പറ്റിയും മറ്റുമുള്ള ചിന്തയോ) സ്വസ്നേഹമോ (എന്നെ കരുതണമെന്നുള്ള വിചാരമൊ) ആയിരിക്കരുത്. ഈ സമയം മുതൽ എന്നെ ദൈവകൃപയ്ക്കു അധീനനായി-ദൈവേഷ്ടം അനുസരിപ്പാൻ സന്നദ്ധനായി ഞാൻ ഏല്പിച്ചു കൊടുക്കുന്നു. (ഡി) വിശുദ്ധ മാതാവേ! ഈ ഭജനം എന്റെ ആയുസ്സിൽ സർവ്വ പ്രധാനമാണല്ലോ. അതിനെ ഞാൻ അങ്ങേ കയ്യിൽ ഏല്പിക്കുന്നു. എന്നെ നടത്തണമെ. എന്നോടുകൂടെ ഭജനം ചെയ്തുകൊള്ളുക. ഞാൻ വിശ്വസ്തതയോടെ ഭജനനിഷ്ഠകൾ പാലിച്ചുകൊള്ളാം.

www.malankaralibrary.com

അദ്ധ്യായം 2

# വേറൊരു പ്രാരംഭ ധ്യാനം

## 1. ഭജനത്തിന്റെ ഉദ്ദേശം എന്ത്?

എന്റെ 'വിളി'യെപ്പറ്റി ദൈവത്തിന്റെ പ്രത്യേക ഇഷ്ടം - എനിക്കായി ദൈവം വേർതിരിച്ചിട്ടുള്ളത് - എന്താണെന്നു എനിക്കറിയണം. ബഥനി ആശ്രമത്തിൽ സന്യാസജീവിതത്തിലേക്കും ദൈവസേവനത്തിനുമായി എന്നെ ദൈവം വിളിക്കുന്നുണ്ടോ എന്ന് എനിക്കറിയണം.

ഇതു വലിയ സംഗതിയാകുന്നു. ഇതറിയുന്നത് എന്റെ ആയുസ്സിലെ സർവ്വപ്രധാന കാര്യമാകുന്നു. സർവ്വോപരി വലുതായ ദൈവകൃപ എനിക്കുവേണ്ടിയിരിക്കുന്നു. സർവ്വോൽകൃഷ്ടമായ ത്യാഗം ദൈവത്തിനുവേണ്ടി ഞാൻ ചെയ്യണമെന്നു ദൈവം ആഗ്രഹിക്കുന്നുവോ എന്നെനിക്കറിയണം. ദൈവം ആഗ്രഹിക്കുന്നുവോ എന്നെനിക്കറിയണം. ദൈവം ആഗ്രഹിക്കുന്നുണ്ടെങ്കിൽ - ഞാൻ അതിനായി നല്ല മനസ്സോടുകൂടെ ഒരുങ്ങണം.

എനിക്കുവേണ്ടി മനുഷ്യാവതാരം ചെയ്‌വാൻ ദൈവം സ്വർഗ്ഗത്തിൽ വെച്ചു നിശ്ചയിച്ചു.

എനിക്കുവേണ്ടി കുരിശിലെ കഷ്ടപ്പാടും മരണവും അനുഭവിപ്പാൻ ദൈവം ഗത്സമേനയിൽവച്ചു ഒരുങ്ങി പുറപ്പെട്ടു.

എനിക്കുവേണ്ടി വി.കുർബ്ബാനയിൽ എഴുന്നെള്ളിപ്പാർപ്പാൻ ദൈവം സെഹിയോൻ മാളികയിൽ വച്ചു നിശ്ചയിച്ചു.

എന്നിലും എന്നോടു കൂടെയും പാർത്തു പുണ്യത്തിലും വിശുദ്ധിയിലും എന്നെ നടത്തുകയും വളർത്തുകയും ചെയ്‌വാൻ ദൈവം ദിനം പ്രതി ഒരുങ്ങുന്നു.

www.malankaralibrary.com

ദൈവപുത്രന്റെ സകല കഷ്ടതകളിലും ത്യാഗത്തിലും പങ്കുകൊള്ളുവാൻ വി.കന്യാമറിയം എങ്ങനെ ഒരുങ്ങിയോ അതു പോലെ ഞാനും ഒരുങ്ങണം വി.മാതാവിനെ എന്റെ സഹായിയായി ഞാൻ സ്വീകരിക്കുന്നു.

## 2. ഈ ഭജനത്തിന്റെ വ്യവസ്ഥകൾ ഏവ?

ദൈവത്തെ ശ്രദ്ധിക്കുമ്പോൾ മാത്രമെ അങ്ങെ വിശുദ്ധതിരുവിഷ്ടം അറിവാൻ എനിക്കു സാധിക്കയുള്ളൂ. എന്റെ ഉള്ളംകൊണ്ടു ഞാൻ ദൈവത്തെ മൗനത്തിലും ഹൃദയപൂർവ്വമായ ആഗ്രഹത്തോടുകൂടെയും ശ്രദ്ധിക്കും. ദൈവം എന്റെ ആത്മാവിൽ സംസാരിക്കട്ടെ ഞാൻ കേട്ടനുസരിക്കും. പുറമേയും അകമേയും ഞാൻ ദൈവബോധവും ഏകാഗ്രതയും പാലിക്കും. കഴിഞ്ഞകാലത്തെ സംബന്ധിച്ചോ ഭാവിയോ സംബന്ധിച്ചോ ഞാൻ ചിന്തിക്കും. ഇപ്പോൾ എന്റെ ആത്മാവിൽ ദൈവകൃപ വ്യാപാരിക്കുന്നതു എങ്ങനെ? ദൈവം വിളിക്കുന്നിടത്തേക്കു ഞാൻ പോകും. ഇത് എന്റെ ഒന്നാമത്തെ നിശ്ചയമാകുന്നു.

2. എന്നെ ദൈവം എവിടേയ്ക്കെങ്കിലും നടത്തിക്കട്ടെ. ദൈവകൃപ ദൈവത്തിൽ നിന്നു ഞാൻ നേരിട്ടു വാങ്ങും. ദൈവകൃപ ദൈവത്തിൽ നിന്നു ഞാൻ നേരിട്ടു വാങ്ങും. ദൈവത്തിന്റെ സമാധാനം ഞാൻ പ്രാപിക്കും.

ഞാൻ സ്വയമായി യാതൊരു തെരഞ്ഞെടുക്കാതെ - ദൈവം തിരഞ്ഞെടുപ്പാൻ ആഗ്രഹിച്ചിട്ടു ഞാൻ ദൈവ നടത്തിപ്പിനു കീഴ്പ്പെടും. കർത്താവേ അങ്ങേ ദാസൻ എന്തു ചെയ്യണമെന്ന് അവിടുന്നു ഇച്ഛിക്കുന്നു?

3. പൊതുവെ എന്തിനും - ദൈവഹിതം എന്തുതന്നെയായിരുന്നാലും അതിനു തന്നെ - ഞാൻ സന്നദ്ധനായിരിക്കണം. ഞാൻ ലോകത്തിൽ പാർപ്പാൻ ദൈവം ഇച്ഛിക്കുന്ന പക്ഷം അതിനും, ഞാൻ മഹത്തായ സന്യാസജീവിതത്തിനു എന്നെ ഏല്പ്പിച്ചുകൊടുക്കുന്നതിനു ദൈവം നടത്തുന്നപക്ഷം അതിനും ഞാൻ സർവഥാ സന്നദ്ധനായിരിക്കണം.

✠

www.malankaralibrary.com

അദ്ധ്യായം 3

# ഒരു പര്യവസാന ധ്യാനം

ഞാൻ ഒരു കഠിനയുദ്ധം കഴിഞ്ഞ് ഇറങ്ങുവാൻ തുടങ്ങുന്നു. പിശാചും, ലോകവും, ജഡവും എനിക്കു വിരോധമായി എഴുന്നേറ്റിരിക്കുന്നു. സന്യാസജീവിതത്തിലേക്കു ദൈവം എന്നെ വിളിച്ചവിളിയോടു എതൃപ്പാൻ ഈ ശക്തികൾ എല്ലാം സന്നദ്ധരായി. എന്നെ എന്നേക്കും ലോകത്തിൽ ബന്ധിപ്പാൻ ഇവർ ആഗ്രഹിച്ചു. എന്റെ ദൈവമേ! നീ ജയിച്ചുവല്ലോ. നിന്റെ കൃപയാൽ ഞാൻ ജയം നേടി.

കർത്താവേ - ഈ കൃപയ്ക്കുവേണ്ടി ഞാൻ നിനക്കു പ്രതിഫലമായി കൃതജ്ഞതാസൂചകമായി - തരേണ്ടതു എന്താകുന്നു? എന്റെ ചങ്ങല നീ പൊട്ടിച്ചുവല്ലോ. യഹോവ എനിക്കു ചെയ്ത സകല ഉപകാരങ്ങൾക്കും ഞാൻ അവനു എന്തു പകരം കൊടുക്കും? ഞാൻ രക്ഷയുടെ പാനപാത്രമെടുത്ത് യഹോവയുടെ നാമം വിളിച്ചപേക്ഷിക്കും. (സങ്കീ. 116:12-13) എന്റെ ദൈവമേ! ഞാൻ എന്തുചെയ്‌വാൻ നീ ഇഷ്ടപ്പെടുന്നു? ഞാൻ എവിടെയാരംഭിക്കണം.

ഞാൻ സകലവും തൃജിച്ചിരിക്കുന്നു. നിനക്കായി സകലവും ഞാൻ ബലികഴിച്ചിരിക്കുന്നു. ഇനിയും ഞാൻ എന്തുചെയ്യണം? ഒരു സംഗതി ഞാൻ ചെയ്യേണ്ടതായിട്ടുണ്ട്. എന്റെ സന്യാസജീവിതം ഞാൻ നന്നായി ആരംഭിക്കണം. ആരംഭം ശരിയാണെങ്കിൽ അഭിവൃദ്ധിയും ശരിയായിരിക്കണം.

1. ശരിയായ ആരംഭം എനിക്ക് അത്യാവശ്യമാകുന്നു. (എ) യേശുമിശിഹായ്ക്ക് എന്നെ മുഴുവനായും ഒട്ടൊഴിയാതെയും കൊടുക്കണം. അവന്റെ കൃപ എന്നിൽ വേല ചെയ്‌വാനായി എന്നെ ഏല്പ്പിച്ചുകൊടുക്കണം. (ബി) ആശ്രമനിയമം പൂർണ്ണമായി നിർവ്വഹിച്ചിട്ട് ആ വഴിയിൽ കൂടി കർത്താവിനെ സേവിപ്പാൻ ഞാൻ ഒരുങ്ങണം. (സി) ഞാൻ ലോകത്തേയും ധനത്തേയും ലൗകീക സ്നേഹിതന്മാരേയും സുഖജീവിതത്തെയും മനുഷ്യരുടെ ബഹുമതിയേയും ഉപേക്ഷിച്ചിരിക്കുന്നു. എന്റെ കർത്താവിനെ പ്രതി ഔദാര്യബുദ്ധിയോടു കൂടെ ഞാൻ ഇതെ

www.malankaralibrary.com

ല്ലാം വിട്ടിരിക്കുന്നു. ഒന്നും ഞാൻ മാറ്റിവച്ചിട്ടില്ല. ഇവയെല്ലാം ത്യജിച്ചതിൽ ഞാൻ ഒട്ടും മനസ്ഥാപപ്പെടുന്നുമില്ല. വി.പത്രോസ് കർത്താവിനോടും പറഞ്ഞപ്രകാരം ഞാനും പറയുന്നു. കർത്താവേ! സകലവും വിട്ടു ഞാൻ നിന്നെ അനുഗമിച്ചിരിക്കുന്നുവല്ലോ. (വി.മത്താ. 19-27) കർത്താവരുളി ചെയ്യുന്നു. എന്റെ നാമം നിമിത്തം വീടുകളോ, സഹോദരന്മാരേയോ, സഹോദരികളേയോ, അപ്പനേയോ, നിലങ്ങളേയോ, അമ്മയേയോ വിട്ടു കളയുന്നവന് എല്ലാം നൂറു മടങ്ങു ലഭിക്കും. അവർ നിത്യ ജീവനേയും അവകാശമാക്കും (വി.മത്താ. 19:29) ഇവയെല്ലാം ഞാൻ ത്യജിച്ചതു കൊണ്ടു മതിയായില്ല. ഞാൻ എന്നെത്തന്നെ ത്യജിക്കേണ്ടിയിരിക്കുന്നു. എന്തുകൊണ്ടെന്നാൽ യേശു ഇപ്രകാരം അരുളിചെയ്തിരിക്കുന്നു. എന്റെ പിന്നാലെ വരുവാൻ ഒരുവൻ ഇച്ഛിക്കുന്നെങ്കിൽ അവൻ തന്നത്താൻ ത്യജിക്കട്ടെ.

സുവിശേഷപരമായ ഈ സ്വയത്യാഗം എന്താകുന്നു? ഒരുത്തന്റെ സ്വേച്ഛാനുസാരമായ ജീവിതം ഉപേക്ഷിക്കുന്നതു തന്നെ സ്വന്ത അഭിപ്രായപ്രകാരം തനിയെ ജീവിക്കുന്ന രീതി ഉപേക്ഷിച്ചിട്ടു യേശുമിശിഹായുടെ ജീവിതം നയിക്കുന്നതു ഏവൻഗേലിയിൽ വിവരിച്ചിരിക്കുന്ന സ്വയത്യാഗജീവിതമാകുന്നു. സ്വന്ത അഭിപ്രായങ്ങളും ആശയങ്ങളും ഉപേക്ഷിക്കണം. സ്വന്ത അഭിരുചിയും ജീവിതക്രമവും ഉപേക്ഷിക്കണം. സ്വയമായ പ്രവർത്തനപദ്ധതിയും സ്വന്ത ഇഷ്ടവും ഉപേക്ഷിക്കണം. ഇവയെല്ലാം ത്യജിച്ചിട്ടു യേശുമിശിഹായുടെ ഹിതത്തിന് അനുയോജ്യമായ ശ്രേഷ്ഠസുകൃതം - അതെ അനുസരണജീവിതം - സ്വീകരിക്കണം. ഇതാകുന്നു സ്വയത്യാഗജീവിതം.

ഈ അനുസരണജീവിതം ദൈവസ്നേഹം നിമിത്തമുള്ള അനുസരണമാകുന്നു. ഈ ജീവിതത്തിന് ഉദ്ദേശം ഒന്നേയുള്ളൂ. ആഗ്രഹം ഒന്നേയുള്ളൂ. സന്തോഷം ഒന്നേയുള്ളൂ. സൗഭാഗ്യം ഒന്നേയുള്ളൂ. "എനിക്കു ജീവിക്കുന്നതു ക്രിസ്തുവാകുന്നു." (ഡി) സ്വയത്തെ ത്യജിക്കുന്നതു വലിയ സംഗതിയാകുന്നു. യേശുമിശിഹായുടെ ശക്തി എന്നിൽ അധിവസിക്കുന്നതിനുവേണ്ടി ഞാൻ ദിനംപ്രതി മരിക്കേണ്ടിയിരിക്കുന്നു. ഇതുകൊണ്ടും മതിയായില്ല. യാതൊരു വ്യവസ്ഥയും കൂടാതെ ഞാൻ എന്നെ ഏല്പ്പിച്ചുകൊടുക്കേണ്ടിയിരിക്കുന്നു. യേശുവിന്റെ തിരുവിഷ്ടത്തിനും എന്നെ ഏല്പ്പിച്ചുകൊടുക്കേണ്ടിയിരിക്കുന്നു. കുശവന്റെ കൈയ്യിൽ കളിമണ്ണ് ഏതുപ്രകാരം ഇരിക്കുന്നുവേ അപ്രകാരം ഞാൻ യേശുവിന്റെ കൈയ്യിൽ ഇരിക്കേണ്ടതാകുന്നു. സത്യമായി അങ്ങേ ആരാധിക്കുന്ന ഉത്തമ ശുശ്രൂഷകനായിരിക്കുന്നതിനുവേണ്ടി അങ്ങേ ഇഷ്ടം പോലെ എന്നിൽ എന്തും പ്രവർത്തിക്കട്ടെ. യേശുവിന്റെ കൃപ എന്നിൽ വ്യാപരിപ്പാൻ അവിടുത്തെ തിരുവിഷ്ടത്തിന് എന്നെ ഏല്പിച്ചുകൊടുക്കേണ്ടതാണ്.

www.malankaralibrary.com

എന്റെ മനസ്സും ഹൃദയവും ശരീരവും എന്നെ മുഴുവനായും അങ്ങേക്കു വിട്ടുകൊടുക്കേണ്ടതാണ്. തിരുവിഷ്ടംപോലെ എന്നോടുപദേശിക്കട്ടെ. എന്റെ സ്വഭാവം ഭേദപ്പെടുത്തട്ടെ. എന്നെ ശുദ്ധീകരിക്കട്ടെ. എന്നെ പൂർണ്ണനാക്കട്ടെ. കർത്താവായ യേശുവേ! എന്നിൽ ജീവിക്കേണമേ. എന്നിൽ ഭരിക്കണമേ. എന്നോടു കല്പിക്കണമേ.

2 ആശ്രമ നിയമങ്ങൾ ശരിയാം വണ്ണം അനുഷ്ഠിച്ചു യേശുവിനെ സേവിപ്പാൻ ഇപ്പോൾ മുതൽ ഞാൻ ആരംഭിക്കണം. എന്റെ ജീവിതത്തിന്റെ പരമാന്ത്യം യേശുവാകുന്നു. എന്റെ ജീവിതത്തിന്റെ പ്രമാണം യേശുവാകുന്നു. എന്റെ ജീവിതത്തിന്റെ പ്രമാണം യേശുവാകുന്നു. യേശുവിന് എന്നോടുള്ള സ്നേഹം നിമിത്തം ഞാൻ ആചരിപ്പാനുള്ള ആശ്രമ നിയമങ്ങൾ എനിക്കു നൽകപ്പെട്ടിരിക്കുന്നു. എനിക്കു യേശുവിനോടുള്ള സ്നേഹം നിമിത്തം അവയെ ഞാൻ ശരിയായി ആചരിക്കും.

എന്റെ ജീവിതത്തിന്റെ പുറമെയുള്ള നടപടികളെ വി.നിയമം ക്രമപ്പെടുത്തുന്നു. ആശ്രമാംഗങ്ങളായ എല്ലാവരുടേയും പൊതുവായ ശുശ്രൂഷകളിൽ ഞാൻ പങ്കുകൊള്ളുന്നതുകൊണ്ടു അവർക്കുള്ള കൃപകൾക്കും പുണ്യങ്ങൾക്കും ഞാൻ ഓഹരിക്കാരനായിതീരും. സന്യാസപരമായ കൃപയും അനുഗ്രഹവും കർത്താവിൽനിന്നു ഞാൻ പ്രാപിക്കയും അവിടുത്തെ ആശിർവ്വാദങ്ങൾ കൊണ്ടു ഞാൻ നിറയുകയും ചെയ്യും. എന്റെ അകമെയുള്ള ജീവിതവും പുറമെയുള്ള ജീവിതവും എന്റെ ആത്മാവിന്റെ വ്യാപാരവും - യേശുവിന്റെ സ്നേഹപ്രമാണത്താൽ ക്രമീകരിക്കപ്പെടും. ഈ സ്നേഹപ്രമാണം (The Rule of love) ആശ്രമത്തിലെ വി. നിയമം വഴിയായി എനിക്കു നല്കപ്പെടുന്നു.

വി.നിയമം മാത്രമല്ല ആശ്രമത്തിലെ പരിശുദ്ധമായ ആചാരങ്ങൾ കൂടെയും ഞാൻ സ്നേഹത്തോടും വിശ്വസ്തതയോടും കൂടെ അനുഷ്ഠിക്കും. വി.നിയമം ഞാൻ അക്ഷരത്തിലും ആചാരത്തിലും പഠിക്കും. ബുദ്ധികൊണ്ടും ഹൃദയംകൊണ്ടും ഞാൻ പഠിക്കും. കർത്താവേ! നിന്റെ കൃപയുംശക്തിയും അതിനാൽ ഞാൻ അറിയും, നിന്റെ സ്നേഹം എന്നെ ശക്തിപ്പെടുത്തേണമേ. കൃത്യനിഷ്ഠയും സമയനിഷ്ഠയും ചുമതലാബോധവും, എനിക്കു തരണമേ. ഇവയോടുകൂടെ ഞാൻ നിയമം പാലിക്കും. വി. നിയമപ്രകാരം ജീവിക്കുന്നവൻ ദൈവത്തിനായി ജീവിക്കുന്നു. യേശുവേ! എന്റെ ശരണം നീ തന്നെ. എന്റെ ആശ്വാസം നീ തന്നെ. എന്റെ സമാധാനം നീ തന്നെ. എനിക്ക് ഇഹത്തിലും പരത്തിലും നിത്യസൗഭാഗ്യം നീതന്നെ. ഞാൻ നിന്റെ തൃക്കൈയിൽ ഇരുന്നുകൊള്ളും.

www.malankaralibrary.com

അദ്ധ്യായം 4

# ഭജനവും ശാന്തിദിനവും

1. മനുഷ്യർ ദൈവത്തെ അറിയുകയും സേവിക്കയും ചെയ്യുന്നതിനും, വിശുദ്ധിയും ആത്മീയ വളർച്ചയും സമ്പാദിക്കുന്നതിനും രണ്ടു കാര്യങ്ങൾ ഒന്നിക്കേണ്ടിയിരിക്കുന്നു.

## 1. ദൈവത്തിന്റ കൃപ

2. മനുഷ്യന്റെ മന:പൂർവ്വമായ സഹകരണം. ദൈവകൃപയോടു സഹകരിക്കാതെ മനുഷ്യൻ സ്വന്തവഴിയിൽ കൂടെ ശ്രമിച്ചാൽ ഫലമില്ല. ദൈവനടത്തിപ്പനുസരിച്ച് മനുഷ്യൻ ശ്രമിക്കണം. ദൈവനടത്തിപ്പറിയുന്നതിനും ദൈവം കൃപ സമ്പാദിക്കുന്നതിനും ദൈവകൃപയോട് മന:പൂർവ്വമായി സഹകരിക്കുന്നതിനും വേണ്ടി ദൈവത്തോട് ഏറ്റവും അടുത്ത് പാർക്കണം. ഇങ്ങനെ പാർക്കുന്നതിന് "ഭജനം" എന്ന് പറയുന്നു. അതിശ്രേഷ്ഠമായ കൃപകൾ ദൈവം മനുഷ്യന് കൊടുത്തിട്ടുള്ളത് ഓരോന്നും ഭജനത്തിങ്കൽ വെച്ചായിരുന്നു. മോശ നിയമപലകകൾ പ്രാപിച്ചത് സീനായി മലയിൽ ഭജനം ചെയ്തപ്പോൾ ആയിരുന്നു. ഏലിയാ പ്രവാചകൻ ഇരട്ടിയായ ആത്മീയ ശക്തി ലഭിച്ചതു കർമ്മേലിൽ ഭജനം ചെയ്തപ്പോളായിരുന്നു. ദൈവാത്മാവിന്റ കൃപാശക്തി യോഹന്നാൻ മൗദാനയ്ക്കുണ്ടായത് വനത്തിൽ ഭജനത്തിൽ പാർത്തപ്പോളായിരുന്നു. അപ്പോസ്തലന്മാർ പരിശുദ്ധത്മാവിനെ പ്രാപിച്ചത് പത്തുദിവസം ഭജനത്തിൽ താമസിച്ചപ്പോളായിരുന്നു. ഉത്തമദൃഷ്ടാന്തക്കാരായിത്തീർന്നിട്ടുള്ള ഓരോ അനുതാപികളേയും ദൈവം മാനസാന്തരപ്പെടുത്തിയതും ദൈവരാജ്യമാകുന്ന വി.സഭയ്ക്കു പുതിയ അപ്പോസ്തലന്മാരെ ഓരോ തലമുറയിലും, എഴുന്നേല്പ്പിച്ചതും സന്യാസ സമൂഹ സ്ഥാപകന്മാരെ വിശുദ്ധാത്മാവ് പ്രേരിപ്പിച്ചതും ഭജനകാലത്തായിരുന്നു. വി. മറിയാം തന്നെയും ഗബ്രിയേലിന്റെ സന്ദേശം പ്രാപിക്കയും കർത്താവിനെ ഗർഭം

www.malankaralibrary.com

ധരിക്കയും ചെയ്തതു ഭജനകാലത്തായിരുന്നു. നമ്മുടെ കർത്താവ് പല പ്പോഴും ഭജനം അനുഷ്ഠിച്ചിട്ടുണ്ട്. ആത്മീയാഭിവൃത്തിക്ക് ഭജനം എത്രയും ആവശ്യമാകുന്നു.

2. ശാന്തിദിനം:- ഇതരകാര്യങ്ങളെല്ലാം വിട്ട് കർത്താവിനോട് ഏറ്റം അടുത്തു പാർക്കുന്നതിനായി വേർതിരിച്ചു നയിക്കുന്ന ദിവസത്തിനു ശാന്തിദിനം എന്നു പറയുന്നു. ഒരു ദിവസം രാത്രി സൂത്താറയോടു കൂടി ആരംഭിക്കുകയും ആ രാത്രിയും പിറ്റേപകലും രാത്രിയും തദന ന്തരമുള്ള പ്രഭാത സമയവും ഉൾപ്പെടെ സാധാരണയായി മുപ്പത്തിമൂന്നു മണിക്കൂർ സമയം ഭജനനിഷ്ടയും ദൈവസംസർഗ്ഗവും ചെയ്യുന്നതാ കയാൽ അത് ബഥന്യാശ്രമത്തിൽ ഒരു ശാന്തിദിനമായി ഗണിക്കപ്പെടു ന്നു. ശാന്തി ദിനത്തിന്റെ പ്രഥമോദ്ദേശം ദൈവസംസർഗ്ഗവും കൃപാ സമ്പാദനവും ആത്മശാന്തിയുമാകുന്നു.

3. ഭജനം:- ദൈവസംസർഗ്ഗത്തിനായും ധ്യാനം ആദിയായ അത്മീയ വ്യായാമങ്ങൾക്കായും വേർതിരിച്ചു നയിക്കുന്ന കാലത്തിന് ഭജനകാലം എന്നുപറയുന്നു. ദൈവത്തെ അറിയുന്നതിനും ദൈവത്തെ നന്നായി സ്നേഹിക്കുന്നതിനും അവനവന് ആത്മസംസ്കരണവും പുണ്യാഭ്യാസനവും ലഭിക്കുന്നതിനും മറ്റുമായി ഭജനം നടത്തവുന്നതാ ണ്. ഭജനം ഒന്നോ അധികമോ ദിവസം നടത്താം. ദൈവസഹായത്താലും കൃപയാലും മാത്രമേ ഭജനം സഫലമാകയുള്ളൂ.

4. ബഥന്യാശ്രമസ്ഥൻ മാസത്തിലൊരിക്കൽ ഒന്നോ അധികമോ ദിവസത്തേക്ക് ഭജനം നടത്തണം. ഭജനം ധ്യാനപരമായോ ശോധനപ രമായോ നടത്താവുന്നതാണ്. ഭജനം എത്രദിവസത്തേക്ക് നടത്തണ മെന്നും, ഭജനോദ്ദേശം എന്തായിരിക്കണമെന്നും അവനനന്റെ ആവശ്യം പോലെയും, ആത്മീയ നിയന്താവിന്റെ ഉപദേശം പോലെയും തീർച്ച യാക്കാവുന്നതാണ്.

5. ശോധന പരമായ ഭജനത്തിൽ കഴിഞ്ഞമാസത്തെ ജീവിതം പൊതുവായി ശോധനചെയ്യുകയും അടുത്തമാസത്തേക്ക് ജീവിത സംസ്കരണത്തിന് ആവശ്യമുള്ള ഒരുക്കവും നിശ്ചയങ്ങളും ചെയ്ക യും വേണം.

6. ധ്യാനപരമായ ഭജനത്തിൽ ഭക്തിസംവർദ്ധകവും പുണ്യാഭ്യാ സനപരവും ആയ ധ്യാനങ്ങളും വിശുദ്ധ വ്യായാമങ്ങളും നടത്തുകയും നിശ്ചയങ്ങൾ ചെയ്യുകയും ആവാം.

www.malankaralibrary.com

7. ശാന്തിദിനമോ ധ്യാനപരമോ ഭജനമോ നടത്തുമ്പോൾ താഴെ കാണുന്നതിൽ ഏതെങ്കിലും ഒന്ന് പ്രധാനമാക്കിച്ചെയ്കയും മറ്റു വിശുദ്ധ വ്യായാമങ്ങൾ അതിലേക്കു സഹായമായും പൊതുവായി ദൈവമഹത്വത്തി നും അവനവന്റേയോ, മറ്റുള്ളവരുടേയോ ആത്മീയാഭിവൃദ്ധിക്കുമായി നടത്തുകയും ചെയ്യാവുന്നതാണ്. (എ) ദൈവാരാധനയും സ്തോത്രവും (ബി) മദ്ധ്യസ്ഥ പ്രാർത്ഥന (സി) പ്രത്യേക സുകൃതാഭ്യസനവും സ്വഭാവ സംസ്കരണവും.

8. ദൈവസ്നേഹ വർദ്ധനവിനും യേശു മിശിഹായുടെ കഷ്ടാനുഭവത്തെ ബഹുമാനിക്കുന്നതിനും പുണ്യസമ്പാദനത്തിനുമായി വലിയനോമ്പിൽ മുഴുവനുമോ ഉച്ചവരെയോ ശാന്തിദിനമാചരിക്കയോ അതിനു നിവർത്തിയില്ലാത്തപക്ഷം ദൃഢമൗനമാചരിക്കയോ ചെയ്യുന്നത് നന്ന്. താഴെക്കാണുന്ന ദിവസങ്ങൾ ശാന്തിദിനങ്ങളോ ഭജനകാലമോ ആയി അനിഷ്ഠിക്കുന്നത് നന്ന്. പ്രതിമാസ ഭജനവും ഇതും ഒന്നാക്കുന്നതിനു വിരോധമില്ല. (എ) വചനിപ്പു പെരുന്നാളിനു മുമ്പും പിമ്പും ഓരോ ദിവസം തൊട്ടടുത്ത ദിവസമായിരിക്കണമെന്നില്ല). (ബി) യൽദാ പെരുന്നാളിനു മുമ്പും പിമ്പും ഓരോ ദിവസം (സി) ദനഹായിക്കു മുമ്പോ പിമ്പോ ഒരു ദിവസം (ഡി) മറുരൂപപ്പെരുന്നാളുനു മുമ്പോ പിമ്പോ ഒരു ദിവസം (ഇ) കഷ്ടാനുഭവാഴ്ചയിൽ മുന്നു ദിവസം വാർഷിക ഭജനം മൂന്നുദിവസത്തിൽ കുറയാതെയും, പത്തു ദിവസത്തിൽ കൂടാതെയും നടത്തണം. കഷ്ടാനുഭവാഴ്ചയിലെ പെന്തുക്കുസ്തി കാലത്തെ, മാർ യോഹന്നാൻ സ്ളീഹായുടെ പെരുന്നാളോ ദൈവമാതാവിന്റെ ജനനപ്പെരുന്നാളോ സംബന്ധിച്ചുള്ളതു നടത്താവുന്നതാണ്.

5. ആശ്രമത്തിനു പുറത്ത് ഏഴു ദിവസത്തിൽ കൂടുതൽ താമിക്കുന്നവർ ആശ്രമത്തിലേക്കുമടങ്ങി വരുമ്പോൾ ഒരുദിവം ശാന്തിദിനം അനുഷ്ഠിക്കേണ്ടതും ഒരുമാസത്തിനകം താമസിക്കുന്നവർ നിവൃത്തിയുള്ളപക്ഷം മൂന്നു ദിവസത്തെ ഭജനം അനുഷ്ഠിക്കേണ്ടതുമാകുന്നു. മേല്പറഞ്ഞ പ്രകാരം ശാന്തിദിനമോ ഭജനമോ അനുഷ്ഠിക്കുന്നവർ നിവൃത്തിയുള്ളടത്തോളം അതുകഴിഞ്ഞിട്ട് ആശ്രമസ്ഥന്മാരോടിടപെടുകയാണ് വേണ്ടത്.

✠

www.malankaralibrary.com

അദ്ധ്യായം 5

# ധ്യാനപരമായ ശാന്തിദിനം

## 1. പരിപാടി

1. ഭജന ദിവസത്തിലെ കാര്യപരിപാടി അദ്ധ്യക്ഷനോടു വാങ്ങുകയോ മുമ്പുകൂട്ടി തയ്യാറാക്കുകയോ ചെയ്യണം. അതനുസരിച്ച് പ്രവർത്തിക്കണം. ആത്മീയപിതാവിന്റെ അനുമതികൂടാതെ അതു ഭേദപ്പെടുത്തരുത്. പരിപാടി തയ്യാറാക്കുന്നതിനു താഴെ പറയുന്നവ സഹായകമായിരിക്കും. തന്നത്താൻ പരിപാടിയുണ്ടാക്കി ആത്മീയ പിതാവിന്റെയും അദ്ധ്യക്ഷന്റെയും അനുമതിവാങ്ങുന്നതിനു വിരോധമില്ല.

2. ധ്യാനപരമായി നടത്തുന്ന ശാന്തിദിനമാണെങ്കിൽ ഉച്ചയ്ക്കുമുമ്പു രണ്ടു ധ്യാനവും മദ്ധ്യസ്ഥ പ്രാർത്ഥനയും. ഉച്ചകഴിഞ്ഞു ഒരുധ്യാനവും നടത്താം. ശോധനപരമായി നടത്തുന്ന ശാന്തിദിനമാണെങ്കിൽ ധ്യാനത്തിന് പകരം ജീവിതശോധന നടത്തണം. ധ്യാനമോ ശോധനയോ കഴിഞ്ഞു ബാക്കി സമയം നന്നായി വിശ്രമിക്കുകയും ഭക്തിവായനയും മറ്റു ലഘുവായ ഭക്തിവ്യായാമങ്ങളും നടത്തുകയും ചെയ്യേണ്ടതാണ്. യാതൊരു ആത്മീയവ്യായാമവും തുടർച്ചയായി ഒരുമണിക്കൂറിൽ കൂടുതൽ ചെയ്യരുത്.

3. ധ്യാനയൊരുക്കത്തിനു സമയം കാൽമണിക്കൂറിൽ കുറയ്ക്കരുത്. അരമണിക്കൂർ കൂടുകയുമരുത്. ഓരോ ധ്യാനത്തിന് മുക്കാൽ മണിക്കൂറിൽ കുറയാതെയും ഒരു മണിക്കൂറില് കൂടാതെയും സമയമെടുക്കണം. തുടരെ നടത്തുകയാണെങ്കിൽ രണ്ടിനും കൂടി ഒരുമണിക്കൂറിൽ അധികം സമയം എടുക്കരുത്. പ്രത്യേക ശോധനയ്ക്ക് ഒരു മണിക്കൂറിൽ കുറയാതെയും സമയം എടുക്കണം. കർത്താവു നിന്റെ ആത്മാവിനോടു സംസാരിക്കുന്ന വചനം കേൾപ്പാൻ നോക്കിപ്പാർക്കണം.

4. **പൊതുവായ ധ്യാനവിശേഷം** പ്രത്യേക ശോധന, ഭക്തിവായന എന്നിവ മുൻകൂട്ടി തീർച്ചയാക്കണം. ലഘുവ്യായാമങ്ങൾക്കും വിഷ

www.malankaralibrary.com

യമായ പ്രത്യേക പുണ്യവും മന:പ്രാർത്ഥനയ്ക്കുള്ള വിഷയവും ധ്യാനം കൊണ്ടും പ്രത്യേക ശോധനകൊണ്ടും വെളിപ്പെട്ടു കിടന്നതായിരിക്കും.

5. പ്രത്യേക ശോധനയിൽ കണ്ടുപിടിച്ച സംഗതികളെപ്പറ്റി നന്നായി മന:പ്രാർത്ഥന നടത്തുകയും വേണ്ട നിശ്ചയങ്ങൾ ചെയ്യിക്കയും വേണം.

6. ധ്യാനത്തിൽ ലഭിച്ച നിശ്ചയങ്ങൾ പാലിപ്പാൻ കൃപയാചിക്കുകയും, ലഘുദണ്ഡനങ്ങൾ എടുക്കുകയും ചെയ്യാം. അനുതാപരമായിട്ടൊ പുണ്യസമ്പാദനത്തിനായിട്ടൊ ലഘുവ്യായാമങ്ങളും ലഘുദണ്ഡനങ്ങളും നടത്താവുന്നതാണ്.

7. ഭജനദിവസങ്ങളിൽ ശരിയായി വിശ്രമിക്കണം. വിശ്രമം ശരിയാക്കുന്നതുകൊണ്ടു പ്രാർത്ഥനക്കു ഊർജ്ജിതം ഉണ്ടാകും, വിശ്രമം അലസതയായി പരിണമിക്കരുത്. അധികമായ ക്ഷീണം തോന്നുന്നപക്ഷം അനുവാദത്തോടുകൂടി ഭക്തിവ്യായാമങ്ങളിൽ ചിലതു വിട്ടുകളഞ്ഞു വിശ്രമിക്കാം. ഇതിലേക്ക് അദ്ധ്യക്ഷാനുമതി വേണ്ടിയിരിക്കുന്നു.

സ്ലീബാപാത, ജപമാല, ലുത്തിനിയാ, ആദിയായ ലഘുവ്യായാമങ്ങൾ വളരെ പ്രയോജനകരമാകുന്നു.

## 2 അനുഷ്ഠാനം

1. അകമെ :- നിന്റെ ഹൃദയത്തെ ക്ഷമയുടെയും, സമാധാനത്തിന്റെയും പ്രാർത്ഥനയുടേയും ആത്മാവു ഭരിക്കണം.

2. പുറമെ :- പുറമെയുള്ള സകല പ്രവൃത്തികളും മൗനത്തിലും ഏകാന്തതയിലും താഴ്മയിലും ചെയ്യണം.

### 3. ഒരുക്കം

ഭജനത്തിന്റെ തലേദിവസം എപ്പോഴെങ്കിലും ഒരുക്കത്തിനുള്ള ധ്യാനമോ, പ്രാർത്ഥനയോ നടത്തണം. അതിന്റെ പദ്ധതി താഴെ ചേർക്കുന്നു.

പാഠം:- ഭജനം എനിക്കു അത്യാവശ്യം ആകുന്നു. എന്റെ കഴിഞ്ഞ ജീവിതത്തിലെ പാപങ്ങൾക്ക് പരിഹാരമുണ്ടാക്കണം. എന്റെ ഇന്നത്തെ ജീവിതം പരിശുദ്ധമാക്കിത്തിർക്കണം. എനിക്കു നിത്യഭാവിക്കായി ഒരുങ്ങണം. ഈ ശാന്തിദിനം മുതൽ എന്റെ ജീവിതത്തിൽ സാരവത്തായ ഭേദം ഉണ്ടാകേണ്ടിയിരിക്കുന്നു.

1. എന്റെ കഴിഞ്ഞമാസത്തെ ജീവിതം നോക്കുന്നപക്ഷം എനിക്ക് ഈ ഭജനം ആവശ്യമാകുന്നു. എന്റെ പാപത്തെയും കുറവുകളെയുപറ്റി അനുതപിക്കുന്നതിനും ആത്മദണ്ഡനം ചെയ്യുന്നതിനും എന്റെ മനസാക്ഷിയെ നിർമ്മലീകരിക്കുന്നതിനും ഹൃദയത്തെ ശുദ്ധീകരിക്കു

www.malankaralibrary.com

ന്നതിനും ആവശ്യമുണ്ട്. ഞാൻ ഇപ്പോൾ തന്നെ മരിച്ചാലും എനിക്കു ദൈവമുമ്പാകെ അസ്വാസ്ഥ്യവും സമാധാനക്കുറവും ഉണ്ടാകരുത്.

2. എന്റെ ഇന്നത്തെ സ്ഥിതി നോക്കുന്നപക്ഷം ഈ ഭജനം എനിക്കാവശ്യമാകുന്നു. എന്റെ ആത്മീയാവൃദ്ധിക്കുള്ള തടസ്സങ്ങൾ കണ്ടുപിടിക്കണം. എനിക്കാവശ്യമുള്ള നന്മകൾ എന്തെന്നും എന്റെ കുറവുകൾ ഏവയെന്നും കാണണം. യേശു എന്നിൽ ജീവിച്ചു മഹിമപ്പെടുന്നതിനുള്ള പ്രതിബന്ധങ്ങൾ കണ്ടുപിടിക്കണം. ദൈവത്തിന് എന്നെപ്പറ്റിയുള്ള അതിപരിശുദ്ധമായ ഉദ്ദേശം അറിയണം. എനിക്കായി ദൈവം നീക്കിവെച്ചിട്ടുള്ള അതിശ്രേഷ്ഠമായ കൃപ എനിക്കു സമ്പാദിക്കണം, ഏതുപ്രകാരം ഞാൻ ജീവിതശുദ്ധി നേടണമെന്നു ദൈവത്തിന്റെ സ്നേഹം നിർബന്ധിക്കുന്നു എന്നു ഞാൻ അറിയുന്നത് ആവശ്യമാകുന്നു. എന്നെ കർത്താവിങ്കലേക്കു ആകർഷിക്കയും അടുപ്പിക്കയും ചെയ്യുന്നത് ഏതു പുണ്യവും കൃപയും ജയവും വഴിയായിട്ടാകുന്നു. എന്നു ഞാൻ അറിയുന്നത് അത്യാവശ്യം.

3. എന്റെ ഭാവിയെപ്പറ്റി വിചാരിക്കുന്നപക്ഷം ഈ ഭജനം എനിക്കാവശ്യമാകുന്നു. എന്റെ കർത്താവിനുവേണ്ടി കഷ്ടതകളും പ്രയാസങ്ങളും വേദനകളും ഭാരങ്ങളും മരണംതന്നെയും സഹിപ്പാൻ ഞാൻ ഒരുക്കമുള്ളവനും പ്രാപ്തനുമായിത്തീരണമല്ലോ. ഞാൻ ഏതുവിധത്തിൽ സഹിക്കണം, പരീക്ഷകൾ ഏതുവിധത്തിൽ ജയിക്കണം, ദൈവത്തെ ഏതുവിധത്തിൽ ശുശ്രൂഷിക്കണം, മേലാൽ ദൈവം എന്നിൽ മഹത്വപ്പെടാൻ ഞാൻ എന്തുചെയ്യണം. എന്റെ സഖിയിൽ ദൈവം മഹത്വപ്പെടാൻ ഞാൻ എന്തുചെയ്യണം. ദൈവം എന്നിൽ നിന്ന് ആശിക്കുന്നത് എന്ത്? ഇവയെല്ലാം ഞാൻ അറിയേണ്ടിയിരിക്കുന്നു. എന്റെ കർത്താവിന്റെ അടുക്കൽ അടുത്തു സംസർഗ്ഗം ചെയ്യുമ്പോൾ മാത്രമെ ഇവയെല്ലാം അറിയാൻ എനിക്കു സാധിക്കയുള്ളൂ. എന്നോടു സംസാരിപ്പാൻ കർത്താവ് ആഗ്രഹിക്കുന്നു.

## ഭക്തിപരമായ ചിന്തകൾ

1. നന്ദി:- ഈ ശാന്തിദിനമനുഷ്ഠിപ്പാൻ എനിക്ക് അവസരം തന്ന കർത്താവിനെ ഞാൻ സ്തുതിക്കുന്നു. ഇതിൽ എനിക്കു വളരെ കൃപകൾ സംഭരിച്ചുവച്ചിരുക്കുന്ന കർത്താവിനു സ്തോത്രം. എന്നെ വിളിച്ചിരിക്കുന്ന വിളിക്ക് അനുയോജ്യമായ പുണ്യവും വിശുദ്ധിയും തികച്ചും നിറച്ചും എനിക്കു തരുവാൻ ആഗ്രഹിക്കുന്ന കർത്താവേ! ഈ ശാന്തിദിനം വഴിയായി അതിനു ഞാൻ ഒരുങ്ങുവാൻ സഹായിക്കേണമെ. അവസാനത്തോളം നിന്നെ സ്നേഹിച്ചുകൊണ്ടും, നിന്നോടു

www.malankaralibrary.com

വിശ്വസ്തനായിരുന്നു കൊണ്ടും, നിന്നെ സേവിപ്പാനും അവസരം നിന്റെ തൃകൈയ്യിൽ നിന്നു മഹത്വകിരീടം പ്രാപിക്കാനും എനിക്കു സംഗതി യാക്കണമെ. ഒരു പിടികൂടി ഞാൻ നിങ്കലേക്കു അടുക്കും, അതിനായി ഈ ശാന്തിദിനം എനിക്കു നീ തന്നിരിക്കുന്നു. ദൈവം എത്ര നല്ലവൻ!

2. കർത്താവേ ഞാൻ സന്തോഷമായി ഈ ശാന്തിദിനമാചരിക്കും. നിത്യസ്വർഗ്ഗത്തിൽ നിന്നോടൊരുമിച്ചു മഹാ സൗഭാഗ്യത്തിൽ പാർക്കാൻ നീ എന്നെ വിളിച്ചിരിക്കുന്നു. ഈ ഭാഗ്യം ഇവിടെവച്ച് രുചിനോക്കു വാൻ നീ ഈ ശാന്തിദിനത്തിൽ എന്നെ അനുഗ്രഹിക്കും. എന്നിൽ നീ ആവശ്യപ്പെടുന്നതുപോലെയുള്ള സ്വഭാവസംസ്കരണവും സുകൃതാ ഭിവൃദ്ധിയും ഉണ്ടാക്കുവാൻ ഈ ശാന്തിദിനം എനിക്കു തന്നിരിക്കുന്നു. നിന്റെ വേല എന്നിൽ ചെയ്തുകൊള്ളുക. നീ എന്നെ പഠിപ്പിക്കുക. എന്നോടുപദേശിക്കുക. എന്നെ വിനയപ്പെടുത്തുക. സന്തോഷപൂർവ്വം ഞാൻ നിന്റെ പരിശീലനം കൈക്കൊള്ളും. ഈ ശാന്തിദിനം എത്ര സന്തോഷമുള്ളത്.

3. സന്നദ്ധത:- കർത്താവേ! ഈ ശാന്തിദിനത്തിൽ നീ എന്തു തന്നെ എന്നോടു കല്പ്പിച്ചാലും ഇത് അനുസരിപ്പാൻ ഞാൻ സന്നദ്ധ നാകുന്നു. ഞാൻ എത്ര സഹിക്കണം? എത്ര ഭാരം ചുമക്കണം? എത്ര കഷ്ടപ്പെടണം? എത്ര ശ്രമിക്കണം? എത്ര വിനയപ്പെടണം? എന്തുകാ ര്യത്തിൽ ജയം നേടണം? അതിനായി എങ്ങിനെ ശ്രമിക്കണം? എന്തു പുണ്യത്തിനും കൃപയ്ക്കും വേണ്ടി നോക്കിപ്പാർക്കണം? ഞാൻ എന്തു ചെയ്യണം? ഇവയോരോന്നും കല്പ്പിക്കുക. ഞാൻ ഒരുങ്ങിയിരിക്കു ന്നു. ഈ ശാന്തിദിനത്തിൽ നീ എനിക്ക് ഉപദേശം തരണമെ, പ്രകാശം തരണമെ, എന്നോടു കല്പ്പിക്കണമെ.

4. വിശ്വസ്തത:- ഈ ശാന്തിദിനത്തിന്റെ ചടങ്ങുകളെല്ലാം വിശ്വ സ്ത്തയോടെ ഞാൻ പാലിക്കും. മൗനം, ഏകാന്തത, താഴ്മ എന്നിവ പുറമെ ഞാൻ പാലിക്കും. ക്ഷമ, സമാധാനം, പ്രാർത്ഥന എന്നിവ അകമെ ഞാൻ പാലിക്കും. ഈ ശാന്തിദിനത്തിൽ ഞാൻ മടികാണിക്കയോ, ഉദാ സീനത കാണിക്കയോ ചെയ്യുകയില്ല. നന്നായി ശ്രദ്ധ കൊടുത്തു ഞാൻ ദിനപരിപാടി പാലിക്കും. കർത്താവേ സഹായിക്കണമേ. നിന്റെ കൃപാ കടാക്ഷത്തിനായി ഞാൻ നോക്കിപ്പാർക്കുന്നു. ദയാലുവായ കർത്താവേ! ഈ ശാന്തിദിനം കൊണ്ട് വലിയ അനുഗ്രഹം സമ്പാദിപ്പാൻ കൃപയു ണ്ടാകണമെ.

www.malankaralibrary.com

അദ്ധ്യായം 6

# ശോധനപരമായ പ്രതിമാസ ഭജനം

1. ആത്മീയാഭിവൃദ്ധിക്കു തീഷ്ണതയുണ്ടാക്കുകയും ജീവിതം പുതുക്കുകയും ചെയ്യുന്നതിനു പ്രതിമാസഭജനം അത്യാവശ്യമാകുന്നു. സമൃദ്ധിയായ ആത്മീയഫലം സമ്പാദിപ്പാൻ ഇത് തക്ക അവസരമാണെന്നു കരുതിക്കൊള്ളണം. പ്രതിമാസ ഭജനം കൊണ്ട് തക്കതായ വലിയകാര്യം സാധിക്കണമെന്നാഗ്രഹിച്ചുകൊണ്ട് അതിനായി ഒരുങ്ങണം. സന്യാസ ജീവിതത്തിൽ ഇത് ഏറ്റം പ്രധാനമായ കാര്യമാകുന്നു.

2. ശാന്തിദിനമൊ, പ്രതിമാസഭജനമൊ അനുഷ്ഠിക്കാൻ ആഗ്രഹിക്കുന്നവർ രണ്ടോ മൂന്നോ ദിവസംമുമ്പെ അദ്ധ്യക്ഷനെ അറിയിക്കണം. ചുമതലപ്പെട്ടിട്ടുള്ള വേലകൾ നടത്തുന്നതിനു അദ്ധ്യക്ഷൻ എന്തെങ്കിലും ഏർപ്പാടു ചെയ്യേണ്ടത് എന്തെല്ലാം കാര്യങ്ങളാണെന്ന് വിവരമായി അദ്ധ്യക്ഷനെ തെര്യപ്പെടുത്തണം. ഭജനം ദിവസം ഏകാന്തവാസം അനുഷ്ഠിക്കുകയും ദൈവസംസർഗ്ഗത്തിനും ആത്മീയവ്യായാമത്തിനും ഈ ദിവസങ്ങൾ പ്രതിഷ്ഠിച്ചു വിനിയോഗിക്കയും വേണം.

3. ഒന്നിലധികം ദിവസം പ്രതിമാസഭജനത്തിനായി വിനിയോഗിക്കണമെന്ന് ആഗ്രഹമുണ്ടാകുന്നപക്ഷം ആ വിവരം ആത്മീയ നിയന്താവിനെ അറിയിക്കേണ്ടതാണ്. അദ്ദേഹം ആജ്ഞാപിക്കുന്നതുപോലെയും അദ്ധ്യക്ഷൻ അനുവദിക്കുന്നതുപോലെയും മാത്രം ഭജനം എടുത്താൽ മതിയാകും.

4. (എ) ഒരുക്കം പ്രതിമാസഭജനത്തിനു മൂന്നുദിവസം എങ്കിലും മുൻകൂട്ടി ധ്യാനവിഷയം എന്തായിരിക്കണമെന്നും തന്നത്താൻ ചിന്തിക്കുകയും ആത്മീയ നിയന്താവിന്റെ ഉപദേശപ്രകാരം തീർച്ചപ്പെടുത്തുകയും ചെയ്യണം. (ബി) ദാരിദ്രബിൽ തയ്യാറാക്കണം. നിന്റെ തൗനായിൽ നിനക്കാവശ്യമില്ലാത്ത പുസ്തകങ്ങളോ മറ്റു സാധനങ്ങളോ ഉള്ള

www.malankaralibrary.com

പക്ഷം അവയെ തൗനായിൽ നിന്നു നീക്കി ശരിയായ സ്ഥാനത്തു കൊണ്ടുവയ്ക്കണം. അദ്ധ്യക്ഷന്റെ അനുമതിയില്ലാതെ യാതൊരു സാധനവും തൗനായിൽ ഉണ്ടായിരിക്കരുത്. (സി) ധ്യാനവിഷയം, ഭക്തിവായന, ലഘുവായന, എന്നിവയ്ക്കു സഹായമായ പുസ്തകങ്ങൾ തിരഞ്ഞെടുക്കണം. ഉപയോഗിക്കാൻ സാധിക്കുമെന്നു ധൈര്യമുള്ളിടത്തോളം പുസ്തകങ്ങൾ മാത്രമെ തിരഞ്ഞെടുക്കാവൂ. (ഡി) ഭജനദിവസത്തെ കാര്യപരിപാടി അദ്ധ്യക്ഷനോടു വാങ്ങണം. നീ തന്നെ ദിനപരിപാടി തയ്യാറാക്കി അദ്ധ്യക്ഷന്റെ അനുമതിവാങ്ങുന്നതിനും വിരോധമില്ല.

3. ഭജനകാലത്തു ഓരോ ദിവസത്തേയും ധ്യാനവിഷയങ്ങൾ നിർണ്ണയിക്കണം. സൗകര്യമുള്ളപക്ഷം ഓരോ ദിവസത്തേയും മുദ്രാവാക്യവും നിമിഷപ്രാർത്ഥനയും നിർണ്ണയിക്കുന്നതു നന്ന്.

4. ഭജനദിവസങ്ങളിൽ ചെയ്‌വാനാഗ്രഹിക്കുന്ന കഠിന ദണ്ഡനങ്ങൾ ഏവയെന്നും രേഖപ്പെടുത്തി ആത്മീയനിയന്താവിനെ കാണിക്കണം.

5. ഒരുക്കം:- (എ) ഭജനത്തിന്റെ തലേദിവസം ഭജനത്തെ ഉദ്ദേശിച്ച പ്രത്യേക പ്രാർത്ഥന നടത്തണം. നിന്റെ ആത്മീയാഭിവൃത്തിക്ക് ഈ ഭജനം എത്രയും പ്രയോജനമാകയാൽ ഇത് ശരിയാംവണ്ണം നടത്തുവാൻ ദൈവകൃപ അപേക്ഷിക്കണം. ആത്മീയാഭിവൃദ്ധിക്കുള്ള തടസ്സങ്ങളെ നന്നായി സഹകരിക്കുന്നതിനും വേണ്ട പ്രകാശവും കൃപയും അപേക്ഷിക്കണം. (ബി) സൗകര്യമുള്ള പക്ഷം "സ്ലീബാപാത" നടത്താം. തലേദിവസമൊ, ഭജനത്തിനു മുമ്പു രണ്ടു മൂന്നു ദിവസത്തേക്കൊ ഉച്ചവരെ ഉപവസിക്കുന്നതു നന്ന്. എന്തെങ്കിലും ആത്മദണ്ഡനം ചെയ്യണം. ലഘുവായ ദണ്ഡനമൊ നിയമാനുസരണം കഠിനദണ്ഡനമോ യഥോചിതം ചെയ്യാം. (സി) വി.ദൈവമാതാവിന്റെയോ ഏതെങ്കിലും പരിശുദ്ധന്റെയോ പ്രത്യേകസഹായം ഭജനദിവസങ്ങളിൽ നിനക്കുണ്ടായിരിപ്പാൻ പ്രാർത്ഥിക്കുകയും ആ പുണ്യാത്മാവിന്റെ സംരക്ഷണയിൻ കീഴിൽ നിന്നെ വെയ്ക്കുകയും ചെയ്ക. (ഡി) ഉറങ്ങുന്നതിനു മുൻപു വി.കുർബാനയുടെ മുൻപിൽ പ്രത്യേക പ്രാർത്ഥന നടത്തണം. (3) ഉറങ്ങുന്നതിനു മുൻപു അദ്ധ്യക്ഷന്റെ അടുക്കൽ വന്നു രണ്ടു കൈകളും കൂപ്പിയും മുട്ടിന്മേൽ നിന്നുകൊണ്ടും ആശിർവ്വാദം അപേക്ഷിക്കണം. അദ്ധ്യക്ഷൻ യേശുമിശിഹായുടെ പ്രതിനിധിയാണെന്ന് ഓർത്തുകൊള്ളണം. (4) പിറ്റേദിവസത്തേക്കുള്ള ധ്യാനവിഷയം നന്നായി ഒരുക്കുകയും ധ്യാനത്തിനായി ആത്മാവിനെ വഴിപ്പെടുത്തുകയും ചെയ്യണം.

www.malankaralibrary.com

(ഇ) ഭജനം ആരംഭിക്കുന്നതിനു മുൻപു പ്രത്യേക ഒരുക്കത്തോടും ഭക്തിയോടും കൂടെ വി.കുമ്പസാരം നടത്തി വി.കുർബാന അനുഭവിക്കേണ്ടതു കൊള്ളാം. ഏററവും ഭക്തിയോടെ വി.കുർബാന അനുഭവിക്കണം. ഭജനം ചെയ്യുന്ന ഓരോ ദിവസവും ധ്യാനത്തിന്റെ ഉദ്ദേശത്തെ മുൻനിറുത്തി വി.കുർബാന അനുഭവിക്കണം. അന്നത്തെ ആത്മീയ വ്യായാമങ്ങളും നിന്നെത്തന്നെയും കർത്താവിന്റെ കൈയ്യിൽ ഭരമേല്പ്പിക്കുകയും ദൈവകൃപ അപേക്ഷിക്കുകയും ദൈവനടത്തപ്പിനായി യാചിക്കുകയും ചെയ്യണം.

6. രാവിലത്തെ ധ്യാനം മുതലായവ കഴിഞ്ഞു കിട്ടുന്ന സമയം വിശുദ്ധാത്മാവിന്റെ കൃപ അപേക്ഷിച്ച ശേഷം ഈ പ്രതിമാസഭജനത്തിന്റെ പരമോദ്ദേശം സംബന്ധിച്ചു ചിന്തിക്കണം. താഴെപ്പറയുന്ന സംഗതികൾ പര്യാലോചനയ്ക്കു തക്കവിഷയമാകുന്നു.

താഴെ ചേർത്തിരിക്കുന്ന ജീവിത ശോധന മൂന്നു ഭാഗമായി വിഭജിച്ചിരിക്കുന്നു.

## I

## ജീവിതശോധന (ഒന്നാം ഭാഗം)

7. (എ) വിശുദ്ധാത്മാവിന്റെ സഹായം അപേക്ഷിക്കുക. ഇതിലേക്ക് അനുയോജ്യമായ ഒരു പ്രാർത്ഥന ചൊല്ലുകയോ പാട്ടുപാടുകയോ ചെയ്താൽ മതി.

കഴിഞ്ഞ ഭജനത്തിലോ, ശാന്തിദിനത്തിലോ, നിന്റെ നോട്ടുബുക്കിൽ ആത്മീയജീവിതം സംബന്ധിച്ചു കുറിച്ച സംഗതികളും, അനന്തരമുള്ള കുമ്പസാരങ്ങളിൽ ആത്മീയജീവിതം സംബന്ധിച്ചു ചെയ്തിട്ടുള്ള നിശ്ചയങ്ങളും ഓരോന്നോരോന്നായി എടുത്തു കഴിഞ്ഞ മാസത്തെ ജീവിതം പരിശോധിക്കണം.

ദൈവത്തിൽ നിന്നു ലഭിച്ച ആത്മീയപ്രകാശങ്ങൾ നിനക്കുണ്ടായ പ്രത്യേക നിശ്വാസങ്ങൾ (Particular inspirations) ആത്മീയാനുഗ്രഹങ്ങൾ (affections) നിശ്ചയങ്ങൾ (Resolution) എന്നിവ എന്തെല്ലാമെന്നും അവയ്ക്കനുസരണമായി എത്രത്തോളം ജീവിച്ചിട്ടുണ്ടെന്നും പരിശോധിക്കണം. കഴിഞ്ഞ മാസത്തിൽ ലഭിച്ചിട്ടുള്ള കൃപകൾ എത്രവലിയവ എന്നു ചിന്തിക്കയും എത്രത്തോളം വിശ്വസ്തതയോടു കൂടി ദൈവകൃപ

www.malankaralibrary.com

യോടു സഹകരിച്ചു എന്നു പരിശോധിക്കയും ചെയ്യണം. (ബി) മേൽപറഞ്ഞ പ്രകാശങ്ങളിൽ നിന്നു (നിന്റെ ജീവിതം പരിശുദ്ധമാക്കി തീർക്കുന്നതിനു നിനക്കു ലഭിച്ച ഈ പ്രകാശങ്ങളിൽ നിന്ന്)

1. എന്തു ഫലം ഉണ്ടായി?

2. എത്രത്തോളം ഫലം ഉണ്ടായി?- കഴിഞ്ഞ ഭജനത്തിന്റെ ശേഷം വരുത്തിയിട്ടുള്ള ഫലത്തെപ്പറ്റി നന്നായി പരിശോധിക്കണം. കഴിഞ്ഞ ഭജനത്തിൽ നിനക്കു വിശ്വാസസംബന്ധമായ സത്യങ്ങൾ എത്രത്തോളം അറിവാൻ സാധിച്ചു? പരിശുദ്ധമായ ഹൃദയവികാരങ്ങൾ എത്രത്തോളം ഉണ്ടായി? ദൈവാത്മാവിന്റ നിശ്വാസം എത്രത്തോളം ലഭിച്ചു? ജീവിത സംസ്ക്കരണത്തിനായി നല്ല നിശ്ചയങ്ങൾ എത്രത്തോളം ചെയ്തു. കഴിഞ്ഞ ഭജനശേഷം ഇവകൊണ്ടെല്ലാം നിന്റെ ജീവിതത്തിൽ എന്തുഫലം വരിത്തിയിട്ടുണ്ട്? സമൃദ്ധിയായ ഫലം വരുത്തുവാൻ സാധിച്ചുവെങ്കിൽ - അതായത് ദൈവകൃപയോട് അനുയോജിച്ചു നീ വിശ്വസ്തതയോടെ നന്നായി പിരശ്രമിച്ചുവെങ്കിൽ - അതിന്റെ വിജയം മുഴുവൻ ദൈവത്തിനു കൊടുക്കണം. ദൈവത്തിന്റെ അളവറ്റ കരുണ മൂലമാണ് ഇതു സാധിച്ചിത്. നിന്റെ സാമർത്ഥ്യം കൊണ്ട് എന്തെങ്കിലും സാധിച്ചുവെന്നു വിചാരിക്കിരുത്. സകല മഹിമയും ദൈവത്തിനിരിക്കട്ടെ. വിനയപൂർവ്വം ദൈവത്തിന് വളരെ സ്തോത്രം കൊടുക്കുക. (സി) "ഫലം അല്പംമാത്രമാണ്, അല്ലെങ്കിൽ ഫലം ഒട്ടും ഉണ്ടായിട്ടില്ല. നിന്റെ നിശ്ചയങ്ങൾ പാലിച്ചിട്ടില്ല. നിന്റെ സാധാരണ തെറ്റുകൾ (ബലഹീനതകൾ, അപൂർണ്ണതകൾ) പോലും ശരിപ്പെടുത്താൻ സസൂക്ഷ്മം ശ്രമിക്കപോലും ചെയ്തിട്ടില്ല." ഈ വിധമെല്ലാം ജീവിത ശോധനയിൽ കണ്ടുപിടിക്കണം. ദൈവമുമ്പാകെ നിന്നെത്തന്നെ നന്നായി കുറ്റപ്പെടുത്തുക. നിനക്കു കലശലായ വേദനയും പരിശ്രമവും ഉണ്ടാകേണ്ടതാണ്. ഇവ ഹൃദയത്തിൽ ജ്വലിപ്പിക്കണം. നിന്റെ തീഷ്ണതയില്ലായ്മയും അസ്ഥിരതയും നിമിത്തം ദൈവം നിന്നെ തന്റെ വായിൽ നിന്നു ഉമിന്നുകളയും (വെളി.3.16) എന്നു ദൈവം അരുളിച്ചെയ്തിരിക്കുന്നു. (ഡി) മേൽപറഞ്ഞ പ്രകാരം ചെയ്തതിന്റെ ശേഷം അനുതാപസമ്പൂർണ്ണമായ ഹൃദയതകർച്ചയോടെ നിന്റെ നന്ദികേടിനെ വെറുക്കുക. നിന്റ ഉദാസീനതയെ ത്യജിക്കുക. നിന്റെ പാപങ്ങളെ ഉപേക്ഷിക്കുക. ദൈവത്തോടു മോചനവും കരുണയും സഹായവും അപേക്ഷിക്കുക. വി.മാതാവിന്റെയും ഭജനത്തിലെ മദ്ധ്യസ്ഥ പരിശുദ്ധന്റെയും സഹായം അപേ

www.malankaralibrary.com

ക്ഷിക്കുക. (ഇ) അവസാനമായി നിന്റെ നേരെ നിന്റെ പരിശുദ്ധകോപം ജ്വലിപ്പിക്കുക. നല്ലവനും വിശുദ്ധനുമായ ദൈവത്തിന് വിരോധമായി നീ ചെയ്ത തെറ്റുകൾക്കുവേണ്ടി നിന്റെമേൽ പ്രതിക്രിയ നടത്തുക. യേശുമിശിഹാ അനുഭവിച്ച കഷ്ടപ്പാടുകൾ നിന്റെ പാപം നിമിത്തം ഉണ്ടായതാണ്. അതിനെ ലഘൂപ്പെടുത്താനായി ആഗ്രഹിക്കുക. താഴെപ്പറയുന്ന ഏതെങ്കിലും ആത്മദണ്ഡനം ചെയ്ക.

1. അനുവദിക്കപ്പെട്ട ഏതെങ്കിലും ശരീരദണ്ഡനം. 2. അനുതാപത്തിന്റെ മസൂമൂറകളിൽ ഏതെങ്കിലുമോ, പ്രത്യേക പ്രാർത്ഥനകളോ, ഇരുന്നുകൊണ്ടോ മുട്ടിന്മൽ നിന്നുകൊണ്ടോ വായിക്കുക. "സ്ലീബാ പാത" നടത്തുക. 3. അനുതാപപ്രകരണം ചെയ്യുക. 4. ഏതെങ്കിലും കഠിനമായ ആത്മദണ്ഡനം ചെയ്യാം എന്നാൽ അദ്ധ്യക്ഷാനുമതി വാങ്ങിയ ശേഷമേ ചെയ്യാവൂ. ഇങ്ങനെ ജീവിതശോധനയിൽ ഒന്നാം ഭാഗം അവസാനിപ്പിക്കണം.

## II

## ജീവിതശോധന (രണ്ടാം ഭാഗം)

8. വിശുദ്ധാത്മാവിന്റെ സഹായം അപേക്ഷിക്കുക. ഇതിലേക്ക് അനുയോജ്യമായ പ്രാർത്ഥന നടത്തുകയോ അനുവാദമുള്ളപക്ഷം പാട്ടുപാടുകയോ ചെയ്യാം. തദനന്തരം താഴെക്കാണുന്നപ്രകാരം ക്രിയചെയ്യണം. ജീവിതശോധന ഒന്നാം ഭാഗത്തിൽ കണ്ടുപിടിച്ച തെറ്റുകൾ ഒന്നായി എടുത്ത് രണ്ടോ മൂന്നോ വകുപ്പുകളായി തിരിക്കാൻ ശ്രമിക്കണം. ഇത് പ്രയാസമെന്നു തോന്നുന്നപക്ഷം ചെയ്യണമെന്നില്ല. കണ്ടുപിടിച്ചതെറ്റുകളുടെ മൂലകാരണം എന്താണെന്നു കണ്ടുപിടിക്കണം. ഒരു മൂലകാരണത്തിൽ നിന്നും പലതരം പാപങ്ങളും, ഒരുതരം പാപത്തിൽനിന്ന് അനേകം പാപപ്രവർത്തികളും ഉണ്ടാകുന്നു. നിന്നുലുള്ള ദുർഗുണങ്ങളുടെ നാരായവേരായ മൂലകാരണം ഏതു പാപമാണെന്നു നിന്റെ ആത്മീയാഭിവൃദ്ധിക്കു പ്രധാന പ്രതിബന്ധം എന്തെന്നു കണ്ടുപിടിക്കുക. ഇതു സാധിക്കുന്നതിനു സഹായമായി ചില കാര്യങ്ങൾ താഴേ ചേർക്കുന്നു.

1. കഴിഞ്ഞ ഭജനത്തിൽ നിനക്കുണ്ടായ അത്മീയ തീഷ്ണത പിന്നാലെ കുറയുന്നതിനും, നിന്റെ ഹൃദയം തണുക്കുന്നതിനും ദൈവസ്നേഹക്കിൽ ഉദാസീനമാക്കുന്നതിനും കാരണമാക്കിയ സംഗതി എന്ത്? സന്ദർഭം എന്ത്?

www.malankaralibrary.com

2. അനേകം തെറ്റുകൾ നിന്റെ ജീവിതത്തിൽ ഉണ്ടാകുന്നതിനു വാതിൽ (വഴി) തുറന്നിട്ടതായ പാപം എന്ത്? സംഗതി എന്ത്? സന്ദർഭം എന്ത്? ഇതുണ്ടായതുകൊണ്ടാണു മറ്റനേകം പാപങ്ങൾ പിന്നാലെ വന്നു കൂടിയത്. എന്നുപറയത്തക്കകാര്യം വല്ലതുമുണ്ടെങ്കിൽ അതു കണ്ടുപിടിക്കണം.

3. വി.കുർബാന അനുഭവിച്ചിട്ടുള്ളപ്പോൾ ദൈവത്തിന്റെ ഹൃദയത്തിൽ സംസാരിച്ചിട്ടുള്ള ആത്മീയ നിശ്വാസങ്ങളെ അവഗണിക്കയോ, ത്യജിക്കയോ ചെയ്തിട്ടുണ്ടോ? ഏതെല്ലാം സംഗതികൾ, സന്ദർഭങ്ങൾ സംബന്ധിച്ചാകുന്നു. അങ്ങനെ ചെയ്തത്?

4. പ്രാർത്ഥനാസമയത്തോ, ധ്യാനസമയത്തോ, ദൈവം നിന്റെ ആത്മാവിനോടു സംസാരിച്ചിട്ടുള്ള പരിശുദ്ധ ആശയങ്ങളെ വകവെയ്ക്കാതെ എപ്പോഴെങ്കിലും പ്രവർത്തിച്ചിട്ടുണ്ടോ? ഏതെല്ലാം സംഗതികൾ, സന്ദർഭങ്ങൾ, കാരണങ്ങൾ സംബന്ധിച്ചാകുന്നു? പ്രധാനമായ ഏതെങ്കിലും ഒരു സന്ദർഭത്തിലൊ, ഒരുകാരണം നിമിത്തമോ നീ ആദ്യമായി വീഴുകയും, അതിന്റെ ശേഷം അനേക വീഴ്ചകൾക്കു ഇടയാകയും ചെയ്തിട്ടുണ്ടോ? ആദ്യത്തെ കാരണവും സന്ദർഭവും കണ്ടുപിടിക്കുക. ആ സമയത്തു നീ വീണു പോകുന്നതിനുണ്ടായ മൂലകാരണമായ പാപം കണ്ടുപിടിക്കുക. താഴെപ്പറയുന്ന സംഗതികൾ വല്ലതുമാണോ എന്നു പരിശോധിക്കുന്നതു നന്ന്:- (എ) അമിതമായ ഏതെങ്കിലും സ്നേഹം, ഏതെങ്കിലും സന്തോഷത്തിലേക്കുള്ള മനസ്സിന്റെ ചായ്വ്, ഏതെങ്കിലും സാധനം കിട്ടണമെന്നുള്ള ആഗ്രഹം - നിന്റെ ഏതെങ്കിലും അഭിപ്രായത്തോടുള്ള പ്രിയം - എത്രയും നിസ്സാരമായ സംഗതിയിൽ മേൽപറഞ്ഞ എന്തെങ്കിലും ഉണ്ടായാൽ മതി. ദൃഷ്ടാന്തം - ഒരുതരം വിനോദത്തോടു പ്രിയം, ഒരു പ്രത്യേക സ്ഥാനത്തോട് (ഉദ്യോഗത്തോടു) പ്രിയം, ഒരു പ്രത്യേകവേല വേണമെന്നുള്ള ആഗ്രഹം, നിന്റെ അഭിപ്രായം മറ്റുള്ളവർ സ്വീകരിക്കണമെന്നുള്ള ആഗ്രഹം, ഇങ്ങനെ വല്ലതും ഉണ്ടായിട്ടുണ്ടോ? ഒരു പ്രത്യേക സ്നേഹിതനോട് ഇടപെടാനുള്ള ആഗ്രഹം ഉണ്ടായിട്ടുണ്ടോ? (ഈ സ്നേഹിതൻ ആശ്രമത്തിന് അകത്തോ പുറത്തോ ഉള്ള ആളായിരിക്കാം) പ്രയോജനരഹിതമായ സംഭാഷണം ഏതെങ്കിലും ആളിന്റെ അടുക്കൽ ചെയ്യാനുള്ള ആഗ്രഹം ഉണ്ടായിട്ടുണ്ടോ? ഒരു പ്രത്യേക പുസ്തകമോ, ഛായാപടമോ, തൗനായൊ, മറ്റെന്തെങ്കിലുമോ കിട്ടണമെന്നുള്ള ആഗ്രഹം ഉണ്ടായിട്ടുണ്ടോ? ഇവയിൽ ഏതെങ്കിലും ഒന്നു മറ്റൊൾക്കു കിട്ടിയാൽ കൊള്ളാമെന്നുള്ള ആഗ്രഹം ഉണ്ടായിട്ടുണ്ടോ? (ബി) ശരീരം, ആരോഗ്യം എന്നിവയെക്കുറിച്ച് അമിതമായ

www.malankaralibrary.com

സൂക്ഷ്മം ഉണ്ടായിട്ടുണ്ടോ? ഏതുവിധത്തിൽ അതു പ്രത്യക്ഷപ്പെട്ടു. (സി) ഏതെങ്കിലും പ്രയാസമോ വിഷമമോ വരാൻ പോകുന്നു എന്നു മനോരാജ്യത്തിൽ കണ്ടു ഭയപ്പെട്ടിട്ടുണ്ടോ? താഴ്ത്തൽ, (Humilitaion) കുറച്ചിൽ, ശാസന, ഇങ്ങനെയുള്ളതിനെക്കുറിച്ചു പൊതുവായൊ, ഒരു പ്രത്യേക സംഗതിയിലോ ഭയപ്പെട്ടിട്ടുണ്ടോ? ഇതും മനോരാജ്യം കൊണ്ടാണ്. അധികം ഉണ്ടാകുന്നത് അങ്ങനെയുള്ളത് കണ്ടുപിടിക്കണം. (ഡി) അസുഖകരമോ, വേദനകരമോ ആയ ഏതെങ്കിലും സംഭവം നിമിത്തം മനസ്സ് വിഷമിച്ചിട്ടുണ്ടോ? ഇതുനിമിത്തം മറ്റുള്ളവരോടു നീരസമായി സംസാരിക്കുകയോ ഈർഷപ്പെടുകയോ ചെയ്തിട്ടുണ്ടോ? (ഇ) മറ്റുള്ളവരെ സംശയിക്കുകയോ, മറ്റുള്ളവരിൽ നിന്നു മനസ്സ് അകന്നിരിക്കയോ, അവരോടു നേരിട്ടു ഇടപെടാൻ മടിതോന്നുകയോ മറ്റോ ചെയതിട്ടുണ്ടോ? ഈ തെറ്റ് അധികവും മേലുള്ളവരോടുള്ള പെരുമാറ്റത്തിലാണ് ഉണ്ടാകുന്നത്. (എഫ്) ഏതെങ്കിലും വേലയിലൊ ചുമതലയിലൊ അമിതമായി ശ്രദ്ധപതിക്കയും തന്നിമിത്തം വിചാരപ്പകർച്ചയുണ്ടാകുകയും ചെയ്തിട്ടുണ്ടോ? ഏതു വേല? (ജി) ദൈവസന്നിധി ബോധം പാലിക്കുന്ന വിഷയത്തിൽ ഉപേക്ഷ കാണിക്കുകയോ ദിനംപ്രതിയുള്ള കൃത്യങ്ങൾ ദൈവത്തിനായി കൊണ്ടു ചെയ്യുന്ന തഴക്കം ഉപേക്ഷിക്കുകയോ, നിമിഷപ്രാർത്ഥന വിട്ടുകളയുകയോ ധ്യാനം ശരിയായി നടത്തിതിരിക്കുകയോ, ജീവിതശോധന നന്നായി നടത്താതിരിക്കുകയോ ഉണ്ടായിട്ടുണ്ടോ? എന്ത് ? (എച്ച്) ചെറിയ വീഴ്ചകൾ കേവലം നിസ്സാരമാണെന്നുഗണിച്ച് അവയെ കൂട്ടാക്കാതിരിക്കയോ, ചെറിയ കാര്യങ്ങളിൽ ഇന്ദ്രിയനിഗ്രഹം പാലിക്കാതിരിക്കയോ ഉണ്ടായിട്ടുണ്ടോ? ഏവ? (ഐ) ഉള്ളം കൊണ്ടു നിഗളിക്കുകയോ, തന്നത്താൻ പ്രശംസിക്കുകയോ, ഉള്ളത്തിൽ തന്നത്താൻ നീതീകരിക്കയോ, സ്വന്ത ബലഹീനത കാണാൻ ശ്രദ്ധ കൊടുക്കാതിരിക്കയോ ഉണ്ടായിട്ടുണ്ടോ? ഏതു കാര്യത്തിൽ? (ജെ) നാവിന് സ്വാതന്ത്രം അനുവദിച്ചിട്ടുണ്ടോ? (എന്തും പറയുവാൻ ധൈര്യപ്പട്ടിട്ടുണ്ടോ) കണ്ണിനു സ്വാതന്ത്രം അനുവദിച്ചിട്ടുണ്ടോ? (എവിടെ നോക്കുവാനും ധൈര്യപ്പെട്ടിട്ടുണ്ടോ) ചെവികൾക്കു സ്വാതന്ത്രം അനുവദിച്ചിട്ടുണ്ടോ? (എന്തും ശ്രദ്ധിപ്പാൻ ധൈര്യപ്പട്ടിട്ടുണ്ടോ?) മൂക്കിനും തൊലിക്കും സ്വാതന്ത്രം അനുവദിച്ചിട്ടുണ്ടോ? (എന്തും മണക്കുന്നതിനും സ്പർശിക്കുന്നതിനും ധൈര്യപ്പട്ടിട്ടുണ്ടോ?) എന്ത് എപ്പോ ഴെല്ലാം? ആസനത്തിനു സ്വാതന്ത്രം അനുവദിച്ചിട്ടുണ്ടോ? എവിടെയും ഇരിക്കുകയോ, കിടക്കുകയോ ചാരി ഇരിക്കുകയോ ചെയ്യുന്നതിനു ധൈര്യപ്പെട്ടിട്ടുണ്ടോ? ഏതു സ്ഥലത്തു പോകുന്നതിനും ഏതു മനുഷ്യരോടും ഇടപെടുന്നതിനും ധൈര്യപ്പെട്ടിട്ടുണ്ടോ? എന്ത് ? (എൽ) ആവ

www.malankaralibrary.com

ശ്യമില്ലാത്ത കാര്യങ്ങൾ അറിയാൻ ആഗ്രഹിക്കയോ, അടക്കേണ്ടവ അട ക്കാതിരിക്കുകയോ, വിശ്രമസമയത്ത് ലൗകികകാര്യങ്ങളെപ്പറ്റി സംസാ രിക്കുകയോ ചെയ്തിട്ടുണ്ടോ? (പല ദിവസങ്ങൾ കൊണ്ടു സംമ്പാദിച്ച കൃപ അരമണിക്കൂർ നേരത്തെ അഴിഞ്ഞ സംഭാഷണം കൊണ്ടു നഷ്ട പ്പെടുത്തുവാൻ കഴിയും. (എം) അമിതമായി ഭക്ഷിക്കയോ, കുടിക്ക യോ, ചെയ്തിട്ടുണ്ടോ? ഏതെങ്കിലും പ്രത്യേക ഭക്ഷണ സാധനത്തിനു അമിതമായ താല്പര്യമോ, വെറുപ്പോ ഉണ്ടായിട്ടുണ്ടോ? (എൻ) നിസ്സാ രകാര്യങ്ങൾ വലിയതായി ഗണിച്ചിട്ടുണ്ടോ? ഇല്ലാത്തത് ഉള്ളതുപോലെ മനോരാജ്യം കൊണ്ടും കണ്ടിട്ടുണ്ടോ? ഒരു സംഗതിയിൽ തന്നെ തുടരെ മനസ്സ് ശ്രമിച്ചുകൊണ്ടു ഇരുന്നിട്ടുണ്ടോ? ഒഴിച്ചു വെക്കാവുന്ന മനോ ഭാരം വീണ്ടും വീണ്ടും മനസ്സിനെ ക്ലേശിപ്പിക്കാൻ അനുവദിച്ചിട്ടുണ്ടോ? (ഒ) നിന്റെ പരീക്ഷകൾ, പ്രയാസങ്ങൾ, ആകുലചിന്തകൾ, ബലഹീനത കൾ, തോൽവികൾ, വിമ്മിഷ്ടങ്ങൾ മുതലായി നിന്റെ ഉള്ളം മുഴുവനും ആത്മീയ നിയന്താവിന്റെ അടുക്കൽ വെളിപ്പെടുത്തുന്ന കാര്യത്തിൽ അവിശ്വസ്തത കാണിച്ചിട്ടുണ്ടോ? (പി) നിന്റെ പ്രതിഷ്ഠയ്ക്ക് (പ്രതി ജ്ഞകൾക്കു) അനുയോജ്യമല്ലാത്ത എന്തെങ്കിലും നടപടി ഉണ്ടായി ട്ടുണ്ടോ? വി. നിയമം എന്തെങ്കിലും വിഷയത്തിൽ ലംഘിച്ചിട്ടുണ്ടോ? (ക്യൂ) സന്യാസപരമായ വിശുദ്ധ നടപടികളിൽ എന്തെല്ലാം നീ ലംഘി ച്ചിട്ടുണ്ട്. (നീ ചുമതലപ്പെട്ടവയെപ്പറ്റി ചിന്തിച്ചാൽ മതി.) (ആർ) മേലെഴു തിയ പരിശോധനയിൽ നിന്ന് നീ പുണ്യാഭിവൃത്തി സമ്പാദിക്കുന്ന തിനു തടസ്സമായി നില്ക്കുന്ന മൂലകാരണമായ പാപം എന്തെന്നു കണ്ടു പിടിക്കണം. അതു തെളിവായി കിട്ടുന്നില്ലെങ്കിൽ ആത്മീയ നിയന്താ വിന്റെ സഹായം അന്വേഷിക്കണം. തെളിവായി കിട്ടിയശേഷം അതേ പ്പറ്റി അല്പം കൂടെ പരിശോധിപ്പാനുണ്ട്. ഈ പാപം ഉണ്ടാകുന്നത്. (എ) എത്ര ശാന്തിയോടു കൂടിയാണ് (ബി) എത്ര തുടർച്ചയായിട്ടാണ് (സി) സാധാരണയായി ഏതു സന്ദർഭങ്ങളിലാണ് ? (ഡി) ഇതുകൊണ്ട് സാധാരണയുണ്ടാകുന്ന ഫലം (ഭവിഷ്യത്ത്) എന്ത്?

11. ഇവ കണ്ടുപിടിച്ചതിന്റെ ശേഷം (എ) നിന്റെ ഹൃദയത്തിൽ ഈ പാപത്തെപ്പറ്റി മനസ്താപം ജ്വലിപ്പിക്കുക. അനുതാപപ്രാർത്ഥന നടത്തുക. (ബി) നിന്റെ ആത്മീയ സ്ഥിതിയെ സംബന്ധിച്ച് ഇത്രയും ചെയ്യുവാൻ സഹായിച്ച കർത്താവിന് വിനയപൂർവ്വം സ്തോത്രം കൊടു ക്കുക. (സി) ആത്മീയ സംഗതികൾ തെളിവായി കാണ്മാൻവേണ്ടി പ്രകാശം അപേക്ഷിക്കുക. (ഡി) ജീവിതം ശരിപ്പെടുത്താൻ വേണ്ട ശക്തി ചോദിക്കുക.

www.malankaralibrary.com

12. ഒരു ദിവസത്തെക്കു മാത്രമേ ഭജനമുള്ളു എങ്കിൽ, മേല്പറഞ്ഞ രണ്ടു ഭാഗങ്ങളും 1 ഉം 2 ഉം ഉച്ചക്കുമുമ്പ് തീർക്കുന്നതു നന്ന്. (എ) ഉച്ചക്ക് വി.കുർബ്ബാനയുടെ മുമ്പിൽ ആരാധനയും പ്രത്യേക പ്രാർത്ഥനകളും നടത്തുക. (ബി) മദ്ധ്യസ്ഥ പ്രാർത്ഥന ആർക്കെങ്കിലും വേണ്ടി നടത്തണമെന്ന് മേൽപറഞ്ഞ രണ്ടു ശോധനകളിലും വെളിപ്പെട്ടുട്ടുണ്ടെങ്കിൽ അവർക്കുവേണ്ടി മദ്ധ്യസ്ഥ പ്രാർത്ഥന നടത്തണം. (സി) സൗകര്യമുള്ള പക്ഷം വി.മാതാവിനോട് പ്രത്യേകം പ്രാർത്ഥിക്കുന്നതു നന്ന്. (ഡി) ഉച്ചകഴിഞ്ഞ് നടത്താനുള്ള പ്രാർത്ഥനകൾക്കായി ഇപ്പോഴെ മനസ്സ് ഒരുക്കിക്കൊള്ളണം.

13. ഉച്ചയ്ക്കുശേഷം വിശ്രമം കഴിഞ്ഞശേഷം പിന്നാലെ നടത്തേണ്ട പ്രാർത്ഥനകൾക്കുള്ള വിഷയം ഒരുക്കണം. (എ) ദൈവത്തെക്കുറിച്ച് ഭയവും നന്ദിയും ഹൃദയത്തിൽ ജ്വലിപ്പിക്കുന്നതും. (ബി) ഹൃദയതകർച്ചയും അനുതാപവും ഉണ്ടാകുന്നതുമായ സംഗതികൾ പ്രാർത്ഥനാവിഷയമൊ ധ്യാനവിഷയമൊ ആയി തെരഞ്ഞടുക്കണം. ഇതിന്റെ ഉദ്ദേശം നിന്റെ ജീവിതം ശരിപ്പെടുത്താനും മനസ്ഥിതി നന്നാക്കാനും ദൃഡമായും സ്ഥിരമായും, നീ ഉറയ്ക്കണമെന്നുള്ളതാണ്. അതിലേക്ക് സഹായമായി ശക്തിമത്തായ നിശ്ചയങ്ങൾ ചെയ്യേണ്ടിയിരിക്കുന്നു.

14. തദനന്തരം രഹസ്യപ്രാർത്ഥനയൊ ധ്യാനമോ നടത്തുക. അതു കഴിഞ്ഞ് ജപമാലയൊ, വിശുദ്ധാത്മാവിനോടുള്ള പ്രത്യേക പ്രാർത്ഥനയൊ ലുത്തുനിയായോ, സ്ലീബാപാതയൊ നടത്തുക. തദനന്തരം ജീവിതശോധന മൂന്നാം ഭാഗത്തിലേക്കു പ്രവേശിക്കുക.

## III

## ജീവിതശോധന (മൂന്നാം ഭാഗം)

15. നിന്റെ ആത്മീയാഭിവൃത്തിക്കു പ്രധാന പ്രതിബന്ധമായി കഴിഞ്ഞ രണ്ടാം ശോധനയിൽ കണ്ടുപിടിച്ച മൂലകാരണമായ പാപത്തെ (ബലഹീനതയെ) ജയിക്കുന്നതിനുള്ള വഴികൾ ഈ ശോധനയിൽ കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. ഈ പാപം ഉണ്ടാകാതെ ഇരിക്കുന്നതിനു വേണ്ടി എന്തെല്ലാം സന്ദർഭങ്ങളും സാഹചര്യങ്ങളും വർജ്ജിക്കണം? ആവക സന്ദർഭങ്ങൾ മേലാൽ ഉണ്ടാകുമ്പാൾ നിന്റെ മനസ്ഥിതിയും പെരുമാറ്റവും ഏതുവുധം ഭേദപ്പെടുത്തണം? ആപത്തുകൾ സംഭവി

www.malankaralibrary.com

ക്കാതെ കരുതിക്കൊള്ളേണ്ടതു എങ്ങനെയാണ്? ചെയ്യണമെന്നോ ചെയ്യരുതെന്നോ നിശ്ചയിപ്പാനുള്ളത്? എന്തെല്ലാം? അസ്ഥിരത, ഉത്സാഹം, ഇല്ലായ്മ, ഉദാസീനത എന്നിവ തുടരെ നിന്നെ ബാധിപ്പാൻ സംഗതിയാക്കുന്നുണ്ടോ? ഉണ്ടെങ്കിൽ അവയെ ജയിപ്പാൻ പ്രത്യേകമായി നീ ചെയ്യേണ്ടത്? എന്തെല്ലാമാണ്.

16. മേൽപറഞ്ഞ ചോദ്യങ്ങൾക്കുത്തരം കണ്ടുപിടിച്ചശേഷം താഴെക്കാണുന്ന പ്രാകാരം ക്രിയ ചെയ്യുക. പ്രത്യേകപുണ്യം സംബന്ധിച്ചോ, പ്രത്യേക പാപം സംബന്ധിച്ചോ ചെയ്തുകൊണ്ടിരിക്കുന്ന ശ്രമത്തിന്റ ജയപരാജയങ്ങളെപ്പറ്റിയുള്ള പ്രത്യേക ശോധന ആലോചനാവിഷയമാക്കുക. ഈ സംഗതിയിൽ നിനക്കുണ്ടായിട്ടുള്ള അഭിവൃത്തിയും വന്നുപോയിട്ടുള്ള അധ:പതനവും എത്രത്തോളമെന്നു നോക്കുക. ഈ മാസത്തിലും കഴിഞ്ഞമാസത്തിലും ഈ കാര്യം സംബന്ധിച്ച് നിന്റെ ലാഭവും നഷ്ടവും താരതമ്യപ്പെടുത്തുക. കഴിഞ്ഞ ആഴ്ചയും അതിന്റെ തലേആഴ്ചയും തമ്മിൽ താരതമ്യപ്പെടുത്തുക. ഈ വിഷയംതന്നെ വീണ്ടും തുടർന്നുകൊണ്ടുപോകണമോ എന്നും ഇതുവിട്ടിട്ടു വേറൊരു ബലഹീനത ജയിക്കുന്നതിനൊ ഒരു പ്രത്യേക പുണ്യം സമ്പാദിക്കുന്നതിനൊ ശ്രമം തുടങ്ങുകയാണോ വേണ്ടതെന്നും പര്യാലോചിക്കുക. ഇതേവരെ ചെയ്ത ശ്രമം കുറേക്കൂടെ തുടരണമെന്ന് ബോധ്യം വരുന്നപക്ഷം അതു നന്നായി വിജയം പ്രാപിപ്പാൻ നീ ചെയ്യേണ്ടത് എന്തെല്ലാം? ഈ വിഷയംവിട്ട് വേറൊരു പുണ്യം സമ്പാദിക്കുന്നതിനുള്ള ശ്രമം ആരംഭിക്കയാണെങ്കിൽ അതിലേക്കായി ഏതെല്ലാം വിധത്തിൽ ഉത്സാഹിക്കണം ഇതേപ്പറ്റിയെല്ലാം നിന്റെ അഭിപ്രായങ്ങളും ആലോചനകളും ചുരുക്കമായി രേഖപ്പെടുത്തുക. അതുതന്നെയാണോ നിനക്കുവേണ്ടതെന്ന് വീണ്ടും ചിന്തിക്കുന്നതിത് നന്ന്. തദനന്തരം ആത്മീയ നിയന്താവിനെ കാണുന്നത് വളരെ പ്രയോജനകരമായിരിക്കും.

17. മേല്പറഞ്ഞ മൂന്നു ശോധനകളും നിന്റെ ആത്മീയ നിയന്താവിന്റെ അനുമതിയോടും മേൽനോട്ടത്തിലും ചെയ്യുന്നതു നന്ന്. നിന്റെ ആലോചനകളും തീരുമാനങ്ങളും ഉറപ്പിക്കുന്നതിനോ ഭേദപ്പെടുത്തുന്നതിനോ അദ്ദേഹത്തിനു ചുമതലയും അധികാരവുമുണ്ട്. അദ്ദേഹം പരിശുദ്ധാത്മാവിന്റെ കൂട്ടുവേലക്കാരനാകുന്നു. നിന്നെ സംബന്ധിച്ച് ദൈവത്തിന്റ സ്ഥാനത്തുനിന്ന് പ്രവർത്തക്കുന്നത് അദ്ദേഹമാകുന്നു. ആത്മീയനിയന്താവിൽ യേശുമിശിഹായേ കാണുകയും അനുസരിക്കുകയും ചെയ്യണം. നിന്റെ ആത്മീയാഭിവൃത്തിക്കും സ്വഭാവസംസ്കരണത്തിനും വേണ്ട ഏതു കാര്യവും അദ്ദേഹത്തിന്റെ അനുമതിയോടും

www.malankaralibrary.com

ആജ്ഞയനുസരിച്ചും മാത്രമേ നിശ്ചയിക്കയും നടപ്പിലാക്കുകയും ചെയ്യാവൂ. സകലവും അദ്ദേഹത്തോടും തുറന്നുപറയണം.

18. ജീവിതശോധനയുടെ മൂന്നു ഭാഗങ്ങളും നിവർത്തിക്കയും നിന്റെ നിശ്ചയങ്ങളും തീരുമാനങ്ങളും ആത്മീയനിയന്താവിനെ അറിയിക്കുകയും അദ്ദേഹം വേണ്ടതുപോലെ ഭേദപ്പെടുത്തുകയും ചെയ്തശേഷം. (എ) ദൈവമുൻപാകെ നിന്റെ പ്രതിജ്ഞ പുതുക്കുക. ഇദംപ്രഥമമായി നിന്റെ സന്ന്യാസപ്രതിഷ്ഠ നടന്നദിവസം എത്രത്തോളം തീക്ഷ്ണതയോടുകൂടി നിന്റെ പ്രതിഷ്ഠയും പ്രതിജ്ഞയും നടന്നുവോ അത്രത്തോളം തീക്ഷ്ണതയോടുകൂടി നിന്റ പ്രതിഷ്ഠയും പ്രതിജ്ഞയും പുതുക്കുക. (വ്രതസ്ഥന്മാരല്ലാത്തവർ പ്രതിജ്ഞ ചെയ്യേണ്ട, പ്രതിഷ്ഠ ചെയ്താൽ മതി). നിന്നെത്തന്നെ മുഴുവനായി ദൈവത്തിന് ഭാരമേല്പ്പിച്ചു കൊടുക്കുക. നിന്റെ ആത്മീയാഭിവൃത്തിക്കു പ്രതിബന്ധമായിരുന്ന പ്രധാനസംഗതി ഏതോ, ആ കാര്യത്തിൽ പരിപൂർണ്ണമായ ദൈവസ്നേഹവും സ്വയത്യാഗവും പാലിക്കാൻ ദൈവകൃപ അപേക്ഷിക്കുക. അങ്ങനെ ഉറയ്ക്കുക. മേലാൽ കർത്താവിന്റെ ദൃഷ്ഠിയിൽ ദൈവത്തെ സ്നേഹിച്ചു മഹത്വപ്പെടുത്തുന്ന വാത്സല്യ സന്താനമായി കാണപ്പെടുവാൻ നിന്നെത്തന്നെ ദൈവത്തിങ്കൽ ഭാരമേല്പ്പിക്കുക.

19. ആത്മീയ പിതാവുമായി ആത്മീയ കോൺഫ്രൻസ് ഇന്നോ നാളെയോ നടത്തണം. അതേപ്പറ്റി വിവരിക്കുന്ന ഭാഗം വായിക്കാം.

20. ദാരിദ്രവ്രതം, കന്യാവ്രതം, അനുസരണവ്രതം എന്നിവ, എങ്ങനെ പാലിച്ചു എന്നു പരിശോധിച്ചും, മൌനാപരിശോധിച്ചും, ചുമതലകൾ സംബന്ധിച്ചും മേലാൽ സൂക്ഷിക്കേണ്ട കാര്യങ്ങൾ ആലോചിച്ച് രേഖപ്പെടുത്തണം. ഭജനം തുടങ്ങുന്നതിന് മുമ്പ് ഇവ തയ്യാറാക്കിയതാണെങ്കിൽ ഇപ്പോൾ വേണ്ട.

21. ശോധനപരമായ ദിവസം കഴിഞ്ഞ് ധ്യാനപരമായി ഭജനം സൗകര്യമുണ്ടെങ്കിൽ നടത്തക്കൊള്ളണം. ഓരോ ദിവസവും നിശ്ചയം, ശോധനപരിമായ ഭജനദിവസത്തെ നിശ്ചയത്തോടു ബന്ധമുള്ളതാക്കിയിരിക്കയോ, ആ നിശ്ചയം പുതുക്കുകയോ ചെയ്യണം.

✝

www.malankaralibrary.com

## അദ്ധ്യായം 7

# ഒരാഴ്ചത്തെ ഭജനം

(പല ദിവസം ഭജനം എടുക്കുന്നവർക്കുള്ള ഉപദേശങ്ങൾ)

(ഓരോ ദിവസവും പ്രത്യേക ശോധനയ്ക്കുള്ള വിഷയങ്ങളും ഭക്തിവായനയ്ക്കുള്ള വിഷയങ്ങളും മാറ്റാവുന്നതാണ്.)

### ഒന്നാം ദിവസം

1. അധികമായി ബുദ്ധികൊണ്ടു പ്രയത്നം ചെയ്തു തലച്ചോറിനെ ക്ഷീണിപ്പിക്കരുത്. നൂതനമായ ആത്മീയ തത്വങ്ങൾ കണ്ടുപിടിക്കാൻ ശ്രമിക്കുന്നതിനേക്കാൾ നല്ലത് അറിയാവുന്ന സത്യങ്ങളെ വിശദമായി കാണാൻ ശ്രമിക്കുന്നതാകുന്നു. ആത്മീയതത്വങ്ങളുടെ ന്യായാന്യായ ങ്ങൾ ബുദ്ധികൊണ്ടു വ്യവഹരിക്കുന്നതിനേക്കാൾ നല്ലത് ആത്മീയ സത്യം ഹൃദയംകൊണ്ടു രുചിച്ചു നോക്കി അതിന്റെ മാധുര്യം അനുഭ വിക്കുന്നതാകുന്നു.

2. ഹൃദയത്തിൽ ശക്തിമത്തായ വികാരങ്ങൾ ഉണ്ടായി മനസ്സു ക്ഷോഭിക്കാൻ ഇടയാകരുത്. താഴ്മയും വിശുദ്ധമായ അനുതാപവും ഹൃദയത്തിൽ ഉജ്ജ്വലിപ്പിക്കണം.

3. ദൈവത്തിന്റെ സാന്നിദ്ധ്യത്തെപ്പറ്റി നിന്റെ ഉള്ളിൽ മധുരതര മായ ബോധം വരുത്തുക. മനസ്സുകൊണ്ടും അധരംകൊണ്ടും നിമിഷ പ്രാർത്ഥന ചൊല്ലുന്നതു നന്ന്. ദൈവസന്നിധി ബോദ്ധ്യപ്പെടുത്താനായി മനോരാജ്യശക്തിയെ ഹേമിക്കയോ ധ്യാനരംഗം വിശദപ്പെടുത്താനായി ബുദ്ധിയെ ഭാരപ്പെടുത്തുകയോ ആവശ്യമില്ല. ഇവ കൂടാതെ സന്നിധി ബോധം താനേ ഉണ്ടായിക്കൊള്ളും. കർത്താവിങ്കലേക്കു ശ്രദ്ധപതി ച്ചാൽ മതി.

www.malankaralibrary.com

4. അശ്രദ്ധ, വിചാരപ്പതർച്ച, ഹൃദയവരൾച്ച, ക്ഷീണം മുതലായ പരീക്ഷകൾ ഉണ്ടാകും. അവയെ ആത്മദണ്ഡനങ്ങളായി സ്വീകരിച്ചു കൊള്ളുക. ഇവ ഉണ്ടാകുമ്പോൾ ഹൃദയത്തെ വിനയപ്പെടുത്തുകയും താഴ്മപ്പെടുത്തുകയും ദൈവം നിന്റെ ബലഹീനതകളിൽ കൂടെയും മഹത്വപ്പെടുമെന്ന് അറിയുകയും ചെയ്യുക. ഈ പരീക്ഷകൾകൊണ്ടു മനസ്സിനെ ഭാരപ്പെടത്തുകയൊ വിഷമിക്കുകയോ അല്ല, വേണ്ടതാഴ്മയോടുകൂടെ കർത്താവിങ്കിലേക്കു പറ്റിച്ചേർന്നുകൊള്ളുക.

5. ഓരോ ധ്യാനത്തിങ്കലും നിന്റെ മനസ്സിൽ നന്നായി പതിഞ്ഞ ആശയങ്ങൾ രേഖപ്പെടുത്തണം. നിനക്കുണ്ടായ പരീക്ഷകൾ ഏവ, അവയെ ജയിപ്പാൻ നീ ഉപയോഗിച്ച ഉപായങ്ങൾ ഏവ, നീ ചെയ്ത നിശ്ചയങ്ങൾ ഏവ - ഇവയെല്ലാം രേഖപ്പെടുത്തണം.

6. അന്യകാര്യങ്ങളിലൊ, ആളുകളിലൊ ശ്രദ്ധപതിയത്തക്ക വേലകളും കാര്യങ്ങളും വർജ്ജിക്കുക. മൗനം ശരിയായി പാലിക്കുക. ഭജനകാലത്തു നീ ദൈവത്തിന്റെ തിരുസന്നിധിയിൽ - അതേ മഹാ ശുദ്ധസ്ഥലത്തുതന്നെ - ആകുന്നു എന്നറിഞ്ഞുകൊള്ളണം. ഇതു ദൈവത്തോട് അടുത്ത ഇടപെടാനുള്ള സമയമാണ്.

## പ്രത്യേക ശോധന

### വിഷയം:- ഭക്തിവ്യായാമങ്ങൾ

1. എല്ലാസമയത്തും ഞാൻ വിശ്വസ്തതയോടുകൂടെ ഭക്തിനടപടികൾ - പ്രാർത്ഥന, ധ്യാനം, ധ്യാനശോധന, മദ്ധ്യസ്ഥത, ജീവിതശോധന, ആത്മീയകുമ്പസ്സാരം, കുമ്പസ്സാരം, കുർബാനാനുഭവം- എന്നിവ നടത്തിയിട്ടുണ്ടോ? ആത്മീയമായ പരീക്ഷകളും ഉണ്ടായിട്ടുള്ളപ്പോൾ ഞാൻ ഭക്തിപരമായ വ്യായാമങ്ങൾ എത്രത്തോളം വിശ്വസ്തതയോടെ നടത്തി.

2. നിശ്ചിത സമയത്തും നിശ്ചിത പദ്ധതിയനുസരിച്ചും ഞാൻ ഭക്തിപരമായ വ്യായാമങ്ങൾ നടത്തിയിട്ടുണ്ടോ?

3. എനിക്കു പ്രത്യേകം താല്പര്യമുള്ളതു ഭക്തിപരമായ വ്യായാമങ്ങളിൽ ഏതിനോടാണ് ?

4. എന്റെ ഭക്തി നടപടികൾ പ്രത്യേക ഉദ്ദേശത്തോടുകൂടെ ഞാൻ നടത്തിയിട്ടുണ്ടോ? എന്തുദ്ദേശം?

www.malankaralibrary.com

## ഭക്തിവായന

### ക്രിസ്താനുകരണം ഒന്നാം പുസ്തകം അദ്ധ്യായങ്ങൾ 1, 3, 18, 19.

### രണ്ടാം ദിവസം

**ഉപദേശം**

1. ഗത്സമേന തോട്ടത്തിൽ കർത്താവായ യേശു അനുഭവിച്ച ദുഃഖത്തിൽ അല്പമായി പങ്കുകൊള്ളുന്നതിനു നിനക്കു കൂടെ അനുവാദം ചോദിക്കുക. നിന്റെ പാപത്തെക്കുറിച്ചു യേശുവിനോടു കൂടെ നീയും കരയുക.

2. നിന്റെ പാപങ്ങളെ വിവരമായി ഓരോന്നു പരിശോധിക്കണ്ടാ. ഇങ്ങനെയുള്ള പരിശോധന ചെയ്തു അനുതപിപ്പാൻ ദൈവാത്മാവു നിന്നെ നടത്തിക്കുന്നു. എങ്കിൽ ശാന്തമായും മനഃസ്താപത്തോടുകൂടെയും പരിശോധിക്കാം. എന്നാൽ പൊതുവായ കുമ്പസാരം കഴിച്ചിട്ടുള്ള പക്ഷം വീണ്ടും വിവരമായി പരിശോധിക്കണ്ടാ. നിന്റെ പാപങ്ങളെ പൊതുവായി ദൈവകൃപയിൽ കൂടെ കാണുക. നിന്നിൽ ഇവയെല്ലാം ഉണ്ടായിട്ടും കർത്താവു നിന്നോടു കരുണ ചെയ്തു നിന്നെ ശുദ്ധീകരിച്ചുവല്ലോ എന്നു നന്ദിയോടു കൂടെ സ്മരിക്കുക. ഇത്ര സ്നേഹമുള്ള കർത്താവിനെ നീ വേദനപ്പെടുത്തിയതിനെപ്പറ്റി മനഃസ്താപപ്പെടുക.

3. (എ) കുമ്പസാരം നടത്തുക. പൊതുകുമ്പസാരം ഇന്നു നടത്തുന്നതു നന്ന്. കഴിഞ്ഞ ആണ്ടത്തെ ജീവിതം പൊതുവേ പരിശോധിച്ചുള്ള കുമ്പസാരം നടത്തുക. നിന്റെ ഇപ്പോഴത്തെ ബലഹീനത സംബന്ധിച്ചു വേറൊരു ദിവസം ഒന്നു കുമ്പസാരിക്കുന്നതു നന്ന്.

ബി. ഇന്നു കുമ്പസാരം ആരംഭിക്കുകയും നാളെയോ മറ്റൊ അവസാനിപ്പിക്കയും ചെയ്യുന്നതിനു തരക്കേടില്ല.

4. ഭജനത്തിന്റെ രണ്ടാംദിവസം മനോഭാരവും ഉത്സാഹക്കുറവും, മറ്റു പല പരീക്ഷകളും ഉണ്ടാകാൻ ഇടയുണ്ട്. ഈ വിധം നിനക്കുണ്ടാകുന്നപക്ഷം അവയെ എല്ലാം ആത്മദണ്ഡനങ്ങളായി സ്വീകരിച്ചു സഹിക്കുക. ഭജനവ്രതങ്ങൾ താല്പര്യമായി അനുഷ്ഠിച്ചുകൊള്ളുക.

www.malankaralibrary.com

## പ്രത്യേക ശോധന

വിഷയം:- നിന്റെ ഇഷ്ടങ്ങളും അനിഷ്ടങ്ങളും

1. എനിക്കു പ്രത്യേക ഇഷ്ടമുള്ളത് എന്തെല്ലാം? അനിഷ്ടമുള്ളത് എന്തെല്ലാം? സ്വഭാവം എന്ത്? ഈ പ്രത്യേക ഇഷ്ടാനിഷ്ടങ്ങളിൽ ഓരോന്നിന്റെയും ഫലമായി എന്റെ ജീവിതത്തിലും നടപടിയിലും ഉണ്ടാകുന്ന ഭവിഷ്യത്തുകൾ ഏവ?

2. ഈ ഭവിഷ്യത്തുകളെ നീക്കുന്നതിനും എന്റെ പ്രത്യേക ഇഷ്ടാനിഷ്ടങ്ങളെ സുകൃതങ്ങളായി ഭേദപ്പെടുത്തുന്നതിനും ഞാനെന്തുപായങ്ങൾ (means) പ്രയോഗിക്കേണ്ടിയിരിക്കുന്നു?

## ഭക്തി വായന

ക്രിസ്താനുകരണം ഒന്നാം പുസ്തകം അദ്ധ്യായം 21, 22

(ഭക്തിവായനക്കായി വേറെ ഏതെങ്കിലും സ്വീകാര്യമായ പുസ്തകം ഉപയോഗിക്കാവുന്നതാണ്)

## മൂന്നാം ദിവസം

### ഉപദേശം

1. ഒന്നാം ദിവസത്തേതു വീണ്ടും വായിക്കുക.

2. ബഥന്യാശ്രമത്തിൽ വ്രതസ്ഥനാണെങ്കിൽ കന്യാവ്രത പ്രതിജ്ഞ ഇന്നത്തെ ധ്യാനം കഴിയുമ്പോൾ പുതുക്കുക. വ്രതസ്ഥനല്ലെങ്കിൽ വിശുദ്ധി പാലിപ്പാൻ നിന്നെ കർത്താവിനു പ്രതിഷ്ഠിക്കുക.

## പ്രത്യേക ശോധന

വിഷയം:- എന്നെ ഭരിക്കുന്ന അപൂർണ്ണത.

1. എനിക്ക് ഒരു പ്രധാന അപൂർണ്ണത (ബലഹീനത) യുണ്ട്. നിന്റെ സകല വീഴ്ചകൾക്കും തെറ്റുകൾക്കും കാരണം അതാകുന്നു. നിന്റെ ആത്മീയവളർച്ചയ്ക്കു സർവ്വപ്രധാനമായ തടസ്സം അതാകുന്നു. ആ അപൂർണ്ണത കണ്ടു പിടിച്ചു രേഖപ്പെടുത്തുക.

2. അതിന്റെ ലക്ഷണങ്ങൾ:- അധികം പാപങ്ങളും ഞാൻ ചെയ്യുന്നത് ഈ അപൂർണ്ണത (പാപം) എന്റെ ഹൃദയത്തിന്റെ ആഴത്തിൽ കിട

www.malankaralibrary.com

ന്നതുകൊണ്ടാകുന്നു. നീക്കിക്കളവാൻ ഞാൻ ശ്രമിച്ചാൽപോലും നീങ്ങി പ്പോകാതെ വീണ്ടും വീണ്ടും എന്നെ വീഴ്ചക്കുഴിയിലടയ്ക്കുന്ന ഓരോ ആഗ്രഹങ്ങളും പ്രത്യേക ഇച്ഛകളും എനിക്കു വരുന്നത് - ചിലപ്പോൾ ശക്തിമത്തായി എന്നെ ഭിക്കുന്നത് - ഈ അപൂർണ്ണതയാകുന്നു. (ഏതെല്ലാം വീഴ്ചകൾ) ഈ അപൂർണ്ണത (പാപം) എന്നോടു പറയുന്ന തുപോലെ നടന്നില്ലെങ്കിൽ എനിക്കു വലിയ ദുഃഖവും വേദനയും ഉണ്ടാ കുന്നു. (എപ്പോഴെല്ലാം ഇങ്ങനെ ഉണ്ടായിട്ടുണ്ട്) ചിലപ്പോൾ പിറുപി റുപ്പും നിർബന്ധബുദ്ധിയും എനിക്കുണ്ടാകുന്നു. (എപ്പോഴെല്ലാം ഇങ്ങനെ ഉണ്ടായിട്ടുണ്ട്). എന്റെ സ്വഭാവത്തിന്റെ അടിസ്ഥാനം ഈ അപൂർണ്ണതകൂടിയതാകുന്നു. ഞാൻ ഓരോന്നും ആലോചിക്കുന്നത്, എനിക്കു ഓരോന്നും തോന്നുന്നതു, ഞാൻ ഓരോന്നും പ്രവൃത്തിക്കു ന്നതു എല്ലാം ഈ അപൂർണ്ണത (പാപം) എന്നെ പ്രേരിപ്പിക്കുന്നതുപോ ലെയാകുന്നു. (ഇങ്ങനെ സംഭവിച്ചിട്ടുള്ളതിനു ദൃഷ്ടാന്തങ്ങൾ ഓർത്തു നോക്കുക.)

3. ഈ അപൂർണ്ണതയെ (പാപത്തെ നീക്കിക്കളയാൻ, ഇല്ലാതാ ക്കുവാൻ - ജയിപ്പാൻ) ഞാൻ ഉപയോഗിച്ചിട്ടുള്ള ഉപായങ്ങൾ ഏവ? അവ എത്രത്തോളം ഫലിച്ചിട്ടുണ്ട്?

4. ഈ അപൂർണ്ണതയെ നീക്കുവാൻ ഞാൻ ശ്രമിക്കേണ്ടതെങ്ങനെ.

## ഭക്തി വായന

ക്രിസ്താനുകരണം:- രണ്ടാം പുസ്തകം അദ്ധ്യായം 7, 8.

## നാലാം ദിവസം

### ഉപദേശം

1. ഒന്നാം ദിവസത്തെ ഉപദേശം വീണ്ടും വായിക്കുക.

2. പൊതു കുമ്പസാരം അവസാനിപ്പിച്ചില്ലെങ്കിൽ, അവസാനിപ്പി ക്കുക. അവസാനിച്ചുവെങ്കിൽ, പ്രത്യേക ശോധനയിൽ കണ്ടുപിടിച്ച അപൂർണ്ണതയെ (പാപത്തെ) സംബന്ധിച്ച് അനുതപിക്കയും അതേപ്പറ്റി പ്രത്യേകം കുമ്പസാരിക്കയും ചെയ്യാം.

3. ഇന്നു കഴിവുള്ളപക്ഷം പൂർവാധികം ഏകാഗ്രതയും സന്നിധി ബോധവും പാലിക്കണം. ഇതുവരെ നീ ദൈവത്തോടു സംസാരിക്കാ നുള്ള ശ്രമമാണ് അധികം ചെയ്തിരുന്നത്. ഇന്നു ചെയ്യേണ്ടതു യേശു

www.malankaralibrary.com

നിന്നോടു സംസാരിക്കാൻ അവസരം കൊടുക്കുകയും ദൈവത്തിന്റെ ശബ്ദം കേൾക്കാൻ നന്നായി ശ്രദ്ധിക്കയും ആകുന്നു.

4. നിന്റെ കഴിഞ്ഞ ജീവിതത്തെപ്പറ്റി പുറകോട്ടുനോക്കിക്കൊണ്ടു ഹൃദയത്തിൽ വേദന വരുത്താൻ ഇന്നു ശ്രമിക്കരുത്. യേശുവിനെ വിശ്വസ്തതയോടെ അനുഗമിപ്പാൻ ഒരുങ്ങുകയാണു വേണ്ടത്.

## പ്രത്യേക ശോധന

**വിഷയം:- എന്റെ ആത്മീയാഭിവൃദ്ധിക്കു പ്രധാന തടസ്സം എന്ത്?**

1. ഏതുത്യാഗം ചെയ്വാനാണ് എനിക്കു അധികം ഭയമുള്ളത്? (ഏതുകർമ്മം പ്രവൃത്തിപ്പാൻ? ഏതുകാര്യം അനുസരിപ്പാൻ? ഏതു കാര്യം ക്ഷമിപ്പാൻ? ആരെ സ്നേഹിപ്പാൻ? ആരോടു സഹകരിപ്പാൻ? ഇത്യാദി) എന്റെ മനസ്സുകൊണ്ടു വളരെ ഭാരപ്പെടുകയും വിഷമിക്കയും ചെയ്തെങ്കിൽമാത്രമെ ഇന്നകാര്യം നിനക്കു സാധിക്കയുള്ളൂ എന്ന് പറയത്തക്കതായി വല്ലതും ഉണ്ടോ? ഏതു കാര്യമാണ് എന്റെ ഹൃദയത്തിനു അധികം മർമ്മഭേദകമായിരിക്കുന്നത്?

2. എന്റെ മനസ്സിനു അധികം വിഷമംവരുത്തുന്ന ചിന്ത (കാര്യം എന്ത്) എനിക്കു അധികം അധൈര്യം വരുത്തുന്ന കാര്യം എന്ത്?

"ഇന്ന കാര്യം ഞാൻ ശ്രമിച്ചാൽ പ്രയാസം! അസാദ്ധ്യം? അതോർക്കുമ്പോൾ മനസ്സ് വിഷമിക്കുന്നു" എന്നിങ്ങനെ വല്ല കാര്യത്തെക്കുറിച്ചും തോന്നുന്നുണ്ടോ? എന്റെ മനസ്സിനു സമാധാനം ലഭിപ്പാൻ എന്തുപായം ആണ് ഞാൻ പ്രയോഗിക്കേണ്ടത്.

3. എന്റെ ഹൃദയത്തിൽ ദൈവാത്മാവ് സംസാരിക്കുമ്പോൾ, എന്റെ മനസ്സിനു തീക്ഷണതയും ഭക്തിയും നന്നായി ഉള്ളപ്പോൾ - എനിക്കു നല്ല മനസ്സമാധാനം ഉള്ളപ്പോൾ - ദൈവം എന്നോട് ആവശ്യപ്പെടുന്നതായ പ്രത്യേക കാര്യം വല്ലതുമുണ്ടോ? കർത്താവ് എന്നിൽ നിന്ന് ചോദിക്കുന്നതെന്താണ്? എന്തു ചെയ്യണമെന്നോ? എന്ത് ആയിരിക്കണമെന്നോ, കർത്താവ് എന്റെ ഉള്ളിൽ സംസാരിക്കാറുണ്ടോ?

4. ഹൃദയംകൊണ്ടുള്ള ആഴമായ പ്രാർത്ഥനയ്ക്ക് തടസ്സമായി എന്റെ അനുഭവത്തിൽ പതിവായി ഉണ്ടായിക്കൊണ്ടിരിക്കുന്ന തടസ്സം എന്താണ്? (എന്തുകാര്യം? എന്ത് ഓർമ്മ)

www.malankaralibrary.com

## ഭക്തി വായന

ക്രിസ്താനുകരണം:- ഒന്നാം പുസ്തകം അദ്ധ്യായം 9 രണ്ടാം പുസ്തകം അദ്ധ്യായം 1.3 മൂന്നാം പുസ്തകം അദ്ധ്യായം 1, 2, 29.

## അഞ്ചാം ദിവസം

### ഉപദേശം

1. ഒന്നാം ദിവസത്തേയും നാലാംദിവസത്തേയും ഉപദേശങ്ങൾ വായിക്കുക.

2. ദൈവകൃപ കൈക്കൊള്ളുവാൻ ഒരുങ്ങുക. ദൈവം ആവശ്യപ്പെടുന്നവിധം നിന്റെ മനസ്സിനെയും നടത്തയെയും ശരിപ്പെടുത്തുവാൻ ധൈര്യപ്പെടുക.

## പ്രത്യേക ശോധന

വിഷയം:- ദൈവകൃപ നിന്നെ ആകർഷിക്കുന്നത് എവിടേയ്ക്കാകുന്നു? (ഏതു പുണ്യം ശീലിക്കുവാൻ ഏതു വിധം ജീവിതം ഭേദപ്പെടുത്തുവാൻ, ഏതുവിധം മനഃസ്ഥിതി ഭേദപ്പെടുത്തുവാൻ)

സ്നേഹത്തിനും സമാധാനത്തിനുംവേണ്ടി എന്തു ത്യാഗവും ചെയ്‌വാൻ ദൈവകൃപ നിന്നെ ആകർഷിക്കുന്നുണ്ടോ? ഏതുതരം ത്യാഗം (യാഗം) ചെയ്‌വാനാണ് ആകർഷിക്കുന്നത്? നിന്നെ മുഴുവനായി യേശുവിനോടു യോജിപ്പിക്കുന്നതിനുവേണ്ടി നിന്നിൽ നിന്നു യേശു ആവശ്യപ്പെടുന്നതെന്താകുന്നു? യേശുവിന്റെ സ്നേഹം തന്നെയാണോ ഇതിലേക്കു നിന്നെ ആകർഷിക്കുന്നത്. താഴ്മയും വിനയവും സൗമ്യതയും അനുസരണവും നിറഞ്ഞ യേശുവിന്റെ തിരുഹൃദയം നിന്നിൽ നിന്നു സ്നേഹംമൂലം ആവശ്യപ്പെടുന്നതെന്ത്?

## ഭക്തി വായന

ക്രിസ്താനുകരണം:- രണ്ടാം പുസ്തകം അദ്ധ്യായം 11, 12.

## ആറാം ദിവസം

### ഉപദേശം

1. ഒന്നാമത്തെയും നാലാമത്തെയും അഞ്ചാമത്തെയും ദിവസത്തെ ഉപദേശങ്ങൾ വായിക്കുക.

2. നിന്റെ ജീവിതം സുകൃതപൂർണ്ണമാക്കുവാൻ ദൈവം ആഗ്രഹിക്കുന്നു. ധൈര്യപ്പെട്ടും വിശ്വസിച്ചും യേശുവിനെ അനുഗമിക്കുക.

www.malankaralibrary.com

## പ്രത്യേക ശോധന

### വിഷയം:- മനഃപ്രാർത്ഥന

1. നിന്റെ ആത്മാവിന് അത്യധികം ഗുണം ചെയ്യുന്നത് ഏതു വിഷയത്തെപ്പറ്റി പ്രാർത്ഥിക്കുന്നതാണ്? ഏതുകാര്യം പ്രാർത്ഥിക്കുമ്പോഴാണ് നിന്റെ ഹൃദയത്തിനു കൂടുതൽ ഔദാര്യമുണ്ടാകുന്നത് എന്നും കൂടുതൽ ശാന്തതയുണ്ടാകുന്നത് എന്നും കൂടുതലായി ദൈവത്തോടു യോജിപ്പാൻ നിനക്കു സാധിക്കുന്നതു എന്നും പരിശോധിച്ചു ഉത്തരം രേഖപ്പെടുത്തുക.

2. നിന്റെ പ്രാർത്ഥന സംബന്ധിച്ചു സാധാരണയായി വന്നുപോകുന്ന വീഴ്ചകൾ ഏവ? പ്രാർത്ഥനയ്ക്കു മുമ്പ്? പ്രാർത്ഥന സമയത്ത്? പ്രാർത്ഥനയുടെ ശേഷം?

3. നിന്റെ പ്രാർത്ഥനസമയത്ത് ഏതു വിചാരമാണ് നിന്നെ മുറുകെ പിടിക്കുന്നത്? നിനക്കു പ്രത്യേകം താല്പര്യവും മനസ്സടുപ്പവും ഏതു കാര്യത്തിലേക്കാണ്? ഏതു സംഗതി ചിന്തിച്ചിട്ടാണ് നീ അധികവും പ്രാർത്ഥന അവസാനിപ്പിക്കുന്നത്.

വിചാരപ്പതർച്ചയ്ക്കു വിഷയമാകുന്ന സംഗതി എന്തെന്നു ചിന്തിച്ചു നോക്കി രേഖപ്പെടുത്തുക.

## ഭക്തിവായന

ക്രിസ്താനുകരണം:- രണ്ടാം പുസ്തകം അദ്ധ്യായം 9, മൂന്നാം പുസ്തകം അദ്ധ്യായം 7, 16, 18.

## അവസാന ദിവസങ്ങൾ

### ഉപദേശം

1. ആറാം ദിവസത്തേതു തന്നെ

2. ദൈവത്തോടു വിശ്വാസം, ശരണം, സ്നേഹം എന്നീ മൂന്നു സൽഗുണങ്ങളും ആത്മാവിൽ ജ്വലിപ്പിക്കുക, ശക്തിപ്പെടുത്തുക, അവയിൽ സ്ഥിരപ്പെടുക.

3. ജീവനിലും മരണത്തിലും യേശുവിനെ സ്നേഹിപ്പാൻ ഉറയ്ക്കുക.

4. വ്രതസ്ഥനാണെങ്കിൽ പ്രതിജ്ഞ പുതുക്കുക.

5. പ്രത്യേക പുണ്യപരിശീലനം സംബന്ധിച്ച് വേണ്ട നിശ്ചയങ്ങൾ ചെയ്യുകയും കൃപ യാചിക്കുകയും ചെയ്യുക.

www.malankaralibrary.com

### അദ്ധ്യായം 8

# സാധാരണ ഭജനം

## പ്രാരംഭ ധ്യാനം

(പല ദിവസത്തെ ഭജനമെടുക്കുന്നവർ ഭജനം തുടങ്ങുന്നതിന്റെ തലേദിവസം ധ്യാനിപ്പാനുള്ളത്)

1. ഭജനമെടുക്കുന്നത് വലിയ ഭാഗ്യമാകുന്നു. അനേകം ഭാഗ്യങ്ങളും കൃപകളും ഇതിൽനിന്ന് ലഭിക്കാനുണ്ട്.

വി. മാമോദീസായിൽനിന്ന് ഞാൻ ജനിച്ചപ്പോൾ എനിക്കു ദൈവം തന്ന വിശുദ്ധിയും കൃപയും മഹിമയും വീണ്ടും ലഭിക്കുന്നതിനും, അവയിൽ വളർച്ച പ്രാപിക്കുന്നതിനും തക്ക അവസരം ഭജനമാകുന്നു. യേശുവിന്റെ പാദത്തിങ്കൽ മഗ്ദലമറിയാം എത്തിയപ്പോൾ പൂർണ്ണമാനസാന്തരത്തിനുള്ള കൃപ ലഭിച്ചുവല്ലോ. എനിക്കും പൂർണ്ണ മാനസാന്തരം വേണം. യോഹന്നാൻ ശ്ലീഹാ യേശുവിന്റെ മാർവ്വിടത്തിൽ ചാരിയപ്പോൾ യേശുവിന്റെ സ്നേഹത്താൽ പൂർണ്ണമായി ഭരിക്കപ്പെട്ട സ്ഥിതി പ്രാപിച്ചുവല്ലോ. എനിക്കു പൂർണ്ണമായി യേശുവിന്റെ സ്നേഹത്താൽ ഭരിക്കപ്പെടണം.

ദൈവസ്നേഹം എന്നിൽ നിറയുന്നതിനും രക്ഷ പ്രാപിക്കുന്നതിനും ഭജനംപോലെ സഹായിക്കുന്നത് എന്തുള്ളൂ? ദൈവം വലിയ കരുണയാൽ ഈ ഭജനത്തിന് എനിക്കും അവസരമുണ്ടാക്കി തന്നിരിക്കുന്നു. ഇതുകൊണ്ട് ഞാൻ പ്രയോജനം വരുത്തണം. ഈ ഭജനത്തിൽ ഞാൻ മുഴുവനായി യേശുവിന്റെ തൃപ്പാദത്തുങ്കൽ ഇരിക്കുവാൻ സാധിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നു.

2. ഈ ഭജനത്തിൽ ഞാൻ ചെയ്യേണ്ടതെന്ത്? മൂന്നുകാര്യങ്ങൾ തന്നെ.

www.malankaralibrary.com

1. തണുത്ത് തുരമ്പിച്ച ഇരുമ്പ് തീയിലിട്ട് ചുട്ട് ശുദ്ധമാക്കുകയും ആവശ്യപ്പെട്ട പദാർത്ഥമായി പണിതുണ്ടാക്കുകയും ചെയ്യുന്നുവല്ലോ. തീയുടെ വേല നന്നായി ഇരുമ്പിൽ ഫലിച്ചെങ്കിൽമാത്രമേ ഇതു സാധിക്കയുള്ളൂ. അപ്രകാരം ദൈവകൃപയുടെ വേല എന്നിൽ സാധിപ്പാൻ എനിക്ക് ലഭിച്ചിട്ടുള്ള അവസരം ഈ ഭജനമാകുന്നു.

വേറൊരു ദൃഷ്ടാന്തം:- ബലഹീനപ്പെട്ട നഷ്ടപ്പെടാറായ ചെടിയുടെമേൽ പ്രകാശവും ചൂടും പതിക്കുമ്പോൾ ആ ചെടി ജീവൻ പിടിച്ച് തലപൊക്കുകയും വളരുകയും ചെയ്യുന്നതുപോലെ - എനിക്കും കൃപയിൽ സൂര്യനായ യേശുവിന്റെ പ്രകാശവും (ജ്ഞാനവും) ചൂടും (തീക്ഷ്ണതയും) ലഭിക്കാൻ തക്ക അവസരമായി ദൈവം ഈ ഭജനത്തെ തന്നിരിക്കുന്നു.

2. എന്നെപ്പറ്റി ദൈവഹിതം എന്തായിരുന്നാലും ആ പരിശുദ്ധവും സ്നേഹിക്കപ്പെടേണ്ടതുമായ തിരുവിഷ്ടത്തിന് ഞാൻ മടി കൂടാതെയും, യാതൊരു വ്യവസ്ഥ കൂടാതെയും എന്നെത്തന്നെ ഏല്പിച്ച് കൊടുക്കണം. നിബിയായൊടുകൂടെ ഞാൻ പറയും:- “എന്റെ ദൈവമെ സ്നേഹപൂർവ്വം അങ്ങേ തിരുവിഷ്ടം ചെയ്വാൻ എന്റെ ഹൃദയം ഒരുങ്ങിയിരിക്കുന്നു.

3. ഈ ഭജനം മുഴുവൻ - ഭജനകാലത്തെ എന്റെ ശ്രമം മുഴുവനും-യേശുവിന്റെ സ്നേഹത്തിൻ ഭരണം എന്നിൽ പൂർണ്ണമായി സ്ഥാപിക്കാൻ ഉദ്യമിക്കുകയായിരിക്കും. മുഴുവനായി യേശു എന്നെ ഭരിക്കണം. യേശുവിന്റെ സ്നേഹം എന്നെ പരിപൂർണ്ണമായി ഭരിക്കയും നടത്തുകയും, പരിശീലിപ്പിക്കുകയും, ശാസിക്കുകയും, അഭ്യസിപ്പിക്കുകയും, വളർത്തുകയും, താഴ്ത്തുകയും, വിനയപ്പെടുത്തുകയും, ശുദ്ധീകരിക്കുകയും, അനുഗ്രഹിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. ഇതു സാധിപ്പാൻ തക്കവണ്ണം ഞാൻ യേശുവിന്റെ സ്നേഹത്തോട് സഹകരിക്കും.

4. ഈ ഭജനത്തിൽനിന്ന് വലിയ ഫലം എടുക്കാനായി ഞാൻ എന്തു ചെയ്യേണ്ടിയിരിക്കുന്നു? മൂന്നു കാര്യങ്ങൾ ചെയ്യേണമെന്ന് ഞാൻ നിശ്ചയിക്കേണ്ടതുണ്ട്.

1. എന്റെ ബുദ്ധിയെ പ്രശാന്തമായും, യാതൊരു ഭാരവും കൂടാതെയും ഞാൻ സൂക്ഷിക്കും. അന്യകാര്യങ്ങൾ ഒന്നും ഞാൻ ചിന്തിക്കുകയില്ലാ. ഭാവിയെപ്പറ്റി ഞാൻ വിചാരിക്കയോ വിചാരപ്പെടുകയോ

www.malankaralibrary.com

ഇല്ലാ. മനസ്സിന് ക്ഷോഭം വരുത്തുകയോ, ബുദ്ധികൊണ്ട് ന്യായവാദം ചെയ്യുകയോ ഇല്ലാ. ഞാൻ ചെയ്യുന്ന വേലയിൽ ധൃതിയോ അത്യു ത്സാഹമോ കാണിക്കുകയില്ല. എന്റെ വഴിക്ക് ഞാൻ മാത്രമേ ഞാൻ ബുദ്ധിയെ വിനിയോഗിക്കയുള്ളൂ.

2. എന്റെ ഹൃദയത്തെ പ്രശാന്തമായും ഏകാഗ്രതയിലും ഞാൻ സൂക്ഷിക്കും. ശിശുവിന്റെ ഹൃദയം പോലെ എന്റെ ഹൃദയത്തെ കളങ്ക മില്ലാതെ ഞാൻ സൂക്ഷിക്കും. സ്നേഹത്തോടുകൂടിയ ദൈവഭക്തിയിൽ എന്റെ ഹൃദയം പാർക്കും. യാതൊരു കപടവും എന്റെ ഹൃദയത്തെ മലിനപ്പെടുത്തുകയില്ല. തീജ്വാലപോലെ ദൈവഭക്തി എന്നിൽ കത്തും. ദൈവം ചോദിക്കുന്നത് എന്റെ ഹൃദയത്തെയാകുന്നു. ദൈവം പാർക്കാൻ ആഗ്രഹിക്കുന്നത് എന്റെ ഹൃദയത്തിലാകുന്നു. ദൈവം ഭരി ക്കാൻ ആഗ്രഹിക്കുന്നത് എന്റെ ഹൃദയത്തിലാകുന്നു. അതുകൊണ്ട് ഞാൻ ഹൃദയത്തെ ദൈവത്തിന് ഒരുക്കിക്കൊടുക്കുകയും ഹൃദയം കൊണ്ട് പ്രാർത്ഥിക്കുകയും ചെയ്യും.

3. എന്റെ ശരീരത്തെ പരിശുദ്ധമായ അടക്കമൊതുക്കത്തിൽ ഞാൻ സൂക്ഷിക്കും. രാജാവിന്റെ മുമ്പിൽ ഭൃത്യൻ എത്ര അടക്കമൊതുക്കം പാലിക്കുന്നു? ദൈവത്തിന്റെ മുമ്പിൽ മാലാഖാ എത്ര അടക്കമൊതുക്കം പാലിക്കുന്നു?

ഈ ഭജനത്തിൽ എന്നെ സഹായിപ്പാനും എന്നോടുകൂടെ ഭജനം നടത്തുവാനും വി. മാതാവ് എനിക്കുണ്ട്. ഈ നല്ല അമ്മയോടുകൂടെ ഞാൻ ഒരു തൗനായിൽ (ഉള്ളറയിൽ) പാർക്കും വി. മാതാവിന്റെ നിശ്വാസം അനുസരിച്ചും അങ്ങേ നടത്തിപ്പിൻ കീഴിലും ഈ ഭജനം ഞാൻ നടത്തും. അങ്ങേപോലെ ഞാനും യേശുവിനെ ഭജിപ്പാനും അനു ഗമിപ്പാനും അങ്ങേ പ്രാർഥനയാൽ ദൈവം എനിക്കു കരുണ ചെയ്യും.

✝

www.malankaralibrary.com

അദ്ധ്യായം 9

# ഭജനം or ശാന്തിദിനം

ധ്യാനപരം
തലേരാത്രി
7-30 ശാന്തിദിനം സംബന്ധിച്ചുള്ള വായന, ധ്യാനഒരുക്കം
പ്രകരണങ്ങൾ സൂത്താറാ
9. ഉറക്കം
രാവിലെ 8 വരെ പ്രഥമ കൃത്യങ്ങൾ
പ്രഭാതപ്രാർത്ഥന, ഒന്നാം ധ്യാനം
വി. കുർബാന മുതലായവ
8. വേല
8-30 ഭക്ഷണം, ലഘുവിശ്രമം
9-15. ഒന്നാം പ്രസംഗം or വായന
10. ലഘുവേല or വിചിന്തനം or വായന or "തിരുമുമ്പിൽ"
10-30. ധ്യാന ഒരുക്കം. ധ്യാനം
11-30 ലഘുവിശ്രമം
12. ഉച്ചനമസ്കാരം, ഇന്നത്തെ നടപടികൾ സംബന്ധിച്ചുള്ള ശോധന
12.-30 വായന or മനഃപ്രാർത്ഥന or മദ്ധ്യസ്ഥപ്രാർത്ഥന
1. ഭക്ഷണം
1-30 ദൃഢവിശ്രമം

ശോധനാപരം
തലേരാത്രി
7-30 ശാന്തിദിനം സംബന്ധിച്ചുള്ള വായന, ധ്യാനഒരുക്കം
പ്രകരണങ്ങൾ സൂത്താറാ
9. ഉറക്കം
രാവിലെ 8 വരെ പ്രഥമ കൃത്യങ്ങൾ
പ്രഭാതപ്രാർത്ഥന ഒന്നാം ധ്യാനം
വി. കുർബാന മുതലായവ
8. വേല
8-30 ഭക്ഷണം, ലഘുവിശ്രമം
9-15. ഒന്നാം ശോധനയും മനഃപ്രാർത്ഥനയും
10. ലഘുവേല or വിചിന്തനം or വായന or "തിരുമുമ്പിൽ"
10-30. രണ്ടാം ശോധനയും മനഃപ്രാർത്ഥനയും
11-30 ലഘുവിശ്രമം
12. ഉച്ചനമസ്കാരം ഇന്നത്തെ നടപടികൾ സംബന്ധിച്ചുള്ള ശോധന
12.-30 വായന or പ്രാർത്ഥന or മദ്ധ്യസ്ഥപ്രാർത്ഥന
1. ഭക്ഷണം
1-30 ദൃഢവിശ്രമം

www.malankaralibrary.com

2-30 ഒമ്പതാംമണി നമസ്ക്കാരം സ്തോത്രം

2-45 ധ്യാനം, ഒരുക്കം, ധ്യാനം

3-45 രണ്ടാം പ്രസംഗം or വായന

or "തിരുമുമ്പിൽ

4-30 വ്യായാമം സ്വന്ത സമയം

6. സന്ധ്യാനമസ്ക്കാരം . ഇന്നത്തെ നടപടികൾ സംബന്ധിച്ചുള്ള ശോധന. ഭക്ഷണം, സന്ത്വം സമയം.

7-45 വായന or മനഃപ്രാർത്ഥന.

8-45 ധ്യാന ഒരുക്കം. സൂത്താറാ

9. ഉറക്കം

2-30 ഒമ്പതാംമണി നമസ്ക്കാരം സ്തോത്രം

2-45 മൂന്നാംശോധനയും മനഃപ്രാർത്ഥനയും

3-45 മനഃപ്രാർത്ഥനയും നിശ്ചയങ്ങളും or വായന or "തിരുമുമ്പിൽ

4-30 വ്യായാമം സ്വന്ത സമയം

6. സന്ധ്യാനമസ്ക്കാരം . ഇന്നത്തെ നടപടികൾ സംബന്ധിച്ചുള്ള ശോധന. ഭക്ഷണം, സന്ത്വം സമയം.

7-45 പര്യവസാന ധ്യാനം or നിശ്ചയങ്ങൾ പാലിപ്പാൻ കൃപ യാചിക്കുക

8-45 ധ്യാന ഒരുക്കം. സൂത്താറാ

9. ഉറക്കം

www.malankaralibrary.com

അദ്ധ്യായം 10

# ഭജനം അവസാനിപ്പിക്കാൻ ഉപയുക്തമായ ഒരു ധ്യാനം

## ഒരു സംഭാഷണം

1. ഈ ഭജനത്തിൽ യേശുവിനോടുകൂടെ ഞാൻ ഒരു തൗനായിൽ പാർക്കുകയായിരുന്നു. അതുപ്രകാശവും ശക്തിയും നിറഞ്ഞ തൗനാ തന്നെ. കൃപയും സ്നേഹവും നിറഞ്ഞ തൗനാതന്നെ. എന്റെ ദൈവമെ നീ എന്നോടു എത്ര നന്മ ചെയ്തു. ഈ ഭജനത്തിന് എനിക്ക് അവസരം തന്നുവല്ലോ. എന്നോടുള്ള സ്നേഹം ഏതെല്ലാം വിധത്തിൽ നീ വെളിപ്പെടുത്തി നിനക്കുവേണ്ടി ഞാൻ ചെയ്യേണ്ടതെന്ത്? ഈ ആയുസ്സിൽ നിന്നെ സ്നേഹിക്കതന്നെ തദനന്തരം നിത്യതയിലും നിന്നെ സ്നേഹിക്കതന്നെ. ഇതിന്നായി ഞാൻ ഉറച്ചിരിക്കുന്നു.

എന്റെ ആത്മാവേ! യേശുവിനുവേണ്ടി നയിക്കുന്ന ജീവിതത്തിൽ ഞെരുക്കങ്ങളും ത്യാഗങ്ങളും ഉണ്ടാകും. യേശു നിന്നിൽ പാർക്കുന്നതിനു നീ പല സംഗതികളിൽ ഞെരുക്കം അനുഭവിക്കേണ്ടിവരും. പല സംഗതികളിൽ നീ ത്യാഗം ചെയ്യണം. അതിനായി ഒരുങ്ങികൊള്ളുക. യേശു പറയുന്നതു ശ്രദ്ധിക്കുക:- “നിന്റെ ഭാവി എങ്ങനെ ആയിരിക്കുമെന്നു ഞാൻ പറയാം” ശ്രദ്ധിക്കുക.

1. എ. യേശുവിന്റെ വചനം :- “എന്റെ വാത്സല്യ കുഞ്ഞെ! ഈ ഭജനത്തിൽ നീ കണ്ടുപിടിച്ച ആത്മീയ സത്യവും ചെയ്തതായ നിശ്ചയവും നല്ലതുതന്നെ. അതിൻപ്രകാരം ജീവിപ്പാൻ നീ ശ്രമിക്കുമ്പോൾ നിന്റെ പ്രകൃതി (Nature) പിറുപിറുത്തു തുടങ്ങും. നാഴികതോറും പ്രകൃതിയെ നിഗ്രഹിക്കുന്ന ഒരു ജീവിതം നിനക്കാവശ്യമുണ്ട്. എന്നാൽ നീ സ്വയത്യാഗം ചെയ്യുന്നത് ഏതു ബലിപീഠത്തിന്മേലാകുന്നുവൊ, ആ

www.malankaralibrary.com

ബലിപീഠത്തിൻ മുമ്പാകെവച്ചു നിന്റെ മനുഷ്യപ്രകൃതി നിന്നെ പുറകോട്ടു വലിക്കും. മുമ്പെ ചെയ്തതുപോലെ മതിയെന്നും ഈ പുതിയ ത്യാഗം വേണ്ടെന്നും നിന്നോടുപദേശിക്കും. അപ്പോൾ നീ എന്തുചെയ്യും?

ബി. അശുദ്ധ മോഹങ്ങളാൽ ജഡം നിന്നെ പരീക്ഷിക്കും. പാപ മോഹങ്ങൾ നിന്റെ മനസ്സിലും ശരീരത്തിലും നിന്നെ ഹോമിക്കും. നിന്റെ അവയവങ്ങളിൽ പാപമോഹം ചലിക്കും. തിന്മയ്ക്കായി ജഡം നിന്നെ നിർബന്ധിക്കുമെന്നു തോന്നും. ശരീരത്തിൽ പാപമോഹം അഹങ്കരിക്കും. അപ്പോൾ നീ എന്തു ചെയ്യും?

എന്റെ മറുപടി:- എന്റെ ദൈവമേ! ജഡത്തിന്റെ ഉപദേശം ഞാൻ കേൾക്കയില്ല. ജഡത്തോടും ദുർമ്മോഹത്തോടും ന്യായവാദം ചെയ്വാൻ ഞാൻ നില്ക്കയില്ല. ദുർമ്മോഹത്തിൽനിന്നു ഞാൻ ഓടിപ്പോകും. നിന്റെ മാർവിടത്തിലേക്കു ഞാൻ ഓടിവരും. നിന്റെ കൃപ എന്നെ ആകർഷിക്കുന്ന വഴിയിലേക്കു മാത്രമെ ഞാൻ വരികയുള്ളൂ. ഞാൻ നിന്നെക്കാളധികം സ്നേഹിക്കുന്നതായി ഒന്നുമെനിക്കുണ്ടായിരിക്കയില്ല. ഞാൻ ജഡത്തെ ക്രൂശിൽ തറയ്ക്കും. ജഡത്തെ ജയിക്കുന്നതിനും, വിശുദ്ധിയിൽ നിന്റെ അടുക്കൽ വന്നു പാർക്കുന്നതിനുമായി നോമ്പും ആത്മദണ്ഡനങ്ങളും ഞാൻ ചെയ്യും. പ്രാർത്ഥനയാലും സ്നേഹത്താലും ഞാൻ നിന്നെ മുറുകെ പിടിക്കും. എന്നെ നിന്നോടു ബന്ധിക്കുന്ന ചങ്ങലകളെ ഒന്നുകൂടെ ഞാൻ വലിച്ചുമുറുക്കും. എന്റെ മനഃശരീരങ്ങളെ നിനക്കു ബലിയായി ഞാൻ തരും. പാപമോഹങ്ങളെ ഞാൻ ശ്രദ്ധിക്കയില്ല. എന്നിലേക്കു ഞാൻ ദൃഷ്ടിപതിക്കയില്ല. നിങ്കൽ ഞാൻ ദൃഷ്ടിപതിക്കും. നിനക്കു എന്നെ യാഗമായി തരും. അത് എനിക്കു എത്ര ഭാഗ്യം! ഞാൻ അങ്ങനെ ഉറച്ചിരിക്കുന്നു. ഞാൻ മരിക്കേണ്ടിവന്നാലും തരക്കേടില്ല. നിന്നെ ഞാൻ അനുഗമിക്കും. ജഡത്തെ ഞാൻ കൊല്ലും. നിന്റെ ശക്തിയെ എന്നിൽ വളർത്തും. ദുർമ്മോഹത്തെ ഞാൻ ത്യജിക്കും. നിന്നെ ഞാൻ മുറുകെ പിടിക്കും. മഹാ പരിശുദ്ധനായ നിന്നെ എന്നിൽ ഞാൻ പാർപ്പിക്കും. നിന്റെ കൃപയേയും വിശുദ്ധിയേയും എന്നിൽ വളർത്തും. ഇങ്ങനെ ഞാൻ ഉറച്ചിരിക്കുന്നു. ഇതിനായി എന്നെ സഹായിക്കണമെ.

2. യേശുവിന്റെ വചനം:- എന്റെ വാത്സല്യ കുഞ്ഞെ! നിന്റെ ഈ ജീവിതം എന്നോടുകൂടെ നീ ഒളിച്ചു പാർക്കുന്ന ജീവിതമാകുന്നു. അന്യ

www.malankaralibrary.com

ചിന്തകൾ കൂടാതെ എന്നെയും എന്റെ കാര്യങ്ങളെയും മാത്രം അമ്പേഷിക്കുന്നതായ ജീവിതം എത്ര അനുഗ്രഹിക്കപ്പെട്ടത്. എന്നാൽ ലോകബുദ്ധിയും പക്ഷെ ലോകമനുഷ്യരും നിന്നെ കുറ്റം പറയും. ചില കാര്യങ്ങളിൽ നിന്റെ നിഷ്ഠകൾ അനാവശ്യമാണെന്നും, ഇത്രയുമൊന്നും വേണമെന്നില്ലെന്നും. നിന്റെ ലോകബുദ്ധിയും (ഒരു പക്ഷെ പുറത്തുള്ള ലൗകീകന്മാരും) നിന്നോടു ഗുണദോഷിക്കും. നിന്നോടു ദയകാണിക്കാനും, നിന്റെ നേരെ ബഹുമാനവും സ്നേഹവും കാണിപ്പാനും മനുഷ്യപ്രകൃതി നിന്നെ പ്രേരിപ്പിക്കും. ലൗകീകന്മാർ നിന്നെ ഭോഷനാക്കും. നിനക്കു ദൈവത്തെ മതിയെന്നു വച്ചിരിക്കയാണല്ലൊ. നിനക്കു ലോകം മതിയെന്നു വയ്ക്കുന്നതിനു ലോകം നിന്റെ ഉള്ളിലും പുറത്തും നിന്നോടു ഗുണദോഷിക്കും. ഏതു കാര്യത്തിൽ നിന്റെ മനഃസ്ഥിതിയും ജീവിതവും ഭേദപ്പെടുത്തണമെന്നു ഈ ഭജനത്തിൽ നീ കണ്ടുവോ, ആ കാര്യത്തിൽ നിന്നെ വീഴിക്കാൻ ലോകം ശ്രമിക്കും അപ്പോൾ നീ എന്തുചെയ്യും?

എന്റെ മറുപടി:- യേശുവേ! എന്റെ ഹൃദയത്തിന്റെ നാഥൻ അവിടുന്നുതന്നെ. എന്റെ യജമാനനും ദൈവവും അവിടുന്നുതന്നെ. എന്റെ ഹൃദയം വേറെയാർക്കും ഞാൻ കൊടുക്കുകയില്ല. എന്റെ ഹൃദയം നിന്റെ തിരുഹൃദയത്തിൽ ഞാൻ ഒളിച്ചു വക്കും. എന്റെ ബുദ്ധിയേയും മനസ്സിനേയും അങ്ങേ ബുദ്ധിയിലും മനസ്സിലും ഞാൻ ലയിപ്പിക്കും. അവിടുന്ന് എന്നിൽ പാർത്താൽ മതി. ജീവിച്ചാൽ മതി, ഏതൊരു പരീക്ഷ എനിക്കുണ്ടായാലും ഞാൻ അങ്ങെ അടുക്കൽ വിവരം പറയും. അങ്ങേ ആലോചന ചോദിക്കും. അങ്ങ് ഉപദേശിക്കുന്നതുപോലെ മാത്രം ഞാൻ പ്രവർത്തിക്കും. ലോകം ബഹളം കൂട്ടട്ടെ. എന്നെ കുറ്റപ്പെടുത്തട്ടെ. എന്നെ ബഹുമാനിക്കയോ അവമാനിക്കയോ ചെയ്യട്ടെ. എന്നെ സ്നേഹിക്കയോ നിന്ദിക്കയോ ചെയ്യട്ടെ. എന്റെ ലോകബുദ്ധി എന്നോടു ഉപദേശിക്കുന്നതെല്ലാം ഞാൻ ത്യജിക്കും. ലൗകീകന്മാർ ഗുണദോഷിക്കുന്നതെല്ലാം ഞാൻ ഉപേക്ഷിക്കും. എനിക്ക് അവിടുന്ന് ഉപദേശിക്കുന്നതു മതി. എനിക്ക് അങ്ങേ ആലോചന മതി. എനിക്കു അങ്ങേ തന്നെ ലഭിച്ചാൽ മതി. സമുദ്രതീരത്തു എത്ര ശക്തിയായി തിരമാലകൾ അടിച്ചാലും സമുദ്രതീരത്തുള്ള പാറയ്ക്കു ഇളക്കമില്ലാത്തതുപോലെ ഞാനും ലോകപരീക്ഷകൾക്കൊണ്ട് ഇളകാതെ, യേശുവേ! നിന്നിൽ ഉറച്ചു നിൽക്കും. നിന്റെ സ്നേഹം എനിക്കുള്ളതിൽ ഞാൻ വളരെ പ്രശംസിക്കും. ഞാൻ

www.malankaralibrary.com

നിനക്കുള്ളവനാണെന്നുള്ളതു എന്റെ വലിയ പദവിയാകുന്നു. എന്റെ ഹൃദയത്തെ ഞാൻ അത്യുച്ചത്തിൽ-സ്വർഗ്ഗത്തിൽ വച്ചുകൊണ്ടു-ഭൂമിയിൽ ഞാൻ സഞ്ചരിക്കും. ഭൂമിയും അതിന്റെ നന്മകളും, സൃഷ്ടികളും, അവയുടെ വാഗ്ദാനങ്ങളും, എന്റെ ഹൃദയത്തെ വശീകരിക്കയില്ല. യേശുവേ! ലോകബുദ്ധി വഞ്ചിപ്പാൻ ഞാൻ ഹൃദയത്തെ വിട്ടുകൊടുക്കയില്ല. നിന്റെ ബുദ്ധിയും ആലോചനയും ആകർഷണവും സ്നേഹവുംകൊണ്ടു അത്യധികം സംതൃപ്തനാകും. ഇങ്ങനെ ഞാൻ ഉറച്ചിരിക്കുന്നു. ഇതിലേക്കായി എന്നെ സഹായിക്കണമെ.

3. യേശുവിന്റെ വചനം:- എന്റെ കുഞ്ഞേ! ഞാൻ നിന്നെ സ്നേഹിക്കുന്നതുകൊണ്ടു സാത്താൻ നിന്നോടു അസൂയപ്പെടുന്നു. അവൻ എന്റെയും നിന്റെയും ശത്രുവാകുന്നു. അവന്റെ കോപം നിന്റെ നേരെ വർദ്ധിച്ചിരിക്കുന്നു. അവൻ നിന്റെ ആത്മാവിനെയും ശരീരത്തെയും ഇരട്ടിപ്പായി ദണ്ഡിപ്പിക്കാൻ ശ്രമിക്കും. ചിലപ്പോൾ നിന്നിൽ പാപത്തെക്കുറിച്ചു അമിതമായ ഭയവും നിരാശയും ജനിപ്പിക്കും. ചിലപ്പോൾ മായാമോഹങ്ങളെക്കുറിച്ചു നിനക്കു ഭയം വരുത്തി നിന്റെ മനോധൈര്യം നശിപ്പിക്കാൻ അവൻ ശ്രമിക്കും. നിന്റെ തെറ്റുകളും ബലഹീനതകളും ഭയങ്കരമായി നിന്നെ കാണിക്കും. ആ ധൈര്യവും നിരാശയും വരുത്തി നിന്നെ വഞ്ചിപ്പാൻ അവൻ ശ്രമിക്കും. ശിശുവിനെപ്പോലെ നീ എന്നിൽ വിശ്വസിക്കയും ആശ്രയിക്കയും ചെയ്യുന്നതു തെറ്റിക്കാൻ അവൻ ശ്രമിക്കും. നിന്റെ ഭക്തി നിഗളമാണെന്നു അവൻ ഉപദേശിക്കും. നിന്റെ വി. കുർബാനാനുഭവം നന്നാകുന്നതിനെ അവൻ സംശയിപ്പിക്കും, നിന്റെ പ്രാർത്ഥന എനിക്കു തക്കതായ സേവനമല്ലെന്നു അവൻ പറയും. എന്റെ പ്രതിനിധിയായ നിന്റെ ആത്മീയനിയന്താവിന്റെ ഉപദേശങ്ങളും നടത്തിപ്പും (Guidance) പ്രയോജനരഹിതമെന്ന് അവൻ നിന്നെ തോന്നിക്കും. ചിലപ്പോൾ അമിതമായ ഭക്തിനടപടികളിലേക്കു അവൻ നിന്നെ ആകർഷിക്കും. വേറെ പല വിധത്തിൽ സാത്താൻ നിന്നെ വഞ്ചിപ്പാൻ ശ്രമിക്കും. അപ്പോൾ നീ എന്തു ചെയ്യും?

എന്റെ മറുപടി:- "എന്റെ ദൈവമേ! എന്റെ ബലഹീനതയെ ഞാൻ അവിശ്വസിക്കും. സമാധാനവും ശക്തിയും പ്രാപിപ്പാനായി ഞാൻ നിന്റെ അടുക്കലേക്കു തിരിയും. നിന്റെ ശബ്ദം കേൾപ്പാൻ ഞാൻ ശ്രമിക്കും. എന്നോടു സംസാരിക്കുന്നതു നീ തന്നെയാകുന്നു എന്നു എനിക്കു

www.malankaralibrary.com

റപ്പു വരുത്തുവാൻ ഞാൻ നീ തിന്നിട്ടുള്ള ആത്മീയ പിതാവിങ്കലേക്കു പോകും. നീ എന്നോടു യാതൊന്നും പറയാത്ത സമയങ്ങളിൽ ഞാൻ നീ എനിക്കു തന്നിട്ടുള്ള അനനിയാസിന്റെ അടുക്കൽ ചെല്ലും. (അപ്പൊ. പ്ര 9:1-17) എന്റെ ഉള്ളിലുള്ള സകലവും നിർമ്മലമനസ്സോടു കൂടെ ഞാൻ അദ്ദേഹത്തോടു പറയും. ഞാൻ പ്രാർത്ഥിക്കും. അദ്ദേഹത്തെ അനുസരിക്കും ഇങ്ങനെ ഞാൻ ഉറപ്പിച്ചിരിക്കുന്നു. ഇതിലേക്കു എന്നെ സഹായിക്കണമെ".

4. യേശുവിന്റെ വചനം:- എന്റെ വാത്സല്യ കുഞ്ഞെ! ഞാൻ ഇതേവരെ നിന്നോടു പറഞ്ഞ പ്രയാസങ്ങളെക്കാൾ വലിയതായ ഒരു പ്രയാസം നിനക്കുണ്ടാകും. അതു നിനക്ക് ഏറ്റവും വേദനകരമായിരിക്കും. അതുണ്ടാകുന്നത് മറ്റാരിൽ നിന്നും അല്ല എന്നിൽനിന്നായിരിക്കും. നിന്നെ സ്നേഹിക്കുന്ന എന്നിൽനിന്ന് നിനക്കു പ്രയാസവും ഭാരവും വരാം. സ്വർണ്ണം തീയിലിട്ടു ശുദ്ധിവരുത്തുന്നതുപോലെ എന്നോടു ചേർന്നിരിപ്പാൻ ആഗ്രഹിക്കുന്ന ആത്മാവിനെ ഞാൻ പരിശോധിച്ച് ശുദ്ധീകരിക്കും. ഞെരുക്കങ്ങളാകുന്ന മൂശയിൽ ഞാൻ നിന്നെ ചുട്ട് ശുദ്ധീകരിക്കും. ഞാൻ നിന്നെ സ്നേഹിക്കുന്നു. സ്വർണ്ണത്തിൽ കീടൻ (താണ ലോഹങ്ങൾ) ഉണ്ട്. അവയെല്ലാം നീക്കി ശുദ്ധമായ തങ്കം എടുപ്പാൻ ഞാൻ ആഗ്രഹിക്കുന്നു. എന്റെ സ്വർണ്ണം നീയാകുന്നു. നിന്നിൽ ആന്തരശുദ്ധിയുടെ കുറവൊ ദുർഗുണങ്ങളൊ, പാകതയില്ലായമയൊ, എന്തെല്ലാമാണുള്ളത്. നിന്റെ സ്വസ്നേഹം, നിഗളം, പ്രശംസ, സ്വാശ്രയം എന്നിവയെല്ലാം "കീടൻ" ആകുന്നു. ഈ അശുദ്ധ സാധനങ്ങളോട് യോജിപ്പാൻ എനിക്കു പാടില്ല. ഇവയെ നിന്നിൽനിന്ന് നീക്കിക്കളഞ്ഞ് നിന്നെ ശ്രേഷ്ഠ തങ്കമാക്കിത്തിർക്കുന്നതിന് ഞാൻ ആഗ്രഹിക്കുന്നു. ജഡത്തോടും ഇന്ദ്രിയമോഹത്തോടും യോജിപ്പാൻ എനിക്കു പാടില്ല. മനസ്സിന്റെ വിശ്വാസത്തോടും ഹൃദയത്തിന്റെ പരിശുദ്ധതയോടും ആന്തരത്തിന്റെ നിർമ്മലതയോടും മാത്രമെ ഞാൻ യോജിക്കയുള്ളൂ. അതുകൊണ്ട് എനിക്കു നിന്നെ പരിശോധിക്കേണ്ട ആവശ്യമുണ്ട്. നിന്നെ ശുദ്ധിചെയ്യേണ്ട ആവശ്യമുണ്ട്. നീ മനഃപൂർവ്വമായി എന്നെ സ്നേഹിക്കുന്നുണ്ടൊ? എന്നു ഞാൻ പരീക്ഷിക്കും. നിനക്കു ഹൃദയത്തിനു വരൾച്ചയും ആത്മീയ ജീവിതത്തിൽ രസമൊ മധുരമൊ ഇല്ലാത്ത സ്ഥിതിയും ഞാൻ വരുത്തും. പ്രാർത്ഥനയിൽ നിന്നെ ക്രൂശിക്കും. നിന്റെ ഹൃദയത്തിൽ എന്നോടുള്ള സ്നേഹത്തിന്റെ തീക്ഷണത ഞാൻ കെടുത്തും.

www.malankaralibrary.com

ഞാൻ എന്റെ മുഖം നിനക്കു കാണിക്കാതിരിപ്പാൻ ഒരു മൂടുപടംകൊണ്ട് എന്നെ മൂടും. നിന്റെ ആത്മാവ് എന്നെ കാണുകയില്ല. എന്റെ ആശ്വാസം നിന്നിൽനിന്നു ഞാൻ പിൻവലിക്കും. അല്പകാലത്തേക്ക് ഈവിധമെല്ലാം ഞാൻ നിന്നെ പരീക്ഷിക്കും. എന്നെ നീ യാഥാർത്ഥത്തിൽ സ്നേഹിക്കുന്നുണ്ടോ എന്നറിവാൻ ഈ വിധമെല്ലാം ഞാൻ നിന്നെ പരിശോധിക്കും. അപ്പോൾ നീ എന്തുചെയ്യും?

എന്റെ മറുപടി:- ആശ്വാസമുള്ളപ്പോഴും ഇല്ലാത്തപ്പോഴും ഞാൻ നിന്നെ സ്നേഹിക്കും. എല്ലായ്പ്പോഴും എന്റെ ദൈവം നീയല്ലയോ? നീ ആശ്വാസങ്ങളെയൊ അനുഗ്രഹങ്ങളെയോ അല്ല നിന്നെയാണു ഞാൻ സ്നേഹിക്കേണ്ടതെന്നു ഞാൻ അറിയുന്നു. നീ വിവരിച്ച വിധമുള്ള പരിശോധനയുണ്ടാകുമ്പോൾ ഞാൻ നിന്റെ ഗത്സമേനത്തോട്ടത്തിലെ ആ പരമവേദനയെ സ്മരിക്കും. കുരിശിന്മേൽ നിസ്സഹായനായി നീ കഴിച്ചുകൂട്ടിയ സമയത്തെ ഞാൻ ഓർക്കും. എന്നാൽ ഞാൻ നിസ്സഹായനല്ലെന്ന് അറിയുന്നു. എനിക്ക് സഹായം നീയുണ്ട്. ഞാൻ സ്വയത്തെ വെറുത്തും സ്വസ്നേഹത്തെ ത്യജിച്ചും നിന്നെ സ്നേഹിക്കും. ഇങ്ങനെ ഞാൻ ഉറപ്പിച്ചിരിക്കുന്നു. ഇതിലേക്കായി നിന്റെ കൃപ എന്നെ സഹായിക്കണമെ.

എനിക്ക് എത്ര നിരാശ തോന്നിയാലും ഞാൻ കൂട്ടാക്കുകയില്ല. നിന്നിൽതന്നെ ഞാൻ ദൃഢമായി ശരണംവയ്ക്കും. നിന്റെ ദാനങ്ങളേക്കാൾ അധികം നിന്നെ ഞാൻ സ്നേഹിക്കും, നിനക്കുവേണ്ടി ഞാൻ നിന്നെ സ്നേഹിക്കും. സഹായത്തിനുവേണ്ടിയല്ല മരണത്തോളം ഞാൻ നിന്നെ സ്നേഹിക്കും. ഇങ്ങനെ ഞാൻ ഉറച്ചിരിക്കുന്നു. ഇതിലേക്കായി എന്നെ സഹായിക്കണമെ.

വിശുദ്ധ കന്യകയായ മാതാവേ! എന്റെ ഭജനനിശ്ചയങ്ങളെല്ലാം അങ്ങേ അടുക്കൽ ഞാൻ ഭരമേല്പിക്കുന്നു. ഈ അവസാനനിശ്ചയം സർവ്വപ്രധാനമായി അങ്ങേ അടുക്കൽ ഭരമേല്പിക്കുന്നു. എന്നെ അനുഗ്രഹിക്കണമെ, സഹായിക്കണമെ, എനിക്കുവേണ്ടി അങ്ങേ ദിവ്യപുത്രനോടു പ്രാർത്ഥിക്കണമെ. ഞാൻ മുഴുവനായി യേശുവിനുള്ളതായിരിക്കും.

www.malankaralibrary.com

അദ്ധ്യായം 11

# പ്രതിഷ്ഠ പുതുക്കുന്നതിനുള്ള ഭജനകാലത്തെ ദിനചര്യ 4-ാം ഭാഗം

9-ാം അദ്ധ്യായത്തിലേതുതന്നെ

താഴെപ്പറയുന്നതു ചിന്തിക്കണം.

i. ജീവിത്തിൽ വന്നുപോയ വീഴ്ചകൾ മേലാലത്തേക്കുശരിപ്പെടുത്തുന്ന കാര്യം (നോട്ടു എഴുതാം)

ii. പ്രതിഷ്ഠ പുതുക്കുന്നതിനുള്ള ഒരുക്കം (നോട്ടു എഴുതാം)

1. ആത്മീയ പിതാവിനെ കാണേണ്ട ആവശ്യമുള്ള പക്ഷം ധ്യാന സമയത്താവാം.

"ചിന്തിക്കുക" എന്നു മേൽ പറഞ്ഞിരിക്കുന്നതു പ്രധാനമായി താഴെ പറയുന്നതാണ്:-

ഒരു സന്യാസി എന്ന നിലയിൽ നോക്കുമ്പോൾ എന്റെ ജീവിതത്തിൽ, കഴിഞ്ഞയാണ്ടിൽ എനിക്കു വന്നിട്ടുള്ള പ്രധാന വീഴ്ച എന്താണ്? (തുടരെ ഉണ്ടായിക്കൊണ്ടിരുന്നതൊ ഗൗരവമേറിയതൊ ആയ വീഴ്ചയേയോ, വീഴ്ചകളെയോ പറ്റി ചിന്തിക്കാം) അതു നിർമ്മൂലം ചെയ്യാൻ ഞാൻ എന്താണു വേണ്ടത്?

2. എന്റെ സന്യാസപ്രതിഷ്ഠയും പ്രതിജ്ഞകളും പുതുക്കുന്നതിനു ഞാൻ എങ്ങനെയാണ് ഒരുങ്ങേണ്ടത്? മേലാൽ ഞാൻ പ്രത്യേകം കരുതേണ്ട കാര്യങ്ങൾ ഏവ?

www.malankaralibrary.com

### അദ്ധ്യായം 12

# വാർഷിക ഭജനം

ആണ്ടിൽ മൂന്നു ദിവസത്തിൽ കുറയാതെയും പത്തുദിവസത്തിൽ കൂടാതെയും വാർഷിക ഭജനം അനുഷ്ഠിക്കേണ്ടതാകുന്നു. നിവൃത്തിയുള്ളടത്തോളം ആശ്രമാംഗങ്ങൾ എല്ലാവരും ഒന്നിച്ചു ഒരു സ്ഥലത്തു കൂടി നടത്തണം.

ആദ്യത്തേതിൽ സംബന്ധിക്കാൻ സാധിക്കാതെ പോകുന്നവരെ ഉദ്ദേശിച്ച് അടുത്തുതന്നെ വേറൊരു ഭജനം കൂടി പൊതുവിൽ സൗകര്യപ്പെടുത്താവുന്നതാണ്. പൊതുവിലുള്ള യാതൊരു ഭജനത്തിലും സംബന്ധിപ്പാൻ നിവൃത്തിയില്ലാതെ പോകുന്നവർ തനിച്ചു അനുഷ്ഠിക്കണം.

വാർഷിക ഭജനത്തിന്റെ അവസാനത്തിൽ വ്രതസ്ഥന്മാർ എല്ലാവരും പ്രതിജ്ഞ പുതുക്കേണ്ടതാണ്. സമൂഹത്തിൽ നടപ്പിൽ ഇരിക്കുന്ന ആചാരങ്ങളും പ്രാർത്ഥനകളും ഈ വിഷയത്തിൽ അനുഷ്ഠിക്കണം. വാർഷികഭജനംകൊണ്ട് താഴെപ്പറയുന്നതിൽ ഏതെങ്കിലും ഒരു കാര്യം സാധിക്കേണ്ടതാണ്.

1. വിശുദ്ധി പ്രാപിക്കുന്നതിന് അത്യന്താപേക്ഷിതമായ ഏതെങ്കിലും ശ്രമം ചെയ്തുകൊണ്ടു സന്യാസപൂർണ്ണമായ വി. അനുസരണം പരിശീലിക്കണം. പ്രജകൾ രാജാവിന് ആണ്ടുതോറും നികുതികൊടുക്കുന്ന പ്രകാരം സന്യാസി ദൈവത്തിനു പൂർണ്ണ ഭക്തിയായ നികുതി കൊടുക്കുന്നതിനും ദൈവത്തോടു നന്നായി അടുത്തു സംസർഗ്ഗം ചെയ്യുന്നതിനും തക്കയവസരം വാർഷിക ഭജനകാലമാകുന്നു.

2. ഒരു പൊതുകൂമ്പസാരമൊ ആണ്ടു കുമ്പസാരമൊ നടത്തി ആത്മാവിനെ നന്നായി ശുദ്ധീകരിക്കണം. ദൈവകൃപയിൽ ഏറ്റവും സുര

www.malankaralibrary.com

ക്ഷിതമായ സ്ഥിതിയിൽ ആത്മാവിനെ വെക്കണം. സംശയങ്ങൾ, ഭാവിയെപ്പറ്റിയുള്ള ഭയം മുതലായി ആത്മീയജീവിതത്തിനു തടസ്സമായിരിക്കുന്ന സകലത്തിൽ നിന്നും ആത്മാവിനെ വിടുവിക്കണം.

3. താഴെപ്പറയുന്നതു വാർഷികഭജനോദ്ദേശ്യമായിരിക്കണം. (എ) ഏറ്റവും ആവശ്യപ്പെട്ടിരിക്കുന്ന ഒരു സുകൃതം സമ്പാദിക്കണം. (ബി) ആവശ്യപ്പെട്ട ഒരു സുകൃതം ഇപ്പോഴത്തേക്കാൾ നന്നായും പരിപൂർണ്ണമായും സമ്പാദിക്കണം. (സി) നിന്നെ പ്രധാനമായി ഭരിക്കുന്ന (i) പാപത്തെ (ii) ദുർന്നടത്തയെ (iii) മനോഭാരത്തെ (iv) ദുരാചാരത്തെ – നീക്കിക്കളയണം.

4. നീ പല തൊഴിൽ ചെയ്കയും; പല ഉദ്യോഗങ്ങൾ വഹിക്കയും ചെയ്തതുകൊണ്ടു നിന്റെ മനസ്സും വിചാരവും പതറിയിരിക്കയാണ്. ഈ ധ്യാനംകൊണ്ട് ഏകാഗ്രചിത്തം സമ്പാദിക്കണം. നിന്റെ ശ്രദ്ധയെ (മനസ്സിനെ) പൂർണ്ണമായി ദൈവത്തിങ്കൽ ഭരമേല്പിച്ചു ദൈവസന്നിധി ബോധം ജീവിതത്തിൽ പുനഃസ്ഥാപിക്കുന്നതിനു ഈ ഭജനം കൊണ്ടു സാധിക്കണം. മേലാൽ നീ വഹിക്കേണ്ട ചുമതലയോ നീ ചെയ്യേണ്ടി വരുന്ന വേലയോ സുകൃതപൂർണ്ണതയിൽ ചെയ്‌വാനായി ഏതു വിധത്തിലെല്ലാം ശ്രമിക്കണമെന്നു നീ കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. ഈ ഭജനം കൊണ്ടു ഇതു സാധിക്കണം.

5. മനഃപ്രാർത്ഥന നന്നായി നടത്തുന്നതിനു നിന്റെ ആത്മാവിനെ അഭ്യസിപ്പിക്കാനും അതിനെ ഇടവിടാതെ ദൈവസന്നിധിയിൽ വച്ചു കൊള്ളുവാൻ നീ ശീലിക്കുന്നതിനും വേണ്ടി ഈ ഭജനം നിനക്കു ആവശ്യപ്പെട്ടിരിക്കുന്നു. നിന്റെ ജീവിതത്തിൽ സർവ്വപ്രധാനമായ കാര്യം ഇടവിടാതുള്ള ദൈവസംസർഗ്ഗമാകുന്നു. ഇതേവരെ ഇതു നന്നായി അഭ്യസിച്ചിട്ടില്ലാത്ത നിനക്ക് ഈ ഭജനം എത്ര ആവശ്യമായിരിക്കുന്നു.

6. നീ ഈ ജീവിതം തുടങ്ങിയിട്ടു ഇപ്പോൾ എത്ര നാളായി? ഒരു കച്ചവടക്കാരൻ വ്യാപാരം ചെയ്തിട്ടു കുറേ നാളാകുമ്പോൾ അതുവരെയുള്ള ലാഭനഷ്ടങ്ങൾ കണക്കാക്കി നോക്കുമല്ലോ. അതുപോലെ നീയും ആത്മീയലാഭനഷ്ടങ്ങൾ കണക്കാക്കി നോക്കണം. മേലിൽ കൂടുതൽ ലാഭനഷ്ടങ്ങൾ ഉണ്ടാകാനുള്ള വഴി കണ്ടുപിടിക്കണം.

7. പുണ്യമാർഗ്ഗത്തിൽ നിനക്കു വലിയ വീഴ്ചയും നാശവും വരാൻപോകുന്നു എന്നു നിന്റെ ഉദാസീനതയും ഉഴപ്പും കാണിക്കു

www.malankaralibrary.com

ന്നു. അതുകൊണ്ട് ഇവയെ ഉടൻതന്നെ നീക്കിക്കളഞ്ഞു നിന്റെ ജീവിതം പുണ്യമാർഗ്ഗത്തിലും വിശുദ്ധിയിലും സുസ്ഥിരമാക്കേണ്ടിയിരിക്കുന്നു.

8. സന്യാസജീവിതത്തിൽ ദിനംപ്രതി അനുഷ്ഠിക്കേണ്ട കൃത്യങ്ങളും ആചാരങ്ങളും വിശ്വാസത്തിന്റെ ആത്മാവിൽ നിർവ്വഹിപ്പാൻ നിനക്കു സാധിക്കേണ്ടിയിരിക്കുന്നു. ഓരോ കാര്യവും പരമപൂർണ്ണതയിൽ ചെയ്യാനുള്ള വഴി നീ പാലിക്കേണ്ടിയിരിക്കുന്നു.

9. നിനക്കുണ്ടായിക്കൊണ്ടിരിക്കുന്നതൊ ഉണ്ടാകാൻ തുടങ്ങുന്നു എന്നു നിനക്കു അറിയാവുന്നതൊ, ആയ ഒരു പരീക്ഷയിൽ - ശോധനയിൽ - കഷ്ടതയിൽ - സന്ദർഭത്തിൽ നിനക്കു ധാരാളം ആത്മീയബലം വേണ്ടിയിരിക്കുന്നു. നിന്റെ ആത്മാവിനു ചുറ്റും ഒരു കോട്ട കെട്ടേണ്ടതായിട്ടുണ്ട്. ദൈവത്തിൽ നിന്നു പ്രകാശവും കൃപയും സമ്പാദിച്ചു നീ മുമ്പോട്ടുപോകേണ്ട അത്യാവശ്യമുണ്ട്.

10. പുതുതായി നിന്നെ ഭരമേല്പിക്കുന്ന ഏതെങ്കിലും വേല-ചുമതല-ശരിയാംവണ്ണം നിർവ്വഹിപ്പാൻ നീ പ്രാപ്തനാകേണ്ടതിനു ഭജനം ആവശ്യമാകുന്നു.

നിന്നെ ഏല്പിക്കുന്ന ഏതെങ്കിലും പ്രയാസമുള്ള വേല, (ദീർഘകാലത്തേക്കുള്ള വേല, ദീർഘകാലത്തെ പഠനം, പ്രസംഗവേല, മുതലായി ഏതെങ്കിലും) ഭരമേൽക്കുന്നതിനു മുമ്പു ഭജനം നല്ലതാകുന്നു.

11. പെട്ടെന്നു മരണം പിടികൂടാമല്ലോ. അതിനു ഒരുങ്ങണം.

12. നീ രോഗക്കിടക്കിയിൽ ആണെങ്കിൽ രോഗത്തിൽ ദൈവീകമായി വർത്തിപ്പാനും മരണത്തിനു ഒരുങ്ങാനും നിന്റെ രോഗം അനുവദിക്കുന്നതു പോലെയുള്ള ഒരു ഭജനം ആവശ്യമാകുന്നു.

**ഭജനത്തിനു ഒരുങ്ങുന്നത് എങ്ങനെ?**

മേലെഴുതിയ പല ഉദ്ദേശങ്ങളിൽ നിനക്കു അനുയോജ്യമായതു തെരഞ്ഞെടുക്കുക. ഭജനം തുടങ്ങുന്നതിനു കുറഞ്ഞപക്ഷം മൂന്നു ദിവസം മുമ്പു കൂട്ടിയെങ്കിലും അതു ചെയ്യണം. നന്നായി ആലോചിച്ചും ആത്മീയനിയന്താവിന്റെ ഉപദേശപ്രകാരവും ഒന്നു തെരഞ്ഞെടുക്കുന്നതു നന്ന്.

www.malankaralibrary.com

**ഭജനകാലത്ത് എന്തു ചെയ്യണം?**

1. ക്ലിപ്തസമയത്ത് ഒട്ടും ഉദാസീനത കൂടാതെ ഏഴുന്നേൽക്കണം. സാധാരണയിൽ കൂടുതലായ തീക്ഷ്ണതയോടും ഭക്തിയോടുകൂടി പ്രഥമകൃത്യങ്ങളും പ്രഭാതയാഗർപ്പണവും ചെയ്യണം.

2. കാര്യപരിപാടി വിശ്വസ്തതയോടെ പാലിക്കണം. ഏതെങ്കിലും പ്രത്യേക കൃപ നിന്നെ ആകർഷിക്കുന്നുവെന്നു ബോദ്ധ്യം വരുന്നതായാൽ അതിന്നനുസരണമായി പ്രാർത്ഥനാവിഷയം ഭേദപ്പെടുത്താം. കാര്യപരിപാടി നിന്നെ കെട്ടിയിരിക്കുന്ന ചങ്ങലയാണെന്നു നിരൂപിക്കരുത്. തക്കകാരണത്തിന്മേൽ അതു ഭേദപ്പെടുത്താം.

3. ഒരു ഭക്തിവ്യായാമം കഴിഞ്ഞു മറ്റൊന്നു തുടങ്ങുന്നതിനു മുമ്പു അല്പം വായിക്കയൊ, അല്പസമയം വിശ്രമിക്കയൊ എഴുന്നേറ്റുനടക്കയൊ, ലഘുവായ വല്ല വേലയും ചെയ്കയോ ആവാം. ഇങ്ങനെ ചെയ്യുന്നതുകൊണ്ടു മനഃശരീരങ്ങൾക്കു വിശ്രമം കിട്ടും. ഭക്തിവ്യായാമങ്ങളിൽ അരുചി തോന്നാതിരിക്കും. ക്ഷീണം തോന്നുകയില്ല. ഇങ്ങനെ ലഘുവിശ്രമം ചെയ്യുമ്പോൾ ഹൃദയം ദൈവത്തിങ്കൽ ഇരുന്നുകൊള്ളും. പ്രത്യേകിച്ചും സന്നിധിബോധം പാലിക്കാൻ മനസ്സിനെ ബദ്ധപ്പെടുത്തണ്ടാ. കഴിഞ്ഞ വ്യായാമം ശരിയായി ചെയ്തുവൊ എന്നു പരിശോധിക്കയും ഇനിയും ചെയ്യാൻ പോകുന്നതു നന്നായി ചെയ്യാൻ ഒരുങ്ങുകയും ചെയ്യുന്നതിനു പ്രത്യേകം കുറെ സമയം എടുക്കുന്നതു നന്ന്. വിശ്രമസമയത്ത് ഇതു ചെയ്യണ്ടാ മനസ്സിനെ ഒട്ടു ഹേമിക്കാതെയുള്ള നിമിഷപ്രാർത്ഥന വിശ്രമസയത്ത് ഏറെക്കുറെ ചെയ്യാം.

1. (എ) ദിവസംതോറും വി. കുർബാന അനുഭവിക്കാം. സമൃദ്ധിയായ കൃപക്കായി താല്പര്യമായി പ്രാർത്ഥിച്ചുകൊണ്ട് അതിന്നായി ഒരുങ്ങണം. (ബി) വി. കുർബാന അനുഭവിച്ചുകഴിയുമ്പോൾ സ്തോത്രം കൊടുക്കണം. സ്തോത്രസമയത്ത് നിന്റെ അതിഥിയായ യേശുവിനോട് താഴ്മയോടും സ്വാതന്ത്ര്യത്തോടും കൂടി സംസാരിച്ചുകൊള്ളുക. കഴിഞ്ഞ ദിവസത്തെ ഭക്തിവ്യായാമങ്ങളെല്ലാം യേശുവിന്റെ പക്കൽ ഭരമേല്പിക്കുക. ഇന്നത്തെ ആത്മീയ വ്യായാമങ്ങളുടെ വിജയം മുഴുവനും യേശുവിൻരെ സഹായത്തെ ആശ്രയിച്ചിരിക്കുന്നു എന്ന് ഏറ്റു പറയുക. (സി) നീ സന്യാസപ്രതിജ്ഞ ചെയ്ത ആളാണെങ്കിൽ നിന്റെ പ്രതിജ്ഞ തീക്ഷ്ണതയോടുകൂടി പുതുക്കുക. ഏതെങ്കിലും ഒരു പ്രതിജ്ഞ പുതുക്കിയാലും മതി.

www.malankaralibrary.com

5. ഭക്തിപരമായ ഒരു വ്യായാമം ഒരു മണിക്കൂറിൽ കൂടുതൽ സമയത്തേയ്ക്ക് ദീർഘിപ്പിക്കരുത്. പല വ്യായാമങ്ങൾക്കും മദ്ധ്യേ വിശ്രമവും ലഘുവേലയും ഉണ്ടായിരിപ്പാൻ തക്കവണ്ണവും, ഒരുതരം വ്യായാമം തുടരെ ചെയ്യാൻ ഇടയാകാതിരിക്കത്തക്കവണ്ണവും പരിപാടി ക്രമപ്പെടുത്തിക്കൊള്ളണം. മനസ്സ് ക്ഷീണിക്കാൻ ഇടയാക്കരുത്.

6. വിശ്രമത്തിന് നിശ്ചയിച്ചിരിക്കുന്ന സമയത്ത് ആത്മദണ്ഡനം മുതലായി യാതൊന്നും ചെയ്യരുത്. വിശ്രമസയത്ത് വിശ്രമിക്കണം. സ്വന്ത സമയമായി വേർതിരിച്ചിരിക്കുന്ന സമയത്ത് ലഘുവായ ഏതെങ്കിലും കായികവേലയൊ ആത്മദണ്ഡനമൊ ചെയ്യാം. മനസ്സുകൊണ്ടുള്ള പ്രയത്നം ആ സമയത്തു ചെയ്യരുത്. വിശ്രമം കൃത്യസമയത്തുതന്നെ അവസാനിപ്പിക്കണം.

7. ഭക്തിവായനക്കു ദിവസത്തിൽ അരയൊ മുക്കാലൊ മണിക്കൂർ വീതമുള്ള മൂന്ന് പീരിയഡ് വിനിയോഗിക്കാം. അവയിൽ ഒന്ന് ഉച്ചയ്ക്കു മുമ്പും വേറൊന്ന് ഉച്ചയ്ക്കും, മൂന്നാമത്തേത് സന്ധ്യക്കുമുമ്പും ആയിരിക്കുന്നതു കൊള്ളാം. കാലത്തും വൈകിട്ടുമുള്ള വായന ഭക്തിപരവും ഉച്ചയ്ക്കത്തെ വായന ചരിത്രസംബന്ധവും ആയിരുന്നാൽ നന്ന്. വിശുദ്ധന്മാരുടെ ചരിത്രമൊ വേദപുസ്തകത്തിലെ ചരിത്രസംബന്ധമായ പുസ്തകങ്ങളൊ വായിക്കാം.

8. അന്നന്നത്തെ ജീവിതം പരിശോധിക്കുന്നതു കൂടാതെ നിന്റെ ജീവിതം ആകപ്പാടെ ശരിപ്പെടുവാൻ തക്കവണ്ണം പൊതുവായ ജീവിതശോധന ദിവസത്തിൽ രണ്ടുപ്രാവശ്യം വീതം ചെയ്വാൻ സൗകര്യമുണ്ടെങ്കിൽ കൊള്ളാം. ഉച്ചഭക്ഷണത്തിനു മുമ്പ് അരമണിക്കൂറും സന്ധ്യ കഴിഞ്ഞ് അരമണിക്കൂറും ഇതിലേക്കു വിനിയോഗിക്കുന്നതു നന്ന്.

9. ഭജനകാലത്ത് മൂന്നാംദിവസം തോറും കുമ്പസാരം നടത്തുന്നതു നന്ന്. 8-ാം വകുപ്പിൽ വിവരിച്ച പ്രകാരമുള്ള പ്രത്യേക ശോധനയിൽ കണ്ടുപിടിക്കുന്ന തെറ്റുകളും ബലഹീനതകളും ഏറ്റുപറയണം. കണിശമായും ക്ലിപ്തമായും മനഃപൂർവമായ അനുതാപത്തോടുകൂടെയും ഓരോ പാപങ്ങൾ ഏറ്റു പറയണം. ആണ്ടുകുമ്പസാരം ഈ വിധത്തിൽ പല ഭാഗങ്ങളായി നടത്തുന്നത് ആത്മീയാഭിവൃദ്ധിക്ക് വലിയ സഹായമാകുന്നു.

10. വാചാപ്രാർത്ഥന വർദ്ധിപ്പിക്കരുത്. മനഃപ്രാർത്ഥന നന്നായി ചെയ്യണം.

www.malankaralibrary.com

11. ധ്യാനവും സ്വന്ത പ്രാർത്ഥനകളും നടത്തുമ്പോൾ ദൈവം പലയവസരങ്ങളിലും നിന്റെ ആത്മാവിനോട് സംസാരിക്കും. ഇങ്ങനെ ലഭിക്കുന്ന നിശ്വാസങ്ങൾ, ഉപദേശങ്ങൾ, ധ്യാനത്തിൽ ചെയ്യുന്ന നിശ്ച യങ്ങൾ മുതലായവ ഒരു പ്രത്യേക ബുക്കിൽ എഴുതണം. നിന്റെ മന സ്സിൽ തോന്നുന്ന സകലവും എഴുതുവാൻ ബദ്ധപ്പെടരുത്. അധികനേ രത്തെ പ്രാർത്ഥനയുടെ ഫലമായി തോന്നിയിട്ടുള്ളതോ, പിന്നാലെയുള്ള ജീവിതാഭിവൃദ്ധിക്കു സഹായിക്കുന്നതായി തോന്നിയതൊ, പിന്നാലെ പ്രാർത്ഥനക്കു തീക്ഷണത വരുത്തുമെന്ന് വിശ്വാസമുള്ളതൊ, ധ്യാന നിശ്ചയങ്ങൾ നടപ്പിലാക്കുവാൻ സഹായമായിരിക്കുമെന്നു തോന്നുന്ന തൊ, ആയ സംഗതികൾ മാത്രം എഴുതിയിട്ടാൽ മതി. നല്ല പ്രാർത്ഥന കൾ തോന്നുന്നതായാൽ അവയും എഴുതിയിടാം. ഈ പുസ്തകം നിന്റെ ആത്മീയനിയന്താവിനെ കാണിക്കുന്നതു കൊള്ളാം. നിന്റെ യഥാർത്ഥ മായ സ്ഥിതി അദ്ദേഹം അറിയേണ്ടതാണല്ലോ.

12. ആത്മീയ നിയന്താവ് അനുവദിക്കുന്നതുപോലെ മിതമായ ദണ്ഡനങ്ങൾ ശരീരത്തിൽ ചെയ്യാം.

13. ഭജനകാലത്തു അസാധാരണമായ ആത്മീയ വരൾച്ചയൊ, വിചാരപ്പതർച്ചയൊ ഉണ്ടാകുന്നപക്ഷം മനസ്സുകലങ്ങരുത്. അതെപ്പറ്റി പരിഭ്രമിക്കരുത്. നിന്റെ ഹൃദയം ഭക്തിപരമായി കർത്താവിനു നന്നാ വഴിപ്പെട്ടുകൊടുക്കയൊ ദൈവകൃപയുടെ മധുരം രുചിക്കയൊ ചെയ്യു ന്നതായി തോന്നിയാൽ അതുകൊണ്ടു തൃപ്തിപ്പെടുകയൊ അതില്ലാ തിരുന്നാൽ അധൈര്യപ്പെടുകയൊ അരുത്. അങ്ങനെയുണ്ടാകുന്നപക്ഷം താഴ്മയോടുകൂടെ കർത്താവിനു സ്തോത്രം കൊടുക്കുക. എന്നാൽ ഇതുകൊണ്ട് വിശുദ്ധിയും ജീവിതസംസ്കാരവും ഉണ്ടായിപ്പോയി എന്നു തെറ്റിദ്ധരിക്കരുത്. ദൈവാത്മാവ് അധികമായ കൃപാവസ്ഥയി ലേക്കു നിന്നെ ആകർഷിക്കയാണെന്നു വിചാരിച്ചുകൊള്ളുക. ഈ വിധ മുള്ള ആത്മീയമധുരവും സന്തോഷവും ഉണ്ടാകുന്നില്ലെങ്കിൽ ദൈവ ത്തിന്റെ അടുക്കൽ താഴ്മപ്പെടുക. ദൈവകൃപയുടെ വ്യാപാരത്തിനായി ക്ഷമയോടും സ്വയത്യാഗത്തോടും കൂടി നിന്നെ കർത്താവിനു ഭരമേ ല്പിച്ചു കൊടുക്കുക.

നിന്റെ സ്വന്ത വീഴ്ചകൊണ്ടും സൂക്ഷ്മക്കുറവുകൊണ്ടും ആത്മീ യവരൾച്ച ഉണ്ടാകാവുന്നതാണ്. അങ്ങനെ വരാതിരിപ്പാൻ കരുതിക്കൊ

www.malankaralibrary.com

ള്ളണം. ദൈവകൃപ നിന്നെ ആകർഷിക്കുന്ന വഴിക്കു താഴ്മയോടും അനുസരണത്തോടുംകൂടെ പോകണം. അങ്ങനെ ചെയ്യുന്നതായാൽ ആത്മീയ വരൾച്ച ഉണ്ടാകാൻ എളുപ്പമില്ല. വിശുദ്ധന്മാർക്ക് ആത്മീയവരൾച്ച ഉണ്ടായിട്ടുള്ളപ്പോൾ താഴ്മയോടുകൂടി സഹിക്കയും ആ പരിശോധനയിൽകൂടി അനുസരണയുള്ള ഹൃദയത്തോടുകൂടി കടന്നുപോകുവാൻ കൃപ യാചിക്കയും ചെയ്തു. നീയും അങ്ങനെ ചെയ്തുകൊള്ളുക. നീ ഹൃദയപരമാർത്ഥതയോടുകൂടിയും മനഃപൂർവ്വമായും ദൈവത്തെ അന്വേഷിക്കുന്നുണ്ടോ എന്നും ദൈവത്തെതന്നെയാണോ നീ അന്വേഷിക്കുന്നത് എന്നും ഉറപ്പുവരുത്തുവാൻ ദൈവം നിന്നെ പരിശോധിക്കയായിരിക്കാം. ദൈവത്തിൽ നിനക്കു സുസ്ഥിരമായ വിശ്വാസവും ധൈര്യവും ഉണ്ടായിരിക്കണം. ആത്മീയവ്യായാമങ്ങൾ എത്രയധികം രുചികരമല്ലെന്നു നിനക്കുതോന്നിയാലും കൂട്ടാക്കരുത്. പ്രാർത്ഥനയ്ക്കു മനസ്സു വഴിപ്പെടുന്നില്ലെന്നു തോന്നിയാൽ വകവെയ്ക്കരുത്. ധൈര്യപൂർവ്വം കർത്താവിനെ ആശ്രയിച്ചുകൊള്ളുക. സ്നേഹിച്ചുകൊള്ളുക. മുറുകെപിടിച്ചുകൊള്ളുക. ഇങ്ങനെ ചെയ്യുന്ന പക്ഷം ആത്മീയസന്തോഷമുണ്ടായാൽ നിനക്കു ലഭിക്കുന്നതിൽ കൂടുതലായ പുണ്യവും ദൈവകൃപയും ആത്മീയ വരൾച്ചയിൽകൂടി സമ്പാദിപ്പാൻ നിനക്കു കഴിയും. നീ ദൈവത്തോടു എത്രയും സമീപിക്കയും ചെയ്യും. ഈ ഭജനത്തിൽ നിശ്ചയിച്ചിട്ടുള്ള ആത്മീയ വ്യായാമങ്ങളുടെ ഉദ്ദേശം നിന്റെ ഹൃദയത്തിനു ആത്മീയമാധുര്യം വരുത്തുകയും നിനക്കു ഹൃദയസന്തോഷമുണ്ടാക്കുകയും ചെയ്യണമെന്നുള്ളതല്ല. നീ നിന്നെത്തന്നെ മറന്നും ത്യജിച്ചും കർത്താവിനെ അന്വേഷിക്കണമെന്നും ജീവിതം ശുദ്ധീകരിക്കണമെന്നും അതിലേക്കു പര്യാപ്തങ്ങളായ നിശ്ചയങ്ങൾ ദൈവമുമ്പാകെ ചെയ്യണമെന്നുമുള്ളത് ഈ ഭജനത്തിന്റെ പരമോദ്ദേശ്യമാകുന്നു. അതുകൊണ്ടു നിന്റെ ഹൃദയം മധുരരസം അനുഭവിച്ചാലും കൈപ്പുരസം അനുഭവിച്ചാലും അതു വകവെയ്ക്കണ്ടാ . തീക്ഷ്ണതയേറിയ പ്രാർത്ഥനക്കു നിന്റെ മനസ്സുവഴിപ്പെട്ടാലും ഇല്ലെങ്കിലും കൂട്ടാക്കേണ്ട. നിന്റെ ഇഛാശക്തി (Will) ദൈവകൃപയുടെ സഹായംകൊണ്ട് യേശുമിശിഹായെ മുറുകെപിടിക്കയും അവിടുത്തെ സകല തിരുവിഷ്ടത്തിനും അധീനപ്പെടുകയും പരിപൂർണ്ണമായ അനുസരണ ജീവിതത്തിനു ദൈവമുമ്പാകെ നീ സന്നദ്ധനായും ചെയ്താൽ മതി. ഇപ്രകാരം നീ സന്നദ്ധനാകുമ്പോൾ കരുണാനിധിയായ കർത്താവു നിന്റെ കഴിഞ്ഞ കാലത്തെ കുറവുകളെ പരിഹരിക്കും. മേലാൽ സമൃദ്ധിയായ കൃപകളും ആത്മീ

www.malankaralibrary.com

യാനുഗ്രഹങ്ങളും തന്നു നിന്നെ അനുഗ്രഹിക്കും. ആത്മീയവരൾച്ചയുള്ളപ്പോൾ ചെയ്യുന്നവയെക്കാൾ നിലനില്ക്കുന്നതും ഫലവത്തും ആകുന്നു എന്നുംകൂടെ അറിഞ്ഞുകൊള്ളുക.

14. മനഃപ്രാർത്ഥനയൊ ധ്യാനമൊ ജീവിതശോധനയൊ നടത്തുന്ന അവസരത്തിൽ നിന്റെ അനവധി കുറവുകൾ നിനക്കു ബോദ്ധ്യപ്പെടുകയും മനസ്സു കലങ്ങുകയും ചെയ്യുന്നതായാൽ ഒട്ടും അധൈര്യപ്പെടരുത്. അശേഷം നിരാശപ്പെടരുത്. കരുണാപൂർണ്ണനായ ദൈവത്തിൽ പൂർണ്ണമായി ശരണം വച്ചുകൊൾക, സർവശക്തനായ ദൈവത്തിൽ പരിപൂർണ്ണമായി ആശ്രയിക്കണം. നിശ്ചയമായും ദൈവകൃപ നിന്നെ സഹായിക്കും. നിന്റെ ജീവിതം മുഴുവനായി ഭേദപ്പെടുന്നതിനും അത്യുൽകൃഷ്ടമായ വിശുദ്ധി സമ്പാദിക്കുന്നതിനും ദൈവം നിന്നെ അനുഗ്രഹിക്കും.

15. ദിവസത്തിൽ പല പ്രാവശ്യം ദൈവത്തിന്റെ സന്നിധി സ്മരിക്കണം. പരിശുദ്ധാത്മാവിനോടു പ്രാർത്ഥിക്കണം. വി. മാതാവിന്റെയും സംരക്ഷക പരിശുദ്ധന്റെയും സഹായം ചോദിക്കണം. നിനക്കു വല്ല പ്രയാസവും ഉണ്ടാകുമ്പോൾ ഇവയിൽ എന്തെങ്കിലും ചെയ്യുന്നതു വലിയ സഹായമാകുന്നു.

16. ഉറങ്ങുന്നതിനുമുമ്പു വി. കുർബാനയുടെ മുമ്പിലൊ വി. ത്രോണോസിന്റെ മുമ്പിലൊ കുരിശിന്റെ മുമ്പിലൊ സാഷ്ടാംഗം വീണുകൊണ്ട്:- (എ) ദൈവത്തിനു സ്തോത്രം കൊടുക്കുകയും (ബി) നിന്റെ നിശ്ചയങ്ങൾ പാലിപ്പാൻ ദൈവം ശക്തി തരുന്നതിനായി യാചിക്കയും. (സി) നിന്റെ തെറ്റുകൾക്കു മാപ്പപേക്ഷിക്കയും (ഡി) പ്രതിജ്ഞകൾ പുതുക്കയും (ഇ) വി. മാതാവിന്റെയും ശുദ്ധിമാന്മാരുടെയും അനുഗ്രഹവും സഹായവും ചോദിക്കയും ചെയ്യണം.

17. നിന്റെ ആത്മീയ നിയന്താവിനെ ഭജനകാലത്തു ദിവസംതോറും കണ്ടുകൊണ്ടിരുന്നാൽ കൊള്ളാം. ഇതിനു സൗകര്യമില്ലെങ്കിൽ രണ്ടു ദിവസത്തിലൊരിക്കൽ കണ്ടേമതിയാവൂ. നന്മയായൊ തിന്മയായൊ നിന്റെ വിചാരത്തിലൊ മനോരാജ്യത്തിലൊ നടപടിയിലൊ ഉണ്ടായിട്ടുള്ള സകല കാര്യങ്ങളും അദ്ദേഹത്തോടു തുറന്നു പറയാം. നിന്റെ പ്രവൃത്തികൾ സംബന്ധിച്ചു നിന്നെ നേർവഴിയിൽ നടത്തുന്നതിനും നിന്റെ സംശയങ്ങൾക്കു നിവാരണമുണ്ടാകുന്നതിനും, നിന്റെ പ്രയാസങ്ങൾ ജയിക്കുന്നതിനും സഹായിക്കുന്നതിനും അദ്ദേഹത്തിന്റെ ഉപദേശം ആവശ്യമാകുന്നു.

www.malankaralibrary.com

അദ്ധ്യായം 13

# പലരൊരുമിച്ച് ഭജനമനുഷ്ഠിക്കുമ്പോൾ ആചരിക്കേണ്ട പ്രധാന കാര്യങ്ങൾ

1. പരിപൂർണ്ണമായ ഏകാന്തതയിൽ വിശുദ്ധ വ്യായാമങ്ങൾ ഓരോന്നും ചെയ്‌വാൻ സാധിക്കാത്തതിനെപ്പറ്റി വിചാരപ്പെടുകയോ വിഷമിക്കയൊ അരുത്. തനിച്ചു ശാന്തിദിനമെടുക്കുകയൊ ഭജനമെടുക്കുകയൊ ചെയ്യുമ്പോൾ ഏകാന്തമായി ഭക്തിവ്യായാമങ്ങൾ നടത്തുവാൻ അദ്ധ്യക്ഷൻ സൗകര്യമുണ്ടാക്കിത്തരും. എന്നാൽ ഏകാന്തതയിൽ ഇവ നടത്തിയെ മതിയാവൂ എന്നു വിചാരിക്കരുത്. ഭക്തി വ്യായാമങ്ങളുടെ ഫലം ഇതിനെ ആശ്രയിച്ചിരിക്കുന്നു എന്നു വിചാരിക്കണ്ടാ. നിന്റെ സ്വന്ത സൗകര്യങ്ങൾ ഉപേക്ഷിച്ചു മറ്റുള്ളവർക്കു വേണ്ട സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കയും അനുസരണത്തിൻ കീഴിൽ വിശുദ്ധ വ്യായാമങ്ങൾ നടത്തുകയും ചെയ്തുകൊള്ളുക. വലുതായ അനുഗ്രഹം ഇതിൽ നിന്നു നിനക്കു ലഭിക്കും. ഭജന ദിവസങ്ങളിൽ കൂട്ടുകാരുമായി ഇടപെടരുത്. ആത്മാവിൽ ഏകാന്തത പാലിക്കണം. ദൃഢമൗനം നിഷ്കർഷയായി പാലിക്കണം. അന്യോന്യം ആംഗ്യം വഴിയായിപ്പോലും സംസാരിക്കരുത്. ഏകാന്തതക്കു ഭംഗവും അകമെയും പുറമെയും ആശ്രദ്ധയും വരുത്തുന്ന കാര്യങ്ങളെല്ലാം വർജ്ജിക്കണം. ഇതിലേക്കുവേണ്ട സൗകര്യങ്ങൾ അദ്ധ്യക്ഷനുണ്ടാക്കിത്തരും.

2. ഭജനകാലത്തു സാധാരണ ദിവസങ്ങൾക്കു വേറെയും, ഞായറാഴ്ച, മാറാനായ പെരുന്നാൾ മുതലായ വിശേഷദിവസങ്ങൾക്കു വേറെയും ദിനകാര്യപരിപാടി ആത്മീയ നിയന്താവിന്റെ ഉപദേശമനുസരിച്ചു മുമ്പുകൂട്ടി തയാറാകണം. ഭജനം ആരംഭിച്ച ശേഷം ഇതു ശരിപ്പെടുത്തിക്കൊള്ളാമെന്നു വിചാരിക്കരുത്. നിന്റെ ധ്യാനമൊ, വായനയൊ, ചിലപ്പോൾ കുറയ്ക്കേണ്ടിവന്നാൽ അതേപ്പറ്റി മനസ്സിനു സമാധാനക്കുറവുണ്ടാകരുത്. എന്നാൽ ഓരോ ദിവസവും പ്രത്യേക ശോധന (Particular examinations) നിഷ്ക്കർഷമായി നടത്തണം.

www.malankaralibrary.com

3. ദൃഢമൗനം നിർബന്ധമായും നിഷ്കർഷമായും പാലിക്കണം. ഒരു ചെറിയ വാക്കുപോലും അദ്ധ്യക്ഷനോടും ആത്മീയ പിതാവിനോടും അല്ലാതെ സംസാരിക്കരുത്. അവരോടു തന്നെയും അത്യാവശ്യപ്പെട്ടതു മാത്രമെ പറയാവൂ. അദ്ധ്യക്ഷനോടു സംസാരിക്കുന്നതിനു പകരം അത്യാവശ്യമുള്ളതു എഴുതി കൊടുക്കുന്നതുത്തമം. മറ്റുള്ളവരെ ഏതെങ്കിലും അറിയിക്കേണ്ടതു അത്യാവശ്യമായിരുന്നാൽ എത്രയും ചുരുക്കമായി എഴുതിക്കൊടുക്കാം. ഒരു ചെറിയ കടലാസുതുണ്ടിൽ മാത്രമെ എഴുതാവൂ.

4. ആരേയും സൂക്ഷിച്ചു നോക്കരുത്. ആംഗ്യംകൊണ്ട് അന്യോന്യം സംസാരിക്കരുത്. ആരെയെങ്കിലും കാണുമ്പോൾ പുഞ്ചിരിക്കൊള്ളുകയോ അവർ പുഞ്ചിരി കൊള്ളുന്നതായി കാണുന്നപക്ഷം മറുപടിയായി പുഞ്ചിരികൊള്ളുകയൊ അരുത്. സദാചാരഭംഗം കൂടാതെ തല കുനിച്ച് പൊയ്ക്കൊള്ളണം. എപ്പോഴും നന്നായി അടക്കമൊതുക്കം പാലിക്കണം. ഹൃദയത്തിൽ ദൃഢമായ താഴ്മ പാലിക്കണം.

5. മറ്റുള്ളവരോടുകൂടെ അനുഷ്ഠിക്കേണ്ട കർമ്മങ്ങൾ (പൊതുവായ പ്രാർത്ഥന, ഒരുമിച്ചുള്ള ഭക്ഷണം ആദിയായവ) കൃത്യസമയത്ത് ജാഗ്രതയോടും വിനയമുള്ള ഹൃദയത്തോടുംകൂടി നടത്തണം. ലഘുവായ ദണ്ഡനങ്ങളും ഇന്ദ്രിയനിഗ്രഹവും പാലിപ്പാൻ ഈ അവസരം നല്ലതാകുന്നു.

6. നിന്റെ തൗനായിൽനിന്നു പുറത്തു പോകേണ്ടിവരുമ്പോൾ ഭജനനിഷ്ഠകൾ നിഷ്ക്കർഷയായി പാലിക്കത്തക്കവണ്ണം നല്ല ഒരുക്കത്തോടുകൂടെ പോകണം. പുറത്തിറങ്ങുന്നതിനുമുമ്പ് കുരിശുവരയ്ക്കുകയും ഉചിതമായ പ്രാർത്ഥന നടത്തുകയും ചെയ്യണം. കുരിശിന്റെ മുമ്പിൽ കുമ്പിട്ട് നിന്നെയും ചെലവാക്കേണ്ടി വരുന്ന സമയത്തെയും പ്രതിഷ്ഠിച്ചുകൊണ്ട് പുറത്തിറങ്ങുന്നതു നന്ന്. ചാപ്പലിൽനിന്ന് പുറത്തിങ്ങുന്നതും ഈവിധമായിരുന്നാൽ കൊള്ളാം. വീണ്ടും ചാപ്പലിലേക്കോ തൗനായിലേക്കോ മടങ്ങിവരുമ്പോൾ അടുത്ത ആത്മീയ വ്യായാമം ഏറ്റം ഭക്തിയോടുകൂടി ചെയ്വാൻ തക്കവണ്ണം പ്രാർത്ഥിക്കയും കുമ്പിടുകയും ചെയ്യുന്നതു നന്ന്. ഭജനകാലത്ത് ഇതു തഴക്കമാക്കിക്കൊള്ളണം. ഭജനം കഴിയുമ്പോഴും ഭക്തിപൂർവ്വം ഇത് ആചരിപ്പാൻ സാധിക്കും.

7. ഭജനം കഴിഞ്ഞാൽ ഏതെല്ലാം കാര്യങ്ങളിൽ നിന്റെ നടപടി ക്രമീകരിക്കപ്പെടേണ്ടിയിരിക്കുന്നു? ഏതെല്ലാം സന്ദർഭങ്ങളിൽ നിന്റെ ഹൃദയം ക്ഷമയോടും താഴ്മയോടും വർത്തിക്കേണ്ടിയിരിക്കുന്നു? ആരോടെല്ലാം നിന്റെ പെരുമാറ്റങ്ങൾ താഴ്മയും വിനയവും സ്നേഹപരവും ആയിരിക്കണം? ഇങ്ങനെയുള്ള കാര്യങ്ങൾ ഭജനകാലത്തെ ജീവിതശോധനയിൽ കണ്ടുപിടിക്കുന്നതു നിവൃത്തിയുള്ളിടത്തോളം അന്നന്നുതന്നെ ശരിയായി അനുഷ്ഠിച്ച് ആരംഭിച്ചുകൊള്ളുക. ഇവ അനുഷ്ഠിപ്പാനുള്ള ശ്രമത്തിൽ നിന്റെ ധ്യാനനിഷ്ഠകൾക്കു ഭംഗം വരുത്തരുത്.

www.malankaralibrary.com

അദ്ധ്യായം 14

# ഭജനം അവസാനിപ്പിക്കുന്നതെങ്ങിനെ?

ഭജനശേഷം പ്രത്യേകം സൂക്ഷിക്കേണ്ട കാര്യങ്ങൾ താഴെ ചേർക്കുന്നു.

1. ആത്മീയ നിയന്താവിനോടു പറയണമെന്ന് ആഗ്രഹിക്കുന്ന സംഗതികൾ രേഖപ്പെടുത്തണം. പല കാര്യങ്ങളിലും അദ്ദേഹത്തോടു ചോദിച്ച് സംശയങ്ങൾ തീർക്കാനുണ്ടായിരിക്കും. നിന്റെ ആത്മീയ ജീവിതത്തിന്റെ യഥാർത്ഥമായ സ്ഥിതി അദ്ദേഹത്തെ അറിയിക്കേണ്ടതാണ്. നിന്റെ ആത്മീയാഭിവൃദ്ധിക്കു ആവശ്യപ്പെട്ട ഉപദേശങ്ങൾ അദ്ദേഹത്തിൽനിന്ന് വാങ്ങേണ്ടതാണ്. അദ്ദേഹത്തിന്റെ അടുക്കൽ പ്രധാനമായി നടത്താനുള്ള ആത്മീയ കോൺഫ്രൻസ് (Spiritual Conference) നടത്തുന്നതിനു നീ നന്നായി ഒരുങ്ങേണ്ടതാണ്. അതിലേക്കു വേണ്ടതെല്ലാം രേഖപ്പെടുത്തണം. ദീർഘമായി എഴുതണ്ടാ. സംഗതികൾ നോട്ടുചെയ്താൽ മതി. ആത്മീയ വ്യായാമങ്ങളുടെ അവസാനത്തിങ്കലൊ, കുറെക്കൂടെ കഴിഞ്ഞിട്ടോ ആത്മീയ കോൺഫ്രൻസിനു സമയം നിശ്ചയിക്കണം. ആത്മീയ പിതാവിനോടു ചോദിച്ചു നിശ്ചയിക്കയും ആ സമയത്തേക്കു പ്രാർത്ഥനയോടുകൂടി നീ ഒരുങ്ങിയിരിക്കയും വേണം. നല്ല വെള്ളയായ സ്ഫടികപ്പാത്രത്തിൽകൂടി പുറത്തു നിന്നു നോക്കുന്ന ആളിന്റെ കണ്ണുകൾക്ക് ദൃശ്യമായിരിക്കുന്നുവോ അപ്രകാരം നിന്റെ യഥാർത്ഥമായ ആത്മീയാവസ്ഥയും ഹൃദയത്തിന്റെ ആഴവും ആത്മീയ നിയന്താവിനു വെളിപ്പെടുത്തിക്കൊടുക്കണം. ഇപ്രകാരം വെളിപ്പെടുത്തുന്നതിനു പ്രതിബന്ധമായി നിനക്കു തോന്നുന്ന കാര്യങ്ങൾപോലും ആത്മീയ പിതാവിനോടു തുറന്നുപറയണം.

2. അനുമതിയോടുകൂടി ഏതെങ്കിലും കഠിനദണ്ഡനം ചെയ്യാവുന്നതാണ്. നിന്റെ തെറ്റുകൾക്കു നിന്നെത്തന്നെ കുറ്റപ്പെടുത്തിക്കൊണ്ടു

www.malankaralibrary.com

ഇതു ചെയ്യണം. ഒരു പ്രത്യേക കഠിനദണ്ഡം ചെയ്‌വാൻ അനുവദിക്കുന്നില്ലെങ്കിൽ അനുവദിക്കുന്ന ഏതെങ്കിലും കഠിനദണ്ഡം ചെയ്താൽ മതിയാവും. അനുമതി കൂടാതെ കഠിനദണ്ഡനം ചെയ്യരുത്.

3. ആത്മീയ ദണ്ഡനം ചെയ്യുന്ന സ്ഥലം വിട്ടുപോകുന്നതിനു മുമ്പ്. (എ) ദൈവത്തിന് എത്രയും ഭക്തിയോടുകൂടി സ്തോത്രംകൊടുക്കണം. എത്ര വലിയ കൃപയാണ് ദൈവം നിനക്കു ചെയ്തത്? ദൈവം നിന്റെ മനസ്സിനുതന്നെ പ്രകാശത്തിനുവേണ്ടിയും നിന്റെ ഉള്ളിൽ ഉദിപ്പിച്ച പരിശുദ്ധമായ ആശയങ്ങൾക്കും അഭിലാഷങ്ങൾക്കും നിശ്വാസങ്ങൾക്കും വേണ്ടിയും, നിനക്കുതന്ന കൃപകൾക്കുവേണ്ടിയും സ്തോത്രം കൊടുക്കണം. (ബി) ഈ ഭജനത്തിൽ നീ കാണിച്ച തെറ്റുകൾക്കും ഉദാസീനതകൾക്കും വേണ്ടി വിനയപൂർവ്വം മാപ്പു ചോദിക്കണം. (സി) ദൈവത്തിന്റെ വിശ്വാസമനുസരിച്ചു ദൈവമുമ്പാകെ ചെയ്‌വാൻ നിനക്കു സാധിച്ചതായ നല്ല നിശ്ചയങ്ങൾ പുതുക്കണം. അവയെ ദൈവമുമ്പാകെ വീണ്ടും സമർപ്പിക്കണം. ദൈവം നിന്നിൽ ആരംഭിച്ച വേല പൂർത്തിയാക്കണമെന്നു താല്പര്യമായി യാചിക്കണം. നിന്റെ ഹൃദയത്തിൽ ദൈവം വിതച്ച ആഗ്രഹങ്ങൾ നിറവേറ്റുവാൻ സഹായിക്കണമെന്നു താഴ്മയോടുകൂടി പ്രാർത്ഥിക്കണം.

4. തദനന്തരം സൗകര്യമുള്ളപ്പോൾ വി. കുർബാനയുടെ മുമ്പാകെ എത്തി സാഷ്ടാംഗം വീണു ദൈവകൃപയും സഹായവും അപേക്ഷിക്കണം. ദൈവമാതാവിന്റെ അനുഗ്രഹവും മദ്ധ്യസ്ഥതയും യാചിക്കണം. തദനന്തരം അദ്ധ്യക്ഷന്റെ അടുക്കൽ ചെന്ന് മുട്ടിന്മേൽ നിന്നുകൊണ്ട് അദ്ധ്യക്ഷന്റെ അനുഗ്രഹം അപേക്ഷിക്കണം. അദ്ധ്യക്ഷന്റെ അടുക്കൽ ഏതെങ്കിലും അനുസരണക്കേടോ വിനയമില്ലായ്മയൊ സ്നേഹക്കുറവോ ഉണ്ടായിപ്പോയിട്ടുണ്ടെങ്കിൽ അവ ഏറ്റു പറഞ്ഞു മാപ്പു ചോദിക്കാവുന്നതാണ്. ഇങ്ങനെ ചെയ്യണമെന്നു നിന്റെ മനസ്സാക്ഷിയിൽ ദൈവാത്മാവു സംസാരിക്കുന്നുവെങ്കിൽ മാത്രം ചെയ്താൽ മതി.

5. ഇപ്പോൾ നിന്റെ വാർഷികഭജനം അവസാനിക്കുകയാണല്ലോ. ഭജനശേഷം നീ പാലിക്കേണ്ട സുകൃതങ്ങൾ ഏവയെല്ലാം, പ്രത്യേകം സൂക്ഷിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം എന്നു ഭജനമദ്ധ്യേ പലപ്പോഴായി രേഖപ്പെടുത്തിയിട്ടുണ്ടല്ലോ. അവയെല്ലാം ശേഖരിച്ചു ക്രമപ്പെടുത്തി എഴുതണം.

6. (എ) മേലാൽ ധ്യാനവിഷയവും, പ്രാർത്ഥനാവിഷയവും ആക്കേണ്ട സംഗതികൾ രേഖപ്പെടുത്തണം. ഏതു സംഗതി സംബന്ധിച്ചു ധ്യാനിച്ചപ്പോഴാണ് നിനക്കു അധികമായ ദൈവകൃപയും സൽഫലവും ഉണ്ടായത് എന്നു ഓർത്തു നോക്കി അതു പ്രത്യേകം രേഖപ്പെ

www.malankaralibrary.com

ടുത്തണം. (ബി) മേലാൽ നിന്റെ ഭക്തിവായന ഏതു വിഷയം സംബന്ധിച്ചായിരിക്കണമെന്നു ചിന്തിച്ച് എഴുതണം. (സി) പ്രത്യേകശോധനക്കു വിഷയമാക്കേണ്ട കാര്യമെന്തെന്നു രേഖപ്പെടുത്തണം. (ഡി) നിന്റെ നടപടികളിൽ ഏതെല്ലാമാണു പ്രത്യേകം സൂക്ഷിപ്പാനുള്ളതെന്നു ബോധ്യപ്പെട്ടിട്ടുള്ളവ രേഖപ്പെടുത്തണം.

ഇങ്ങനെ രേഖപ്പെടുത്തിയവയിൽനിന്നു ഏഴു ദിവസത്തെക്കു ധ്യാനവിഷയങ്ങളും ഭക്തിവായനയ്ക്കുള്ള ഭാഗങ്ങളും ശോധനവിഷയങ്ങളും പ്രത്യേകം തെരഞ്ഞെടുത്ത് എഴുതുന്നതു നന്ന്. ഈ കഴിഞ്ഞതുപോലെ ഒരു ഭജനം കുറെദിവസം നീ തനിച്ചു നടത്തുവാൻ തക്കവണ്ണമുള്ള വിഷയങ്ങൾ ഈ വിധത്തിൽ രേഖപ്പെടുത്തണം. കുറെക്കഴിയുമ്പോൾ ഈ സംഗതികൾ ധ്യാനവിഷയമാക്കണം. വേറൊരു ഭജനം എടുക്കാൻ സാധിക്കാതെ ഇരുന്നേക്കാം. എന്നാൽ ഏഴുദിവസം അടുപ്പിച്ചു ഇതെപ്പറ്റി ധ്യാനിക്കയൊ മേലാൽ ഏതെങ്കിലും പ്രതിമാസ ഭജനത്തിൽ ഇത് ധ്യാനവിഷയം ആക്കുകയും ചെയ്യാം. ഇക്കഴിഞ്ഞ ഭജനത്തിൽ പരിശുദ്ധറൂഹാ നിന്റെ ഹൃദയത്തിൽ കത്തിച്ചതായ തീജ്വാല കെട്ടുപോകാതെ നിലനിർത്തുന്നതിനും അതിൽനിന്നും കൂടുതലായ ഫലം എടുക്കുന്നതിനും ഇതു നല്ല മാർഗ്ഗമാകുന്നു.

7. ഭജനം കഴിയുമ്പോൾ നിന്റെ നടപടികൾ സംബന്ധിച്ചു നിനക്കു മുമ്പിലത്തേക്കാൾ സ്വാതന്ത്ര്യമുണ്ടെന്നു വിചാരിക്കരുത്. ഈ ഭജനം നിഷ്കർഷമായ ജീവിതത്തിന് ഒരുക്കം മാത്രമായിരുന്നു. യുദ്ധക്കളത്തിൽ സൈന്യങ്ങളെ അയയ്ക്കുന്നതിനുമുമ്പ് അവരെ പ്രൈവറ്റായി യുദ്ധനടപടികളിൽ കൂടി നയിപ്പിക്കുന്നതുപോലെ മാത്രമെ നിന്റെ ഭജനത്തെപ്പറ്റി വിചാരിക്കാവൂ. ഗോപ്യമായ ഒരുക്കമെ ഇപ്പോൾ കഴിഞ്ഞുള്ളൂ. പരസ്യമായി ശത്രുവിനുനേരെ യുദ്ധം ചെയ്യുവാൻ ആയുധം ധരിച്ചുകൊണ്ടു നീ ഭജനത്തിൽ നിന്നും പുറത്തിറങ്ങുവാൻ തുടങ്ങുകയാകുന്നു. നമ്മുടെ കർത്താവിനോടു നീ ചെയ്തിട്ടുള്ള വാഗ്ദാനങ്ങളും ഉടമ്പടികളും നിന്നെക്കൊണ്ടു ലംഘിപ്പിക്കുന്നതിനു നിന്റെ പരമശത്രുവായ സാത്താൻ പലവിധത്തിൽ ഉദ്യമിക്കും. നിന്നെ ചഞ്ചലസ്വഭാവമുള്ളവനാക്കിത്തീർക്കും. നിന്റെ മനസ്സിനു വീണ്ടും വീണ്ടും ഇളക്കം വരുത്തും. നിന്റെ നിശ്ചയങ്ങളെ ഇളക്കുവാൻ ശ്രമിക്കും. നിന്റെ ബുദ്ധി മുറിച്ചുകളവാൻ നോക്കും. നിന്റെ നിഷ്ഠകൾക്കു ലംഘനം വരുത്തുവാൻ തുടങ്ങും. വഞ്ചനയുള്ള കെണികൾ നിന്റെ മുമ്പിൽകൊണ്ടു വയ്ക്കും. ആപൽക്കരങ്ങളായ കുഴികളിൽ നിന്നെ പായിക്കാൻ തുടങ്ങും. നിന്റെ ദൈവസ്നേഹം ക്ഷയിച്ചുപോകുവാൻ തക്കവണ്ണം നിന്നെ പരീക്ഷിക്കും. ദൈവഭക്തിയിലും വി. ജീവിതത്തിലും നിനക്കു അഭിരുചി ഇല്ലാതെ വരുത്തുവാൻ ശ്രമിക്കും. ഏതെല്ലാം പാപമോഹങ്ങളെ

www.malankaralibrary.com

വിട്ടു യേശുവിന്റെ അടുക്കലേക്കു ഈ ഭജനത്തിങ്കൽ നീ ഓടിയെത്തിയൊ, ആ പാപമോഹങ്ങളിലേക്കു തന്നെ നിന്നെ പായിക്കും, സാത്താൻ നിന്റെ നേരെ കഠിനയുദ്ധം ചെയ്യും. ഇവകൊണ്ടൊന്നും നീ ഭയപ്പെടരുത്. ചഞ്ചലപ്പെടരുത്. ദൈവത്തെ മുറുകെ പിടിക്കണം. നിന്റെ ദൈവാശ്രയം ഒരിക്കലും ക്ഷയിക്കരുത്. ഈ ഭജനം അവസാനിക്കുന്ന ഇന്നേ ദിവസം മുതൽ തന്നെ തന്റെ ജീവിതം നിഷ്കർഷയോടുകൂടി ശരിപ്പെടുത്തിക്കൊള്ളുക. നിന്റെ നിഷ്ഠകൾ നിർബന്ധമായി പാലിച്ചുകൊള്ളുക. യേശുമിശിഹാ ഇടവിടാതെ നിനക്കു സഹായമായി ഉണ്ട്.

8. ഈ ഭജനം അവസാനിക്കുന്ന ദിവസം മുതൽ പുതിയ ജീവിതം നയിക്കണമെന്നു നിനക്കു നിർബന്ധമുണ്ടായിരിക്കണം. ഇത് അത്യാവശ്യമാണ്. ഭജനത്തിൽ ദൈവാത്മാവിന്റെ നിശ്വാസങ്ങൾ നിന്നിൽ ഉദിച്ചതായ പരിശുദ്ധമായ ആശയങ്ങൾക്കനുസരണമായി ദൈവമുമ്പാകെ നീ ചെയ്തിട്ടുള്ള നല്ല നിശ്ചയങ്ങളെ ഒട്ടും വിടാതെ പാലിച്ചുകൊള്ളുക. ദൈവത്തിന്റെ മഹാ പരിശുദ്ധന്മാരായ സകല സന്യാസശ്രേഷ്ഠന്മാരും ശുദ്ധിമാന്മാരും ശുദ്ധിമതികളും ദൈവമാതാവും നിന്റെ ആത്മീയാഭിവൃദ്ധിയെ കാംക്ഷിച്ചുകൊണ്ടു നിന്നെ സൂക്ഷിച്ചുകൊണ്ടിരിക്കുന്നു. എന്നുതന്നെയല്ല പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ ത്രിയേകദൈവം നിന്റെ ആത്മീയഭിവൃദ്ധിയെ ആഗ്രഹിച്ചുകൊണ്ടും നിക്കാവശ്യമുള്ള സകല സഹായങ്ങളും കൃപകളും തരുവാൻ എപ്പോഴും സന്നദ്ധനായിക്കൊണ്ടും കാത്തിരിക്കുന്നു.

9. ഭജനം കഴിഞ്ഞു സാധാരണ ജീവിതം തുടങ്ങുമ്പോൾ നിശ്ചയമായും പലതരം പ്രയാസങ്ങൾ നിനക്കുണ്ടാവും. ഭജനത്തിൽ ചെയ്തിട്ടുള്ള നിശ്ചയങ്ങൾ അനുസരിച്ചു ജീവിക്കുന്നതിനു പ്രതിബന്ധങ്ങളും നേരിടും. എന്നാൽ നീ ഒട്ടും അധൈര്യപ്പെടേണ്ട. പ്രതിബന്ധങ്ങളെ സധൈര്യം അവഗണിക്കുക. പ്രയാസങ്ങളോടും ധൈര്യസമേതം യുദ്ധം ചെയ്യുക. നിന്നെക്കുറിച്ചു നിനക്കു ഏറ്റവും അവിശ്വാസമുണ്ടായിരിക്കണം. നീ ഒന്നിനും പ്രാപ്തനല്ല. എന്നാൽ നിന്നെ സഹായിക്കുന്ന നിന്റെ സ്നേഹിതനായ യേശുമിശിഹായെക്കുറിച്ചു നിനക്കു ദൃഢവിശ്വാസവും ധൈര്യവും ഉണ്ടായിരിക്കണം. അവിടുന്നു സകലത്തിലും പ്രാപ്തനാകുന്നു. നീ ബലഹീനനും അസ്ഥിരനും ചഞ്ചലഹൃദയമുള്ളവനുമാകുന്നു. എന്നാൽ യേശു നിന്റെ ഹൃദയത്തിൽ പാർത്ത് നിന്റെ ചഞ്ചലത എല്ലാം നീക്കി വിശുദ്ധിയിൽ നിന്നെ സ്ഥിരപ്പെടുത്തും. യേശുവിന്റെ സഹായം നിനക്കു ധാരാളമുണ്ടായിരിക്കും. സങ്കീർത്തനക്കാരൻ പറയുന്നതു ഓർമ്മ വച്ചുകൊള്ളുക. “യഹോവ വീടു പണിയുന്നില്ലെങ്കിൽ പണിയുന്നവർ വൃഥാ അദ്ധ്വാനിക്കുന്നു” (സങ്കീ. 127).

www.malankaralibrary.com

10. പ്രത്യേകമായി നീ കരുതിക്കൊള്ളേണ്ടതായ ചില കാര്യങ്ങളുണ്ട്. അതിൽ പ്രധാനമായ ഒന്നു മനുഷ്യശങ്കയാകുന്നു. മനുഷ്യനെ ശങ്കിച്ചു നീ താഴ്മ പാലിക്കാൻ മടിച്ചേക്കും, ഭജനനിശ്ചയങ്ങൾ നടപ്പിലാക്കുവാൻ ഉപേക്ഷ വിചാരിച്ചേക്കും. സുകൃത പൂർണ്ണതയിൽ താല്പര്യമില്ലാത്ത ആളുകളുടെ നിന്ദയും പരിഹാസവും ഭയപ്പെട്ടു ചില കാര്യങ്ങൾ ചെയ്കയും വേറെ ചിലതു ചെയ്യാതിരിക്കയുമുണ്ടായേക്കാം. മറ്റുള്ളവരോടു താഴ്മയോടുകൂടി തുറന്നു പറയേണ്ട കാര്യങ്ങൾ തുറന്നു പറയുന്നതിനു മടി തോന്നിയേക്കാം. ഇപ്രകാരമുള്ള എല്ലാത്തരം മനുഷ്യശങ്കയേയും ത്യജിച്ചുകൊള്ളുക. നിനക്കു അപൂർണ്ണതകളോ ബലഹീനതകളോ ഉണ്ടായേക്കാവുന്ന സന്ദർഭങ്ങളെ മുമ്പുകൂട്ടി കണ്ട് അവയിൽനിന്നു ധൈര്യപൂർവ്വം തെറ്റിയൊഴിഞ്ഞു കൊള്ളുക. താഴെ ചേർത്തിരിക്കുന്ന ഉപദേശം നിന്റെ ആത്മീയാഭിവൃദ്ധിക്കു ഏറ്റവും സഹായമാണ്. അതിൻപ്രകാരം ചെയ്യണം.

നീ ഇതിനു മുമ്പു ജീവിച്ചതുപോലെയുള്ള ആളായി ജീവിക്കയില്ലെന്നും, മുഴുവനായി ഭേദപ്പെട്ട ആളായിരിക്കുമെന്നും മറ്റുള്ളവരെ അറിയിക്കണം. നിന്റെ അടുക്കൽ വരുന്നവരോടു ഇതു പറയാൻ മടിക്കണ്ടാ. ആരുടെ അടുക്കൽ നീ തെറ്റുകൾ കാണിച്ചിട്ടുണ്ടോ അവരോടു തീർച്ചയായും ഇതു പറയണം. മനുഷ്യശങ്ക നിമിത്തം പറയാൻ മടിക്കണ്ടാ. നീ ഇങ്ങനെ പ്രസ്താവിക്കുന്നതുകൊണ്ടു ആരെങ്കിലും നിന്നെ പരിഹസിക്കയോ പുഛിക്കയോ നിന്നെക്കുറിച്ചു ചിരിക്കയോ ചെയ്യുന്നുവെങ്കിൽ അതു അവരുടെ കഥയില്ലായ്മയാകുന്നു. എന്നാൽ നിന്റെ ഹൃദയത്തിൽ അവരെക്കുറിച്ചു സഹതാപവും സ്നേഹവുമുണ്ടായിരിക്കണം.

11. നിനക്കു ഇതിനു മുമ്പുവന്നുപോയിട്ടുള്ള വീഴ്ചകൾ ഇനിയുണ്ടാകയില്ലെന്നു നിരൂപിക്കരുത്. അവ വീണ്ടും ഉണ്ടാകുന്നപക്ഷം ഒട്ടും അധൈര്യപ്പെടുകയുമരുത്. നിന്റെ ബലഹീനതയും നിസ്സാരതയും അനുഭവംകൊണ്ടു നിനക്കു ബോധ്യപ്പെട്ടിട്ടുള്ളതാണല്ലോ. ഇനിയും നീ വീണുപോയേക്കും. വീഴുന്നപക്ഷം ദൈവകൃപയാൽ നീ എളുപ്പത്തിൽ എഴുന്നേൽക്കും. ആ സമയത്തു നീ ഒരു നിശ്ചയം ചെയ്യാനുണ്ട്. ഒരു നിമിഷത്തേക്കുപോലും ആ വീഴ്ചയാൽ നീ കിടക്കയില്ലെന്നു നീ ധൈര്യമായി നിശ്ചയിക്കണം എന്നു തന്നെയല്ല നന്നായി തന്നെത്താൻ വിനയപ്പെടുത്തുകയും വേഗത്തിൽ വീഴ്ചയിൽ നീ എഴുന്നേല്ക്കുകയും അടുത്തു ചെയ്യാനുള്ള കൃത്യം അധികമായ തീക്ഷണതയോടു ദൈവകൃപയാൽ നന്നായി ആശ്രയിച്ചുകൊണ്ടും ചെയ്തുകൊള്ളുക. ഈ കൃത്യം ഇപ്രകാരം ചെയ്യുന്നത് തന്നെ വന്നു പോയ വീഴ്ചയ്ക്ക് ഒരു പരിഹാരമായി ദൈവമുമ്പാകെ അർപ്പിച്ചുകൊള്ളുക. നിനക്കു എപ്പോഴും

www.malankaralibrary.com

നല്ല ശരണവും ധൈര്യവും ഉണ്ടായിരിക്കും. "യഹോവായിങ്കൽ പ്രത്യാശവെയ്ക്കുക. ധൈര്യപ്പെട്ടിരിക്കുക നിന്റെ ഹൃദയം ഉറച്ചിരിക്കട്ടെ. അതെ യഹോവായിങ്കൽ പ്രത്യാശവെയ്ക്കുക" (സങ്കീ. 27)

12. മേലാൽ നിന്റെ തീക്ഷണത നിലനിർത്തിക്കൊണ്ടുപോകുന്നതിന് ഏറ്റവും പ്രധാനമായ ചില നടപടികളുണ്ട്. അവ എത്രയും താല്പര്യമായി ശരിയാവണ്ണം നിറവേറ്റണം. അവ താഴെ ചേർക്കുന്നു.

1. മനപ്രാർത്ഥന ധ്യാനം ഇത്യാദി ആത്മീയ വ്യായാമങ്ങൾ തുടങ്ങുന്നതിനു മുമ്പുള്ള ഒരുക്കം ശരിയാം വണ്ണം ചെയ്യണം.

2. ദൈവത്തിന്റെ സാന്നിദ്ധ്യത്തെപറ്റിയുള്ള ബോധം പാലിക്കത്തക്ക ആത്മീയ വ്യായാമങ്ങൾ തുടർച്ചയായി ചെയ്യണം.

3. നിന്നെക്കൊണ്ട് ദൈവനാമം മഹത്വപ്പെടുവാൻ ഉദ്ദേശിച്ചും നിന്റെ സുകൃതപൂർണ്ണതയ്ക്കായും വി. കുർബാനയാകുന്ന ബലി ദൈവമുമ്പാകെ അർപ്പിക്കുന്നതിൽ മുടങ്ങാതെ പങ്കുകൊള്ളുകയും തുടർച്ചയായി ശരിയായ ഒരുക്കത്തോടു കൂടി വി. കുർബാന അനുഭവിക്കുകയും ചെയ്യണം. വി. കുമ്പസാരത്തിനും ഹൂസായാ പ്രാപിക്കുന്നതിനും ശരിയാംവണ്ണം ഒരുങ്ങണം.

4. നിന്റെ സന്യാസ പ്രതിജ്ഞകൾ വി. കുർബാനയുടെ മുമ്പാകെ ദിവസംതോറും പുതുക്കണം. ഏതെങ്കിലും ഒരു പ്രതിജ്ഞ പുതുക്കിയാലും മതി. പ്രതിജ്ഞ ചെയ്തിട്ടില്ലാത്തവൻ ഭജന നിശ്ചയങ്ങൾ ദിവസംതോറും പുതുക്കണം.

5. പ്രത്യേകമായി അഭ്യസിക്കുന്ന സുകൃതം ഏതോ അതു സംബന്ധിച്ചു ജീവിതശോധന ശരിയായി നടത്തണം.

6. ആഴ്ചതോറുമുള്ള കുമ്പസാരമോ ആത്മീയകുമ്പസാരമോ ശരിയായി നടത്തണം.

7. മാസംതോറുമുള്ള ഭജനം ശരിയായി നടത്തണം.

8. അനുസരണവും താഴ്മയും പാലിക്കുന്നതിൽ നന്നായി നിഷ്ക്കർഷ വെയ്ക്കണം.

9. സകലത്തിലും മേലായി യേശുമിശിഹായുടെ തൃക്കയ്യിൽ നീ ഇരിക്കുന്നുവെന്നും അവിടുന്നു നിന്നെ വളർത്തുകയും പൂർണ്ണതപ്പെടുത്തുകയും ചെയ്യുമെന്നും ധൈര്യമായി വിശ്വസിച്ചുകൊള്ളണം.

www.malankaralibrary.com

അദ്ധ്യായം 15

# പ്രൈവറ്റു കോൺഫറൻസ്

1. കുമ്പസാരത്തിനു പുറമെ, നിന്റെ ആത്മീയജീവിതം സംബന്ധിച്ചു ആത്മീയനിയന്താവിനോടു സംസാരിക്കുന്നതിന് ആത്മീയ കോൺഫറൻസ് ( Spiritual Conference) എന്നു പറയുന്നു. ഇവിടെ ആത്മീയപിതാവെന്നു പറയുന്നതു കുമ്പസാര പിതാവിനെ ഉദ്ദേശിച്ചല്ല.

പ്രധാനമായി ആത്മീയ കോൺഫറൻസിനു വിഷയമാക്കേണ്ടതു താഴെക്കാണുന്ന കാര്യങ്ങൾ സംബന്ധിച്ചുള്ള നിന്റെ ജീവിതമാകുന്നു. (എ) ദൈവത്തോടുള്ള ചുമതല (ബി) അദ്ധ്യക്ഷനോടുള്ള (സി) സന്ന്യാസ സഭയോടുള്ള (ഡി) അയല്ക്കാരനോടു പ്രത്യേകിച്ചു സന്ന്യാസ സഹോദരങ്ങളോടുള്ള ചുമതല.

2. കോൺഫറൻസിനെക്കുറിച്ചു നിനക്കു വളരെ ബഹുമാനം വേണം. ഈ കോൺഫറൻസ് ഉപേക്ഷിക്കയോ ശരിയായി നടത്താതിരിക്കയോ ചെയ്യുന്നവർ സന്ന്യാസസമൂഹത്തിലെ യഥാർത്ഥ ജീവിതംപ്പെടുത്തുന്നു. യഥാർത്ഥജീവൻ സമൃദ്ധിയായി ഉണ്ടാവാൻ ഈ കോൺഫറൻസ് അത്യന്താപേക്ഷിതമാകുന്നു.

3. എല്ലാ മാസത്തിലും മുടക്കം വരുത്താതെ ഒന്നോ അധികമൊ ദിവസം "പ്രതിമാസ ഭജനം"എടുക്കണം. പ്രതിമാസ ഭജനകാലത്തൊ അതിനുമുമ്പോ, പിമ്പോ, ആത്മീയ നിയന്താവിനെ കാണണം.

4. ഭജനം നടന്നാലും ഇല്ലെങ്കിലും മാസാവസാനത്തിൽ ആത്മീയ നിയന്താവിനെ കാണണമെന്ന് ആവശ്യപ്പെടണം.

5. മാസം അവസാനിക്കട്ടെ എന്നു കരുതി എപ്പോഴും കാലം നീക്കിക്കൊണ്ടു പോകരുത്. നിനക്ക് എന്തെങ്കിലും പ്രത്യേക ആവശ്യമുള്ളപ്പോൾ ആത്മീയനിയന്താവിനെ കോൺഫറൻസിനായ് കാണണമെന്നു നീ ആവശ്യപ്പെടണം. ഏതെങ്കിലും പരീക്ഷ, മനോഭാരം, ആത്മീയജീ

www.malankaralibrary.com

വിതത്തിലെ പ്രയാസം സംശയങ്ങൾ എന്നിവയുള്ളപ്പോൾ ആത്മീയ നിയന്താവിനെ കാണണം.

6. ആത്മീയ കോൺഫറൻസിനു മുമ്പ് (1) ആത്മീയ നിയന്താവിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണം. (2) ആത്മീയ നിയന്താവിനോടു പറയാനുള്ള കാര്യം നന്നായി ചിന്തിച്ചു നോട്ടു കുറിക്കണം. വിവരമായി കുറിക്കേണ്ടയാവശ്യമില്ല. സകലവും തുറന്നുപറയാൻ ശരിയായി തയ്യാറാകണം. (3) ദൈവീകമായി പ്രകാശവും സഹായവും ആത്മീയ പിതാവിൽകൂടെ ദൈവം തരുമെന്നു നന്നായി വിശ്വസിക്കണം. യേശു മിശിഹായുടെ അടുക്കൽ പോകുന്നതു പോലെയുള്ള വിശ്വാസത്തോടും സ്നേഹത്തോടും തുറന്ന മനസ്സോടും കൂടെ ആത്മീയപിതാവിന്റെ അടുക്കൽ പോകണം. (4) നിന്റെ ആത്മീയ ജീവിതം സംബന്ധിച്ചുള്ള യാതൊരു സംഗതിയും ആത്മീയപിതാവിൽനിന്നു മറയ്ക്കരുത്. നിന്റെ അഭിവൃദ്ധിയായാലും, അധഃപതനമായാലും, കുറവുകളായാലും, ബലഹീനതകളായാലും സംശയങ്ങളായാലും പരീക്ഷകളായാലും, ജീവിതാഭിവൃദ്ധിക്കുള്ള പ്രതിബന്ധങ്ങളായാലും ആവശ്യങ്ങളായാലും, സംശയങ്ങളായാലും, - ഏതുംമുഴുവനായും മടികൂടാതെയും ആത്മീയപിതാവിനോടു പറയണം. "ഇങ്ങനെയാണോ പിതാവിനോടു പറയുന്നത്? എന്നിപ്രകാരമുള്ള മനുഷ്യപ്രകാരമുള്ള ആത്മാഭിമാനം കരുതിക്കൊണ്ട് ഏതെങ്കിലും കാര്യം പറയരുതെന്നു തോന്നുന്നുവെങ്കിൽ - ആ തോന്നൽ പിശാചു കൊണ്ടുവരുന്ന അത്യാപൽക്കരമായ പരീക്ഷയാണെന്നു തിരിച്ചറിഞ്ഞുകൊള്ളുക. അല്പസമയത്തേക്കുപോലും ഈ പരീക്ഷയെ എതിർക്കാതിരിക്കരുത്. പിശാചിനെ ഭ്രമിപ്പിക്കുന്നതിനും നിന്റെ ആത്മരക്ഷയും പുണ്യാഭിവൃദ്ധിയും സുസ്ഥിരമാക്കുന്നതിനും ദൈവത്തെ അത്യധികം സന്തോഷിപ്പിക്കുന്നതിനും - ഈ വിധം പിശാചിനെ ജയിക്കുന്നത് ആവശ്യമാകുന്നു. (5) ആത്മീയ പിതാവിന്റെ അടുക്കൽ സാധാരണ കോൺഫറൻസു മാസത്തിൽ ഒന്നു മതിയാകുന്നതാണ്. എന്നാൽ എപ്പോഴെങ്കിലും അസാധാരണ കോൺഫറൻസിന്റെ ആവശ്യമുണ്ടെന്നു സന്യാസിക്കു തോന്നുന്നപക്ഷം വിവരം ആത്മീയ പിതാവിനെ അറിയിക്കേണ്ടതാകുന്നു. (6) പ്രൈവറ്റുകോൺഫറൻസ് ആത്മീയജീവിതത്തിന് ഏറ്റവും സഹായമാകയാൽ അതിലേക്ക് വേണ്ട സൗകര്യങ്ങൾ അദ്ധ്യക്ഷൻ എപ്പോഴും ഉണ്ടാക്കിത്തരുന്നതായിരിക്കും. ആത്മീയ പിതാവിന്റെ പേർക്കുള്ള കത്തുകൾ അദ്ധ്യക്ഷൻ വായിക്കുന്നതല്ല.

7. ഹൃദയഭാഗത്തേയും മനഃസാക്ഷിയേയും അദ്ധ്യക്ഷന്റെ അടുക്കൽ വെളിപ്പെടുത്തണമെന്നു സന്യാസിയോടു കല്പിക്കുന്നതിനൊ

www.malankaralibrary.com

അതിലേക്കു സന്യാസിയെ പ്രേരിപ്പിക്കുന്നതിനോ അദ്ധ്യക്ഷനെ അനുവദിച്ചിട്ടില്ല. എന്നാൽ ഏതെങ്കിലും കാര്യങ്ങൾ സ്വതന്ത്രമായും സ്വന്തമനസ്സാലെയും അദ്ധ്യക്ഷനോടു തുറന്നു പറയണമെന്നു സന്യാസിക്കു തോന്നുന്നപക്ഷം. അങ്ങനെ ചെയ്യാവുന്നതും, പുത്രനിർവ്വിശേഷമായ ഉത്തമവിശ്വാസത്തോടുംകൂടി തുറന്നു പറയണമെന്നു സന്യാസിക്കു തോന്നുന്നപക്ഷം, അങ്ങനെ ചെയ്യാവവുന്നതും, പുത്രനിർവ്വിശേഷമായ ഉത്തമവിശ്വാസത്തോടുംകൂടി തുറന്നു പറയുന്നതു സന്യാസിക്ക് എത്രയും നല്ലതുമാകുന്നു. അദ്ധ്യക്ഷൻ പട്ടക്കാരനാണെങ്കിൽ സന്യാസിയുടെ മനോഭാരങ്ങളും സംശയങ്ങളും കൂടെ അദ്ദേഹത്തോടു പറയുന്നതു നന്ന്.

8. ആത്മീയ കോൺഫറൻസിൽ നിന്റെ ആത്മീയ നിയന്താവിന്റെ കയ്യിൽ പൂർണ്ണമനഃത്യാഗത്തോടുകൂടെ (with perfect resignation of will) നിന്നെ ഏല്പിച്ചുകൊടുക്കുക. നിനക്കു അത്യുത്തമം എന്നു അദ്ദേഹത്തിനു ദൈവീകമായി ബോദ്ധ്യപ്പെടുന്നതുപോലെ നിന്നെ ശ്ലാഘിക്കയൊ, ശാസിക്കയൊ, മാറ്റുകയൊ, കുറയ്ക്കുകയൊ, നിരോധിക്കുകയൊ, എന്തെങ്കിലും വേണ്ടെന്നു കല്പിക്കയൊ ചെയ്തുകൊള്ളട്ടെ പൂർണ്ണമായ ഉത്തമവിശ്വാസത്തോടും ( with full confidence) സ്വാതന്ത്ര്യത്തോടും (liberty) കൂടെ അദ്ദേഹം ഇഷ്ടംപോലെ നിന്നെ താഴ്ത്തുകയൊ (humility) നടത്തുകയൊ (direct) വിനിയോഗിക്കയൊ (employ) ആജ്ഞാപിക്കയൊ (command) ചെയ്തുകൊള്ളട്ടെ. ഇങ്ങനെ നിന്നെ ഏല്പിച്ചുകൊടുത്തു ജീവിക്കുന്നതിനാൽ ദൈവത്തിന്റെ കവിഞ്ഞൊഴുകുന്ന കൃപ (efficiance of grace) പ്രാപിപ്പാൻ നിന്റെ ആത്മാവിനെ ഒരുക്കുകയായിരിക്കണം.

9. ആത്മീയപിതാവിനോടു സാധാരണ കോൺഫറൻസിലൊ പറയാനുള്ള കാര്യങ്ങൾ:- (i) നന്നായി ചിന്തിക്കണം (ii) ഓർത്തുവയ്ക്കയൊ സൗകര്യമുള്ള പക്ഷം കുറിച്ചു വെയ്ക്കുകയൊ വേണം. കോൺഫറൻസിൽ സംസാരിപ്പാൻ കൊള്ളാവുന്ന സംഗതികൾ താഴെചേർക്കുന്നു. ഇവയെല്ലാം സംബന്ധിച്ച് ഒരുമിച്ചു സംസാരിക്കണമെന്നു നിർബന്ധമില്ല. ഇവയിൽ ആവശ്യമെന്നു തോന്നുന്ന കാര്യം മാത്രം സംസാരിച്ചാൽ മതിയാകും.

1. (എ) കഴിഞ്ഞ ആത്മീയ കോൺഫറൻസ് കഴിഞ്ഞ ശേഷം നിനക്ക് എന്ത് അഭിവൃദ്ധിയുണ്ടായിട്ടുണ്ട്? അഭിവൃദ്ധിക്കു സഹായിച്ച പ്രത്യേക സംഗതി (നടപടി) എന്തായിരുന്നു. (ബി) കഴിഞ്ഞ കോൺഫ

www.malankaralibrary.com

റൻസിന്റെ ശേഷം നിനക്കു അധഃപതനമാണോ ഉണ്ടായത്? അധഃപതനമാണെങ്കിൽ അതിന്റെ കാരണമെന്ത് ?

2. ഏതു സുകൃതം സമ്പാദിപ്പാൻ നിനക്കു കൂടുതൽ ആകർഷണം തോന്നുന്നുണ്ട്. ആ സുകൃതം സമ്പാദിക്കുന്നതിനു എന്തു ശ്രമമാണു നീ ചെയ്യുന്നത്? ആ വിഷയത്തിൽ നിനക്കു എന്തു പ്രതിബന്ധമാണുള്ളത്? എന്തു പ്രയാസമാണുള്ളത്? ആ സുകൃത സമ്പാദനത്തിൽ എത്ര അഭിവൃദ്ധിയുണ്ടായിട്ടുണ്ട്?

3. നിന്നോടു തുടരെത്തുടരെയും ഏറ്റവും ശക്തിയായും യുദ്ധം ചെയ്യുന്ന ദുർമ്മോഹം - തിന്മ - എന്താകുന്നു. അതുണ്ടാകുന്ന കാരണങ്ങളും സന്ദർഭങ്ങളും ഏവ? എത്രനാളായി ഈ പ്രയാസം ഉണ്ടായിക്കൊണ്ടിരിക്കുന്നു? അതിനു നീ എതിർത്തിട്ടുണ്ടോ? എതിർക്കുന്ന വിഷയത്തിൽ-ജയത്തിൽ-എത്രത്തോളം അഭിവൃദ്ധിയുണ്ടായിട്ടുണ്ട്?

4. നിന്നെ ബാധിക്കുന്ന പ്രധാന പരീക്ഷയെന്ത്? അതു സംബന്ധിച്ചു മുന്നിലെ ചോദ്യങ്ങൾ തന്നെ ചോദിക്കുക.

5. അധികം തുടർച്ചയായും സ്ഥിരോത്സാഹത്തോടും നിന്നിൽ ഉണ്ടാകുന്ന നല്ല നിശ്വാസങ്ങൾ (inspirations) വിശുദ്ധാഗ്രഹങ്ങൾ എന്നിവ ഏവയാകുന്നു? നിന്റെ ആത്മാവിൽ അവ എങ്ങനെ ഫലിക്കുന്നു? വേല ചെയ്യുന്നു? ആ നല്ല വിശ്വാസങ്ങളെ സ്വീകരിച്ചു എത്രത്തോളം നീ വർത്തിക്കയും അവയോടു സഹകരിക്കുകയും ചെയ്യുന്നുണ്ട്?

6. എന്തെങ്കിലും തെറ്റു ചെയ്തുകഴിയുമ്പോൾ നിന്റെ സാധാരണ മനഃസ്ഥിതി എങ്ങനെയുള്ളതാണ്? (മനഃസ്താപം, ദൈവത്തെ വേദനപ്പെടുത്തിയല്ലോ എന്നുള്ള ദുഃഖം) അദ്ധ്യക്ഷൻ വേദനപ്പെടുമെന്നുള്ള ദുഃഖം അദ്ധ്യക്ഷൻ അറിയുമെന്നുള്ള ഭയം അദ്ധ്യക്ഷൻ അറിയുമെന്നുള്ള ലജ്ജ സഹോദരങ്ങൾ അറിയുമെന്നുള്ള ലജ്ജ എനിക്ക് ഈ തെറ്റു വന്നുവല്ലോ എന്നു തന്നത്താൻ കുറ്റപ്പെടുത്തുക മനഃസ്താപിക്കുക ഞാൻ ഇത്ര ഭോഷൻ ബലഹീനൻ എന്നു തന്നത്താൻ കുറ്റപ്പെടുത്തുക വന്നതു സാരമില്ലെന്നുള്ള വിചാരം ഈ കുറ്റം ഒരുത്തരെയും അറിയിക്കാതെ ഒളിക്കണം എന്നുള്ള തോന്നൽ ഇവയൊക്കെ നിന്റെ മനഃസ്ഥിതി ഏതുവിധമെന്നു കാണിക്കുന്നു.

തെറ്റുചെയ്താൽ ഉടൻ നിന്നെ മനസ്സാക്ഷി കുത്തുക പതിവുണ്ടോ? എത്ര ശക്തിയായി? വന്നുപോയ തെറ്റിനെപ്പറ്റി നീ എന്തു

www.malankaralibrary.com

ചെയ്യാറുണ്ട്? അതെപ്പറ്റി ആത്മദണ്ഡനം ചെയ്യാറുണ്ടോ? എത്രത്തോളം കരുതികൂട്ടിയും മനസ്സു സമ്മതിച്ചും ആണ് നീ ഈ തെറ്റു ചെയ്യുന്നത്? ഓരോതരം തെറ്റിനെ സംബന്ധിച്ചും ഈ ചോദ്യങ്ങൾ ചോദിക്കുക.

7. മനസ്സിനു സമാധാനക്കുറവു ഉണ്ടാകാറുണ്ടോ? എന്തു കാര്യത്തിൽ എത്രത്തോളം? ഇന്നകാര്യം തെറ്റി, തെറ്റി എന്നു മനസ്സാക്ഷി തുടരെ നിന്നെ ഭയപ്പെടുത്തുന്ന വല്ല കാര്യവുമുണ്ടോ?

8. (i) വിശുദ്ധ അനുസരണം സംബന്ധിച്ചു നിന്റെ സാധാരണ മനഃസ്ഥിതി എന്താണ്? അനുസരിപ്പാൻ സന്നദ്ധതയുണ്ടോ? മടിയാണോ? കല്പന കിട്ടിയേക്കുമെന്നു ഭയമുണ്ടാകാറുണ്ടോ? (ii ) അദ്ധ്യക്ഷനോടു വിരസതയൊ വെറുപ്പോ തോന്നിയിട്ടുണ്ടോ? അദ്ധ്യക്ഷനോടു വിരസതയുണ്ടാകുമ്പോൾ അതു പ്രത്യക്ഷപ്പെടുന്നത് - പ്രത്യക്ഷപ്പെടുത്തുന്നത്-ഏതു വിധത്തിലാകുന്നു. ഈ വിരസതയുടെ കാരണങ്ങൾ ഏവ? ഈ ചീത്ത മനഃസ്ഥിതിയെ ജയിക്കുന്നതിനു നീ ശ്രമിക്കുന്നത് എങ്ങനെയാണ്? ശ്രമത്തിന്റെ ഫലമെന്താണ്? (iii) വേറെ ആരോടെങ്കിലും ഇതുപോലെയുള്ള വിരസത തോന്നാറുണ്ടോ ? അവരുടെ നേരെ നീ വർത്തിക്കുന്നതെങ്ങനെ? (iv) ആരോടെങ്കിലും പ്രത്യേകമായ വല്ല സ്നേഹമൊ, കൂടുതൽ പരിചയമൊ, മനസ്സടുപ്പമൊ, തോന്നാറുണ്ടൊ? അതു എങ്ങനെ വെളിപ്പെടുത്തുന്നു? അതിന്റെ കാരണമെന്ത്? അതു കൊണ്ടു നിന്നിൽ വന്നു കൂടുന്ന ഫലങ്ങൾ ഏവ?

9. പരിശുദ്ധ വിളിയെപ്പറ്റി ദൈവത്തോടു നിനക്കു നന്ദിയുണ്ടൊ? സന്യാസജീവിതത്തിലേക്കുള്ള നിന്റെ വിളിയെ അധികമായി വിലമതിക്കുകയും സ്നേഹിക്കയും ചെയ്യുന്നുണ്ടോ? നിനക്കു ഇഷ്ടമില്ലാത്തതായി ആശ്രമജീവിതത്തിൽ ഉള്ളതെന്തെല്ലാം? നിന്റെ ഇഷ്ടക്കേടിനുള്ള കാരണങ്ങൾ എന്ത്? പൊതുവായ അനിഷ്ടമാണോ? ഏതെങ്കിലും പ്രത്യേക കാര്യത്തിലുള്ള അനിഷ്ടമാണോ നിനക്കുണ്ടാകുന്നത്?

10. മനഃപ്രാർത്ഥന എങ്ങനെ നടത്തുന്നു. ദൈവത്തോടു അടുത്തു സംസർഗ്ഗം ചെയ്യുന്നതിനു നിശ്ചയിക്കപ്പെട്ടിട്ടുള്ള സമയത്തിൽ നിമിഷംപോലും നഷ്ടപ്പെടരുതെന്നുള്ള അത്യാഗ്രഹത്തോടു കൂടിയിരിക്കത്തക്കവിധത്തിൽ നീ മനഃപ്രാർത്ഥനയെ (രഹസ്യ പ്രാർത്ഥന, ധ്യാനം, മദ്ധ്യസ്ഥത മുതലായത്) സ്നേഹിക്കുന്നുണ്ടൊ! വിചാരപ്പതർച്ചയൊ വരൾച്ചയൊ നിന്നെ ബാധിക്കാറുണ്ടൊ! ഇവ ഉത്ഭവിക്കുന്നത് എവിടെ നിന്ന് നേരെ മറിച്ചു നിനക്കു പ്രാർത്ഥനയിൽ മനസ്സന്തോഷവും ആശ്വാസവും ഉണ്ടാകാറുണ്ടോ? പ്രാർത്ഥന മൂലം നിന്റെ മനസ്സിൽ നന്നായി

www.malankaralibrary.com

പതിയുന്ന വിശ്വാസസത്യങ്ങൾ ഏവയാണ്? ഏതുതരം പ്രകരണങ്ങൾ ചെയ്യാനാണു നിന്റെ ഹൃദയം അധികം വഴിപ്പെടുന്നത്? (സ്തോത്രം) അനുതാപം, സ്നേഹം, ഭയം പാപത്തോടുവെറുപ്പും ഇത്യാദി ഹൃദയ വികാരങ്ങൾ മനസ്സിൽ ഉദിക്കയും അതിനെ പ്രസ്താവിക്കത്തക്ക പ്രാർത്ഥന തന്നത്താൻ തോന്നുകയും ചെയ്യുന്നതു പ്രകരണമെന്നു പറയാം. ഏതു പ്രകരണത്തിൽ അധികസമയം ചിലവിടാൻ നിനക്കു ഇടയാകുന്നു നമ്മുടെ കർത്താവിന്റെ ജീവിതത്തിലും കഷ്ടാനുഭവത്തിലും അടങ്ങിയിരിക്കുന്നതൊ വേറെയുള്ളതോ ആയ ഏതു മർമ്മമോ (mystery) വിഷയമോ (subject) സുകൃതമോ (virtue) ആണു നിന്റെ മനസ്സിനു ചിന്തിപ്പാനും ധ്യാനിപ്പാനും അധികം ഇഷ്ടംപ്പെടുന്നത്? നീ അധികം ഫലം എടുക്കുന്നതു ഏതു സംഗതി ചിന്തിച്ചു ധ്യാനിക്കുന്നതിൽ നിന്നാണ്? പ്രാർത്ഥനയിൽ നിനക്കു സ്വഭാവാതീതമായ വല്ല അനുഭവവും (supernatural experience) ഉണ്ടാകാറുണ്ടൊ? ബുദ്ധിക്കു പ്രകാശം മനഃശക്തിക്കു തീക്ഷ്ണത മനോരാജ്യത്തിനു തീക്ഷ്ണത, ഇവ ഉണ്ടാകാറുണ്ടോ?

11. നീ ദൈവസന്നിധിയെപ്പറ്റിയുള്ള ബോധം പാലിക്കുന്നുണ്ടൊ? എപ്പോഴെല്ലാം അതു ഓർക്കുന്നുണ്ട്. അതു പാലിക്കാനായി എന്തു മാർഗ്ഗമാണു ഉപയോഗിക്കുന്നത്? എത്ര ദീർഘസമയം അതു മറന്നു പോകാറുണ്ട്. സന്നിധിബോധം പാലിക്കുന്നതിൽ നിന്നു നിനക്കു ലഭിക്കുന്ന ഫലമെന്ത്? അഭിവൃദ്ധി എന്ത്? മനഃസ്ഥിതി എന്ത്?

12. ഇന്ദ്രിയനിഗ്രഹം (Mortifications of the sense) ശീലിക്കുന്നതു ഏതുവിധത്തിൽ? എത്ര തുടർച്ചയായി? ദിനംപ്രതി ചെയ്യണമെന്നു നീ തന്നെ നിശ്ചയിച്ചിട്ടുള്ളടത്തോളം പ്രാവശ്യം ലഘുദണ്ഡനങ്ങൾ ഈ വിഷയത്തിൽ ചെയ്തു തികയ്ക്കാറുണ്ടോ? ഈ വിഷയത്തിൽ നിനക്ക് എന്തു പ്രയാസമാണ് (Difficulty) ഉള്ളത്? വേറെ ഏതെങ്കിലും ഇന്ദ്രിയ നിഗ്രഹം പാലിക്കാൻ ശ്രമിക്കുന്നുണ്ടോ? കണ്ണിനെ ഭരിക്കുക, നാവിനെ ഭരിക്കുക, ദേഹത്തിന്റെ ചലനത്തെ ഭരിക്കുക, മനോരാജ്യത്തെ ഭരിക്കുക, ഒരാളിനോടു തോന്നുന്ന പ്രത്യേക ആകർഷണത്തേയോ വിരസതയേയോ ഭരിക്കുക മുതലായത് വല്ലതിനോടും നിനക്കു പ്രത്യേക വെറുപ്പുണ്ടോ? വല്ലതിനും പ്രത്യേക മടിയുണ്ടോ? കഠിനദണ്ഡനങ്ങൾ ചെയ്യാൻ നിന്റെ ആത്മാവ് ആകർഷിക്കപ്പെടുന്നുണ്ടോ? അതിലേക്കു ലഭിക്കുന്ന അവസരങ്ങൾ താല്പര്യമായി നീ സ്വീകരിച്ച് പ്രവർത്തിക്കാറുണ്ടോ? കഠിന ദണ്ഡനമോ പ്രത്യേകമായ ഇന്ദ്രിയനിഗ്രഹമോ മനോനിഗ്രഹമോ നിനക്ക് ഏതു കാര്യത്തിലാണ് പ്രത്യേകം ആവശ്യമുള്ളത്?

www.malankaralibrary.com

അക്കാര്യത്തിൽ നീ വേണ്ടതു ശീലിക്കുന്നതിന് സമ്മതിക്കാത്തത് നിന്റെ മനസ്സ് (will) ആണോ? ശാസനയും ശിക്ഷയും താഴ്ത്തലും നിനക്കുണ്ടോ? അവയെ ക്ഷമയോടെ സഹിക്കുന്നുണ്ടോ? നിന്നിൽ കുറ്റമില്ലാത്തപ്പോഴും ക്ഷമയോടെ സഹിക്കുന്നുണ്ടോ? ഇവയുണ്ടായതിന്റെ ശേഷം നിനക്ക് താഴ്ത്തൽ (Humiliation) വരുത്തിയ ആളിനോട് നിന്റെ മനസ്സ് എങ്ങനെ വർത്തിക്കുന്നു?

13. (1) നിന്റെ ആത്മീയ കുമ്പസാരം (എ) ഏതുദ്ദേശത്തോടുകൂടെ (ബി) ഏതു മനഃസ്ഥിതിയോടുകൂടെ (Spirit) (സി) എത്രകണ്ട് ഫലപ്രദമാംവണ്ണം ആകുന്നു നടത്തുന്നത്. (2) നിന്റെ വിശുദ്ധ കുമ്പസാരം നടത്തുന്നത് എങ്ങനെ? (ഇതേപ്പറ്റിയും മേൽപറഞ്ഞ മൂന്നു കാര്യങ്ങളും ചിന്തിക്കണം) (എ) വിശുദ്ധ കുർബാന കാണുന്നത് (ബി) ആത്മീയ കുർബാനാനുഭവം (സി) വി. കുർബാനാനുഭവം ഇവയ്ക്കോരോന്നിനു ഒരുങ്ങുന്നത് എങ്ങനെ? ഏതുദ്ദേശത്തോടുകൂടെ? ഏതു മനഃസ്ഥിതിയോടുകൂടെ? എത്രകണ്ടു ഫലപ്രദമാംവണ്ണം? (3) (എ) ദിനംപ്രതി ജീവിതശോധന ചെയ്യുന്നത് ബി) ദിനംപ്രതി ചെയ്യേണ്ട സന്യാസപരമായ ഓരോ കൃത്യങ്ങൾ സി) മദ്ധ്യസ്ഥത മുതലായി പ്രാർത്ഥന സംബന്ധിച്ചുള്ള കാര്യങ്ങൾ. പ്രതിഷ്ഠിതവേല മുതലായി പ്രവൃത്തി സംബന്ധിച്ചുള്ള കർമ്മങ്ങൾ - ഇവ ഏത് (എ) ഉദ്ദേശത്തോടുകൂടെ? (ബി) ഏതു മനഃസ്ഥിതി (Spirit) യോടുകൂടെ? (സി) എത്രകണ്ട് ഫലപ്രദമാംവണ്ണം ആകുന്നു നടത്തുന്നത്? മേല്പറഞ്ഞ ഓരോ സംഗതിയിലും നിനക്കു പതിവായി ഉണ്ടാകുന്ന തെറ്റുകൾ ഏവ? (4) (എ) നീ ചെയ്യേണ്ട കൃത്യങ്ങൾ ഇന്നയിന്ന ക്രമമനുസരിച്ച് ചെയ്യണമെന്ന് വ്യവസ്ഥയുള്ളപ്പോൾ, ആ ക്രമം വിശ്വസ്തതയോടെ നീ പാലിക്കുന്നുണ്ടോ? കൃത്യം സംബന്ധിച്ച് മടിയുള്ള മനസ്സ്, പ്രശംസിക്കുന്ന മനസ്സ് മുതലായി നിന്റെ കൃത്യങ്ങളെ മലിനപ്പെടുത്തക്ക വിചാരങ്ങൾ തോന്നലുകൾ (Feelings) മുതലായവയെ ദൂരീകരിക്കുന്നതിൽ എത്രത്തോളം ഉത്സാഹം ചെയ്യാറുണ്ട്?

14. നീ ചെയ്തിട്ടുള്ള നല്ല നിശ്ചയങ്ങൾ (good resolutions) സാധിപ്പാൻ തക്കവണ്ണം നീ എങ്ങനെയെല്ലാം കരുതുകയും ആ വിഷയത്തിൽ നിന്നെ ശക്തിപ്പെടുത്തുകയും ചെയ്യുന്നുണ്ട്. ഏത് അവസരങ്ങളിൽ - ഏതു പരീക്ഷയുണ്ടാകുമ്പോൾ - ആണ് നീ പതിവായി വീണുപോകുന്നത്? അസ്തിരതകൊണ്ടും, ബലഹീനതകൊണ്ടും, വിചാരക്കുറവുകൊണ്ടും കരുതലില്ലായ്മകൊണ്ടും, ദുർമ്മനസ്സുകൊണ്ടും എത്രത്തോളം നിനക്കു വീഴ്ചയുണ്ടാകുന്നുണ്ട്?

www.malankaralibrary.com

15. താഴെക്കാണുന്ന ഓരോ സുകൃതങ്ങളും നീ ശീലിക്കുന്നത് എത്രത്തോളം സ്നേഹത്തോടും, തീക്ഷ്ണതയോടും, ഫലപ്രദമായും ആകുന്നു എന്ന് പരിശോധിക്കണം. ഈ സുകൃതങ്ങളും അവയ്ക്കെതിരായ ദുർഗുണങ്ങളും എത്രത്തോളം നിന്നിൽ ശക്തിപ്പെടുന്നു എന്ന് കണ്ടുപിടിക്കണം. (1) സഹോദരസ്നേഹം (fraternal charity) (2) താഴ്മ (humility) (3) സൗമ്യത (meekness) (4) ക്ഷമ (patience) (5) മൗനം (silence) (6) അടക്കമൊതുക്കം (modesty) (7) വി. ദാരിദ്ര്യം (8) വി. കന്യത്വം 9. വി. അനുസരണം

16. ഇതിലേക്കു മാതൃകയായി താഴെപ്പറയുന്നത് ചേർത്തിരിക്കുന്നു.

(1) വി. ദാരിദ്ര്യം സംബന്ധിച്ച് നിന്റെ സാധാരണ മനഃസ്ഥിതി എന്ത്? (2) ഏതെങ്കിലും വിധത്തിൽ നിനക്കു ആവശ്യമുള്ള വല്ല സാധനവും ഇല്ലാതെവന്നാൽ ആ കുറവിനെ നല്ല മനസ്സോടും (willingly) മൗനത്തോടും (silently) നീ വഹിക്കുന്നുണ്ടോ? (3) നിനക്ക് ആവശ്യമില്ലാത്ത വല്ല സാധനവും നിന്റെ കൈവശമുണ്ടോ? കേവലം അപ്രധാനമായ സാധനമായാലും മതി. (4) സൃഷ്ടിക്കപ്പെട്ട ഏതെങ്കിലും സാധനത്തോട് നിനക്ക് പ്രത്യേക സ്നേഹമുണ്ടോ? ആ സ്നേഹംകൊണ്ട് നിന്നെ മറന്നുപോകുവാൻ ഇടയാകുന്നുണ്ടോ? ആ സാധനം കയ്യിലിരിക്കണമെന്ന് നിനക്ക് ആഗ്രഹമുണ്ടോ? ദൃഷ്ടാന്തം, ഒരു ഛായാപടം, സൗകര്യമുള്ള തൗനാ, പ്രത്യേക സ്നേഹിതൻ. ഒരു പ്രത്യേക ഭക്ഷണസാധനം, പാനീയ സാധനം, ഒരു പ്രത്യേക ഉദ്യോഗം (office) ഒരു പ്രത്യേക കൃത്യം (duty) ഒരു പ്രത്യേക അദ്ധ്യക്ഷന്റെ കീഴിൽ പാർക്കാനുള്ള ആഗ്രഹം. ഒരു മന്ദിരംവിട്ട് മറ്റൊന്നിൽ പാർക്കാനുള്ള ആഗ്രഹം മുതലായത്.

ലൗകീകസന്തോഷങ്ങൾ, ധനം, ബഹുമാനങ്ങൾ മുതലായവയെ നിന്റെ ഹൃദയംകൊണ്ട് തൃജിക്കയും യേശുമിശിഹായുടെ ദാരിദ്ര്യാവസ്ഥയിൽ മനഃപൂർവ്വമായും പരമാർത്ഥമായും ഔദാര്യപൂർവ്വവും സന്തോഷിക്കയും ചെയ്യുന്നുണ്ടോ? ദരിദ്രന്മാരെപ്പോലെ ജീവിക്കയും ദരിദ്രനായി ഗണിക്കപ്പെടുകയും ചെയ്യുന്നതു നിനക്കു സന്തോഷമാണോ? ദൈവത്തെ ഒഴിച്ചു ശാരീരികമൊ ആത്മീയമൊ ആയ വല്ല നന്മയും (good) നീ ആഗ്രഹിക്കുന്നുണ്ടോ?

www.malankaralibrary.com

# ബഥനി മിശിഹാനുകരണ സഭ

## പ്രഥമാശ്രമം

### കൽപ്പന

**ബഥനിയുടെ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായിൽ നിന്നും**

കർത്താവിൽ നമ്മുടെ പ്രിയ മകനെ,

ദൈവത്തിന്റെ തിരുമുമ്പാകെയും, ദൈവജനനിയുടേയും സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും വി. മാലാഖമാരുടെയും മുമ്പാകെയും, വി. മദ്ബഹായുടെയും വി. ഏവൻഗേലിയോന്റെയും വി. കുർബ്ബാനയുടെയും മുമ്പാകെയും, ബലഹീനനായ നമ്മുടേയും "മിശിഹാനുകരണ സഭ"യുടേയും മുമ്പാകെയും, മഹത്തേറിയ സന്ന്യാസപ്രതിജ്ഞകൾ ചെയ്യുന്നതിന് ദൈവം തന്നെ അനുഗ്രഹിച്ചിരിക്കെ, താൻ ആ പ്രതിജ്ഞകൾ പാലിച്ച് ദൈവത്തെ സർവ്വോപരി മഹത്വപ്പെടുത്തുകയും പൂർണ്ണത സമ്പാദിക്കയും ചെയ്യണമെന്നുള്ളത് തന്റെ ദൈവവിളിയും ആ വിഷയത്തിൽ തന്നെ മുമ്പോട്ട് നടത്തണമെന്നുള്ളത് ദൈവമുമ്പാകെ നമ്മടെ കടമയും ആകുന്നു. അതിനാൽ താൻ ഇതുവരെ പാലിച്ച് വന്നിരുന്ന സന്ന്യാസനിയമങ്ങൾ കൂടുതൽ ശുഷ്ക്കാന്തിയോടെ ആചരിപ്പാനും, അവ നിരന്തരമായി തന്റെ ശ്രദ്ധയിൽ പതിയുവാനും വേണ്ടി താഴെപ്പറയുന്ന സംക്ഷിപ്ത നിയമങ്ങൾ തന്നെ നാം ഭരമേല്പിക്കയും ദൈവസ്നേഹം നിമിത്തം ഇവ അനുഷ്ഠിച്ചുകൊള്ളണമെന്ന് നാം തന്നെ കടപ്പെടുത്തുകയും ചെയ്യുന്നു.

ദൈവമായ കർത്താവിന്റെ കൃപയും അനുഗ്രഹങ്ങളും സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

ആയത് ദൈവമാതാവിന്റെയും സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ.

മിശിഹാനുകരണ സഭാദ്ധ്യക്ഷനായ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ.

തിരുവല്ലാ }<br>30-8-1931 }

Archbishop of Bethany

www.malankaralibrary.com

# സംക്ഷിപ്ത വി. നിയമം

ബഥന്യാശ്രമസ്ഥൻ "മിശിഹാനുകരണസഭ" എന്നു പേരുള്ള സന്ന്യാസസഭയുടെ പ്രതിഷ്ഠിതനായ അംഗമാകയാൽ നമ്മുടെ കർത്താവേശുമിശിഹായെ സർവ്വാത്മനാ സ്നേഹിക്കുകയും അനുകരിക്കയും ചെയ്യേണ്ടത് അയാളുടെ സർവ്വപ്രധാനമായ കടമയാകുന്നു. ഈ കടമ നിറവേറ്റുന്നതിന് "ബഥനി" എന്ന നാമം സഹായമാകുന്നു. ബഥനി ഈശോമിശിഹായെ സ്നേഹിച്ച ഒരു കുടുംബമത്രെ.

മറിയത്തെപ്പോലെ ദൈവസ്നേഹം നിറഞ്ഞ പ്രാർത്ഥനാജീവിതവും, മാർത്തായെപ്പോലെ ദൈവസ്നേഹം നിറഞ്ഞ ശുശ്രൂഷാജീവിതവും, ലാസറിനെപ്പോലെ ദൈവസ്നേഹം നിറഞ്ഞ വേദപ്രചരണോദ്യമവും ബഥന്യാശ്രമസ്ഥന്റെ കടമകളാകുന്നു. ഈ കടമകൾ യേശുമിശിഹായെ സ്നേഹിച്ചും അനുകരിച്ചും നിർവ്വഹിക്കേണ്ടതും ആകുന്നു. ഓരോ സന്ന്യാസിയും സന്ന്യാസസഭ മുഴുവനായും ഈ ആദർശത്തെ ദിനംപ്രതി മുമ്പിൽ കാണുകയും, ജീവിതത്തിൽ പ്രായോഗികമാക്കുകയും ചെയ്തിട്ട് ദൈവത്തെ മഹത്വപ്പെടുത്തേണ്ടതാണ്.

ബഥനിയാശ്രമജീവിതവും, വി. നിയമവും, ബഥനിയുടെ സർവ്വപ്രവർത്തനങ്ങളും ഈ ആദർശത്തെ ലക്ഷ്യമാക്കിയിട്ടുള്ളവയാകുന്നു. ദൈവസ്നേഹത്തെപ്രതിയുള്ള സന്ന്യാസപരമായ വി. ദാരിദ്ര്യം, സന്ന്യാസപരമായ വി. ബ്രഹ്മചര്യാവ്രതം, സന്ന്യാസപരമായ വി. അനുസരണവ്രതം എന്നിങ്ങനെയുള്ള വ്രതത്രയങ്ങൾ മേല്പറഞ്ഞ ആദർശത്തെ സന്ന്യാസിയുടെ ജീവിതത്തിൽ യഥാർത്ഥമാക്കിച്ചെയ്‌വാൻ ദൈവം തന്നിട്ടുള്ള ഉപാധികളാകുന്നു.

താഴെപ്പറയുന്ന നിയമങ്ങൾ വി. നിയമത്തിന്റെ സംക്ഷേപമാണെന്ന് പറയാം.

**1. മൌനം.** സന്ന്യാസിയുടെ ആത്മാവ് ദൈവത്തോടടുത്ത് വി. സംസർഗ്ഗത്തിൽ വിശ്രമിക്കുന്നതിനുള്ള ആത്മീയ വ്യായാമം സന്ന്യാസപര

www.malankaralibrary.com

മായ മൌനം ആകുന്നു. മൌനത്തിന്റെ പരമ സാദ്ധ്യവും ഇതത്രെ. സൂത്താറാ മുതൽ പിറ്റേന്നാൾ വി. കുർബ്ബാനയും ഏഴരയുടെ നമസ്കാരവും കഴിയുന്നത് വരെ ദൃഢമൌനം പാലിക്കണം. ഒഴിച്ച് വയ്ക്കാൻ പാടില്ലാത്ത ആവശ്യങ്ങൾക്ക് വേണ്ടിയല്ലാതെ ലംഘനം വരുത്തരുത്.

**2. യാമ നമസ്കാരങ്ങൾ.** സ്വർഗ്ഗദൂതന്മാരുടേയും ശുദ്ധിമാന്മാരുടേയും ഇടവിടാതെയുള്ള നിത്യാരാധനയിൽ പങ്കുകൊള്ളുന്നതിന് സന്ന്യാസിയെ സഹായിക്കുന്ന വ്യായാമം യാമ നമസ്ക്കാരമാകുന്നു. ഏഴു നേരത്തെ യാമ നമസ്കാരങ്ങൾ നാലുനേരമായിട്ടെങ്കിലും നടത്തിയിരിക്കണം. ഒരു യാമത്തിലെ നമസ്ക്കാരം കുറഞ്ഞപക്ഷം ഒരു കൌമായും അത് യാമത്തിലെ പ്രത്യേക അപേക്ഷയും *ആയിരിക്കണം.

**3. ഉപവാസം.** "ഉപവാസത്താലും പ്രാർത്ഥനയാലും അല്ലാതെ ഈ ജാതി (മ്ലേഛാത്മാവ്) പുറപ്പെട്ടു പോകയില്ല" എന്ന് നമ്മുടെ കർത്താവു കല്പിച്ചിരിക്കുന്നു. പിശാചിനെ ജയിക്കുന്നതിനും ദുർമ്മോഹങ്ങളെ ദുരീകരിക്കുന്നതിനും നിഷ്ഠാജീവിതത്തെ ശക്തിപ്പെടുത്തുന്നതിനും, സുകൃതസമ്പാദനത്തിനും ഉപവാസം ആവശ്യമാകുന്നു. അഞ്ചു നോമ്പുകളിലും സന്ന്യാസി ഉച്ചവരെ ഉപവസിക്കുന്നത് നിയമാനുസൃതമാണെങ്കിലും അൻപതുനോയമ്പിൽ വെള്ളിയാഴ്ചയും ശനിയാഴ്ചയും, മൂന്നു നോമ്പിലും ഉച്ചവരെ ഉപവസിക്കണമെന്നു മാത്രമെ ഇപ്പോൾ കടപ്പെടുത്തുന്നുള്ളൂ.

**4. വി. കുർബ്ബാനാനുഭവം.** "ഞങ്ങൾക്കു ആവശ്യമുള്ള അപ്പം ഇന്നും ഞങ്ങൾക്കു തരണമെ" എന്നുള്ള പ്രാർത്ഥന നിവൃത്തിയാകുന്നതു പ്രധാനമായി ദിനംപ്രതിയുള്ള വി. കുർബ്ബാനാനുഭവത്താലായിരിക്കണം. സന്ന്യാസി ദിനംപ്രതി യാഗാർപ്പണത്തിൽ പങ്കുകൊള്ളുകയും, യാഗപശുവിനെ ഭക്ഷിക്കുകയും ചെയ്യണം. അത് സന്ന്യാസിയുടെ വലിയ പദവിയാകുന്നു. സന്ന്യാസപരമായ വ്രതത്രയങ്ങൾ പാലിക്കുന്നതിനുള്ള പരമസഹായം വി. കുർബ്ബാ

---

| * യാമം | പ്രത്യേക അപേക്ഷ |
|---|---|
| സന്ധ്യ | 1. കർത്താവെ നിന്നെ ഞാൻ നോക്കി വിളിച്ചു - ഇത്യാദി മസുമൂറാ |
| | 2. മോറാനേശു മ്ശിഹാ - ഇത്യാദി ഫെസ്ഗാമ. |
| സൂത്താറ | 1. മസുമൂറാ (91, 121 അഥവാ 4) |
| | 2. "കർത്താവെ നിന്റെ കരുണയുള്ള ചിറകിൻ കീഴിൽ, ഇത്യാദി. |

www.malankaralibrary.com

നയാൽ അന്നന്ന് സന്ന്യാസി സമ്പാദിച്ചു കൊള്ളേണ്ടതാണ്. വി. കുർബ്ബാനാനുഭവം ദിനംപ്രതി ഉണ്ടായിരിപ്പാൻ താല്പര്യപ്പെടണം.

**5. കുമ്പസാരം.** ജീവിതശുദ്ധീകരണത്തിനും, ആത്മീയ ജീവിതത്തിൽ പുരോഗമനത്തിനും തുടരെത്തുടരെയുള്ള കുമ്പസ്സാരം അത്യന്താപേക്ഷിതമാകുന്നു. കുമ്പസ്സാരം ആഴ്ചതോറും നടത്തണം. അസാധാരണ കുമ്പസ്സാരപിതാവിന്റെ അടുക്കൽ മൂന്നു മാസത്തിലൊരിക്കൽ കുമ്പസ്സാരിക്കയൊ ഹാജരാകയൊ ചെയ്യണം. ആത്മപ്രദർശനം നടത്തുന്നതു കൊള്ളാം.

**6. ജീവിതശോധന. ആത്മീയ കുമ്പസ്സാരം, ആത്മീയ ഡയറി.** ജീവിതശോധനയും ആത്മീയകുമ്പസ്സാരവും, കൂദാശാപരമായ കുമ്പസ്സാരത്തിനും, ആത്മസംസ്ക്കരണത്തിനും ഏറെ സഹായമാണ്. ദിവസം തോറും ജീവിതശോധനക്കു അവസരം എടുക്കണം.

**7. ധ്യാനം.** ദൈവത്തോടുള്ള ഐക്യത്തിനും ധ്യാനവും തന്മൂലമുള്ള ദൈവസംസർഗ്ഗവും ഒഴിച്ചു വയ്ക്കാവുന്നതല്ല. ഇതിലത്രെ സന്ന്യാസിയുടെ ആത്മാവ് ദൈവസംസർഗ്ഗത്തിന്റെ മാധുര്യം അനുഭവിക്കുന്നത്. ദിനംപ്രതി അരമണിക്കൂർ സമയമെങ്കിലും ധ്യാനം നടത്തിയിരിക്കണം. രണ്ടു ധ്യാനം നടത്താൻ സൗകര്യം ലഭിക്കുമ്പോൾ അങ്ങനെ നടത്തുന്നതു കൊള്ളാം.

---

| | |
|---|---|
| പാതിരാത്രി | 1. "പാപികളോടു കരുണ ചെയ്യുന്ന കർത്താവെ" - ഇത്യാദി.<br>2. "മേലുള്ള ഉയരങ്ങളിൽ" - ഇത്യാദി. |
| പ്രഭാതം | 1. ദൈവമേ നിന്റെ കൃപയിൻ പ്രകാരം - ഇത്യാദി മസുമൂറ<br>2. കർത്താവെ നിന്നെ സ്തോത്രം ചെയ്യുന്നതും - ഇത്യാദി ഫെസ്ഗാമ |
| മൂന്നാംമണി | ഞങ്ങളുടെ കർത്താവേശുമിശിഹാ നിന്റെ വിശുദ്ധ ശ്ലീഹർക്കു കൊടുത്ത വി. റൂഹാ ആയി - ഇത്യാദി |
| മധ്യാഹ്നം | "മാതാകാദീശ-ന്മാർതൻ പ്രാർത്ഥനയാൽ" ഇത്യാദി |
| ഒമ്പതാംമണി | "കരുണ നിറഞ്ഞോനെ പുനരുത്ഥാനത്തിൽ" ഇത്യാദി പദ്യമൊ ഗദ്യമൊ ഉപയോഗിക്കാം. |

രാവിലെ ദിനപ്രതിഷ്ഠയും. ഉച്ചയ്ക്ക് മദ്ധ്യസ്ഥതയും, സന്ധ്യയ്ക്കു രാത്രിപ്രതിഷ്ഠയും, തദനന്തരം ജീവിതശോധനയും അനുതാപ പ്രകരണയും; സൂത്താറായിക്കു നിദ്രപ്രതിഷ്ഠയും നടത്തണം.

www.malankaralibrary.com

**8. മതപഠനം വേദപഠനം.** എന്നിവയ്ക്കു രണ്ടു മണിക്കൂർ ആഴ്ച തോറും വിനിയോഗിക്കണം.

**9. മദ്ധ്യസ്ഥപ്രാർത്ഥന.** യഥാർത്ഥ സന്ന്യാസിക്കു തനിക്കു വേണ്ടി ത്തന്നെ ജീവിപ്പാൻ അസാദ്ധ്യമാണ്. സ്നേഹജീവിതം പ്രായോഗികമാക്കു ന്നതിനു മദ്ധ്യസ്ഥപ്രാർത്ഥന പ്രധാനമാർഗ്ഗമാകുന്നു. മദ്ധ്യസ്ഥപ്രാർത്ഥന മുടങ്ങുമ്പോൾ സന്ന്യാസാദർശം ക്ഷയിക്കുന്നു. മദ്ധ്യസ്ഥപ്രാർത്ഥനക്ക് ദിനം പ്രതി ശ്രദ്ധ പതിക്കണം.

**10. അനുശാസനസംഘം.** (ആഴ്ചതോറും അനുശാസനസംഘം നട ത്തണം. ആശ്രമ നിയമം സംബന്ധിച്ച ബാഹ്യാനുഷ്ഠാനങ്ങളിൽ വന്നു പോകുന്ന വീഴ്ചകൾ അനുശാസന സംഘത്തിൽ ഏറ്റു പറയണം.

**11. ശാന്തിദിനം.** (മാസത്തിൽ ഒരു ദിവസം ശാന്തിദിനം അനുഷ്ഠി ക്കണം. കഴിഞ്ഞ മാസത്തെ ജീവിതശോധന, അടുത്ത മാസത്തേക്കുള്ള ആത്മീയ പ്രയത്നം, പ്രത്യേക സുകൃതാഭ്യസനം എന്നിവയ്ക്കും പുറമെ സന്ന്യാസപ്രതിജ്ഞ പുതുക്കുന്നതിനു ശാന്തിദിനം നല്ല അവസരമാകുന്നു. ആവശ്യമെന്നു തോന്നുന്നപക്ഷം രണ്ടു ദിവസം അടുപ്പിച്ച് ശാന്തിദിനം അനു ഷ്ഠിക്കാവുന്നതാണ്.

**12. ദാരിദ്ര്യവ്രതം.** ദാരിദ്ര്യവ്രതാനുഷ്ഠാനം സന്ന്യാസിയെ ലോക ബന്ധനങ്ങളിൽ നിന്ന് വേർപെടുത്തുന്നു. സന്ന്യാസി വി. ദാരിദ്ര്യത്തെ സ്നേഹിക്കണം. കൊടുക്കവാങ്ങൽ, സമ്മാനം, കൈമാറ്റം, സ്വന്ത കരുതലു കൾ എന്നിവ അനുവാദത്തിന്മേലല്ലാതെ പാടില്ല.

**13. കന്യാവ്രതം.** ബലഹീനമുള്ള മൺപാത്രമാകുന്ന ഈ ശരീരത്തിൽ കന്യാവ്രതമാകുന്ന നിക്ഷേപത്തെ കാത്ത് സൂക്ഷിപ്പാൻ ദൈവം സന്ന്യാ സിയെ വിളിച്ചിരിക്കുന്നു. നല്ല കരുതലോടും, ഭയഭക്തിയോടുംകൂടി ഈ നിക്ഷേപത്തെ കാത്തുസൂക്ഷിച്ച് കൊള്ളണം. ഇതിലേക്ക് സ്വാഭാവികമായ മുൻകരുതലുകൾ ചെയ്യുന്നത് കൂടാതെ സ്വഭാവാതീതമായ കരുതലുകളും കൃപാസമ്പാദനവും സന്ന്യാസിക്കു അവശ്യം വേണ്ടതാണ്. പഞ്ചേന്ദ്രിയങ്ങളെ അടക്കി ഭരിക്കയും കർത്താവീശോമിശിഹായുടെ തിരുഹൃദയത്തോട് സന്ന്യാ സിയുടെ ഹൃദയത്തെ സംയോജിപ്പിക്കയും ചെയ്തുകൊണ്ട് സന്ന്യാസി കന്യാവ്രതം പാലിക്കണം. പ്രാർത്ഥനയും ആത്മദണ്ഡനവും ഈ വിഷയ ത്തിൽ തക്കതായ സഹായമാണ്. സന്ന്യാസി വി. നൈഷ്ടികവ്രതത്തെ സ്നേഹിക്കണം. തക്കതായ ആവശ്യം കൂടാതെ സ്ത്രീകളെ കണ്ട് സംസാ രിച്ചുകൂടാ. ദീർഘസംഭാഷണത്തിനു സന്ന്യാസി ഒരിക്കലും വഴിപ്പെട്ട് പോക

www.malankaralibrary.com

രുത്! ആഴശ്യമില്ലാത്തതും, വിനോദകരവും ആയ സംഭാഷണം ഒഴിച്ച് വയ്ക്കണം. സ്ത്രീകളോടുള്ള പെരുമാറ്റത്തിൽ “മൂന്നടി നിയമം” കഴിവുള്ളിടത്തോളം പാലിക്കണം. കുട്ടികളോട് വളരെ അടുത്തുള്ള പെരുമാറ്റം ഇല്ലാതിരിക്കണം.

**14. അനുസരണവ്രതം.** ദൈവത്തിന്റെ തിരുവിഷ്ടത്തോട് സന്ന്യാസിയുടെ മനസ്സിനെ പൂർണ്ണമായി സംയോജിപ്പിക്കുന്നത് അനുസരണവ്രതത്താലാകുന്നു. “നിന്റെ ഇഷ്ടം ചെയ്‌വാൻ ഞാൻ വന്നിരിക്കുന്നു എന്നുള്ളത് നിരന്തരമായി സന്ന്യാസിയുടെ മുദ്രാവാക്യമായി കണ്ടു കൊള്ളണം. “പിതാവെ എന്റെ ഇഷ്ടമല്ല നിന്റെ തിരുവിഷ്ടം തന്നെ നടക്കണമെ.” എന്നുള്ളതു സന്ന്യാസിയുടെ ചിരപ്രാർത്ഥനയായിരിക്കണം. അദ്ധ്യക്ഷന്റെ മനസ്സിനോടും ഉദ്ദേശങ്ങളോടും സന്ന്യാസി വിനയപൂർവ്വം യോജിച്ച് പ്രവർത്തിക്കയും അനുസരണമുള്ള ഹൃദയം സർവ്വദാ പാലിക്കയും ചെയ്യണം. പ്രസ്പഷ്ടമായ ആജ്ഞാലംഘനം ചെയ്യാതിരിക്കുന്നതുകൊണ്ട് സന്ന്യാസി തൃപ്തനാകരുത്. ഹൃദയത്തിന്റെ ആഴത്തിൽ അനുസരണം വളർത്തിക്കൊള്ളണം. അനുസരണം ബലിയെക്കാൾ ദൈവത്തിനു പ്രസാദകരമാകുന്നു. സന്ന്യാസി വി. അനുസരണത്തെ സ്നേഹിക്കണം.

മന്ദിരാദ്ധ്യക്ഷന്റെ അനുമതി കൂടാതെ മന്ദിരംവിട്ട് പുറത്തുപോകുക, കൂടുതൽ സമയം പുറത്തുതാമസിക്കുക, എന്നിവ പാടില്ല. ഓരോ സന്ന്യാസിയുടെയും വേലകളും ഇടപാടുകളും ദൈവനാമത്തിൽ സമൂഹത്തിന്റേതായിരിപ്പാൻ തക്കവണ്ണം അവ ഓരോന്നും അനുസരണത്തിൻകീഴിൽ അനുഷ്ഠിക്കുന്നവയായിരിക്കണം. അത് സംബന്ധിച്ചുള്ള റിപ്പോർട്ടുകൾ ആഴ്ചതോറുമോ മാസത്തിലൊരിക്കലെങ്കിലുമൊ അദ്ധ്യക്ഷന്റെ അടുക്കൽ കൊടുക്കണം.

ഓരോരുത്തനും പൊതുജീവിതത്തിൽ താല്പര്യമുള്ളവനായിരിക്കുന്നത് കൂടാതെ ഓരോ മന്ദിരത്തിലുള്ള സമയവിവരപ്പട്ടിക അനുസരിച്ചു വർത്തിക്കേണ്ടതും. പുറത്തുപോകുവാൻ ഇടവരുമ്പോൾ പോലും മേലെഴുതിയിരിക്കുന്ന നിയമങ്ങൾ പാലിപ്പാൻ ചുമതലപ്പെട്ടിരിക്കുന്നതുമാകുന്നു. ഈ നിയമങ്ങളുടെ പരമസാദ്ധ്യം കർത്താവേശുമിശിഹായോടുള്ള സ്നേഹവും

---

ആഴ്ചയിലൊരിക്കൽ തൗനാ പ്രതിഷ്ഠിക്കണം. വസ്ത്രം മാറുമ്പോഴുള്ള പ്രാർത്ഥനകൾ ശ്രദ്ധാപുർവ്വം നടത്തണം.

www.malankaralibrary.com

സംയോജിപ്പും ആകുന്നു. ആഴ്ചയിലൊരു പ്രാവശ്യംവീതം ഈ നിയമസംഗ്രഹം ദൈവമുമ്പാകെവച്ച് സന്ന്യാസി വായിക്കണം. സന്ന്യാസപ്രതിഷ്ഠയും, ത്രിവ്രതങ്ങളിലൊരോന്നും ദിവസംതോറുമുള്ള വി. കുർബ്ബാനയോടുകൂടി പുതുക്കുന്നത് നന്ന്.

**ചിന്താസംയമനം:-** മനുഷ്യൻ മനസ്സുകൊണ്ട് ചിന്തിക്കുന്ന ഏതു കാര്യവും അവന്റെ ശരീരത്തിൽ വികാരങ്ങളെ ഉദിപ്പിക്കുന്നു. അവ ചിന്തിക്കുന്ന നിമിഷത്തിൽതന്നെ ആ ചിന്ത പ്രവർത്തിരൂപത്തെ പ്രാപിപ്പാൻതക്ക ശക്തികൾ പൊടുന്നനവെ പ്രവർത്തിച്ചുതുടങ്ങുന്നു. അതിനാൽ അശുദ്ധ കാര്യങ്ങൾ ഒരു നിമിഷംപോലും ചിന്തിച്ചുകൂടാ. അതു ജീവിതശുദ്ധിക്കു ഹാനിവരുത്തുന്നു. ഹാനിവരുത്തുന്നില്ലെന്നു കരുതുന്നതു സർവ്വാബദ്ധമാണ്. മ്ലേച്ഛകാര്യങ്ങൾ ചിന്തിക്കാതിരിക്കുന്നതു പുണ്യജീവിതം ആകയില്ല; ദിവ്യവും പരിശുദ്ധവും ആയ കാര്യങ്ങൾ ചിന്തിക്കുന്നതിനു മനസ്സിനെ നിയോഗിക്കണം. പരിശുദ്ധമായ ആശയങ്ങളും ആദർശങ്ങളും ഉപദേശിക്കുന്ന പുസ്തകങ്ങൾ ക്രമമായി വായിക്കണം. സർവ്വപ്രധാനമായി വിശുദ്ധ വേദപുസ്തകം വായിച്ചു പഠിക്കയും ധ്യാനിക്കയും വേണം. ഭക്തിസംവർദ്ധകങ്ങളായ വായനകളും പഠനങ്ങളും ആത്മീകജീവിതാഭിവൃദ്ധിക്കു അത്യന്താപേക്ഷിതമാകുന്നു. ഈ കാര്യത്തിൽ ബഥന്യാശ്രമസ്ഥൻ പ്രത്യേകം ശ്രദ്ധപതിക്കണം. ഭക്തിസംവർദ്ധകമായ ഏതെങ്കിലും പുസ്തകം തുടരെ കൈവശം ഉണ്ടായിരിക്കയും ഉപയോഗിക്കയും വേണം.

വിശുദ്ധ ചിന്ത മനസ്സിനെ സംസ്കരിക്കുന്നു.
വിശുദ്ധ ചിന്ത വിശുദ്ധ പ്രവർത്തിയെ ഉളവാക്കുന്നു.
വിശുദ്ധ പ്രവർത്തി വിശുദ്ധ തഴക്കത്തെ നൽകുന്നു.
വിശുദ്ധ തഴക്കം വിശുദ്ധ ജീവിതത്തെ ഉളവാക്കുന്നു.
വിശുദ്ധ ജീവിതം നിത്യഭാഗ്യത്തെ വരുത്തുന്നു.
നിത്യഭാഗ്യം ദൈവത്തിന്റെ സൗജന്യ ദാനമാകുന്നു.

ചിന്താസംയമനം അഭ്യസിക്കുന്നതിനാൽ സന്ന്യാസി സുകൃതപൂർണ്ണതയും നിത്യഭാഗ്യവും കരസ്ഥമാക്കുന്നു.

പൂർണ്ണത. “സ്വർഗ്ഗസ്ഥനായ എന്റെ പിതാവ് പൂർണ്ണനായിരിക്കുന്നപ്രകാരം നിങ്ങളും പൂർണ്ണരാകുവീൻ” (വി. മത്താ. 5:48).

“എന്റെ കൃപ നിനക്കുമതി” (ഉല്പത്തി. 17:1).

www.malankaralibrary.com

# ബഥനി മിശിഹാനുകരണ സഭ

## ദ്വിതീയാശ്രമം

### കൽപ്പന

**ബഥനിയുടെ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ്
മെത്രാപ്പോലീത്തായിൽ നിന്നും**

കർത്താവിൽ നമ്മുടെ പ്രിയ മകളെ,

ദൈവത്തിന്റെ തിരുമുമ്പാകെയും, ദൈവജനനിയുടേയും സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും വി. മാലാഖമാരുടെയും മുമ്പാകെയും, വി. മദ്ബഹായുടെയും വി. ഏവൻഗേലിയോന്റെയും വി. കുർബ്ബാനയുടെയും മുമ്പാകെയും, ബലഹീനനായ നമ്മുടേയും റവ. മദറിന്റെയും "മിശിഹാനുകരണ സഭ"യുടേയും മുമ്പാകെയും, മഹത്തേറിയ സന്ന്യാസ പ്രതിജ്ഞകൾ ചെയ്യുന്നതിന് ദൈവം നിന്നെ അനുവദിച്ചിരിക്കെ, നീ ആ പ്രതിജ്ഞകൾ പാലിച്ച് ദൈവത്തെ സർവ്വോപരി മഹത്വപ്പെടുത്തുകയും പൂർണ്ണത സമ്പാദിക്കയും ചെയ്യണമെന്നുള്ളത് നിന്റെ ദൈവവിളിയും ആ വിഷയത്തിൽ തന്നെ മുമ്പോട്ട് നടത്തണമെന്നുള്ളത് ദൈവമുമ്പാകെ നമ്മുടെ കടമയും ആകുന്നു. അതിനാൽ നീ ഇതുവരെ പാലിച്ച് വന്നിരുന്ന സന്ന്യാസ നിയമങ്ങൾ കൂടുതൽ ശുഷ്ക്കാന്തിയോടെ ആചരിപ്പാനും, അവ നിരന്തരമായി തന്റെ ശ്രദ്ധയിൽ പതിയുവാനും വേണ്ടി താഴെപ്പറയുന്ന സംക്ഷിപ്ത നിയമങ്ങൾ നിന്നെ നാം ഭരമേല്പിക്കയും ദൈവസ്നേഹം നിമിത്തം ഇവ അനുഷ്ഠിച്ചുകൊള്ളണമെന്ന് നാം നിന്നെ കടപ്പെടുത്തുകയും ചെയ്യുന്നു.

ദൈവമായ കർത്താവിന്റെ കൃപയും അനുഗ്രഹങ്ങളും സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

ആയത് ദൈവമാതാവിന്റെയും സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ.

മിശിഹാനുകരണ സഭാദ്ധ്യക്ഷനായ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ.

തിരുവല്ലാ }<br>30-8-1931

Archbishop of Bethany

www.malankaralibrary.com

# സംക്ഷിപ്ത വി. നിയമം

ബഥന്യാശ്രമസ്ഥ "മിശിഹാനുകരണസഭ" എന്നു പേരുള്ള സന്ന്യാസസഭയുടെ പ്രതിഷ്ഠിതനായ അംഗമാകയാൽ നമ്മുടെ കർത്താവേശുമിശിഹായെ സർവ്വാത്മനാ സ്നേഹിക്കുകയും അനുകരിക്കയും ചെയ്യേണ്ടത് അയാളുടെ സർവ്വപ്രധാനമായ കടമയാകുന്നു. ഈ കടമ നിറവേറ്റുന്നതിന് "ബഥനി" എന്ന നാമം സഹായമാകുന്നു. ബഥനി ഈശോമിശിഹായെ സ്നേഹിച്ച ഒരു കുടുംബമത്രെ.

മറിയത്തെപ്പോലെ ദൈവസ്നേഹം നിറഞ്ഞ പ്രാർത്ഥനാജീവിതവും, മാർത്തായെപ്പോലെ ദൈവസ്നേഹം നിറഞ്ഞ ശുശ്രൂഷാജീവിതവും, ലാസറിനെപ്പോലെ ദൈവസ്നേഹം നിറഞ്ഞ വേദപ്രചരണോദ്യമവും ബഥന്യാശ്രമസ്ഥയുടെ കടമകളാകുന്നു. ഈ കടമകൾ യേശുമിശിഹായെ സ്നേഹിച്ചും അനുകരിച്ചും നിർവ്വഹിക്കേണ്ടതും ആകുന്നു. ഓരോ സന്ന്യാസിനിയും സന്ന്യാസസഭ മുഴുവനായും ഈ ആദർശത്തെ ദിനംപ്രതി മുമ്പിൽ കാണുകയും, ജീവിതത്തിൽ പ്രായോഗികമാക്കുകയും ചെയ്തിട്ട് ദൈവത്തെ മഹത്വപ്പെടുത്തേണ്ടതാണ്.

ബഥനിയാശ്രമജീവിതവും, വി. നിയമവും, ബഥനിയുടെ സർവ്വപ്രവർത്തനങ്ങളും ഈ ആദർശത്തെ ലക്ഷ്യമാക്കിയിട്ടുള്ളവയാകുന്നു, ദൈവസ്നേഹത്തെപ്രതിയുള്ള സന്ന്യാസപരമായ വി. ദാരിദ്ര്യം, സന്ന്യാസപരമായ വി. കന്യാവ്രതം, സന്ന്യാസപരമായ വി. അനുസരണവ്രതം എന്നിങ്ങനെയുള്ള വ്രതത്രയങ്ങൾ മേല്പറഞ്ഞ ആദർശത്തെ സന്ന്യാസിനിയുടെ ജീവിതത്തിൽ യഥാർത്ഥമാക്കിച്ചെയ്‌വാൻ ദൈവം തന്നിട്ടുള്ള ഉപാധികളാകുന്നു.

താഴെപ്പറയുന്ന നിയമങ്ങൾ വി. നിയമത്തിന്റെ സംക്ഷേപമാണെന്ന് പറയാം.

**1. മൌനം.** സന്ന്യാസിനിയുടെ ആത്മാവ് ദൈവത്തോടടുത്ത് വി. സംസർഗ്ഗത്തിൽ വിശ്രമിക്കുന്നതിനുള്ള ആത്മീയ വ്യായാമം സന്ന്യാസപരമായ മൌനം ആകുന്നു. മൌനത്തിന്റെ പരമ സാദ്ധ്യവും ഇതത്രെ.

www.malankaralibrary.com

സൂത്താറാ മുതൽ പിറ്റേന്നാൾ വി. കുർബ്ബാനയും ഏഴരയുടെ നമസ്കാരവും കഴിയുന്നത് വരെ ദൃഢമൌനം പാലിക്കണം. ഒഴിച്ച് വയ്ക്കാൻ പാടില്ലാത്ത ആവശ്യങ്ങൾക്ക് വേണ്ടിയല്ലാതെ ലംഘനം വരുത്തരുത്.

**2. യാമ നമസ്കാരങ്ങൾ.** സ്വർഗ്ഗദൂതന്മാരുടേയും ശുദ്ധിമാന്മാരുടേയും ഇടവിടാതെയുള്ള നിത്യാരാധനയിൽ പങ്കുകൊള്ളുന്നതിന് സന്ന്യാസിനിയെ സഹായിക്കുന്ന വ്യായാമം യാമനമസ്ക്കാരമാകുന്നു. ഏഴു നേരത്തെ യാമ നമസ്കാരങ്ങൾ നാലുനേരമായിട്ടെങ്കിലും നടത്തിയിരിക്കണം. ഒരു യാമത്തിലെ നമസ്ക്കാരം കുറഞ്ഞപക്ഷം ഒരു കൌമായും അത് യാമത്തിലെ പ്രത്യേക അപേക്ഷയും *ആയിരിക്കണം.

**3. ഉപവാസം.** "ഉപവാസത്താലും പ്രാർത്ഥനയാലും അല്ലാതെ ഈ ജാതി (മ്ലേഛരാത്മാവ്) പുറപ്പെട്ടു പോകയില്ല" എന്ന് നമ്മുടെ കർത്താവു കല്പിച്ചിരിക്കുന്നു. പിശാചിനെ ജയിക്കുന്നതിനും ദുർമ്മോഹങ്ങളെ ദുരീകരിക്കുന്നതിനും നിഷ്ഠാജീവിതത്തെ ശക്തിപ്പെടുത്തുന്നതിനും, സുകൃതസമ്പാദനത്തിനും ഉപവാസം ആവശ്യമാകുന്നു. അഞ്ചു നോമ്പുകളിലും സന്ന്യാസിനി ഉച്ചവരെ ഉപവസിക്കുന്നത് നിയമാനുസൃതമാണെങ്കിലും അൻപതുനോയമ്പിലും, മൂന്നു നോമ്പിലും ഉച്ചവരെ ഉപവസിക്കണമെന്നു മാത്രമെ ഇപ്പോൾ കടപ്പെടുത്തുന്നുള്ളൂ. ബുധനാഴ്ച യും വെള്ളിയാഴ്ചയും ഉപവസിക്കയൊ, പ്രത്യേക ഉദ്ദേശത്തോടുകൂടി മധ്യാഹനപ്രാർത്ഥനയിൽ വിശേഷാൽ പ്രതിജ്ഞ പുതുക്കയൊ ചെയ്യാവുന്നതാണ്.

**4. വി. കുർബ്ബാനാനുഭവം.** "ഞങ്ങൾക്കു ആവശ്യമുള്ള അപ്പം ഇന്നും ഞങ്ങൾക്കു തരണമെ" എന്നുള്ള പ്രാർത്ഥന നിവൃത്തിയാകുന്നതു പ്രധാനമായി ദിനംപ്രതിയുള്ള വി. കുർബ്ബാനാനുഭവത്താലായിരിക്കണം. സന്ന്യാസിനി ദിനംപ്രതി യാഗാർപ്പണത്തിൽ പങ്കുകൊള്ളുകയും, യാഗപശുവിനെ ഭക്ഷിക്കുകയും ചെയ്യണം. അത് സന്ന്യാസിയുടെ വലിയ പദവിയാകുന്നു. സന്ന്യാസപരമായ വ്രതത്രയങ്ങൾ പാലിക്കുന്നതിനുള്ള പരമസഹായം വി. കുർബ്ബാനയാൽ അന്നന്ന് സന്ന്യാസിനി സമ്പാദിച്ചു കൊള്ളേണ്ടതാണ്. വി. കുർബ്ബാനാനുഭവം ദിനംപ്രതി ഉണ്ടായിരിപ്പാൻ താല്പര്യപ്പെടണം. ആഴ്ചയിൽ നാലു പ്രാവശ്യത്തിൽ കുറയരുത്.

---

| * യാമം | പ്രത്യേക അപേക്ഷ |
|---|---|
| സന്ധ്യ | 1. കർത്താവെ നിന്നെ ഞാൻ നോക്കി വിളിച്ചു - ഇത്യാദി മസുമൂറാ<br>2. മോറാനേശു മ്ശിഹാ - ഇത്യാദി ഫെസ്ഗാമ. |
| സൂത്താറ | 1. മസുമൂറാ (91, 121 അഥവാ 4)<br>2. "കർത്താവെ നിന്റെ കരുണയുള്ള ചിറകിൻ കീഴിൽ, ഇത്യാദി. |

www.malankaralibrary.com

**5. കുമ്പസാരം.** ജീവിതശുദ്ധീകരണത്തിനും, ആത്മീയ ജീവിതത്തിൽ പുരോഗമനത്തിനും തുടരെത്തുടരെയുള്ള കുമ്പസ്സാരം അത്യന്താപേക്ഷിത മാകുന്നു. കുമ്പസ്സാരം ആഴ്ചതോറും നടത്താൻ താല്പര്യപ്പെടണം. രണ്ടാഴ്ചയിലൊരിക്കലെങ്കിലും നടത്തിയിരിക്കണം. അസാധാരണ കുമ്പസ്സാര പിതാവിന്റെ അടുക്കൽ മൂന്നു മാസത്തിലൊരിക്കൽ കുമ്പസ്സാരിക്കയൊ ഹാജരാകയൊ ചെയ്യണം. ആത്മപ്രദർശനം നടത്തുന്നതു കൊള്ളാം.

**6. ജീവിതശോധന. ആത്മീയ കുമ്പസാരം ആത്മീയ ഡയറി.** ജീവിതശോധനയും ആത്മീയകുമ്പസ്സാരവും, കൂദാശാപരമായ കുമ്പസാരത്തിനും, ആത്മസംസ്ക്കരണത്തിനും ഏറെ സഹായമാണ്. ദിവസം തോറും ജീവിതശോധനക്കു അവസരം എടുക്കുന്നതു കൂടാതെ ആഴ്ചയിൽ അരമണിക്കൂർ ആത്മീയ ഡയറിക്കും ആത്മീയ കുമ്പസാരത്തിനും ആയി വിനിയോഗിക്കണം.

**7. ധ്യാനം.** ദൈവത്തോടുള്ള ഐക്യത്തിനു ധ്യാനവും തന്മൂലമുള്ള ദൈവസംസർഗ്ഗവും ഒഴിച്ചു വയ്ക്കാവുന്നതല്ല. ഇതിലത്രെ സന്ന്യാസിനിയുടെ ആത്മാവ് ദൈവസംസർഗ്ഗത്തിന്റെ മാധുര്യം അനുഭവിക്കുന്നത്. ദിനംപ്രതി അരമണിക്കൂർ സമയമെങ്കിലും ധ്യാനം നടത്തിയിരിക്കണം. രണ്ടു ധ്യാനം നടത്താൻ സൗകര്യം ലഭിക്കുമ്പോൾ അങ്ങനെ നടത്തുന്നതു കൊള്ളാം.

**8. മതപഠനം, വേദപഠനം.** എന്നിവയ്ക്കു രണ്ടു മണിക്കൂർ ആഴ്ച തോറും വിനിയോഗിക്കണം.

**9.** "സന്ന്യാസജീവിത സഹായി"യൊ, മാർ ബസ്സേലിയോസിന്റെ സംക്ഷിപ്ത റൂളൊ ദിവസം അഞ്ചുമിനിട്ടു വായിക്കണം. മുടങ്ങിപ്പോയാൽ ആഴ്ചയിൽ അരമണിക്കൂർ വായിക്കണം.

**10. മദ്ധ്യസ്ഥപ്രാർത്ഥന.** യഥാർത്ഥ സന്ന്യാസിനിക്കു തനിക്കുവേണ്ടിത്തന്നെ ജീവിപ്പാൻ അസാദ്ധ്യമാണ്. സ്നേഹജീവിതം പ്രായോഗികമാക്കുന്നതിനു മദ്ധ്യസ്ഥപ്രാർത്ഥന പ്രധാന മാർഗ്ഗമാകുന്നു. മദ്ധ്യസ്ഥ പ്രാർത്ഥനയ്ക്കു ശക്തിക്ഷയം വരുമ്പോൾ സന്ന്യാസാദർശം ക്ഷയിക്കുന്നു. മദ്ധ്യസ്ഥപ്രാർത്ഥനക്ക് ദിവസവും പത്തുമിനിട്ട് ഉപയോഗിക്കണം. മുടങ്ങുന്നപക്ഷം ആഴ്ചയിൽ രണ്ടു പ്രാവശ്യം അരമണിക്കൂർ വീതം ഉപയോഗിക്കണം. മാർപ്പാപ്പായിക്ക് വേണ്ടിയും, മിശിഹാനുകരണ സഭയുടെ അദ്ധ്യക്ഷനും, സഭാംഗങ്ങൾക്കും വേണ്ടിയും ദിവസംതോറും മദ്ധ്യസ്ഥപ്രാർത്ഥന നടത്തണം. ഇതിനുംപുറമേ അവസരോചിതമായ ഉദ്ദേശങ്ങളെ മുൻനിറുത്തി മദ്ധ്യസ്ഥപ്രാർത്ഥന നടത്താം.

www.malankaralibrary.com

ദിവസംതോറും വി. കുർബ്ബാന കഴിയുമ്പോഴോ, അതിന് സൗകര്യ പ്പെടാതെ വന്നാൽ അടുത്ത അവസരത്തിലൊ, മാർപ്പാപ്പായുടേയും, ബഥ ന്യാശ്രമാദ്ധ്യക്ഷന്റേയും റവ. മദറിന്റെയും അതത് ദിവസത്തെ പ്രത്യേക നിയോഗത്തോട് യോജിച്ചും ആ നിയോഗനിവൃത്തിക്കായും സന്യാസിനി ദൈവത്തെ പ്രാർത്ഥിക്കണം.

**11. അനുശാസനസംഘം.** ആഴ്ചതോറും അനുശാസനസംഘം നടത്ത ണം. ആശ്രമ നിയമം സംബന്ധിച്ച ബാഹ്യാനുഷ്ഠാനങ്ങളിൽ വന്നു പോകുന്ന വീഴ്ചകൾ അനുശാസന സംഘത്തിൽ ഏറ്റു പറയണം. ഈ സംക്ഷിപ്ത റൂളിന്റെ ലംഘനങ്ങളും അനുശാസന സംഘത്തിൽ ഏറ്റുപറയണം.

**12. ശാന്തിദിനം.** മാസത്തിൽ ഒരു ദിവസം ശാന്തിദിനം അനുഷ്ഠിക്ക ണം. കഴിഞ്ഞ മാസത്തെ ജീവിതശോധന, അടുത്ത മാസത്തേക്കുള്ള ആത്മീയ പ്രയത്നം, പ്രത്യേക സുകൃതാഭ്യസനം എന്നിവയ്ക്കും പുറമെ സന്ന്യാസപ്രതിജ്ഞ പുതുക്കുന്നതിനു ശാന്തിദിനം നല്ല അവസരമാകുന്നു. ആവശ്യമെന്നു തോന്നുന്നപക്ഷം രണ്ടു ദിവസം അടുപ്പിച്ച് ശാന്തിദിനം അനു ഷ്ഠിക്കാവുന്നതാണ്.

**13. ദാരിദ്ര്യവ്രതം.** ദാരിദ്ര്യവ്രതാനുഷ്ഠാനം സന്ന്യാസിനിയെ ലോക ബന്ധനങ്ങളിൽ നിന്ന് വേർപെടുത്തുന്നു. സന്ന്യാസിനി വി. ദാരിദ്ര്യത്തെ സ്നേഹിക്കണം. കൊടുക്കവാങ്ങൽ, സമ്മാനം, കൈമാറ്റം, സ്വന്ത കരുതലു കൾ എന്നിവ അനുവാദത്തിന്മേലല്ലാതെ പാടില്ല.

---

| | |
|---|---|
| പാതിരാത്രി | 1. "പാപികളോടു കരുണ ചെയ്യുന്ന കർത്താവെ" - ഇത്യാദി.<br>2. "മേലുള്ള ഉയരങ്ങളിൽ" - ഇത്യാദി. |
| പ്രഭാതം | 1. ദൈവമേ നിന്റെ കൃപയിൻ പ്രകാരം - ഇത്യാദി മസുമൂറ<br>2. കർത്താവെ നിന്നെ സ്തോത്രം ചെയ്യുന്നതും - ഇത്യാദി ഫെസ്ഗാമ |
| മൂന്നാംമണി | ഞങ്ങളുടെ കർത്താവേശുമിശിഹാ നിന്റെ വിശുദ്ധ ശ്ലീഹർക്കു കൊടുത്ത വി. റൂഹാ ആയി - ഇത്യാദി |
| മധ്യാഹ്നം | "മാതാകാദീശ-ന്മാർതൻ പ്രാർത്ഥനയാൽ" ഇത്യാദി |
| ഒമ്പതാംമണി | "കരുണ നിറഞ്ഞോനെ പുനരുത്ഥാനത്തിൽ" ഇത്യാദി പദ്യമൊ ഗദ്യമൊ ഉപയോഗിക്കാം. |

www.malankaralibrary.com

**14. കന്യാവ്രതം.** ബലഹീനമുള്ള മൺപാത്രമാകുന്ന ഈ ശരീരത്തിൽ കന്യാവ്രതമാകുന്ന നിക്ഷേപത്തെ കാത്ത് സൂക്ഷിപ്പാൻ ദൈവം സന്ന്യാസിനിയെ വിളിച്ചിരിക്കുന്നു. നല്ല കരുതലോടും, ഭയഭക്തിയോടുംകൂടി ഈ നിക്ഷേപത്തെ കാത്തുസൂക്ഷിച്ച് കൊള്ളണം. ഇതിലേക്ക് സ്വാഭാവികമായ മുൻകരുതലുകൾ ചെയ്യുന്നത് കൂടാതെ സ്വഭാവാതീതമായ കരുതലുകളും കൃപാസമ്പാദനവും സന്ന്യാസിനിക്കു അവശ്യം വേണ്ടതാണ്. പഞ്ചേന്ദ്രിയങ്ങളെ അടക്കി ഭരിക്കയും കർത്താവീശോമിശിഹായുടെ തിരുഹൃദയത്തോട് സന്ന്യാസിനിയുടെ ഹൃദയത്തെ സംയോജിപ്പിക്കയും ചെയ്തുകൊണ്ട് സന്ന്യാസിനി കന്യാവ്രതം പാലിക്കണം. പ്രാർത്ഥനയും ആത്മദണ്ഡനവും ഈ വിഷയത്തിൽ തക്കതായ സഹായമാണ്. സന്ന്യാസിനി വി. നൈഷ്ടികവ്രതത്തെ സ്നേഹിക്കണം.

തക്കതായ ആവശ്യം കൂടാതെ പുരുഷന്മാരെ കണ്ട് സംസാരിച്ചുകൂടാ. ദീർഘസംഭാഷണത്തിനു സന്ന്യാസിനി ഒരിക്കലും വഴിപ്പെട്ട് പോകരുത്! ആവശ്യമില്ലാത്തതും, വിനോദകരവും ആയ സംഭാഷണം ഒഴിച്ച് വയ്ക്കണം. പുരുഷന്മാരോടുള്ള പെരുമാറ്റത്തിൽ "മൂന്നടി നിയമം" കഴിവുള്ളിടത്തോളം പാലിക്കണം. കുട്ടികളോട് വളരെ അടുത്തുള്ള പെരുമാറ്റം ഇല്ലാതിരിക്കണം.

**15. അനുസരണവ്രതം.** ദൈവത്തിന്റെ തിരുവിഷ്ടത്തോട് സന്ന്യാസിനിയുടെ മനസ്സിനെ പൂർണ്ണമായി സംയോജിപ്പിക്കുന്നത് അനുസരണവ്രതത്താലാകുന്നു. "നിന്റെ ഇഷ്ടം ചെയ്‌വാൻ ഞാൻ വന്നിരിക്കുന്നു എന്നുള്ളത് നിരന്തരമായി സന്ന്യാസിനിയുടെ മുദ്രാവാക്യമായി കണ്ടു കൊള്ളണം. "പിതാവെ എന്റെ ഇഷ്ടമല്ല നിന്റെ തിരുവിഷ്ടം തന്നെ നടക്കണമെ." എന്നുള്ളതു സന്ന്യാസിനിയുടെ ചിരപ്രാർത്ഥനയായിരിക്കണം. അദ്ധ്യക്ഷന്റെ മനസ്സിനോടും ഉദ്ദേശങ്ങളോടും സന്ന്യാസിനി വിനയപൂർവ്വം യോജിച്ച് പ്രവർത്തിക്കയും അനുസരണമുള്ള ഹൃദയം സർവ്വദാ പാലിക്കയും ചെയ്യണം. പ്രസ്പഷ്ടമായ ആജ്ഞാലംഘനം ചെയ്യാതിരിക്കുന്നതുകൊണ്ട് സന്ന്യാസിനി തൃപ്തനാകരുത്. ഹൃദയത്തിന്റെ ആഴത്തിൽ അനുസരണം വളർത്തിക്കൊള്ളണം. അനുസരണം ബലിയെക്കാൾ ദൈവത്തിനു പ്രസാദകരമാകുന്നു. സന്ന്യാസിനി വി. അനുസരണത്തെ സ്നേഹിക്കണം.

മന്ദിരാദ്ധ്യക്ഷയുടെ അനുമതി കൂടാതെ മന്ദിരംവിട്ട് പുറത്തുപോകുക, കൂടുതൽ സമയം പുറത്തുതാമസിക്കുക, എന്നിവ പാടില്ല. ഓരോ സന്ന്യാ

www.malankaralibrary.com

സിനിയുടെയും വേലകളും ഇടപാടുകളും ദൈവനാമത്തിൽ സമൂഹത്തിന്റേതായിരിപ്പാൻ തക്കവണ്ണം അവ ഓരോന്നും അനുസരണത്തിൻകീഴിൽ അനുഷ്ഠിക്കുന്നവയായിരിക്കണം. അത് സംബന്ധിച്ചുള്ള റിപ്പോർട്ടുകൾ ആഴ്ച തോറുമോ മാസത്തിലൊരിക്കലെങ്കിലുമൊ അദ്ധ്യക്ഷയുടെ അടുക്കൽ കൊടുക്കണം.

ഓരോരുത്തിയും പൊതുജീവിതത്തിൽ താല്പര്യമുള്ളവളായിരിക്കുന്നത് കൂടാതെ ഓരോ മന്ദിരത്തിലുള്ള സമയവിവരപ്പട്ടിക അനുസരിച്ചു വർത്തിക്കേണ്ടതും. പുറത്തുപോകുവാൻ ഇടവരുമ്പോൾ പോലും മേലെഴുതിയിരിക്കുന്ന നിയമങ്ങൾ പാലിപ്പാൻ ചുമതലപ്പെട്ടിരിക്കുന്നതുമാകുന്നു. ഈ നിയമങ്ങളുടെ പരമസാദ്ധ്യം കർത്താവേശുമിശിഹായോടുള്ള സ്നേഹവും സംയോജിപ്പും ആകുന്നു. ആഴ്ചയിലൊരു പ്രാവശ്യംവീതം ഈ നിയമസംഗ്രഹം ദൈവമുമ്പാകെ വച്ച് സന്ന്യാസിനി വായിക്കണം. സന്ന്യാസിപ്രതിഷ്ഠയും, ത്രിവ്രതങ്ങളിലൊരോന്നും ദിവസംതോറുമുള്ള വി. കുർബ്ബാനയോടുകൂടി പുതുക്കുന്നത് നന്ന്. മറ്റ് അവസരങ്ങളിലുമാവാം.

ഈ സംക്ഷിപ്ത വിശുദ്ധ നിയമത്തിൽ കല്പനയായി പ്രസ്താവിച്ചിട്ടുള്ളത് പാലിക്കണമെന്ന് മാത്രമെ കടപ്പെടുത്തിയിട്ടുള്ളൂ. ഉപദേശരൂപത്തിലുള്ളത് കടമുള്ളതല്ലെങ്കിലും പുണ്യവർദ്ധനക്ക് സഹായമാകുന്നു. കടപ്പെടുത്തിയിട്ടുള്ളവയ്ക്ക് ലംഘനം വന്നു പോയാൽ അവ അനുശാസനസംഘത്തിൽ ഏറ്റുപറയണം. മനസ്സറിഞ്ഞുകൊണ്ട് ലംഘനം വരുത്തുവാൻ ഇടായായാൽ കുമ്പസ്സാരിക്കയും വേണം. നിവൃത്തിയില്ലായ്കയാലുണ്ടാകുന്ന ലംഘനങ്ങൾ അദ്ധ്യക്ഷയുടെ അടുക്കൽ റിപ്പോർട്ടു ചെയ്യണം. റിപ്പോർട്ടു ചെയ്യുന്നതു മന്ദിരാദ്ധ്യക്ഷുടെ അടുക്കൽ ആയിരിക്കണം. മന്ദിരാദ്ധ്യക്ഷ പൊതു അദ്ധ്യക്ഷയുടെ അടുക്കൽ റിപ്പോർട്ട് ചെയ്യണം.

**16. ചിന്താസംയമനം:-** മനുഷ്യൻ മനസ്സുകൊണ്ട് ചിന്തിക്കുന്ന ഏതു കാര്യവും അവന്റെ ശരീരത്തിൽ വികാരങ്ങളെ ഉദിപ്പിക്കുന്നു. അവ ചിന്തിക്കുന്ന നിമിഷത്തിൽതന്നെ ആ ചിന്ത പ്രവർത്തിരൂപത്തെ പ്രാപിപ്പാൻതക്ക

---

രാവിലെ ദിനപ്രതിഷ്ഠയും. ഉച്ചയ്ക്ക് മദ്ധ്യസ്ഥതയും, സന്ധ്യയ്ക്കു രാത്രിപ്രതിഷ്ഠയും, തദനന്തരം ജീവിതശോധനയും, അനുതാപ പ്രകരണയും; സൂത്താറായിക്കു നിദ്രപ്രതിഷ്ഠയും നടത്തണം.

ആഴ്ചയിലൊരിക്കൽ തൗനാ പ്രതിഷ്ഠിക്കണം. വസ്ത്രം മാറുമ്പോഴുള്ള പ്രാർത്ഥനകൾ ശ്രദ്ധാപൂർവ്വം നടത്തണം.

www.malankaralibrary.com

ശക്തികൾ പൊടുന്നനവെ പ്രവർത്തിച്ചുതുടങ്ങുന്നു. അതിനാൽ അശുദ്ധ കാര്യങ്ങൾ ഒരു നിമിഷംപോലും ചിന്തിച്ചുകൂടാ. അതു ജീവിതശുദ്ധിക്കു ഹാനിവരുത്തുന്നു. ഹാനിവരുത്തുന്നില്ലെന്നു കരുതുന്നതു സർവ്വാബദ്ധമാണ്.

മ്ലേച്ഛകാര്യങ്ങൾ ചിന്തിക്കാതിരിക്കുന്നതു പുണ്യജീവിതം ആകയില്ല; ദിവ്യവും പരിശുദ്ധവും ആയ കാര്യങ്ങൾ ചിന്തിക്കുന്നതിനു മനസ്സിനെ നിയോഗിക്കണം. പരിശുദ്ധമായ ആശയങ്ങളും ആദർശങ്ങളും ഉപദേശിക്കുന്ന പുസ്തകങ്ങൾ ക്രമമായി വായിക്കണം. സർവ്വപ്രധാനമായി വിശുദ്ധ വേദപുസ്തകം വായിച്ചു പഠിക്കയും ധ്യാനിക്കയും വേണം. ഭക്തിസംവർദ്ധകങ്ങളായ വായനകളും പഠനങ്ങളും ആത്മീകജീവിതാഭിവൃദ്ധിക്കു അത്യന്താപേക്ഷിതമാകുന്നു. ഈ കാര്യത്തിൽ ബഥന്യാശ്രമസ്ഥ പ്രത്യേകം ശ്രദ്ധ പതിക്കണം. ഭക്തിസംവർദ്ധകമായ ഏതെങ്കിലും പുസ്തകം തുടരെ കൈവശം ഉണ്ടായിരിക്കയും ഉപയോഗിക്കയും വേണം. വിശുദ്ധ നിയമവും ഭക്തിവായനക്കുള്ള പുസ്തകവും നമസ്ക്കാരപ്പുസ്തകവും കൂടാതെ സന്ന്യാസിനി പുറത്തു താമസിക്കരുത്.

വിശുദ്ധ ചിന്ത മനസ്സിനെ സംസ്കരിക്കുന്നു.

വിശുദ്ധ ചിന്ത വിശുദ്ധ പ്രവർത്തിയെ ഉളവാക്കുന്നു.

വിശുദ്ധ പ്രവർത്തി വിശുദ്ധ തഴക്കത്തെ നൽകുന്നു.

വിശുദ്ധ തഴക്കം വിശുദ്ധ ജീവിതത്തെ ഉളവാക്കുന്നു.

വിശുദ്ധ ജീവിതം നിത്യഭാഗ്യത്തെ വരുത്തുന്നു.

നിത്യഭാഗ്യം ദൈവത്തിന്റെ സൗജന്യ ദാനമാകുന്നു.

ചിന്താസംയമനം അഭ്യസിക്കുന്നതിനാൽ സന്ന്യാസിനി സുകൃതപൂർണ്ണതയും നിത്യഭാഗ്യവും കരസ്ഥമാക്കുന്നു.

പൂർണ്ണത. “സ്വർഗ്ഗസ്ഥനായ എന്റെ പിതാവ് പൂർണ്ണനായിരിക്കുന്നപ്രകാരം നിങ്ങളും പൂർണ്ണരാകുവീൻ” (വി. മത്താ. 5:48).

“എന്റെ കൃപ നിനക്കുമതി” (ഉല്പത്തി. 17:1).

✝

www.malankaralibrary.com

# ബഥനി മിശിഹാനുകരണ സഭ

## തൃതീയാശ്രമം (Third Order)

വിവാഹജീവിതം നയിക്കുന്ന കുടുംബസ്ഥർക്കു വേണ്ടി കത്തോലിക്കാസഭയിലുള്ളതുപോലെ തൃതീയാശ്രമം സ്ഥാപിക്കുന്നതിനും കഥാപുരുഷൻ പരിശ്രമിക്കുകയും തൽഫലമായി ഒട്ടനേകരെ പ്രസ്തുത ആശ്രമത്തിലെ അംഗങ്ങളാക്കിത്തീർക്കുവാൻ സാധിക്കുകയും ചെയ്തു. മെത്രാഭിഷേകാനന്തരം കഥാപുരുഷൻ ചെയ്തതും ഈ ഗ്രന്ഥത്തിൽ അന്യത്ര ഉദ്ധരിച്ചിരിക്കുന്നതുമായ പ്രസംഗത്തിൽ തൃതീയാശ്രമത്തെപ്പറ്റി ചെയ്ത പ്രസ്താവന ചുവടേ ചേർത്തുകൊള്ളുന്നു.

“ഗാർഹസ്ഥ്യം പാലിക്കുന്നവർക്ക് നിഷ്ക്കർഷയായി ക്രിസ്തീയജീവിതം നയിക്കാൻ സഹായമായിരിക്കത്തക്കവണ്ണം കുടുംബജീവിതക്കാരായ ആളുകൾക്കു വേണ്ടി ഒരു തൃതീയാശ്രമപദം കൂടെ രൂപവല്ക്കരിക്കണമെന്നു ഞങ്ങൾ ഉദ്ദേശിച്ചിട്ടുണ്ട്. അതിന്റെ പ്രാരംഭശ്രമങ്ങൾ ഇപ്പോൾ ചെയ്തുവരികയാണ്. യഥാർത്ഥമായ ദൈവഭക്തിയിൽ കുടുംബജീവിതം നയിക്കണമെന്ന് ആഗ്രഹിക്കുന്ന ഏവർക്കും തൃതീയാശ്രമപദത്തിലെ അംഗങ്ങളായി തീരാവുന്നതാണ്. അവർ സന്ന്യാസനിഷ്ഠകൾ പാലിക്കേണ്ട ആവശ്യമില്ല. പരിശുദ്ധമായ കുടുംബജീവിതം നയിക്കണമെന്നേയുള്ളൂ. അവർ സ്വന്ത ദേശമോ വീട്ടു സ്വത്തുക്കളോ ഉപേക്ഷിക്കേണ്ട ആവശ്യമില്ല. പ്രഥമാശ്രമം വകയോ ദ്വിതീയാശ്രമം വകയോ ആയ മഠങ്ങളിൽ അവർ വന്നു താമസിക്കേണ്ട ആവശ്യമില്ല. അവിടെ താമസിക്കാനായി കുംുംബജീവിതക്കാരെ സ്വീകരിക്കുന്നതുമല്ല. അവരവരുടെ സ്വന്ത ദേശത്തും കുടുംബത്തിലും ദാമ്പത്യജീവിതത്തിൽ താമസിച്ചു യേശുമിശിഹായോടുള്ള നിഷ്ക്കളങ്ക സ്നേഹത്തെ തങ്ങളുടെ ജീവിതത്തിൽ പൂർണ്ണമാക്കി ചെയ്വാൻ തക്കവണ്ണം കാതോലികസഭാ തത്വങ്ങൾക്കനുസരണമായി പരിശുദ്ധമായ കുടുംബജീവിതം നയിക്കണമെന്നുള്ള ചുമതലയാണ് തൃതീയാശ്രമപദാംഗങ്ങൾക്കുള്ളത്. ഇതിലേക്കു സഹായമായിരിക്കത്തക്ക നിയമങ്ങൾ ബഥനി ആശ്രമപിതാവ് ഇവർക്കു കൊടുക്കുന്നതുമായിരിക്കും. കുടുംബജീവിതക്കാരായ നിങ്ങളുടെ ഇടയിൽ തൃതീയാശ്രമപദം പുഷ്ടിപ്പെടുത്താൻ ധൃതി കൂട്ടണമെന്നു ഞങ്ങൾ വിചാരിക്കുന്നില്ല. ഈ ആദർശം നിങ്ങൾക്കു കാണിച്ചു തരണമെന്നേ ഞങ്ങൾക്കു ഉദ്ദേശമുള്ളൂ. ദൈവത്തിനു ഇഷ്ടമുള്ള സമയത്തും വിധത്തിലും ഈ ആദർശം ഈ നാട്ടിലെ ക്രിസ്ത്യാനികളുടെ ഇടയിൽ സ്വീകരിക്കപ്പെടുമെന്നും ഈ ആദർശം സ്വീകരിക്കുന്നവരായ ക്രിസ്തീയ കുടുംബങ്ങൾ വഴിയായി ഈ രാജ്യത്തു യഥാർത്ഥമായി സുവിശേഷവേല വിജയകരമാംവണ്ണം നടക്കുന്നതിന് സംഗതിയാകുമെന്നും ഞങ്ങൾ വിശ്വസിക്കുന്നു.

ബഥനിയുടെ തൃതീയാശ്രമത്തിലെ അംഗങ്ങളായി ഒട്ടനേകം ആളുകളെ ചേർക്കുകയും ആദ്ധ്യാത്മികജീവിതം നയിക്കുന്നതിന് അവർക്കു വേണ്ടത്ര പ്രചോദനം നല്കുകയും ചെയ്യുന്നതിൽ ആശ്രമാദ്ധ്യക്ഷനായ കഥാപുരുഷൻ കഴിയുംവിധം പരിശ്രമിച്ചുകൊണ്ടിരുന്നു.

www.malankaralibrary.com

ക്രിസ്തീയസന്ന്യാസത്തിന്റെ ആദർശവും പൂർണ്ണതയും നസറായനായ യേശുവാണല്ലോ. യേശുവിൽ തന്നെയാണ് നാം എന്നും ക്രിസ്തീയ സന്ന്യാസത്തിന്റെ പരമാർത്ഥസ്വരൂപം ദർശിക്കുക. അതുകൊണ്ടുതന്നെയാണ് ദൈവദാസൻ മാർ ഈവാനിയോസ് യേശുവിനെ പരിപൂർണ്ണ സന്ന്യാസി എന്ന് വിളിക്കുന്നത്. *ലോകത്ത് കാണപ്പെട്ടിട്ടുള്ള ആദ്യത്തെ സന്ന്യാസി യേശുമിശിഹാ ആകുന്നു. മനുഷ്യകുലത്തിൽ ദൈവത്തിനു ഇദംപ്രഥമമായി പരിപൂർണ്ണപ്രതിഷ്ഠയിൽ സ്വയംത്യാഗം ചെയ്തിട്ടുള്ള മനുഷ്യൻ യേശുവാകുന്നു. സന്ന്യാസജീവിതത്തിന്റെ ഉത്ഭവസ്ഥാനവും, സ്ഥാപകനും, ആദർശപുരുഷനും യേശുവാകുന്നു* (സന്ന്യാസജീവിത സഹായി, പേജ്. 15) മാർ ഈവാനിയോസ് പിതാവിന്റെ സന്ന്യാസദർശനത്തിന്റെയും, മനസ്സിലാക്കലിന്റെയും, പഠിപ്പിക്കലിന്റെയും പൂർണ്ണരൂപം ആണ് സന്ന്യാസജീവിതസഹായി. ആദർശപരമായും, ആശയപരമായും, താത്വികമായും, പ്രായോഗികമായും ഉള്ള സന്ന്യാസദർശനങ്ങൾ യേശുവിൽ തുടങ്ങി, സഭയുടെ പാരമ്പര്യത്തിലൂടെ, പിതാക്കന്മാരുടെ സാക്ഷ്യത്തിലൂടെ, ഭാരതസംസ്കാരത്തിന്റെ പശ്ചാത്തലത്തിൽ ആധികാരികമായും, തനിമയാർന്ന രീതിയിലും, പ്രാർത്ഥനയിലും, കർമ്മത്തിലും ഊന്നികൊണ്ടുള്ള ഒരു പഠനത്തിന്റെ സംക്ഷിപ്ത അവതരണമാണ് സന്ന്യാസജീവിതസഹായിയുടെ പ്രമേയം.

ബഥനി പബ്ലിക്കേഷൻസ് കോട്ടയം-686 010

